# ചെറുകഥാസാഹിത്യം

COURSE CODE: B21ML02DC



**BACHELOR OF ARTS**
**MALAYALAM LANGUAGE AND LITERATURE**

## SELF LEARNING MATERIAL

വിദ്യകൊണ്ട് സ്വതന്ത്രരാവുക

SREENARAYANAGURU
OPEN UNIVERSITY


**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

## Vision

*To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.*

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

# ചെറുകഥാസാഹിത്യം

Course Code: B21ML02DC

Semester - II

## Bachelor of Arts
## Malayalam Language and Literature
## Self Learning Material

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

# B21ML02DC

# ചെറുകഥാസാഹിത്യം

SREENARAYANAGURU
OPEN UNIVERSITY

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University by Registrar, SGOU, Kollam.

www.sgou.ac.in

ISBN 978-81-962656-9-4

# DOCUMENTATION

**Academic Committee**

Prof. Thomas Thamarasseri
Dr. R.S. Rajeev
Dr. Santhosh Manicheri
Dr. Haridas K.
Dr. Saramma Varghese
Dr. S. Sudarsana Babu
Dr. Abdul Azeez P.
Dr. Unnikrishnan S.
Dr. Aju K. Narayanan
Dr. Baburajan K.
Dr. Suja S.
Dr. S. Ajayakumar
Dr. Sudha Mary Thomas

**Development of the Content**

Dr. Jayakumar S.S., Dr. Abdusammed K.T., Dr. Muraleedharan K.V., Dr. Soumya Dasan, Deepam S., Aswani A.P.

**Review**

Content : Dr. Mini Prasad, Prof. Thomas Thamarasseri
Format : Dr. I.G. Shibi
Linguistics : Dr. James G.

**Edit**

Dr. Mini Prasad, Prof. Thomas Thamarasseri

**Scrutiny**

Dr. Vincent B. Netto, Dr. Abdusammed K.T., Aswani A.P., Deepam S., Dr. Muraleedharan K.V., Dr. Soumia Dasan

**Co-ordination**

Dr. I.G. Shibi and Team SLM

**Design Control**

Azeem Babu T.A.

**Production**

March 2023

**Copyright**

© Sreenarayanaguru Open University 2022

YouTube

# MESSAGE FROM VICE CHANCELLOR

Dear

I greet all of you with deep delight and great excitement. I welcome you to the Sreenarayanaguru Open University.

Sreenarayanaguru Open University was established in September 2020 as a state initiative for fostering higher education in open and distance mode. We shaped our dreams through a pathway defined by a dictum 'access and quality define equity'. It provides all reasons to us for the celebration of quality in the process of education. I am overwhelmed to let you know that we have resolved not to become ourselves a reason or cause a reason for the dissemination of inferior education. It sets the pace as well as the destination. The name of the University centres around the aura of Sreenarayanaguru, the great renaissance thinker of modern India. His name is a reminder for us to ensure quality in the delivery of all academic endeavours.

Sreenarayanaguru Open University rests on the practical framework of the popularly known "blended format". Learner on distance mode obviously has limitations in getting exposed to the full potential of classroom learning experience. Our pedagogical basket has three entities viz Self Learning Material, Classroom Counselling and Virtual modes. This combination is expected to provide high voltage in learning as well as teaching experiences. Care has been taken to ensure quality endeavours across all the entities.

The university is committed to provide you stimulating learning experience. The UG programme in Malayalam Language and Literature is benchmarked with similar programmes of other state universities in Kerala. The curriculum has adequate space for disseminating the lessons on the changing formats of literature and its impact in the richness of the language. The lessons on the language are integrated in the right proportion and also the provision for frontier topics is incorporated appropriately. We assure you that the university student support services will closely stay with you for the redressal of your grievances during your studentship.

Feel free to write to us about anything that you feel relevant regarding the academic programme.

Wish you the best.

Regards,
Dr. P.M. Mubarak Pasha

01.03.2023

# Contents


BLOCK - 01

**മലയാളചെറുകഥ-പ്രാരംഭഘട്ടം** 1

യൂണിറ്റ് - 1 മിശ്രവിവാഹം 2

യൂണിറ്റ് - 2 ആരാന്റെ കുട്ടി 9

BLOCK - 02

**ആധുനികത- നവോത്ഥാനവും മാനവികതയും** 16

യൂണിറ്റ് - 1 പൂവമ്പഴം 17

യൂണിറ്റ് - 2 ഒട്ടകം 22

യൂണിറ്റ് - 3 രാച്ചിയമ്മ 27

യൂണിറ്റ് - 4 ഒരിക്കൽ മനുഷ്യനായിരുന്നു 32

യൂണിറ്റ് - 5 ശർക്കര കൊണ്ടൊരു തുലാഭാരം 38

BLOCK - 03

**ആധുനിക ചെറുകഥ** 44

യൂണിറ്റ് - 1 ഒറ്റ 45

യൂണിറ്റ് - 2 നാലാംലോകം 49

യൂണിറ്റ് - 3 പ്രേമവും വിവാഹവും 55

യൂണിറ്റ് - 4 ഭ്രാന്ത് 62

യൂണിറ്റ് - 5 കൊച്ചു കൊച്ചു മോഹങ്ങൾ 69

യൂണിറ്റ് - 7 ആർക്കറിയാം 76

യൂണിറ്റ് - 8 വാസ്തുഹാര 83

യൂണിറ്റ് - 9 വൃദ്ധമാതാവ് 94

BLOCK - 04

**ആധുനികാനന്തരം** 100

യൂണിറ്റ് - 1 കൃഷ്ണഗാഥ 101

യൂണിറ്റ് - 2 അമ്മ എന്നോടുപറഞ്ഞ നുണകൾ 107

യൂണിറ്റ് - 3 ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം 114

യൂണിറ്റ് - 4 കൊമാല 119

യൂണിറ്റ് - 5 കെ. പി. ഉമ്മർ 127

യൂണിറ്റ് - 6 ചാവുസാക്ഷ്യം 132

യൂണിറ്റ് - 7 നാൽക്കാലി 139

യൂണിറ്റ് - 8 ഇടം 144

യൂണിറ്റ് - 9 ചട്ടമ്പിസദ്യ 148

BLOCK - 01

# മലയാളചെറുകഥ-
# പ്രാരംഭഘട്ടം

# യൂണിറ്റ് - 1
# മിശ്രവിവാഹം

**മൂർക്കോത്ത് കുമാരൻ**

## Learning Outcomes

- ആദ്യകാല മലയാളകഥകളുടെ സവിശേഷതകൾ മനസ്സിലാക്കുക
- മൂർക്കോത്ത് കുമാരനെക്കുറിച്ച് മനസ്സിലാക്കുക
- മൂർക്കോത്തിന്റെ സമകാലികരായ ആദ്യകാല മലയാള കഥാസാഹിത്യകാരെ പരിചയപ്പെടുക
- മൂർക്കോത്ത് കുമാരന്റെ കഥകളുടെ സവിശേഷതകൾ തിരിച്ചറിയുക
- 'മിശ്രവിവാഹം' എന്ന കഥയെയും പ്രമേയത്തെയും മനസ്സിലാക്കുക

## Prerequisites

വ്യത്യസ്ത മതത്തിലും സമുദായങ്ങളിലുമുള്ളവർ തമ്മിൽ വിവാഹം കഴിക്കുന്നത് ഇന്ന് സർവ്വസാധാരണമായ കാര്യമാണ്. മിശ്രവിവാഹിതരാവുന്നവരെ സർക്കാർ തന്നെ ഗ്രാന്റ് നൽകി പ്രോത്സാഹിപ്പിക്കാറുമുണ്ട്. എന്നിരിക്കിലും ചിലപ്പോൾ അതിന്റെ പേരിൽ കൊല പാതകങ്ങൾ വരെ നടന്ന ചരിത്രവും നമുക്കുണ്ട്. വ്യത്യസ്ത രാജ്യങ്ങളിൽ നിന്നും വിവാ ഹിതരാവുന്ന ദമ്പതികൾ ഇന്നും വാർത്തയിലിടം പിടിക്കാറുണ്ട്. അത്തരമൊരു വിവാഹ ത്തിന്റെ കഥയാണ് മൂർക്കോത്ത് കുമാരൻ എഴുതിയ 'മിശ്രവിവാഹം' എന്ന ചെറുകഥ. ഈ കഥയിലെ നായകൻ വിവാഹം കഴിക്കുന്നത് വിദേശിയായ ഒരു സ്ത്രീയെയാണ്. ആ വിവാ ഹത്തിലൂടെ അയാൾക്കുണ്ടാകുന്ന പ്രശ്നങ്ങളെ സരസമായി അവതരിപ്പിക്കുകയാണ് 'മിശ്ര വിവാഹം' എന്ന കഥ.

നോവൽ പ്രസ്ഥാനത്തിന്റെ വേരുകൾ മലയാളത്തിൽ പതിനേഴാം നൂറ്റാണ്ട് വരെ കടന്നെ ത്തുമ്പോൾ ചെറുകഥയുടെ ജനനം ഏതാണ്ടതിന് രണ്ട് നൂറ്റാണ്ടിന് ശേഷമാണ്. ആനുകാ ലികങ്ങൾ കഥകൾക്ക് കൊടുത്ത പ്രാധാന്യം ചെറുകഥയുടെ വ്യാപകമായ വായനയ്ക്ക് കാരണമായി. മലയാളത്തിൽ ചെറുകഥാപ്രസ്ഥാനം വളർന്നു തുടങ്ങുമ്പോൾ ശ്രദ്ധേയരായി കേസരി, സി. എസ്. ഗോപാലകൃഷ്ണപ്പണിക്കർ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, മൂർ ക്കോത്ത് കുമാരൻ എന്നീ നാല് പേരാണ് മുൻപന്തിയിൽ ഉണ്ടായിരുന്നത്.

പ്രണയം, അപസർപ്പണം, അമളി തുടങ്ങിയവ കേന്ദ്രമാക്കി കഥകളെഴുതുക എന്നത് ആദ്യകാല ചെറുകഥാലോകത്തിന്റെ സവിശേഷതയായിരുന്നു. മൂർക്കോത്തിന്റെ സമ കാലികരായ സി. പി. അച്യുതമേനോൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ തുടങ്ങിയ പലരും റൊമാൻസുകളാണ് അധികവും രചിച്ചത്. മൂർക്കോത്ത് കുമാരന്റെ കഥാലോകത്ത് റൊമാൻസുകൾ വളരെ കുറവായിരുന്നു. പകരം വൈവിധ്യമാർന്ന പ്രമേയങ്ങളാണ് അദ്ദേ ഹം സ്വീകരിച്ചത്. നായാട്ടുകഥകളും വീരാപദാനകഥകളും അക്കാലത്തെ മറ്റൊരു പ്രധാന

പ്രമേയമായിരുന്നു. മൂർക്കോത്ത് കുമാരന്റെ 'നരിയെ കൊന്ന വെടി', എം. സുകുമാരന്റെ 'ആനനായാട്ട്', സി. എസ്. ഗോപാലപ്പണിക്കരുടെ 'ഒരു മുതലനായാട്ട്' എന്നിവ ഇക്കൂട്ടത്തിൽപ്പെട്ട കഥകളാണ്. ആദ്യകാല കഥകളിലെ മറ്റൊരു പ്രധാന പ്രമേയം ആത്മോപഹാസങ്ങളും അമളിക്കഥകളുമാണ്. 'ആരാന്റെ കുട്ടി', 'മദിരാശി പിത്തലാട്ടം' മുതലായ കഥകൾ ഇക്കൂട്ടത്തിൽ പെടുന്നവയാണ്.

ആധുനിക മലയാള ഗദ്യശില്പി, ലക്ഷണമൊത്ത സാഹിത്യവിമർശകൻ, മാതൃകയാക്കാവുന്ന ഉപന്യാസകാരൻ, ചെറുകഥാപ്രസ്ഥാനത്തിന് തുടക്കമിട്ടവരിൽ പ്രധാനി, റിയലിസ്റ്റ് നോവലിന്റെ പ്രാരംഭകൻ, എണ്ണമറ്റ പ്രസിദ്ധീകരണങ്ങളുടെ പത്രാധിപർ, നർമം വെടിയാത്ത എഴുത്തുകാരൻ, വിവർത്തകൻ, കവി, ബാലസാഹിത്യകാരൻ, നാടകകൃത്ത്, ശാസ്ത്രസാഹിത്യകാരൻ, ജീവചരിത്രകാരൻ എന്നിങ്ങനെ എണ്ണിയാൽ തീരാത്ത മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചയാളാണ് മൂർക്കോത്ത് കുമാരൻ. 'വജ്രസൂചി', 'ഗജകേസരി' എന്നീ പേരുകളിൽ വടക്കൻ പത്രങ്ങളിലും 'പതഞ്ജലി' എന്ന പേരിൽ തെക്കൻ പത്രങ്ങളിലും മൂർക്കോത്ത് കുമാരൻ എഴുതി. അദ്ദേഹത്തിന്റെ കൃതികളില്ലാത്ത പ്രസിദ്ധീകരണങ്ങൾ മലയാളത്തിൽ കുറവായിരുന്നു. ആകെ 24 കൃതികളാണ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. ഏഴ് നോവലുകൾ രചിച്ചിട്ടുണ്ട്. കീറ്റ്സിന്റെ 'ഇസബെല്ല' യുടെ സ്വതന്ത്രാവിഷ്ക്കാരമായ 'ആശാകുല' മികച്ച കാവ്യകൃതിയാണ്. 4 ജീവചരിത്ര ഗ്രന്ഥങ്ങളുണ്ട്. രണ്ട് നാടകങ്ങളും. ബാക്കി ചെറുകഥകളുമാണ്.

കഥാപാത്രങ്ങളുടെ നാനാത്വം, ഇതിവൃത്തങ്ങളുടെ വൈവിധ്യം, രചനാശില്പ വൈചിത്ര്യം എല്ലാറ്റിനും ഉപരിയായി വാക്കുകളിലൂടെ അവതരിപ്പിക്കുന്ന സാരസ്യം എന്നിവയാണ് മൂർക്കോത്തിന്റെ കഥകളുടെ സവിശേഷതകൾ.

സാഹിത്യത്തിലെ ഒട്ടുമിക്ക ശാഖകളിലും കൈവെക്കുകയും അവയിലെല്ലാം വിജയിക്കുകയും ചെയ്തതുകൊണ്ടാണ് മഹാകവി ഉള്ളൂർ സാഹിത്യചരിത്രത്തിൽ മൂർക്കോത്തിനെ 'വടവൃക്ഷം' എന്ന് വിശേഷിപ്പിച്ചത്. മലയാളഭാഷയിൽ ആദ്യം പ്രസിദ്ധീകരിച്ച ചെറുകഥ കേസരിയുടെ 'വാസനാവികൃതി'യാണെങ്കിലും ലക്ഷണയുക്തമായ ആദ്യത്തെ ചെറുകഥ മൂർക്കോത്ത് കുമാരന്റെ 'കലികാലവൈഭവം' ആണെന്നാണ് നിരൂപകപക്ഷം.

1897-നും 1930-നും ഇടയ്ക്കാണ് അദ്ദേഹം മിക്ക കഥകളും എഴുതിയത്. ആ കഥകളിലെ രസികത്വം സർവ്വസമ്മതമാണ്. കഥകൾക്ക് പേരിടുന്ന കാര്യത്തിലും ആ രസികത്വം കാണാം. 'ഒരൊറ്റ നോട്ടം', 'എന്നിട്ടും', 'അളിയന്റെ സാരി' എന്നീ കഥകൾ ഉദാഹരണങ്ങളാണ്. മൂർക്കോത്തിന്റെ ആറ് ചെറുകഥകൾ മാത്രമേ അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. 'ഒരു വൈദ്യന്റെ അനുഭവങ്ങൾ' ആണ് ആ കഥാസമാഹാരം. 'ലോകാപവാദം', 'കനകം മൂലം', 'അമ്പു നായർ', 'വസുമതി', 'ഒരു വൈദ്യന്റെ അനുഭവങ്ങൾ', 'ജഹനാര', 'രജപുത്ര വിവാഹം', 'വെള്ളിക്കൈ' എന്നിവയാണ് നോവലുകൾ. ഇതിൽ വസുമതിയാണ് പ്രധാന കൃതി.

മൂർക്കോത്തിന്റെ സാഹിത്യസേവനങ്ങളെക്കുറിച്ച് ഉള്ളൂരിന്റെ സാഹിത്യചരിത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്. എന്നാൽ, അദ്ദേഹത്തിന്റെ ചെറുകഥകളെക്കുറിച്ച് പരാമർശമില്ല. ചെറുകഥകൾ ആനുകാലികങ്ങളിൽ ഒതുങ്ങിനിന്നതുകൊണ്ടാവാം അങ്ങനെ സംഭവിച്ചത്. പിന്നീട് മുഴുവൻ കഥകളും ഉൾപ്പെടുത്തി (1987) മൂർക്കോത്ത് കുമാരന്റെ കഥകൾ എന്ന ഗ്രന്ഥം മാതൃഭൂമി പ്രസിദ്ധീകരിച്ചു. മൂർക്കോത്ത് കുമാരൻ തലശ്ശേരി മുൻസിപ്പൽ കൗൺ

സിലർ, മുൻസിപ്പൽ വൈസ് ചെയർമാൻ, കോട്ടയം താലൂക്ക് ബോർഡ് വൈസ് പ്രസിഡന്റ് മുതലായ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കേരളസഞ്ചാരി, ആത്മപോഷിണി, മിതവാദി, ദീപം തുടങ്ങിയ മാസികകളുടെ പത്രാധിപരും ശ്രീനാരായണ പ്രസ്ഥാനത്തിന്റെ ഉത്തര കേരളത്തിലെ പ്രധാന പ്രവർത്തകനുമായിരുന്നു. 1941 ജൂൺ 25 ന് മൂർക്കോത്ത് കുമാരൻ അന്തരിച്ചു.

## Key Themes

ഒരു വിദേശ വനിതയെ വിവാഹം കഴിച്ച കഥാനായകന്, അതിലൂടെ സംഭവിക്കുന്ന പ്രശ്നങ്ങളെ സരസമായി അവതരിപ്പിക്കുന്നു.

## Discussion

മലയാള ചെറുകഥയുടെ ഉദയകാലത്തെ രചനാസവിശേഷതകളിലൊന്നായിരുന്നു വ്യത്യസ്തതയാർന്ന കാര്യങ്ങളെ അവതരിപ്പിക്കുക എന്നത്. യാത്രകൾ, കമ്പിത്തപാൽ, തീവണ്ടിയാത്ര, പോലീസ്, കോടതി വ്യവഹാരം തുടങ്ങിയ പ്രമേയാവതരണങ്ങളിലൂടെ ആധുനികതയുടെ വരവ് മിക്ക കഥകളിലും അവതരിപ്പിക്കപ്പെട്ടിരുന്നു.

കേരളത്തിലെ വിവാഹ സമ്പ്രദായം ആദ്യകാല നോവലുകൾക്കും കഥകൾക്കും ഒരുപോലെ വിഷയമായിരുന്നു. സംബന്ധത്തെക്കുറിച്ച് വലിയ ചർച്ച തന്നെ ഇന്ദുലേഖയിലുണ്ട്. മൂർക്കോത്ത് കുമാരന്റെ രചനകളിലും മേൽപ്പറഞ്ഞ പ്രമേയങ്ങളുടെ അവതരണം കാണാനാകും. 'മിശ്രവിവാഹം' എന്ന കഥയിലും ഈ പ്രമേയങ്ങളുടെ അവതരണം കാണാനാകും.

മിസ്സിസ് എമിലി ബ്രൗൺ എന്ന ഇംഗ്ലീഷുവനിത മിസ്റ്റർ ടി.വി മേനോനുമായി വിവാഹം കഴിക്കുന്നു. ഇംഗ്ലണ്ടിൽ പഠിക്കാൻ പോകുന്നതിനു മുൻപു തന്നെ സ്വജാതിയിൽ നിന്നും മേനോൻ സംബന്ധം കഴിച്ചിരുന്നു. ആ വിവാഹബന്ധം ഒഴിയാനായി ഒരു കത്തയച്ചാൽ മതിയായിരുന്നു എന്ന സൗകര്യം മിസ്റ്റർ ബ്രൗണിന് അത്ഭുതമായിരുന്നു. ഇംഗ്ലണ്ടിലെ വിവാഹബന്ധം വേർപിരിയുന്നതിനുള്ള നിയമതടസ്സങ്ങൾ മിസ്റ്റർ ബ്രൗൺ ചൂണ്ടിക്കാണിച്ചത് മിസ്സിസ് ബ്രൗണിന് അത്ര പിടിച്ചില്ല. താനുമായുള്ള വിവാഹ ബന്ധം ഒഴിയുന്ന കാര്യമാണോ ബ്രൗൺ പറഞ്ഞതെന്ന് അവർ സംശയിച്ചു. മധുവിധുക്കാലം പതിനാലു ദിവസം കപ്പലിലാണ് വധൂവരൻമാർ താമസിച്ചത്. ബോംബെയിൽ ഇറങ്ങിയ ശേഷം മിസ്സിസ്സ് മേനോന് വളരെയധികം മാറ്റം അനുഭവപ്പെട്ടു. എപ്പോഴും എന്തോ ചിന്തകൾ അവരെ അലട്ടുന്നതായി തോന്നി. ലീവ് ഒരു മാസക്കാലം ഉള്ളതിനാൽ മദിരാശിക്കു മാസാവസാനം പോകാൻ ദമ്പതികൾ തീർച്ചയാക്കി. ബോംബെ നഗരത്തിലവർ താമസം തുടങ്ങി.

പതിനഞ്ചു ദിവസക്കാലം ബോംബെ നഗരത്തിന്റെ മനോഹാരിതയും സിനിമാഹാളിലും നാടകശാലയിലും ഹോട്ടലിലും ഒക്കെയായി അവർ ചിലവഴിച്ചു. പത്തൊൻപതാം തിയതി വൈകുന്നേരം ഭാര്യയുടെ ഇഷ്ടപ്രകാരം താജ് മഹൽ ഹോട്ടലിൽ ഡിന്നറിനായി പോകുന്നു. ഭർത്താവിനോട് അന്നത്തെ തിയതിയും സമയവും മിസ്സിസ് മേനോൻ ചോദിച്ച് ഉറപ്പു വരുത്തുന്നുണ്ടായിരുന്നു. താജ് മഹൽ ഹോട്ടലിന്റെ ആളൊഴിഞ്ഞ ഒരു മുറിയിൽ വലിയ കണ്ണാടിക്കു മുൻപിൽ രണ്ടു പേരും ഇരുന്നു. ഇടയ്ക്കിടെ മിസ്സിസ് മേനോൻ പുറത്തേക്ക് കണ്ണോടിച്ച് ആരെങ്കിലും വരുന്നുണ്ടോ എന്ന് നോക്കിക്കൊണ്ടിരുന്നു. അവരുടെ സ്വൈര്യസല്ലാപത്തിന് വിഘ്നമായി രണ്ടു യൂറോപ്യൻമാർ മുറിയിലെത്തി അവരുടെ അടുത്തുള്ള മേശക്കരികിൽ ഇരുന്ന് സംഭാഷണം തുടങ്ങി. മിസ്സിസ് മേനോനും മിസ്റ്റർ മേനോനും ആ രസകരമായ സംഭാഷണം കേൾക്കാൻ തുടങ്ങി. മിസ്സിസ് മേനോൻ ആ മുറി

യിലെ കണ്ണാടിയിൽ നോക്കിയിരുപ്പായി.

പട്ടാള ഉടുപ്പിട്ട യൂറോപ്യനായ ആളോട് മറ്റേ യൂറോപ്യൻ സംസാരിച്ചു തുടങ്ങി. നായാട്ടിനെക്കുറിച്ചാണ് അയാൾ പറഞ്ഞതെങ്കിലും അന്നത്തെ ദിവസം അവിടെ എത്തിച്ചേരാൻ ഉണ്ടായ പ്രയാസത്തെക്കുറിച്ച് അയാൾ കൂട്ടത്തിൽ പറയുകയുണ്ടായി. മഹാരാജാവിന്റെ പ്രൈവറ്റ് സെക്രട്ടറിയാണ് അയാളെന്നും ഇംഗ്ലണ്ടിൽ വച്ച് അയാളുടെ കാറും മറ്റൊരു കാറും തമ്മിൽ കൂട്ടിമുട്ടി ആക്സിഡന്റ് നടന്നു എന്നും അയാൾ പറയുന്നു. മുറിവേറ്റ അയാൾക്ക് ബോധം വന്നപ്പോൾ താനൊരു വീട്ടിൽ അതിഭംഗിയുള്ള ഒരു മുറിയാൽ സുന്ദരിയായ ഒരു യുവതിയാൽ ശുശ്രൂഷിതനായി കിടക്കുകയാണെന്ന് മനസ്സിലായി. ആ യുവതിയുടെ കുടുംബത്തിന്റെ സ്ഥിതികണ്ട് അവളെ വിവാഹം കഴിക്കുവാൻ തീരുമാനിച്ചു. പക്ഷേ മഹാരാജാവ് പ്രൈവറ്റ് സെക്രട്ടറിയായി നിയമിച്ചതിനാൽ വിവാഹം ഇന്ത്യയിൽ വച്ച് നടത്താമെന്നു തീർച്ചയാക്കി അയാൾ പെട്ടെന്നു തിരിച്ചു പോരാൻ തീരുമാനിച്ചു.

കപ്പൽ സഞ്ചാരത്തിനു പണമില്ലാത്തതിനാൽ ആദ്യം അയാൾ വരാമെന്നും പിന്നീട് അവൾ വരാനും തീർച്ചപ്പെടുത്തി. ഇന്ന് ഈ ഹോട്ടലിൽ വച്ച് കണ്ടുമുട്ടാമെന്നാണ് അവൾ കത്തിലെഴുതിയിരുന്നത്. അവളെ കാണാത്തതു കൊണ്ട് എനിക്കു പരിഭ്രമമായിരിക്കുന്നു എന്നു പറഞ്ഞ് അയാൾ അവളെ തിരക്കി ഹോട്ടലിലെ മറ്റു മുറികളിൽ നോക്കാനായി പുറത്തിറങ്ങി. പട്ടാളക്കാരനായ കൂട്ടുകാരനോട് അവിടെത്തന്നെയിരിക്കൂ ഞാൻ പ്രിയതമയുമായി തിരിച്ചെത്താമെന്ന് പറയുന്നു. അതു കേട്ട മിസ്റ്റർ മേനോൻ തന്റെ ഭാര്യയോട് പ്രിയതമയെ നമുക്കും കാണാമല്ലോ എന്ന് പറയുന്നു. അയാളുടെ ഭാര്യ പുഞ്ചിരിച്ചു കൊണ്ട് ഞാനിപ്പോൾ വരാം എന്ന് പറഞ്ഞു പോകുന്നു. സ്ത്രീകൾക്കു പലേ കാര്യവും നിർവ്വഹിക്കാനുണ്ടാകും അതിനു ഹോട്ടലിൽ സൗകര്യവും ഉണ്ടാകും എന്നു കരുതി അയാൾ കാത്തിരുന്നു.

അരമണിക്കൂറായിട്ടും ഭാര്യയെ കാണാതായപ്പോൾ മിസ്റ്റർ മേനോൻ അക്ഷമനായി. അപ്പോൾ അപ്പുറത്തെ മേശയിലിരുന്ന പട്ടാളക്കാരൻ ഇങ്ങനെ ചോദിച്ചു. 'ഇവിടന്ന് എഴുന്നേറ്റുപോയ സ്ത്രീ ആരാണ്?' 'എന്റെ ഭാര്യയാണ്' എന്ന മിസ്റ്റർ മേനോന്റെ ചോദ്യത്തിന് എവിടുന്നാണ് വിവാഹം കഴിച്ചതെന്നും അയാൾ തിരക്കുന്നു. ലണ്ടനിൽ വച്ചാണെന്നു പറഞ്ഞപ്പോൾ ഇനി അവളെ കാത്തിരിക്കേണ്ട. അവൾ ഇപ്പോൾ ഇരുപതു നാഴിക അകലെ എത്തിയിരിക്കും എന്നയാൾ മറുപടി പറയുന്നു. കാര്യം തിരക്കിയ മിസ്റ്റർ മേനോനോട്, ഇവിടെ ഇരുന്ന ആൾ പറഞ്ഞ കഥ നിങ്ങൾ കേട്ടില്ലേ? അതാ നിങ്ങൾ നിങ്ങളുടെ ഭാര്യ ഇരുന്ന ദിക്കിൽ ഇരിക്കു. ഞാൻ മറ്റേയാൾ ഇരുന്ന സ്ഥലത്തും ഇരിക്കാം. ഇനി കണ്ണാടി നോക്കൂ. ഇപ്പോൾ മനസ്സിലായോ? അവർ അന്യോന്യം സംസാരിക്കുകയാണ് ചെയ്തത്. കപ്പൽക്കൂലിക്ക് പണമില്ലാഞ്ഞിട്ടാണ് അവർ നിങ്ങളെ വിവാഹം ചെയ്തത്. യൂറോപ്പിൽ ഈ വിദ്യകൾ സ്ത്രീകൾക്ക് സാധാരണയാണ് എന്നു പറഞ്ഞു കൊണ്ട് ആ പട്ടാളക്കാരൻ എഴുന്നേറ്റു പോകുന്നു. രാത്രി നല്ല ഉറക്കം ലഭിക്കാൻ ഞാൻ ദൈവത്തോട് പ്രാർത്ഥിക്കാമെന്നും അയാൾ കൂട്ടിച്ചേർക്കുന്നു.

### അവലോകനം

മിശ്രവിവാഹം ഒരു അമളിക്കഥയാണെങ്കിലും അതിലൂടെ അവതരിപ്പിക്കപ്പെടുന്ന സംബന്ധത്തെക്കുറിച്ചുള്ള ചർച്ച, മിശ്രവിവാഹം, കപ്പൽ യാത്ര, പ്രണയം, നായാട്ട്, കാർ, കത്ത് തുടങ്ങി ആധുനികതയുടെ പല അടയാളപ്പെടുത്തലുകളും ഈ കഥയിൽ നിന്നും കണ്ടെടുക്കാനാകും. ആധുനികതയുടെ പ്രധാനപ്പെട്ട അടയാളപ്പെടുത്തലായിരുന്നു പ്രണയം എന്നത്. മൂർക്കോത്തിന്റെ 'കലികാലവൈഭവം' എന്ന ആദ്യത്തെ രചന തന്നെ പ്രണയ വിവാഹം എന്ന ആശയത്തെ അവതരിപ്പിക്കുന്നുണ്ട്. സമൂഹത്തിനും സാമുദായികാചാരങ്ങൾക്കും പ്രാധാന്യമുണ്ടായിരുന്ന ജീവിത വ്യവസ്ഥിതിയിൽ നിന്നും വ്യക്തികൾക്കും, അവരുടെ വികാരങ്ങൾക്കും പ്രാധാന്യം വന്ന ഒരു ജീവിത വ്യവസ്ഥയുടെ പരിവർത്തന ഘട്ടത്തെയാണ് അത് സൂചിപ്പിക്കുന്നത്. 'മിശ്രവിവാഹ'മെന്ന കഥയിലെ മിസ്സ് ബ്രൗൺ, മിസ്റ്റർ മേനോനെ വിവാഹം കഴിച്ചത് പ്രണയ സാക്ഷാത്ക്കാരത്തിനായി ഇന്ത്യയിലെത്താനുള്ള ഒരു മാർഗ്ഗമായിട്ടായിരുന്നു. നാട്ടിലെ സംബന്ധത്തിനേക്കാൾ ഉന്നതമായ വിവാഹ

ബന്ധം ലഭിച്ചുവെന്ന് കരുതിയ മിസ്റ്റർ മേനോന് പറ്റിയ അബദ്ധം 'മിശ്രവിവാഹ'ത്തിന്റെ പ്രശ്ന മായാണ് കഥാകൃത്ത് അവതരിപ്പിക്കുന്നത്.

പരിഷ്കൃതരെന്ന് കരുതുന്ന യൂറോപ്യൻമാർ ക്കു പോലും അസൂയ തോന്നിപ്പിക്കുന്ന സമ്പ്ര ദായമായാണ് കഥയിൽ സംബന്ധത്തെ അവത രിപ്പിച്ചിരിക്കുന്നത്. മിശ്രവിവാഹം മലയാളിക്കു പറ്റിയതല്ല എന്നൊരു സന്ദേശം കൂടി കഥ പങ്കു വെക്കുന്നുണ്ട്. സാമൂഹിക ജീവിത പരിണാമ ത്തിന്റെ അടയാളപ്പെടുത്തലുകൾ തന്റെ കഥ യിലൂടെ നടത്തിയെന്നതാണ് മൂർക്കോത്തു കു മാരന്റെ സവിശേഷത. അക്കാലത്ത് നമ്മുടെ ജീവിതത്തേയും സംസ്കാരത്തേയും ഗാഢമായി സ്വാധീനിച്ചിരുന്ന കൊളോണിയിലസത്തിന്റെ ചിത്രീകരണം മിശ്രവിവാഹത്തിലുണ്ട്. ബ്രിട്ടീ ഷ് ഭരണകാലത്തെ ഗവൺമെന്റ് സ്ഥാപനങ്ങൾ, അവയിലെ ഉദ്യോഗസ്ഥർ എന്നിവ ഈ കഥ യിൽ ചിത്രീകരിക്കപ്പെടുന്നു. അവതരണത്തിൽ പുലർത്തുന്ന നാടകീയത മൂർക്കോത്തിന്റെ ചെ റുകഥകളുടെ സവിശേഷതയാണ്. ആ നാടകീ യത 'മിശ്രവിവാഹം' എന്ന കഥയുടെ അവതര ണത്തിലുമുണ്ട്.

## Recap

- ആദ്യകാല ചെറുകഥാകൃത്തുക്കൾ, പ്രമേയങ്ങളുടെ പ്രത്യേകതകൾ
- മൂർക്കോത്ത് കുമാരന്റെ രചനകൾ, ജീവിതം
- സമകാലികമായ ജീവിതത്തിന്റെ ചിത്രീകരണം, സാമൂഹിക വ്യവസ്ഥിതി ചിത്രീകരണം എന്നിവ ആദ്യകാല ചെറുകഥകളിലുണ്ട്
- കൊളോണിയൽ വിവാഹജീവിതത്തിന്റെയും കേരളത്തിലെ വിവാഹജീവിതത്തിന്റെയും പ്രത്യേകതകളെ അവതരിപ്പിക്കുന്നു
- ആധുനികതയുടെ ഘടകങ്ങളെ ആദ്യകാലചെറുകഥകളിൽ അവതരിപ്പിക്കുന്നു
- മിസ്റ്റർ മേനോൻ ഇംഗ്ലണ്ടിൽ വച്ച് മിസ്സ് ബ്രൗണിനെ വിവാഹം കഴിക്കുന്നു
- ഭാര്യയോടൊപ്പം ഇന്ത്യയിലേക്ക് മടങ്ങുന്ന മിസ്റ്റർ മേനോൻ ബോംബെയിൽ ഒരു മാസക്കാ ലം താമസിക്കാൻ തീരുമാനിക്കുന്നു
- ബോംബെയിലെത്തിയ ശേഷം മിസ്സിസ് മേനോൻ വിഷാദവതിയാകുന്നു
- പതിനഞ്ചു ദിവസത്തെ ചുറ്റിക്കറങ്ങലുകൾക്ക് ശേഷം ഒരു ദിവസം ടാജ്മഹൽ ഹോട്ടലിൽ ഡിന്നർ കഴിക്കാനിരിക്കുന്നു
- മുറിയിൽ വന്നു ചേർന്ന രണ്ടു യൂറോപ്യൻമാരുടെ സംഭാഷണം മിസ്സിസ് മേനോനും മി സ്റ്റർ മേനോനും ശ്രദ്ധിക്കുന്നു
- മഹാരാജാവിന്റെ പ്രൈവറ്റ് സെക്രട്ടറിയായ യൂറോപ്യൻ പട്ടാളവേഷം ധരിച്ച യൂറോപ്യ നോട് തന്റെ കഥ പറയുന്നു
- തന്റെ ലണ്ടനിനുള്ള കാമുകി വന്നു ചേരുന്ന ദിവസമാണിതെന്ന് അയാൾ പറയുന്നു
- കാമുകിയുമായി വരാമെന്ന് പറഞ്ഞ് അയാൾ പുറത്തേക്കു പോയ സമയം മിസ്സിസ് മേനോ നും എഴുന്നേറ്റ് പോകുന്നു
- ഭാര്യ അരമണിക്കൂറായിട്ടും തിരിച്ചെത്താത്തതിൽ അസ്വസ്ഥനായ മിസ്റ്റർ മേനോനോട് യൂ റോപ്യനായ പട്ടാളക്കാരക്കാരൻ കാര്യം ധരിപ്പിക്കുന്നു
- മിസ്സ്. ബ്രൗൺ പ്രണയ സാക്ഷാത്ക്കാരത്തിനായി തന്നെ വിവാഹം ചെയ്തതാണെന്ന തി രിച്ചറിവ് മിസ്റ്റർ മേനോനുണ്ടാകുന്നു
- കഥാപാത്രങ്ങളുടെ നാനാത്വം, ഇതിവൃത്തങ്ങളുടെ വൈവിധ്യം, രചനാശില്പ വൈചി ത്ര്യം എല്ലാറ്റിനും ഉപരിയായി വാക്കുകളിലൂടെ അവതരിപ്പിക്കുന്ന സാരസ്യം എന്നിവയാ ണ് മൂർക്കോത്തിന്റെ കഥകളുടെ സവിശേഷതകൾ

- മൂർക്കോത്തു കുമാരന്റെ തന്റെ കഥയിലൂടെ സാമൂഹിക ജീവിത പരിണാമത്തിന്റെ അടയാളപ്പെടുത്തലുകൾ നടത്തുന്നുണ്ട്
- കഥാവതരണത്തിൽ നാടകീയത കാത്തുസൂക്ഷിക്കുന്ന രചനാരീതി

## Objective Type Questions

1. 'പതഞ്ജലി' എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നതാര്?
2. മൂർക്കോത്ത് കുമാരൻ ആദ്യം രചിച്ച ചെറുകഥയുടെ പേരെന്ത്?
3. 'ഒരു വൈദ്യന്റെ അനുഭവങ്ങൾ' ആരുടെ കഥാസമാഹാരമാണ്?
4. 'വജ്രസൂചി', 'ഗജകേസരി' എന്നീ പേരുകളിൽ വടക്കൻ പത്രങ്ങളിൽ പത്രപ്രവർത്തനം നടത്തിയതാര്?
5. മൂർക്കോത്ത് കുമാരന്റെ നായാട്ടുകഥയുടെ പേരെന്ത്?
6. എം. സുകുമാരന്റെ നായാട്ടുകഥയുടെ പേരെന്ത്?
7. 'ഒരു മുതലനായാട്ട്' എന്ന കഥ എഴുതിയതാര്?
8. മൂർക്കോത്തിനെ 'വടവൃക്ഷം' എന്ന് വിശേഷിപ്പിച്ചതാര്?
9. കീറ്റ്സിന്റെ 'ഇസബെല്ല' യുടെ സ്വതന്ത്രാവിഷ്ക്കാരമായി മൂർക്കോത്ത് കുമാരൻ രചിച്ച കാവ്യമേത്?
10. മിസ്റ്റർ മേനോന്റെയും മിസ്സ് ബ്രൗണിന്റെയും കഥ പറയുന്ന മൂർക്കോത്തിന്റെ ചെറുകഥയേത്?

## Answers

1. മൂർക്കോത്ത് കുമാരൻ
2. 'കലികാലവൈഭവം'
3. മൂർക്കോത്ത് കുമാരൻ
4. മൂർക്കോത്ത് കുമാരൻ
5. 'നരിയെ കൊന്ന വെടി'
6. 'ആനനായാട്ട്'
7. സി. എസ്. ഗോപാലപ്പണിക്കർ
8. ഉള്ളൂർ എസ്. പരമേശ്വരയ്യർ
9. 'ആശാകുല'
10. 'മിശ്രവിവാഹം'

## Assignments

1. ആദ്യകാല ചെറുകഥകളുടെ സവിശേഷതകളെക്കുറിച്ച് ഉപന്യസിക്കുക.
2. മൂർക്കോത്ത് കുമാരന്റെ കഥകളുടെ സവിശേഷതകൾ 'മിശ്രവിവാഹ'ത്തെ മുൻനിർത്തി വിവരിക്കുക.
3. 'മിശ്രവിവാഹ'ത്തിന് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## Suggested Readings


1. എം. എം. ബഷീർ, ചെറുകഥാസാഹിത്യം, കേരള സാഹിത്യ അക്കാദമി, തൃശൂർ.
2. എൻ. കൃഷ്ണപിള്ള, കൈരളിയുടെ കഥ (1958) ഡി.സി ബുക്സ്, കോട്ടയം.
3. കെ. എസ്. രവികുമാർ, ആദ്യകാലകഥകൾ, ഡി. സി ബുക്സ്. കോട്ടയം.
4. സുകുമാർ അഴീക്കോട്, മൂർക്കോത്ത് കുമാരന്റെ ചെറുകഥകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
5. ഐ. ആർ. കൃഷ്ണൻ മേത്തല, മൂർക്കോത്ത് കുമാരൻ ജീവിതം സമരമാക്കിയ നേതാവ്, എസ്. പി. സി. എസ്., കോട്ടയം.

# യൂണിറ്റ് - 2
# ആരാന്റെ കുട്ടി

കെ. സുകുമാരൻ

## Learning Outcomes

- ചെറുകഥ എന്ന സാഹിത്യരൂപത്തെ പരിചയപ്പെടുന്നു
- മലയാളചെറുകഥയുടെ ആരംഭചരിത്രം മനസ്സിലാക്കുന്നു
- ആദ്യകാല ചെറുകഥയുടെ സവിശേഷതകൾ വിലയിരുത്തുന്നു
- മലയാളചെറുകഥാരംഗത്ത് കെ. സുകുമാരന്റെ സ്ഥാനം തിരിച്ചറിയുന്നു
- കെ. സുകുമാരന്റെ ജീവിതരേഖയും പ്രധാന കൃതികളും ഗ്രഹിക്കുന്നു
- ആരാന്റെ കുട്ടി എന്ന കഥാപഗ്രഥനത്തിലൂടെ ആദ്യകാല കഥകളുടെ സ്വഭാവം ദർശിക്കുന്നു

## Prerequisites

പത്തൊൻപതാം ശതകത്തിലാണ് ചെറുകഥ ഒരു സാഹിത്യരൂപം എന്ന നിലയിൽ പ്രചാരം ആരംഭിച്ചത്. മനുഷ്യജീവിതാരംഭം മുതൽ കഥ പറയാൻ തുടങ്ങുകയും ആസ്വാദകസമൂഹം രൂപപ്പെട്ടു വരികയും ചെയ്തിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ പശ്ചാത്യഭാഷകളിലാണ് ചെറുകഥ എന്ന സാഹിത്യരൂപം വളർന്ന് വികാസം പ്രാപിച്ചത്. പാശ്ചാത്യസാഹിത്യവുമായി ഉണ്ടായ സമ്പർക്കഫലമായി മലയാളത്തിലേക്ക് കടന്നുവന്ന സാഹിത്യ രൂപമാണ് ചെറുകഥ. 1891 ൽ വിദ്യാവിനോദിനിയിൽ പ്രസിദ്ധീകരിച്ച 'വാസനാവികൃതി'യായിരുന്നു മലയാളത്തിലെ ആദ്യത്തെ ചെറുകഥ.

വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, മൂർക്കോത്ത് കുമാരൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, എം. ആർ. കെ. സി., സി. എസ്. ഗോപാലപ്പണിക്കർ, കെ. സുകുമാരൻ, അമ്പാടി നാരായണപൊതുവാൾ, ഇ. വി. കൃഷ്ണപിള്ള, വി. ടി. ഭട്ടതിരിപ്പാട് ഇവരെല്ലാമായിരുന്നു മലയാളചെറുകഥയെ ആദ്യഘട്ടത്തിൽ പരിപോഷിപ്പിച്ചവർ. സാഹസികം, അപസർപ്പകം, ഉത്തമ പുരുഷ കഥാഖ്യാനം, പരിണാമഗുപ്തി, പ്രണയം, വീരാപദാനം, അമളി, നിധിവേട്ട, കുറ്റാന്വേഷണം, നായാട്ട്, കോടതിവ്യവഹാരം, സ്വപ്നാടനം തുടങ്ങിയ വിഷയങ്ങളായിരുന്നു ആ ഘട്ടത്തിലെ പ്രധാന ഇതിവൃത്തം.'രസികന്മാരായ തറവാടികൾ' എന്നാണ് എം. അച്യുതൻ ആദ്യകാല കഥാകൃത്തുക്കളെ വിശേഷിപ്പിച്ചിരിക്കുന്നത്. 'പറഞ്ഞാൽ നുണ എഴുതിയാൽ കഥ' എന്നിങ്ങനെ ആദ്യകാല കഥകളെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തിയ എഴുത്തുകാരനായിരുന്നു കെ. സുകുമാരൻ. അദ്ദേഹത്തിന്റെ 'ആരാന്റെ കുട്ടി' എന്ന കഥയാണിവിടെ പഠിക്കാനുള്ളത്. കെ. സുകുമാരനിലെത്തുമ്പോഴാണ് ആധുനിക മലയാള ചെറുകഥകളുടെ സ്വഭാവങ്ങൾ നാം ശരിക്കും ദർശിക്കുക.

വെണ്മണി ശ്ലോകങ്ങളെഴുതി കൊണ്ടാണ് സാഹിത്യകാരൻ എന്ന നിലയിൽ എം. സുകുമാരൻ രംഗപ്രവേശം ചെയ്തത്. കോഴിക്കോട്ട് ആരംഭിച്ച 'ഭാരതി' എന്ന ആനുകാലിക

ത്തിലായിരുന്നു എഴുതി തുടങ്ങിയത്. പിന്നീട് അദ്ദേഹം ഗദ്യത്തിലേയ്ക്ക് ശ്രദ്ധ തിരിച്ചു. ചെറുകഥ, നോവൽ, നാടകം, കാവ്യം, ഹാസ്യം, ശാസ്ത്രം എന്നിങ്ങനെ പല ഇനങ്ങളിലായി അമ്പതോളം കൃതികൾ സുകുമാരന്റേതായിട്ടുണ്ട്. സുകുമാരകഥാമഞ്ജരി, ചെറുകഥ, അഞ്ചുകഥകൾ എന്നീ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ കഥകൾ ലഭ്യമാണ്. നോവലെറ്റുകളും നോവലുകളും ആയി അദ്ദേഹം രചിച്ച നിരവധി കൃതികളുടെ സാമാന്യ സ്വഭാവവും ചെറുകഥകളുടേതു തന്നെ. സുകുമാരൻ എഴുതിയ നാടകങ്ങളാണ് 'ഭീഷണി', 'മിസ്രയിലെ റാണി', 'ഉപദേശിയാർ' എന്നിവ. അഭിനയിച്ചു ഫലിപ്പിക്കുവാനല്ല വായിച്ചു രസിക്കുവാനാണ് ഇവ രചിക്കപ്പെട്ടത്. 'ഭാസാവിലാസം' എന്നൊരു ശൃംഗാരകാവ്യവും, അന്യാപദേശവും അദ്ദേഹം എഴുതിയിട്ടുണ്ട്. 'അത്ഭുതവിശ്വാസങ്ങളും ആചരണങ്ങളും', 'ജന്തുശാസ്ത്രം', 'പ്രാണിവംശചരിത്രം', 'പറക്കാൻ വയ്യാതെ പോയപക്ഷികൾ', 'ജ്യോതിശ്ശാസ്ത്രം' എന്നിവ ഈ വകുപ്പിൽപ്പെടുന്നു. അണു തുടങ്ങി എറുമ്പുവരെ, മത്സ്യം മുതൽ പാമ്പു വരെ, പക്ഷികൾ, മൃഗം മുതൽ മനുഷ്യൻ വരെ എന്ന് വിഭജിച്ച് ജന്തുശാസ്ത്രത്തിൽ ശാസ്ത്രവിഷയങ്ങൾ, തെല്ലൊരു നർമ്മബോധത്തോടെ പ്രസന്നശൈലിയിൽ അദ്ദേഹം വിവരിക്കുന്നു. പ്രാണിവംശചരിത്രത്തിൽ സിംഹം, കാക്ക, എലി, കൊതുക്, തവള തുടങ്ങിയവയെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്.

ഓരോ ഉപന്യാസവും ഓരോ ചെറുകഥ പോലെ വായിച്ചു പോകാവുന്നതാണ്. അദ്ദേഹത്തിന്റെ ഫലിതങ്ങളുടെ സമാഹാരം ആണ് 'ചിരിയോ ചിരി'. ഉപന്യാസങ്ങളാണ് 'സുകുമാരഗദ്യമഞ്ജരി'യിൽ. ഒരു തരം പരിണാമഗുപ്തി ദീക്ഷിച്ചു കൊണ്ട് രചിച്ചിരിക്കുന്ന ഈ കഥകൾ നീണ്ടതാണെങ്കിലും ആദ്യന്തം നമ്മുടെ വായനയെ പിടിച്ചു നിർത്തുന്നു. നേരമ്പോക്കിനുള്ള സൃഷ്ടികളായിരുന്നു സുകുമാരന്റെ കഥകളെങ്കിലും ആദ്യകാല കഥാകാരന്മാരിൽ ഏറ്റവും ജനപ്രീതിയും പ്രചാരവും നേടിയത് അദ്ദേഹമാണ്. കഥകളുടെ ഉന്നം നമ്മെ രസിപ്പിക്കുകയാണ് ഒപ്പം പരോക്ഷമെങ്കിലും ശക്തമായ സാമൂഹിക വിമർശനവും ഈ കഥകൾ നിർവ്വഹിക്കുന്നു. ഓരോ തരത്തിലുള്ള ജീവിതദുഃഖങ്ങളിൽ പെട്ടുഴലുന്ന മനുഷ്യർക്ക് അല്പസമയത്തേക്കെങ്കിലും ചിരിക്കാൻ ഒരവസരം നല്കുന്നത് പുണ്യമായി സുകുമാരൻ കരുതി. സവിശേഷ സാഹചര്യം സങ്കല്പിച്ചുണ്ടാക്കുക, ആ കുടുക്കിൽ നിന്നും കഥാപാത്രം ബുദ്ധി ഉപയോഗിച്ച് രക്ഷപ്പെടുക, സാഹചര്യം ചിരിക്ക് വഴി ഒരുക്കുന്നതാവുക, ഓരോ പ്രതിപാദനത്തിലും ഈ നർമ്മം പാലിക്കുക - സാമാന്യമായി ഈ സവിശേഷതകളാണ് കെ. സുകുമാരന്റെ കഥകൾക്കുള്ളത്. 'അഴകുള്ള പെണ്ണ്', 'വിധി', 'ആ വല്ലാത്ത നോട്ടം', 'ഇണക്കവും പിണക്കവും', 'ഒരു പൊടിക്കൈ', 'പാപത്തിന്റെ ഫലം', 'ആരാന്റെ കുട്ടി', 'കൂനിയുടെ ചികിത്സ', 'വിധവയുടെ വാശി', 'വിവാഹത്തിന്റെ വില', 'വിരുന്നു വന്ന മാമൻ' തുടങ്ങിയവ ഈ കൂട്ടത്തിൽപ്പെടുന്നു.

## Key Themes

വിവാഹിതനായ കഥാനായകന്റെ ജീവിതത്തിൽ ട്രെയിൻ യാത്രക്കിടെ ആരോ ഏല്പിച്ച കുട്ടികാരണം സംഭവിക്കുന്ന പ്രശ്നങ്ങൾ അവതരിപ്പിക്കുന്നു.

## Discussion

കെ. സുകുമാരനിലെത്തുമ്പോഴാണ് (1876-1956) ആധുനിക മലയാള ചെറുകഥകളുടെ സ്വഭാവങ്ങൾ നാം ശരിക്കും ദർശിക്കുക. ദൈർഘ്യമുള്ള കഥയാണ് 'ആരാന്റെ കുട്ടി'. ഒരുതരം പരിണാമഗുപ്തി ദീക്ഷിച്ചുകൊണ്ട് രചിച്ചിരിക്കുന്ന ഈ കഥ നീണ്ടതാണെങ്കിലും ആദ്യന്തം നമ്മുടെ താത്പര്യത്തെ പിടിച്ചു നിർത്തുന്നു. കഥകളുടെ ഉന്നം നമ്മെ രസിപ്പിക്കുക തന്നെ; ഒപ്പം പരോക്ഷമെങ്കിലും ശക്തമായ സാമൂഹിക വിമർശനവും ഈ കഥ നിർവ്വഹിക്കുന്നു. അടിയന്തരാവശ്യമായി മദിരാശിയിൽ നിന്നുവരുന്ന ഒരാളെ കാണാൻ തീവണ്ടിയാപ്പീസിലെത്തിയ കഥാനായകൻ വിദഗ്ധമായി കബളിപ്പിക്കപ്പെടുന്നു. കഥയിൽ മനുഷ്യസ്വഭാവങ്ങളുടെ വൈരുധ്യതയാണ് തെളിഞ്ഞു നിൽക്കുന്നത്. കഥാനായകൻ തന്നെ കഥ പറയുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത് (ഉത്തമ പുരുഷ കഥാഖ്യാനം). സമൃദ്ധമായി ഉപയോഗിച്ചിരിക്കുന്ന സംഭാഷണങ്ങൾ സ്വഭാവചിത്രീകരണത്തിന് ഏറെ മിഴിവ് നൽകുന്നു. രസകരമായ സന്ദർഭങ്ങൾ പലപ്പോഴും ഐറണിക്കുദാഹരണമായി ചൂണ്ടിക്കാട്ടാവുന്നവ, കഥാകൃത്ത് യഥാർഥമായി സൃഷ്ടിക്കുന്നു. ഈ കാലഘട്ടത്തിൽ നടക്കുന്നവയും കാലത്തെ അതിജീവിക്കുന്നതുമായ സംഭവങ്ങളുടെ രസകരമായ ആവിഷ്കാരമാകുന്നു ഈ കഥ. 'ഓണക്കാലത്തു കിട്ടിയ സമ്മാനം'- എന്നു കൂടി ഈ കഥയ്ക്ക് പേരുണ്ടായിരുന്നു.

### ആരാന്റെ കുട്ടി

മലയാളത്തിലെ ആദ്യകാല കഥാകൃത്തുക്കളിൽ ഏറെ ശ്രദ്ധേയനാണ് കെ. സുകുമാരൻ. ചെറുകഥയുടെ മാത്രമല്ല, ഉപന്യാസശാഖയുടെയും തുടക്കക്കാരിൽ പ്രധാനിയായ കെ. സുകുമാരൻ മലയാളത്തിൽ വ്യത്യസ്തമായ ആഖ്യാന വഴികൾ തുറന്നിടാൻ ശ്രമിച്ചു. 'രസഭൂയിഷ്ഠവും അനുഭവജ്ഞാന സമ്മിളിതവുമായി ചമച്ചിട്ടുള്ള ആ നിബന്ധങ്ങൾ വിലപിടിച്ച മുതൽക്കൂട്ടുകളാണ്' കെ. സുകുമാരന്റെ കഥകളെക്കുറിച്ച് എൻ. കൃഷ്ണപിള്ള 'കൈരളിയുടെ കഥയിൽ' ഇങ്ങനെ അഭിപ്രായപ്പെടുന്നു. ആക്ഷേപഹാസ്യത്തിനു പ്രാധാന്യമുള്ള കഥകളായിരുന്നു സുകുമാരന്റെ സൃഷ്ടികളിലേറെയും. കഥാകാരന്മാരിൽ ഇതിവൃത്തത്തിന്റെ തലത്തിൽ ബുദ്ധിയും കൗശലവും കൂടുതലായി പ്രദർശിപ്പിച്ചിട്ടുള്ളത് കെ. സുകുമാരനാണ്. കഥാപാത്രത്തെ ഒരു പ്രശ്നത്തിൽ കൊണ്ടുചെന്ന് ചാടിച്ചിട്ട് ബുദ്ധിപൂർവ്വമായി രക്ഷപ്പെടുത്തുന്ന രീതിയാണ് അദ്ദേഹം സ്വീകരിച്ചുകാണുന്നത്. ഉത്തമപുരുഷന്റെ സ്വാനുഭവകഥയെന്ന രീതിയിലാണ് മിക്ക കഥകളും എഴുതിയിട്ടുള്ളത്. 'ആരാന്റെ കുട്ടി' എന്ന കഥയും ഈ സവിശേഷതകൾ ഉൾക്കൊള്ളുന്നു.

ഫലിതപരിഹാസങ്ങൾ ഉപയോഗിച്ച്, പരിണാമഗുപ്തി ദീക്ഷിച്ച് അവതരിപ്പിക്കുന്ന 'ആരാന്റെ കുട്ടി' എന്ന ഈ കഥ ആദ്യകാലകഥകളുടെ സവിശേഷതകളെല്ലാം ഉൾക്കൊള്ളുന്നു. കഥാനായകന്റെ വനിതാലോലുപത്വം വരുത്തിക്കൂട്ടിയ ഒരാപത്തിന്റെ രസകരമായ ആഖ്യാനമാണീ കഥ. നായകകഥാപാത്രം ഒരു യാത്രയ്ക്കിടയിൽ റെയിൽവേ പ്ലാറ്റ്ഫോറത്തിൽ കൂടി നടക്കുമ്പോൾ പെണ്ണുങ്ങളുടെ മുറിയിൽ സൗന്ദര്യത്താൽ അന്യോന്യം പടവെട്ടുന്ന സുന്ദരിമാരെ നായകൻ കാണാനിടയായി. ലേഡീസ് കമ്പാർട്ടുമെന്റിലെ കാഴ്ചകളിൽ രസിച്ച് തന്റെ യാത്ര വെറുതെയായില്ലായെന്ന് മനസ്സാൽ പറഞ്ഞിട്ട് അവരെ നോക്കിനിൽക്കുമ്പോൾ അയാളുടെ നേരെ തിരക്കിട്ട് വന്ന ഒരു സുന്ദരി തന്റെ കുട്ടിയെ നീട്ടിക്കാണിച്ചു. 'ഈ കുട്ടിയെ ഒന്നു പിടിക്കണം' എന്നു പറഞ്ഞ് ധൃതിയിൽ കുഞ്ഞിനെ അയാളെ ഏല്പിച്ചിട്ട് അവൾ ജനക്കൂട്ടത്തിൽ മറയുന്നു. സാധനങ്ങൾ കയറ്റുന്ന ബദ്ധപ്പാടിൽ ഒരു നിമിഷത്തേയ്ക്ക് കൈയൊഴിവിൽ കുഞ്ഞിനെ അയാളെ ഏൽപ്പിച്ച് അവൾ പോവുകയും ചെയ്തു. പക്ഷേ വണ്ടിവിടാറായിട്ടും അവൾ വന്നില്ല. അയാൾ അവിടെ മുഴുവൻ തിരിഞ്ഞിട്ടും അവളെ കണ്ടു കിട്ടിയില്ല. തന്റെ കയ്യിലെത്തിയ ആരാന്റെ കുട്ടിയെ അയാൾ പോലീസ് സ്റ്റേഷനിൽ ഏല്പിക്കാൻ നോക്കി. അവരുണ്ടോ അത് ഏറ്റുവാങ്ങുന്നു? റെയിൽവേ പോലീസുകാർ കുട്ടിയെ ഏറ്റെടുത്തില്ല. ആകെ പരിക്ഷീണനായ അയാൾ ഗത്യന്തരമില്ലാതെ കുട്ടിയെയും കൊണ്ട് വീട്ടിലെത്തി. വഴിയിൽ വച്ച് കുട്ടിക്ക് അച്ഛന്റെ നല്ല ഛായയുണ്ട് എന്നു ചിലർ അനുമോദിച്ചു. അയാളെ എപ്പോഴും സംശയിക്കുന്ന ഭാര്യ കോപിച്ചു കരഞ്ഞു, സത്യാവസ്ഥ അവളെ ബോധ്യപ്പെടു

ത്താനായില്ല. അതോടെ വീട്ടിലാകെ പ്രശ്നമായി. സ്വതേ സംശയാലുവായ ഭാര്യ ഉറപ്പിച്ചു ആ കുട്ടി ഭർത്താവിന് മറ്റൊരു സ്ത്രീയിലുണ്ടായതു തന്നെയെന്ന്. ഭാര്യയുടെ മനോവ്യാപാരങ്ങൾ തികഞ്ഞ ഉൾക്കാഴ്ചയോടെ ചിത്രീകരിച്ചിട്ടുമുണ്ട്.

ഭാര്യയുടെ സംശയവും രോഷവും വർദ്ധിച്ചതേയുള്ളൂ. അപ്പോഴാണ്, കുനിന്മേൽ കുരുവെന്നപോലെ പതിനഞ്ചു ദിവസം കഴിഞ്ഞപ്പോൾ വക്കീൽ നോട്ടീസെത്തിയത്. പൂന്താണി കല്യാണി എന്നൊരുവളുടെ നോട്ടീസാണു വന്നത്. അവളിലുണ്ടായ കുട്ടിക്ക് ചെലവിനു കൊടുക്കണമെന്നായിരുന്നു ആവശ്യം. വക്കീൽനോട്ടീസ് കിട്ടുന്ന സമയത്ത് നായകന്റെ ഭാര്യ ഗത്യന്തരമില്ലാതെ കുട്ടിയെ അംഗീകരിച്ച് ചെലവിനു കൊടുക്കാമെന്ന് ഉപദേശിക്കുന്നു. കഥാനായകന് കല്യാണിയിൽ ജനിച്ച കുട്ടിക്ക് ചെലവായ ഇനത്തിൽ മുന്നൂറു രൂപ കൊടുക്കണം, കുട്ടിയെ തിരിച്ചേല്പിക്കണം, അതുകഴിഞ്ഞ് മാസം 25 ഉറുപ്പിക വീതം മേൽച്ചെലവും നൽകണം. ഇത്രയുമാണ് വക്കീൽനോട്ടീസ് പ്രകാരം അവകാശപ്പെടുന്നത്. കുട്ടിക്കുള്ള ചെലവ് ആവശ്യപ്പെട്ടപ്പോൾ അയാൾ കുട്ടിയെ എടുത്തുകൊണ്ടു പോയതാണെന്നും അതുകൊണ്ട് ഒരു സംഖ്യയടക്കം കുട്ടിയെ മടക്കിക്കൊടുക്കണമെന്നും വക്കീൽ നോട്ടീസിൽ ആവശ്യപ്പെട്ടിരുന്നു. ഹർജിക്കാരന് അഞ്ഞൂറുരൂപ നൽകി കേസ് രാജിയാക്കുന്നതാണ് നല്ലതെന്ന നിർദ്ദേശവുമായി തൊട്ടുപിറകെ വക്കീലുമെത്തി. വക്കീൽ അനുരഞ്ജനത്തിനും സന്ധിസംഭാഷണത്തിനും ശ്രമിച്ചെങ്കിലും നായകൻ വഴങ്ങുന്നില്ല. കോടതി കയറാൻ തന്നെ നിർദോഷിയായ കഥാനായകൻ തീരുമാനിക്കുന്നു

തെളിവുകളും സാക്ഷികളുമെല്ലാം കഥാനായകന് എതിരായിരുന്നു. അവസാനം കേസ് വാദിക്കാനിരിക്കെ മറ്റൊരു സുന്ദരി അവകാശവാദം ഉന്നയിച്ച് എത്തുന്നു. ഒരു കുട്ടിയെ കിട്ടിയിട്ടുണ്ടെന്ന പത്രവാർത്ത കണ്ടെത്തിയതായിരുന്നു അവൾ. കുഞ്ഞിന്റെ യഥാർഥ അമ്മയായ ഇന്ദിരയുടെ രംഗപ്രവേശം അയാൾക്ക് ധൈര്യം നല്കി. ഒടുവിൽ തെളിയുന്നത് ഇതാണ്. കുട്ടി തന്റേതാണെന്നും അതിന്റെ അച്ഛൻ ഗുരുവായൂർക്ക് കൊണ്ടുപോയതാണെന്നും ഒരു മാസം കഴിഞ്ഞിട്ടും തിരിച്ച് വന്നില്ലെന്നും പറയുന്നു. മാത്രമല്ല തന്റെ കുട്ടിയെ കാണണമെന്നും അവൾ ആവശ്യപ്പെട്ടു. കുട്ടി അമ്മയെ കണ്ടതും ഓടി അടുത്തു ചെന്നു. സത്യസ്ഥിതി അതോടെ തെളിഞ്ഞു. കോടതിയിൽ എല്ലാസാക്ഷികളും നായകനെതിരെ മൊഴി കൊടുത്തു. കോടതിയെ വിശ്വസിപ്പിക്കാൻ വേണ്ടി സാക്ഷികൾ പറയുന്ന കള്ളത്തരങ്ങൾ വളരെ ഭംഗിയായും സരസമായും സുകുമാരൻ അവതരിപ്പിച്ചിരിക്കുന്നു. ഒടുവിൽ നിർണ്ണായക ഘട്ടമെത്തിയപ്പോൾ കൂട്ടിൽ നിൽക്കുന്ന പൂന്താണി കല്യാണിയുടെ മുഖം വിളറിപ്പോകുമാറ് കുട്ടിയുടെ അമ്മയായ ഇന്ദിരയെ നായകൻ കോടതിയിലേക്ക് ആനയിക്കുന്നു. ഇന്ദിരയുടെ ഭർത്താവ് കഥാനായകനെ പറ്റിച്ച് രൂപ കൈക്കലാക്കാനായി സ്ത്രീയായി വേഷം കെട്ടി എത്തി സ്വന്തം കുഞ്ഞിനെ അയാളെ ഏല്പിച്ചതാണ്. കൂട്ടിൽ നിൽക്കുന്ന കല്യാണി പെണ്ണല്ലായെന്നും തന്റെ ഭർത്താവായ പൂളക്കൽ മന്ദൻ എന്ന കെ. ഡി.(റൗഡി) ആണെന്നും പണം പറ്റിക്കാൻ വേണ്ടി അയാൾ നടത്തുന്ന പറ്റിക്കൽ വ്യാപാരമാണിതെന്നും കുട്ടിയുടെ അമ്മ പ്രഖ്യാപിക്കുന്നു. അന്ത്യത്തിലെ ഈ പരിണാമഘട്ടം അവിശ്വസനീയമെങ്കിലും ഇതിന്റെ പ്രതിപാദനം ആദ്യന്തം ചമത്കാരഭരിതമാണ്.

## അവലോകനം

കഥാപാത്രങ്ങളുടെ സാമർത്ഥ്യപ്രകടനങ്ങളും സംഭാഷണങ്ങളുടെ ചടുലതയുമാണ് കെ. സുകുമാരന്റെ കഥകൾക്ക് ജീവൻ നൽകുന്നത്. കുറിക്കുകൊള്ളുന്ന സംഭാഷണങ്ങളാണ് ഈ കഥയുടെ സിംഹഭാഗവും. കോടതിയും കോടതിയിലെ കള്ളസാക്ഷികളും എല്ലാം നമ്മെ ഏറെ രസിപ്പിക്കും. ഒപ്പം ആടിനെ പട്ടിയാക്കുന്ന നടപടികളും മറ്റും രൂക്ഷപരിഹാസത്തിനു പാത്രമാവുകയും ചെയ്യുന്നുണ്ടിവിടെ. യുക്തിഭംഗങ്ങളും അസംഭവ്യതകളും ഈ കഥയിൽ പലേടത്തും കാണാം. കോടതിയെപ്പറ്റിയും കേസിനെപ്പറ്റിയും നല്ല വിവരം കഥാകൃത്തിനുണ്ടെന്നു വ്യക്തമാണ്. അവിടെ അവതരിപ്പിക്കപ്പെടുന്ന സംഭാഷണങ്ങൾ ചടുലവും ഉദ്വേഗജനകവുമാണ്. റെയിൽവേ പോലീസുമായുള്ള സംവാദം സുകുമാരന്റെ കഥകളുടെ രസനീയതയ്ക്ക് നിദർശന

മാണ്. ഇതിവൃത്തത്തിലെ അസ്വാഭാവികതകളെ വിസ്മരിപ്പിക്കുന്ന ശീഘ്രത ആഖ്യാനത്തിലുണ്ട്. കഥാപാത്രങ്ങളുടെ സാമർത്ഥ്യ പ്രകടനങ്ങളും സംഭാഷണങ്ങളുടെ ചടുലതയുമാണ് കോടതിമുറിയിൽ കാണുന്നത്. പലപ്പോഴും സംഭാഷണങ്ങളിലൂടെയാണ് കഥയെ മുന്നോട്ടു കൊണ്ടുപോകുന്നത്. തട്ടും തടയും പോലെ കൊടുത്തും കൊണ്ടും മുന്നേറുന്ന കഥാപാത്ര സംഭാഷണങ്ങളിൽ കൃത്രിമത്വമാണ് ഏറി നിൽക്കുന്നതെങ്കിലും രസനീയമാണ്. സമൃദ്ധമായി ഉപയോഗിച്ചിരിക്കുന്ന സംഭാഷണങ്ങൾ സ്വഭാവ ചിത്രീകരണത്തിന് ഏറെ മിഴിവ് നല്കുന്നു.

കഥകൾ സംഭാഷണപ്രധാനമായതിനാൽ അവയ്ക്ക് 'പ്രഹസനങ്ങൾ'എന്ന പേരാണ് യോജിക്കുക എന്നാണ് എം. പി. പോൾ അഭിപ്രായപ്പെട്ടത്. കഥാഗതി ചടുലമാണ്. ഒന്നിനു പിറകെ മറ്റൊന്നായി വരുന്ന രംഗങ്ങളും മാനുഷിക സന്ദർഭങ്ങളും തികച്ചും നാടകീയമായിരിക്കുന്നു. കഥാപാത്രങ്ങളും നിരവധിയുണ്ട്. എങ്കിലും ചെറുകഥയുടെ രൂപഭാവങ്ങൾ അതേപടി നിലനിറുത്തുന്നു. മാനുഷികമായ ഗതിവിഗതികൾ വെളിപ്പെടുത്തുന്ന ധാരാളം സന്ദർഭങ്ങൾ ഇതിൽ കാണാനാകും. അന്യരെ പറ്റിക്കാൻ തുടങ്ങിയാൽ പറ്റുന്നതു അവനവനു തന്നെയെന്ന് കഥയിലൂടെ വെളിപ്പെടുത്തുകയാണ് കെ. സുകുമാരൻ. ഇതിവൃത്തത്തിന്റെ മർമ്മം കണ്ടറിഞ്ഞ് നാടകീയമായ ഒരു മുഹൂർത്തത്തിൽ കഥയാരംഭിച്ച് പടിപടിയായി ഇതിവൃത്തത്തെ വളർത്തി പരിസമാപ്തിയിലെത്തിക്കാൻ ഈ കഥാകൃത്തിന് താല്പര്യമില്ല. യുക്തിഭദ്രമായി സംഭവങ്ങൾ നിബന്ധിക്കാൻ ശ്രദ്ധിക്കാത്തതുകൊണ്ട് സ്വാഭാവികത കൈവരുത്താൻ പലപ്പോഴും സാധിക്കുന്നില്ല. വസ്തുക്കളുടെയോ വ്യക്തികളുടെയോ വൈരുദ്ധ്യങ്ങൾ കണ്ടെത്തി വർണ്ണിക്കാനാണ് കൂടുതൽ താല്പര്യം. കഥയിൽ മനുഷ്യസ്വഭാവങ്ങളുടെ വൈരുധ്യതയാണ് തെളിഞ്ഞു നിൽക്കുന്നത്.

## Recap

- ആദ്യകാല കഥകളുടെ എല്ലാ പ്രവണതകളും ഉൾക്കൊള്ളുന്ന കഥയായി ആരാന്റെ കുട്ടിയെ അപഗ്രഥിക്കുന്നു
- കഥയിൽ മനുഷ്യസ്വഭാവങ്ങളുടെ വൈരുധ്യതയും മാനുഷികമായ ഗതിവിഗതികളും വെളിപ്പെടുത്തുന്നു
- കഥാനായകന്റെ വനിതാലോലുപത്വം വരുത്തിക്കൂട്ടിയ ഒരാപത്തിന്റെ രസകരമായ ആഖ്യാനമാണീ കഥ
- പലായാന്മക സ്വഭാവം, അമളി പറ്റൽ, , അസ്വഭാവികത, കോടതി വ്യവഹാരം എന്നീ സ്വഭാവസവിശേഷതകൾ കഥയിൽ ദർശിക്കുന്നു
- പരിണാമഗുപ്തി ദീക്ഷിച്ചുകൊണ്ട് രചിച്ചിരിക്കുന്ന ഈ കഥ ആദ്യന്തം നമ്മുടെ താത്പര്യത്തെ പിടിച്ചു നിർത്തുന്നു
- കഥാപാത്രത്തെ ഒരു പ്രശ്നത്തിൽ കൊണ്ടുചെന്ന് ചാടിച്ചിട്ട് ബുദ്ധിപൂർവ്വമായി രക്ഷപ്പെടുത്തുന്ന രീതിയാണ് ഈ കഥയിൽ സ്വീകരിച്ചിരിക്കുന്നത്
- ഫലിതപരിഹാസങ്ങൾ ഉപയോഗിച്ച്, പരിണാമഗുപ്തി ദീക്ഷിച്ച് അവതരിപ്പിച്ചിരിക്കുന്ന ഈ കഥ ആദ്യകാലകഥകളുടെ സവിശേഷതകളെല്ലാം ഉൾക്കൊള്ളുന്നു
- ഉത്തമപുരുഷന്റെ സ്വാനുഭവകഥയെന്ന രീതിയിലാണ് 'ആരാന്റെ കുട്ടി' എന്ന കഥ എഴുതിയിട്ടുള്ളത്
- കഥകളുടെ ഉന്നം നമ്മെ രസിപ്പിക്കുകയാണെങ്കിലും ഒപ്പം പരോക്ഷമായി ശക്തമായ സാമൂഹിക വിമർശനവും ഈ കഥ നിർവ്വഹിക്കുന്നു

- സമൃദ്ധമായി ഉപയോഗിച്ചിരിക്കുന്ന സംഭാഷണങ്ങൾ സ്വഭാവ ചിത്രീകരണത്തിന് ഏറെ മിഴിവ് നല്കുന്നു
- കെ. സുകുമാരന്റെ കഥകൾ സംഭാഷണപ്രധാനമായതിനാൽ അവയ്ക്ക് 'പ്രഹസനങ്ങൾ' എന്ന പേരാണ് യോജിക്കുക എന്ന് എം. പി. പോൾ അഭിപ്രായപ്പെട്ടു
- കഥാപാത്രങ്ങളുടെ സാമർത്ഥ്യപ്രകടനങ്ങളും സംഭാഷണങ്ങളുടെ ചടുലതയുമാണ് കെ. സുകുമാരന്റെ കഥകൾക്ക് ജീവൻ നൽകുന്നത്

## Objective Type Questions

1. ആദ്യകാല ചെറുകഥകൾ കൈകാര്യം ചെയ്ത വിഷയങ്ങൾ ഏതെല്ലാം? പ്രത്യേകതകൾ ഏവ?
2. കെ. സുകുമാരന്റെ സമകാലികരായ കഥാകൃത്തുക്കൾ ആരെല്ലാം?
3. മലയാളത്തിലെ ആദ്യത്തെ ചെറുകഥ ഏത്?
4. കെ. സുകുമാരന്റെ കഥകളെ 'പ്രഹസനങ്ങൾ' എന്നു വിശേഷിപ്പിച്ചതാര്?
5. കഥാനായകന് കുട്ടിയെ ലഭിച്ചതെവിടെ നിന്ന്?
6. 'പറഞ്ഞാൽ നുണ എഴുതിയാൽ കഥ'യെന്ന് ആദ്യകാല കഥകളെപ്പറ്റി പറഞ്ഞതാര്?
7. കഥാനായകന്റെ ഭാര്യ കുട്ടി ആരുടേതാണെന്നാണ് കരുതിയത്?
8. ആരുടെ വക്കീൽ നോട്ടീസാണു നായകനു വന്നത്?
9. വക്കീൽ നോട്ടീസിൽ അവകാശപ്പെടുന്നത് എന്തെല്ലാമാണ്?
10. പൂന്താണി കല്യാണി യഥാർത്ഥത്തിൽ ആരായിരുന്നു?
11. കുട്ടിയുടെ അമ്മയുടെ പേരെന്ത്?
12. പൂളക്കൽ മന്ദൻ എന്തിനു വേണ്ടിയാണ് കഥാനായകനെ കുരുക്കിലാക്കിയത്?

## Answers

1. സാഹസികം, അപസർപ്പകം, പലായാന്മക സ്വഭാവം, ഉത്തമപുരുഷ കഥാഖ്യാനം, പരിണാമഗുപ്തി, പ്രണയം, വീരാപദാനം, അമളി, നിധിവേട്ട, കുറ്റാന്വേഷണം, നായാട്ട്, കോടതിവ്യവഹാരം, സ്വപ്നാടനം എന്നിവ
2. വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ, മൂർക്കോത്ത് കുമാരൻ, ഒടുവിൽ കുഞ്ഞി കൃഷ്ണമേനോൻ, എം ആർ കെ സി, സി. എസ്. ഗോപാലപ്പണിക്കർ, അമ്പാടി നാരായണപൊതുവാൾ, ഇ. വി. കൃഷ്ണപിള്ള വി. ടി. ഭട്ടതിരിപ്പാട്
3. 'വാസനാവികൃതി' (1891) വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ
4. എം. പി. പോൾ
5. റെയിൽവേ പ്ലാറ്റ്ഫോമിൽ നിന്നും, അജ്ഞാതയായ ഒരു യുവതി ഏൽപ്പിച്ചു
6. കെ. സുകുമാരൻ
7. ഭർത്താവിന് മറ്റൊരു സ്ത്രീയിലുണ്ടായതാണ് കുട്ടി എന്നു കരുതുന്നു
8. പൂന്താണി കല്യാണിയുടെ

9. കുട്ടിക്ക് ചെലവായ ഇനത്തിൽ മുന്നൂറു രൂപ, കുട്ടിയെ തിരിച്ചേൽപ്പിച്ചിട്ട് മാസം 25 ഉറുപ്പിക വീതം മേൽച്ചെലവും നല്കണം
10. കല്യാണി പെണ്ണല്ല, പൂളക്കൽ മന്ദൻ എന്ന കെ. ഡി.(റൗഡി) യായിരുന്നു
11. ഇന്ദിര
12. പണം പറ്റിച്ച് വാങ്ങാൻ വേണ്ടി അയാൾ നടത്തിയ ആൾമാറാട്ടമായിരുന്നു കഥാനായകനെ കുരുക്കിലാക്കിയത്

## Assignments

1. ആദ്യകാല ചെറുകഥയുടെ പ്രവണതകൾ കൃതികളെ അടിസ്ഥാനമാക്കി അപഗ്രഥിക്കുക
2. കെ. സുകുമാരന്റെ കഥകളെ അടിസ്ഥാനമാക്കി ആദ്യകാല ചെറുകഥകളുടെ സവിശേഷതകൾ വിലയിരുത്തുക

## Suggested Readings


1. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
2. ഡോ. എം. എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കറന്റ് ബുക്സ്, തൃശൂർ
3. വി. രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ്, ഡി. സി. ബുക്സ്, കോട്ടയം
4. ഡോ. കെ. എസ്. രവികുമാർ, കഥയും ഭാവുകത്വപരിണാമവും, എൻ.ബി.എസ്., കോട്ടയം
5. ഡോ. വത്സലൻ വാതുശ്ശേരി, കഥയുടെ ന്യൂക്ലിയസ്, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്
6. ഡോ. കെ. എം. ജോർജ്, ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി. സി. ബുക്സ്, കോട്ടയം

BLOCK - 02

# ആധുനികത-നവോത്ഥാനവും മാനവികതയും

# യൂണിറ്റ് - 1
# പൂവമ്പഴം

**വൈക്കം മുഹമ്മദ് ബഷീർ**

## Learning Outcomes

- ബഷീർ കഥയിലെ നർമ്മസന്ദർഭങ്ങളെ കുറിച്ച് ധാരണ
- ബഷീറിയൻ ഭാഷാപ്രയോഗങ്ങളെ കുറിച്ചുള്ള അറിവ്
- പരിചിത സാഹചര്യങ്ങളിൽ നിന്ന് കഥ രൂപപ്പെടുത്തുന്ന ബഷീറിന്റെ സവിശേഷമായ രചനാശൈലി പരിചയപ്പെടുന്നു

## Prerequisites

പൂവമ്പഴം നമുക്കേറെ ഇഷ്ടമാണ്. നല്ല സ്വർണ്ണനിറത്തിൽ മുഴുത്തിരിക്കുന്ന പഴം. അതു കൊണ്ടുവന്നു തരാൻ സ്വന്തം ഭാര്യ പറഞ്ഞാൽ എങ്ങനെ കേൾക്കാതിരിക്കാൻ പറ്റും? അതും മധുവിധുവിന്റെ മനോഹരകാലത്ത്. ഈ വിഷയമാണ് വൈക്കം മുഹമ്മദ് ബഷീറിന്റെ 'പൂവമ്പഴം' എന്ന കഥ ചർച്ച ചെയ്യുന്നത്. അബ്ദുൽ ഖാദറും ജമീലാബീവിയും തമ്മിലുള്ള വൈവാഹികജീവിതത്തിനിടയിലെ സ്വാഭാവിക സംഭവങ്ങൾ തനി ബഷീറിയൻ നർമ്മശൈലിയുടെ മേമ്പൊടിയോടെ കഥയിൽ അവതരിപ്പിക്കപ്പെടുന്നു.

ചെറുകഥാകൃത്തും നോവലിസ്റ്റും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്നു ബഷീർ. മലയാളത്തിലെ ഏറ്റവും ജനകീയനായ എഴുത്തുകാരൻ. വലിയ വായനാപാരമ്പര്യമോ ഭാഷാജ്ഞാനമോ ഇല്ലാത്ത വായനക്കാർക്ക് പോലും എളുപ്പം വഴങ്ങുന്ന സരസമായ ശൈലിയാണ് അദ്ദേഹത്തിന്റേത്. എണ്ണത്തിൽ വളരെക്കൂടുതലൊന്നും ആ രചനകളില്ല. എന്നാൽ എഴുതിയ കൃതികൾ കൊണ്ടുതന്നെ മലയാളസാഹിത്യത്തിൽ ശ്രദ്ധേയമായ സാന്നിദ്ധ്യമറിയിക്കാൻ അദ്ദേഹത്തിനായി. നാടൻ ഭാഷാപ്രയോഗങ്ങളാൽ സൃഷ്ടിക്കുന്ന നർമ്മസന്ദർഭങ്ങൾ അദ്ദേഹത്തിന്റെ മിക്ക കൃതികളിലുമുണ്ട്. ബഡുക്കൂസ്, ഇച്ചിരിപ്പിടിയോളം, ബുദ്ദൂസ്, ഇമ്മിണി ബല്യ ഒന്ന്, ലൊഡുക്കൂസ് തുടങ്ങിയ പ്രത്യേക അർത്ഥങ്ങളില്ലാത്ത വാക്കുകളും പ്രയോഗങ്ങളും പോലും ബഷീർ കൃതികളിൽ സവിശേഷ അർത്ഥത്തെ നിർമ്മിച്ചെടുക്കുന്നുണ്ട്. നിരവധി ദേശങ്ങളിലൂടെ നടത്തിയ യാത്രകളും അവിടെയെല്ലാം ചെയ്ത പല ജോലികളും സമ്മാനിച്ച തീവ്രമായ അനുഭവങ്ങളാണ് കൃതികളെ ജീവിതത്തോട് അടുപ്പിച്ചു നിർത്തിയത്.

1908 ജനുവരി 21 ന് കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിലാണ് ബഷീർ ജനിച്ചത്. അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ കോഴിക്കോട് വന്ന ഗാന്ധിജിയെ കാണാൻ കള്ളവണ്ടി കയറിയതും ഗാന്ധിയെ തൊട്ട കഥ ഉമ്മയോട് പറഞ്ഞതുമെല്ലാം പിന്നീടദ്ദേഹം എഴുതിയിട്ടുണ്ട്. ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുക്കുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്തു. പിന്നീട് സർ സി പിയെ വിമർശിച്ചതിന്റെ പേരിലും ജയിലിൽ കിടന്നിട്ടുണ്ട്. 'തങ്കം' എന്ന കഥയാണ് ബഷീർ ആദ്യമെഴുതിയഴുതിയത്.

'ഭൂമിയുടെ അവകാശികൾ', 'വിശ്വവിഖ്യാതമായ മൂക്ക്', 'ജന്മദിനം', 'വിഡ്ഢികളുടെ സ്വർഗ്ഗം', 'പാവപ്പെട്ടവരുടെ വേശ്യ', 'വിശപ്പ്', 'ഒരു ഭഗവദ്ഗീതയും കുറെ മുലകളും, 'ആന പ്പൂട', 'ചിരിക്കുന്ന മരപ്പാവ', 'ശിങ്കിടിമുങ്കൻ' തുടങ്ങി മരണാനന്തരം പ്രസിദ്ധീകരിച്ച 'യാ ഇലാഹി' വരെ നിരവധി ശ്രദ്ധേയ ചെറുകഥകൾ അദ്ദേഹത്തിന്റേതായുണ്ട്.

'പ്രേമലേഖനം', 'സർപ്പയജ്ഞം', 'ബാല്യകാലസഖി', 'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്!', 'ആനവാരിയും പൊൻകുരിശും', 'പാത്തുമ്മായുടെ ആട്', 'മതിലുകൾ', 'ശബ്ദങ്ങൾ', 'സ്ഥലത്തെ പ്രധാന ദിവ്യൻ', 'മുച്ചീട്ടുകളിക്കാരന്റെ മകൾ', 'താരാ സ്പെഷ്യൽസ്' മുത ലായ ഏറെ ചർച്ച ചെയ്യപ്പെട്ട നോവലുകളും ബഷീറെഴുതിയിട്ടുണ്ട്.

'ഓർമ്മയുടെ അറകൾ', 'എം പി പോൾ' എന്നീ ഓർമ്മക്കുറിപ്പുകൾ, 'കഥാബീജം' എന്നു പേരുള്ള നാടകം, 'സർപ്പയജ്ഞം' എന്നപേരിൽ ബാലസാഹിത്യം എന്നിവയും ബഷീർ രച നകളാണ്. 'മതിലുകൾ', 'പ്രേമലേഖനം', 'ബാല്യകാലസഖി' തുടങ്ങി നിരവധി രചനകൾ സിനിമകളായിട്ടുണ്ട്. തന്റെതന്നെ 'നീലവെളിച്ചം' എന്ന കഥയ്ക്ക് 'ഈ ഭാർഗ്ഗവീ നിലയം' എന്ന പേരിൽ ബഷീർ തിരക്കഥയുമെഴുതി. പ്രധാന കൃതികളെല്ലാം നിരവധി ഇന്ത്യൻ, വി ദേശഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. പത്മശ്രീ പുരസ്ക്കാരം നൽകി രാജ്യം ആദരിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി ഫെല്ലോഷിപ്പുകളും ലഭിച്ചു. 1992ൽ കാലി ക്കറ്റ് സർവ്വകലാശാല നൽകിയ ഡിലിറ്റ് ബിരുദം സ്വീകരിച്ച് നടത്തിയ പ്രഭാഷണം 'ചെവി യോർക്കുക അന്തിമകാഹളം' എന്ന പേരിൽ സമാഹരിക്കപ്പെട്ടിട്ടുണ്ട്.

സാഹിത്യത്തിന്റെ മുഖ്യധാരയ്ക്ക് പുറത്തുനിന്ന വലിയൊരു വിഭാഗം ജനത സാഹിത്യ ത്തിലേക്ക് കടന്നുവന്നത് ബഷീറിലൂടെയാണ്. അടിസ്ഥാനവർഗ്ഗ പ്രതിനിധികളുടെ വികാ രങ്ങൾക്കും വിചാരങ്ങൾക്കും ഈ കൃതികളിൽ ഇടം കിട്ടി. ഏതാണ്ട് ഒരു പതിറ്റാണ്ടോളം കാലത്ത് കേരളത്തിനകത്തും പുറത്തും നടത്തിയ യാത്രകളിൽ നിന്നും എത്തിപ്പെട്ട ചുറ്റു പാടിൽ നിന്നുമാണ് അദ്ദേഹം കഥകളും കഥാപാത്രങ്ങളും കണ്ടെടുത്തത്. സന്ന്യാസിയാ യും സൂഫിവര്യനായും ബഷീർ ജീവിച്ചു. കൈനോട്ടക്കാരൻ, പാചകക്കാരൻ, മാജിക്കുകാ രന്റെ സഹായി, ഇംഗ്ലീഷ് ട്യൂഷൻ ടീച്ചർ, ഗേറ്റ് കീപ്പർ, ഹോട്ടൽ ജീവനക്കാരൻ തുടങ്ങി നിരവധി ജോലികൾ അദ്ദേഹം ചെയ്തു. അങ്ങനെ തന്റെ തന്നെ ജീവിതാനുഭവങ്ങളുടെ സമ്പന്നശേഖരത്തോടെയാണ് അദ്ദേഹം എഴുത്തിൽ നിലനിന്നത്.

ജീവിതത്തോട് വളരെ അടുത്തുനിന്ന് രചന നടത്തിയ ചെറുകഥയിലെ നവോത്ഥാനകാ ലത്തിന്റെ പ്രതിനിധിയാണ് ബഷീർ. സമകാലികരായിരുന്ന കാരൂർ, ലളിതാംബിക അന്തർ ജ്ജനം, എസ്. കെ. പൊറ്റക്കാട്, ഉറൂബ്, കെ. സരസ്വതിയമ്മ, എസ്. കെ. പൊറ്റക്കാട് തുടങ്ങി യവരും ഇത്തരത്തിൽ കഥയെ സമീപിച്ചവരാണ്. സ്നേഹത്തിന്റെയും ആർദ്രതയുടെയും മൂല്യത്തെ അവർ പുനർനിർണയിച്ചു. കഥ കാലത്തെ വരച്ചുവെക്കുന്നു എന്ന അർത്ഥത്തിൽ സമൂഹത്തെ എഴുതുകയാണ് അവർ ചെയ്തത്. പച്ചയായ ജനജീവിതം ആ കഥകളിൽ ഇടം നേടി. നവോത്ഥാന കഥയെഴുത്തുകാർ മാനുഷികതയ്ക്ക് പ്രാധാന്യം നൽകിയാണ് കഥ രചിച്ചത്. സോഷ്യലിസ്റ്റ് ആശയങ്ങളുടെയും ദേശീയ സമരത്തിന്റെയും ആവേശവും സാ മൂഹിക പരിഷ്കരണത്വരയും കഥകളിൽ നിറഞ്ഞു. കോഴിക്കോട് ജില്ലയിലെ ബേപ്പൂരിൽ വൈലാലിൽ വീട്ടിൽ താമസമായതോടെ ബേപ്പൂർ സുൽത്താൻ എന്ന് വിളിക്കപ്പെട്ട ബഷീർ 1994 ജൂലൈ 5ന് അന്തരിച്ചു.

## Key Themes

അബ്ദുൽ ഖാദർ സാഹിബും ജമീലാബീബിയും തമ്മിലുള്ള വൈവാഹികജീവിതത്തിലെ രസകരമായ ഒരു സംഭവത്തെ മുൻനിർത്തിയാണ് കഥ രചിക്കപ്പെട്ടിട്ടുള്ളത്.

## Discussion

ഈ കഥ താൻ മനസ്സായിട്ടെഴുതുന്നതല്ലെന്നും അബ്ദുൽ ഖാദർ സാഹിബിന്റെ ഉപദ്രവം മൂലമാണ് അദ്ദേഹത്തിന്റെ ഭാര്യയായ ജമീലാബീബിയെപ്പറ്റിയുള്ള ഈ കഥ എഴുതുന്നതെന്നും പറഞ്ഞാണ് 'പൂവൻപഴം' തുടങ്ങുന്നത്. സ്കൂൾ ഫൈനൽ മാത്രം പഠിച്ച അബ്ദുൽ ഖാദറും ബി. എ. ക്കാരിയായ ജമീലാബീബിയും തമ്മിലുള്ള കല്യാണത്തിന് അക്കാരണം കൊണ്ടുതന്നെ ഒരു അഭംഗിയുണ്ട്. ഫോർത്ത് ഫോറം മുതൽ സ്കൂൾ ഫൈനൽ വരെ ഒരുമിച്ച് പഠിച്ചതാണ് ഇരുവരും. അക്കാലത്തുതന്നെ താൻ ബീബിയിൽ അനുരക്തനായിരുന്നു എന്നാണ് ഖാദർ പറയുന്നതെങ്കിലും ബീബി പറയുന്നത് അത് പച്ചക്കള്ളം ആണെന്നാണ്. നാട്ടിലെ പല ചെറുപ്പക്കാരും ജമീലാബീബിയിൽ അനുരക്തരായി ക്യൂ നിൽക്കുമ്പോഴാണ് അബ്ദുൽ ഖാദർ ഒരു ദിവസം ജമീലാബീബിയുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നത്. ബീബിയുടെ ബാപ്പയുടെ ബീഡി കമ്പനിയിലെ തൊഴിലാളി യൂണിയൻ സെക്രട്ടറി ആണെന്ന് പരിചയപ്പെടുത്തുന്നു. താൻ ജമീലാബീബിയെ ഗാഢമായി സ്നേഹിക്കുന്നുണ്ടെന്നും തന്നെ വിവാഹം ചെയ്തില്ലെങ്കിൽ എല്ല് തകർക്കുമെന്നും ഖാദർ കൂട്ടിച്ചേർക്കുന്നു. യൂണിയൻ നേതൃത്വത്തിൽ കമ്പനിയിൽ പണിമുടക്ക് ബഹളം എല്ലാം നടക്കുന്നതിനിടയിൽ അവരിരുവരും വിവാഹം കഴിക്കുന്നു.

വൈകുന്നേരം അഞ്ചുമണിക്ക് ഖാദർ ചുമ്മാ നദി കാണാൻ ഇറങ്ങുമ്പോഴാണ് ജമീലാബീബി തന്റെ ഒരാഗ്രഹം ഭർത്താവിനോട് പറയുന്നത്. 'പിന്നേയ്'എന്ന വിളിയിൽ കല്യാണം കഴിഞ്ഞപ്പോൾ തന്നെ പറയാറുള്ള ജെന്റിൽമാൻ ആകണം, നല്ല വസ്ത്രം ധരിക്കണം, ഗൗരവത്തിൽ പെരുമാറണം, വീട്ടിൽ ഒരു വേലക്കാരി വേണം എന്നൊക്കെയുള്ള ആർഡിനൻസുകൾ ആയിരിക്കുമെന്നാണ് ഖാദർ സാഹിബ് വിചാരിച്ചത്. എന്നാൽ ബീബി പറയുന്നത് പുതിയൊരു കാര്യമാണ്. പൂവൻപഴം. രണ്ട് പൂവൻപഴം വേണം. കണ്ടിടത്ത് അലഞ്ഞു നടക്കാതെ വേഗം വരണമെന്നും അവർ കൂട്ടിച്ചേർക്കുന്നു. ജമീല ആദ്യമായി ആവശ്യപ്പെട്ടതായതിനാൽ നിർവഹിച്ചുകൊടുക്കണമെന്ന് ഖാദർ വിചാരിക്കുന്നു. ചില പെണ്ണുങ്ങൾ ആണെങ്കിൽ പൊന്ന്, പട്ട്, വള, മോട്ടോർ, ഡക്കോട്ട വിമാനം, പെൺ സിംഹത്തിന്റെ രണ്ടു മീശ തുടങ്ങിയവയൊക്കെയാണ് ആവശ്യപ്പെടാറുള്ളത്. ഇവൾ അങ്ങനെയൊന്നും ആവശ്യപ്പെട്ടില്ലല്ലോ എന്നദ്ദേഹം ആശ്വസിക്കുന്നു.

ഖാദർ പുഴവക്കത്ത് എത്തി നിറഞ്ഞ് കവിഞ്ഞൊഴുകുന്ന നദിയിൽ ഒന്നു മുങ്ങി. ശേഷം കടവിലെ കടയിലേക്കെത്തിയപ്പോൾ അവിടെ പൂവൻപഴം ഇല്ല. അക്കരെ പോകാൻ അയാൾ വഞ്ചിയിൽ കയറി. കാറ്റും ഒഴുക്കും തടസ്സങ്ങൾ സൃഷ്ടിച്ചെങ്കിലും വഞ്ചി ഒരു വിധത്തിൽ അക്കരെയെത്തി. നല്ല മഴയാണ്. അങ്ങാടിയിലും പൂവൻപഴം ഇല്ല. അവസാനം പഴത്തെക്കാൾ വിലയും വിറ്റാമിനുമുള്ള മധുരനാരങ്ങ വാങ്ങി പോരാൻ അയാൾ തീരുമാനിക്കുന്നു.

സമയം വൈകിയിട്ടുണ്ട്. തോണിക്കാരനെ വിളിച്ചിട്ട് വിളി കേൾക്കുന്നില്ല. മൂപ്പർ അവസാനം നീന്താൻ തീരുമാനിച്ചു. കല്യാണം കഴിച്ചിരുന്നില്ലെങ്കിൽ തനിക്കിപ്പോൾ സുഖമായി എവിടെയെങ്കിലും കയറി കിടക്കാമായിരുന്നു. ജമീലാബീബി വീട്ടിൽ ഒറ്റയ്ക്കാണെന്ന ചിന്തയിൽ റബ്ബിനോട് പ്രാർത്ഥിച്ച് ഖാദർ നീന്താൻ തുടങ്ങുന്നു. ഒരുവിധത്തിൽ കരക്കെത്തിയെങ്കിലും മുളങ്കൂട്ടത്തിലാണ് എത്തിപ്പെട്ടത്. ശരീരത്തിലാകെ മുറിവാണ്. നീന്തുന്നതിനിടയിൽ വസ്ത്രം അഴിഞ്ഞുപോയതിനാൽ ഖാദർ നഗ്നനാണ്. കുറെ നടന്നു മൂപ്പർ വീട്ടിലെത്തുന്നു. വീട്ടിലെത്തുമ്പോൾ ജമീല കഴിക്കാനുള്ള ഭക്ഷണവും മുമ്പിൽ വച്ച്, സുരക്ഷയ്ക്കായി ഒരു വെട്ടുകത്തിയും പിടിച്ചു ഇരുന്നുറങ്ങുന്നതാണ് ഖാദർ കാണുന്നത്. മുൻവശത്തെ വാതിൽ ഭദ്രമായി സാക്ഷയിട്ട് അതിനു പിറകിൽ ഒരു മേശയും മുകളിലായി ഒരു തലയിണയും സുരക്ഷയ്ക്കായി വെച്ചിട്ടുണ്ട്. പക്ഷേ പിറകിലെ വാതിൽ അടച്ചിട്ടില്ല. ഖാദർ സാഹി

ബ് ശബ്ദമുണ്ടാക്കാതെ പിറകിലൂടെ കയറുന്നു. ഭാര്യയെ വിളിച്ചുണർത്തിയപ്പോൾ എങ്ങനെ ഉള്ളിൽ കയറി എന്ന ചോദ്യത്തിന് വാതിൽ അടക്കാൻ മറന്നതെല്ലാം മൂപ്പർ പറയുന്നുണ്ട്. ജമീല ആദ്യം അതൊന്നും വിശ്വസിക്കുന്നില്ല. പൂവൻപഴം ഒരിടത്തും ഇല്ലെന്ന് പറഞ്ഞ് മധുര നാരങ്ങ ഭാര്യക്ക് നൽകുന്നു. തനിക്ക് നാരങ്ങ ഇഷ്ടമല്ലെന്നും അത് കൊണ്ടുവന്ന ആൾ തന്നെ കഴിച്ചാൽ മതിയെന്നും ജമീല. ഇത് കൊണ്ടുവരാൻ താൻ അനുഭവിച്ച കഷ്ടപ്പാടുകളെ പറ്റി സാഹിബ് പറയുന്നുണ്ടെങ്കിലും അവർക്കതൊന്നും സ്വീകാര്യമാകുന്നില്ല. അവസാനം കത്തി കാണിച്ചാണ് ബീബിയെ സാഹിബ് നാരങ്ങ തീറ്റിക്കുന്നത്. നാരങ്ങ തീറ്റിക്കുന്നതിനൊപ്പം തന്നെ പണ്ട് നന്നാക്കാൻ ശ്രമിച്ചതിനെ പറ്റി ചോദിച്ചു അത്തരം കാര്യങ്ങൾ ഇനി ആവർത്തിക്കില്ല എന്ന ഉറപ്പും സാഹിബ് വാങ്ങുന്നു. വർഷങ്ങൾ കഴിഞ്ഞ് ഇരുവരും പടുകിഴവിയും കിളവനും ആയപ്പോഴും അന്ന് പുഴകടന്ന് താൻ എന്താണ് കൊണ്ടുവന്നത് എന്നയാൾ ചോദിക്കുമ്പോൾ പൂവൻപഴം എന്നവൾ മറുപടി പറയും. ഓറഞ്ച് പോലെ ഉരുണ്ട പൂവൻപഴം. ഇങ്ങനെ ഇരുവരുടെയും സ്വസ്ഥജീവിതത്തെ കാണിച്ചുതന്നാണ് കഥ അവസാനിക്കുന്നത്.

## അവലോകനം

എല്ലാ തരത്തിലും തനി ബഷീറിയൻ സ്റ്റൈൽ കഥ തന്നെയാണ് പൂവൻപഴം. ഏതൊരു ദാമ്പത്യത്തിലും സാധാരണമായ ജീവിതസന്ദർഭങ്ങൾ പോലും ബഷീറിൽ സവിശേഷമാകുന്നു. ഖാദർ സാഹിബിന്റെ പ്രണയാഭ്യർത്ഥനയെന്നും വിവാഹാലോചനയെന്നും ഒരുമിച്ച് പറയാവുന്ന സംഭാഷണത്തിൽ പോലും ആ വ്യത്യസ്തതയുണ്ട്. തന്നെ വിവാഹം കഴിച്ചില്ലെങ്കിൽ സാധാരണ കാമുകൻമാർ പറയുന്നത് പോലെ തൂങ്ങിച്ചാകുമെന്നല്ല മറിച്ച് എല്ല് അടിച്ചൊടിക്കുമെന്നാണ് ഖാദർ പറയുന്നത്. ജമീലയെ ഇഞ്ചിഞ്ചായി സ്നേഹിക്കുന്നെന്നും അവൾ നടക്കുന്ന റോഡിനെ സ്നേഹിക്കുന്നെന്നും ഖാദർ പറയുന്നിടത്തും ഇത് കാണാനാകും.

ബി. എ. ഡിഗ്രിയുടെ ഗമയിൽ വീട്ടുജോലി എടുക്കാൻ മടിയുള്ള സ്ത്രീയാണ് ജമീലാബീബി. നാരങ്ങ വടി കാണിച്ചും കത്തി കാണിച്ചും തീറ്റിക്കുന്നതിനോടൊപ്പം തനിക്ക് പ്രയാസമുണ്ടാക്കിയിരുന്ന നല്ലനടപ്പ് പോലുള്ള നിബന്ധനകളെയും ഖാദർ റദ്ദാക്കിക്കുന്നുണ്ട്. പെണ്ണിന്റെ കണ്ണീര് കണ്ടാൽ കരളലിയുന്നവനും സാധുവും ബുദ്ധിഹീനനുമെന്ന് സ്വയം പരിചയപ്പെടുത്തുന്നവനുമാണ് കഥയിൽ പരുഷനായ ഖാദർ. ബഷീറിയൻ സവിശേഷ ഭാഷാപ്രയോഗങ്ങൾക്ക് ഗുലുമാൽ, ഗംഭീരൻ മഴ, ഭയങ്കരനായ വെട്ടുകത്തി, ഓറഞ്ചസ്, ബ്ലഡി ഫൂളേ തുടങ്ങിയവ കഥയിൽ ഉദാഹരണമാകുന്നുണ്ട്.

## Recap

- ബഷീറിയൻ സ്റ്റൈൽ നിറഞ്ഞുനിൽക്കുന്ന കഥ
- ബഷീറിന്റെ സവിശേഷമായ ഭാഷാപ്രയോഗങ്ങളും വാക്കുകളും
- അബ്ദുൽ ഖാദർ സാഹിബും ജമീലാബീബിയും തമ്മിലുള്ള മനോഹരമായ വൈവാഹിക ജീവിതം
- കേഡിയും യൂണിയൻ നേതാവുമായ ഖാദറിനെ നിരവധി നിബന്ധനകളാൽ തന്റെ രീതിയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്ന ബീബി
- ഭാര്യ ആദ്യമായി ആവശ്യപ്പെട്ട കാര്യം ജീവൻ ആപത്തിലായിട്ടും നിറവേറ്റാൻ തീരുമാനിക്കുന്ന ഭർത്താവ്
- വാർധക്യത്തിലും വിവാഹത്തിന്റെ ആദ്യ നാളുകളിലെ സംഭവങ്ങളോർത്ത് സന്തോഷിക്കുന്ന ദമ്പതികൾ



SREENARAYANAGURU OPEN UNIVERSITY

## Objective Type Questions

1. ബഷീറിനുണ്ടായിരുന്ന വിളിപ്പേര്?
2. കഥയിലെ നായികയുടെ പേര്?
3. ഭാര്യ ആദ്യമായി ഖാദർ സാഹിബിനോട് ആവശ്യപ്പെടുന്നതെന്ത്?
4. ആവശ്യപ്പെട്ടത് കിട്ടാതായപ്പോൾ ഖാദർ വാങ്ങിച്ചു കൊണ്ടുവരുന്നതെന്ത്?
5. കഥയിൽ നായികയുടെ വിദ്യാഭ്യാസ യോഗ്യത?
6. ഖാദർ സാഹിബിന്റെ ജോലി?
7. അബ്ദുൽ ഖാദർ സാഹിബും ജമീലാബീവിയും ഒരുമിച്ചുപഠിച്ച ക്ലാസുകൾ?
8. തന്നെ കല്യാണം കഴിച്ചില്ലെങ്കിൽ എന്തുചെയ്യുമെന്ന ഭീഷണിയാണ് ഖാദർ ഉയർത്തുന്നത്?

## Answers

1. ബേപ്പൂർ സുൽത്താൻ
2. ജമീലാബീബി
3. പൂവൻപഴം
4. മധുരനാരങ്ങ
5. ബി എ
6. കമ്പനിയിലെ യൂണിയൻ സെക്രട്ടറി
7. ഫോർത്ത് ഫോറം മുതൽ സ്കൂൾ ഫൈനൽ വരെ
8. എല്ല്  തകർക്കുമെന്ന ഭീഷണി

## Assignments

1. ബഷീർ കഥകളിലെ സ്ത്രീകൾ.
2. സവിശേഷപ്രയോഗങ്ങളുടെ ബഷീർ ശൈലി.
3. ബഷീർ കഥകളിലെ സ്വാഭാവിക നർമ്മം.

## Suggested Readings


1. പ്രൊഫ. അച്യുതൻ എം., ചെറുകഥ ഇന്നലെ ഇന്ന്, നാഷണൽ ബുക്സ്, കോട്ടയം
2. കെ പി. അപ്പൻ, കഥ ആഖ്യാനവും അനുഭവസത്തയും, ഡി. സി. ബുക്സ്, കോട്ടയം
3. മണലിൽ പോൾ, ബഷീറിന്റെ ചെറുകഥകൾ - 101 പഠനങ്ങൾ, ഒലിവ് ബുക്സ്, കോട്ടയം
4. വൈക്കം മുഹമ്മദ് ബഷീർ,  വിഡ്ഢികളുടെ സ്വർഗം, ഡി. സി. ബുക്സ്, കോട്ടയം
5. കെ. എം. നസീർ, തരുവണ അസീസ്, ബഷീർ പഠനങ്ങൾ, ഐ ബുക്സ്, കോട്ടയം
6. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥയുടെ ആറാം കാലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

# യൂണിറ്റ് - 2

## ഒട്ടകം

### എസ്. കെ. പൊറ്റക്കാട്

## Learning Outcomes

- മലയാളചെറുകഥയിലെ സോഷ്യലിസ്റ്റ് റിയലിസത്തിന്റെ സ്വഭാവത്തെ പരിചയപ്പെടുന്നു
- സമൂഹത്തിൽ അരികുവൽക്കരിക്കപ്പെട്ടവരുടെ വേദനകളിലേക്ക് ശ്രദ്ധ ചെന്നെത്തുന്നു
- ദൈനംദിന ചുറ്റുപാടിൽ നിന്നും കഥ ഉരുത്തിരിയുന്ന രീതി മനസ്സിലാക്കുന്നു
- എസ്. കെ. പൊറ്റക്കാടിനെക്കുറിച്ചുള്ള സാമാന്യധാരണ
- 'ഒട്ടകം' എന്ന കഥയെ സവിശേഷമായി മനസ്സിലാക്കുന്നു

## Prerequisites

ഒട്ടകം എന്ന ജീവിയെ ചിത്രത്തിലെങ്കിലും കണ്ടു പരിചയിച്ചവരാണ് നമ്മൾ. സവിശേഷമായ രൂപപ്രത്യേകതകൾ കൊണ്ട് അവ നമ്മുടെ ശ്രദ്ധയിൽ ഇടം നേടി. ഒട്ടകത്തോട് രൂപസാദൃശ്യമുള്ള ഒരു നായകനിലൂടെ അരികുവൽക്കരിക്കപ്പെട്ടവർക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ വ്യക്തമാക്കുന്ന കഥയാണ് എസ്. കെ. പൊറ്റക്കാടിന്റെ 'ഒട്ടകം'.

1913 മാർച്ച് 14ന് കോഴിക്കോടാണ് എസ്. കെ. പൊറ്റക്കാട് ജനിച്ചത്. മുഴുവൻ പേര് ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റക്കാട്. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ വിദ്യാർത്ഥിയായിരിക്കെ കോളേജ് മാഗസിനായി 'രാജനീതി' എന്ന കഥ എഴുതിയാണ് അദ്ദേഹം സാഹിത്യജീവിതമാരംഭിച്ചത്. 1928ൽ ആയിരുന്നു ഇത്. പിന്നീട് കവിതകളിലേക്കും തുടർന്ന് നോവലുകളിലേക്കും അദ്ദേഹത്തെ വേറെ പ്രശസ്തനാക്കിയ സഞ്ചാരസാഹിത്യത്തിലേക്കും എഴുത്ത് മാറിസഞ്ചരിച്ചു.

'ചന്ദ്രകാന്തം', 'മണിമാളിക', 'മേഘമാല', 'നിശാഗന്ധി', 'രാജമല്ലി', 'പുള്ളിമാൻ', 'ജലതരംഗം', 'വൈജയന്തി', 'പൗർണ്ണമി', 'ഇന്ദ്രനീലം', 'ഹിമവാഹിനി', 'യവനികയ്ക്കു പിന്നിൽ', 'വനകൗമുദി', 'തെരഞ്ഞെടുത്ത കഥകൾ', 'കാട്ടുചെമ്പകം', 'ഒട്ടകം', 'അന്തകന്റെ തോട്ടി', 'നദീതീരത്തിൽ', 'കടവുതോണി', 'മെയിൽ റണ്ണർ', 'രഹസ്യം', 'മലയാളത്തിന്റെ ചോര', 'ജയിൽ' എന്നിങ്ങനെ മുപ്പതിലേറെ കഥാസമാഹാരങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്.

'വല്ലികാദേവി', 'നാടൻ പ്രേമം', 'പ്രേമശിക്ഷ', 'മൂടുപടം', 'വിഷകന്യക', 'കറാമ്പൂ', 'ഒരു തെരുവിന്റെ കഥ', 'ഒരു ദേശത്തിന്റെ കഥ', 'കുരുമുളക്', 'കബീന നോർത്ത് അവന്യൂ' തുടങ്ങിയ നോവലുകൾ അദ്ദേഹം എഴുതി. 'കശ്മീർ', 'യാത്രാസ്മരണകൾ', 'കാപ്പിരികളുടെ നാട്ടിൽ', 'സിംഹഭൂമി', 'നൈൽ ഡയറി', 'മലയ നാടുകളിൽ', 'ഇന്നത്തെ യൂറോപ്പ്', 'ഇന്തൊനേഷ്യൻ ഡയറി', 'സോവിയറ്റ് ഡയറി', 'പാതിരാസൂര്യന്റെ നാട്ടിൽ', 'ബാലിദ്വീപ്', 'ബൊഹേമിയൻ ചിത്രങ്ങൾ', 'ഹിമാലയൻ സാമ്രാജ്യത്തിൽ', 'നേപ്പാൾ യാത്ര', 'ലണ്ടൻ നോട്ട് ബുക്ക്', 'കെയ്റോ കഥകൾ', 'ക്ലിയോപാട്രയുടെ നാട്ടിൽ', 'ആഫ്രിക്ക', 'യൂറോപ്പ്','ഏഷ്യ' എന്നിവ പ്രധാന സഞ്ചാരസാഹിത്യകൃതികളാണ്. യാത്രാസൗകര്യം വളരെ പരിമിതമായിരുന്ന കാലത്താണ് അദ്ദേഹം ഇത്രയേറെ രാജ്യങ്ങൾ സന്ദർശിച്ചതും കൃതികൾ രചിച്ചതും എന്നോർക്കണം.

'പ്രഭാതകാന്തി', 'സഞ്ചാരിയുടെ ഗീതങ്ങൾ', 'പ്രേമശില്പി', എന്നീ കവിതാസമാഹാരങ്ങളും പൊറ്റക്കാടിന്റേതായുണ്ട്. 'ഒരു ദേശത്തിന്റെ കഥ' അടക്കം പല കൃതികളും നിരവധി വിദേശഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. 'എന്റെ വഴിയമ്പലങ്ങൾ' ആണ് അദ്ദേഹത്തിന്റെ ആത്മകഥ. ജ്ഞാനപീഠ പുരസ്കാരം, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, കേരളസാഹിത്യ അക്കാദമി അവാർഡ് എന്നിവയടക്കം നിരവധി പുരസ്ക്കാരങ്ങൾ എസ്. കെ. പൊറ്റക്കാടിന് ലഭിച്ചിട്ടുണ്ട്. 1980ൽ ആണ് അദ്ദേഹത്തിന് ജ്ഞാനപീഠം ലഭിക്കുന്നത്.

സ്വാതന്ത്ര്യസമരസേനാനി ആയിരുന്ന പൊറ്റക്കാട് മറ്റൊരു അപൂർവ്വനേട്ടത്തിന് കൂടി ഉടമയാണ്. തെരഞ്ഞെടുപ്പിലൂടെ ലോക്സഭയിലെത്തിയ അപൂർവ്വം സാഹിത്യകാരന്മാരിൽ ഒരാളായിരുന്നു പൊറ്റെക്കാട്ട്. 1962ൽ തലശ്ശേരിയിൽ നിന്ന് സുകുമാർ അഴീക്കോടിനെ പരാജയപ്പെടുത്തി ലോകസഭയിലേക്കു പൊറ്റെക്കാട്ട് തെരഞ്ഞെടുക്കപ്പെട്ടു.

താൻ നടത്തുന്ന യാത്രകളിൽ നിന്നും മുമ്പിൽ കാണുന്ന കാഴ്ചകളിൽ നിന്നുമാണ് പൊറ്റെക്കാട് കഥയെയും കഥാപാത്രങ്ങളെയും കണ്ടെടുത്തത്. സോഷ്യലിസ്റ്റ് ആശയങ്ങളുടെയും ദേശീയ സമരത്തിന്റെയും ആവേശവും മാനവികതയുടെ പ്രഖ്യാപനവും സാമൂഹിക പരിഷ്ക്കരണലക്ഷ്യത്തിലൂന്നി നിർവ്വഹിക്കാൻ ആ കഥകൾക്കായി. സമകാലികരായിരുന്ന ലളിതാംബിക അന്തർജ്ജനം, ബഷീർ, ഉറൂബ്, പുളിമാന പരമേശ്വരൻപിള്ള, നാഗവള്ളി ആർ. എസ്. കുറുപ്പ്, മുട്ടത്തുവർക്കി തുടങ്ങിയവരും ഈ ലക്ഷ്യം നെഞ്ചേറ്റിയവരാണ്. നിലനിന്ന കാല്പനിക റിയലിസ്റ്റിക് പാരമ്പര്യത്തെ നവീകരിച്ച് മനുഷ്യമനസ്സിന്റെ ഉള്ളിലേക്ക് കഥയെ ഇവർ കൊണ്ടുപോയി.

## Key Themes

തെരുവിൽ കഴിയുന്നവനും സ്വന്തമായി പേരില്ലാത്തതിനാൽ രൂപംകൊണ്ട് ഒട്ടകം എന്നു വിളിക്കപ്പെടുകയും ചെയ്യുന്ന ഒരാളുടെ ദുരിത ജീവിതമാണ് കഥയിലുള്ളത്.

## Discussion

കഥയുടെ തുടക്കത്തിൽ തന്നെ ഒട്ടകം എന്നാണ് അവനെ എല്ലാവരും വിളിക്കുന്നത്, എന്ന് പറയുന്നിടത്ത് കഥാനായകന് മറ്റു പേരോ വിവരങ്ങളോ ഇല്ലെന്നു കൂടി വ്യക്തമാകുന്നു. അവന്റെ രൂപവും ഒട്ടകത്തോട് സാമ്യമുള്ളത് തന്നെ. വെള്ളം നിറച്ച വലിയൊരു പീപ്പവണ്ടി വലിച്ച് രാവിലെയും വൈകുന്നേരവും തെരുവിലൂടെ സഞ്ചരിക്കുന്നവനാണവൻ. അടുത്തുള്ള ഹോട്ടലിലേക്കുള്ള വെള്ളമാണത്. അഞ്ചാറു പിള്ളേർ അവനെ സഹായിക്കാനെന്ന വ്യാജേന പിറകെ ഉണ്ടാകുമെങ്കിലും പലപ്പോഴും പല ഗോഷ്ഠികളുമായാണ് അവർ ഉണ്ടാകുക. ഹോട്ടലിന്റെ തീൻമേശപ്പുറത്ത് വിരിച്ച് പഴകിനാറിയ തുണിയാണ് അവന്റെ വസ്ത്രം. വലത്തേ കണങ്കാലിന്റെ നടുവിൽ മുമ്പെങ്ങോ പറ്റിയ ഒരു മുറിവിന് ഇപ്പോഴും കൊണ്ടുനടക്കുന്ന ഒരു കെട്ടുമുണ്ട്.

ഹോട്ടലിന്റെ പിറകിലെ വിറകുപുരയ്ക്കടുത്ത് എച്ചിൽ തൊട്ടിയുടെ സമീപമാണ് അവൻ വിശ്രമിക്കാനിരിക്കുക. സഹായികളായ കുട്ടികൾ അപ്പോൾ അവന്റെ പുറത്തും ചുമലിലും കെട്ടിമറിഞ്ഞ് കളിക്കുകയാവും. പതിനാറ് കൊല്ലമായി ഹോട്ടലിലേക്കുള്ള വെള്ളം കൊണ്ടുവരുന്നത് അവനാണ്. അതിനുമുമ്പുള്ള അവന്റെ ജീവിതത്തെക്കുറിച്ച് ആർക്കും ഒന്നും അറിഞ്ഞുകൂടാ. ഹോട്ടലിൽ വിറക് കീറുന്നതും അവനാണ്. രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതും ഇന്ത്യ സ്വതന്ത്രമായതും അവൻ അറിഞ്ഞിട്ടില്ല.

ഒരിക്കൽ പീപ്പവണ്ടി അവന്റെ മുതുകത്തു വീണു. സാധാരണ മനുഷ്യർ അപ്പോൾ തന്നെ മരിച്ചുപോകേണ്ടതാണ്. പക്ഷേ അവന് നല്ല പരിക്കേറ്റിരുന്നെങ്കിലും നീണ്ട ആശുപത്രിവാസത്തോടെ അവൻ തിരിച്ചുവന്നു. പീപ്പവണ്ടി വലിക്കാൻ കിട്ടാത്ത ക്ഷീണം ആശുപത്രിയിലെ

ഇരുമ്പു കട്ടിൽ വലിച്ച് അവൻ തീർത്തതോടെ യാണ് വേഗം ഡിസ്ചാർജ് കിട്ടിയത്. പിന്നെ ഒരു ദിവസം ഹോട്ടൽ മാനേജർ ഒട്ടകത്തെ മുറിയിലേക്ക് വിളിപ്പിക്കുകയും ഹോട്ടലിലെ അടുക്കളയിൽ പണിക്ക് വരുന്ന മാതുവുമായി നിന്റെ വിവാഹം ഏർപ്പാടാക്കാം എന്ന് പറയുകയും ചെയ്തു. ഒട്ടകം ആദ്യം ഇതുകേട്ട് അമ്പരന്നെങ്കിലും പിന്നീട് അംഗീകരിക്കുന്നു. പിറ്റേന്ന് രാത്രി ആയിരുന്നു വിവാഹം. തന്റെ കൂടെയുള്ള കുട്ടികളോട് ഒട്ടകം കല്യാണക്കാര്യം പറഞ്ഞെങ്കിലും മാനേജർ പുതിയ ഷർട്ടും ദോത്തിയും കൊടുക്കുന്നതുവരെ അവരത് വിശ്വസിച്ചിരുന്നില്ല. പിറ്റേന്ന് രാത്രി മാനേജരുടെയും അയാളുടെ സുഹൃത്തുക്കളുടെയും സഹായത്തോടെ വിവാഹം നടന്നു. ഇനി എന്ത് ചെയ്യണം എന്നറിയാതെ മിഴിച്ചുനിന്ന ഒട്ടകത്തോട് പഴയ സ്ഥലത്ത് തന്നെ പോയി കിടക്കാനാണ് മാനേജർ കൽപ്പിച്ചത്. മാസങ്ങളോളം പഴയ രീതിയിൽ തന്നെ ജീവിതം മുന്നോട്ടു പോയി.

മാതുവിനെ ഇടയ്ക്ക് അവൻ കാണാറുണ്ടെങ്കിലും ഒന്നും സംസാരിക്കാനായിരുന്നില്ല. അവളാണെങ്കിൽ ഒട്ടകത്തെ കാണുമ്പോൾ തന്നെ വാപൊത്തി കുലുങ്ങി ചിരിക്കാൻ തുടങ്ങും. വിവാഹം കഴിഞ്ഞ് ആറുമാസം കഴിഞ്ഞപ്പോൾ മാതു ഒരു ആൺകുട്ടിയെ പ്രസവിച്ചതായി ഒട്ടകം കേട്ടു. ഒരു ദിവസം വൈകുന്നേരം മാതു കുട്ടിയുമായി പോകുന്നത് കണ്ട് ഒട്ടകം കുട്ടിയെയും തട്ടിപ്പറിച്ച് വാങ്ങി ഒരു കൈകൊണ്ട് പീപ്പിവണ്ടിയും വലിച്ച് മുന്നോട്ടു നീങ്ങി. മാതുവിന്റെ കരച്ചിൽ കേട്ട് ആൾക്കാരും ഒരു പോലീസുകാരനും കൂടിയതോടെ വണ്ടി ഉപേക്ഷിച്ച് ഹോട്ടലിനുള്ളിലേക്ക് കയറിയ ഒട്ടകം പത്താം നമ്പർ മുറിയിൽ കയറി കതകടച്ചു.

വാതിൽ തുറക്കാൻ മാനേജർ അടക്കം പലരും പറഞ്ഞിട്ടും തുറക്കാതെ കുട്ടിയെ താൻ തരില്ല എന്നു പറയാനാണ് ഒട്ടകം ശ്രമിക്കുന്നത്. തള്ളയെ തനിക്ക് കിട്ടിയില്ലെന്നും കുട്ടിയെയെങ്കിലും വേണമെന്നും താൻ ഒറ്റയ്ക്ക് പോറ്റി വളർത്തുമെന്നും അല്ലെങ്കിൽ വിൽക്കുകയോ കൊല്ലുകയോ ചെയ്യുമെന്നും അവൻ പറയുന്നു. പിന്നീട് മുറിയിൽനിന്ന് കുട്ടിയുടെ കരച്ചിൽ മാത്രമേ കേൾക്കുന്നുള്ളൂ. അന്ന് രാത്രി ഏജൻറ് കണാരൻ മുറിക്ക് കാവൽ നിന്നു. രാവിലെ വാതിൽ പൊളിച്ച് അകത്തേക്ക് നോക്കിയ അവർ കാണുന്നത് മേൽക്കൂരയുടെ കഴുക്കോലിൽ നഗ്നനായി തൂങ്ങിക്കിടക്കുന്ന ഒട്ടകത്തിന്റെ ശവത്തെയാണ്. ഉടുത്തിരുന്ന പഴംതുണി അഴിച്ച് കുട്ടിയെ ഭദ്രമായി അവൻ മാറോടുചേർത്തു കെട്ടിയിരുന്നു. കുട്ടിയെ അവനിൽ നിന്നും അഴിച്ചെടുക്കുമ്പോൾ ജീവനുണ്ടെന്ന് മനസ്സിലാക്കുന്ന അവർ കുട്ടിയെയും എടുത്തു വേഗത്തിൽ പുറത്തേക്ക് ഓടുന്നു. അപ്പോഴും ജാലകത്തിലൂടെ വന്ന കാറ്റിന്റെ സഹായത്തോടെ കുഞ്ഞിനെ നോക്കുന്ന ഒട്ടകത്തിന്റെ ശവത്തെ കാണിച്ച് കഥ അവസാനിക്കുന്നു.

## അവലോകനം

വികൃതമായ രൂപത്താൽ ഒട്ടകമെന്ന വിളിപ്പേരുള്ള അവന്റെ മറ്റ് വിശദാംശങ്ങളൊന്നുംതന്നെ ആർക്കുമറിയില്ല. സ്വന്തമായി ഒരു പേരു പോലുമില്ലാതെ നമ്മുടെ നാട്ടിൽ ജീവിക്കുന്നവരുടെ പ്രതിനിധി. നാട്ടിൽ നടക്കുന്ന ഒരു കാര്യവും അവർക്കറിയില്ല. പതിനാറ് വർഷം മുമ്പ് ഹോട്ടലിൽ എത്തുന്നതുവരെയുള്ള അവന്റെ ജീവിതവും ആർക്കുമറിയുമായിരുന്നില്ല. ചരിത്രവും വർത്തമാനവുമില്ലാത്ത മനുഷ്യർ. എല്ലാം കൊണ്ടും അവർ മുഖ്യധാരയ്ക്ക് പുറത്താണ്. ഇന്ത്യ സ്വാതന്ത്ര്യം നേടിയത് പോലും അവൻ അറിഞ്ഞില്ല എന്നിടത്ത് അവന്റെ ജീവിതത്തിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യം ഒരു മാറ്റവും കൊണ്ടുവന്നില്ല എന്നുകൂടി അർത്ഥമുണ്ട്.

ഒരാളെ പരമാവധി ചൂഷണം ചെയ്യുന്നതിൽ ഒരു മടിയുമില്ലാത്ത മേൽവർഗ്ഗമാണ് ഈ കഥയിലുമുള്ളത്. പതിനാറ് വർഷമായി അതികഠിന ജോലികൾ അവൻ ഹോട്ടലിൽ നിർവഹിക്കുന്നുണ്ടെങ്കിലും ഭക്ഷണമല്ലാതെ മറ്റൊന്നും പ്രതിഫലമായി കിട്ടിയിട്ടില്ല. അവസാനം ആരിൽ നിന്നോ ഗർഭിണിയായ മാതുവിനെയും അവന്റെ തലയിൽ കെട്ടിവെക്കുകയാണ് മാനേജറും സംഘവും. പുതിയ കാലത്ത് അരികുവൽക്കരിക്കപ്പെട്ട ആളുകളുടെ നേരെ നടക്കുന്ന മനുഷ്യാവകാശ ലംഘനവും ബോഡി ഷെയ്മിങ്ങും കഥ നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

## Recap

- മനുഷ്യദുരിതം പ്രമേയമായ അതീവ ഹൃദയഹാരിയായ കഥ
- രൂപത്താൽ ഒട്ടകം എന്ന് വിളിക്കപ്പെടുന്നതല്ലാതെ പേരോ മറ്റ് വിശദാംശങ്ങളോ അറിയാത്ത കഥാനായകൻ
- മുഖ്യധാരയ്ക്ക്പുറത്തുള്ള മനുഷ്യ ജീവിതം
- നാടിന്റെ സ്വാതന്ത്ര്യ ലബ്ധി ഒരുമാറ്റവും ഉണ്ടാക്കുന്നില്ല
- അറിവില്ലായ്മയെ ചൂഷണം ചെയ്തു കഠിനജോലികൾ പ്രതിഫലം നൽകാതെ ചെയ്യിപ്പിക്കുന്ന ഹോട്ടലുകാർ
- ആരുടെയോ ഗർഭത്തിന്റെ ഉത്തരവാദിത്വത്തിനായി മാതുവിനെ ഒട്ടകവുമായി കല്യാണം കഴിപ്പിക്കുന്ന മാനേജർ
- വിഷയത്തിൽ ഇടപെടാതെ നിസ്സംഗമായി മാറിനിൽക്കുന്ന പോലീസുകാരൻ
- മരണത്തിലും കുഞ്ഞിനെ കാക്കുന്ന ഒട്ടകത്തിന്റെ നല്ല മനസ്സ്

## Objective Type Questions

1. ഒട്ടകത്തിന് കല്യാണം ആലോചിക്കുന്നതാര്?
2. കല്യാണത്തിനൊരുങ്ങുന്ന ഒട്ടകത്തിന് മാനേജറുടെ സമ്മാനമെന്താണ്?
3. വെള്ളംകൊണ്ടുവരലിനു പുറമേ ഹോട്ടലിൽ ഒട്ടകം ചെയ്യുന്ന മറ്റൊരു പ്രവൃത്തി?
4. ഒട്ടകത്തിന്റെ ഭാര്യയുടെ പേര്?
5. ഒട്ടകം ഹോട്ടലിൽ ജോലിയെടുക്കാൻ തുടങ്ങിയിട്ട് എത്രകാലമായി?
6. ഒട്ടകത്തിന്റെ മുറിക്ക് രാത്രി കാവൽ നിന്നത്?
7. ഒട്ടകം ധരിക്കുന്ന വസ്ത്രം ഏത്?
8. ഒട്ടകം കുട്ടിയേയും കൊണ്ട് കയറി വാതിലടച്ച മുറി?

## Answers

1. മാനേജർ
2. പുതിയ മുണ്ടും ഷർട്ടും.
3. വിറക് കീറൽ
4. മാതു
5. 16 വർഷം
6. ഏജൻറ് കണാരൻ
7. മേശപ്പുറത്തുവിരിച്ച് പഴകി നാറിയ തുണി
8. പത്താം നമ്പർ മുറി

## Assignments

1. മുഖ്യധാരയിലില്ലാത്ത ജന്മങ്ങൾ
2. 'ഒട്ടകം' മുന്നോട്ടുവയ്ക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ

## Suggested Readings


1. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
2. കെ പി. അപ്പൻ, കഥ അഖ്യാനവും അനുഭവസത്തയും, ഡി. സി. ബുക്സ്, കോട്ടയം.
3. കെ പി. അപ്പൻ, ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക, ഡി. സി. ബുക്സ്, കോട്ടയം.
4. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥയുടെ ആറാം കാലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ചെലവൂർ വേണു (എഡി.) കഥ തേടുന്ന സഞ്ചാരി, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.




SREENARAYANAGURU OPEN UNIVERSITY

# യൂണിറ്റ് - 3
# രാച്ചിയമ്മ

ഉറൂബ്

## Learning Outcomes

- സ്ത്രീമനസ്സിന്റെ നിഗൂഢതകളിലേക്കുള്ള കഥയിലെ യാത്രയെപറ്റിയുള്ള ധാരണ
- വിവിധ കാലങ്ങൾ കൂടിക്കുഴഞ്ഞുള്ള ആഖ്യാന പരിചയം
- കഥയിൽ സമൃദ്ധമായ ദൃശ്യഭാഷാ പരിചയം
- ഉറൂബ് എന്ന എഴുത്തുകാരനെക്കുറിച്ചുള്ള ധാരണ
- രാച്ചിയമ്മ എന്ന കഥയെ സവിശേഷമായി പരിചയപ്പെടുന്നു

## Prerequisites

ജോലിയോ മറ്റ് ആവശ്യങ്ങളോ മുൻനിർത്തി നമ്മളിൽ പലർക്കും സ്വന്തം നാടുവിട്ടു താമസിക്കേണ്ടിവരാറുണ്ട്. അപരിചിതമായ ആ നാടും ചുറ്റുപാടും കാത്തുവെക്കുന്ന അനുഭവങ്ങളുടെ ആകസ്മികത കൂടിയാണ് ജീവിതം. അങ്ങനെ നാടുവിട്ടു താമസിക്കേണ്ടിവന്ന ഒരാഖ്യാതാവിനെ മുൻനിർത്തി ശക്തയായ ഒരു സ്ത്രീകഥാപാത്രത്തെ കേന്ദ്രസ്ഥാനത്ത് അവതരിപ്പിച്ച കഥയാണ് ഉറൂബിന്റെ 'രാച്ചിയമ്മ'.

പൊന്നാനി പരുത്തൊള്ളി ചാലപ്പുറത്ത് കുട്ടികൃഷ്ണൻ (പി. സി. കുട്ടികൃഷ്ണൻ) ആണ് ഉറൂബ് എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടത്. ആഴത്തിലുള്ള മനുഷ്യനന്മയിൽ വിശ്വസിച്ച ഉറൂബ് തന്റെ ചുറ്റിലുമുള്ള സാധാരണ ജീവിതത്തെയാണ് കഥയിലേക്ക് കൊണ്ടുവന്നത്.

1915 ജൂൺ എട്ടിന് പൊന്നാനിയിലാണ് അദ്ദേഹം ജനിച്ചത്. കവിയായി സാഹിത്യജീവിതം ആരംഭിച്ച അദ്ദേഹത്തെ കഥയിലേക്ക് തിരിച്ചുവിട്ടത് അക്കാലത്തെ പൊന്നാനിക്കളരിയുടെ നേതൃത്വമായിരുന്ന കുട്ടികൃഷ്ണമാരാരായിരുന്നു. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷം തൊഴിൽ തേടി അലഞ്ഞ അനുഭവങ്ങൾ കഥകളെ യാഥാർത്ഥ്യത്തിന്റെ തീവ്രാനുഭവമാക്കി.

1950 മുതൽ 1975 വരെ നീണ്ട ഇരുപത്തിയഞ്ച് വർഷക്കാലം കോഴിക്കോട് ആകാശവാണിയിലാണ് അദ്ദേഹം ജോലി നോക്കിയത്. വിരമിച്ചതിന് ശേഷം കുങ്കുമം, മലയാള മനോരമ എന്നിവയുടെ പത്രാധിപരായി പ്രവർത്തിച്ചു. 1979 ജൂലൈ 10ന് അന്തരിച്ചു.

പ്രസിദ്ധീകരിച്ച ആദ്യ കഥാസമാഹാരം 'നീർച്ചാലുകൾ' എന്ന കൃതിയായിരുന്നു. ആകെ ഇരുപത്തിയൊന്ന് സമാഹാരങ്ങളിലായി നൂറ്റിയമ്പതോളം കഥകൾ. 'രാച്ചിയമ്മ', 'ലാത്തിയും പൂക്കളും', 'ഗോപാലൻ നായരുടെ താടി', 'മൗലവിയും ചങ്ങാതിമാരും', 'വെളുത്ത കുട്ടി' എന്നിവ ഏറെ പ്രശസ്തി നേടിയ കഥകളാണ്.

നോവൽ, കവിത, ബാലസാഹിത്യം, ലേഖനം എന്നീ വിഭാഗങ്ങളിലും ശ്രദ്ധേയമായ രചനകൾ ഉറൂബിന്റേതായുണ്ട്. കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ 'ഉമ്മാച്ചു' (1958), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ 'സുന്ദരികളും സുന്ദരന്മാരും' (1960)

'ആമിന', 'മിണ്ടാപ്പെണ്ണ്', 'ചുഴിക്ക് പിമ്പേ ചുഴി', 'അണിയറ', 'അമ്മിണി കുഞ്ഞമ്മയും കൂട്ടുകാരും' എന്നീ നോവലുകൾ അദ്ദേഹമെഴുതിയിട്ടുണ്ട്. 'നിഴലാട്ടം', 'മാമൂലിന്റെ മാറ്റൊലി', 'പിറന്നാൾ' എന്നീ പേരുകളിലുള്ള കവിതാസമാഹാരങ്ങളും ലേഖന വിഭാഗത്തിൽ മൂന്ന് സമാഹാരങ്ങളും ഉറൂബെഴുതി.

കുട്ടികളുടെ വൈകാരിക നിലവാരത്തിലേക്ക് ഇറങ്ങിവന്ന് അവരിലൊരാളായി മാറാൻ ഉറൂബിന് പ്രത്യേക വൈഭവം ഉണ്ടായിരുന്നു. 'അങ്കവീരൻ', 'മല്ലനും മരണവും', 'അപ്പുവിന്റെ ലോകം' തുടങ്ങിയ ബാലസാഹിത്യ സൃഷ്ടികൾ ഇതിന് ഉദാഹരണമാണ്.

'തീ കൊണ്ട് കളിക്കരുത്', 'മിസ് ചിന്നുവും ലേഡി ജാനുവും', 'മണ്ണും പെണ്ണും' തുടങ്ങിയ രചനകളിലൂടെ നാടക ലോകത്തും ഉറൂബ് സാന്നിധ്യമറിയിച്ചു. നാടകരചയിതാവ് മാത്രമല്ല നല്ലൊരു നടൻ കൂടിയാണ് താനെന്ന് ഇടശ്ശേരിയുടെ 'കൂട്ടുകൃഷിയിലെ അബൂബക്കറിന്റെ വേഷം അനശ്വരമാക്കി അദ്ദേഹം തെളിയിച്ചിട്ടുണ്ട്. സിനിമയിലും തന്റേതായ ഇടം ഉറൂബ് നിർമ്മിച്ചെടുത്തിരുന്നു. രാഷ്ട്രപതിയുടെ വെള്ളിമെഡൽ നേടിയ 'നീലക്കുയിൽ' എന്ന സിനിമയുടെ കഥയും തിരക്കഥയും ഉറൂബിന്റേതാണ്. ഉമ്മാച്ചു, നായരു പിടിച്ച പുലിവാല്, മിണ്ടാപ്പെണ്ണ്, കുരുക്ഷേത്രം, രാരിച്ചൻ എന്ന പൗരൻ എന്നീ സിനിമകളും അദ്ദേഹത്തിന്റെ രചനകളെ ആസ്പദമാക്കി നിർമ്മിക്കപ്പെട്ടതാണ്.

മനുഷ്യനെയും അവന്റെ പ്രകൃതിയെയും കുറിച്ചുള്ള വികാരപരമായ ലോക ചിത്രങ്ങളാണ് ഉറൂബിന്റെ കഥകൾ. മനുഷ്യനെ യാതൊരു സങ്കീർണ്ണതയുമില്ലാതെ അവതരിപ്പിച്ച് മാനവികതയെ മുൻനിർത്തുകയാണ് ആ കഥകൾ. അധാർമ്മികമായ ലോകത്തിനെതിരെ കാൽപ്പനിക വിരുദ്ധോക്തിയുടെ ചിരിയോടെ കഥകൾ പ്രത്യക്ഷപ്പെട്ടു. അമ്പരപ്പിക്കുന്ന വൈവിധ്യം കഥാപാത്രസൃഷ്ടികളിൽ ഉറൂബ് വെച്ചുപുലർത്തിയിരുന്നു.

തന്റെ സമകാലികരായിരുന്ന ബഷീറും കേശവദേവും തകഴിയും ചരിത്രത്തോടുള്ള വിമർശനമെന്ന രീതിയിൽ സ്വന്തം കാലഘട്ടത്തോട് പ്രതികരിച്ചവരായിരുന്നു. അവരിൽ നിന്നും മാറി സമൂഹവസ്തുതകളെ സൗമ്യസ്വഭാവത്തിൽ പ്രതിപാദിച്ചു പോകാനാണ് ഉറൂബ് ശ്രമിച്ചത്.

ഉറൂബിന്റെ കഥകളിൽ നിന്ന് കഥയേത്, ജീവിതമേത് എന്ന് വേർതിരിച്ചെടുക്കാൻ പലപ്പോഴും വായനക്കാർക്കായില്ല. ജീവിതത്തിന്റെ സങ്കീർണ്ണതകളെ ലളിതവൽക്കരിച്ച് വായനക്കാർക്ക് ആസ്വാദനത്തിന്റെ പുതിയ അനുഭവങ്ങൾ നൽകുന്നതിൽ 'രാച്ചിയമ്മ' അടക്കമുള്ള കഥകൾ വിജയിച്ചു. വിശ്വസാഹിത്യത്തിന്റെ നടുമുറ്റത്തേക്ക് കയറ്റിയിരുത്താൻ പ്രാപ്തി നേടിയ മലയാളകഥ എന്നാണ് രാച്ചിയമ്മയെ എം. കൃഷ്ണൻ നായർ വിശേഷിപ്പിച്ചത്.

## Key Themes

ജോലി ആവശ്യാർത്ഥം നീലഗിരിയിൽ താമസിക്കാനെത്തുന്ന കഥാനായകനും രാച്ചിയമ്മ എന്ന സ്ത്രീയും തമ്മിലുള്ള അസാധാരണ ബന്ധമാണ് കഥയിലുള്ളത്.

## Discussion

പതിനൊന്ന് വർഷം കഴിഞ്ഞ് രാച്ചിയമ്മയെ കാണുന്ന നായകനെ അവതരിപ്പിച്ചാണ് കഥ തുടങ്ങുന്നത്. കരിങ്കൽ പ്രതിമ പോലുള്ള ശരീരവും ചങ്കൂറ്റവും തന്റെ മനസ്സിൽ നിന്ന് മായില്ല എന്ന് വിചാരിച്ചെങ്കിലും കാലം അത് തെറ്റിച്ചു എന്ന് അയാൾ തിരിച്ചറിയുന്നു. എങ്കിലും നീലഗിരിയിൽ നിന്ന് പോന്നതിനു ശേഷം ഇടയ്ക്ക് രാച്ചിയമ്മയെ ഓർത്തിരുന്നു. ഇപ്പോഴും രാച്ചിയമ്മയ്ക്ക് കാര്യമായ മാറ്റമൊന്നുമില്ല. നഖങ്ങൾക്ക് ഇപ്പോഴും തിളക്കവും ശുചിത്വവും ഉണ്ട്. മൂക്കും കണ്ണും അതുപോലെ തന്നെ ഇരിക്കുന്നു. ടോർച്ച് അടിക്കുന്നതുപോലുള്ള ചിരിയിലും മാറ്റമില്ല. തലയിൽ ഒന്നുരണ്ട് വെള്ളിവരകൾ പുതുതായി എത്തിയെന്ന് മാത്രം.

നീലഗിരിയിലേക്ക് ഉദ്യോഗസ്ഥനായി എത്തിപ്പെട്ടത് കാര്യമായ ഒരു സൗകര്യവും ഇല്ലാത്ത സ്ഥലത്തായിരുന്നു. എങ്കിലും അതൊന്നും അമ്മയെ അറിയിച്ചില്ല. താമസം സുഖമാണെന്ന് തന്നെ എഴുതി. അന്നാണ് രാച്ചിയമ്മ ആദ്യമായി പ്രത്യക്ഷപ്പെട്ടത്. പാൽ വേണ്ടേ എന്ന അന്വേഷണവുമായി അവർ എത്തി. കഥാനായകന്റെ അരിവെപ്പുകാരനായ ചെറുക്കൻ ആദ്യ ദിവസം രാച്ചിയമ്മയുടെ വീട് കണ്ടെത്താനാകാതെ മടങ്ങിപ്പോന്നു. അന്ന് രാച്ചിയമ്മ പാൽ കൊണ്ടുവന്നു കൊടുത്തു. രാച്ചിയമ്മ പരിചയപ്പെടുകയും താൻ മൈസൂരുകാരിയാണ് എന്ന് പറയുകയും ചെയ്തു. പിറ്റേന്ന് മുതൽ ചെറുക്കൻ പോയി പാൽ വാങ്ങാൻ തുടങ്ങി.

ഒരാഴ്ച കഴിഞ്ഞ് കഥാനായകൻ ജോലി കഴിഞ്ഞ് വരുന്ന വൈകുന്നേരം വഴിയിൽ വച്ചാണ് പിന്നീട് രാച്ചിയമ്മയെ കാണുന്നത്. രാച്ചിയമ്മ ഏതോ ചെറുപ്പക്കാരനെ ശകാരിക്കുകയാണ്. കടം വാങ്ങിയ കാശ് തിരികെ ചോദിക്കുന്നതാണ്. ഉറക്കെ അലറി ചെറുപ്പക്കാരനിൽ നിന്നും കാശ് വാങ്ങുന്ന രാച്ചിയമ്മ നായകനെ കാണുമ്പോൾ പരുങ്ങുന്നുണ്ട്.

താൻ എന്തുകൊണ്ട് രാച്ചിയമ്മയെ ഓർത്തില്ല എന്ന കുറ്റബോധത്തോടെ കഥാനായകന്റെ ചിന്ത വീണ്ടും വർത്തമാനകാലത്തിലേക്ക് എത്തുന്നു. പതിനൊന്ന് വർഷം കൊണ്ട് നാടിന് വലിയ മാറ്റമുണ്ടായി. ആശുപത്രി വലുതാവുകയും റോഡിൽ നിറയെ വാഹനങ്ങളുണ്ടാകുകയും ചെയ്തു. കഥാനായകൻ വീണ്ടും ഓർമ്മകളിലേക്ക് സഞ്ചരിക്കുന്നു. വർഷങ്ങൾക്കു മുമ്പ് അസ്വസ്ഥമായ മനസ്സോടെ തെണ്ടിത്തിരിഞ്ഞ് ഒരു ആനയുടെ മുമ്പിൽ പെട്ടതും എവിടെനിന്നോ പൊട്ടിവീണപോലെ രാച്ചിയമ്മ പ്രത്യക്ഷപ്പെട്ടു തന്നെ രക്ഷപ്പെടുത്തിയതും അയാൾ ഓർക്കുന്നു.

പിന്നെയും എന്തിനാണ് ഇങ്ങോട്ട് വന്നതെന്നും വീണ്ടും ജോലി ഇവിടെ ആയോ എന്നുമുള്ള രാച്ചിയമ്മയുടെ ചോദ്യത്തിൽ അയാൾ വീണ്ടും വർത്തമാനകാലത്തിലേക്ക് എത്തുന്നു. മിസ്സിസ് നായരെ കാണാനാണ് വന്നതെന്ന മറുപടിക്ക് തനിക്കും കാണാനായല്ലോ എന്ന സമാധാനം രാച്ചിയമ്മ നൽകുന്നു. മുമ്പൊരിക്കൽ വസൂരി പിടിപെട്ടകാലത്ത് അടുത്തുവന്നു ശുശ്രൂഷിക്കുകയും ഭക്ഷണം ഒരുക്കുകയും ചെയ്ത രാച്ചിയമ്മ തനിക്കൊരു അത്ഭുതമായിരുന്നു.

ഒരിക്കൽ താൻ അവളെ ഉപദ്രവിച്ചിരുന്നുവെന്ന് കുറ്റബോധത്തോടെ അയാൾ ഓർക്കുന്നു. തന്റെ കൈ കടന്നു പിടിക്കുമ്പോഴും പണ്ട് അമ്മയ്ക്ക് കൊടുത്ത വഴിപിഴക്കില്ല എന്ന വാക്ക് ഓർമിപ്പിക്കുക മാത്രമാണ് രാച്ചിയമ്മ ചെയ്യുന്നത്. ഇനി നിങ്ങൾ എന്തുവേണമെങ്കിലും തീരുമാനിച്ചോളൂ എന്നും നിങ്ങൾക്ക് വഴങ്ങിയാൽ പിന്നെ താൻ ജീവിച്ചിരിക്കില്ല എന്നും പറയുന്നിടത്താണ് അയാൾ പിൻവാങ്ങുന്നത്. പിന്നീട് അയാളുടെ ഭാര്യയെയും മകളെയും കുറിച്ചുള്ള എല്ലാ വിവരങ്ങളും അറിയുന്ന രാച്ചിയമ്മ അവരെക്കുറിച്ച് അന്വേഷിക്കുമ്പോൾ കഥാനായകൻ അത്ഭുതപ്പെടുന്നു. മകൾ വിജയലക്ഷ്മിയെ നല്ല രീതിയിൽ വിവാഹം കഴിപ്പിച്ചയക്കാൻ ഇനിയെങ്കിലും പണം സമ്പാദിക്കണം എന്ന ഉപദേശവും പിന്നാലെ എത്തുന്നു. രാച്ചിയമ്മ പണം സമ്പാദിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് താൻ പണം സൂക്ഷിക്കുന്നുണ്ടെന്നും അവകാശിയായി ബാങ്കിൽ നിർദ്ദേശിച്ച താങ്കളുടെ മകൾ വിജയലക്ഷ്മിക്കാണ് അതെന്നും പറയുന്നിടത്ത് രാച്ചിയമ്മ പിന്നെയും അത്ഭുതപ്പെടുത്തുന്നു.

അന്ന് വീട്ടിലേക്ക് ക്ഷണിച്ച രാച്ചിയമ്മയോടൊപ്പം പോകുന്ന കഥാനായകനോട് തന്നെ കല്യാണം ആലോചിച്ചുവന്ന ആളുകളുടെ വി

ശദാംശങ്ങൾ എല്ലാം അവർ പറയുന്നുണ്ട്. അമ്മയ്ക്ക് മുമ്പുകൊടുത്ത മഞ്ഞക്കുറി തൊട്ട സത്യത്തെ മായ്ക്കാനായി ചന്ദനക്കുറിയാണ് ഇപ്പോഴുള്ളതെന്നതിനാൽ തന്നെ അവർക്ക് ഒന്നാവാൻ തടസ്സമുണ്ടായില്ല. അന്ന് വൈകിയാണ് അയാൾ വീട്ടിലെത്തിയത്. പിറ്റേന്ന് തിരിച്ചുപോകണം. തങ്ങളുടെ ഷെവർലെയിൽ പോകാമെന്ന മിസ്സിസ് നായരുടെ ക്ഷണം നിരസിച്ച് ആത്മവേദനയോടെ ബസിൽ ചുരമിറങ്ങുന്ന കഥാനായകനിൽ കഥ അവസാനിക്കുന്നു.

### അവലോകനം

നിസ്വാർത്ഥമായ മനസ്സിന് ഉടമയായ സ്ത്രീയാണ് കഥയിലെ രാച്ചിയമ്മ. കരിങ്കൽ പോലുള്ള ശരീരവും കരുത്തുറ്റ മനസ്സുമുണ്ടെങ്കിലും കഥാനായകന് മുമ്പിൽ മാത്രം പരുങ്ങുന്ന വ്യക്തിത്വമാണ് അവർ. നായകൻ തന്നേക്കാൾ സാമൂഹ്യപരമായി വലിയ ഉയരത്തിലാണ് എന്ന ചിന്ത അവർക്കെപ്പോഴുമുണ്ട്. ഒരു വേഴ്ചയിലൂടെ കഥാനായകനെ തന്നിലേക്ക് മാത്രമാക്കി ഒതുക്കാൻ അവർ ആഗ്രഹിക്കുന്നില്ല. നായകൻ നീലഗിരിയിൽ നിന്ന് പോയപ്പോഴും മിസ്സിസ് നായരുടെ അടുത്തുപോയി എല്ലാ വിവരങ്ങളും രാച്ചിയമ്മ അറിയുന്നുണ്ട്. അയാളുടെ വിവാഹം കഴിഞ്ഞതും കുഞ്ഞ് ജനിച്ചതുമെല്ലാം. പിന്നീട് അയാളെ കാണുമ്പോഴും വളരെ സ്വാഭാവികമായാണ് അവർ പെരുമാറുന്നത്. കഥാനായകന്റെ മകളെ തന്റെ കൂടി മകളായി കണ്ടു സമ്പാദ്യം മുഴുവൻ എഴുതിവെക്കുകയാണ് അവർ. ഒരർത്ഥത്തിൽ താൻ സമ്പാദിക്കുന്നതത്രയും കഥാനായകനാണെന്ന് അവർ ഉറപ്പിക്കുന്നു. പണം സമ്പാദിക്കാനൊന്നും അയാൾക്ക് താൽപ്പര്യമോ മിടുക്കോ ഇല്ലെന്ന് അവർക്കറിയാം.

ലൈംഗികബന്ധത്തെക്കുറിച്ചുള്ള സാമ്പ്രദായിക സദാചാരബോധം കഥയിൽ തകർന്നുവീഴുന്നു. യഥാർത്ഥ സ്നേഹം ശരീരം പിടിച്ചെടുക്കലല്ലെന്നും മനസ്സിനെ സ്വാംശീകരിക്കുന്നതാണെന്നും കഥ വ്യക്തമാക്കുന്നു. ഷെവർലെ കാറും പൊങ്ങച്ചവുമായി നടക്കുന്ന മിസ്സിസ് നായരെ മറുഭാഗത്ത് അവതരിപ്പിക്കുമ്പോൾ രാച്ചിയമ്മയുടെ വ്യക്തിത്വത്തിന് തിളക്കം പിന്നെയും കൂടുന്നുണ്ട്. നീലഗിരിയിലെ പ്രകൃതിയെ അവതരിപ്പിക്കുന്നിടത്ത് മനോഹരമായ ദൃശ്യഭാഷ ഉറൂബ് പ്രയോഗിക്കുന്നത് കാണാം.

## Recap

- സാധാരണജീവിത സന്ദർഭങ്ങളുടെ കഥാഖ്യാനം
- മലയാള കഥയിലെ ഏറ്റവും ശക്തയായ സ്ത്രീ കഥാപാത്രങ്ങളിലൊരാളാണ് രാച്ചിയമ്മ
- ഉദാത്ത സ്നേഹത്തിന് പിടിച്ചെടുക്കൽ വേണമെന്നില്ലെന്ന സന്ദേശം
- സങ്കീർണ്ണതകളില്ലാത്ത മനുഷ്യരുടെ നേർഅനുഭവങ്ങളുടെ കഥകൾ
- വർത്തമാന ഭൂതകാലങ്ങൾ കൂടിക്കുഴഞ്ഞ ആഖ്യാനം
- സ്ത്രീമനസ്സിന്റെ നിഗൂഢതകൾ വെളിവാക്കുന്ന കഥ പറച്ചിൽ രീതി
- നിസ്വാർത്ഥ മനസ്സിന് ഉടമയായ സ്ത്രീ
- സാമ്പ്രദായിക സദാചാരബോധത്തിന്റെ ലംഘനം

## Objective Type Questions

1. ഉറൂബിന്റെ യഥാർത്ഥ പേര്?
2. രാച്ചിയമ്മ ജീവിക്കുന്ന സ്ഥലം?
3. കഥയിലെ പൊങ്ങച്ചക്കാരിയായ സ്ത്രീ?
4. വിശ്വസാഹിത്യത്തിന്റെ നടുമുറ്റത്തേപിന്നീട്ക്ക് കയറ്റിയിരുത്താൻ പ്രാപ്തി നേടിയ മലയാളകഥ എന്ന് 'രാച്ചിയമ്മ'യെ വിശേഷിപ്പിച്ച നിരൂപകൻ?
5. കഥാനായകന്റെ മകളുടെ പേര്?

6. രാച്ചിയമ്മയുടെ ഉപജീവനമാർഗ്ഗം?
7. കഥാനായകൻ എത്രവർഷം കഴിഞ്ഞാണ് രാച്ചിയമ്മയെ കാണുന്നത്?
8. രാച്ചിയമ്മയുടെ ചിരിയെ എന്തിനോടാണ് കഥയിൽ ഉപമിക്കുന്നത്?

## Answers

1. പി. സി. കുട്ടികൃഷ്ണൻ
2. നീലഗിരി
3. മിസ്സിസ് നായർ
4. എം. കൃഷ്ണൻ നായർ
5. വിജയലക്ഷ്മി
6. പാൽവിൽപ്പന
7. പതിനൊന്ന് വർഷം
8. ടോർച്ച് അടിക്കുന്നതുപോലുള്ള ചിരി

## Assignments

1. സ്ത്രീ ശാക്തീകരണം 'രാച്ചിയമ്മ'യിൽ
2. സ്നേഹത്തിന്റെ വിവിധ മാനങ്ങൾ ആവിഷ്കരിക്കുന്നതിൽ ഉറൂബിനുള്ള വൈഭവത്തെ 'രാച്ചിയമ്മ' എന്ന കഥയെ മുൻനിർത്തി വിശകലനം ചെയ്യുക.

## Suggested Readings


1. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
2. കെ. പി. അപ്പൻ, കഥ അഖ്യാനവും അനുഭവസത്തയും, ഡി. സി. ബുക്സ്, കോട്ടയം.
3. കെ. പി. അപ്പൻ, ചരിത്രത്തെ നിങ്ങൾക്കൊപ്പം കൂട്ടുക, ഡി. സി. ബുക്സ്, കോട്ടയം.
4. ഉറൂബ്, രാച്ചിയമ്മയും മറ്റ് പ്രധാന കഥകളും, ഡി. സി. ബുക്സ്, കോട്ടയം.
5. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥയുടെ ആറാം കാലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
6. പന്മന രാമചന്ദ്രൻ നായർ (എഡി), ഉറൂബ് പഠനങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.

# യൂണിറ്റ് - 4
# ഒരിക്കൽ മനുഷ്യനായിരുന്നു
**കോവിലൻ**

## Learning Outcomes

- മലയാള ചെറുകഥയിൽ 'പട്ടാളക്കഥകൾ' എന്നൊരു വിഭാഗമുണ്ടെന്ന ധാരണ ലഭിക്കുന്നു
- പട്ടാളക്യാംപിലെ ജീവിതത്തെക്കുറിച്ച് ചില വിവരങ്ങൾ മനസ്സിലാക്കുന്നു
- കോവിലൻ എന്ന എഴുത്തുകാരന്റെ സർഗ്ഗജീവിതം പരിചയപ്പെടുന്നു
- വ്യക്തികളെ വിലയിരുത്തുമ്പോൾ ഓരോരുത്തരെയും സമഗ്രമായി മനസ്സിലാക്കണം എന്ന തിരിച്ചറിവ് ലഭിക്കുന്നു

## Prerequisites

യുദ്ധത്തിന്റെ കെടുതികൾ നാം മാധ്യമങ്ങളിലൂടെ അറിയാറുണ്ട്. ലോകത്തിന്റെ പല ഭാഗത്തും പല ആവശ്യങ്ങളുമുന്നയിച്ച് ചെറുതും വലുതുമായ നിരവധി യുദ്ധങ്ങളും സംഘർഷങ്ങളും ഉണ്ടായിട്ടുണ്ട്. ലോകരാജ്യങ്ങൾ ഇരുചേരികളിലായി അണിനിരന്ന ലോക മഹായുദ്ധങ്ങൾ മുതൽ ഒരേ രാജ്യത്തെ വ്യത്യസ്ത ഗോത്രങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾ വരെ ഇക്കൂട്ടത്തിലുണ്ട്. ഒന്നാം ലോകയുദ്ധത്തിന് ശേഷം ചെറുതായി തുടങ്ങുകയും രണ്ടാം ലോക മഹായുദ്ധാനന്തരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെടുകയും ചെയ്ത ഒന്നാണ് യുദ്ധസാഹിത്യം. യുദ്ധം കഴിഞ്ഞെത്തിയ പട്ടാളക്കാരുടെ ആഖ്യാനത്തിലൂടെ യുദ്ധഭൂമിയിലെ സംഭവങ്ങൾ കഥയും നോവലും നാടകവും സ്മരണയുമായി വായനക്കാരിലെത്തി. ഇതിന്റെ ഭാഗമായാണ് മലയാളത്തിൽ പട്ടാളക്കഥകൾ രൂപമെടുക്കുന്നത്.

പട്ടാളക്കാരുടെ ജീവിതാനുഭവങ്ങൾ മലയാള കഥയിൽ ആദ്യമവതരിപ്പിച്ചത് വെട്ടൂർ രാമൻനായരാണ്. എന്നാൽ അദ്ദേഹത്തിന്റെ പട്ടാളജീവിതം സ്ഥായിയായ ഒരു ജീവിതാനുഭവമായിരുന്നില്ല. കോവിലൻ എന്നറിയപ്പെട്ട വി. വി. അയ്യപ്പൻ, നന്തനാർ എന്നറിയപ്പെട്ട പി. സി. ഗോപാലൻ, പാറപ്പുറത്ത് എന്നു പേരുണ്ടായിരുന്ന കെ. ജെ. മത്തായി, വിനയൻ എന്ന് വിളിക്കപ്പെട്ട വി. എം. നാരായണപ്പണിക്കർ എന്നിവരുടെ കഥകളിലാണ് പട്ടാളക്കാരുടെ ജീവിതത്തിലെ അനുഭവവൈവിധ്യങ്ങൾ പ്രകടമായത്.

മനുഷ്യജീവിതത്തിന്റെ ഉള്ളിലേക്കിറങ്ങി അതിലുള്ള വേദനാനിർഭരമായ രംഗങ്ങൾ തീക്ഷ്ണതയോടെ അവതരിപ്പിക്കുകയാണ് കോവിലൻ ചെയ്യുന്നത്. ജീവിതത്തെ ലാഘവത്തോടെ നോക്കിക്കണ്ട് സൗന്ദര്യത്തിൽ ആവിഷ്ക്കരിക്കാനാണ് നന്തനാർ ശ്രമിച്ചത്. പട്ടാളക്കഥകളിൽ പോലും നാട്ടിൻപുറത്തെക്കൂടി ഉൾപ്പെടുത്തിയാണ് പാറപ്പുറത്ത് കഥകളെഴുതിയത്.

ഇതിൽ ഏറ്റവും പ്രധാനി കോവിലനായിരുന്നു. വിശപ്പും ദാരിദ്ര്യവുമായി ജീവിതത്തിന്റെ ദുരന്തസന്ദേശങ്ങൾ ആ കഥകളിൽ നിരന്തരം പ്രത്യക്ഷപ്പെട്ടു. ജീവിതാവസ്ഥകളെ തന്റെ അനുഭവങ്ങളിലൂടെ കിട്ടിയ ധാരണകൾ വെച്ച് വിശകലനം നടത്തുന്ന കഥാരീതിയാണ് അദ്ദേഹം സ്വീകരിച്ചത്. അതിജീവനത്തിന്റെ ഊർജ്ജമാണ് കഥകളിൽ നിറഞ്ഞത്. ഏതു

പ്രതിസന്ധിയിലും ജീവിതത്തെ കോവിലൻ മുറുകെപ്പിടിച്ചു. ദ്രാവിഡപാരമ്പര്യത്തിൽ ആവേശമുൾക്കൊണ്ടാണ് അദ്ദേഹം രചനകൾ നടത്തിയിരുന്നത്.

കണ്ടാണശ്ശേരി വട്ടപ്പറമ്പിൽ വേലപ്പൻ അയ്യപ്പൻ എന്ന വി വി അയ്യപ്പനാണ് കോവിലൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്നത്. 1923 ജൂലൈ 9ന് തൃശ്ശൂരിലെ കണ്ടാണശ്ശേരിയിൽ ജനിച്ചു. 'ഒരിക്കൽ മനുഷ്യനായിരുന്നു', 'ഒരു നഗരത്തിന്റെ കഥ', 'നിഴലുകൾ', 'റിക്രൂട്ട്', 'അമ്മ', 'തടവുകാരൻ', 'അതിനു വെളിയിൽ ഒരു പകൽ', 'മറുപടി', 'ബോർഡൗട്ട് ശ്മശാനത്തിൽ', 'സിക് റിപ്പോർട്ട്', 'അസ്ഥി' തുടങ്ങിയ ശ്രദ്ധേയ കഥകൾ ഒരിക്കൽ മനുഷ്യനായിരുന്നു, ശകുനം, തിരഞ്ഞെടുത്ത കഥകൾ, ആദ്യത്തെ കഥകൾ, കോവിലന്റെ കഥകൾ എന്നീ സമാഹാരങ്ങളിലായി മലയാള കഥാസാഹിത്യത്തിന്റെ സമ്പന്നതയായി നിറഞ്ഞുനിൽക്കുന്നു. 'തോറ്റങ്ങൾ', 'എ മൈനസ് ബി', 'തട്ടകം', 'ഏഴാമെടങ്ങൾ', 'താഴ്വരകൾ' തുടങ്ങിയ നിരവധി നോവലുകളും കോവിലൻ എഴുതി. കഥയേക്കാൾ കയ്യടക്കം നോവലെഴുത്തിൽ കോവിലനുണ്ടായിരുന്നു എന്ന് തോന്നിപ്പിക്കുന്ന രചനകളായിരുന്നു അവയെല്ലാം. കേരള സാഹിത്യ അക്കാദമി അവാർഡും ഫെലോഷിപ്പും വയലാർ പുരസ്കാരവും എഴുത്തച്ഛൻ പുരസ്കാരവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 2010 ജൂൺ രണ്ടിന് കോവിലൻ അന്തരിച്ചു.

കാൽനൂറ്റാണ്ടോളം പട്ടാളക്കാരനായിരുന്ന കോവിലന് ജീവിതത്തിലെ അനുഭവങ്ങൾ തന്നെ നിരവധി കഥകൾക്കുള്ള വിഷയങ്ങളായി. ശക്തമായ കഥാപാത്രാവിഷ്കാരവും വായനക്കാരുടെ മനസ്സിലേക്ക് തറഞ്ഞു കയറുന്ന മൂർച്ചയുള്ള ഭാഷയും ആ രചനകൾക്ക് മാറ്റുകൂട്ടി. പല കഥകളിലും കോവിലൻ ഒന്നും ചോദിക്കുന്നില്ല. ചില വ്യംഗ്യ സൂചനകൾ മാത്രമാണ് നൽകുക. പക്ഷേ അതിൽനിന്ന് വലിയ ആശയങ്ങൾ ഇഴപിരിച്ചെടുക്കാൻ വായനക്കാർക്ക് എളുപ്പത്തിൽ സാധിച്ചു. കഥക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിലാണ് കോവിലൻ കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നത്. തന്റെ കഥാപാത്രങ്ങൾ ഒരിക്കലും കാരിക്കേച്ചറുകളാകരുതെന്ന് നിർബന്ധബുദ്ധി അദ്ദേഹം വെച്ചുപുലർത്തി. കോവിലൻ കഥകളിലാകെ ഇത്തരം പ്രത്യേകതകളെ നമുക്ക് കണ്ടെടുക്കാനാകും.

## Key Themes

ഒരു പട്ടാളക്യാമ്പും അവിടുത്തെ വ്യത്യസ്തമായ ജീവിതങ്ങളുമാണ് കഥയിലുള്ളത്. വിഭിന്ന സ്വഭാവസവിശേഷതകൾ വെച്ചുപുലർത്തുന്ന കഥാപാത്രങ്ങൾ ഇവിടെ പ്രത്യക്ഷപ്പെടുന്നു.

## Discussion

കനത്ത ചുമരും കരുത്തേറിയ മേൽപ്പുരയും ബംഗ്ലാവിന്റെ അന്തസ്സുമുള്ള പട്ടാളബാരക്ക് ആണത്. ആഴ്ചയിലൊരിക്കൽ അടിച്ചുകഴുകുന്ന ബാരക്കിന്റെ പഴമയെ കുറിക്കുന്നത് വാതിലുകളിൽ ഉള്ള ചെറിയ വിള്ളലുകളോ വൻചിതൽ തിന്ന പൊത്തുകളോ മാത്രമാണ്. ബാരക്കിന് എത്ര പ്രായമുണ്ടെന്ന് ആരും ഓർക്കാറില്ല. ബാരക്കിനു നേരെ മറ്റൊരു ബംഗ്ലാവായി ഫാമിലി കാർട്ടേഴ്സ് സ്ഥിതിചെയ്യുന്നു. അവിടെനിന്ന് പല ആവശ്യങ്ങൾക്കായി പുറത്തുവരുന്ന പെൺകുട്ടികളെ നോക്കി നിൽക്കുകയാണ് പട്ടാളക്കാരുടെ പ്രധാന ഒഴിവുസമയ വിനോദം. ജിലേബി, സേമിയ, കൊഴക്കട്ട എന്നിങ്ങനെ ആ പെൺകുട്ടികൾക്കെല്ലാം ഇരട്ടപ്പേരുമുണ്ട്. സുബ്ബയ്യക്ക് സേമിയയോട് അനുരാഗമുണ്ട്. മദൻലാലിന് ഇഷ്ടം കൊഴുക്കട്ടയോടാണ്. പരസ്പരം വഴക്കിട്ട് മദൻലാലും സുബ്ബയ്യയും ധനരാജും പെരുമാളും ധനരാജിന്റെ പട്ടിയായ ലില്ലിയും എല്ലാം അവിടെ ജീവിച്ചുപോരുന്നു.

അങ്ങനെ പോകുമ്പോഴാണ് പുതിയൊരാൾ - അൻമോലക് റാം ബാരക്കിലേക്ക് എത്തുന്നത്. അയാളുടെ കാൽ വേച്ചിരുന്നു. ശരീരം വിറക്കുന്നുണ്ടോ എന്നു തോന്നി. അയാളെക്കുറിച്ച് ബാരക്കിൽ പലതും പറഞ്ഞുകേൾക്കുന്നുണ്ട്. അയാൾ ഒരു ദുഷ്ടനാണെന്നും അല്ലെന്നും ഒക്കെ. ഒരു ദിവസം രാത്രി ബഹളംകേട്ട് ഉണരുമ്പോൾ അൻമോലക് റാം മദൻലാലിന്റെ കഴുത്തിന് കുത്തി പിടിച്ചിരിക്കുകയാണ്. എല്ലാവരും എണീറ്റ് ലൈറ്റിട്ടതിനാൽ മാത്രമാണ് അയാൾ പിടിവിട്ടത്. ഭയന്ന മദൻലാൽ അടുത്ത മുറിയിലേക്ക് താമസം മാറ്റി. രാത്രി മുറിയിൽ നിന്നു ഇറങ്ങിപ്പോയ ആളെയല്ല, കള്ളനെയാണ് കഴുത്തിന് പിടിച്ചത് എന്നാണ് അൻമോലക് റാമിന്റെ ന്യായം. പിന്നീട് ആരും അൻമോലക് റാമിനെ അടുത്തു കിടത്താൻ തയ്യാറാകുന്നില്ല. അവസാനം ആഖ്യാതാവായ ശങ്കരൻനായരിലേക്ക് ആ ദൗത്യം എത്തുന്നു. ഇടയ്ക്ക് കേൾക്കുന്ന ഒരു പാട്ട് നായരുടെ ഭൂതകാലത്തിലേക്കും അയാൾ പട്ടാളത്തിലേക്ക് എത്തിപ്പെടാൻ കാരണമായ സരസ്വതി എന്ന കാമുകിയിലേക്കും അവളുടെ മരണത്തിലേക്കും അയാളെ കൂട്ടിക്കൊണ്ടു പോകുന്നു.

അൻമോലക് റാമും നായരും സംസാരിച്ച് സംസാരിച്ച് സുഹൃത്തുക്കളാകുന്നു. ആത്മഹത്യ ചെയ്യാനായി റെയിൽവേ ട്രാക്കിൽ കിടന്നതും പോലീസ് കണ്ടെത്തി അവിടെനിന്ന് മാറ്റിയതും അൻമോലക് റാം ഓർത്തെടുക്കുന്നു. ഇടയ്ക്ക് ചെറിയ തർക്കങ്ങളിലേക്ക് പോകുന്നുണ്ടെങ്കിലും അവരുടെ സുഹൃദ്ബന്ധം തുടരുന്നു. അവസാനം ആവശ്യമുള്ളവർക്ക് പിരിഞ്ഞു പോകാനായി റിലീസിംഗ് ഓർഡർ വന്ന ദിവസം അൻമോലക് റാം അയാളുടെ കഥ പറയുന്നു. താനിനി വള കച്ചവടം തുടങ്ങും എന്നുപറഞ്ഞു തുടങ്ങുന്ന അയാൾ എന്തിന് താൻ ആ ജോലി തിരഞ്ഞെടുക്കുന്നു എന്നുകൂടി പറയുന്നിടത്ത് ജീവിതത്തിലെ വലിയൊരു ദുരന്തം വെളിവാക്കപ്പെടുന്നു. അയാളുടെ ഭാര്യയും രണ്ടു കുട്ടികളും കാറിടിച്ച് മരിച്ചതാണ്. അച്ഛാ എന്ന അർത്ഥത്തിൽ ബാപൂ എന്ന മധുരമായ വാക്കു കേൾക്കാനാണ് അയാൾ വളകച്ചവടം തുടങ്ങുന്നത്. ഒരു മനുഷ്യനെ മുഴുവനായും പഠിച്ചു എന്ന അഹങ്കാരം ഇല്ലെങ്കിലും ചുറ്റുപാടുമുള്ള മനുഷ്യരെ അവരുടെ ചുറ്റുപാടിൽ നിന്നു നോക്കികാണണമെന്ന് മനസ്സിലാക്കി എന്നുപറഞ്ഞ് കഥ അവസാനിക്കുന്നു.

## അർത്ഥ വിശദീകരണം

*തൂ ഥോഡാ സോനേ നഹി ദോഗേ* - നീ എന്നെ അൽപ്പമെങ്കിലും ഉറങ്ങാൻ സമ്മതിക്കുമോ?

*നികൽ ജാ! ഇധർസേ നികൽ .... സുബാ സബേരെ .....* - ഇവിടെ നിന്ന് ഒന്ന് പോയിത്താ

കിഥർ - എവിടെ

*ചുപ് ചാപ് കാം കരോ* - നീ മിണ്ടാതെ ജോലി ചെയ്യ്

*ക്യോം ജി* - എന്താ ?

*മൈ നേ കഹാ* - ഞാൻ പറയാം

*ചുപ് ചാപ് അപ്നാ കാം കരോ* - നീ മിണ്ടാതെ നിന്റെ ജോലി നോക്ക്

*ഇസ്സെ ദുശ്മൻ മാരാ ജാതാ ഹെ* - ഇത് ശത്രുവിനെ കൊല്ലുന്നു

*ഇധർ ബൈട്താഹെ* - ഇവിടെ ഇരുന്നോളൂ

*ഇൻസാൻ, ഇൻസാൻകോ മർനാ നഹി ചാഹിയേ* - മനുഷ്യൻ മനുഷ്യനെ കൊല്ലുന്നത് ശരിയല്ല.

*ബഡി ബഡി ആപ് കീ ബഡി മെഹർബാനീ* - താങ്കൾക്ക് വലിയ നന്ദി

*തൂ കിഥെ റഹനാലാ ഹൈ?*- നിങ്ങൾ എവിടെയാണ് താമസിക്കുന്നത് ?

*ജീ മൈ, ആപ് മുജേ പൂഛ് രഹേ ഹൈ? മൈ സിംലാദ* - സിംലയിലാണ് ഞാൻ താമസിക്കുന്നത്.

*ഖാനാ നഹി ഖായേംഗേ?* - കഴിച്ചില്ലേ?

*കോൻ ഹൈ* -ആരാണ്?

*സോ ജാവോ* - പോയിക്കിടന്നുറങ്ങ്

*ജീ... മൈ .... മൈ... മുജേ തക് ലീഫ് ഹൈ ... മുജേ നീദ് നഹി ആതീ* - എനിക്ക് പ്രശ്നമുള്ളതിനാൽ ഉറങ്ങാൻ പറ്റുന്നില്ല

*ഹൂ ദിസ് ഡാം ഇഡിയറ്റ് ഈസ്?* - ആരാണ് ഈ പമ്പര വിഡ്ഢി

*മണി മെയ്ക്ക്സ് ദ മാൻ* - പണം മനുഷ്യനെ ഉണ്ടാക്കുന്നു

*മേരെ നസറോ മെ സബ് ലാൽ ലാൽ നസ്ര് താ ഹൈ* - ഞാൻ എന്റെ കണ്ണിൽ കാണുന്നതെല്ലാം ചുവപ്പാണ്.

*മൈനേ കഹാ ജി* - ഞാൻ പറയാം

*തും ഇത് നാ ബേമഗസ് ഹോഗയേ ഹോ?* -നീ ഇത്ര ദുഷ്ടനായി പോയോ?

*ക്യാ ബതാവും?* -നിങ്ങളെന്താണ് പറയുന്നത്?

*ബതാവോ തൂ സഹി* - ഞാൻ സത്യമാണ് പറയുന്നത്

## അവലോകനം

പട്ടാളജീവിതത്തിന്റെ സംഘർഷഭരിതമായ സംഭവങ്ങൾ കഥയിലാകെ ഉണ്ട്. ഇന്ത്യയിലെ പല ഭാഗങ്ങളിൽനിന്നായി വരുന്നവർ വ്യത്യസ്തമായ സ്വഭാവസവിശേഷതകളോടെയാണ് കഥയിൽ പ്രത്യക്ഷപ്പെടുന്നത്. ദക്ഷിണേന്ത്യക്കാരെ പറ്റിയുള്ള ഉത്തരേന്ത്യൻ മുൻവിധികളെ കുറിച്ച് കഥയിൽ സൂചനകളുണ്ട്. ആഖ്യാതാവായ നായരെ പലതരത്തിൽ പ്രശംസിക്കുമ്പോൾ തന്നെ താനൊരു മദ്രാസി ആണ് എന്നുകൂടി അൻമോലക് റാം പറയുന്നുണ്ട്. ഹിന്ദി പാട്ടിന്റെ മുഴുവൻ സാരാംശവും നിങ്ങൾക്ക് മനസ്സിലാകില്ല എന്ന് പറയുന്നിടത്താണ് അത്.

ജീവിതത്തെക്കുറിച്ചും അവയിലെ നല്ല നിമിഷങ്ങളെ കുറിച്ചുമുള്ള കോവിലൻ ചിന്തകൾ തത്വചിന്താപരമായി പലയിടത്തായി പ്രത്യക്ഷപ്പെടുന്നുണ്ട്. മനുഷ്യപരമ്പര തലമുറ തലമുറകളായി വളരുകയും മണ്ണടിയുകയും ചെയ്യുമ്പോഴും മനുഷ്യന്റെ അനുഭൂതികൾ മായാതെ സ്ഥായിയായി നിൽക്കുന്നു എന്ന് കഥയിൽ പറയുന്നുണ്ട്. വലിയ വലിയ കാര്യങ്ങൾ പറയുകയും ഓർക്കുകയും ചെയ്യുന്ന തത്വങ്ങളോട് വലിയ കമ്പമായിരുന്നു എന്ന് ആഖ്യാതാവിലൂടെ കോവിലൻ തന്നെയാണ് പ്രസ്താവിക്കുന്നത്. മനുഷ്യാവസ്ഥകൾ എന്നും ഒരേപോലെ അല്ലെന്നും പ്രകൃതിയിൽ തണുപ്പ്, ചൂട്, മഴ എന്നിങ്ങനെ മാറി വരുന്നതുപോലെ മനുഷ്യാവസ്ഥകളും മാറുമെന്നും കഥ പറയുന്നു. യുദ്ധത്തിൽ പരസ്പരമുള്ള ഏറ്റുമുട്ടലിന്റെ നിരർത്ഥകതയിലേക്കും കഥയിലെ ചിന്ത പോകുന്നുണ്ട്. പട്ടാളക്കാരനെ മനുഷ്യനായി അംഗീകരിക്കാതിരിക്കുകയും ഭരണകൂടത്തിന്റെ മർദ്ദനോപകരണങ്ങളായി മാത്രം കാണുകയും ചെയ്യുന്ന പ്രവണതക്കെതിരിൽ അമർഷവും വിഷമവും ഉള്ള കഥാപാത്രങ്ങളെയും നമുക്ക് കാണാനാകും. പട്ടാളക്കാരൻ ആകുമ്പോഴും തനിക്ക് മനുഷ്യരുടേതായ ഹൃദയവുമുണ്ടെന്ന് ഒരിടത്ത് ആഖ്യാതാവ് ഓർമ്മിപ്പിക്കുന്നു.

ചിലയിടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന സൂചനകളിലൂടെ കഥാസന്ദർഭത്തെ വളരെയേറെ വികസിപ്പിക്കുന്ന കോവിലൻ തന്ത്രത്തിനും കഥ സാക്ഷ്യമാകുന്നുണ്ട്. രാത്രി വൈകി മുറിയിലേക്ക് എത്തിയതിനാൽ കള്ളനാണെന്ന് ധരിച്ച് അൻമോലക് റാമിനാൽ കഴുത്ത് ഞെരിക്കപ്പെട്ട മദൻലാൽ ആ സമയത്ത് എന്തിന് പുറത്തുപോയി എന്നു കഥാകാരൻ പറയുന്നില്ല. പക്ഷേ മുമ്പിലുള്ള ഫാമിലി കോർട്ടേഴ്സിലെ പ്രണയത്തെ നേരത്തെ അവതരിപ്പിച്ചതിനാൽ തന്നെ വായനക്കാരന് ഉത്തരം കണ്ടെത്താനാകും. അൻമോലക് റാമിനെ ഒപ്പം കിടത്താൻ മേജർ സാബ് പറയുമ്പോൾ താനും എന്നുപറയുമ്പഴേക്ക് അബദ്ധം പിണഞ്ഞ മട്ടിൽ സുബ്ബയ്യ പെട്ടെന്ന് വിഷയം മാറ്റുന്നതും ഇതേ രീതിയിൽ കാണാവുന്നതാണ്.

ഒരു മനുഷ്യനെ മനസ്സിലാക്കാൻ അയാളെ സമഗ്രമായി സമീപിക്കണം എന്ന് കഥ നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. അൻമോലക് റാം എന്ന പരുക്കൻ മനുഷ്യനിൽ സ്നേഹസാന്ദ്രമായ ഒരു മനസ്സു കൂടി ഉണ്ടായിരുന്നു എന്ന് കഥാന്ത്യം നമ്മളോട് പറയുന്നുണ്ട്. അൻമോലക് റാമിന് കുട്ടികളെ വലിയ ഇഷ്ടമായിരുന്നു. അദ്ദേഹത്തിന്റെ കുട്ടികൾക്കും ഭാര്യക്കും സംഭവിച്ച ദുരന്തം കൂടി വെളിപ്പെടുമ്പോഴാണ് ആ ഇഷ്ടത്തിന്റെ കാരണം കുറേക്കൂടി വ്യക്തമാകുന്നത്. ജീവിതം സമ്മാനിച്ച ദുരന്തങ്ങളുടെ കുത്തൊഴുക്കിലും അതിജയിക്കാൻ പഠിക്കുന്ന അൻമോലക് റാം കോവിലന്റെ ജീവിതദർശനത്തിന്റെ പ്രതിനിധി കൂടിയാണ്.

## Recap

- കോവിലന്റെ പട്ടാളകഥകളിൽ ഏറെ ശ്രദ്ധേയമായ രചന
- എഴുത്തുകാരന്റെ പ്രധാന രചനാസവിശേഷതകൾ എല്ലാം പ്രത്യക്ഷപ്പെടുന്നു
- ജീവിതത്തെ നിസ്സാരമായും ഗൗരവമായും സമീപിക്കുന്ന കഥാപാത്രങ്ങൾ
- പട്ടാളക്കാരൻ - തത്വചിന്തയിലൂന്നിയ സമീപനം
- ആഖ്യാതാവിലും ഉയർന്നുനിൽക്കുന്ന അൻമോലക് റാം
- മനുഷ്യജീവിത മഹത്വം എപ്പോഴും ഉയർത്തിപ്പിടിക്കുന്നു
- പട്ടാള ജീവിതത്തിലെ സംഘർഷഭരിത സന്ദർഭങ്ങൾ
- സൂചനകളിലൂടെയുള്ള കഥാവികാസം

## Objective Type Questions

1. പട്ടാളബാരക്കിന് എതിർവശത്ത് സ്ഥിതിചെയ്യുന്ന കെട്ടിടം ഏതാണ്?
2. മദൻലാലുമായി പ്രണയബന്ധം ഉണ്ടെന്ന് പറയപ്പെടുന്ന കുട്ടിയുടെ വിളിപ്പേര്?
3. അൻമോലക് റാം ഏതു നാട്ടുകാരനാണ്?
4. അൻമോലക് റാമിന്റെ മക്കൾ എങ്ങനെയാണ് മരണപ്പെടുന്നത്?
5. പട്ടാളത്തിൽ നിന്ന് വിരമിച്ചാൽ എന്ത് ജോലി ചെയ്യണമെന്നാണ് അൻമോലക് റാം ആഗ്രഹിക്കുന്നത്?
6. ധനരാജിന്റെ പട്ടിയുടെ പേര്?
7. കഥയിലെ ആഖ്യാതാവിന്റെ പേര്?
8. സുബ്ബയ്യയ്ക്ക് അനുരാഗമുള്ളകുട്ടിയുടെ വിളിപ്പേര്?

## Answers

1. ഫാമിലി കോർട്ടേഴ്സ്
2. കൊഴുക്കട്ട
3. സിക്കിം
4. കാർ ഇടിച്ച്
5. വളകച്ചവടം
6. ലില്ലി
7. ശങ്കരൻ നായർ
8. സേമിയ

## Assignments

1. കോവിലന്റെ പട്ടാളകഥകൾ.
2. കോവിലൻ കഥകളിലെ ജീവിതവും അതിജീവനവും.

## Suggested Readings


1. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
2. സി. ഉണ്ണികൃഷ്ണൻ, കോവിലൻ എന്ന തഥാഗതൻ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കോവിലൻ, കോവിലൻ സമ്പൂർണകഥകൾ, ഗ്രീൻ ബുക്സ്, തൃശ്ശൂർ.
4. കെ. എസ്. രവികുമാർ, കഥയുടെ വാർഷിക വലയങ്ങൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.
5. വാണിമേൽ കുഞ്ഞിക്കണ്ണൻ, കഥയുടെ ആറാം കാലം, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# യൂണിറ്റ് - 5
# ശർക്കര കൊണ്ടൊരു തുലാഭാരം

**മാധവിക്കുട്ടി**

## Learning Outcomes

- രൂപപരമായി ചെറുതാണെങ്കിലും തീവ്രമായ അനുഭവങ്ങളെ കഥ ബാക്കിവെക്കും എന്ന തിരിച്ചറിവ്
- കഥയിലെ സൂചകങ്ങൾ വെച്ച് പ്രമേയത്തെ വിശദമായി പരിശോധിക്കാനുള്ള കഴിവ്
- നഗര-ഗ്രാമജീവിതങ്ങളിലെ വ്യത്യാസങ്ങൾ മനുഷ്യസ്വഭാവത്തെക്കൂടി നിർവ്വചിക്കുന്നു എന്ന ധാരണ
- യഥാർത്ഥ സ്നേഹം തിരിച്ചറിയാൻ ചില സൂചനകൾ ധാരാളം എന്ന ബോധ്യം

## Prerequisites

മലയാളത്തിനൊപ്പം ഇംഗ്ലീഷിലും മാധവിക്കുട്ടി എഴുതിയിരുന്നു. ഇംഗ്ലീഷിൽ കമലാ ദാസ് എന്ന പേരാണ് അവർ സ്വീകരിച്ചത്. മലയാളികൾ അവരെ സ്നേഹത്തോടെ 'ആമി' എന്നു വിളിച്ചു. 1934 മാർച്ച് 31ന് പുന്നയൂർക്കുളത്തെ നാലപ്പാട്ട് തറവാട്ടിൽ കവി ബാലാമ ണിയമ്മയുടെ മകളായി അവർ ജനിച്ചു. കവിത, ചെറുകഥ, ജീവചരിത്രം എന്നിവയിലെല്ലാം അവർ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്.

'എന്റെ കഥ', 'നീർമാതളം പൂത്തകാലം' എന്നീ ആത്മാംശം കലർന്ന രചനകളിലെ പ്രതി പാദ്യം അക്കാലത്തെ വലിയ ചർച്ചയായിരുന്നു. സ്ത്രീകളുടെ അഭിലാഷങ്ങളെയും അവ രുടെ ശരീരാവശ്യങ്ങളെയും പറ്റി ധൈര്യത്തോടെ തുറന്നുപറയാൻ മാധവിക്കുട്ടി മനസ്സ് കാണിച്ചു. 'നെയ്പ്പായസം', 'കടൽമയൂരം', 'ഭയം', 'എന്റെ നിശാവസ്ത്രം', 'എന്റെ സ്നേ ഹിത അരുണ', 'പക്ഷിയുടെ മണം', 'മാനസി', 'തണുപ്പ്', 'ചുവന്ന പാവാട', 'വീണ്ടും ചില കഥകൾ', 'ഒറ്റയടിപ്പാത', 'ചന്ദന മരങ്ങൾ', 'അമ്മ', 'മനോമി', 'യാ അല്ലാഹ്', 'നഷ്ടപ്പെട്ട നീലാംബരി', 'സുരയ്യ പാടുന്നു', 'സസ്നേഹം' എന്നിങ്ങനെ നിരവധി ശ്രദ്ധേയരചനകൾ മലയാളത്തിൽ അവരുടേതായുണ്ട്. 2005-ൽ പ്രസിദ്ധീകരിച്ച 'വണ്ടിക്കാളകൾ' ആണ് അവ സാനകൃതി. 'തണുപ്പിന്' സാഹിത്യ അക്കാദമി പുരസ്കാരവും 'നീർമാതളം പൂത്ത കാ ല'ത്തിന് വയലാർ അവാർഡും ലഭിച്ചിട്ടുണ്ട്.

Summer in kolkata, Alphabet of the Lust, The Descendants, Old Play House and Other Poems, Only the Soul know How to Sing എന്നിങ്ങനെ നിരവധി രചനകൾ ഇംഗ്ലീ ഷിലും ഉണ്ട്. 'എന്റെ കഥ' പതിനഞ്ചിലേറെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 1999 ൽ ഇസ്ലാം മതം സ്വീകരിച്ച് കമലാ സുരയ്യ എന്ന പേരുമാറ്റി. 2009 മെയ് 31 ന് എഴുപ ത്തിയഞ്ചാം വയസ്സിൽ പൂനെയിൽ വെച്ചാണ് അവർ അന്തരിച്ചത്.

മലയാളി മധ്യവർഗ്ഗം വച്ചുപുലർത്തിയിരുന്ന കപടതകളെ മാധവിക്കുട്ടി പരിഹാസത്തോ ടെ സമീപിക്കുകയും അതിനെ പൊളിച്ചടുക്കാനായി സ്ത്രീ കാമനകളെ തുറന്നെഴുതു

കയും ചെയ്തു. മനുഷ്യരുമായും ദൈവവുമായുള്ള ഉപാധികളില്ലാത്ത സ്നേഹത്തെക്കുറിച്ച് അവർ നിരന്തരമെഴുതി. ജാതിയോ മതമോ രാജ്യമോ വംശമോ ആ സ്നേഹത്തിന് അതിർവരമ്പുകളായില്ല. ലൈംഗികത എന്നത് സ്ത്രീകൾക്ക് ഉച്ചരിക്കാൻ പോലും നിഷിദ്ധമാക്കപ്പെട്ട ഒന്നാണെന്ന ധാരണ അവർ മാറ്റി. കുലസ്ത്രീസങ്കല്പങ്ങളെ കണക്കറ്റ് പരിഹസിക്കാനും മാധവിക്കുട്ടി മറന്നില്ല. പ്രണയത്തെയും രതിയെയും തുറന്നു പറയുന്നതിൽ മലയാളിസ്ത്രീകൾ ഇന്ന് നടത്തുന്ന ശ്രമങ്ങളിൽ പോലും മാധവിക്കുട്ടിയുടെ രചനകളുടെ പ്രേരണ കാണാം.

കഥ പറച്ചിലിന്റെ പുരുഷപാരമ്പര്യത്തിൽ നിന്നുള്ള വിടുതൽ മാധവിക്കുട്ടി സാധ്യമാക്കി. സാറാ ജോസഫ്, മാനസി, അഷിത, വത്സല എന്നീ കഥാകാരികളിലും പുതിയ ഭൂമികകളിലേക്കുള്ള ഈ പ്രവേശനമുണ്ട്. സ്ത്രീ-പുരുഷ ബന്ധങ്ങളുടെ നൂലിഴകളിലൂടെ ഇവർ സഞ്ചരിക്കുന്നു.

ഗ്രാമവും തറവാടും യാത്രയും ഓർമ്മകളും പലവിധത്തിൽ ആ കഥകളിൽ കടന്നുവരുന്നു. അനുഭവങ്ങളോടുള്ള വൈകാരിക സമീപനം കഥകളുടെ പ്രത്യേകതയായിരുന്നു. മൗനം മാത്രമുള്ള ദാമ്പത്യവും തന്റെ സ്വപ്നങ്ങളിലേക്ക് ദാമ്പത്യത്തിന്റെ കെട്ടുപാടിൽ നിന്ന് വിടുതൽ തേടിയുള്ള ഇറങ്ങിനടപ്പും മാധവിക്കുട്ടിയിൽ കാണാം. ഇവയെല്ലാം പല രീതിയിൽ ഇടപെടുകയും വിഷയമാകുകയും ചെയ്യുന്ന കഥയാണ് 'ശർക്കര കൊണ്ടൊരു തുലാഭാരം.'

ആത്മഭാവത്തിന്റെ സങ്കീർത്തനങ്ങളായാണ് മാധവിക്കുട്ടിയിൽ കഥകൾ ഉണ്ടാകുന്നത്. വായനക്കാരുടെ വീക്ഷണകോണുകളെ തലകീഴായി മറിക്കുന്ന തരത്തിൽ രാഗത്തിന്റെയും കാമനയുടെയും തേങ്ങലിന്റെയും വിശാലഭൂമികയായി ആ കഥകൾ മാറി. ആഖ്യാനചടുലത, ഭാഷയുടെ ന്യൂനോക്തി, കഥയുടെ ഇഴയടുപ്പം, ധ്വനനശക്തി, കവിതയോട് അടുത്തുനിൽക്കുന്ന വാക്ക് പ്രയോഗങ്ങൾ തുടങ്ങിയ പ്രത്യേകതകൾ ആ രചനകൾക്ക് ഉണ്ടായിരുന്നു. യാഥാർഥ്യവും കാല്പനികതയും ഇടകലർന്ന രചനാരീതിയാണ് അവർ സ്വീകരിച്ചത്. ഏകാന്തതയും അന്യവൽക്കരണവും അസ്ഥിത്വചിന്തയും മൃത്യുബോധവും രതിയും പാപബോധവുമടക്കം മനുഷ്യജീവിതത്തിന്റെ വിവിധതരത്തിലുള്ള അവസ്ഥകൾ കഥകളിൽ പ്രമേയമായി. വ്യവസ്ഥകളെ തകർക്കുകയെന്നത് ധർമ്മമായി കരുതിയ മാധവിക്കുട്ടി സ്ത്രീത്വത്തിന്റെ പലവിധ ആവിഷ്കാരങ്ങളിലൂടെ അത് നടപ്പാക്കി. കുടുംബം, കുലീനത, ലൈംഗികത, ജാതീയത, മതാനുശാസനകൾ, വ്യത്യസ്തതരം അധികാരസ്ഥാപനങ്ങൾ എന്നിവയെയെല്ലാം സവിശേഷമായാണ് മാധവിക്കുട്ടി സമീപിച്ചത്.

## Key Themes

നഗര ജീവിതത്തിനിടയിൽ ഒരുമിക്കുകയും വിവാഹനിശ്ചയത്തിലേക്ക് എത്തുകയും ചെയ്ത രണ്ടുപേരിൽ നിന്ന് ഗ്രാമീണ ജീവിതത്തിന്റെ സ്നേഹാടയാളങ്ങളിൽ തിരിച്ചറിവ് നേടി ആദ്യബന്ധത്തിൽ നിന്ന് വിടുതൽ നേടാനാഗ്രഹിക്കുന്ന സ്ത്രീ ജീവിതമാണ് കഥയിലുള്ളത്.

## Discussion

പരീക്ഷാഫലം വന്നു കഴിഞ്ഞാൽ ഉടൻ അമ്മു അയൽക്കാരനായ ബിജുമോനെ വിവാഹം ചെയ്യുമെന്ന് തീരുമാനിച്ചുകഴിഞ്ഞിരുന്നു. ഒരുമിച്ച് പഠിച്ച അവർക്കിടയിൽ നല്ല ചേർച്ചയുമുണ്ട്. ആങ്ങളയും പെങ്ങളും ആണെന്ന് തെറ്റിദ്ധരിക്കുന്നത്രയും ചേർച്ച. സിവിൽ സർവീസാണ് ലക്ഷ്യമെങ്കിലും അത് രണ്ടുപേരുടെയും മോഹമല്ല. അവർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങളും അമ്മുവിന്റെ അനിഷ്ടം പ്രകടിപ്പിക്കലുകളുമുണ്ട്. സിവിൽ സർവീസിൽ തോറ്റാൽ താനുമായുള്ള വിവാഹത്തിന് അമ്മു സമ്മതിച്ചേക്കില്ല എന്ന് ബിജുമോന് അറിയാം. ബിജുമോന്റെ ഫലിതങ്ങൾ പരിഹാസമായി മാറുന്നതിനെപറ്റി അയാളെ പറഞ്ഞു മനസ്സിലാക്കാൻ അമ്മു ശ്രമിച്ചിരുന്നു. അമ്മു ധിക്കാരിയാണെന്ന് ബിജുമോനും തോന്നുന്നു. സ്വന്തം കിടപ്പറയിൽ കുട്ടി ഛർദ്ദിക്കുന്നതും മൂത്രമൊഴിക്കുന്നതും ഇഷ്ടമല്ലാത്ത ബിജുമോൻ കുട്ടികളേ വേണ്ട എന്ന നിലപാടിലാണ്. അമ്മുവിനാകട്ടെ കുട്ടികളെ വലിയ ഇഷ്ടവും. അഭിപ്രായവ്യത്യാസങ്ങൾക്കിടയിലും സന്തതസഹചാരികളായാണ് അവർ ജീവിച്ചുവന്നത്. ബിജുമോന് മഞ്ഞക്കാമല പിടിപെട്ടപ്പോൾ രോഗം പകരുമെന്ന് കണക്കാക്കാതെ അമ്മു അയാളെ പരിചരിച്ചു. രോഗവിമുക്തനായപ്പോൾ അവരുടെ വിവാഹനിശ്ചയം നടന്നു.

വിവാഹനിശ്ചയത്തിന് ശേഷവും അമ്മുവിന്റെ സ്വഭാവത്തിൽ വ്യത്യാസങ്ങൾ ഒന്നും കാണാൻ കഴിഞ്ഞില്ല. ദുർബലമായ ശരീരപ്രകൃതമാണ് ബിജുമോനുണ്ടായിരുന്നത്. അയാളുടെ രോഗശാന്തിക്കായി അമ്മ ഗുരുവായൂരമ്പലത്തിൽ ശർക്കര കൊണ്ടൊരു തുലാഭാരം നടത്താമെന്ന് പ്രാർത്ഥിച്ചിരുന്നു. തെറ്റുകൂടാതെ മലയാളം സംസാരിക്കാൻ അറിയാത്ത ബിജുമോനെ ഗുരുവായൂരിൽ കൊണ്ടുപോകേണ്ട ഉത്തരവാദിത്വവും അമ്മുവിനായി. അവളുടെ അമ്മാവന്റെ വീട് ഗുരുവായൂരായിരുന്നു. അമ്മാവന്റെ മകനായ അപ്പുവേട്ടനെ തന്നെക്കൊണ്ട് വിവാഹം കഴിപ്പിക്കാൻ അമ്മായിക്ക് അതിയായ താല്പര്യമുണ്ടെന്ന് അച്ഛനോട് പറയുന്നത് അമ്മു കേട്ടിരുന്നു. നഗരത്തിൽ വളർന്ന അവൾക്ക് പരിഷ്കാരിയായ ഒരാൾ വേണമെന്നുണ്ടാകും എന്നാണ് അന്ന് അച്ഛൻ മറുപടി പറഞ്ഞത്. ബാല്യകാലത്ത് നാടനായി നടന്നിരുന്ന അപ്പുവേട്ടനെ അമ്മു പലതവണ കണ്ടിരുന്നു.

അവരെ കൂട്ടാൻ തൃശൂർ സ്റ്റേഷനിൽ അപ്പുവേട്ടൻ വന്നിരുന്നു. ബിജുമോൻ എന്ന പേര് തന്നെ അപ്പുവിന് പിടികിട്ടിയില്ല. ടാക്സി ഡ്രൈവറോട് ഇരുവരുടെയും ആഗമനോദ്ദേശ്യങ്ങൾ എല്ലാം അയാൾ വിശദീകരിച്ചു. ഇതും കുന്നംകുളത്ത് വെച്ച് നെല്ലിന്റെ വിത്ത് എടുക്കാൻ അവരെ കാറിൽ ഇരുത്തി അപ്പു പോയതും ബിജുമോന് പിടിച്ചില്ല. അയാൾ തങ്ങളെ കുട്ടികൾ എന്ന് അഭിസംബോധന ചെയ്തതും അനിഷ്ടം പ്രകടിപ്പിക്കാനുള്ള കാരണമായി. അവരെ കണ്ട് ഹിന്ദി സിനിമയിലെ നടീനടന്മാരാണെന്ന് തെറ്റിദ്ധരിച്ച് കുന്നംകുളത്തുകാർ കാറിനു ചുറ്റും കൂടി. ടാറ്റയിലെ ജോലി ഉപേക്ഷിച്ചാണ് അപ്പു അമ്മയെ പരിചരിക്കാനായി നാട്ടിൽ കൂടിയത്. കൃഷിയും കാര്യങ്ങളുമായി നേരം പോക്കി അങ്ങനെ നടക്കുകയാണ്. ഇരുവരെയും കണ്ട അമ്മായിയുടെ കണ്ണ് ആദ്യം നിറഞ്ഞെങ്കിലും നല്ല ചേർച്ചണ്ട് എന്ന് പറഞ്ഞു. അമ്മുവിന് കിടക്കാൻ തെക്കേ അറയും ബിജുമോന് പത്തായപ്പുരയും സജ്ജമാക്കിയിരുന്നു. അസമയത്തും ആവലാതികൾ പറഞ്ഞുവരുന്ന ആളുകളെ തിരിച്ച് അയക്കാതിരിക്കാനായി അപ്പുവും അവിടെ തന്നെയാണ് കിടക്കുന്നത്.

നാട്ടിലെ ആർക്കെങ്കിലും അസുഖം, മരണം, പശുവിന്റെ പ്രസവം തുടങ്ങി ഏത് കാര്യത്തിനും ഏത് സമയത്തും അപ്പു സഹായത്തിനുണ്ടാകും. മരിക്കണോരിൽ ചിലർ അപ്പുവിനെ കണ്ടു മക്കളാണെന്ന് തെറ്റിദ്ധരിക്കും. അമ്മുവും ബിജുമോനും അപ്പുവിന്റെ നെൽപ്പാടങ്ങൾ കാണാൻ ഇറങ്ങിത്തിരിക്കുമ്പോഴും അവിടുത്തെ ദുർഗന്ധങ്ങൾ ബിജുമോനെ മടുപ്പിക്കുന്നു. അമ്മക്ക് കഴിക്കാനുള്ള മരുന്ന് ഒഴിച്ച് വീട്ടിലെ ഭക്ഷണങ്ങളെല്ലാം അപ്പു കൃഷി ചെയ്ത് ഉണ്ടാക്കുന്നതാണ്. അമ്പലത്തിലെ നടയിൽ വച്ച് അപ്പു അമ്മുവിനും ബിജുമോനും സമ്മാനങ്ങൾ നൽകി. അന്ന് രാത്രി കനത്തിൽ മഴപെയ്തുകൊണ്ടിരിക്കുന്നതിനിടയിലാണ് മറിയടെ പയ്യ് പെറിണില്യ എന്നു പറഞ്ഞ് ഇട്ടിയച്ചൻ വരുന്നത്. പോകാനിറങ്ങിയ അപ്പുവിന്റെ കൂടെ പശു പെറണത് കാണാൻ

അമ്മുവും ഇറങ്ങുന്നു. അപ്പുവേട്ടൻ എത്തിയപ്പോഴേക്കും പശു പ്രസവിച്ചു കഴിഞ്ഞിരുന്നു. അവിടെ ബാക്കിയുള്ള കാര്യങ്ങൾ നിർവഹിച്ചു ഇട്ടിയച്ചന്റെ ഭാര്യ മറിയ ഇട്ടുകൊടുത്ത കാപ്പിയും കഴിച്ചു അവർ തിരിച്ചു പോന്നു. 'അമ്മുവിന്റെ കൈപിടിച്ച് രാത്രി കൂടെ വരേണ്ടിയിരുന്നില്ല, നാട്ടിൽ ആളുകള് ഓരോന്ന് പറഞ്ഞുണ്ടാക്കും' എന്നുപറഞ്ഞ അപ്പുവേട്ടനോട് തനിക്ക് എന്തൊക്കെയോ പറയണം എന്നുണ്ടെങ്കിലും നാവ് ചലിച്ചില്ല. പിറ്റേന്ന് എണീറ്റപ്പോൾ ബിജുമോന്റെ മുഖത്ത് ഗൗരവമുണ്ടായിരുന്നു. നീന്താനിറങ്ങിയ അമ്മുവിനോട് കല്യാണം ഉറപ്പിച്ച സമയത്ത് അപ്പു അത്താഴ പട്ടിണി കിടന്നു എന്ന കാര്യം ഭാർഗവിയമ്മ വെളിപ്പെടുത്തി. ഇട്ടിച്ചന്റെ പശുക്കിടാവ് ചത്തപ്പോൾ വൈക്കോൽ കൊണ്ട് പശുക്കുട്ടിയുടെ രൂപം ഉണ്ടാക്കിയാൽ പാൽ ചുരത്തിക്കോളും എന്നു പറഞ്ഞതിനെ അപ്പു തടഞ്ഞു. മനുഷ്യനെയെന്നല്ല, നാൽക്കാലിയെ കൂടി ചതിക്കാത്ത അപ്പുവിനെ വിട്ട് തൽക്കാലം ബിജുമോനൊപ്പം ബോംബെയ്ക്ക് മടങ്ങുന്നില്ല എന്ന് അമ്മു പറയുന്നു.

## അവലോകനം

ചെറുകഥയുടെ ശില്പസവിശേഷതകൾ ഉള്ളടങ്ങിയ കഥയാണ് 'ശർക്കര കൊണ്ടൊരു തുലാഭാരം.' കുറച്ച് കഥാപാത്രങ്ങളും അവരെ ചുറ്റിപ്പറ്റിയുള്ള നേർരേഖയിലുള്ള ആഖ്യാനവും കഥാസ്വാദനത്തെ കൂടുതൽ ഹൃദ്യമാക്കുന്നു. കലർപ്പുകൾ ഇല്ലാത്ത സ്നേഹത്തിനായി അലഞ്ഞ മാധവിക്കുട്ടിയുടെ വ്യക്തിമനസ്സിനെ വെളിപ്പെടുത്തുന്ന കഥകളിൽ ഒന്നാണിത്. പുതിയ കാലത്ത് ഏറെ വായനാസാധ്യതകൾ ഈ കഥ തുറന്നിടുന്നുണ്ട്. പ്രായമായവരും രോഗികളുമായ മാതാപിതാക്കളെ നാട്ടിൽ നിർത്തി വിദേശത്ത് കഴിഞ്ഞുകൂടുന്ന മക്കൾ കേരളത്തിലെ വർത്തമാന സാമൂഹിക ജീവിതത്തിൽ വലിയ ചർച്ചക്ക് വഴിമരുന്നിട്ടവരാണ്. അത്തരം ധാരാളം വ്യക്തികളുള്ള നാട്ടിൽ ഒരപവാദമായി നിലകൊള്ളുന്ന ആളാണ് അപ്പു.

കഥയിലെ നായികാനായക കഥാപാത്രങ്ങൾ അമ്മുവും ബിജുമോനും ആകുമ്പോൾ തന്നെ ആകാരഭംഗിക്കൊപ്പം കഥാപാത്ര വലിപ്പത്തിലും ഉയർന്നുനിൽക്കുന്നത് അപ്പുവാണ്. എല്ലാ അർത്ഥത്തിലും ഒരു ബദൽ ജീവിതമാണ് അയാൾ നയിക്കുന്നത്. അമ്മയെ ശുശ്രൂഷിക്കാനായി ടാറ്റയിലെ ജോലി ഉപേക്ഷിച്ചയാളാണയാൾ. കൃഷി ആകർഷക ജീവിതമാർഗമായി കാണാത്ത തലമുറയുടെ പ്രതിനിധിയെങ്കിലും കൃഷി ചെയ്യുകയും വീട്ടാവശ്യങ്ങൾക്കുള്ള വിഭവങ്ങളിൽ സ്വാശ്രയത്വം നേടുകയും ചെയ്യുന്നുണ്ട് അപ്പു. നാട്ടിലെ ഏത് ആവശ്യത്തിനും ഏതുസമയത്തും ഒരു അത്താണിയായി അയാൾ ഉണ്ടാകും. വീട്ടിൽ ജോലിക്കാരുടെ എണ്ണം അധികമാണെന്ന ബോധ്യം ഉള്ളപ്പോൾ തന്നെ പാവങ്ങളായ വേലക്കാരുടെ വീട്ടിൽ അടുപ്പ് പുകയണമെന്ന നിർബന്ധത്താൽ അവരെ നിലനിർത്തുകയാണ് അപ്പു. അമ്മുവിനെ വിവാഹം കഴിക്കണമെന്ന് ആഗ്രഹം അമ്മയെപ്പോലെ അയാൾക്കും ഉണ്ടായിരുന്നെങ്കിലും വിവാഹം നിശ്ചയിച്ചെത്തിയ അമ്മുവിനെയും ബിജുമോനെയും സ്വാഭാവികമായാണ് അയാൾ സ്വീകരിക്കുന്നത്. ഒരു മൃഗത്തെ പോലും വഞ്ചിക്കാത്ത അപ്പുവിനോട് നാടിനാകെത്തന്നെ ബഹുമാനമുണ്ട്.

അമ്മു വ്യക്തിത്വവും സ്വന്തമായ അഭിപ്രായവുമുള്ള കഥാപാത്രമാണ്. ബിജുമോന്റെ പെരുമാറ്റത്തിലെ പോരായ്മകൾ തുറന്നുകാണിക്കുന്ന അമ്മു വിയോജിപ്പുകൾ വ്യക്തമാക്കുന്നതിന് മടികാണിക്കുന്നില്ല. ഇംഗ്ലീഷ് ഉച്ചാരണത്തിലെ പോരായ്മകളെ വെച്ച് ആളുകളെ പരിഹസിക്കുന്ന ബിജുമോനോട്, അയാളുടെ മലയാള ഉച്ചാരണവും ഒട്ടും മെച്ചമല്ല എന്നതിനാൽ പരിഹാസച്ചുവ സ്വയം എടുത്തണിയാനും പറ്റും എന്ന വലിയൊരു തിരിച്ചറിവ് അമ്മു ഉണ്ടാക്കുന്നുണ്ട്. പ്രിവിലേജുകളില്ലാത്ത കുടുംബങ്ങളിൽ നിന്ന് സാധാരണ ചുറ്റുപാടിൽ വളർന്നുവരുന്നവരുടെ അവസ്ഥയെ പരിഹസിക്കരുത് എന്ന ബോധ്യവും അമ്മു വെച്ചുപുലർത്തുന്നു. അപ്പുവിന്റെ നിഷ്കളങ്കമനസ്സിനെ അവസാനമെങ്കിലും പൂർണമായും മനസ്സിലാക്കാനും അമ്മുവിനാകുന്നു. ബിജുമോൻ ഉയർന്ന ശ്രേണിയിലുള്ള ഒരു നഗരവാസിയുടെ രൂപവും ഭാവവും കൈമുതലായ കഥാപാത്രമാണ്. തന്റെ അവസ്ഥ ഒട്ടും മനസ്സിലാകാത്ത അയാൾക്ക് പരപുച്ഛം പ്രകടിപ്പിക്കാൻ ഒരു മടിയുമില്ല. ദുർബലമായ ശരീരത്തിന് ഉടമ

യായ അയാൾ തന്റെ പൂർവികർ തങ്ങളുടെ മെലിഞ്ഞ കൈകൾ ഉപയോഗിച്ചിരുന്നത് സുന്ദരികളെ ആലിംഗനം ചെയ്യാൻ മാത്രമാണ് എന്ന ഗർവ്വാണ് പ്രകടിപ്പിക്കുന്നത്. അപ്പുവിന്റെ കൂടെ അമ്മു രാത്രി മറിയയുടെ വീട്ടിൽ പോയതിൽ പോലും അപ്രീതിയോടെയാണ് അയാൾ പെരുമാറുന്നത്. നിശ്ചയം മാത്രമാണ് കഴിഞ്ഞതെന്നതിനാൽ ഭർത്താവിന്റെ ഉടമസ്ഥാവകാശ ഭാവം പൂർണ്ണമായി എടുത്തണിയാൻ അയാൾക്ക് പറ്റിയിട്ടില്ല. പക്ഷേ കല്യാണം കഴിഞ്ഞാൽ അവളെ തന്റെ കീഴിൽ കൊണ്ടുവരണം എന്ന് അയാളിലെ പരമ്പരാഗതൻ ഉറപ്പിച്ചിട്ടുണ്ട്.

ചെറിയ സൂചനകളിൽ പ്രത്യക്ഷപ്പെടുന്ന കഥയിലെ മറ്റു കഥാപാത്രങ്ങളും പ്രമേയത്തിൽ നിർണായക സ്ഥാനമുള്ളവരാണ്. അമ്മായിയും ഭാർഗവിയമ്മയും ഇട്ടിയച്ചനും ഇങ്ങനെ ആഖ്യാനത്തിൽ നിർണായക സ്വാധീനം ചെലുത്തുന്നവരാണ്. നേർരേഖയിലുള്ള ആഖ്യാനവും ലളിതവും സ്വാഭാവികവുമായ ഭാഷാപ്രയോഗങ്ങളും കഥാവായനയെ കൂടുതൽ സഹായിക്കുന്ന ഘടകങ്ങളാണ്. ബോംബെ നഗരത്തിലെ പരിഷ്ക്കാര ജീവിതവും ഗുരുവായൂരിലെ നാടൻ ജീവിതവും തനിമയോടെ കഥ അവതരിപ്പിക്കുന്നുണ്ട്. മലയാളി ഗ്രാമത്തിൽനിന്ന് നഗരത്തിലേക്കും കേരളത്തിൽ നിന്ന് പുറംനാടുകളിലേക്കും കുടിയേറാൻ വെമ്പിനിന്ന കാലത്ത്, പൊതു സ്വഭാവത്തിന്റെ നേർവിപരീതമായി ഈ കഥയും കഥാപാത്രങ്ങളും നിലകൊള്ളുന്നു.

## Recap

- മാധവിക്കുട്ടിയുടെ സ്നേഹത്തിനായുള്ള നിരന്തരാന്വേഷണത്തെ കുറഞ്ഞ സൂചകങ്ങളിലൂടെ വെളിപ്പെടുത്തുന്നു
- ലളിതമായ ഭാഷയിൽ മനുഷ്യാനുഭവങ്ങളെ വൈകാരിക തലത്തിൽ അവതരിപ്പിക്കുന്നു
- സ്വന്തമായി അഭിപ്രായവും നിലപാടും ഉള്ള അമ്മു എന്ന കഥാപാത്രം
- ആദർശപുരുഷനായി നിലകൊള്ളുന്ന അപ്പുവും പുരുഷമേധാവിത്വത്തിന്റെ അടയാളങ്ങൾ പേറുന്ന ബിജുമോനും
- ഗ്രാമ ജീവിതത്തിന്റെ മനോഹര ചിത്രങ്ങൾ
- യഥാർത്ഥ സ്നേഹത്തിന്റെ തിരിച്ചറിവ്
- പുതിയ കാലത്തിന്റെ വായനയ്ക്ക് സാധ്യതകൾ തുറന്നിടുന്ന കഥ

## Objective Type Questions

1. മാധവിക്കുട്ടിയുടെ വിളിപ്പേര്?
2. പതിനഞ്ചിലേറെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ട മാധവിക്കുട്ടിയുടെ കൃതി?
3. അമ്മുവിന്റെ യഥാർത്ഥ പേര്?
4. ബിജുമോന്റെ പൂർണപേര്?
5. ബിജുമോന് പിടിപെടുന്ന അസുഖം?
6. ശർക്കര കൊണ്ട് തുലാഭാരം നടത്താൻ തെരഞ്ഞെടുത്ത അമ്പലം?
7. അമ്മുവും ബിജുമോനും ട്രെയിൻ ഇറങ്ങുന്ന റെയിൽവേ സ്റ്റേഷൻ?
8. നെൽവിത്ത് എടുക്കാനായി അപ്പു ഇറങ്ങുന്ന സ്ഥലം?
9. ബിജുമോന് ഉറങ്ങാനായി തയ്യാറാക്കിയ മുറി?
10. അമ്മുവിന്റെ ശരിക്കുള്ള പേരായി അപ്പു പറയുന്നത്?
11. പശുവിന്റെ പ്രസവത്തിനായി അപ്പുവേട്ടന്റെ കൂടെ അമ്മു പോകുന്ന വീട്?

12. ഇട്ടിയച്ചന്റെ മകൾ വിവാഹാനന്തരം താമസിക്കുന്ന നഗരം?
13. അമ്മു നീന്തി കുളിക്കുന്ന കുളം?

## Answers

1. ആമി
2. എന്റെ കഥ
3. രജനീപണിക്കർ
4. ബിജുമോൻ പിള്ള
5. മഞ്ഞക്കാമല
6. ഗുരുവായൂരമ്പലം
7. തൃശ്ശൂർ
8. കുന്നംകുളം
9. പത്തായപ്പുര
10. കല്യാണി
11. ഇട്ടിയച്ചന്റേയും മറിയയുടെയും
12. ബാംഗ്ലൂർ
13. മമ്മിയൂർ ക്ഷേത്രക്കുളം

## Assignments

1. അമ്മു - കഥാപാത്രവിശകലനം
2. കഥയിലെ തീർത്തും വിഭിന്നരായ രണ്ടു പുരുഷന്മാരുടെ വ്യത്യസ്തമായ സമീപനങ്ങൾ

## Suggested Readings


1. കെ. പി. അപ്പൻ, കഥ ആഖ്യാനവും അനുഭവസത്തയും, ഡി. സി. ബുക്സ്, കോട്ടയം.
2. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥാമനസ്സ്, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥയുടെ ആറാംകാലം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. മാധവിക്കുട്ടി, എന്റെ പ്രിയപ്പെട്ട കഥകൾ, ഡി. സി. ബുക്സ്, കോട്ടയം.
5. ഇ. വി. രാമകൃഷ്ണൻ (എഡി.), മാധവിക്കുട്ടി പഠനങ്ങളും രചനകളും, ഡി. സി. ബുക്സ്, കോട്ടയം.
6. ഡോ. എം. രാജീവ് കുമാർ, മാധവിക്കുട്ടി സ്നേഹത്തിന്റെ കൊടിയടയാളം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം
7. മാധവിക്കുട്ടി, മാധവിക്കുട്ടിയുടെ സ്ത്രീകൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
8. ഷംസുദ്ധീൻ കുട്ടോത്ത്, മാധവിക്കുട്ടി രാഗം നീലാംബരി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
9. ഡോ. ജയ്സിമോൾ അഗസ്റ്റിൻ, തുറന്നെഴുത്തിന്റെ പെൺമുഖം മാധവിക്കുട്ടി, ഐ ബുക്സ് കേരള.
10. ജി. ഉഷാകുമാരി, കഥയും കാമനയും, ലോഗോസ് ബുക്സ്, പട്ടാമ്പി.

BLOCK - 03

# ആധുനിക ചെറുകഥ

# യൂണിറ്റ് - 1
## ഒറ്റ

**വി. പി. ശിവകുമാർ**

## Learning Outcomes

- വി. പി. ശിവകുമാറിന്റെ കഥകൾ പരിചയപ്പെടുന്നു
- ആധുനിക കഥാരചനാരീതിയിൽ അദ്ദേഹം കൊണ്ടുവരുന്ന പുതുമകളെ ക്കുറിച്ച് അറിവ് നേടുന്നു
- അസ്തിത്വവാദത്തെ കുറിച്ചുള്ള സാമാന്യ ധാരണ ലഭിക്കുന്നു
- ഒറ്റ എന്ന കഥയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു

## Prerequisites

മലയാളത്തിൽ പുതിയൊരു ഭാവുകത്വം അവതരിപ്പിച്ച ആധുനിക യുവസാഹിത്യകാരൻമാരിൽ ഏറ്റവും പ്രധാനപ്പെട്ട ഒരാളാണ് വി. പി. ശിവകുമാർ. അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധിക്കപ്പെട്ട കഥകളിൽ ഒന്നാണ് 'ഒറ്റ'. അസ്തിത്വവാദികളായ ആധുനിക എഴുത്തുകാരെ പിന്തുടർന്നു വന്ന അദ്ദേഹം നാല് ചെറു കഥാസമാഹാരവും തലസ്ഥാനത്തെ ഹനുമാൻ എന്ന ഒരാക്ഷേപഹാസ്യ ലേഖന സമാഹാരവും ജോർജ് ലൂയിസ് ബോർഗെസ്, യൂജിൻ അയോനെസ്കോ എന്നിവരുടെ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്തു. ആദ്യ കഥാസമാഹാരം 'തിരുവിതാംകൂർ കഥകൾ' 1979 - ലാണ് പ്രസിദ്ധീകരിച്ചത്. തുടർന്ന് 'കരയോഗം', 'ഒറ്റ', 'വി. പി. ശിവകുമാറിന്റെ കഥകൾ' എന്നിങ്ങനെ നാല് ചെറുകഥാ സമാഹാരങ്ങളാണ് ശിവകുമാറിന്റെ പ്രധാന കൃതികൾ.

**അസ്തിത്വവാദം**

ഒന്നാം ലോകയുദ്ധത്തിനു ശേഷം ജർമ്മനിയിൽ ഉടലെടുത്ത ഒരു പ്രത്യേക ജീവിതവീക്ഷണമാണ് അസ്തിത്വവാദം. വ്യക്തിത്വത്തിനും സ്വതന്ത്ര ഇച്ഛയ്ക്കും പ്രാധാന്യം കല്പിക്കയും യുക്തിയെക്കാൾ ഇച്ഛയ്ക്കു മുൻതൂക്കം നല്കുകയും ഇച്ഛാനുസരണം വിധിയെ നിയന്ത്രിക്കാൻ കഴിയും എന്നു വിശ്വസിക്കുകയും ചെയ്യുക എന്നതാണ് ഈ വീക്ഷണത്തിന്റെ കേന്ദ്രതത്ത്വം. അസ്തിത്വവാദികൾ മനുഷ്യന്റെ അസ്തിത്വത്തെ അംഗീകരിക്കുന്നതോടൊപ്പം ഭാവിയെക്കുറിച്ച് മുൻകൂട്ടി അറിയാൻ കഴിയും എന്ന വാദത്തെ നിരാകരിക്കുകയും ചെയ്യുന്നു. ഇവർ അസ്തിത്വത്തിന്റെ നിസ്സാരതയെപ്പറ്റി ഊന്നിപ്പറയുകയും പ്രപഞ്ചം അർഥശൂന്യമാണെന്നു വാദിക്കുകയും സാന്മാർഗികമൂല്യങ്ങളെ നിഷേധിക്കുകയും ചെയ്യുന്നു. പ്രകൃതിനിയമങ്ങളുടെയും ചരിത്രസംഭവങ്ങളുടെയും മുൻപിൽ നിസ്സഹായത പ്രകടമാക്കുന്ന കോമരങ്ങളായി മനുഷ്യരെ കണക്കാക്കുന്നതിനെതിരെ രൂപംകൊണ്ട ചിന്താഗതിയാണിത്. യുക്തിയാണ് യഥാർഥമായിട്ടുള്ളതെന്ന ഹെഗലിന്റെ ദർശനത്തെ അസ്തിത്വവാദികൾ ചോദ്യം ചെയ്യുന്നു. ഡൻമാർക്കിലെ സോറൻ കീർക്കെഗാഡ്, ഫ്രാൻസിലെ ഴാങ് പോൾ സാർത്ര് (Jean Paul Sartre, 1905), അൽബേർ കാമ്യു (Albert Camus, 1913-60), സ്പെയിനിലെ മീഗേൽ ദേ ഊനാ മൂനോ (Miguel De Una Muno), ജർമനിയിലെ ജൊഹാൻ ഹാമാൻ (Johann Hamann), നിക്കൊളായ് ബർദിയായേഫ് (Nicholai Berdyaev), ഫ്രഡറിക്

നീഷെ (Friedrich Nietzsche), ഫ്രാൻസ് കാഫ്ക തുടങ്ങിയവരാണ് പ്രമുഖ അസ്തിത്വവാദികൾ. രണ്ടാം ലോകയുദ്ധത്തിനുശേഷം ഈ ചിന്താഗതികൾക്കു കലാസാഹിത്യമേഖലകളിലും വലിയ പ്രചാരം സിദ്ധിച്ചു.

**അസ്തിത്വവാദത്തിന്റെ സ്വാധീനം മലയാള സാഹിത്യത്തിൽ.**

അസ്തിത്വദാർശനികരെ ഏറെ ചിന്തിപ്പിച്ചിട്ടുള്ള പ്രതിഭാസമാണ് മരണം. മരണം സർവവിനാശമല്ലെന്നും ഉണ്മയുടെ ഒരു വകഭേദമാണെന്നും പറഞ്ഞവരുണ്ട്. ഇത്തരം ഒരു മനോഭാവം മലയാളത്തിലെ കാല്പനിക കവിയായ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ 'അതിമാനുഷൻ'(1944) എന്ന കവിതയിൽ കാണാം. ജി. ശങ്കരക്കുറുപ്പി(1901-77)ന്റെ 'പാണനാർ', വൈലോപ്പിള്ളി(1911-85)യുടെ 'ഉണ്ണികൾ' എന്നീ കവിതകളിൽ മൂല്യച്യുതിയെക്കുറിച്ചുള്ള ആശങ്കയാണ് സ്ഫുരിക്കുന്നത്. നിരർഥകമായ നഗര ജീവിതാവസ്ഥ ചിത്രീകരിക്കുന്ന എൻ. വി. കൃഷ്ണവാരിയരുടെ 'അവസാനത്തെ ആസ്പത്രി', 'കൊച്ചുതൊമ്മൻ' തുടങ്ങിയ കവിതകളിൽ ഈ ഭാവത്തിന്റെ വളർച്ച കാണാം. ആധുനിക നാഗരികതയും ശാസ്ത്രപുരോഗതിയും മനുഷ്യനെ സ്വന്തം കർമ്മമണ്ഡലങ്ങളിൽ അന്യനാക്കിയിരിക്കുന്നു എന്ന ദുഃഖസത്യത്തെ 'ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം' എന്ന കാവ്യത്തിലൂടെ അക്കിത്തം വികാരതീവ്രമായി ആവിഷ്കരിച്ചിരിക്കുന്നു. അസ്തിത്വവ്യഥ, ശോകം, തിരസ്കാരം, ശൂന്യത, ഭീതി, ഏകാന്തത, നിസ്സഹായത, മൃത്യുപൂജ, വിരസത തുടങ്ങിയ പല ഭാവങ്ങൾ സങ്കീർണരൂപത്തിൽ ആവിഷ്കരിക്കാനാണ് പുതിയ കവികൾ ശ്രമിക്കുന്നത്. വിഷ്ണുനാരായണൻ നമ്പൂതിരിയുടെ 'രാമൻ നായർ മരിച്ചു', അയ്യപ്പപ്പണിക്കരുടെ 'കുരുക്ഷേത്രം', എൻ. എൻ. കക്കാടിന്റെ 'പാതാളത്തിന്റെ മുഴക്കം', മാധവൻ അയ്യപ്പത്തിന്റെ 'മണിയറയിലേക്ക്', സുഗതകുമാരിയുടെ 'അമ്പലമണി', എം. എൻ. പാലൂരിന്റെ 'അനാസിൻ', സച്ചിദാനന്ദന്റെ 'ആത്മഗീത' മുതലായവ ഉദാഹരണങ്ങളാണ്. അസ്തിത്വദർശനം കവികളെക്കാൾ കൂടുതൽ സ്വാധീനിച്ചത് നോവലിസ്റ്റുകളെയും ചെറുകഥാകൃത്തുകളെയുമാണ്. മലയാളത്തിലെ ആദ്യത്തെ അസ്തിത്വവാദപരമായ കൃതി വൈക്കം മുഹമ്മദ്ബഷീറി(1910-)ന്റെ ശബ്ദങ്ങളാണെന്നു ചില നിരൂപകർ അഭിപ്രായപ്പെടുന്നു. ഇതിലെ പ്രധാന കഥാപാത്രത്തിന്റെ ജീവിതം മൃതിയെക്കാൾ ഭയാനകമാണ്. വ്യർഥതാബോധം പ്രകാശിപ്പിക്കുന്ന നോവലുകളിൽ ഒ. വി. വിജയന്റെ(1931-) ഖസാക്കിന്റെ ഇതിഹാസം മികച്ചു നില്ക്കുന്നു. കാക്കനാട(1935-)ന്റെ വസൂരി, ഉഷ്ണമേഖല, ആനന്ദിന്റെ (1936-) ആൾക്കൂട്ടം, സി. രാധാകൃഷ്ണന്റെ (1939-) താരനിശ, എം. മുകുന്ദന്റെ (1943-) ഹരിദ്വാരിൽ മണിമുഴങ്ങുന്നു, മാടമ്പു കുഞ്ഞുക്കുട്ടന്റെ (1946-) അശ്വത്ഥാമാവ് തുടങ്ങിയവ വിഭാഗത്തിൽപ്പെട്ട പ്രധാന നോവലുകളിൽപ്പെടുന്നു. മൂല്യങ്ങൾ തകർന്ന ആധുനിക യാന്ത്രികലോകത്തിൽ ലക്ഷ്യരഹിതമായി അസ്തിത്വം തേടി അലയുന്ന മനുഷ്യരുടെ അവസ്ഥയാണ് ഈ നോവലുകളിലെ ചിന്താവിഷയം. സക്കറിയ (1931-), സേതു (1935-), പദ്മരാജൻ (1945-91) മുതലായവരുടെ ചില ചെറുകഥകളിലും അസ്തിത്വദുഃഖം പ്രമേയമാക്കിയിട്ടുണ്ട്.

## Key Themes

കുന്നത്ത് കുട്ടൻനായർ എന്ന വെറുക്കപ്പെട്ട മനുഷ്യന്റെ അവസാനകാല ജീവിതം.

## Discussion

കുന്നത്ത് കുട്ടൻനായരാണ് ഗ്രാമത്തിലെ ഏറ്റവും പ്രായം ചെന്ന വ്യക്തി. പണവും പ്രതാപവും പേറുന്ന ഒരു വലിയ തറവാട്ടിലെ അംഗമാണ് അദ്ദേഹം. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ആളുകൾക്ക് അയാളെ വെറുപ്പാണ്. സ്ത്രീകളെ കണ്ടാൽ വസ്ത്രത്തിന്റെ സ്ഥാനം തെറ്റും എന്നതാണ് കാരണം. ഇതുകൊണ്ട് പെൺകുട്ടികളുടെ അച്ഛനമ്മമാർ അയാളെ തെറിവിളിക്കാൻ തുടങ്ങി. സ്കൂൾക്കുട്ടികൾ അയാളുടെ വീട്ടുപടിക്കൽ നിയമവിരുദ്ധ സ്വകാര്യപ്രദർശനം എന്നെഴുതിവയ്ക്കും. നാണക്കേട് കൊണ്ട് അയാളുടെ ഭാര്യ പുറത്തേക്കിറങ്ങാറില്ല. 'ഇയാളുടെ കാലം ഒന്ന് കഴിഞ്ഞ് കിട്ടണെ' എന്ന് മാത്രമാണ് അവരുടെ പ്രാർത്ഥന.

എന്തായിരിക്കാം, ഈ സ്വഭാവ വൈകൃതത്തിന്റെ കാര്യം എന്നതാണ് ഈ കഥയിലെ പ്രധാന അന്വേഷണം. അനാരോഗ്യവും അവഗണനയുമാണ് ഈ പ്രവണതയിലേയ്ക്ക് അയാളെ നയിച്ചത്. ഒരു കാര്യത്തിലൂടെയും തന്നെ ആവിഷ്കരിക്കാൻ കഴിയാതെ മറവിയുടെ ചുഴിയിൽ പെട്ടുഴലുന്ന ആ നിമിഷത്തിൽ നിന്നും മറികടക്കാൻ കിട്ടിയ മോചനമാർഗ്ഗമായിരുന്നു ഈ പ്രവണത. സമയത്തെയും ദൂരത്തെയും കുറിച്ചുള്ള ആകുലതകൾ അയാളിൽ നിന്നും വിട്ടുമാറി. പകരം അയാളിൽ ഒരു ഒറ്റപ്പെട്ട സ്ഥലരാശി തെളിഞ്ഞു. അതിൽ ചില സ്ത്രീരൂപങ്ങൾ ചലിക്കുകയും ആ ആസുരരതിയിൽ അയാൾ പൂർണ്ണനാവുകയും ചെയ്തതായി അയാൾക്ക് തോന്നി.

രണ്ടാം ഭാഗത്ത് അയാളുടെ മരണത്തെയാണ് വിവരിക്കുന്നത്. എവിടെ നിന്നോ വന്നെത്തിയ ഒരു കാക്ക അയാളുടെ ചോറിൽ കൊത്തി. അയാളുടെ കണ്ണുകളിൽ നിന്നു കാഴ്ചയും കുരലിൽ നിന്നു ശബ്ദവും, ചെവിയിൽ നിന്നു ശ്രുതിയും നാവിൽ നിന്നു രുചിയും കൊത്തിമാറ്റി. അവസാന ശ്വാസവും കൊത്തിയെടുത്ത് ആ കാക്ക പറന്നുപ്പോയി. വൃദ്ധന്റെ ആത്മാവ് ശരീരത്തിൽ നിന്നും കൊത്തിയെടുത്ത് ശൂന്യതയിൽ എവിടെയോ വെച്ച് കാക്ക മടങ്ങിവന്നു. അപ്പോൾ അയാളുടെ ഉടൽ കത്തുകയായിരുന്നു. അടുക്കളയിൽ നിന്നും ഒന്നോ രണ്ടോ തേങ്ങലുകൾ കേട്ടു. അത്ര മാത്രം. ഒരു ജീവിതം അവിടെ തീർന്നു. കുട്ടൻ നായരുടെ ആത്മാവാകട്ടെ പ്രപഞ്ചത്തിൽ ലയിച്ച് ചേർന്നു. അയാൾക്കു ഗതി കിട്ടി എന്ന് ആളുകൾ പറഞ്ഞു.

കുട്ടൻ നായരുടെ ജീവിതവൈചിത്ര്യങ്ങളെയാണ് ഈ കഥയിൽ വിവരിക്കുന്നത്. വാർദ്ധക്യത്തിൽ വന്നുപെട്ട ഏകാന്തതയും സ്ഥലകാലബോധനഷ്ടവും അയാളെ സ്വന്തം ശരീരത്തെ പ്രദർശിപ്പിക്കുക എന്ന വിശിഷ്ട സ്വഭാവത്തിന് അടിമയാക്കി. ഇതിലൂടെ സർവരാലും വെറുക്കപ്പെട്ടവനായി അയാൾ മാറി. അയാളുടെ മരണത്തിലൂടെയാണ് കഥ അവസാനിക്കുന്നത്. മരിച്ചപ്പോൾ അയ്യാളുടെ ആത്മാവിന് ഗതികിട്ടിയതായി ആളുകൾ പറഞ്ഞു.

## Recap

- വി. പി. ശിവകുമാറിന്റെ ഒറ്റ എന്ന കഥ ഒറ്റപ്പെട്ടുപോയ മനുഷ്യന്റെ സ്വയം ആവിഷ്കരണശ്രമത്തെയാണ് അവരിപ്പിക്കുന്നത്
- കുട്ടൻ നായർ എന്ന കഥാപാത്രത്തിന്റെ പ്രവൃത്തി നാട്ടുകാരിൽ അസ്വസ്ഥതയുണ്ടാക്കി
- നിയമവിരുദ്ധ സ്വകാര്യപ്രകാശനം എന്നാണ് സ്കൂൾക്കുട്ടികൾ വീടിനു മുന്നിൽ എഴുതി വെച്ചത്
- സ്വഭാവവൈകൃതത്തിന് കാരണം അനാരോഗ്യവും അവഗണനയും
- മറവിയുടെ ചുഴിയിൽപ്പെട്ടുഴലുന്നതിൽ നിന്നുള്ള മോചനമാർഗം
- രണ്ടാം ഭാഗത്തിൽ അദ്ദേഹത്തിന്റെ മരണമാണ് ആവിഷ്കരിക്കുന്നത്
- കാക്കവന്ന് അദ്ദേഹത്തിന്റെ ആത്മാവിനെ കൊത്തി കൊണ്ടുപോയി എന്നാണ് കഥാകൃത്ത് പറയുന്നത്
- നാട്ടുകാർ അദ്ദേഹത്തിന്റെ ആത്മാവിന് നിത്യശാന്തി ലഭിച്ചു എന്ന് വിശ്വസിച്ചു

## Objective Type Questions

1. 'ഒറ്റ' എന്ന കഥ രചിച്ചത് ആര്?
2. 'ഒറ്റ' എന്ന കഥയിലെ കേന്ദ്രകഥാപാത്രം?
3. 'കരയോഗം' എന്ന കഥാസമാഹാരം എഴുതിയതാര്?
4. വി. പി. ശിവകുമാർ രചിച്ച ആക്ഷേപഹാസ്യലേഖന സമാഹാരം ഏത്?
5. കുട്ടൻ നായരുടെ ആത്മാവിനെ കൊണ്ടു പോയത് ആര്?
6. കുട്ടൻ നായരുടെ ആത്മാവ് ലയിച്ച് ചേർന്നത് എവിടെ?
7. സ്കൂൾ കുട്ടികൾ കുട്ടൻനായരുടെ വീട്ടുപടിക്കൽ എഴുതിവച്ചതെന്ത്?
8. കുട്ടൻനായരുടെ ഭാര്യയുടെ പ്രായം?

## Answers

1. വി. പി. ശിവകുമാർ
2. കുട്ടൻ നായർ
3. വി. പി. ശിവകുമാർ
4. 'തലസ്ഥാനത്തെ ഹനുമാൻ'
5. കാക്ക
6. പ്രപഞ്ചത്തിൽ
7. നിയമവിരുദ്ധ സ്വകാര്യപ്രകാശനം
8. എൺപത്

## Assignments

1. വി. പി. ശിവകുമാറിന്റെ മറ്റൊരു കഥ പരിചയപ്പെടുത്തുക.
2. അസ്തിത്വവാദം-കുറിപ്പ് തയ്യാറാക്കുക.

## Suggested Readings


1. കെ. രാഘവൻപിള്ള, സാർത്രിന്റെ അസ്തിത്വദർശനം, കറന്റ് ബുക്സ്, തൃശൂർ.
2. അച്യുതൻ എം., ചെറുകഥ ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
3. ഡി. പ്രദീപ് കുമാർ, വി. പി. ശിവകുമാർ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. വി. പി. ശിവകുമാർ, വി. പി. ശിവകുമാറിന്റെ കഥകൾ, കറന്റ് ബുക്സ്, തൃശൂർ.
5. വി. പി. ശിവകുമാർ, തിരുവിതാംകൂർ കഥകൾ, സാഹിത്യ പ്രവർത്തക സംഘം, കോട്ടയം.
6. വി. പി. ശിവകുമാർ, ഒറ്റ, ഡി. സി. ബുക്സ്, കോട്ടയം.

# യൂണിറ്റ് - 2

## നാലാംലോകം

**എൻ. എസ്. മാധവൻ**

## Learning Outcomes

- എൻ. എസ്. മാധവന്റെ രചനാലോകത്തെക്കുറിച്ചുള്ള സാമാന്യപരിചയം
- 'നാലാം ലോകം'എന്ന കഥയെ സവിശേഷമായി മനസ്സിലാക്കുന്നു
- ഉത്തരാധുനിക കഥകളുടെ രൂപപരമായ ഉള്ളടക്കത്തെ സംബന്ധിച്ച ധാരണ നേടുന്നു
- സോവിയറ്റ് യൂണിയന്റെ തകർച്ച സൃഷ്ടിച്ച അസന്തുലിതാവസ്ഥകളെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നു

## Prerequisites

1948-ൽ എറണാകുളത്ത് ജനനം. എറണാകുളം മഹാരാജാസ് കോളജ്, തിരുവനന്തപുരം മാർ ഇവാനിയോസ് കോളജ്, കേരള സർവകലാശാല എന്നിവിടങ്ങളിൽ വിദ്യാഭ്യാസം, സാമ്പത്തികശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയ ശേഷം മദ്രാസ്, ഡൽഹി എന്നീ ഇടങ്ങളിൽ ജീവിതം. 1975ൽ ഐ. എ. എസ്. ലഭിച്ചു. ബീഹാർ കേഡറിൽ സർക്കാർതലത്തിൽ പ്രവർത്തനമാരംഭിച്ചു. ഇടക്കാലത്ത് കേരള സർക്കാർ ധനകാര്യവകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയായി. സർവ്വീസിൽ നിന്നു വിരമിച്ച ശേഷം ഇപ്പോൾ എറണാകുളത്ത് സ്ഥിരതാമസം.

ഹിഗ്വിറ്റ, ചൂളൈമേട്ടിലെശവങ്ങൾ, തിരുത്ത്, പര്യായകഥകൾ, നിലവിളി, പഞ്ചകന്യകകൾ എന്നിവയാണ് പ്രധാന കഥാസമാഹാരങ്ങൾ ലന്തൻബത്തേരിയിലെ ലുത്തിനിയകൾ, യാത്രാവിവരണം, മൂന്നു യാത്രകൾ, സാഹിത്യനിരൂപണം, പുറം മറുപുറം തുടങ്ങിയ നോവലുകളും രചിച്ചിട്ടുണ്ട് 'രണ്ടു നാടകങ്ങൾ' എന്ന കൃതിയും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രധാനപുരസ്കാരങ്ങളായ പത്മരാജൻ പുരസ്കാരം ( 1993), ഓടക്കുഴൽ പുരസ്കാരം (1994) കേരള സാഹിത്യഅക്കാദമി പുരസ്കാരം (ചെറുകഥ-1995), കേരള സാഹിത്യ അക്കാദമി പുരസ്കാരം (നോവൽ-2004), മുട്ടത്തുവർക്കി പുരസ്കാരം 2009, പത്മപ്രഭ പുരസ്കാരം (2010),ബഷീർ അവാർഡ് (2012), കേരള സാഹിത്യ അക്കാദമി ഫെലോഷിപ്പ് (2013), വി. കെ. എൻ അവാർഡ് (2017). തുടങ്ങിയവ നേടിയ എഴുത്തുകാരനാണ് എൻ. എസ്. മാധവൻ.

ആധുനികതയ്ക്ക് ശേഷമുള്ള മലയാളചെറുകഥാസാഹിത്യത്തിലെ ഏറ്റവും സജീവമായ ആഖ്യാനഭൂപടങ്ങളാണ് എൻ. എസ്. മാധവന്റെ കഥകൾ. ജാഗ്രത്തായ മനസ്സോടെ ചരിത്രത്തെയും രാഷ്ട്രീയത്തെയും സൂക്ഷ്മമായും ബൗദ്ധികമായും അടയാളപ്പെടുത്തുന്നവയാണ് അദ്ദേഹത്തിന്റെ കഥകൾ. ക്ലാസിക്മാനമുള്ള ഭാഷാശൈലിയും നിരന്തരം നവീകരിക്കപ്പെടുന്ന ആഖ്യാനശില്പവും ജീവിതത്തെ സൂക്ഷ്മമായി നിർധാരണം ചെയ്യുന്ന ദർശനബോധവും കൊണ്ട് മാധവന്റെ കഥാലോകം വേറിട്ട് നില്ക്കുന്നു. കെ. പി. അപ്പൻ അഭിപ്രായപ്പെട്ടതു പോലെ "മാധവന്റെ ഓരോ കഥയും ഓരോ പോപ്പുലർ ക്ലാസിക്കുകളാണ്"

1971-ൽ എഴുതിയ 'ശിശു' എന്ന കഥയിലൂടെയാണ് എൻ. എസ്. മാധവന്റെ കഥാജീവിതം ആരംഭിക്കുന്നത്. 1981 ലാണ് ആദ്യസമാഹാരമായ 'ചൂളൈമേടിലെ ശവങ്ങൾ' പ്രസിദ്ധീക

രിക്കുന്നത്. പിന്നെ നീണ്ട നിശ്ശബ്ദതയ്ക്കു ശേഷം 1990 ഡിസംബറിലാണ് 'ഹിഗ്വിറ്റ' എന്ന കഥയിലൂടെ അദ്ദേഹം രണ്ടാം വരവറിയിക്കുന്നത്. പുസ്തകരൂപത്തിൽ പുറത്തു വന്ന ഹിഗ്വിറ്റ എന്ന സമാഹാരത്തിലെ കഥകളിൽ നിന്നാണ് ആധുനികതയ്ക്ക് ശേഷമുള്ള കഥാഭാവുകത്വം വികസിച്ചുവന്നത്. സമകാലിക മലയാളചെറുകഥയുടെ ഭാവുകത്വവ്യതിയാനത്തിന്റെ സഞ്ചാരപഥങ്ങൾ അവിടെ നിന്ന് തുടങ്ങുന്നു. ഹിഗ്വിറ്റ മുതലുള്ള കഥകളിലാണ് ചരിത്രം തീവ്രമായ ആഖ്യാനവിഷയമായി മാധവന്റെ കഥകളിൽ പ്രത്യക്ഷപ്പെടുന്നത്. മാധവന്റെ കഥകളുടെ ചരിത്രബദ്ധത മലയാളചെറുകഥയുടെ സമീപഭൂതകാലത്തുണ്ടായ പരിണാമത്തോട് ബന്ധപ്പെട്ടതാണ്. അറുപതുകളിൽ ആധുനികതാപ്രസ്ഥാനത്തിന്റെ ഭാഗമായി വന്ന കൃതികൾ മിക്കവാറും ചരിത്രത്തിനുനേരേ കണ്ണടയ്ക്കുന്നവയായിരുന്നു. എന്നാൽ ഉച്ച -ആധുനികതയ്ക്കു ശേഷമുണ്ടായഭാവുകത്വപരിണാമം കൃതികളുടെ ചരിത്രാത്മകതയ്ക്ക് പ്രാധാന്യം കൊടുത്തു. തുടക്കത്തിൽ മാധവന്റെ കഥകൾ ആധുനികതാപ്രസ്ഥാനത്തിന്റെ കാലത്തെ രചനകളുടെ സ്വഭാവമാണ് പ്രകടിപ്പിക്കുന്നത്. തുടർന്ന് ആ ഭാവുകത്വത്തിൽ വേരൂന്നിക്കൊണ്ടു തന്നെ ചരിത്രബോധവും രാഷ്ട്രീയജാഗ്രതയും നേടി വളർന്നു.

ചൂളൈമേടിലെ ശവങ്ങൾക്കും ഹിഗ്വിറ്റയ്ക്കും ഇടയിലുള്ള അന്തരം കേവലം കാലത്തിന്റേതുമാത്രമല്ല. ഭാവനയുടെയും ആഖ്യാനബോധത്തിന്റെയും വലിയൊരു പിളർപ്പ് അവയ്ക്കിടയിലുണ്ട്. ആധുനികതയുടെ ലാവണ്യബോധവും ആഖ്യാനരീതിയും സ്വീകരിച്ചു കൊണ്ട് അതിന് വ്യത്യസ്തമായ വികാസം നല്കാനുള്ള ശ്രമം 'ചൂളൈമേടി'ലെ കഥകൾക്കുണ്ട്. അവിടെ നിന്നും ചരിത്രത്തിന്റെ തീവ്രമുഹൂർത്തങ്ങളുടെ ആവിഷ്ക്കാരമായി ഹിഗ്വിറ്റയിലെ കഥകൾ മാറുന്നു. 'വന്മരങ്ങൾ വീഴുമ്പോൾ' എന്ന കഥയിലെ ഒരു കല്പന ഉപയോഗിച്ച് പറഞ്ഞാൽ 'പൂപ്പ കീറി പൂമ്പാറ്റ ഉണ്ടാകുന്നതു പോലുള്ള' മാറ്റമാണ് ഹിഗ്വിറ്റതൊട്ടുള്ള കഥകളിൽ നാം കാണുന്നത്. നിലവിലിരുന്ന കഥാഖ്യാനരീതിയെ ലംഘിച്ചു കൊണ്ട് ഹിഗ്വിറ്റയിലൂടെ മാധവൻ മുന്നോട്ട് വച്ച ആഖ്യാനപ്രകാരം പിന്നീട് വന്ന പല കഥാകൃത്തുക്കളെയും സ്വാധീനിച്ചിട്ടുണ്ട്. സമകാലികകഥയുടെ കഴിഞ്ഞ രണ്ട് പതിറ്റാണ്ടിലെ ചരിത്രത്തിലേക്കു തിരിഞ്ഞു നോക്കിയാൽ ആ അടയാളങ്ങൾ തെളിഞ്ഞു വരും. ചരിത്രത്തിലേക്കും സംഭവങ്ങളിലേക്കും നടന്നു കയറാൻ മടിച്ചുനിന്ന ആത്മകേന്ദ്രിതമായ ആഖ്യാനത്തിന്റെ കളിയിടങ്ങളിലേക്ക് യാതൊരു ഗൃഹാതുരത്വവും കൂടാതെ എൻ.എസ്. മാധവൻ നടന്നുകയറുന്നു. പുതിയ അക്ഷാംശങ്ങൾ കണ്ടെത്തുന്ന കപ്പിത്താനെപ്പോലെ ആഖ്യാനത്തിന്റെ പുതുരീതികൾ അദ്ദേഹം പരീക്ഷിക്കുന്നു.

## Key Themes

സോവിയറ്റ് യൂണിയന്റെ തകർച്ച സൃഷ്ടിച്ച പ്രതിസന്ധികളെ പ്രതീകാത്മകമായി അവതരിപ്പിക്കുന്നു

## Discussion

കൂട്ടത്തിൽ ധൈഷണികവിഷയങ്ങളെ കലാസുഭഗമായ കഥകളാക്കി മാറ്റിയ എഴുത്തുകാരിൽ പ്രധാനിയാണ് എൻ. എസ്. മാധവൻ. കഥയുടെ ഭാവതീവ്രത ഒട്ടും ചോർന്നുപോകാതെ ശില്പഭദ്രമായ രചനകളായി അദ്ദേഹത്തിന്റെ കഥകൾ മാറുന്നതിന്റെ ഒരു പ്രധാന കാരണം ആ രചനകൾ മുന്നോട്ട് വയ്ക്കുന്ന സവിശേഷതകളാണ്. എൻ. എസ്. മാധവന്റെ ഓരോ കഥയും പുതുമയുള്ള ആഖ്യാനവഴികൾ തേടുന്നവയാണ്. കേരളീയജീവിതത്തിന്റെയും സംസ്കാരത്തിന്റെയും രൂപീകരണത്തിൽ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയത്തിന് നിർണ്ണായകമായ സ്ഥാനമുണ്ട്. നമ്മുടെ രാഷ്ട്രീയബോധ്യങ്ങളെയും സാംസ്കാരിക നവോത്ഥാനത്തെയും രൂപപ്പെടുത്തുന്നതിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ഏറെ പങ്കുവഹിച്ചിട്ടുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിൽ സോവിയറ്റ് യൂ

ണിയന്റെ തകർച്ച സൃഷ്ടിച്ച വൈകാരികാഘാതത്തിന്റെ കഥാഖ്യാന രൂപമാണ് 'നാലാംലോകം' എന്ന രചന. സോയൂസ് 24 എന്ന പേടകത്തിൽ സോവിയറ്റ് യൂണിയൻ ബഹിരാകാശത്തേയ്ക്കയച്ച ഇഗോൾ ബക്കുനിൻ എന്ന റഷ്യക്കാരന്റെയും ഗോവിന്ദൻകുട്ടിയെന്ന ഇന്ത്യക്കാരന്റെയും സോവിയറ്റനന്തര ബഹിരാകാശജീവിതത്തിന്റെ ശൂന്യതയാണ് കഥയുടെ ആഖ്യാനകേന്ദ്രം. സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ഇരുവരും അനാഥരാകുന്നു. മാസങ്ങൾക്ക് മുമ്പ് ബഹിരാകാശത്തെത്തുമ്പോൾ സോവിയറ്റ് യൂണിയൻ നിലവിലുണ്ടായിരുന്നു. ആ സ്ഥാനത്ത് ഇപ്പോൾ കുറേ സ്വതന്ത്രറിപ്പബ്ലിക്കുകളായ രാജ്യങ്ങൾ മാത്രം. സോവിയറ്റ് യൂണിയന്റെ ബാധ്യതകൾ ഏറ്റെടുക്കാൻ അവർ വിസമ്മതിക്കുന്നു. തിരികെയെത്താൻ ഇടം നഷ്ടപ്പെട്ടവരുടെ കഥയെന്ന നിലയ്ക്കപ്പുറം ആഖ്യാനപരമായ സവിശേഷതകൾ കൊണ്ട് സവിശേഷമായ വായനാസാധ്യതകളുള്ള രചനയാണ് 'നാലാംലോക'മെന്ന കഥ.

രണ്ട് വ്യത്യസ്ത അടരുകൾ നാലാംലോകം എന്ന കഥയ്ക്കുണ്ട്. സോവിയറ്റ് യൂണിയന്റെ തകർച്ചയെത്തുടർന്ന് ഭൂമിയിലേക്ക് മടങ്ങി വരാനാകാതെ സോയൂസ് 24-ൽ ബഹിരാകാശത്ത് കുടുങ്ങിയ ബക്കുനിന്റെയും ഗോവിന്ദൻകുട്ടിയുടെയും കഥയാണ് ഈ ആഖ്യാനത്തിന്റെ ഒന്നാമത്തെ അടര്. ഇത് ഋജുവും ലളിതവുമാണ്. ഇതിനുള്ളിൽ സങ്കീർണ്ണമായ മറ്റൊരടര് കാണാനാവും. ആഖ്യാനത്തിന്റെ ഈ രണ്ടാമത്തെ അടരാണ് കഥയെ വ്യത്യസ്ത വായനകൾക്ക് സാധ്യമാക്കുന്നത്. ഇരുപതാംനൂറ്റാണ്ടിൽ ലോകത്തെ മുഴുവൻ സ്വാധീനിച്ച കമ്മ്യൂണിസ്റ്റ് സ്വപ്നത്തിന്റെ പതനമാണ് വാസ്തവത്തിൽ കഥയിൽ ആവിഷ്ക്കരിക്കുന്നത്. ഇത് അവതരിപ്പിക്കാനുള്ള ഉപാധി മാത്രമാണ് ബക്കുനിന്റെയും ഗോവിന്ദൻകുട്ടിയുടെയും കഥ ഉൾപ്പെടുന്ന ആഖ്യാനത്തിന്റെ ഒന്നാം അടര്.

സങ്കീർണ്ണമായ രണ്ടാമടരിൽ കേരളത്തിന്റെയും സോവിയറ്റ് യൂണിയന്റെയും ചരിത്രസന്ദർഭങ്ങളും ഭൂതവർത്തമാനകാലങ്ങളും വ്യത്യസ്തകഥകളും കഥാപാത്രങ്ങളും കടന്നുവരുന്നു. കേരളത്തിലെയും സോവിയറ്റ് യൂണിയനിലെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രം സൂചിതമാകുന്ന ഈ ഉള്ളടരിൽ ഗോവിന്ദൻകുട്ടിയുടെ അച്ഛൻ, സാന്റോ ഗോപാലൻ, അറോറ മത്തായി, മജീഷ്യൻ വിജയൻ എന്നിവർ ചേർന്ന ഉപകഥകൾ കടന്നു വരുന്നുണ്ട്. മാർക്സിസ്റ്റ്പ്രത്യയശാസ്ത്രം കേരളത്തിൽ വേരോടിക്കാൻ സാധാരണക്കാർ അനുഭവിച്ച ത്യാഗങ്ങളും അവർ നയിച്ച ഒളിവ് ജീവിതത്തിലെ ദുരിതങ്ങളും ഗോവിന്ദൻകുട്ടിയുടെ ആത്മകഥനത്തിലൂടെ വെളിപ്പെടുന്നു.

പയ്യല്ലൂരിലെ കമ്മ്യൂണിസ്റ്റ് കുടുംബത്തിൽ നിന്നാണ് ഗോവിന്ദൻകുട്ടി സോവിയറ്റ് യൂണിയനിലെത്തിയത്. അച്ഛനുൾപ്പെടെയുള്ള നാട്ടിലെ സഖാക്കൾ അനുഭവിച്ച ത്യാഗത്തിന്റെ തിളയ്ക്കുന്ന ഓർമ്മകൾ ഗോവിന്ദൻകുട്ടിക്കുണ്ട്. സ്റ്റാലിന്റെ രഹസ്യപ്പോലീസ് വകവരുത്തിയ വയലിൻ വാദകന്റെ മകനാണ് ബക്കുനിൻ. സോയൂസ്-24 ന്റെ ബാധ്യത ഭൂമിയിലെ നിയന്ത്രണനിലയം ഏറ്റെടുക്കാൻ വിസമ്മതിച്ചതോടെ ബക്കുനിൻ തന്റെ മൂന്നാംലോക സുഹൃത്തായ ഗോവിന്ദൻകുട്ടിയെ ശൂന്യാകാശപേടകത്തിൽ തനിച്ചാക്കി ബഹിരാകാശത്തിന്റെ വിശാലതയിലേക്കെടുത്ത് ചാടുന്നു. മുട്ടിന്മേൽ താടിവെച്ച് ഒരു ഗർഭസ്ഥശിശുവിനെപ്പോലെ തന്റെ ഗ്രഹപഥം രചിച്ചു കൊണ്ട് ഒരു ഗ്രഹത്തെപ്പോലെ നാലാംലോകമായി അയാൾ ഭ്രമണമാരംഭിക്കുന്നു.

## നാലാംലോകത്തിന്റെ രാഷ്ട്രീയമാനങ്ങൾ

ഇരുപതാംനൂറ്റാണ്ടിൽ ലോകക്രമത്തെ മാറ്റി മറിച്ച മൂന്ന് ചരിത്രസംഭവങ്ങൾ നാലാംലോകം എന്ന കഥയുടെ ഉള്ളടരിൽ അന്തർധാരയായി നില്ക്കുന്നുണ്ട്. സോവിയറ്റ് യൂണിയന്റെ ഉദയവും അസ്തമയവും കോളനിവിമോചനവുമാണവ. കഥയുടെ സങ്കീർണ്ണമായ അന്തർഘടനയിലാണ് ഈ ആശയങ്ങളെ കഥാകാരൻ പ്രശ്നവല്ക്കരിക്കുന്നത്. ഗോവിന്ദൻകുട്ടി, ബക്കുനിൻ എന്നീ കഥാപാത്രങ്ങളിലൂടെ അവരവരുടെ നാടുകളിലെ രാഷ്ട്രീയ പശ്ചാത്തല പ്രവർത്തനങ്ങളെ കഥാകാരൻ ആവിഷ്ക്കരിക്കുന്നു. അനന്തൻനമ്പ്യാരും പയ്യല്ലൂരിലെ സഖാക്കളും, കൊടുംതണുപ്പിൽ വയലിനിന്റെ തന്ത്രികൾ

ചലിപ്പിച്ച് ഷോസ്റ്റക്കോവിച്ചിന്റെ ഏഴാം സിംഫണി വായിച്ച് നാസിജർമ്മനിയുടെ ലെനിൻഗ്രാഡ് ഉപരോധം തകർത്ത സംഗീതജ്ഞരും കഥയിൽ കറുത്തഫലിതം പോലെ നില്ക്കുന്നു. അച്ഛനെ സ്റ്റാലിൻ കൊല്ലുന്നതു കണ്ടപ്പോൾ അമ്മക്ക് ഭ്രാന്ത് വരുന്നതു കണ്ട് സ്വയം ഭ്രാന്തനാവാതിരിക്കാൻ വേണ്ടിയാണ് ബക്കുനിൻ ഭൂമിയുപേക്ഷിച്ച് വൈമാനികനായത്.

ഈ ഉപേക്ഷിക്കലിൽ കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അപചയത്തോടുള്ള പ്രതിഷേധമുണ്ട്. അത്തരം തീവ്രാനുഭവങ്ങൾ ഗോവിന്ദൻകുട്ടിക്കില്ല. സ്റ്റാലിനുണ്ടായതു കൊണ്ട് മാത്രമാണ് ഗോവിന്ദൻകുട്ടിക്ക് സ്പെയിസിൽ പോകാനായതെന്നു വിശ്വസിക്കുന്ന പയ്യല്ലൂരുകാരുടെ നിഷ്ക്കളങ്കമായ ഭാവത്തിനും യാഥാർത്ഥ്യത്തിനുമിടയിലുള്ളതാണ് അയാളുടെ ജീവിതം. ചരിത്രം ഒരു ഒഴിയാബാധ പോലെ അയാളെ പിന്തുടരുന്നു. ഏകാന്തത്തടവുകാർക്ക് ഭ്രാന്തു പിടിക്കാതിരിക്കാൻ എ. കെ. ജി. പറഞ്ഞുകൊടുത്ത വിദ്യ ഒരു അസംബന്ധഫലിതം പോലെ ബഹിരാകാശപേടകത്തിനുള്ളിൽ അയാൾ പ്രയോഗിക്കുന്നു. ചരിത്രത്തിന്റെ മുറിവുകൾ ചുമക്കുന്ന ബക്കുനിനും ആ മുറിവുകളുടെ അർത്ഥവും ആഴവുമറിയാതെ അവയെ പടനായകരുടെ കുപ്പായത്തിലെ പതക്കങ്ങൾ പോലെ അണിഞ്ഞ് ഗോർബച്ചേവിന്റെ തലയിലെ മറുക് അമേരിക്കയുടെ ഭൂപടമാണെന്നും അയാൾ അന്തിമാർക്സാണെന്ന് പറഞ്ഞ് ജീവിക്കുന്ന കമ്മ്യൂണിസ്റ്റുകാരുടെ നാട്ടിൽ നിന്ന് വരുന്ന ഗോവിന്ദൻകുട്ടിയെയും സഹാനുഭൂതിയോടെയേ നമുക്ക് കാണാനാകൂ.

ഇടപ്പള്ളി പോലീസ് സ്റ്റേഷൻ ആക്രമണത്തിന്റെ പേരിൽ പോലീസിന്റെ മൃഗീയ പീഡനങ്ങൾക്കിരയായപ്പോൾ സാന്റോ ഗോപാലൻ അലറിയ, തൃശ്നപ്പള്ളി ഗോൾഡൻ റോക്ക് റെയിൽവേ കോളനിയിലെ രക്തസാക്ഷി മണ്ഡപത്തിൽ എഴുതി വെച്ച വാക്കുകൾ അയാൾ അട്ടഹസിക്കുന്നു. "ആനാൽ തൊഴിലാളി വർകം അഴിക്കപ്പെടവില്ലൈ. മേലും ഒൻറു പെട്ട് മുന്നേറുകിതു. തിയാകികളുക്ക് പുരച്ചിവണക്കം." ചരിത്രത്തിന്റെ ബാധ്യതകളെയും അവശിഷ്ടങ്ങളെയും ഏറ്റെടുക്കാൻ റഷ്യ വിസമ്മതിക്കുകയും ബഹിരാകാശത്ത് ഒറ്റപ്പെടുകയും ചെയ്ത ബഹിരാകാശപേടകത്തിലെ ശൂന്യതയിൽ മുഴങ്ങുന്ന ഈ വാക്കുകൾ ഒരു ദുരന്തഫലിതമായി മാറുന്നു.

മൂന്ന് വ്യത്യസ്തകാലങ്ങൾ നാലാംലോകത്തിന്റെ ആഖ്യാനഘടനയിൽ എൻ.എസ്. മാധവൻ ഇടകലർത്തുന്നുണ്ട്. ആയിരത്തിതൊള്ളായിരത്തി നാല്പതുകളിൽ പയ്യല്ലൂരിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവിർഭാവകാലമാണ് ഒന്നാമത്തേത്. ഗോവിന്ദൻ കുട്ടിക്ക് മുമ്പുള്ള തലമുറയുടേതാണ് ആ കാലം. സോവിയറ്റ് യൂണിയനിലാകട്ടെ അത് സ്റ്റാലിന്റെ ഭരണകാലവും. നാസികൾക്കെതിരെ തന്റെ ഉരുക്കുമുഷ്ടികൾ കൊണ്ട് സ്റ്റാലിൻ പ്രതിരോധം തീർത്ത കാലം കൂടിയാണിത്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വ്യവസ്ഥാപിതമാകുന്നതാണ് കഥയിൽ ആവിഷ്ക്കരിക്കപ്പെടുന്ന രണ്ടാമത്തെ കാലം. ഗോവിന്ദൻകുട്ടി ബഹിരാകാശയാത്രക്കായി സോവിയറ്റ് യൂണിയനിലേക്ക് പുറപ്പെടുന്നതിന് മുമ്പുള്ളതാണ് ഈ കാലം. മൂന്നാം ലോകത്തിന്റെ പ്രതിനിധിയായി ഗോവിന്ദൻകുട്ടി ബഹിരാകാശപേടകത്തിൽ കഴിയുന്ന വർത്തമാനകാലമാണ് കഥയിൽ ആവിഷ്ക്കരിക്കപ്പെടുന്ന മൂന്നാമത്തെ കാലം അതത് കാലത്തോടൊപ്പം വ്യത്യസ്ത സ്ഥലങ്ങളും ഇതിൽ ഇടകലരുന്നു. പയ്യല്ലൂർ ഗ്രാമം, സോവിയറ്റ് യൂണിയൻ, ബഹിരാകാശം എന്നിവയാണ് കഥയിലെ മൂന്ന് ഇടങ്ങൾ. ഇതിൽ ബഹിരാകാശമെന്ന മൂന്നാംലോകമാണ് നാലാംലോകമെന്ന കഥയുടെ ആഖ്യാനകേന്ദ്രം. സോവിയറ്റ് യൂണിയൻ ഇല്ലാതായി സ്പേസ് ഷട്ടിലും കൺട്രോൾറൂമുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയും ചെയ്തതോടെ ഗോവിന്ദൻകുട്ടിയും ബക്കുനിനും അനന്തമായി ബഹിരാകാശത്ത് ഭ്രമണംചെയ്യുന്ന ഗ്രഹങ്ങളായി മാറുന്നു. ഇതിവൃത്തത്തിൽ താരതമ്യേന കുറച്ച് സമയം മാത്രം കടന്നുവരുന്ന ഈ ആഖ്യാനസ്ഥലമാണ് മറ്റ് രണ്ട് ഇടങ്ങളിലേക്കു വികസിച്ച് കഥാഘടനയെ നിർണ്ണയിക്കുന്നത്.

'നാലാംലോകം' എന്ന ചെറുകഥ ആരംഭിക്കുന്നത് തന്നെ സവിശേഷമായ ശൈലിയിലാണ്. "ഒരിക്കൽ ഒരു റഷ്യക്കാരനും ഇന്ത്യക്കാരനും

ഉണ്ടായിരുന്നു. ഒരിക്കൽ എന്ന് വെറും ഒരു ഒഴുക്കിൽ പറഞ്ഞു പോയതാണ്. അവർ ഇപ്പോഴും ഉണ്ട്". ഇത് യാഥാർത്ഥ്യമല്ല, കഥയാണ് എന്ന് വായനക്കാരെ ബോധിപ്പിക്കാൻ നാടോടികഥകൾ പണ്ട് അനുവർത്തിച്ചിരുന്ന ശൈലിയാണ്. ഈ രീതി (പണ്ട് പണ്ട് ഒരിക്കൽ ഒരിടത്ത് എന്നിങ്ങനെ കഥകൾ പറയുന്ന ശൈലി). എന്നാൽ അവർ ഇപ്പോഴും ഉണ്ട് എന്ന പ്രസ്താവനയുടെ ധ്വനി കഥാന്ത്യത്തിൽ മാത്രമേ വായനക്കാരന് മനസ്സിലാകൂ. ബഹിരാകാശത്തിൽ മൃതശരീരങ്ങളായി അവർ ഇപ്പോഴുമുണ്ട് എന്നതാണ് ഇതിന്റെ ആന്തരാർത്ഥം.

"ബകുനിൻ കൊളുത്ത് വേർപെടുത്തി മുന്നോട്ട് കുതിച്ചു. കുറച്ചു ദൂരം വളഞ്ഞുപുളഞ്ഞ് റഷ്യൻ ഭാഷയിൽ എന്തോ എഴുതികൊണ്ട് അയാൾ നീങ്ങി. സിറിലിക് ലിപികളുടെ ചതുരവടിവുകൾ അവസാനിച്ചപ്പോൾ മുട്ടിന്റെ മേൽ താടി വച്ചിരുന്ന് ബകുനിൻ നേർവരയിൽ തന്റെ ഗ്രഹപഥം രചിക്കുവാൻ തുടങ്ങി" എന്നിങ്ങനെയാണ് കഥ അവസാനിക്കുന്നത്. ബകുനിന്റെ മരണത്തെ വൈകാരികതയില്ലാതെ, ആലങ്കാരികമായും എന്നാൽ നിസ്സംഗമായും അവതരിപ്പിച്ചിരിക്കുന്നു. ഉത്തരാധുനിക ഐറണിയുടെ ഏറ്റവും മികച്ച മാതൃകകളിൽ ഒന്നാണ് ഈ കഥ. ഇടതുപക്ഷത്തിന്റെ അന്ധമായ സോവിയറ്റ് പക്ഷപാതത്തിനെതിരെയുള്ള വിമർശനമായും നാലാംലോകത്തെ വിലയിരുത്താം. ഇങ്ങനെ നിരവധി അർത്ഥതലങ്ങളുള്ള ശ്രദ്ധേയമായ ഒരു രാഷ്ട്രീയകഥയായി നാലാം ലോകം മാറുന്നു.

## Recap

- ഉത്തരാധുനിക കഥാകൃത്തുക്കളുടെ കൂട്ടത്തിൽ ധൈഷണികവിഷയങ്ങളെ കലാസുഭഗമായ കഥകളാക്കി മാറ്റിയ എഴുത്തുകാരിൽ പ്രധാനിയാണ് എൻ.എസ്. മാധവൻ
- സോവിയറ്റ് യൂണിയന്റെ തകർച്ച സൃഷ്ടിച്ച വൈകാരികാഘാതത്തിന്റെ കഥാഖ്യാനരൂപമാണ് 'നാലാംലോകം' എന്ന രചന
- ഇരുപതാം നൂറ്റാണ്ടിൽ ലോകത്തെ മുഴുവൻ സ്വാധീനിച്ച കമ്യൂണിസ്റ് സ്വപ്നത്തിന്റെ പതനമാണ് നാലാം ലോകത്തിന്റെ പ്രമേയം
- വ്യത്യസ്ത സ്ഥലകാലങ്ങളെ ഇടകലർത്തുന്ന ആഖ്യാനം നാലാം ലോകത്തിന്റെ രൂപഘടനയെ നിർണ്ണയിക്കുന്ന സവിശേഷതയാണ്
- ഭാരതീയ കഥപറച്ചിൽ രീതിയുടെ സ്വാധീനത നാലാം ലോകത്തിൽ കാണാം
- ഉത്തരാധുനിക ഐറണിയുടെ ഏറ്റവും മികച്ച മാതൃകകളിൽ ഒന്നാണ് നാലാംലോകം എന്ന കഥ

## Objective Type Questions

1. 'നാലാംലോക'ത്തിൽ ആവിഷ്കരിക്കുന്ന പ്രധാന പ്രമേയമെന്ത്?
2. നാലാംലോകത്തിലെ ഇതിവൃത്തം നടക്കുന്ന പ്രധാന ഇടമേത്?
3. കേരളത്തിലെ കമ്യൂണിസ്റ്റ് ജീവിതപശ്ചാത്തലം കഥയിൽ ആരുടെ ആത്മകഥനത്തിലൂടെയാണ് വെളിപ്പെടുന്നത്?
4. നാലാംലോകത്തിന്റെ ആഖ്യാനത്തിൽ ഇടകലരുന്ന ചരിത്ര സംഭവങ്ങളേവ?
5. കേരളത്തിലെ ഏത് സ്ഥലത്തെ മുൻനിർത്തിയാണ് കമ്യുണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ ചരിത്രം കഥയിൽ വിവരിക്കുന്നത്?
6. ഉത്തരാധുനിക കഥാഖ്യാനത്തിന്റെ ഏത് സവിശേഷതയാണ് നാലാം ലോകം പ്രകടിപ്പിക്കുന്നത്?

7. 'എൻ. എസ്.മാധവന്റെ ഓരോ കഥയും ഓരോ പോപ്പുലർ ക്ലാസ്സിക്കുകളാണെന്ന്' വിലയിരുത്തിയതാര്?
8. എൻ. എസ്. മാധവന്റെ ആദ്യകഥയേത്?

## Answers

1. സോവിയറ്റ് യൂണിയന്റെ പതനം
2. ബഹിരാകാശത്തെ സോയൂസ് പേടകം.
3. ഗോവിന്ദൻകുട്ടിയുടെ
4. സോവിയറ്റ് യൂണിയന്റെ ഉദയവും അസ്തമയവും കോളനിവിമോചനവും.
5. പയ്യല്ലൂർ ഗ്രാമം.
6. ഐറണി
7. കെ. പി. അപ്പൻ
8. ശിശു

## Assignments

1. നാലാം ലോകം എന്ന കഥയുടെ പ്രസക്തി ചർച്ചചെയ്യുക
2. എൻ. എസ്. മാധവന്റെ മറ്റൊരുകഥയുടെ ആസ്വാദനം തയ്യാറാക്കുക

## Suggested Readings

1. എൻ. എസ്. മാധവൻ, എൻ. എസ്. മാധവന്റെ കഥകൾ സമ്പൂർണ്ണം, ഡി. സി. ബുക്സ്, കോട്ടയം, 2011.
2. ഡോ. ദിവ്യ ധർമ്മദത്തൻ, ആഖ്യാനവും രാഷ്ട്രീയവും എൻ. എസ്. മാധവന്റെ കഥകളിൽ, കൈരളി ബുക്സ്, കണ്ണൂർ, 2017.
3. ഡോ. ഇ. ബാനർജി, ചരിത്രത്തിന്റെ ബലിഗാഥകൾ, കറന്റ് ബുക്സ് കോട്ടയം, 2016.
4. കെ. എസ്. രവികുമാർ, കഥയും ഭാവുകത്വപരിണാമവും, കറന്റ് ബുക്സ്, കോട്ടയം, 2002.
5. പി. സുധാകരൻ, എൻ. എസ്. മാധവൻ മൊഴിയടയാളങ്ങൾ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.

# യൂണിറ്റ് - 3
# പ്രേമവും വിവാഹവും
## വി. കെ. എൻ.

## Learning Outcomes

- വി. കെ. എൻ. എന്ന എഴുത്തുകാരനെക്കുറിച്ച് അറിവ് നേടുന്നു
- ഹാസ്യത്തിന്റെ മേമ്പൊടിചേർത്ത് ജീവിതത്തിലെ സങ്കീർണ്ണതകളെ അവതരിപ്പിക്കുന്ന രചനാരീതി പരിചയപ്പെടുന്നു
- മലയാള കഥാ സാഹിത്യത്തിൽ വി. കെ. എൻ. എന്ന എഴുത്തുകാരനുള്ള പ്രാധാന്യം മനസ്സിലാക്കുന്നു
- പ്രേമവും വിവാഹവും എന്ന കഥയെ സവിശേഷമായി വിശകലനം ചെയ്യുന്നു

## Prerequisites

കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിയ 'പയ്യൻ കഥകൾ'. കേരള സാഹിത്യ അക്കാദമി അവാർഡു നേടിയ 'ആരോഹണം'. 'സർ ചാത്തു'വിന്റെ വിരേതിഹാസമായ 'പിതാമഹനും' വി. കെ. എൻ. സാഹിത്യത്തിന്റെ കേന്ദ്രമായി കരുതാമെങ്കിലും, പാത്രസൃഷ്ടിയിലെയും രചനാരീതിയിലെയും വിഷയപ്രതിപാദനത്തിലെയും അനന്യതകൊണ്ടും ഭാഷാപ്രയോഗത്തിലെ ഉജ്ജ്വലമാർന്ന ശൈലിവിശേഷം കൊണ്ടും അദ്ദേഹത്തിന്റെ എല്ലാ കൃതികളും സവിശേഷമായി രേഖപ്പെടുത്തേണ്ടവയാണ്. കുഞ്ചൻ നമ്പ്യാരിലൂടെ പ്രോത്ഘാടനം ചെയ്യപ്പെട്ട സാമൂഹ്യവിമർശനസമ്പ്രദായം, സഞ്ജയനിലൂടെയും ഇ. വി. കൃഷ്ണപിള്ളയിലൂടെയും വി. കെ. എന്നിലെത്തി നിൽക്കുമ്പോൾ കാണുന്നത് മലയാളിയുടെ സ്വതസിദ്ധമായ ആക്ഷേപഹാസ്യത്തിന്റെ വികാസ ചരിത്രമാണ്. മലയാളസാഹിത്യത്തിന്റെ വികാസപരിണാമങ്ങളെ പരിശോധിച്ചാൽ തനതും വ്യക്തിത്വമാർന്നതുമായ ശൈലീപരമായ മാറ്റത്തിലൂടെ അതുവരെ അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത കഥാപ്രപഞ്ചത്തിലേക്ക് അസ്വാദകനെ നയിക്കാനും പുതിയൊരു ഭാവുകത്വം പകർന്നു തരാനും കഴിഞ്ഞു എന്നുള്ളിടതാണ് വി.കെ. എൻ. എന്ന എഴുത്തുകാരൻ വ്യത്യസ്തനാകുന്നത്.

വി. കെ. എൻ. സാഹിത്യത്തിൽ വൈവിധ്യമാർന്ന ധാരാളം കഥാപാത്രങ്ങളുള്ളതുപോലെ അല്പനേരം കൊണ്ട് ചിരിയുടെയും ചിന്തയുടെയും പുതിയ തലത്തിലേക്ക് നയിക്കുന്ന കഥാസന്ദർഭങ്ങളും കാണാൻ കഴിയും. ഭാഷയുടെ മാന്ത്രികപ്രയോഗത്തിലൂടെ സൃഷ്ടിച്ചെടുക്കുന്ന ചിരിയിലധിഷ്ഠിതമായ ജീവിതദർശനം ഉള്ളിൽ കോരിയിടുന്ന വേദനകൾ മായ്ച്ചാലും മായാത്തവയാണ്. അതാണ് വി. കെ. എൻ. ഹാസ്യത്തിന്റെ പ്രസക്തി ചിരി ഒരു മുറിവായി മാറുന്നു.

മലയാള സാഹിത്യത്തിൽ സവിശേഷമായ ഒരു സ്ഥാനം നേടിയ എഴുത്തുകാരനാണ് വി. കെ. എൻ. വടക്കേ കൂട്ടാല നാരായണൻകുട്ടി നായർ എന്നാണ് അദ്ദേഹത്തിന്റെ പൂർണമായ നാമം. ഹാസ്യത്തിന്റെ വിവിധ തലങ്ങൾ വി. കെ. എൻ. തന്റെ കൃതികളിൽ ആവതരിപ്പിച്ചു. ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന വി. കെ. എൻ. ശൈലി ആർക്കും അനുകരിക്കാൻ കഴിയാത്ത ഒന്നാണ്. 'പയ്യൻ' എന്ന കഥാപാത്രത്തെ കേന്ദ്രമാക്കികൊണ്ട് അദ്ദേഹം നിരവധി രചനകൾ നിർവഹിച്ചു. അനുകരിക്കാനും വിവർത്തനം ചെയ്യാൻ ബുദ്ധി

മുട്ടുമുള്ള ശൈലിയാണ് വി. കെ. എന്നിന്റെ എഴുത്തിനെ വ്യതിരിക്തമാക്കുന്ന ഘടകം. സംഭാഷണത്തിൽ കൊണ്ടുവരുന്ന ചില പുതുമകൾ ചിരി സൃഷ്ടിക്കുന്നതോടൊപ്പം ചിന്തയെ തേച്ച് മിനുക്കുന്നവകൂടിയാണ്. കഥയുടെ അവസാനത്തിൽ അദ്ദേഹം സൃഷ്ടിക്കുന്ന ട്വിസ്റ്റ് കഥയുടെ ഘടനയെ തന്നെ മാറ്റി മറിക്കുന്നു. ഇത് അദ്ദേഹത്തിന്റെ കഥകൾക്ക് ഗൗരവമാർന്ന വായനാസമൂഹത്തെ സൃഷ്ടിച്ചിട്ടുണ്ട്.

## Key Themes

ഫ്യൂഡൽ പ്രമാണിത്തത്തിന്റെ മനോവ്യാപാരങ്ങളും പൊള്ളത്തരങ്ങളുമാണ് പ്രേമവും വിവാഹവും എന്ന കഥയുടെ കേന്ദ്ര പ്രമേയം

## Discussion

അയ്യപ്പൻനായരുടെ പൂർവ്വികർ സാമൂതിരിയുടെ പടനായകന്മാരായിരുന്നു. കൊല്ലിനും കൊലയ്ക്കും അവകാശമുണ്ടായിരുന്നവർ. എന്നാൽ ഇപ്പോൾ തറവാടുമുടിഞ്ഞതിനാൽ ചായക്കച്ചവടമാണ് തൊഴിൽ. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ തറവാടു പൊളിച്ചു വിറ്റു. സ്വത്തിന്റെ മറ്റൊരവകാശിയും മൈനറും മരുമകനുമായ അപ്പുണ്ണിയെയും സഹായത്തിനായി കൂട്ടി. ആദ്യകാലത്ത് പററുവരവ് മഹാമോശമായിരുന്നു. അയ്യപ്പൻനായരുടെ നിലയിലുള്ള ഒരു നായർ ചായക്കച്ചവടം ചെയ്യുന്നതിനെ സമുദായത്തിൽ നിന്നുള്ള ചിലർ തന്നെ എതിർത്തു. പിന്നീട് അവർ കടമായി ചായ കുടിക്കാൻ തുടങ്ങി. അങ്ങനെ പറ്റു വർദ്ധിക്കുകയും വരവ് കുറയുകയും ചെയ്തു. അയ്യപ്പൻ നായരുടെ മകളാണ് സുന്ദരിയായ അമ്മു എന്ന അമ്മിണി. അപ്പുണ്ണിയുടെ കഠിനാധ്വാനത്തിലൂടെ ചായക്കച്ചവടം പതുക്കെ പുരോഗമിച്ചു. അമ്മായിയമ്മ അപ്പുണ്ണിയുടെ പേര് പറഞ്ഞ് അമ്മുവിനോട് കൊഞ്ചി. അമ്മു അവനുള്ളതാണെന്ന് അയ്യപ്പൻനായരും നാട്ടുകാരോടായി പറഞ്ഞു. ഈ വാക്കുകൾ അപ്പുണ്ണിയുടെ കാതിലുമെത്തി. സംതൃപ്തനായ അപ്പുണ്ണി ചായക്കടയിലെ തന്റെ ജോലി കൂടുതൽ ഉഷാറോടെ ചെയ്തു.

ആയിടക്കാണ് നാട്ടിലെ പുതിയ എലിമെന്ററി സ്കൂളിലേക്ക് സുമുഖനായ പണിക്കർ അധ്യാപകനായി എത്തുന്നത്. അയ്യപ്പൻനായരുടെ കടയിൽ പററുവരവ് തുടങ്ങിയ മാസ്റ്റർ അമ്മുവുമായി കൊഴുത്ത പ്രണയത്തിലായി. അങ്ങനെ നായകനായ അപ്പുണ്ണി വില്ലനായി മാറി. കഥകൾ അപ്പുണ്ണിയുടെ ചെവിയിലുമെത്തി. എന്നാൽ അയ്യപ്പൻ നായരും ഭാര്യയും ഇക്കാര്യത്തിൽ ബോധപൂർവം മൗനം പാലിച്ചു. ആധിപൂണ്ട അപ്പുണ്ണി അമ്മുവുമായുള്ള തന്റെ വിവാഹം നടത്താൻ എന്തിന് വൈകുന്നുവെന്ന് അയ്യപ്പൻ നായരോട് ചോദിച്ചു. "വരട്ടെ നീ ആധിപ്പെടേണ്ടതില്ല" എന്ന മറുപടിയാണ് കിട്ടിയത്. മാസ്റ്റർ അമ്മുവിനോടുള്ള തന്റെ താത്പര്യം ഔപചാരികമായി അയ്യപ്പൻനായരെ അറിയിച്ചു. അമ്മയുടെ സമ്മതം വാങ്ങാൻ അയ്യപ്പൻനായർ പറഞ്ഞു. അമ്മയ്ക്ക് സമ്മതമില്ലെന്നുള്ള കാര്യം മാസ്റ്റർ അറിയിച്ചു. അയ്യപ്പൻനായർ മാസ്റ്ററുടെ വീട്ടിലെത്തി അമ്മയുമായി സംസാരിച്ചെങ്കിലും അവർ വഴങ്ങിയില്ല. വാശി കയറിയ അയ്യപ്പൻനായർ ഈ കല്യാണം നടത്തണമെന്ന് ഉറപ്പിച്ചു. അമ്മാവനും അമ്മുവും തന്നെ ചതിച്ചതിൽ അപ്പുണ്ണി പ്രതിഷേധിച്ചു. പ്രതിഷേധം ചായപ്പീടികയിലെ പണിയിൽ പ്രതിഫലിച്ചു. അയ്യപ്പൻനായർ അവനെ സമാധാനിപ്പിക്കാൻ നോക്കി. "എടാ പൊട്ടാ" അയ്യപ്പൻ നായർ പറഞ്ഞു."നിന്നെ വിട്ടിട്ട് എനിക്ക് കളിയുണ്ടോ? നമ്മുടെ അമ്മു പോയാപ്പിന്നെ നിനക്കു കൊണ്ടുവരുന്ന പെണ്ണാണ് എന്റെ കുട്ടി." അപ്പുണ്ണി അയ്യപ്പൻനായരുടെ സൂത്രത്തിൽ വീണില്ല. തറവാടു പൊളിച്ചു വിറ്റ വകയിലുള്ള തന്റെ ഭാഗം അവൻ ആവശ്യപ്പെട്ടു. തമിഴകത്തോ മറേറാ പോയി പെഴയ്ക്കാൻ തനിക്കുമറിയാമെന്നവൻ വെല്ലു വിളിച്ചു. അയ്യപ്പൻ നായർ ധർമ്മസങ്കടത്തിലായി.

പലരുടേയും ഉപദേശത്താൽ അപ്പുണ്ണി ഒടുവിൽ കാര്യങ്ങൾക്കു വഴങ്ങി. നാലാൾ പറയട്ടെ അയ്യപ്പൻനായർ ചെറ്റയും അപ്പുണ്ണി തറവാടിയുമാണെന്ന്. പക്ഷേ കല്യാണപ്പിറ്റേന്നു തന്നെ താൻ മലയാളരാജ്യം വിടുമെന്നവൻ വാശിപിടിച്ചു. രാത്രി എട്ടിനു ശേഷമുള്ള മുഹൂർത്തത്തിൽ വിവാഹം നടത്താൻ നിശ്ചയിച്ചു. വീടും പറമ്പും പണയപ്പെടുത്തി അഞ്ഞൂററുറുപ്പിക വാങ്ങി. ഒരുക്കങ്ങൾ ഗംഭീരമാക്കി. കല്യാണദിവസം രാവിലെയാണ് കരുണാകരൻനായർ അറിയിക്കുന്നത് മാസ്റ്ററെ കാണാനില്ല. വീട്ടിൽ അമ്മ മുറിയിലിട്ട് പൂട്ടിയെന്നാണ് പുറത്ത് സംസാരം. തലേന്ന് രാത്രിയും മാസ്റ്ററെയും കൂട്ടുകാരെയും കണ്ടതായി പീടികക്കാരൻ വേലായുധൻ പറഞ്ഞു. അയ്യപ്പൻനായർ മഴ നനഞ്ഞ മാതിരി വിയർത്തൊഴുകി. ഒടുവിൽ അയ്യപ്പൻനായരും സുഹൃത്തും കൂടി മാസ്റ്ററുടെ വീടു വരെ പോയി അന്വേഷിച്ചെങ്കിലും മാസ്റ്ററെ കണ്ടെത്താനായില്ല. ഗത്യന്തരമില്ലാതെ  അധികാരിയുടെ തീരുമാനപ്രകാരം വിവാഹം നിശ്ചയിച്ച സമയത്തു തന്നെ നടത്താൻ തീരുമാനിച്ചു;വരൻ അപ്പുണ്ണി. ആദ്യം അപ്പുണ്ണി വഴങ്ങിയില്ലെങ്കിലും അയ്യപ്പൻനായരുടെ കണ്ണിരിനു മുന്നിൽ അവൻ കീഴടങ്ങി. നിശ്ചയിച്ച സമയത്ത് വിവാഹം നടന്നു. പതിവുപോലെ സദ്യ കഴിച്ച് ഏമ്പക്കമിട്ടുകൊണ്ട് അതിന്റെ കുറവുകൾ പലരും പറഞ്ഞു.

ആളുകൾ പിരിയാൻ തുടങ്ങവേയാണ് അകലെ നിന്നും ഒരു പെട്രോമാക്സ് വെളിച്ചം അടുത്തേക്ക് വരുന്നത് കാണുന്നത്. വിവാഹത്തിനായി മാസ്റ്ററും സംഘവും എത്തുകയാണ്. അമ്മ വിവാഹപ്പന്തലിൽ വന്ന് തൂങ്ങിച്ചാവുമെന്ന് പേടിപ്പിച്ചതിനാൽ സമയത്ത് എത്തിച്ചേരാമെന്ന് നിശ്ചയിച്ച് മാസ്റ്റർ തല്ക്കാലം മാറി നില്ക്കുകയായിരുന്നു. നാട്ടുകാരുടെയും അധികാരിയുടെയും എതിർപ്പ് അവഗണിച്ച് മാസ്റ്ററെ അമ്മുവിന് തന്നെ നലകാൻ സാധിക്കുമോ എന്ന് അയ്യപ്പൻ നായർ പരിശ്രമിക്കുന്നു. വിവാഹം കഴിഞ്ഞ് വരനും വധുവും മണിയറയിലാണ്. വാതില്ക്കൽ മുട്ടിയ അയ്യപ്പൻനായരോട് അത് നടക്കില്ലെന്ന് അപ്പുണ്ണി ശബ്ദമുയർത്തി പറഞ്ഞു. അമ്മുവിന്റെ ശബ്ദമൊന്നും കേൾക്കാതായതോടെ എല്ലാവർക്കും സംശയമായി. അപ്പുണ്ണി വല്ലതും ചെയ്തിരിക്കുമോ? എന്നാൽ ഒടുവിൽ അമ്മുവിന്റെ ശബ്ദം എല്ലാ സംശയങ്ങൾക്കും അറുതിവരുത്തി. അമ്മു തന്റെ നിലപാട് വ്യക്തമാക്കി.

“ആണുങ്ങളായാൽ നേരും നെറിം വേണം. കടന്നു പൂവ്വാൻ പറയിൻ അച്ഛാ” അതോടെ തീരുമാനം വേഗത്തിലായി. വി. കെ. എൻ തന്റെ സ്വതസിദ്ധമായ ശൈലിയിൽ ഇങ്ങനെയാണ് കഥ അവസാനിപ്പിക്കുന്നത് “ആ നിലയ്ക്ക്, പിറ്റേന്ന് പ്രഭാതമാകുമ്പോഴേക്കും  അന്ത്യകൂദാശകളെല്ലാം നിർവഹിച്ച ശേഷം മാസ്റ്ററുടെ ആത്മാവ് കർത്താവിൽ  അന്ത്യനിദ്രപ്രാപിക്കേണ്ടതാകുന്നു.”

വി. കെ. എന്നിന്റെ കഥകളുടെ പൊതുസവിശേഷതകൾ ഒത്തിണങ്ങിയ  കഥയാണ് പ്രേമവും വിവാഹവും. അപ്പുണ്ണിയെന്ന ‘പൊട്ട’നെ ചതിക്കാൻ നോക്കിയ അയ്യപ്പൻ നായർക്കും മകൾ  അമ്മുവിനും ലഭിച്ച തിരിച്ചടിയാണ് ഹാസ്യത്തിൽ ചാലിച്ച് വി. കെ. എൻ. അവതരിപ്പിക്കുന്നത്. അതോടൊപ്പം പച്ചില കാണിച്ച് മാടുകളെ പ്രലോഭിപ്പിച്ച് നടത്തിക്കുന്നതു പോലെ മകളെ വിവാഹം ചെയ്തു കൊടുക്കാമെന്ന് വിശ്വസിപ്പിച്ച് മാടിനെപ്പോലെ അനന്തിരവനെ പണിയെടുപ്പിക്കുന്ന പഴയ തറവാട്ടുകാരണവരുടെ കൊള്ളരുതായ്മയും ‘കാമ്യ പരിഗ്രഹേച്ഛയിൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന നാരി’മാരുടെ ജീവിതത്തെയും വി. കെ. എൻ. അവതരിപ്പിക്കുന്നുണ്ട്. ആഡംബരത്തിനായി വീടും പറമ്പും വിൽക്കുവാൻ തയ്യാറാകുന്ന പഴയ പ്രമാണിത്തത്തിന്റെ പ്രതിനിധികൂടിയാണ് അയ്യപ്പൻ നായർ. ഈ പ്രമാണിത്തമാണ് അനന്തരവനെ ചതിക്കാനും മകളെ ഒരു കളിപ്പാവയെപ്പോലെ ചലിപ്പിക്കാനും അയ്യപ്പൻനായരെ പ്രേരിപ്പിക്കുന്നത്. മരുമകനെ പ്രലോഭിപ്പിച്ച് കബളിപ്പിക്കുന്ന അയാൾക്ക് അധികാരിയുടെയും നാട്ടുകാരുടെയും മുന്നിൽ നിസ്സഹായനായി പിടിവാശി ഉപേക്ഷിക്കേണ്ടിവരുന്നു. വിവാഹത്തിന് മുമ്പ് നാടുവിട്ട് മാറി നിന്ന മാസ്റ്റർ പിന്നീട് മടങ്ങിയെത്തുമ്പോൾ തന്റെ ഇംഗിതം വീണ്ടും നിർബന്ധപൂർവം നടത്താനാണ് അയ്യപ്പൻനായർ ശ്രമിക്കുന്നത്. അതുവരെ അമ്മാവനെ അനുസരിച്ചു നടന്ന ‘പൊട്ടൻ’ അപ്പുണ്ണി പ്രതിഷേധിക്കുന്നു. “കടന്നു പൊയ്ക്കോ തന്തേ” എന്നലറി ഇനിയും തന്നെ പൊട്ടനാക്കാൻ നിന്നു കൊടുക്കില്ലെ

ന്ന് തെളിയിക്കുന്നു. അതോടൊപ്പം ആശാന്റെ സീതയെപ്പോലെ 'ശരി പാവയോ ഇവൾ' എന്ന് പ്രഖ്യാപിച്ച് നാട്ടുനടപ്പിനെയും പഴകിയ വൃത്തി കെട്ട തറവാടിത്ത ഘോഷണത്തെയും പുരുഷ നീതി യെയും ചോദ്യം ചെയ്ത് തന്റെ ജീവിതം അമ്മു തെരഞ്ഞെടുക്കുന്നു.

### സാമൂഹികവിമർശനപാഠങ്ങൾ

ഫ്യൂഡൽ മനോഭാവവും മാടമ്പിത്തങ്ങളും നടത്തുന്ന അടിച്ചമർത്തലുകൾക്കെതിരേ കലാപത്തിന്റെ ശബ്ദമുയർത്താൻ ധിക്കാരത്തിന്റെ സ്വരവുമായി എക്കാലത്തും ചില ഹാസ്യപ്രതിഭകൾ ജനിക്കും. സമകാലിക സമൂഹത്തിന്റെ ഫ്യൂഡൽ മനസ്സിനെതിരേ തുള്ളൽക്കലയിലൂടെ നമ്പ്യാർ കലാപം നടത്തിയെങ്കിൽ തന്റെ നോവലുകളിലൂടെയും കഥകളിലൂടെയും അതിനു സമാനമായൊരു മുന്നേറ്റമാണ് വി. കെ. എൻ. നടത്തിയത്. ചിരിയിൽ പൊതിഞ്ഞ സാമൂഹികവിമർശനമായിരുന്നു രണ്ടു പേരുടെയും എഴുത്തിന്റെ കാതൽ. എന്നാൽ കുഞ്ചനെയും വെല്ലുന്ന ജീനിയസ്സായാണ് വി. കെ. എൻ. വിലയിരുത്ത പ്പെടുന്നത്. "സഞ്ജയനെയും കുഞ്ചനെയും ഈ മനുഷ്യൻ കടത്തിവെട്ടുന്നുവെന്ന്" ഒ. വി. വിജയൻ പറഞ്ഞത് അതുകൊണ്ടാണ്. വി. കെ. എൻ. കൃതികളിലെ ഭാഷാസ്വരൂപത്തെയും ഹാസ്യത്തെയും കുറിച്ച് നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. സാധാരണഭാഷാ പ്രയോഗങ്ങളെ അട്ടിമറിച്ചുകൊണ്ടാണ് അദ്ദേഹം പുതുഭാഷാരൂപങ്ങൾ മെനഞ്ഞെടുക്കുന്നത്. പ്രേമവും വിവാഹവും എന്ന കഥയിലും ഇത്തരം ശൈലീരൂപങ്ങൾ കാണാം.

### ഭാഷയിൽ രൂപപ്പെടുന്ന ഹാസ്യശില്പം

വി. കെ. എൻ. സാഹിത്യത്തിന് തനിമയും ഔന്നത്യവും നല്കിയത് ശൈലിയുടെ സവിശേഷതയാണ്. രചനയിൽ സ്വന്തമായൊരു വിശിഷ്ടപദരചന തന്നെ വി. കെ. എൻ. സൃഷ്ടിക്കുന്നുണ്ട്. "വാക്കുകളുടെ തിരഞ്ഞെടുപ്പ്, ശൈലീപ്രയോഗം, വാക്യഘടന, അവയുടെ പ്രത്യേകമായ താളവും സ്വരക്രമവും-ഇവയിലെല്ലാം തന്നെ എഴുത്തുകാരന്റെ വ്യക്തിത്വം നിറഞ്ഞു നില്പുണ്ടാവും. പറയപ്പെട്ട കാര്യത്തിനു തിരിച്ചറിയാൻ തക്ക സവിശേഷത ഒന്നും ഇല്ലായിരിക്കും. എന്നാൽ അതുപറഞ്ഞ വ്യക്തി അതിൽ ഗണ്യമായിത്തന്നെ തന്റെ വ്യക്തിത്വം ഉൾക്കൊള്ളിച്ചിരിക്കും" എന്ന് ശൈലിയെക്കുറിച്ച് ഡബ്ള്യു. എച്ച്. ഹഡ്സസൺ പറഞ്ഞത് വി. കെ. എന്നിന് ഏറ്റവും നന്നായി ഇണങ്ങുന്ന വാക്കുകളാണ്. 'ശൈലി തന്നെയാണ് മനുഷ്യൻ' (Style is the man himself) എന്ന് പറഞ്ഞ ബഫൺ എന്ന നിരൂപകന്റെ വാക്കുകളും വി. കെ. എന്നിന്റെ രചനകൾ വായിക്കുമ്പോൾ നമ്മുടെ മനസ്സിലെത്തും.

സവിശേഷമായൊരു രൂപഘടനയിലാണ് പ്രേമവും വിവാഹവും എന്ന കഥ രചിച്ചിരിക്കുന്നത്. വർത്തമാനകാല സംഭവങ്ങൾ വിവരിക്കുന്നതിനിടയിൽ കഥാകൃത്ത് കടന്നുവന്ന് പൂർവകഥ പറയുകയും പിന്നീട് വർത്തമാനകാലത്തേയ്ക്ക് മടങ്ങിയെത്തുകയും ചെയ്യുന്ന രൂപത്തിലാണ് കഥ പറയുന്നത്. ഒരർത്ഥത്തിൽ ഒരു അതികഥയുടെ (metafiction) രൂപം ഈ രചനയ്ക്കുണ്ട്. കഥാഖ്യാനം തന്നെ കഥയുടെ വിഷയമാകുന്നതാണ് ഒരർത്ഥത്തിൽ അതികഥ എന്ന ആഖ്യാനതന്ത്രം. കഥയുടെ രൂപഘടനയെക്കുറിച്ചും കഥയുടെ സങ്കേതങ്ങളെക്കുറിച്ചുമുള്ള ഈ കഥയിലെ പരാമർശങ്ങൾ ഇതിനു തെളിവാണ്. കഥയുടെ തുടക്കത്തിൽത്തന്നെ അതികഥയുടെ ഛായ 'പ്രേമവും വിവാഹവും' പ്രകടിപ്പിക്കുന്നുണ്ട്.

"നാടൻ പ്രേമമാണ് ഏർപ്പാട് വിശുദ്ധമായതുകൊണ്ട് വലിയ വർണ്ണനയൊന്നുമുണ്ടാവില്ല. വായനക്കാർ ക്ഷമിക്കണം"

എന്നിങ്ങനെയാണ് കഥയുടെ ആരംഭം തന്നെ. അമ്മുവിനെ മോഹിച്ച് അപ്പുണ്ണി നടക്കവേയാണ് കഥയിൽ പണിക്കർ മാസ്റ്റർ കടന്നുവരുന്നത്. അമ്മുവും മാസ്റ്ററും പ്രണയത്തിലാവുകയും അപ്പുണ്ണി കഥയിലെ വില്ലനായിത്തീരുകയും ചെയ്ത് ഇതിവൃത്ത ഗതി മാറിമറിയുകയും ചെയ്യുന്ന സന്ദർഭത്തെ വി. കെ. എൻ. ഇങ്ങനെയാണ് വിവരിക്കുന്നത്.

"പ്ലോട്ട് ഘനീഭവിക്കുകയും കഥ കൊടുമ്പിരിക്കൊള്ളുകയും ചെയ്യുന്നു."

മറ്റൊരിടത്ത് വീണ്ടും അതികഥയുടെ ഘടന കഥാകൃത്ത് അവലംബിക്കുന്നു.

"എങ്കിലും കഥ, കഥ പോലെ പറയുകയാണെങ്കിൽ അപ്പുണ്ണി തീ തിന്നുകയായിരുന്നു."

തുടർന്ന് വി. കെ. എന്നിന്റെ പദരചനയിലെ ഹാസ്യം പുറത്തുചാടുന്നു: "ഒരിക്കൽ കുറച്ചു തീ അമ്മാവന്റെ മുഖത്തു തുപ്പുകയും ചെയ്യുന്നു." എന്നെഴുതി അതദ്ദേഹം പ്രകടിപ്പിക്കുന്നു. ഭാഷാഘടനയിലൂടെ ഹാസ്യം സൃഷ്ടിക്കുന്ന മറ്റൊരു സന്ദർഭം ഇങ്ങനെയാണ്:

"മാസ്റ്റർ മൂർച്ഛിക്കുമെന്ന് തോന്നി. പക്ഷേ അവിടെ വെച്ചു മൂർച്ഛിച്ചില്ല. അയ്യപ്പൻ നായരുടെ ഭാര്യയുടെ മുന്നിൽപ്പോയി മൂർച്ഛിച്ചു."

അയ്യപ്പൻനായരുടെ ഭാര്യ മാളുവമ്മയുടെ കോപത്തെയും നൈരാശ്യത്തെയും വിവരിക്കുന്നതിങ്ങനെയാണ്.

"ആങ്ഹാ! ഇഫെക്ടിനു വേണ്ടി ചുമ്മാ മുടി ഒന്നഴിച്ചു കെട്ടി മാളുവമ്മ പറഞ്ഞു."

വിവാഹദിവസം മാസ്റ്ററെ കാണാനില്ലെന്ന വാർത്തയറിഞ്ഞ മാളുവിന്റെ ഭാവമാറ്റത്തെ ഇങ്ങനെയാണ് സൂചിപ്പിക്കുന്നത്:

"ഒരു കവുങ്ങിൻ തൈ പുഴങ്ങി വീഴുന്ന മാതിരി അമ്മു വൃത്തിയായി വലതു ഭാഗം ചരിഞ്ഞു വീണു കൊടുത്തു."

അശനമെന്ന വിദൂഷകപുരുഷാർത്ഥം വി. കെ. എൻ. രചനകളിൽ സമൃദ്ധമായി കാണുന്നതിനെക്കുറിച്ച് നിരൂപകന്മാർ പരാമർശിച്ചിട്ടുണ്ട്. തീൻമേശ വർണ്ണനയിൽ അദ്വിതീയനാണ് താനെന്ന് വി. കെ. എന്നിന്റെ പല കഥകളും ഓർമ്മിപ്പിക്കുന്നുണ്ട്. അശനപ്രിയരായ വി. കെ. എൻ. കഥാപാത്രങ്ങൾ ഭക്ഷണകാര്യത്തിൽ പ്രത്യേകം ശ്രദ്ധാലുക്കളാണെന്ന് അത്തരം വർണ്ണനകൾ വായിച്ചാൽ ബോധ്യപ്പെടും. ഈ വർണ്ണനകളെ ഹാസ്യരസത്തിന്റെ രുചിയിൽ പാകപ്പെടുത്താനാണ് വി. കെ. എൻ. പലപ്പോഴും ശ്രമിക്കുന്നത്. പ്രേമവും വിവാഹവും എന്ന കഥയിലെ ഒരു സന്ദർഭം ഇങ്ങനെയാണ്:

"മാന്യാതിഥികൾ സദ്യയ്ക്കിരുന്നു. കാളൻ ഒന്നുകൂടി കുറുകാമായിരുന്നുവെന്നും അടകൊത്തിയത് അത്ര പന്തിയായില്ലെന്നും അധികാരി പറഞ്ഞു, എല്ലാവരും യോജിച്ചു. അതുകൊണ്ടു മേപ്പടി രണ്ടു സാധനങ്ങളും രണ്ടും മൂന്നും പ്രാവശ്യം വിളമ്പേണ്ടിവന്നു. ഒടുവിൽ വിമർശനം അവശേഷിക്കുകയും ചെയ്തു. എന്നുവെച്ചാൽ കാളനും അടപ്രഥമനും കാലി."

കഥ അവസാനിപ്പിക്കുന്നതും ഭാഷയിലും പ്രയോഗത്തിലുമുള്ള ഒരു വി. കെ. എൻ. ടച്ചിലൂടെയാണ്:

"ആ നിലയ്ക്ക് പിറ്റേന്നു പ്രഭാതമാവുമ്പോഴേക്കും അന്ത്യകൂദാശകളെല്ലാം നിർവ്വഹിച്ച ശേഷം മാസ്റ്ററുടെ ആത്മാവ് കർത്താവിൽ അന്ത്യനിദ്രപ്രാപിക്കേണ്ടതാകുന്നു."

ചുരുക്കത്തിൽ സമകാലിക പരിതസ്ഥിതികളെ ഗൗരവമുള്ള ഹാസ്യത്തിൽ കലർത്തി ചിത്രീകരിച്ചുകൊണ്ട് അവയിലെ വൈരുദ്ധ്യങ്ങളെയും കാപട്യങ്ങളെയും നോക്കി ചിരിക്കുന്ന വി.കെ. എൻ. തന്റെ രചനകളിലൂടെ മലയാളസാഹിത്യത്തിൽ ചിരിയുടെയും ചിന്തയുടെയും പുതിയ ഉന്മേഷഭരിതമായ അന്തരീക്ഷം സൃഷ്ടിച്ചുവെന്ന് പറയാം. പ്രേമവും വിവാഹവും എന്ന കഥ അതിന് മികച്ച ഉദാഹരണമാണ്.

## Recap

- ഫ്യൂഡൽ പ്രാമാണിത്തത്തിന്റെ പൊള്ളത്തരമാണ് പ്രേമവും വിവാഹവും എന്ന കഥയിലെ പ്രധാനപ്രമേയം
- സ്ത്രീസ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെയും പുരുഷകേന്ദ്രിത സാമൂഹിക നീതിയോടുള്ള എതിർപ്പിന്റെയും ആശയതലം ഈ കഥയിലുണ്ട്
- ഹാസ്യത്തിൽ പൊതിഞ്ഞ സാമൂഹികവിമർശനം വി. കെ. എൻ രചനകളുടെ പൊതു സവിശേഷതയാണ്
- നിലവിലുള്ള ഭാഷാരൂപങ്ങളെയും എഴുത്ത് ശീലങ്ങളെയും ഉടച്ചുവാർത്ത് പുതിയൊരു ഭാഷാഘടന തന്റെ ഹാസ്യനിർമ്മിതിക്കായി വി. കെ. എൻ നിർമ്മിക്കുന്നുണ്ട്
- അതികഥയെന്ന ആഖ്യാനതന്ത്രത്തെ വിദഗ്ധമായി ഈ കഥയുടെ രൂപഘടനയിൽ വി. കെ. എൻ സന്നിവേശിപ്പിച്ചിരിക്കുന്നു
- സമകാലിക പരിതസ്ഥിതികളെ ഗൗരവമുള്ള ഹാസ്യത്തിൽ കലർത്തി ചിത്രീകരിച്ചുകൊണ്ട് അവയിലെ വൈരുദ്ധ്യങ്ങളെയും കാപട്യങ്ങളെയും നോക്കി ചിരിക്കുന്നു എന്നത് വി. കെ. എൻ. കഥകൾ പ്രകടിപ്പിക്കുന്ന സവിശേഷതയാണ്

## Objective Type Questions

1. സ്വന്തം ജീവിതാനുഭവങ്ങൾ ആവിഷ്ക്കരിക്കുന്നതിനായി വി. കെ. എൻ. സൃഷ്ടിച്ച കഥാപാത്രമേത്?
2. വി. കെ. എന്നിന്റെ എഴുത്തിന്റെ അടിത്തറയെന്ത്?
3. സ്ത്രീസ്വാതന്ത്ര്യ പ്രഖ്യാപനത്തിന്റെ നിലപാട് സ്വീകരിക്കുന്ന പ്രേമവും വിവാഹവും എന്ന കഥയിലെ കഥാപാത്രമേത്?
4. പ്രേമവും വിവാഹവും എന്ന കഥയുടെ ആഖ്യാനഘടനയിൽ വി. കെ. എൻ. കൊണ്ട് വരുന്ന ആഖ്യാനതന്ത്രമെന്ത്?
5. ആശനമെന്ന വിദൂഷക പുരുഷാർത്ഥത്തിനു തന്റെ കഥകളിൽ വലിയ പ്രാധാന്യം നൽകിയ കഥാകൃത്ത് ആര്?
6. ''എടാ പൊട്ടാ, നിന്നെ വിട്ടിട്ട് എനിക്ക് കളിയുണ്ടോ? നമ്മുടെ അമ്മ പോയാപ്പിന്നെ നിനക്കു കൊണ്ടുവരുന്ന പെണ്ണാണ് എന്റെ കുട്ടി.'' ഏത് കഥാപാത്രത്തിന്റെ വാക്കുകൾ?
7. ആശാന്റെ ഏത് കാവ്യത്തിലെ നായികയോടാണ് പ്രേമവും വിവാഹവും എന്ന കഥയിലെ നായികയ്ക്ക് സാമ്യമുള്ളത്?
8. വി. കെ. എൻ. സാഹിത്യത്തിന് തനിമയും ഔന്നത്യവും നല്കിയത് കഥയുടെ എന്ത് പ്രത്യേകതയാണ്?

## Answers

1. പയ്യൻ
2. ചിരിയിൽ പൊതിഞ്ഞ സാമൂഹിക വിമർശനം.
3. അമ്മു
4. അതികഥ
5. വി. കെ. എൻ
6. അയ്യപ്പൻ നായർ
7. ചിന്താവിഷ്ടയായ സീത
8. ശൈലിയുടെ സവിശേഷത

## Assignments

1. വ്യവസ്ഥയോടുള്ള നിഷേധം 'പ്രേമവും വിവാഹവും' എന്ന കഥയിൽ
2. വി. കെ. എൻ. കൃതികളിലെ നർമ്മവും ആക്ഷേപഹാസ്യവും
3. വി. കെ. എന്നിലെ സവിശേഷഭാഷ

## Suggested Readings


1. പ്രൊഫ.പന്മന രാമചന്ദ്രൻ നായർ(എഡി.), കഥാപഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം, 2006.
2. വി. കെ. എൻ, വി.കെ.എൻ. കഥകൾ, ഡി. സി. ബുക്സ്, കോട്ടയം, 1993.
3. ഡോ. വി. ലിസി മാത്യു, വി. കെ. എൻ.:പുതിയ പുരുഷാർത്ഥങ്ങളുടെ ചക്രവർത്തി, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2000.
4. കെ. എസ് വിജയനാഥ്, വി. കെ. എൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.
5. ഡോ.പി.സി.റോയി(എഡി.), ചിരിയുടെ പിതാമഹൻ, ഡി. സി. ബുക്സ്, കോട്ടയം, 1997.

# യൂണിറ്റ് - 4
## ഭ്രാന്ത്

**സി. അയ്യപ്പൻ**

## Learning Outcomes

- മലയാളത്തിലെ ദളിത് സാഹിത്യത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- സി. അയ്യപ്പന്റെ കഥാലോകത്തിന്റെ പൊതുസവിശേഷതകൾ വിലയിരുത്തുന്നു
- അന്യാപദേശത്തിന്റെയും ആത്മഭാഷണത്തിന്റെയും പ്രത്യേകതകൾ അപഗ്രഥിക്കുന്നു
- കീഴാളജീവിതത്തിന്റെ ആഖ്യാനമാതൃകകളെ പരിചയപ്പെടുന്നു
- ആഭിചാരത്തെ ആക്ഷേപഹാസ്യ രീതിയിലവതരിപ്പിക്കുന്ന രൂപഭാവത്തെ തിരിച്ചറിയുന്നു

## Prerequisites

മലയാളസാഹിത്യത്തിൽ ദളിതെഴുത്തിന്റെ വക്താവായ കഥാകൃത്താണ് സി. അയ്യപ്പൻ. ദളിത് ജീവിതത്തെ ശക്തവും സ്വാഭാവികവും അതിതീക്ഷ്ണവുമായ ഭാഷയിലൂടെ ആവിഷ്കരിക്കുകയും അദ്ദേഹം അതുവഴി പരമ്പരാഗത സാഹിത്യഭാവുകത്വത്തെ പൊളിച്ചുപണിയുകയും ചെയ്തു. എറണാകുളം ജില്ലയിലെ കീഴില്ലത്ത് 1949 ൽ ജനിച്ചു. അച്ഛൻ ചോതി, അമ്മ കുറുമ്പ. ശ്രീശങ്കര വിദ്യാപീഠം, എറണാകുളം മഹാരാജാസ് കോളേജ് എന്നിവിടങ്ങളിലാണ് വിദ്യാഭ്യാസം പൂർത്തിയാക്കിയത്. 1978 മുതൽ വിവിധ സർക്കാർ കോളേജുകളിൽ മലയാളം അധ്യാപകനായിരുന്നു. മലപ്പുറം ഗവ. കോളേജിൽ നിന്ന് പ്രിൻസിപ്പലായി വിരമിച്ചു. ഭാര്യ ലളിത മുൻ എം. പി. യും എഴുത്തുകാരനുമായിരുന്ന ടി. കെ.സി. വടുതലയുടെ മകളാണ്. 2011 ആഗസ്റ്റിൽ അന്തരിച്ചു.

**പ്രധാനകൃതികൾ**

ഉച്ചയുറക്കത്തിലെ സ്വപ്നങ്ങൾ, ഞണ്ടുകൾ, സി അയ്യപ്പന്റെ കഥകൾ

മലയാളകഥകളിൽ ടി.കെ.സി. വടുതലയ്ക്കുശേഷം കീഴാളജനപക്ഷത്തുനിന്ന് കഥയിലൂടെ സവർണ്ണനിലപാടുകളെ ചോദ്യം ചെയ്ത കഥാകാരനാണ് സി. അയ്യപ്പൻ. ദളിത്ജീവിതത്തിന്റെ സവിശേഷമായ ആഖ്യാനവഴികളാണ് സി. അയ്യപ്പന്റെ കഥകൾക്ക് കരുത്ത് പകരുന്നത്. സോഷ്യലിസ്റ്റ് റിയലിസ്റ്റിന്റെ രീതിയിൽ എഴുതിയ ടി. കെ. സി. വടുതലയിൽ നിന്നും വ്യത്യസ്തമായ രൂപഭാവങ്ങളിലാണ് സി. അയ്യപ്പന്റെ കഥകൾ പ്രവർത്തിക്കുന്നത്. സാമ്പ്രദായിക ചരിത്രാഖ്യാനത്തിന്റെ സ്വഭാവമൊന്നും സി.അയ്യപ്പന്റെ കഥകൾ പ്രകടിപ്പിക്കുന്നില്ല. എന്നാൽ അധീശചരിത്രത്തിന്റെയും സ്ഥാപിതചരിത്രത്തിന്റെയും ആഭിജാതധാരണകളെ തീണ്ടിയുണർത്തുവാൻ ആ കഥകൾക്കാവുന്നുണ്ട്. സാഹിത്യചരിത്രത്തിൽ നമ്മൾ പരിചയപ്പെട്ട ആഖ്യാനസ്ഥലമല്ല സി. അയ്യപ്പന്റെ കഥാലോകം ആവിഷ്ക്കരിക്കുന്നത്. വ്യത്യസ്തവും ചിതറിയതും അനഭിമതവും ഭ്രഷ്ടുമായ അരികുജീവിതങ്ങളുടെ വ്യതിരിക്തമായ ആഖ്യാനലോകമാണ് ആ കഥകൾ.

**സി.അയ്യപ്പന്റെ കഥാലോകം-പൊതുസവിശേഷതകൾ**

അന്യാപദേശത്തിന്റെ ആഖ്യാനഘടനയിലാണ് സി. അയ്യപ്പന്റെ 'സ്മാരകം' എന്ന കഥ രചിച്ചിരിക്കുന്നത്. യുവാക്കളാൽ വീണ്ടെടുക്കപ്പെടുന്ന സൂര്യനെ ഈ കഥ അവതരിപ്പിക്കുന്നുണ്ട്. അത് ഭാരതത്തിലെ പല പ്രാദേശികഭാഷകളിലും സൂര്യപ്രതീകത്തിലൂടെ ആവിഷ്ക്കരിക്കപ്പെടുന്ന അംബേദ്ക്കറുടെ ചിത്രം തന്നെയാണ്. അധീശവർഗ്ഗപ്രത്യയശാസ്ത്രം ഉയർത്തിക്കാട്ടിയ കപടദേശീയവാദികളായ നേതാക്കന്മാരുടെ കൂറ്റൻ കട്ടൗട്ടുകൾക്കിടയിൽ മറഞ്ഞുപോയ അംബേദ്ക്കറെന്ന ഭാരതശില്പിയെ വീണ്ടെടുക്കുകയാണ് ഈ കഥയിൽ. സമകാലിക ഭാരതത്തിന്റെ ചരിത്രത്തെ ഗ്രസിച്ചിരുന്ന ഏക സംസ്കാരദേശീയതയുടെ വ്യവഹാരത്തെ നിശിതവിമർശനത്തിന് വിധേയമാക്കുന്ന കഥയാണ് 'അജഗരകബളിതം.' ആക്ഷേപഹാസ്യമാണ് ഈ കഥയുടെ ആഖ്യാനശൈലിയുടെ പ്രത്യേകത. വരേണ്യസൗന്ദര്യബോധം ചവിട്ടിമെതിച്ച് എളുപ്പത്തിൽ മറികടന്നു പോകുന്ന ജീവിതയാഥാർത്ഥ്യങ്ങളെയാണ് ഈ കഥ ഓർമ്മപ്പെടുത്തുന്നത്. അതിനായി നളചരിതത്തിലെ ഒരു മൗലികപ്രശ്നം ഉന്നയിക്കുന്നു. തന്റെ ജീവൻ രക്ഷിച്ച കാട്ടാളനെ ദമയന്തി എന്തിന് ശപിച്ചു കൊന്നു എന്നതാണ് ആ പ്രശ്നം. കൃത്യമായ ഉത്തരം പറയാതെ ഈ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കുന്ന കൈമൾമാഷ് എന്ന കഥാപാത്രത്തിലൂടെ യാഥാർത്ഥ്യങ്ങളിൽ നിന്നും നൈതികരാഷ്ട്രീയ പ്രശ്നങ്ങളിൽ നിന്നുമുള്ള വരേണ്യസംസ്കാരബോധത്തിന്റെ വഴുതിമാറലാണ് സി. അയ്യപ്പൻ അവതരിപ്പിക്കുന്നത്. കാട്ടാളനും ആദിവാസിക്കും മനുഷ്യപദവിയും ഭാഷണവും വിലക്കി മൃഗസമാനരാക്കി ഹിംസ നടത്തുന്ന വരേണ്യകലയുടെ അധീശചരിത്രത്തെ വിചാരണ ചെയ്യുകയാണ് ഈ കഥയിൽ സി. അയ്യപ്പൻ.

ആഭിചാരത്തിന്റെയും പ്രേതഭാഷണത്തിന്റെയും അന്യാപദേശത്തിന്റെയും ആക്ഷേപഹാസ്യത്തിന്റെയും നാടൻപാട്ടിന്റെയും രൂപഭാവങ്ങളെ തന്റെ ചെറുതും വലുതുമായ കഥയുടെ ആഖ്യാനഘടനയിലേക്ക് സി. അയ്യപ്പൻ വിളക്കിച്ചേർക്കുന്നുണ്ട്. 'എലുമ്പൻ കൊച്ചാത്തൻ' എന്ന കഥ നമ്മുടെ നാടോടിസംസ്കാരധാരയെയും വാമൊഴി ചരിത്രങ്ങളെയും ഓർമ്മിപ്പിക്കുന്ന ഘടനയിലുള്ളതാണ്. പലപ്പോഴും മണ്ണിന്റെയും കറുത്തവന്റെയും ഈ ചിതറിയ ചരിത്രം, ഉപരിവർഗ്ഗസംസ്കാരം ബോധപൂർവ്വം മറവിയിലേക്ക് ചവിട്ടിത്താഴ്ത്തിയതാവാം. ഇത്തരം ആഖ്യാനമാതൃകകളെയും ജീവിതപരിസരത്തെയും കഥകളിലൂടെ തോറ്റിയുണർത്തുന്നവയാണ് സി. അയ്യപ്പന്റെ ആഖ്യാനലോകം. "കേരളത്തിലെ മണ്ണിന്റെ യഥാർത്ഥ ആദിമഅവകാശികളായ കറുത്തജനങ്ങളുടെ ചോരയും നീരും കൊണ്ട് വളക്കൂറുള്ളതാക്കി മാറ്റിയിരിക്കുന്നു എലുമ്പൻ കൊച്ചാത്തൻ എന്ന കഥയിലെ തുടിക്കുന്ന നിലവും പുലവും" (ഡോ. അജയ് ശേഖർ)

സി. അയ്യപ്പന്റെ കഥകൾ പലതും പ്രേതഭാഷണങ്ങളാണ്. ചങ്ങലയിൽ കിടക്കുന്ന ഒരു സ്ത്രീയോട് ഒരു പ്രേതാത്മാവ് സംസാരിക്കുന്ന രീതിയിലാണ് 'പ്രേതഭാഷണം' എന്ന കഥയുടെ ആഖ്യാനം. 'കാവൽഭൂത'ത്തിൽ പ്രേതമായിത്തീർന്ന് ദേവിക്ക് കാവൽനിൽക്കുന്ന ശങ്കുണ്ണിയുടെ കഥ പറച്ചിലാണ്. ഈ പ്രേതഭാഷണങ്ങളുടെ കാരണം കണ്ടെത്താൻ ഗ്രന്ഥകാരൻ ശ്രമിച്ചിട്ടുണ്ട്. ഇഹലോകജീവിതത്തിലെ നിയമങ്ങൾ പലപ്പോഴും കീഴാളന് എതിരാണ്. അതിനാൽ മരണം അയ്യപ്പൻ കഥകളിൽ പുതുജന്മത്തിന്റെ നിമിത്തമായി തീരുന്നു. അയ്യപ്പന്റെ കഥകളിലൊന്നും മരണത്തെപ്രതി വൈകാരികതയുടെ കുത്തിയൊഴുക്ക് കാണാനില്ല. "മരണാനന്തരം ഒരു നന്മയെ കണ്ടെടുക്കുക എന്നത് മുജ്ജന്മത്തിൽ നിറവേറ്റാനാവാത്ത ഒരു സ്വപ്നമാണെന്നതുപോലെ മരണാനന്തരമുള്ള രൂപാന്തരപ്രാപ്തി പണ്ടത്തെ സഫലമാക്കാനുള്ള ഇച്ഛയുടെ വെളിപ്പെടുത്തലുകളാണ്." 'അരുന്ധതിദർശനന്യായ'ത്തിൽ

നായകൻ ആത്മഹത്യ ചെയ്യാൻ ഒരുങ്ങുന്നത് മരിച്ചുപോയ ഗീതുവിനെ അവളെ ബലമായി പിടിച്ചുവെച്ചിരിക്കുന്ന ദുഷ്ടാത്മാവിന്റെ കയ്യിൽനിന്ന് മോചിപ്പിക്കാനാണ്. 'കാവൽഭൂത'ത്തിലെ ശങ്കുണ്ണിയാകട്ടെ, വാസുവിന്റെ ആത്മാവിനോട് ചില കാര്യങ്ങൾ തിരക്കാനാണ് സ്വയം ഹത്യ ചെയ്തത്. ഇഹലോകജീവിതത്തിൽ സാക്ഷാൽക്കരിക്കാതെ പോയ ചില കാര്യങ്ങൾ നേടാൻ വേണ്ടിയാണ് അയ്യപ്പന്റെ കഥാപാത്രങ്ങൾ മരിക്കുന്നത്. ഇതിന്റെ സാമൂഹ്യശാസ്ത്രപരമായ കാരണങ്ങൾ ഗ്രന്ഥകാരൻ പരിശോധിക്കുന്നുണ്ട്. ജീവിച്ചിരിക്കുന്നത് കീഴാളനു പലപ്പോഴും മരണത്തേക്കാൾ ഭയാനകമാണ്.

സി. അയ്യപ്പന്റെ രചനാരീതിയുടെ സവിശേഷതകളിൽ ഒന്ന് ഫാന്റസിയെ മിത്തുകളുമായി കൂട്ടിക്കലർത്തുന്ന രചനാതന്ത്രമാണ്. അതിനാൽ ഫാന്റസിക്ക് മിത്തിനു തുല്യമായ പരിവേഷം കിട്ടുന്നു. നാട്ടുമ്പുറത്തെ മന്ത്രവാദങ്ങളും ഭയംനിറഞ്ഞ കെട്ടുകഥകളും പുരാവൃത്തങ്ങളുമെല്ലാം കഥകൾക്ക് ഒരു മായികാന്തരീക്ഷം നൽകുന്നു. 'അരുന്ധതി ന്യായദർശനം' എന്ന കഥയിൽ രണ്ട് ഭഗവതിമാരുടെ മിത്തും അവരിലൂടെ സൃഷ്ടിക്കപ്പെടുന്ന ഗ്രാമീണകഥയും നാട്ടുവഴക്കത്തിന്റെ പുരാവൃത്തസാരള്യം കഥയ്ക്ക് നൽകുന്നുണ്ട്. ജീവിതയാഥാർത്ഥ്യങ്ങളേയും മിത്തുമായി കൂട്ടിയിണക്കുന്ന രീതി അയ്യപ്പനുണ്ട്. 'നിരവത്ത് കയ്യാണി' എന്ന കഥയിൽ ഇണ്ണൂലിയുടേയും ശാരദയുടേയും ജീവിതയാഥാർത്ഥ്യങ്ങൾക്ക് മിത്തിന്റെ പരിവേഷം നൽകുകയും അവയെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്നു. "ആത്മാഭിമാനത്തിനുവേണ്ടിയുള്ള കരച്ചിലും പല്ലുകടിയും" ആണ് തന്റെ കഥകളെന്ന് സി. അയ്യപ്പൻ പറഞ്ഞിട്ടുണ്ട്. അയ്യപ്പന്റെ പല കഥകളിലും കരച്ചിലും പല്ലുകടിയും എന്ന പ്രയോഗം കടന്നു വരുന്നുണ്ട്. ദംഷ്ട്രകൾ ഇറങ്ങിവരുന്ന ചില കഥാപാത്രങ്ങൾ ആത്മാഭിമാനത്തിന്റെ പ്രതിരോധബിംബങ്ങളാണ്. ദംഷ്ട്ര അഭിമാനത്തിന്റേയും സ്വാതന്ത്ര്യത്തിന്റേയും പ്രതിനിധാനം മാത്രമല്ല, രോഷത്തിന്റേയും മറുഭാഷാ ചിഹ്നമായി ഗ്രന്ഥകാരൻ പരിഗണിക്കുന്നു. അയ്യപ്പൻ കഥകളിലെ ദൈവം കുറ്റകൃത്യം ചെയ്യുന്നവർക്ക് കൂട്ടു നിൽക്കുന്നവനാണ്. പരമ്പരാഗത ദൈവസങ്കല്പത്തിന്റെ പൊളിച്ചെഴുത്താണിത്. ദൈവത്തെ ചോദ്യം ചെയ്യുന്നവരാണ് പല കഥാപാത്രങ്ങളും. ദൈവത്തിന്റെ ഒരു കണ്ണ് 'കാവൽഭൂത'ത്തിലെ ശങ്കുണ്ണി പൊട്ടിക്കുന്നു. അതുപോലെ ഒരു പ്രേതാത്മാവും ദൈവത്തെ ആട്ടുന്നുണ്ട്.

ചൂഷണത്തിനും പീഡനത്തിനും ഇരയാകുന്ന ദളിത്സ്ത്രീകൾ അയ്യപ്പന്റെ പല കഥകളിലും കഥാപാത്രങ്ങളാകുന്നുണ്ട്. 'കാവൽഭൂത'ത്തിൽ പെൺശരീരത്തെ മുഴുവൻ ഇറച്ചിയായി കാണുന്ന ഐസക്കും അയാളുടെ സഹോദരനും ഹിംസയുടെ രാഷ്ട്രീയം അംഗീകരിച്ചവരാണ്. ആട്ടിറച്ചിയേക്കാൾ വിലകുറഞ്ഞ പശുവിറച്ചിയായിട്ടാണ് പുലയപ്പെൺക്കിടാങ്ങളുടെ ശരീരത്തെ അയാൾ കാണുന്നത്. അധികാരത്തിനു പുറത്തു നിൽക്കുന്നതുകൊണ്ടാണ് ദളിത്ശരീരങ്ങളെ വിലകുറഞ്ഞവരായി കാണുന്നത്. ദളിത് ജീവിതത്തിൽനിന്നുള്ള ശൈലികളും പ്രയോഗങ്ങളും കഥകളെ അനുവാചക മനസ്സുകളിൽ സൂക്ഷ്മമായി അടയാളപ്പെടുത്താൻ സഹായിക്കുന്നുണ്ട്. വട്ടക്കൊട്ടകയിൽ വെള്ളം കോരുക, അച്ചാലും മുച്ചാലും, കല്ലേലിട്ട കലം പോലെ, ആട്ടിൻകാട്ടവും കൂർക്കക്കിഴങ്ങും, തിരിച്ചറിയാതെ തിര തട്ടുക, നെല്ലും മന്നലയും, മനസ്സ് വരാൽ പോലെ വഴുതി- തുടങ്ങി ധാരാളം പ്രയോഗങ്ങൾ കീഴാള ജീവിതത്തിന്റെ സാക്ഷ്യപ്പെടുത്തലുകളാണ്. അയ്യപ്പൻ കഥകളിലെ പുരാവൃത്തങ്ങളിൽ സ്ത്രീകഥാപാത്രങ്ങൾക്കാണ് പ്രാധാന്യം നൽകിയിരിക്കുന്നത്. അപൂർവ്വമായി വരുന്ന പുരാവൃത്തങ്ങളിലെ പുരുഷന്മാർ അധികാരസ്വരൂപങ്ങളാണ്.

## Keywords

ദളിത് പരിപ്രേഷ്യം-ആത്മഭാഷണം-ദുരഭിമാനം-ആഭിചാരം-ആക്ഷേപഹാസ്യം-സവർണ്ണാധിപത്യം-മിഥ്യാഭിമാനം-അരികുവത്ക്കരണം-അപകർഷതാ ബോധം

## Discussion

ആത്മഭാഷണത്തിന്റെ രൂപത്തിൽ രചിക്കപ്പെട്ട കഥയാണ് സി. അയ്യപ്പന്റെ 'ഭ്രാന്ത്'. ഭ്രാന്തുള്ള സ്വന്തം സഹോദരിയെ ഭ്രാന്താശുപത്രിയിലാക്കാൻ സഹകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് കൃഷ്ണൻ മാഷിന്റെ ബാല്യകാലസുഹൃത്തും അയൽവാസിയും പഞ്ചായത്ത് മെമ്പറും അയാളുടെ വീട്ടിലെത്തിയത്. ഇവർക്ക് മുമ്പിൽ സ്വന്തം വാതിൽ കൊട്ടിയടച്ചതിന്റെ കാരണം വിശദീകരിക്കുകയാണ് കൃഷ്ണൻ മാഷ്. തന്നെപ്പറ്റിയുള്ള ധാരണകളെ അട്ടിമറിച്ചത് ഈ സംഭവമായിരിക്കാം. സാമാന്യം നല്ലൊരു ജോലിയും സുന്ദരിയും ഉദ്യോഗസ്ഥയുമായ ഒരു ഭാര്യയും കയ്യിൽ വന്നപ്പോൾ താൻ നിലമറന്നെന്ന് നിങ്ങൾക്ക് ആക്ഷേപമുണ്ടാകാം. പക്ഷേ അന്നത്തെ കാര്യത്തെക്കുറിച്ച് ആലോചിക്കുമ്പോൾ ഞാൻ എന്നെത്തന്നെ അഭിനന്ദിക്കുകയേയുള്ളൂ. കാരണം പ്രിയ സുഹൃത്തായ താങ്കൾ പറഞ്ഞതുപോലെ ചെയ്തിരുന്നെങ്കിൽ തനിക്കെന്ത് സംഭവിക്കുമായിരുന്നെന്ന് നിങ്ങൾ ആലോചിക്കേണ്ടതാണ്.

താൻ എല്ലാവരോടുമൊപ്പം ഭ്രാന്താശുപത്രിയിൽ വന്നു എന്ന് വിചാരിക്കുക താമസിക്കുന്ന ക്വർട്ടേഴ്സിൽ നിന്നും വലിയ ദൂരമൊന്നുമില്ല ആശുപത്രിയിലേക്ക്. അതുകൊണ്ട് ഇവിടെയുള്ളവരെല്ലാം സംഗതി മനസ്സിലാക്കാനിടയുണ്ട്. അങ്ങനെ ക്വാട്ടേഴ്സ് നിവാസികളെല്ലാമറിയും കൃഷ്ണൻ മാഷിന്റെ പെങ്ങൾക്ക് ഭ്രാന്താണെന്ന്. ഇത് വലിയ കുഴപ്പമില്ല എന്ന് തോന്നിയേക്കാം. പക്ഷേ അടുത്തപടി കൂടുതൽ ആപത്തിലേക്കാണ് എന്നെ നയിക്കുന്നത്. ക്വാട്ടേഴ്സ് നിവാസികൾ പലരും ആശുപത്രിയിൽ വരും. അവരിൽ ചിലരെങ്കിലും ഞാനും സ്വന്തക്കാരും തമ്മിലുള്ള അന്തരം ശ്രദ്ധിക്കാതിരിക്കുകയില്ല. ഭ്രാന്തിയുടെ കാര്യം പോട്ടെ, അവളെ ശുശ്രൂഷിക്കാൻ കൂടെ നിൽക്കുന്നവരുടെയും എന്റെയും വേഷത്തിലെ താരതമ്യം സ്വാഭാവികമായും നടത്തും. അതോടെ ക്വാട്ടേഴ്സ് നിവാസികൾ അറിയാതെ പറഞ്ഞു പോകും: "കൃഷ്ണൻ അബദ്ധത്തിൽ മാഷ് ഒക്കെയാണെങ്കിലും അയാളുടെ കൂട്ടക്കാരെല്ലാം വെറും അധഃകൃതരാണ്."

ഇത് സഹിച്ചാലും പിന്നെയും പ്രശ്നങ്ങൾ ഒന്നിനുപുറകെ മറ്റൊന്ന് എന്ന വിധത്തിൽ വന്നുകൊണ്ടിരിക്കും. ഭർത്താവിന്റെ പെങ്ങളെ ക്കാണാൻ ഭാര്യ ആശുപത്രിയിലേക്ക് പോകുന്നത് വലിയ പ്രശ്നങ്ങൾ വിളിച്ചു വരുത്തും. ഭർത്താവിന്റെ വീട്ടുകാരെ പണ്ടേ വെറുപ്പോടെ നോക്കുന്നവളാണവൾ. എന്റെ ഏക മകൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഇതിനേക്കാൾ ഗുരുതരമാണ്. ഒരസാധാരണ സ്വഭാവക്കാരിയാണവൾ. കുറെ വർഷങ്ങൾക്കു മുമ്പ് എന്റെ അമ്മ വീട്ടിലെത്തിയപ്പോൾ മുത്തശ്ശിയുടെ അടുത്തേക്ക് ചെല്ലാതെ പുറത്തേക്കുള്ള വാതിൽ അടച്ചിരുന്നവളാണവൾ. ഇക്കാര്യത്തിൽ അമ്മയുടെ ഭാഗത്തും ചില വീഴ്ചകൾ ഉണ്ടായിട്ടുണ്ടെന്ന് പറയേണ്ടിവരും. അമ്മയ്ക്ക് കുറച്ചുകൂടി വെളുപ്പും വൃത്തിയുമുള്ള മുണ്ടും ബ്ലൗസും ധരിക്കാമായിരുന്നു. കൂടാതെ അമ്മയ്ക്ക് അത്ര നിറവുമില്ലല്ലോ. മകളാണെങ്കിൽ കറുപ്പ് പരിചയിച്ചവളുമല്ല.

ഇത്തരം പ്രശ്നങ്ങൾ പ്രതിസന്ധികൾ ആകുന്നത് തന്റെ കഴിവില്ലായ്മ കൊണ്ടാണെന്ന് മറ്റുള്ളവർ തെറ്റിദ്ധരിച്ചേക്കാമെന്നതിനും അദ്ദേഹം മറുപടി പറയുന്നു. ഭാര്യയ്ക്കാണെങ്കിൽ തന്റെ ആളുകളെ തത്ത്വത്തിലേ അംഗീകരിക്കാനാവൂ. മകൾക്ക് ആ തത്ത്വം പോലുമില്ല. അവൾ ജനിച്ചതും വളർന്നതും അപ്പർ മിഡിൽ ക്ലാസിൽ ആണല്ലോ. കറുത്തവരും മുഷിഞ്ഞ വസ്ത്രക്കാരുമായി അവൾ കണ്ടിട്ടുള്ളത് കൂലിവേലക്കാരായ തമിഴന്മാരെയും പിച്ചക്കാരെയുമാണ്. കഷ്ടകാലത്തിന് എന്റെ ആളുകൾക്ക് അവരുടെ നിറമായിപ്പോയി. ഭാര്യയെയും മകളെയും കൂടെക്കൂട്ടാതെ സഹോദരിയെ ആശുപത്രിയിൽ ചെ

ന്നു സന്ദർശിക്കാം എന്ന് കരുതിയാലും അത് പ്രശ്നമാകും. നാട്ടുകാർ പിരിവെടുത്ത് ആശുപത്രിയിൽ ആക്കിയ ഒരു ഭ്രാന്തിയുടെ സഹോദരനാണ് താനെന്നു ഇവിടെ നാലുപേരറിയുന്നത് തനിക്ക് വലിയ ക്ഷീണം ചെയ്യും. അല്ലെങ്കിൽ ത്തന്നെ അപകർഷതാബോധം കൊണ്ട് കൂനിയും ഞൊണ്ടിയുമാണ് ഇപ്പോൾത്തന്നെ തന്റെ നടപ്പ്. ഇങ്ങനെയൊക്കെയാണെങ്കിലും സുഖമില്ലാത്ത സഹോദരി ആശുപത്രിയിൽ കിടക്കുമ്പോൾ സന്ദർശിക്കേണ്ട ബാദ്ധ്യത അവളുടെ സഹോദരനില്ലേ എന്ന് ചോദിക്കാം. അത് താൻ ചെയ്യാത്തത് താനൊരു ദുഷ്ടനായതു കൊണ്ടല്ല. ഭ്രാന്തിയായ സഹോദരിയെക്കണ്ടിട്ട് ഒരു പ്രയോജനവുമില്ല. കാരണം അവൾക്കെന്നെ തിരിച്ചറിയാനാവില്ല. പ്രയോജനരഹിതമായ പ്രവൃത്തി ചെയ്യുന്നത് ബുദ്ധിയല്ലെന്നു തന്നെയാണ് തന്റെ പക്ഷം. എനിക്കല്പം ബുദ്ധിയുണ്ടെന്നു സമ്മതിക്കാൻ താങ്കൾക്ക് ഇപ്പോഴും മടിയുണ്ടെന്നു തോന്നുന്നു. അല്ലെങ്കിൽ കാറിലിരുന്നലറുന്ന സഹോദരിയെ നോക്കി 'ഒന്നും കാണുന്നില്ലല്ലോ' എന്ന് ഞാൻ പറഞ്ഞപ്പോൾ വിസ്മയവും വേദനയും മുഴച്ചുനിൽക്കുന്ന സ്വരത്തിൽ തന്റെ ബാല്യകാലസുഹൃത്ത് ഇങ്ങനെ ചോദിക്കുമായിരുന്നില്ല: "കൃഷ്ണൻകുട്ടീ നിനക്കും ഭ്രാന്താണോ." തനിക്കൊരു കുഴപ്പവുമില്ലെന്ന് ഇപ്പോഴെങ്കിലും വ്യക്തമായിക്കാണുമല്ലോ എന്ന് ഒളിച്ചുവെച്ച ആത്മനിന്ദയോടെ പറഞ്ഞുകൊണ്ടാണ് കഥാപാത്രം തന്റെ ആത്മഭാഷണം അവസാനിപ്പിക്കുന്നത്.

തന്റെ സ്വത്വമെന്തെന്ന് തിരിച്ചറിയാതെ സവർണ്ണാധിപത്യ മൂല്യങ്ങളിൽ ജീവിക്കുന്ന കഥാപാത്രമാണ് 'ഭ്രാന്ത്' എന്ന കഥയിലെ കൃഷ്ണൻമാഷ്, ജാതീയമായ അപകർഷതയുടേയും സാംസ്കാരികാടിമത്തത്തിന്റേയും ഇരയാണ് അയാൾ. ഭ്രാന്തുള്ള സ്വന്തം സഹോദരിയെ ഒരു നോക്ക് കാണാൻ പോലും കൂട്ടാക്കാതെ വാതിൽ കൊട്ടിയടച്ചതിന്റെ സാമൂഹ്യശാസ്ത്ര അപഗ്രഥനമാണ് ഗ്രന്ഥകാരൻ നടത്തുന്നത്. പുതിയ തലമുറയിലെ ദളിതർ വിദ്യാഭ്യാസം നേടിയെങ്കിലും അതവരെ മിഥ്യാഭിമാനത്തിലേക്കും സ്വാർത്ഥതയിലേക്കും നയിച്ചുവെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. ദളിതരിൽത്തന്നെ ഇത്തരം ഒരു പുതിയ വർഗ്ഗം രൂപപ്പെട്ടുവെന്നും അവർ തങ്ങളുടെ സ്വത്വം മറച്ചുവെച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നവരാണെന്നും കഥയിൽ സൂചനകളുണ്ട്. സാമാന്യം നല്ലൊരു ജോലിയും സുന്ദരിയും ഉദ്യോഗസ്ഥയുമായ ഭാര്യയുമുള്ള അയാൾ, താനോ ഭാര്യയോ ആശുപത്രിയിൽ പെങ്ങളെ കാണാൻ പോകാത്തതിൽ തെറ്റ് കാണുന്നില്ല. ജാതിയിൽനിന്ന് പുറത്തു കടക്കുകയല്ല, ജാതിയുടെ മറവിൽ പ്രച്ഛന്നനായിരിക്കാനാണ് അയാൾ ആഗ്രഹിക്കുന്നത്. വിദ്യാസമ്പന്നരായ കീഴാളരിൽ പോലുമുള്ള അപകർഷ ബോധത്തെയാണ് ഇത് വെളിവാക്കുന്നത്.

ആധുനികാനന്തര മലയാളസാഹിത്യത്തിൽ അരികുവൽക്കരിക്കപ്പെടുന്നവരുടെ ജീവിതങ്ങൾക്ക് ഇടം ലഭിക്കുന്നുണ്ട്. കീഴാളജീവിതവും സംസ്കാരവും പ്രത്യേക പഠനശാഖയായി രൂപപ്പെടുന്നതിന് മുൻപേ അധഃകൃതരുടെ സംഘർഷങ്ങൾ ചെറുകഥകളിലൂടെ ആവിഷ്കരിച്ചവരായിരുന്നു ടി. കെ. സി. വടുതലയും സി. അയ്യപ്പനും. മതപരിവർത്തനം ചെയ്യപ്പെട്ട കീഴാളരുടെ ജീവിതപ്രശ്നങ്ങളാണ് ടി.കെ.സി. തന്റെ കഥകളിൽ ഏറെയും പ്രമേയമാക്കിയത്. എന്നാൽ, സി. അയ്യപ്പനാകട്ടെ, താൻ ഉൾപ്പെടുന്ന കീഴാള സമുദായത്തിന് ഉന്നതകുലജാതരിൽനിന്നു നേരിടേണ്ടിവന്ന ചൂഷണങ്ങളേയും പീഡനങ്ങളേയും വ്യത്യസ്തമായ ആഖ്യാനമാതൃകകളിലൂടെ ആവിഷ്കരിച്ചു. ഭ്രാന്ത് എന്ന കഥയിൽ ഇത്തരം പീഡനങ്ങളെ തലകീഴായി ആവിഷ്ക്കരിക്കാനാണ് അയ്യപ്പൻ ശ്രമിക്കുന്നത്. റിയലിസത്തിന്റെ ഭാഷാക്രമങ്ങളെ അയ്യപ്പൻ പലപ്പോഴും തിരസ്കരിച്ചു. പ്രേതം കൂടിയ വ്യക്തിയുടെ ഭാഷണമായി, ഭ്രാന്തുള്ള ആളിന്റെ പറച്ചിലുകളായി, വിചിത്രങ്ങളായ സ്വപ്നങ്ങളായി, പിറുപിറുക്കലായി അയ്യപ്പന്റെ കഥകളിൽ ഭാഷ തന്നെ സവിശേഷ ആഖ്യാനമാതൃകകളായി മാറുന്നു. ഈ ആഖ്യാനങ്ങളെല്ലാം കീഴാളജീവിതവുമായി ബന്ധപ്പെട്ട ഭൂമിശാസ്ത്ര സൂചനകളും സാംസ്കാരിക സൂചനകളും ഉൾക്കൊള്ളാൻ പര്യാപ്തമായവയാണ്.

## Recap

- കീഴാളജീവിതത്തിന്റെ വ്യത്യസ്തവും ചിതറിയതും അനഭിമതവുമായ അരികുജീവിതത്തെയാണ് സി. അയ്യപ്പന്റെ കഥാലോകം ആവിഷ്കരിക്കുന്നത്
- വൈവിധ്യമാർന്ന ആഖ്യാനതന്ത്രങ്ങൾ കഥപറച്ചിലിനായി സി. അയ്യപ്പൻ ഉപയോഗിക്കുന്നുണ്ട്
- തന്റെ സ്വത്വം തിരിച്ചറിയാതെ സവർണ്ണാധിപത്യമൂല്യങ്ങളിൽ ജീവിക്കുന്ന കീഴാളജീവിതത്തെയാണ് ഭ്രാന്ത് എന്ന കഥയിൽ ആവിഷ്കരിക്കുന്നത്
- പുതിയ തലമുറയിലെ ദളിതർ വിദ്യാഭ്യാസം നേടിയെങ്കിലും അതവരെ മിഥ്യാഭിമാനത്തിലേക്കും സ്വാർത്ഥതയിലേക്കും നയിച്ചുവെന്ന കാഴ്ചപ്പാടാണ് ഭ്രാന്ത് എന്ന കഥയിൽ ആവിഷ്ക്കരിക്കുന്നത്
- ആഭിചാരത്തിന്റെയും പ്രേതഭാഷണത്തിന്റെയും അന്യാപദേശത്തിന്റെയും ആക്ഷേപഹാസ്യത്തിന്റെയും നാടൻപാട്ടിന്റെയും രൂപഭാവങ്ങളെ തന്റെ ചെറുതും വലുതുമായ കഥയുടെ ആഖ്യാനഘടനയിലേക്ക് സി. അയ്യപ്പൻ വിളക്കിച്ചേർക്കുന്നുണ്ട്
- വിദ്യാസമ്പന്നരായ കീഴാളരിൽ പോലുമുള്ള അപകർഷബോധത്തെയാണ് ഭ്രാന്ത് എന്ന കഥയിൽ ആവിഷ്ക്കരിക്കുന്നത്

## Objective Type Questions

1. ഭ്രാന്ത് എന്ന കഥയുടെ ആഖ്യാനതന്ത്രമെന്ത്?
2. ആത്മാഭിമാനത്തിനു വേണ്ടിയുള്ള കരച്ചിലും പല്ലുകടിയും എന്ന് സ്വാന്തനം കഥകളെ വിശേഷിപ്പിച്ച എഴുത്തുകാരനാര്?
3. അമ്മയ്ക്ക് കുറച്ചുകൂടി വെളുപ്പും വൃത്തിയുമുള്ള മുണ്ടും ബ്ലൗസും ധരിക്കാമായിരുന്നു. കൂടാതെ അത്ര നിറവുമില്ലല്ലോ തന്റെ പ്രവൃത്തിയെ ഇങ്ങനെ ന്യായീകരിക്കുന്ന കഥാപാത്രമേത്?
4. അംബേദ്കർ കഥാപാത്രമാകുന്ന അന്യാപദേശരൂപത്തിൽ രചിച്ച കഥയേത്?
5. വ്യത്യസ്തവും ചിതറിയതും അനഭിമതവും ഭ്രഷ്ടവുമായ അരികുജീവിതങ്ങളുടെ വ്യതിരിക്തമായ ആഖ്യാനലോകം എന്ന വിശേഷണം ഇണങ്ങുന്നത് ആരുടെ കഥകൾക്കാണ്?
6. ഭ്രാന്ത് എന്ന കഥയിലെ കൃഷ്ണൻ മാഷ് എന്ന കഥാപാത്രത്തിന്റെ സ്വത്വമെന്ത്?
7. ഭ്രാന്ത് എന്ന കഥയിലൂടെ സി. അയ്യപ്പൻ ആവിഷ്ക്കരിക്കുന്ന പ്രമേയമെന്ത്?
8. കീഴാളജീവിതവും സംസ്കാരവും പ്രത്യേക പഠനശാഖയായി രൂപപ്പെടുന്നതിന് മുൻപേ അധഃകൃതരുടെ സംഘർഷങ്ങൾ ചെറുകഥകളിലൂടെ സി. അയ്യപ്പനോടൊപ്പം ആവിഷ്ക്കരിച്ച മറ്റൊരു കഥാകൃത്ത് ആര്?

## Answers

1. ആത്മഭാഷണം
2. സി. അയ്യപ്പൻ
3. കൃഷ്ണൻ മാഷ്
4. സ്മാരകം
5. സി. അയ്യപ്പന്റെ
6. ജാതീയമായ അപകർഷതയുടേയും സാംസ്കാരികാടിമത്തത്തിന്റേയും ഇര.
7. വിദ്യാസമ്പന്നരായ കീഴാളരിൽ പോലുമുള്ള അപകർഷബോധം.
8. ടി. കെ. സി. വടുതല

## Assignments

1. അരികു ജീവിതവും സി. അയ്യപ്പൻ കഥകളും - കുറിപ്പെഴുതുക
2. 'ഭ്രാന്ത്' എന്ന ആക്ഷേപ ഹാസ്യ അംശങ്ങൾ - ഉപന്യാസം തയ്യാറാക്കുക
3. 'ഭ്രാന്ത്' എന്ന കഥയുടെ സമകാലിക പ്രസക്തി - ഉപന്യാസം തയ്യാറാക്കുക

## Suggested Readings


1. സി. അയ്യപ്പൻ, ഞണ്ടുകൾ, ഡി. സി. ബുക്സ്, കോട്ടയം, 2003.
2. സി. അയ്യപ്പൻ, സി. അയ്യപ്പൻ കഥകൾ സമ്പൂർണ്ണം, ആമി ബുക്സ്, കോഴിക്കോട്, 2018.
3. പ്രദീപൻപാമ്പിരിക്കുന്ന്, ദലിത് സൗന്ദര്യശാസ്ത്രം, ഡി. സി. ബുക്സ്, കോട്ടയം, 2017.
4. വി. പി. മാർക്കോസ്(എഡി.), സമകാലിക മലയാള ചെറുകഥ, വഴിയും പൊരുളും, വിദ്വാൻ പി. ജി. നായർ സാരക ഗവേഷണകേന്ദ്രം, യു. സി. കോളേജ്, ആലുവ, 2012.
5. രവികുമാർ കെ. എസ്, കഥയുടെ വാർഷിക വലയങ്ങൾ, സാഹിത്യ പ്രവർത്തക സഹ കരണ സംഘം, കോട്ടയം, 2015.

# യൂണിറ്റ് -5
# കൊച്ചു കൊച്ചു മോഹങ്ങൾ

എൻ. മോഹനൻ

## Learning Outcomes

- കഥയെ കവിതയാക്കുന്ന ഭാവാത്മക ശൈലിയെ പരിചയപ്പെടുത്തുന്നു
- വൈകാരികമായ സാമൂഹികാവസ്ഥകളെ തുറന്നുകാട്ടുന്ന കഥകളെ ഉദാഹരിക്കുന്നു
- എൻ. മോഹനന്റെ കഥാലോകത്തെ മനസിലാക്കുന്നു
- കാല്പനികതയുടെ വികാരതീവ്രതയും ആത്മബോധവും വിഷാദവുമടങ്ങിയ എൻ. മോഹനന്റെ രചനാശൈലിയെ വിലയിരുത്തുന്നു
- കുട്ടികളുടെ ഗൃഹാതുരതയും വേദനയുമുണർത്തുന്ന ബാല്യാനുഭവങ്ങൾ എൻ. മോഹനന്റെ കൃതികളിലൂടെ വെളിവാകുന്നു

## Prerequisites

കോട്ടയം ജില്ലയിലെ രാമപുരത്ത് 1933 ഏപ്രിൽ 27-നു ജനിച്ചു. അച്ഛൻ നാരായണൻ നമ്പൂതിരിപ്പാട്. അമ്മ പ്രസിദ്ധ കഥാകാരിയായ ലളിതാംബിക അന്തർജനം. മലയാള സാഹിത്യത്തിൽ എം. എ. ബിരുദം. രണ്ടുവർഷം കാലടി ശ്രീശങ്കരാ കോളജിൽ ലക്ചറർ, 1958 മുതൽ കേരളസർക്കാരിന്റെ പബ്ലിക് റിലേഷൻസ് വകുപ്പിൽ വിവിധ തസ്തികകളിൽ ജോലിചെയ്തു. 1988-ൽ സംസ്ഥാന ചലച്ചിത്രവികസന കോർപറേഷൻ മാനേജിങ് ഡയറക്റായിരിക്കെ റിട്ടയർ ചെയ്തു. കൃതികൾ: നിന്റെ കഥ എന്റെയും, ദുഃഖത്തിന്റെ രാത്രികൾ, പൂജയ്ക്കെടുക്കാത്ത പൂക്കൾ, ഒരിക്കൽ, എൻ. മോഹനൻ കഥകൾ (കഥാസമാഹാരങ്ങൾ), ഇന്നലത്തെമഴ(നോവൽ). 1999 ഒക്ടോബർ 3-ന് അന്തരിച്ചു.

മലയാളചെറുകഥയുടെ ഒരു സവിശേഷകാലഘട്ടത്തെ ജീവിതവീക്ഷണത്തിന്റെ തരളമായ സൗന്ദര്യംകൊണ്ട് അലങ്കരിച്ച കഥാകൃത്താണ് എൻ. മോഹനൻ. 1950-കളുടെ രണ്ടാം പകുതിയിലാണ് ചെറുകഥാകൃത്തെന്ന നിലയിൽ അദ്ദേഹം തന്റെ വരവറിയിക്കുന്നത്. ഏകാകിതയുടെയും വിഷാദത്തിന്റെയും ഭാവങ്ങളെ സ്വച്ഛന്ദമായി ആലേഖനം ചെയ്ത ആ ചെറുകഥകളിൽ ഭാവഗീതസ്വഭാവം അതിന്റെ അധികതുംഗപദത്തിലെത്തിയിരിക്കുന്നു. ലിറിക്കൽ റിയലിസ്റ്റ് പ്രവണതകൾ സജീവമായി പ്രകടമാകുന്ന മലയാള ചെറുകഥകളായി അവ മാറി. മാർക്സിയൻ ചിന്താഗതിയിലധിഷ്ഠിതമായ സാമൂഹികബോധവും ജന്മിത്ത വ്യവസ്ഥിതിയുടെ തകർച്ച മൂലം കൈവന്ന വ്യക്തിബോധവും നല്കിയ സാമൂഹിക പശ്ചാത്തലമാണ് മോഹനന്റെ കഥാലോകത്തിനു പിന്നിൽ പ്രവർത്തിച്ച ചാലകശക്തികൾ. ഈ സാമൂഹികപരിസ്ഥിതി ഉളവാക്കിയ ആത്മബോധവും വിഷാദവും വൈകാരിക തീവ്രതയും അദ്ദേഹത്തിന്റെ രചനകളിൽ കാല്പനികശോഭ പകരുന്നു.

കോളേജ് വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് എൻ. മോഹനന്റെ ആദ്യകഥ പ്രസിദ്ധീകരിക്കുന്നത്. 'ഇലകൊഴിഞ്ഞ ജീവിതം' എന്ന പേരിലുള്ള ആ കഥ മാതൃഭൂമി ആഴ്ചപ്പതിപ്പിലാണ് പ്രസിദ്ധീകരിക്കുന്നത്. തുടർന്ന് 'പൂജയ്ക്കെടുക്കാത്ത പൂക്കൾ' എന്ന കഥയോടെ അദ്ദേഹം കഥാസാഹിത്യത്തിൽ തന്റെ സാന്നിദ്ധ്യമുറപ്പിച്ചു. ആദ്യഘട്ടത്തിൽ ഇരുപത്തിയൊ

ന്നോളം കഥകളെഴുതിയ അദ്ദേഹം 1970 കളോടെ സാഹിത്യത്തിൽ നിശബ്ദനായി. ആദ്യ കാലരചനകൾ മൂന്നു സമാഹാരങ്ങളിലായി നിന്റെ കഥ എന്റെയും (1959), ദുഃഖത്തിന്റെ രാത്രികൾ (1940), പൂജക്കെടുക്കാത്ത പൂക്കൾ(1965) എന്നീ പേരുകളിൽ പുറത്തുവന്നു. വീണ്ടും സാഹിത്യരംഗത്ത് സജീവമായ കാലത്ത് രചിച്ച കഥകളാണ് 'നുണയുടെ ക്ഷണികതകൾ തേടി', 'ശേഷപത്രം', 'നിഷധരാജ്യത്തിലെ രാജാവ്', 'സ്നേഹത്തിന്റെ വ്യാകരണം', 'ഒന്നും പറയാതെ' എന്നീ സമാഹാരങ്ങളിലുള്ളത്. പറയിപെറ്റ പന്തിരുകുലത്തിലെ വരരുചിയുടെ പുരാവൃത്തം വർത്തമാനകാല പശ്ചാത്തലത്തിലവതരിപ്പിക്കുന്ന നോവലാണ് 'ഇന്നലത്തെ മഴ'(1996). 1998 ൽ ഈ നോവലിന് കേരളസാഹിത്യഅക്കാഡമി അവാർഡ് ലഭിക്കുകയുണ്ടായി. ഏറ്റവും ഒടുവിൽ പ്രസിദ്ധീകൃതമായ 'ഒരിക്കൽ' അദ്ദേഹത്തിന്റെ ആത്മകഥാസ്പർശമുള്ള ലഘുനോവലാണ്.

സ്നേഹവും വിഷാദവും മാനുഷികതയും ഇടചേർന്ന മോഹനന്റെ കഥാലോകം വായനക്കാരെ എളുപ്പത്തിലാകർഷിക്കുന്നു. അനുഭവയാഥാർത്ഥ്യങ്ങളെ വൈകാരികവും ഭാവനാത്മകവും സൗന്ദര്യാത്മകവുമായി ആവിഷ്ക്കരിക്കുന്നതിന് എൻ. മോഹനന് പ്രത്യേക പാടവമുണ്ട്. "കഥ മോഹനന് വിശുദ്ധമായ പ്രവർത്തനമാണ്. തന്റെ നന്മതിന്മകളെ വേർതിരിച്ചറിയുക, മനുഷ്യബന്ധങ്ങളുടെ ക്ഷണികതകളുടെ ആഴം തിട്ടപ്പെടുത്തുക, കുറ്റബോധത്തിന്റെ ലഹരിയിൽ വിശ്രമിച്ചുകൊണ്ട് മനുഷ്യത്വം അനുഭവിക്കുക, സ്വയം കുറ്റപ്പെടുത്താൻ ഒരവസരം വീണുകിട്ടാൻ പ്രാർത്ഥിക്കുക, നിസ്സഹായരോടൊപ്പം കൈപിടിച്ചു നടന്നു കൊണ്ട് ജീവിതത്തിന്റെ കാഠിന്യം പരിശോധിക്കുക, പുരാതനത്വത്തിന്റെ മണ്ണിലേയ്ക്ക് പ്രാർത്ഥനാപൂർവ്വം ചെകിടോർക്കുക എന്നതൊക്കെയാണ് മോഹനനെ സംബന്ധിച്ചിടത്തോളം കഥാരചന"(എം.കെ.ഹരികുമാർ-അഹംബോധത്തിന്റെ സർഗാത്മകത.1995:135)

ബാല്യാനുഭവങ്ങൾ ചിത്രീകരിക്കുന്നതോ കുട്ടികൾ കേന്ദ്രകഥാപാത്രങ്ങളാകുന്നതോ ആയ കുറേ കഥകൾ എൻ.മോഹനന്റേതായുണ്ട്. വ്യക്തിജീവിതത്തിലെ വേദനാനിർഭരമായ അനുഭവങ്ങളാണ് മോഹനന് ബാല്യം കഥകളിലാവാഹിക്കുവാൻ പ്രേരണയായത്. കഥകളിൽ ദുഃഖിതനായി അലയുന്ന ഒരു കുട്ടിയുടെ സാന്നിധ്യം പലയിടത്തും കണ്ടെത്താൻ കഴിയും. ബാല്യത്തിൽ തനിക്കു ലഭിക്കാതെ പോയ ആഗ്രഹസാഫല്യവും സ്നേഹവാത്സല്യങ്ങളും സുരക്ഷിതത്വവും തന്റെ കഥാപാത്രങ്ങളിലൂടെ കൈവരിക്കുവാൻ ശ്രമിക്കുകയാണ് കഥാകൃത്ത്. 'എന്റെ മനസ്സിൽ ഇപ്പോഴും കരഞ്ഞുനടക്കുന്ന ഒരു കുട്ടിയുണ്ട്. അവനെ സ്വപ്നത്തിൽ താലോലിക്കാൻ, വളർത്താൻ ആഗ്രഹിക്കുന്നതാണ് തന്റെ കഥകളിലെ കുട്ടിയുടെ സാന്നിദ്ധ്യമെന്ന്' അദ്ദേഹം പറയുന്നുണ്ട്. കുട്ടികളുടെ കഥപറയുന്ന കൊച്ചുതിരുമേനി, മിന്നാമിനുങ്ങ്, ഒരു കൊച്ചു കുട്ടിയുടെ വലിയ ആഗ്രഹം, ബാലപാഠങ്ങൾ, ഒരു ത്യാഗത്തിന്റെ ഇതിഹാസം, കൊച്ചുകൊച്ചുമോഹങ്ങൾ എന്നിവയിലും. നിന്റെ കഥ (എന്റെയും), അമ്മായി, വെളിച്ചത്തിന്റെ സംഭ്രാന്തതാളങ്ങൾ, വിഷു ഒരോർമ്മക്കുറിപ്പ്, ഒരു സാംസ്കാരികപ്രശ്നം എന്നീ രചനകളിലും കുട്ടികളെക്കുറിച്ചു പരാമർശമുണ്ട്. മോഹനൻ കഥാകാരനായതിനു പിന്നിൽ അദ്ദേഹത്തിന്റെ ബാല്യകാലജീവിത സാഹചര്യങ്ങളും, കണ്ടുമുട്ടേണ്ടിവന്ന വ്യക്തികളും ജീവിച്ചുവളർന്ന ഗ്രാമവും പ്രധാനഘടകങ്ങളാണ്. കഥകളിൽ പരാമർശവിധേയമാകുന്ന ഓരോ വ്യക്തികളും ജീവിതത്തിൽ തനിക്കു ബന്ധപ്പെടേണ്ടിവന്നവർ തന്നെയാണെന്നുകഥാകൃത്ത് തന്നെ പറഞ്ഞിട്ടുണ്ട്.

ബാല്യവുമായി ബന്ധപ്പെട്ട കഥകളിൽ മോഹനൻ പ്രധാന പ്രമേയമാക്കുന്ന ഘടകം ഇല്ലായ്മയാണ്. തന്റെ ഇല്ലായ്മയും വല്ലായ്മയും മറ്റുള്ളവർ മനസ്സിലാക്കുന്നതിൽ അപമാനം സഹിക്കാനാവാത്ത കൊച്ചുകൊച്ചു മോഹങ്ങളിലെ മാത്തുക്കുട്ടി മോഹനന്റെ ആത്മാം

ശം ഉൾക്കൊള്ളുന്ന കഥാപാത്രമാണ്."രാമപുരത്ത് സ്കൂളിൽ പഠിക്കുമ്പോൾ രണ്ടേകാൽ രൂപ ഫീസുകൊടുക്കാനില്ലാതെ വെളിയിലിറക്കി എന്നെ നിർത്തിയിട്ടുണ്ട്.... സതീർത്ഥ്യരുടെ മുമ്പിൽ വെച്ച് ലജ്ജപുരണ്ട് അപമാനിതനായ ആ ദയനീയ നിമിഷം ഈ ജന്മത്ത് മറക്കവയ്യ."(അനുഭവങ്ങളുടെ യാത്ര) തന്റെ ഇല്ലായ്മയെ മോഹനനിങ്ങനെ അനുസ്മരിക്കുന്നു. 1940-കാലയളവിൽ ഒരു നമ്പൂതിരി കൂട്ടുകുടുംബത്തിൽ ജനിച്ചുവളർന്ന കഥാകൃത്തിന്റെ സ്വാനുഭവങ്ങളെത്തന്നെയാണ് കുട്ടികളുടെ മനസ്സിന്റെ ചിത്രീകരണത്തിലൂടെ സാധിക്കുന്നത്. കഥാകൃത്തുതന്നെ വ്യക്തമാക്കുന്നതുപോലെ "ഞാൻ വളർന്നത് കൂട്ടുകുടുംബത്തിലാണ്. ആദ്യം അമ്മയുടെ ഇല്ലത്ത്. അമ്മയുടെ എട്ടു സഹോദരന്മാരും അച്ഛനും ബന്ധുക്കളു മടങ്ങുന്ന കുടുംബം. അതിനുശേഷം സ്കൂളിൽ പോകാൻ കാലമായപ്പോൾ അച്ഛന്റെ ഇല്ലത്തേയ്ക്കു മാറി. അവിടെ നാല്പതുപേരുള്ള ഒരു വലിയ കുടുംബമാണ്. ഈ തിരക്കിനിടയിലൂടെ ഏകനായി മറ്റെന്തോ തേടി ഞാൻ നടന്നു. കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളുമനുഭവിച്ച്. അവഗണനയായിരുന്നു സഹിയ്ക്കാൻ വയ്യാത്തത്. മനുഷ്യന്റെ ജീവിതത്തിൽ ഏറ്റവും വലിയ സങ്കടവും ഇതത്രെ".(എൻ. മോഹനൻ, എഴുത്താണ് പ്രാണവായു, ഭാഷാപോഷിണി, ഫെബ്രുവരി,1997) കഥാകൃത്തിന്റെ ബാല്യകാലാനുഭവങ്ങളുടെ ആകെത്തുക ഈ അനുഭവകഥനത്തിലടങ്ങിയിരിക്കുന്നു. കോട്ടവട്ടത്തെ അമ്മയുടെ കുടുംബത്തിലും രാമപുരത്തെ അച്ഛന്റെ കുടുംബത്തിലുമാണ് കഥാകൃത്ത് ബാല്യം കഴിച്ചുകൂട്ടിയത്. രാമപുരത്തെ ജനാരണ്യം നിറഞ്ഞ നിസ്സഹായമായ ബാല്യമാണ് കഥാകൃത്തിൽ ഏറെ മാനസികസംഘർഷങ്ങൾ സൃഷ്ടിച്ചത്. ഈ കൊച്ചുകുട്ടിയാണ് അദ്ദേഹത്തിന്റെ മിക്കവാറും കഥകളിലെ കഥാപാത്രം. ബുദ്ധിമുട്ടും ദാരിദ്ര്യവും അവഗണനയും ഈ കുട്ടികളിലൂടെ ആവിഷ്കരിക്കപ്പെട്ടിരിക്കുന്നു. ജീവിതാനുഭവങ്ങളുടെ ചൂടുള്ള മണ്ണാണ് എൻ. മോഹനന്റെ കഥകളുടെ ഉറച്ച അടിത്തറ. ഇല്ലായ്മയുടെയും വല്ലായ്മയുടെയും നടുവിൽ കുഞ്ഞുസ്വപ്നങ്ങൾ ബലികഴിക്കേണ്ടിവരുന്ന ചെറുബാല്യജീവിതത്തെ അതിതീവ്രമായി ആവിഷ്ക്കരിക്കുന്ന എൻ. മോഹനന്റെ കഥയാണ് കൊച്ചു കൊച്ചു മോഹങ്ങൾ.

## Keywords

ബാല്യാനുഭവങ്ങൾ-ഗൃഹാതുരത-ബലികഴിക്കേണ്ടിവന്ന കുഞ്ഞു സ്വപ്നങ്ങൾ-ഇല്ലായ്മകൾ-ദുരഭിമാനം-വേദനാജനകമായബാല്യം-എഴുത്തുകാരന്റെ ആത്മാംശം-അമ്മയുടെ ആഗ്രഹം നിറവേറ്റുന്നു

## Discussion

മാത്തുക്കുട്ടിക്ക് സന്തോഷം അടക്കാനായില്ല. താനിന്ന് അൻപതു രൂപയുടെ ഉടമയായിരിക്കുന്നു. കുഞ്ഞുവർക്കിച്ചേട്ടൻ തന്ന രൂപ ആരും കാണാത്തിടത്ത് പോയിരുന്ന് ഒന്നുകൂടി എണ്ണിനോക്കണം. അങ്ങനെയാണ് പള്ളിമൈതാനത്തെ പെരുനാളിന്റെ തിരക്കിൽ നിന്നൊഴിഞ്ഞ് അവൻ പള്ളിയുടെ വടക്കേവശത്തെ റബ്ബർതോട്ടത്തിന്റെ കമ്പിവേലി തുടങ്ങുന്നിടത്ത് വന്നത്. അവിടെ ഇപ്പോൾ ആരുമുണ്ടാകില്ല. അവിടെ പൊക്കിക്കെട്ടിയിരിക്കുന്ന സിമന്റ് പടിയിൽ കയറിയിരുന്ന് ആരും കാണാതെ രൂപയെടുത്ത് ഒന്നു കൂടി എണ്ണിനോക്കണം. കുഞ്ഞുവർക്കിചേട്ടൻ പൈസ തന്നപ്പോൾ ആകെ സംഭ്രമമായിരുന്നു.

പടിക്കെട്ടിൽ കയറിയിരുന്ന് നിക്കറിന്റെ കീശയിൽ നിന്ന് പൈസയെടുക്കാൻ തുടങ്ങുമ്പോഴാണ് ആരോ വിളിക്കുന്നതവൻ കേട്ടത്. പാലക്കുന്നിലെ ദേവസ്യാചേട്ടന്റെ കെട്ടിയോൾ ഏലിചേട്ടത്തിയാണ്. വെയില് കൊണ്ട് മടങ്ങുമ്പോൾ വിശ്രമിക്കാനെത്തിയതാണെന്ന് പറഞ്ഞ് അവൻ ഒഴിഞ്ഞു മാറാൻ ശ്രമിച്ചു. എന്നാലവൾ വിടാൻ ഭാവമുണ്ടായില്ല. 'നീ രാവിലേ മുതലേ ഏതാണ്ടു വിറ്റോണ്ട് നടക്കുന്ന കണ്ടല്ലോ' എന്ന ചോദ്യം അവനിൽ നീരസമുണ്ടാക്കിയെങ്കിലും

അത് മറച്ചുവെച്ച് അവൻ മറുപടി പറഞ്ഞു.

"നമ്മുടെ ലോട്ടറിക്കടേലെ കുഞ്ഞവർക്കി ചേട്ടനില്ലേ, പുള്ളിക്കാരൻ കുറേ ടിക്കറ്റ് വിറ്റു കൊടുക്കാമോന്നു ചോദിച്ചു. പള്ളിക്കൂടം അട ച്ചിരിക്കുവല്ലേ? പെരുന്നാളിന്റെ കൂട്ടോം ഒണ്ടല്ലോ നോക്കാംന്നു വിചാരിച്ചിറങ്ങിതാ ...."

അങ്ങനെ പത്ത് നൂറ് ലോട്ടറി ടിക്കറ്റ് വിറ്റ വകയിൽ അവന് ലഭിച്ച കൂലിയാണ് ആ അമ്പ തു രൂപ. ഏലിച്ചേട്ടത്തി പോയിക്കഴിഞ്ഞപ്പോൾ അവൻ സമാധാനത്തോടെ പോക്കറ്റിൽ നിന്ന് നോട്ടുകളെടുത്ത് എണ്ണുവാനാരംഭിച്ചു. അഞ്ച് പത്തുരൂപ നോട്ടുകൾ. ജീവിതത്തിലാദ്യമായിട്ടാ ണ് അവൻ ഇത്രേം പണം ഒന്നിച്ച് കാണുന്നത്. അവനത് ഭദ്രമായി പോക്കറ്റിൽത്തന്നെ തിരികെ വെച്ചു. അവന്റെ മനസ്സിലൂടെ പഴയകാര്യങ്ങൾ ഓരോന്നായി വന്നു നിറഞ്ഞു. വലിയ സന്തോഷ ത്തോടെയല്ല അവന്റെ അമ്മ അവനെ സ്കൂളിലേ യ്ക്കയക്കുന്നത്. ചെക്കന് എട്ടുവയസ്സായല്ലോ. ഇനി വല്ല പണിക്കും പോയി തിന്നാനുള്ള വക ഉണ്ടാക്കട്ടെ എന്നായിരുന്നു അവരുടെ വിചാരം. ഉച്ചക്കഞ്ഞി സ്കൂളിൽ നിന്നുകിട്ടുമെന്ന ആശ്വാ സത്തിലാണ് അവനെ സ്കൂളിലയയ്ക്കാൻ സമ്മ തിച്ചത്. ഒരു നേരത്തെ ഭക്ഷണമെങ്കിൽ അത്രേം ആയല്ലോ എന്നു കരുതി സമ്മതിച്ചുന്നേയുള്ളു. സ്കൂളിലെ എന്തു കാര്യം പറഞ്ഞാലും മാത്തു ക്കുട്ടിയുടെ അമ്മച്ചിക്കു മനസ്സിലാവില്ല. പുസ് തകത്തിന്റെയോ പെൻസിലിന്റെയോ ഉടുപ്പിന്റെ യോ കാര്യം പറഞ്ഞാൽ അമ്മയ്ക്ക് ദേഷ്യമാ ണ്. രണ്ടു വയറു നിറയ്ക്കാൻ പാടുപെടുന്ന പ്രാരാബ്ധം അമ്മ പറഞ്ഞു തുടങ്ങും. കഴിഞ്ഞ ദിവസവും അവൻ ഒരു ഷർട്ടിന്റെ കാര്യം അമ്മ യോട് പറഞ്ഞിരുന്നു. ഷർട്ട് വല്ലാതെ കീറി പറിഞ്ഞിരുന്നു. മറ്റുള്ളവർക്കുള്ളതുപോലെ കേ മമായതൊന്നും അവൻ മോഹിക്കുന്നില്ല. കീറാ ത്തൊരു ഷർട്ടാണ് അവന്റെ മോഹം. അവന്റെ കൊച്ചുമോഹം കേട്ട് അമ്മ വീണ്ടും കോപിച്ചു.

"മറ്റുള്ളവർക്കൊക്കെ, അവരൊക്കെ ഒള്ളേട ത്തെയാ നീ.... നീയേ നീ വഴിമറിയെടെ മോനാ അപ്പനില്ലാത്ത കൊച്ചാ."

ആ മറുപടി അവനെ മൗനിയാക്കി.

പതിവില്ലാതെ അവൻ അമ്മയോടൊപ്പം രാവി ലെ ചന്തയിലെത്തി. അമ്മച്ചിയെ സഹായിച്ചും സേവ പറഞ്ഞും കൂടെ നിന്നു. ഒടുവിൽ തന്റെ ആഗ്രഹം വീണ്ടും അവൻ പറഞ്ഞു. അമ്മച്ചിയു ടെ ശബ്ദമുയർന്നത് പെട്ടെന്നായിരുന്നു.

"ഓ ചെറുക്കന്റെ പൂതി. ഉടുപ്പ് വേണം പോ ലും. കഞ്ഞി കുടിച്ചു കിടക്കാൻ എന്താ വേണ്ടേ ന്നാ എന്റെ വേവലാതി." അമ്മ ദേഷ്യപ്പെട്ടതി ലല്ല കൂടെ പഠിക്കുന്നവർ ആരെങ്കിലും കേട്ടാൽ ഉണ്ടാകുന്ന കുറച്ചിലിനെക്കുറിച്ചോർത്ത് അവൻ സങ്കടത്തോടെ അമ്മയോട് അപേക്ഷിച്ചു.

"ഒന്നു പതുക്കെ പറ അമ്മച്ചി."

അമ്മയും മകനും തമ്മിലുള്ള കലഹം കേ ട്ടാണ് ലോട്ടറി വിൽപ്പനക്കാരൻ കുഞ്ഞുവർ ക്കി ചേട്ടൻ ഷർട്ടിന്റെ പണം സമ്പാദിക്കാൻ ഒരു സൂത്രം അവന് പറഞ്ഞു കൊടുത്ത്. ക്രി സ്മസ് ബംബർ ലോട്ടറി ടിക്കറ്റ് നൂറെണ്ണം വി റ്റ് നല്കുക. അങ്ങനെയെങ്കിൽ അൻപത് രൂപ കമ്മീഷൻ നല്കാം. അതുകൊണ്ട് ഇഷ്ടമുള്ള ഷർട്ട് വാങ്ങാം. അമ്മയുടെയും കുഞ്ഞുവർക്കി ചേട്ടന്റെയും പ്രോത്സാഹനം കൊണ്ട് പരിചയ മില്ലാത്ത പണിയാണെങ്കിലും അവനത് ഏറ്റെ ടുത്തു. വൈകുന്നേരത്തോടെ ടിക്കറ്റെല്ലാം വി റ്റു തീർന്നു. അങ്ങനെ കിട്ടിയ പൈസയാണ് അവനിപ്പോൾ സ്വസ്ഥമായി നടന്ന് എണ്ണുന്നത്. പൈസയുമായി അവൻ നേരെ പള്ളിപ്പറമ്പി ലേക്ക് നടന്നു. ഷർട്ട് വാങ്ങാമെന്ന് വിചാരിച്ചു. പള്ളിപ്പറമ്പിലെ കടകളിൽ മറ്റു പലതും അവനെ കൊതിപ്പിച്ചു. പല ജാതി ഭക്ഷണസാധനങ്ങൾ, കളിക്കോപ്പുകൾ, ബലൂണുകൾ, വസ്തുക്കൾ.... അവയോരൊന്നും അവനെ കൈകാട്ടി വിളിക്കു ന്നതു പോലെ തോന്നി.

പെട്ടന്നാണ് അവന്റെ കണ്ണുകൾ പാത്രങ്ങൾ നിറച്ചുവെച്ചിരിക്കുന്ന വലിയ പന്തൽ കണ്ടത്. പിച്ചള, ചെമ്പ്, ഓട്, അലുമിനിയം ഇങ്ങനെ പലമാതിരി പാത്രങ്ങൾ നിരയായി ഭംഗിയായി അടുക്കി വെച്ചിരിക്കുന്നു. അവന്റെ കണ്ണുകൾ ഒരു പാത്രത്തിലുടക്കി നല്ല ചന്തവും തിളക്കവു മുള്ള പാത്രം. അമ്മച്ചി വിചാരിച്ചത് ഇതു പോ ലൊരു പാത്രമാകും. വെളുത്തു തിളങ്ങുന്ന, പട്ടി തട്ടിയാൽ ഉടയാത്ത. പിന്നെ മറ്റൊന്നും അവൻ

ആലോചിച്ചില്ല. മുപ്പത്തിയഞ്ചു രൂപ കൊടുത്ത് ആ കലം അവൻ വാങ്ങി. ബാക്കി പൈസ കൊടുത്ത് അരിയും വാങ്ങി. ഇവിടെ മാത്തുക്കുട്ടിയെ സാമൂഹിക സാഹചര്യങ്ങൾ ജീവിക്കാൻ പ്രേരിപ്പിക്കുകയാണ്.

**സഫലമാകാത്ത മോഹങ്ങളുടെ കഥാലോകം**

മോഹനന്റെ കഥകളിലെ കുട്ടികളെല്ലാം ഓരോ തരം ആഗ്രഹസാക്ഷാത്കാരത്തിനായി മോഹിക്കുന്നവരാണ്. ഈ ആഗ്രഹങ്ങളുടെ ഭംഗം കുട്ടികളെ വിഷാദവാന്മാരാക്കി മാറ്റുന്നു. എങ്കിലും ഈ വിഷാദം സമൂഹത്തോടുള്ള വിദ്വേഷമോ എതിർപ്പോ ആയി രൂപാന്തരപ്പെടുന്നില്ല. ഇതിനു കാരണം കഥാകൃത്തിന്റെ ലാളിത്യമാർന്ന വ്യക്തിത്വമാണ്. ഏതു പ്രതിസന്ധികളിലും മാനുഷികമായ കാരുണ്യവും നന്മയും സൂക്ഷിക്കാനാഗ്രഹിക്കുന്ന മനസ്സാണ് മോഹനന്റേത്. തന്റെ ബാല്യകാലത്ത് ലഭിക്കാത്തത് നേടാൻ വേണ്ടി സ്വപ്നം കണ്ടുനടന്ന വാത്സല്യം കോരിക്കുടിക്കുവാൻ വേണ്ടി കഥാപാത്രങ്ങളിലൂടെ ശ്രമിക്കുന്നതാവാം, തന്റെ കഥകളിലെ പരാധീനതകളും തേങ്ങലുകളുമായി അലയുന്ന കുട്ടിയുടെ ചിത്രീകരണത്തിന് കാരണമെന്ന് കഥാകാരൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ദയനീയവും ദാരിദ്ര്യപൂർണ്ണവുമായ തന്റെ ഇല്ലത്തിന്റെ അവസ്ഥയ്ക്കു പരിഹാരമായി ചെറുപ്പത്തിലെ ക്ഷേത്രത്തിലെ ശാന്തിക്കാരനാകേണ്ടിവന്ന 'കൊച്ചുതിരുമേനി'യിലെ കുഞ്ചുണ്ണി അസംതൃപ്തമായ ബാല്യത്തിന്റെ പ്രതിനിധിയാണ്. രുചികരമായ പലഹാരങ്ങളും പഠനവും സ്വപ്നം കാണുന്ന കുഞ്ചുണ്ണി തന്റെ ദുരഭിമാനം വെടിഞ്ഞ്, മാഷിന്റെ വീട്ടിൽനിന്ന് ആഹാരം കഴിയ്ക്കുന്നതും പേന ആവശ്യപ്പെടുന്നതും ഇതുകൊണ്ടാണ്. ബാല്യസഹജമായ ആഗ്രഹങ്ങളെയും ആകാംക്ഷകളെയും അടക്കിനിർത്താൻ കുഞ്ചുണ്ണിയ്ക്കാവുന്നില്ല. മാഷ് കുഞ്ചുണ്ണിയോടു കാട്ടുന്ന സ്നേഹവാത്സല്യങ്ങൾ കഥാകൃത്ത് എന്നോ ആഗ്രഹിച്ച പരിഗണനയുടെ പ്രകടനങ്ങളാണ്. അംഗീകാരത്തിനായി കൊതിച്ച കഥാകൃത്തിന്റെ മനസ്സിന്റെ പ്രതിഫലനം ഇവിടെ കാണാം. കൊച്ചുകൊച്ചു മോഹങ്ങളിലെ മാത്തുക്കുട്ടി അവസാനം തന്റെ മോഹത്തെ മനസ്സിലൊതുക്കി കുറേക്കൂടി വിശാലമായ അമ്മയുടെ ആഗ്രഹം സഫലമാക്കുകയാണ്.

മോഹനൻ തന്റെ കഥയെ അനുവാചകനിൽ ഒരനുഭവമാക്കി മാറ്റുകയാണ് ചെയ്യുന്നത്. എഴുത്തുകാരൻ തന്റെ വിചാരവികാരങ്ങളോട് ആത്മാർത്ഥത പുലർത്തി എഴുതുമ്പോൾ അതിന്റെ പ്രതിഫലനം കൃതികളിൽ പ്രത്യക്ഷപ്പെടും. വൈയക്തികജീവിതം കഥയിലേയ്ക്കു സന്നിവേശിപ്പിക്കുക വഴി കഥ കൂടുതൽ വൈകാരികമായി മാറുന്ന ശൈലി എഴുത്തിന്റെ ഭാവമാണ്. കഥ ഭാവസംക്രമണത്തിന് സമർത്ഥമാകുമ്പോൾ ശൈലി കാവ്യാത്മകമായി മാറുന്നു. കാവ്യാത്മകത എന്നാൽ വൈകാരികവും ഭാവനാപരവുമായത് എന്നർത്ഥം. അഥവാ അവയ്ക്ക് മുൻതൂക്കമുള്ള ഭാഷ. "കഥയും കവിതയും തമ്മിലുള്ള അതിർവരമ്പുകൾ തകർത്തത് എം.ടിയും എൻ. മോഹനനും രാജലക്ഷ്മിയുമാണ്" (വി. രമേഷ്ചന്ദ്രൻ) വികാരങ്ങൾക്ക് ആവിഷ്കരണം നൽകുമ്പോൾ ഗദ്യത്തിലും കവിതയുടെ സ്പർശം ഉണ്ടാകും. കഥയെ കവിതയാക്കുന്നത് ചിന്തകളുടെ ക്രമപ്പെടുത്തലാണ്. ആശയങ്ങളോടൊപ്പം വികാരങ്ങളെക്കൂടി ധ്വനിപ്പിക്കാൻ ശക്തിയുള്ള വാക്കുകളുടെ പ്രയോഗം ശൈലിയെ കാവ്യാത്മകമാക്കുന്നു. കൊച്ചുകൊച്ചു മോഹങ്ങൾ എന്ന കഥ ഇതിനു മികച്ച ഉദാഹരമാണ്.

## Recap

- കഥാകാരന്റെ വ്യക്തിജീവിതത്തിലെ അനുഭവങ്ങളുടെ സ്വാധീനം കൊണ്ടെഴുതിയ കഥ
- സ്നേഹവും വിഷാദവും മാനുഷികതയും ഇടചേർന്ന എൻ. മോഹനന്റെ കഥാലോകം
- ബാല്യാനുഭവ കേന്ദ്രീകൃത കഥകളെ വൈകാരികമായി അനുഭവവേദ്യമാക്കിയിരിക്കുന്നു
- ബാല്യകാലത്തെ ഇല്ലായ്മകളും ദുരഭിമാനവും അപമാനവുമെല്ലാം കഥയിൽ വൈകാരികമായി അവതരിപ്പിക്കുന്നു
- കൊച്ചു കൊച്ചു മോഹങ്ങളിലെ മാത്തുക്കുട്ടി എഴുത്തുകാരന്റെ ആത്മാംശം ഉൾക്കൊള്ളുന്നു
- ബുദ്ധിമുട്ടും ദാരിദ്ര്യവും കൊണ്ടു ബലി കഴിക്കേണ്ടി വരുന്ന ചെറുബാല്യത്തെ വേദനാജനമായി കാട്ടിത്തരുന്നു
- മാത്തുക്കുട്ടി തന്റെ കുഞ്ഞുമോഹത്തെ മനസിലൊതുക്കി അമ്മയുടെ ആഗ്രഹം സഫലമാക്കുന്നു

## Objective Type Questions

1. എൻ. മോഹനന്റെ ആദ്യ കഥ ഏതാണ്?
2. പറയിപെറ്റ പന്തിരുകുലത്തിലെ വരരുചിയുടെ കഥയെ ആസ്പദമാക്കി എൻ. മോഹനൻ എഴുതിയ നോവലേത്?
3. കൊച്ചു കൊച്ചു മോഹങ്ങൾ എന്ന കഥയിലെ പ്രധാന പ്രമേയമെന്ത്?
4. മാത്തുക്കുട്ടി അൻപതു രൂപയുടെ ഉടമയായതെങ്ങനെ?
5. അമ്മച്ചി മാത്തുക്കുട്ടിയെ സ്കൂളിലയയ്ക്കാൻ സമ്മതിച്ചതെന്തുകൊണ്ട്?
6. എന്തു വാങ്ങാൻ വേണ്ടിയാണ് മാത്തുക്കുട്ടി ലോട്ടറി കച്ചവടം നടത്തിയത്?
7. ലോട്ടറി കച്ചവടം നടത്തി മാത്തുക്കുട്ടി എത്ര രൂപയാണ് നേടിയത്?
8. പള്ളിപ്പറമ്പിൽ മാത്തുക്കുട്ടിയെ കൊതിപ്പിച്ചത് എന്തെല്ലാമായിരുന്നു?
9. തനിക്കു ലഭിച്ച അൻപതു രൂപ കൊണ്ട് മാത്തുകുട്ടി എന്താണു ചെയ്തത്?
10. എൻ. മോഹനന്റെ പ്രധാന കഥകൾ ഏതെല്ലാം?

## Answers

1. ഇല കൊഴിഞ്ഞ ജീവിതം
2. ഇന്നലത്തെ മഴ
3. ബാല്യകാലത്ത് ബലികഴിക്കേണ്ടി വന്ന കുഞ്ഞു സ്വപ്നങ്ങൾ
4. കുഞ്ഞു വർക്കിയുടെ ലോട്ടറി ടിക്കറ്റ് വിറ്റവകയിൽ അൻപതു രൂപ ലഭിച്ചു
5. ഉച്ചക്കഞ്ഞി കിട്ടുമെന്ന ആശ്വാസത്തിൽ
6. കീറാത്ത ഒരു ഷർട്ടു വാങ്ങാൻ
7. അൻപതു രൂപ
8. പലജാതി ഭക്ഷണങ്ങൾ, കളിക്കോപ്പുകൾ, ബലൂണുകൾ എന്നിവ
9. അമ്മച്ചി ആഗ്രഹിച്ചതും വീട്ടിലേക്കാവശ്യമുള്ളതുമായ ഒരു കലവും ബാക്കി രൂപയ്ക്ക് അരിയും വാങ്ങി
10. പൂജയ്ക്കെടുക്കാത്ത പൂക്കൾ, ദുഃഖത്തിന്റെ രാത്രികൾ, നിന്റെ കഥ എന്റേയും



SREENARAYANAGURU OPEN UNIVERSITY

## Assignments

1. മലയാളചെറുകഥയിലെ കാല്പനികഘട്ടത്തെ എൻ. മോഹനന്റെ കഥകളെ അടിസ്ഥാനമാക്കി വിലയിരുത്തുക
2. ഗൃഹാതുരതയും നൊമ്പരമുണർത്തുന്നതുമായ ബാല്യകാല സ്മരണകൾ വെളിപ്പെടുത്തുന്ന മലയാളചെറുകഥകളെ പരിചയപ്പെടുത്തുക

## Suggested Readings


1. എം. കെ.ഹരികുമാർ, അഹംബോധത്തിന്റെ സർഗാത്മകത
2. എൻ. മോഹനൻ, എഴുത്താണ് പ്രാണവായു, ഭാഷാപോഷിണി, ഫെബ്രുവരി,1997.
3. ഡോ. എം. എം. ബഷീർ ചെറുകഥാസാഹിത്യ ചരിത്രം, കറന്റ് ബുക്സ്, തൃശൂർ.
4. വി. രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ് ഡി. സി. ബുക്സ്, കോട്ടയം.
5. ഡോ. കെ. എസ്. രവികുമാർ, കഥയും ഭാവുകത്വപരിണാമവും, എൻ. ബി. എസ്., കോട്ടയം.

# യൂണിറ്റ് - 7
# ആർക്കറിയാം

**സക്കറിയ**

## Learning Outcomes

- മലയാള ചെറുകഥയിലെ ആധുനിക പ്രവണതകൾ ചർച്ച ചെയ്യുന്നു
- വ്യത്യസ്തമായ ആഖ്യാനപ്രവണതകൾ പരീക്ഷിക്കുന്ന സക്കറിയയുടെ കഥാലോകം പരിചയപ്പെടുന്നു
- മാധ്യമത്തെയും ആഖ്യാന ഭാഷയെയും നിരന്തരം പുതുക്കിപ്പണിയുന്ന സക്കറിയയുടെ രചനാരീതി തിരിച്ചറിയുന്നു
- ബൈബിൾ ഇതിവൃത്തത്തെ അപനിർമ്മിച്ചിരിക്കുന്ന ആർക്കറിയാം എന്ന കഥയെ അപഗ്രഥിക്കുന്നു
- യുദ്ധവും അധികാരവും ഏതൊക്കെത്തരത്തിൽ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കഥയിലൂടെ തിരിച്ചറിയുന്നു
- യേശുവിന്റെ തിരുപ്പിറവിയുമായ ബന്ധപ്പെട്ട ചരിത്രത്തിന്റെ അപനിർമ്മാണമായി ആർക്കറിയാം എന്ന കഥയെ വിലയിരുത്തുന്നു

## Prerequisites

ആധുനികതയുടെ കാലത്തും ഉത്തരാധുനികതയുടെ കാലത്തും വ്യത്യസ്തമായ ആഖ്യാനസമ്പ്രദായങ്ങളോടെ, പ്രസ്ഥാനങ്ങളുടെ അതിർത്തികളിൽ നിന്നും കുതറി മാറിയ എഴുത്തുകാരനാണ് സക്കറിയ. ഭാഷയിലും രൂപശില്പത്തിലും ആഖ്യാനരീതികളിലും സ്വയം നവീകരണങ്ങൾ നടത്തിക്കൊണ്ട് സക്കറിയ എഴുതിയ കഥകൾ നമ്മുടെ ചെറുകഥാസാഹിത്യത്തിലെ വേറിട്ട വഴികളാണ്. മാധ്യമത്തെയും ആഖ്യാനഭാഷയെയും പുതുക്കിപ്പണിയലുകൾക്ക് വിധേയമാക്കുന്ന ആ കഥകൾ ചരിത്രത്തെയും രാഷ്ട്രീയത്തെയും കുറിച്ചുള്ള സന്ദിഗ്ദ്ധതകളും പങ്കുവെയ്ക്കുന്നു. ആധുനികതയുടെ ഭാവുകത്വബോധ്യങ്ങളിൽ ജനിക്കുകയും അതിൽ നിന്നും കുതിച്ചു മുന്നേറാൻ ശ്രമിക്കുകയും ചെയ്യുന്നവയാണ് സക്കറിയയുടെ കഥകൾ.

**സക്കറിയയുടെ കഥാലോകം-സവിശേഷകതകൾ**

നർമ്മത്തിന്റെയും ഹാസ്യത്തിന്റെയും മേമ്പൊടി ചേർത്ത് സമകാലിക ചരിത്രത്തെയും അതിസാധാരണ ജീവിതാനുഭവങ്ങളെയും ആവിഷ്ക്കരിക്കുന്ന നിരവധി കഥകൾ സക്കറിയയുടേതായുണ്ട്. ബൃഹദാഖ്യാനമായി പരിഗണിക്കാവുന്ന ചരിത്രത്തിന്റെയും സാഹിത്യത്തിന്റെയുമൊക്കെ പാരഡികളോ പാഠാന്തരങ്ങളോ ആണ് പല കഥകളും. ഇവയുടെ ആഖ്യാനത്തിൽ നാടോടി, വാമൊഴി കഥാപാരമ്പര്യത്തിലെ മൃഗപക്ഷികഥകളുടെ ഘടനയെ ബോധപൂർവ്വം അനുകരിക്കുന്നു. അമ്പാടി, അശ്വാരൂഢനായ വരന്റെ വരവും പോക്കും, മാംസനിബദ്ധമായ രാഗം, ഒരു പിടക്കോഴിയുടെ ആസന്നമരണചിന്തകൾ തുടങ്ങിയ കഥകളെല്ലാം പാഠാന്തരബന്ധത്താൽ നമ്മുടെ സാഹിത്യപാരമ്പര്യവുമായും കഥാഖ്യാന പാര

മ്പര്യവുമായും ബന്ധപ്പെട്ട് നില്ക്കുന്നു. അതോടൊപ്പം വീട്ടിലും പുറത്തും ഇരയാക്കപ്പെടുമ്പോഴും വേട്ടക്കാരുമായി ഐക്യപ്പെടേണ്ടി വരുന്ന മനുഷ്യജന്മത്തിന്റെ അനിവാര്യത ഈ കഥകളുടെ അടിയൊഴുക്കാകുന്നുമുണ്ട് "കാലം കശക്കിയെറിയുന്ന ജീവിതയാഥാർത്ഥ്യങ്ങളാണ് ഇവിടെ ചരിത്രമായി അവതരിക്കുന്നത്. സംഭീതമായ പരുക്കൻ വാസ്തവികതയാണ് ഇവിടെ ചരിത്രം. നമ്മുടെ ബാഹ്യജീവിതം ഏതു തരം ചൂഷണത്തിനാണ് വിധേയമായി ക്കൊണ്ടിരിക്കുന്നതെന്ന് സക്കറിയ വ്യക്തമാക്കുന്നു."

രാഷ്ട്രീയാന്യാപദേശം എന്നു വിളിക്കാവുന്ന നിരവധി കഥകൾ സക്കറിയയുടേതായിട്ടുണ്ട്. പ്രത്യയശാസ്ത്രവിമർശനത്തിന്റെയും കാരുണ്യം നിറഞ്ഞ ചരിത്രാക്ഷേപത്തിന്റെയും സ്ഥാപനപരിഹാസത്തിന്റെയുമൊക്കെ അബോധപാഠങ്ങൾ ഈ കഥകളിൽ നിറഞ്ഞുനില്ക്കുന്നു. ഇതാ ഇവിടെ വരെയുടെ പരസ്യവണ്ടി പുറപ്പെടുന്നു, ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും എന്നീ കഥകൾ ഈ സ്വഭാവം പ്രകടിപ്പിക്കുന്നു. ചരിത്രം അതിന്റെ അക്കാദമികവും ആധികാരികവുമായ മേൽക്കോയ്മകളിൽ നിന്നിറങ്ങി ജനമധ്യത്തിൽ ജീവിക്കുന്നതിന്റെ ആഖ്യാനം കൂടിയായി ഈ കഥകൾ മാറുന്നു. "എഴുതുമ്പോൾ സത്യസന്ധനായവൻ-കഥാകാരൻ-സക്കറിയ ചരിത്രത്തിലേക്കു തിരിയുന്നു. പാഠ്യപദ്ധതിയിൽ ഒരിക്കലും വരാത്ത ചരിത്രം നിർമ്മിക്കുന്നു. ഇത് ചരിത്രത്തിന്റെ ബദലും ഭാവനയുടെ ബദലുമാണ്. ഇതാണ് ചരിത്രകഥ. സമൂഹത്തിന്റെ അബോധത്തിലേക്ക് തള്ളപ്പെട്ടിരിക്കുന്ന ചരിത്രത്തിന് ഒരു ഇടം ആവശ്യമാണ്. ഈ ചരിത്രം അതിന്റെ ഇടം സക്കറിയയുടെ കഥയിൽ കണ്ടെത്തുന്നു. ഇങ്ങനെയുണ്ടാകുന്ന ചരിത്രകഥകൾ ചരിത്രത്തെയും സാഹിത്യത്തെയും വിഭജിച്ചു നിർത്തിയവരെ അവഗണിക്കുന്നു"(കെ.പി.അപ്പൻ) മതവിശ്വാസവും രാഷ്ട്രീയ വിശ്വാസവും മധ്യവർഗമലയാളിയെ എങ്ങനെ കുഴിയിൽച്ചാടിക്കുന്നുവെന്ന് തീക്ഷ്ണപരിഹാസത്തോടെ വിവരിക്കുന്ന കഥയാണ് 'നസ്രാണി യുവാവും ഗൗളിശാസ്ത്രവും.' ആഖ്യാനത്തിന്റെ ഭിന്നങ്ങളായ പാരമ്പര്യങ്ങളും രൂപങ്ങളും രൂപകങ്ങളുമൊക്കെ ഈ കഥയുടെ ഘടനയെ നിർണയിക്കുന്നുണ്ട്. ഉത്തമപുരുഷാഖ്യാനം മുതൽ ബൈബിൾ കഥകളുടെയും വ്യത്യസ്തനാടുകളിലെ നാടോടിക്കഥകളുടെയും പുരാണേതിഹാസങ്ങളുടെയും കാവ്യങ്ങളുടെയും ആഖ്യാനഘടനയും ശൈലിയും ഇതിൽ ഇടകലരുന്നു.

മനുഷ്യനുമേൽ ചരിത്രം നടപ്പാക്കിയ നരകപരീക്ഷണങ്ങൾ പലതും കാഫ്ക തന്റെ കൃതികളിൽ മുമ്പേ ആവിഷ്ക്കരിച്ചിരുന്നുവെന്ന് മിലൻ കുന്ദേര പറയുന്നുണ്ട്. ഇതിന് സമാനമായൊരന്തരീക്ഷം സക്കറിയ തന്റെ പല കഥകളിലും മുൻകൂറായി കണ്ടിരുന്നു. ഒരിടത്ത് (1971) എന്ന കഥയെ, അമേരിക്ക അഫ്ഗാനിസ്ഥാനിൽ നടത്തിയ താലിബാനെതിരെയുള്ള ആക്രമണത്തോട് (2001) സാമ്യപ്പെടുത്തി കെ.പി.അപ്പൻ ചില നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. ഈ സാമ്യപ്പെടുത്തലിനു ശേഷം അദ്ദേഹം എഴുതുന്നു: "ആ കഥ പുതിയൊരു അർത്ഥത്തിന് പ്രേരകമായിത്തീർന്നേക്കാവുന്ന ആഖ്യാനമാണ്. അതു ചരിത്രത്തെ വിശകലനം ചെയ്യാനുള്ള ഉപകരണം കൂടിയാണ്. എന്താണ് കഥയുടെ ലക്ഷ്യം? ചരിത്രത്തെക്കുറിച്ച് നിരന്തരം ഓർക്കുന്ന അവസ്ഥയിലേക്ക് വായനക്കാരെ കൊണ്ടെത്തിക്കുക എന്നതാണ്. എല്ലാ നല്ല ദൃഷ്ടാന്തകഥകളും ചരിത്രത്തിന്റെ ഇരുട്ടിൽ നിശ്ശബ്ദരാക്കപ്പെട്ടവരെക്കുറിച്ച് സംസാരിക്കുന്നു. സക്കറിയ ഒരു ദൃഷ്ടാന്തകഥ എഴുതിയപ്പോൾ ഈ ലോകത്തെക്കുറിച്ചാണ് എഴുതിയത്. ഈ ലോകത്തെക്കുറിച്ച് എഴുതിയപ്പോൾ ചരിത്രത്തെക്കുറിച്ചാണ് എഴുതിയത്"

ചരിത്രമോ പ്രത്യയശാസ്ത്രമോ രാഷ്ട്രമോ അധികാരമോ ജീവിതമോ എന്തുമാകാം ചിലപ്പോൾ വ്യക്തികളെ ഞെരിച്ചമർത്തുന്നതും വളഞ്ഞുകൊത്തുന്നതുമായ ഇത്തരം

പീഡനങ്ങളുടെ ചിത്രങ്ങൾ ആനന്ദിനെപ്പോലെ ആവിഷ്കരിച്ച എഴുത്തുകാരനാണ് സക്കറിയയും. 'അകപ്പെട്ടപോലാകുന്ന അപരത്വം' (Otherness as entrapment) എന്നൊരു പരികല്പന കാഫ്കയുടെ കഥകളെക്കുറിച്ച് പഠിക്കുമ്പോൾ മാത്യു ടി. പവ്വൽ ഉപയോഗിക്കുന്നുണ്ട്. മനുഷ്യനെ മഹാപീഡനത്തിന്റെ തടവറയിലാക്കുന്ന എല്ലാ ആശയസംഹിതകളെയും അധികാരസ്ഥാപനങ്ങളെയും സൂചിപ്പിക്കുന്നതാണ് ഈ പരികല്പന. ആത്മത്തിനും അപരത്തിനുമിടയിലുള്ള ഈയൊരു ആധി സക്കറിയയുടെ കഥകൾ മുന്നോട്ട് വയ്ക്കുന്നു. അങ്ങനെയാണ് ചരിത്രം അദ്ദേഹത്തിന്റെ കഥകളിലെ പ്രധാന പ്രമേയമായി കടന്നുവരുന്നത്. ഈ ചരിത്രാംശത്തെ ആവിഷ്ക്കരിക്കാൻ സക്കറിയ സ്വീകരിക്കുന്ന ആഖ്യാനഘടകങ്ങളാണ് അദ്ദേഹത്തിന്റെ കഥകളെ ആവർത്തനത്തിൽ വീണുപോകാതെ സജീവമായി നിലനിർത്തുന്നത്.

ഓരോ കഥയും വ്യത്യസ്തമാവാൻ ബോധപൂർവ്വം ശ്രമിക്കുന്ന എഴുത്തുകാരനാണ് സക്കറിയ. ഈ ശ്രമമാണ് ആനുകരണങ്ങളിൽ വീണപോകാതെ അദ്ദേഹത്തിന്റെ കഥാലോകത്തെ വ്യത്യസ്തമാക്കുന്നത്. 1978-ൽ 'ഒരിടത്ത്' എന്ന സമാഹാരത്തിന്റെ ആമുഖത്തിൽ സക്കറിയ ഇങ്ങനെ എഴുതി: "ആരും പുതിയ വീഞ്ഞ് പഴയ തോല്ക്കുടങ്ങളിൽ ഒഴിച്ചു വെയ്ക്കാറില്ല. അങ്ങനെ ചെയ്താൽ തോല്ക്കുടങ്ങൾ പൊട്ടി വീഞ്ഞ് ഒഴുകിപ്പോവുകയും കുടങ്ങൾ നഷ്ടപ്പെടുകയും ചെയ്യും. അതിനാൽ പുതിയ വീഞ്ഞ് പുതിയ തോല്ക്കുടങ്ങളിലാണ് ഒഴിച്ചു വെയ്ക്കുന്നത്." കാവ്യകടാക്ഷം നിറഞ്ഞ ഈ വാക്കുകൾ കഥയുടെ ഇതിവൃത്തത്തെ സംബന്ധിച്ചും ആഖ്യാനഘടനയെ സംബന്ധിച്ചുമുള്ള ഒരു എഴുത്തുകാരന്റെ വ്യക്തമായ നിലപാട് ബോധ്യപ്പെടുത്തുന്നു. സക്കറിയയ്ക്ക് 2020ൽ എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചു.

## Keywords

ആധുനികത-രാഷ്ട്രീയാന്യാപദേശം-ചരിത്രാത്മകത-പാരഡി-നാടോടി പാരമ്പര്യം-ബൈബിൾ-കറുത്ത ഫലിതം-പൗരോഹിത്യ പരിഹാസം-വീണ്ടെടുക്കൽ-ദാർശനിക വ്യഥകൾ

## Discussion

സക്കറിയയുടെ സാഹിത്യജീവിതത്തിന് വ്യതിരിക്തമായ അർത്ഥതലങ്ങൾ നല്കിയതിൽ പ്രധാന പങ്ക് ആത്മീയതയ്ക്കുണ്ട്. ഇത് മനസ്സിലാക്കാൻ പര്യാപ്തമായ കഥയാണ് ആർക്കറിയാം. അധികാരബദ്ധമായ സംഘടിതമതശാസനത്തിൽനിന്നു സ്വതന്ത്രനായി നില്ക്കാനും ഉപാധിരഹിതമായി ഈശ്വരചൈതന്യത്തെ ആത്മസാക്ഷാത്കരിക്കാനുമുള്ള അഭിലാഷമാണ് സക്കറിയയുടെ ആത്മീയതയുടെ അടിത്തറ. സ്വാഭാവികമായും സക്കറിയയുടെ അവബോധത്തിൽ സ്ഥിതിചെയ്യുന്ന ആത്മീയരൂപം യേശുവിന്റേതു തന്നെയാണ്. യേശുവിന്റെ വിശിഷ്ടവും അതിമഹത്തുമായ സവിശേഷമായ വ്യക്തിത്വത്തെ വിവിധനിലകളിൽ അവതരിപ്പിക്കാനുള്ള ശ്രമത്തിലൂടെയാണ് സക്കറിയയുടെ ആത്മീയാഭിമുഖ്യം പ്രകടമാകുന്നത്. യേശുവിനെ മതാധികാരത്തിന്റെ തടവറയിലേക്ക് വിട്ടുകൊടുക്കാൻ സക്കറിയ ഒരിക്കലും ആഗ്രഹിക്കുന്നില്ലെന്ന് 'ആർക്കറിയാം' എന്ന കഥ ബോധ്യപ്പെടുത്തുന്നു. "നിഷ്കളങ്ക സൗഹൃദത്തിലൂടെയും അഗാധമായ പ്രേമത്തിലൂടെയും അഭിഗമ്യമായ സൗമ്യോദാര വ്യക്തിത്വത്തിന്റെ ഉടമയാണ് സക്കറിയയ്ക്ക് യേശുക്രിസ്തു."(ഡോ.എ.എം. ഉണ്ണികൃഷ്ണൻ, ചിതയും ചിദാകാശവും) യേശുവിന്റെ തിരുപ്പിറവിയുമായി ബന്ധപ്പെട്ട പുരാതനമായ ഒരുസംഭവത്തെ അടിസ്ഥാനമാക്കി രചിച്ച കഥയാണ് ആർക്കറിയാം.

മത്തായിയുടെ സുവിശേഷത്തിൽ ഹെറോദസ് രാജാവ് ശിശുക്കളെ വേട്ടയാടുന്നതിന്റെ വിവരണമുണ്ട്. ബത്‌ലഹേമിൽ യേശു ജനിച്ചപ്പോൾ കിഴക്കുനിന്ന് ജ്ഞാനികൾ യെരൂശലേമിൽ വന്ന് ചോദിച്ചു. "യഹൂദയുടെ രാജാവായി ജനിച്ചവനെവിടെ?" ഇതു കേട്ട് ഹെറോദസ് രാജാവും ഒപ്പം ജറുസലേം മുഴുവനും പരിഭ്രമിച്ചു..... ഹെറോദേസ് അത്യന്തം കുപിതനായി. അയാൾ ബത്‌ലഹേമിലും സമീപദേശങ്ങളിലും ആളയച്ച് രണ്ടോ അതിൽ താഴെയോ വയസ്സുള്ള ആൺകുട്ടികളെയെല്ലാം വധിച്ചു. 'ആർക്കറിയാം' എന്ന കഥ ആരംഭിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

കഥയാരംഭിക്കുന്നത് കുഞ്ഞുങ്ങളുടെ ചോര പുരണ്ട ഉടവാളും അരപ്പട്ടയും വസ്ത്രങ്ങളുമായി ഒരു പട്ടാളക്കാരൻ വേശ്യകളുടെ മന്ദിരത്തിൽ പ്രവേശിക്കുന്നതോടെയാണ്. വേശ്യകളുടെ ഉടമ അയാളെ സ്വീകരിച്ചു. വേശ്യകൾ നൽകിയ ചൂടുവെള്ളവും സുഗന്ധദ്രവ്യവും കൊണ്ട് ചോരയുടെ ഉളുമ്പ് അത്രവേഗം പോകില്ലെന്ന് അയാൾക്ക് അറിയാമായിരുന്നു. 'കുഞ്ഞുങ്ങളോട് നിങ്ങൾക്ക് യുദ്ധമില്ല അല്ലേ?' എന്ന് വേശ്യകളുടെ ഉടമ ചോദിച്ചപ്പോൾ 'ആരോടാണ് ഈ വാളിന് യുദ്ധം' എന്നാണ് അയാൾ മറുപടി പറഞ്ഞത്. യഹൂദരുടെ രാജാവായി ബത്‌ലഹേമിൽ പിറന്ന കുഞ്ഞിനോട് രാജാവായ ഹെറോദസിനാണ് യുദ്ധം എന്ന് പട്ടാളക്കാരൻ പറഞ്ഞു. "ഇത്ര ആയിരം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ ഒരു രക്ഷകൻ വരുന്നത്? ഒരു രക്ഷകൻ മഹിമയോടെയല്ലേ വരേണ്ടത്? ആ കുഞ്ഞ് ഈ ചോരയ്ക്കെല്ലാം ഉത്തരം പറയേണ്ടേ? അവനെങ്ങനെ ഈ കടം വീട്ടും?"പട്ടാളക്കാരനും വേശ്യാലയത്തിന്റെ ഉടമയും ഇങ്ങനെയുള്ള പല ചോദ്യങ്ങൾക്കും ഉത്തരം തേടാൻ ശ്രമിച്ചു. വേശ്യാലയത്തിന്റെ ഉടമ തന്റെ പുതിയ പെണ്ണിനെ അയാൾക്കായി വാഗ്ദാനം ചെയ്തു. പക്ഷേ അയാൾ കുളിക്കാൻ വെള്ളവും ചോരമണമില്ലാത്ത ഒരുടുപ്പും മാത്രമാണ് ആവശ്യപ്പെട്ടത്. പാതിരാ കഴിഞ്ഞപ്പോൾ ഇരുട്ടിലൂടെ രണ്ടു സ്ത്രീകളും ഒരു പുരുഷനും പട്ടാളക്കാരന്റെ മഞ്ചത്തിനരികിലൂടെ കടന്നുപോയി. വേശ്യാലയത്തിന്റെ ഉടമയുടെ കൈയിൽ നിന്ന് അവർ ഏറ്റുവാങ്ങിയ ആ കുഞ്ഞ് ആ പാവം രാജാവായിരുന്നു. "നിന്റെ മകൻ വളർന്ന് രാജാവാകുമ്പോൾ ഞങ്ങളെയും രക്ഷിക്കാൻ പറയൂ, ആ പട്ടാളക്കാരനേയും" എന്ന് ഉടമ അവരോട് പറയുന്നുണ്ടായിരുന്നു. പട്ടാളക്കാരൻ അപ്പോഴും വെള്ളം ചൂടാക്കിയില്ലേ എന്ന് പിറുപിറുത്തുകൊണ്ടിരുന്നു.

യുദ്ധവും അധികാരവും എന്ന പ്രശ്നമാണ് ഈ കഥയിൽ ആവിഷ്കരിക്കുന്നത്. ഈ പാപത്തിൽ എനിക്ക് പങ്കില്ല എന്നു പറഞ്ഞ് മൂന്ന് പ്രാവശ്യം കൈകഴുകിയ പീലത്തോസിനെയാണ് കഥയിലെ പട്ടാളക്കാരൻ ഓർമ്മിപ്പിക്കുന്നത്. അയാൾ കൈകഴുകാനും കുളിക്കാനും നിരന്തരം ആവശ്യപ്പെടുന്ന ജലം അതിനു തെളിവാണ്. യേശു പതിതരേയും അപമാനിക്കപ്പെട്ടവരേയും പരിപാലിക്കുന്നു. യേശു അവരുടെ ദൈവമായാണ് ജനിച്ചത്. ഭരണകൂടവും ഭരണീയരും തമ്മിലുള്ള എക്കാലത്തെയും അന്തരം ഈ കഥയിലുണ്ട്. പട്ടാളക്കാരനും വാളും അധികാരത്തിന്റെ ചിഹ്നങ്ങളാണ്. യേശുവിന്റെ കഥയിൽ പുരോഹിതന്മാർ ഭരണകൂടത്തിന്റെ പക്ഷത്താണ്. അഥവാ ഭരണകൂടത്തെ തന്നെ നിയന്ത്രിക്കുന്നത് അവരാണ്. ഓരോ പ്രവാചകനും വ്യവസ്ഥാപിതമാക്കപ്പെട്ട ഈ അധികാരത്തിനെതിരെയാണ് ഉയിർത്തെഴുന്നേൽക്കുകയും പടപൊരുതുകയും ചെയ്യുന്നത്. അവരോടൊപ്പം നിരവധി മനുഷ്യർ ജീർണ്ണിച്ച വ്യവസ്ഥിതിക്കും ഭരണകൂടത്തിനും വിധേയപ്പെട്ട് ബലിയാടുകളായിത്തീരുന്നുണ്ട്. പ്രവാചകനായ യേശുവിനെ കണ്ടെത്തുവാനായി ഹെറോദസ് നടത്തുന്ന ശിശുഹത്യകൾ ചരിത്രത്തിലെ അസംബന്ധം നിറഞ്ഞ ആവർത്തനങ്ങൾ കൂടിയാണ്. ഇത്തരം ബലികളിലൂടെ പിറക്കുന്ന മതങ്ങളും പിൽക്കാലത്ത് വ്യവസ്ഥാപിതമായി തീരുകയും അധികാരകേന്ദ്രങ്ങളായി മാറി മനുഷ്യനെതിരെ നിലപാടുകൾ സ്വീകരിക്കുകയും ചെയ്യും. ഇവിടെ വാളും മറ്റായുധങ്ങളും എങ്ങനെയോ അങ്ങനെ നിസ്സംഗരായിതീരുന്ന മനുഷ്യർ പട്ടാളക്കാരായും ഉദ്യോഗസ്ഥന്മാരായും അധികാരത്തെ നിലനിർത്തുവാനായി ചോര ചീന്തിക്കൊണ്ടിരിക്കും. ചരിത്രത്തിന്റെ ഭീതിനിറഞ്ഞ ഈ അസംബന്ധത്തെയാണ് 'ആർക്കറിയാം' എന്ന കഥയിൽ സക്കറിയ ആവിഷ്കരിക്കുന്നത്.

കഥയിൽ എഴുത്തുകാരൻ പ്രയോഗിക്കുന്ന

ഓരോ വാക്കും അതിന്റെ ഭാവതലത്തെ വ്യക്തമാക്കാൻ പര്യാപ്തമാകാറുണ്ട്. ചെറുകഥയെ സംബന്ധിച്ചിടത്തോളം അതിന്റെ ശില്പതലത്തിന്റെ മുഖ്യഘടകം ഭാഷയാണ്. സക്കറിയ ഭാഷയിൽ വരുത്തുന്ന പുതുക്കിപ്പണിയലുകൾ പ്രത്യേകം പരിശോധിക്കേണ്ടതാണ്. ഭാഷയെ നിരന്തരം അഴിച്ചെടുത്തു വ്യത്യസ്തമായി പുനഃക്രമീകരിക്കുന്ന സക്കറിയ വാസ്തവത്തിൽ പഴയ ഭാഷയിലെ ഇതുവരെ ആരും കാണാത്ത മൂലകളും കോണുകളും കാണിച്ചു തരുക മാത്രമല്ല പുതിയ ചില സൂക്ഷ്മതലങ്ങൾ പണിയുകകൂടി ചെയ്യുകയാണ്. "ഭാഷയിൽ പണിയെടുക്കുന്ന വിദഗ്ദ്ധതൊഴിലാളിയെപ്പോലെയാണ് സക്കറിയ എഴുതുന്നത്. ആ ഭാഷ ബാഹ്യവും ആന്തരവുമായ മുഴുവൻ ഭാവങ്ങളെയും പിടിച്ചെടുക്കുന്നു."(കെ.പി. അപ്പൻ) സക്കറിയയുടെ കഥകളിൽ സന്ദേഹം നിറഞ്ഞ അന്വേഷണം നിരന്തരം ആവർത്തിക്കപ്പെടുന്ന ഒരു പ്രമേയമാണ്. 'ആർക്കറിയാം' എന്ന പ്രയോഗം ഈ കഥയിൽ ഒന്നിലധികം തവണ ആവർത്തിക്കുന്നു. അതിനെപ്പറ്റി കഥാകൃത്ത് തന്നെ ഇങ്ങനെ പറയുന്നു. "ഈ പിടികിട്ടാത്ത സംഭവങ്ങളുണ്ടല്ലോ, അതിനെപ്പറ്റിയുള്ള ഒരു തേടലും കൂടിയാണ് കഥയെന്നേ അതിനെ പുറത്തുനിന്നു കാണുമ്പോൾ പറയാൻ പറ്റൂ. അകത്തുനിന്ന് നമ്മൾ എഴുതുമ്പോൾ എനിക്ക് തോന്നുന്നത് അതാത് സംഭവങ്ങളുടെ ഉള്ളിൽ ഈ തീർച്ചയില്ലായ്മകൾ വരും. വിജയനും മറ്റും സന്ദേഹം എന്നു പറയുന്ന ആ സംഭവമുണ്ടല്ലോ. സന്ദേഹം എന്നൊക്കെയുള്ള വളരെ കർശനമായ വാക്കുകൾ വച്ച് വിളിക്കാൻ ഞാൻ തയ്യാറല്ല. സന്ദേഹത്തിന്റെ സന്ദർഭങ്ങൾ ഇഷ്ടംപോലെ കഥയുടെ ആഖ്യാനത്തിൽ വന്നു കഴിയുമ്പോൾ സംഭവിക്കുന്നതാണ്. ആർക്കറിയാം എന്നുള്ളത് സംസാരഭാഷയുടെ ഭാഗമാണ്. ഒരു കാര്യം പറഞ്ഞുവരുമ്പോൾ പറഞ്ഞുനിർത്തുന്ന പോയിന്റാണിത്." എല്ലാ അന്വേഷണങ്ങളും ആർക്കറിയാം എന്ന സമസ്യയിലാണ് വന്നുനിൽക്കുന്നത്. ഇരുണ്ട ഇടങ്ങളും ഒറ്റപ്പെട്ട മൂലകളും നിറഞ്ഞ പ്രപഞ്ചത്തിൽ ആത്യന്തികമായി തനിച്ചാക്കപ്പെട്ട മനുഷ്യന്റെ ദാർശനികവ്യഥകൾ ആവിഷ്ക്കരിക്കുന്ന ഒരെഴുത്തുകാരനാണ് സക്കറിയ എന്ന് ഈ പദം തെളിയിക്കുകയാണ്. "ആർക്കറിയാം എന്ന ചോദ്യം ജീവിതത്തിന്റെ അജ്ഞേയസ്വഭാവത്തിനു നേരെയുള്ള സക്കറിയുടെ മൗലികപ്രതികരണം എന്ന നിലയിൽ ആ കഥാലോകത്തിന്റെ താക്കോൽ വാക്യം ആകുന്നു." (ഡോ. കെ. എസ്. രവികുമാർ, കഥയുടെ കഥ)

സക്കറിയുടെ കഥകളിലെ ഒരു പ്രധാനവിഷയമാണു മതം. സക്കറിയയ്ക്ക് ഏറ്റവും അടുപ്പമുള്ള ക്രിസ്തുമതവും യേശുക്രിസ്തുവും അദ്ദേഹത്തിന്റെ കഥകളിൽ അഗാധമായൊരു സ്വാധീനശക്തിയായി അടങ്ങിയിരിക്കുന്നു. ആചാരനിഷ്ഠമായ മതം മനുഷ്യസ്വാതന്ത്ര്യത്തെ ഹനിക്കുകയും സമൂഹത്തെ വിഭജിക്കുകയും ചെയ്യുന്നു. മനുഷ്യബന്ധങ്ങളുടെ ശുദ്ധിയും ആത്മാർത്ഥതയുമാണ് ആത്മീയതയ്ക്ക് അടിസ്ഥാനം. മനുഷ്യപുത്രനായ യേശുവിനു ദിവ്യപരിവേഷമേകി ജീവിതത്തിൽനിന്ന് അകറ്റാൻ ശ്രമിക്കുന്ന പൗരോഹിത്യത്തെ സക്കറിയ കഥകളിൽ പരിഹസിക്കുന്നു. മനുഷ്യഭാവങ്ങൾ നഷ്ടപ്പെടാത്ത ക്രിസ്തുവിനെ വീണ്ടെടുക്കുവാനാണ് സക്കറിയ 'ആർക്കറിയാം' എന്ന കഥയിൽ ശ്രമിക്കുന്നത്.

## Recap

- ആധുനികോത്തരതയുടെ പ്രധാന പ്രവണതയായ ചരിത്രാത്മകത ഇവിടെ അവതരിപ്പിക്കുന്നു
- സക്കറിയയുടെ കഥകളിലെ പ്രധാന വിഷയമാണ് മതം
- പൗരോഹിത്യത്തിലെ കപടതകളെ എതിർക്കുന്നു
- മനുഷ്യഭാവങ്ങൾ നഷ്ടപ്പെടാത്ത ക്രിസ്തുവിനെ വീണ്ടെടുക്കാനുള്ള ശ്രമം
- ഒറ്റപ്പെടുന്ന മനുഷ്യന്റെ ദാർശനിക വ്യഥകൾ അവതരിപ്പിക്കുന്നു
- ആജ്ഞേയ സ്വഭാവത്തിനു നേരെയുള്ള മൗലിക പ്രതികരണമാണ് 'ആർക്കറിയാം' എന്ന കഥ
- നിഷ്കളങ്ക സൗഹൃദത്തിന്റെയും അഗാധമായ പ്രേമത്തിന്റെയും സൗമ്യോദാരവ്യക്തിത്വത്തിന്റെയും ഉടമയാണ് സക്കറിയയ്ക്ക് യേശുക്രിസ്തു
- തിരുപ്പിറവിയുമായി ബന്ധപ്പെട്ട ഒരു പുരാതന സംഭവാവിഷ്കാരം
- രക്ഷകന്റെ മഹിമയെ വെളിപ്പെടുത്തുന്നു
- യുദ്ധവും അധികാരവും എന്ന പ്രശ്നം ആവിഷ്കരിക്കുന്നു
- യേശുവിന്റെ ജന്മവുമായി ബന്ധപ്പെട്ട് ബത്‌ലഹേമിൽ നടക്കുന്ന പോരാട്ടം
- ഒരു വേശ്യാഗൃഹത്തിൽ നടക്കുന്ന സംഭാഷണം

## Objective Type Questions

1. സക്കറിയയുടെ പ്രധാനപ്പെട്ട അന്യാപദേശകഥകളുടെ പേരെഴുതുക?
2. സക്കറിയയ്ക്ക് എഴുത്തച്ഛൻ പുരസ്കാരം ലഭിച്ചത് ഏതു വർഷമാണ്?
3. രണ്ടു വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ വധിക്കാൻ ഉത്തരവിട്ടതാരാണ്?
4. കുഞ്ഞുങ്ങളെ വധിച്ചു കൊണ്ടിരുന്ന പട്ടാളക്കാരൻ എവിടെയാണു ചെന്നു കയറിയത്?
5. ഒരു രക്ഷകൻ മഹിമയോടെയല്ലേ വരേണ്ടത് - ആരുടെ വാക്കുകൾ?
6. വേശ്യയുടെ ചോദ്യം എന്തായിരുന്നു?
7. പട്ടാളക്കാരൻ വേശ്യയോട് ആവശ്യപ്പെട്ടതെന്താണ്?
8. തിരയുന്ന കുഞ്ഞ് എവിടെയാണ് ഒളിവിൽ കഴിയുന്നത്?
9. വേശ്യ കുഞ്ഞിന്റെ മാതാപിതാക്കളോട് എന്താണാവശ്യപ്പെട്ടത്?
10. പട്ടാളക്കാരനെ ആരോടാണ് ഉപമിക്കുന്നത്?

## Answers

1. ഒരിടത്ത്, നസ്രാണി യുവാവും ഗൗളിശാസ്ത്രവും, അമ്പാടി, ഒരു പിടക്കോഴിയുടെ ആസന്നമരണചിന്തകൾ
2. 2020-ൽ
3. ഹെറോദോസ് രാജാവ്
4. ഒരു വേശ്യാഗൃഹത്തിൽ
5. വേശ്യയുടെ
6. ഇത്രായിരം കുഞ്ഞുങ്ങളുടെ ചോരയിലൂടെയാണോ രക്ഷകൻ വരുന്നത്
7. കുളിക്കാൻ വെള്ളവും ചേരമണമില്ലാത്ത ഒരുടുപ്പും
8. വേശ്യാഗൃഹത്തിൽ
9. കുഞ്ഞ് വളർന്ന് രാജാവാകുമ്പോൾ ഞങ്ങളേയും പട്ടാളക്കാരനെയും രക്ഷിക്കണമെന്ന്
10. പിലാത്തോസിനോട്

## Assignments

1. ആധുനിക, ആധുനികാനന്തര കഥകളുടെ പ്രവണതകൾ സക്കറിയയുടെ കഥാലോകം മുൻനിർത്തി വിലയിരുത്തുക
2. ആഖ്യാനതന്ത്രത്തിലെ അന്യാപദേശരീതി സക്കറിയയുടെ കഥകളിൽ - ഉദാഹരിക്കുക

## Suggested Readings


1. ഡോ. കെ. എസ്. രവികുമാർ, കഥയുടെ കഥ, ചിന്താപബ്ലിക്കേഷൻസ്, തിരുവനന്തപുരം.
2. കെ. പി. അപ്പൻ, കഥ : ആഖ്യാനവും അനുഭവസത്തയും, ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. എ. എം. ഉണ്ണികൃഷ്ണൻ, ചിതയും ചിദാകാശവും എൻ. ബി. എസ്., കോട്ടയം.
4. ഡോ. എം. എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കറന്റ് ബുക്സ്, തൃശൂർ.
5. വി. രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ് ഡി. സി. ബുക്സ്, കോട്ടയം.

# യൂണിറ്റ് - 8
# വാസ്തുഹാര

**സി. വി. ശ്രീരാമൻ**

## Learning Outcomes

- അഭയാർത്ഥികളുടെ എല്ലാ അടിസ്ഥാന പ്രശ്നങ്ങളും ദുരന്തങ്ങളും വിശകലനം ചെയ്യുന്നു
- ഇന്ത്യാവിഭജന സമയത്തെ ചരിത്രപശ്ചാത്തലം (ചരിത്രാത്മകത ) കഥയിലൂടെ വെളിവാക്കുന്നു
- വസ്തു അപഹരിക്കപ്പെട്ടവരെന്ന നിലയിൽ പ്രാണവേദനയിലൂടെ മറുനാടുകളിലേക്ക് ഓടിപ്പോയവരുടെ വ്യഥകൾ മനസ്സിലാക്കുന്നു
- കേരളവും ബംഗാളുമായുള്ള അദൃശ്യമായ ചില സമാനതകൾ വെളിവാകുന്നു
- നിസ്സഹായനായി, അസ്തിത്വദുഃഖം അനുഭവിക്കുന്ന വ്യക്തിത്വമായി നായക കഥാപാത്രമായ വേണുവിനെ വിലയിരുത്തുന്നു
- എല്ലാം നഷ്ടപ്പെട്ട അഭയാർത്ഥികളുടെ പ്രതിനിധിയായി ആരതിയും ദമയന്തിയും പ്രതീകവത്ക്കരിക്കുന്നു
- എഴുപത്തഞ്ചു വർഷത്തിനപ്പുറമുള്ള കേരളീയ ജീവിതവും ബംഗാൾ ജീവിതവും താരതമ്യപ്പെടുത്തി വിശകലനം ചെയ്യുന്നു
- സി.വി.ശ്രീരാമന്റെ കഥകളുടെ പ്രത്യേകതകൾ ചർച്ച ചെയ്യുന്നു

## Prerequisites

അഭയാർത്ഥികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന നിരവധി സാഹിത്യകൃതികളും സിനിമകളുമൊക്കെ ഉണ്ടായിട്ടുണ്ട്. വാഗ്ദത്ത ഭൂമിയിലേക്കുള്ള പലായനം മുതൽ ആരംഭിച്ച അഭയാർത്ഥി പ്രശ്നങ്ങൾ പാലസ്തീനിലും ഇസ്രായേലിലും ലോകത്തിന്റെ പല ഭാഗങ്ങളിലും ഇന്നും നടക്കുന്നു. പ്രവാസ സാഹിത്യവും ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്. മുകുന്ദന്റെ പ്രവാസം, സേതുവിന്റെ ആലിയ തുടങ്ങി അഭയാർത്ഥി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന നിരവധി നോവലുകളും ചെറുകഥകളും മലയാളത്തിൽത്തന്നെ ഉണ്ടായിട്ടുണ്ട്. 1947-ലെ ഇന്ത്യാവിഭജനത്തെത്തുടർന്നുള്ള ചരിത്രപശ്ചാത്തലമാണ് വാസ്തുഹാരയിലെ ഇതിവൃത്തപരിസരം. 'വാസ്തുഹാര' എന്ന വാക്കിന്റെ അർത്ഥം 'വസ്തു അപഹരിക്കപ്പെട്ടവർ' എന്നാണ്. ഇന്ത്യാവിഭജനത്തിൽ ബംഗാൾ പടിഞ്ഞാറൻ ബംഗാളെന്നും (West Bengal) കിഴക്കൻ ബംഗാളെന്നും വിഭജിക്കപ്പെട്ടു. കിഴക്കൻ ബംഗാൾ പെട്ടെന്ന് വിദേശരാജ്യത്തിന്റെ ഭാഗമായിത്തീർന്നു. തുടർന്ന് നടന്ന മതലഹളയിൽ ആയിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടു. കിഴക്കൻ ബംഗാളികൾ ബംഗാളിലുള്ള അവരുടെ വീടും തറവാടും ഉപേക്ഷിച്ച് പടിഞ്ഞാറൻ ബംഗാളിലേക്ക് ഒളിച്ചോടി. അവിടെ ലക്ഷക്കണക്കിന് അഭയാർത്ഥികളെക്കൊണ്ട് നിറഞ്ഞു. ഈ അഭയാർത്ഥികളെ പല കൂടാരങ്ങളിൽ മാറ്റിപ്പാർപ്പിച്ചു. പല കാരണങ്ങളാൽ ആയിരക്കണക്കിനാളുകൾ മരണപ്പെട്ടു. തലമുറകളായി ജീവിച്ച വീടും പറമ്പും നാടുമെല്ലാം ഉപേക്ഷിച്ച് പ്രാണവേദനയോടെ മറ്റു നാടുകളിലേക്ക് ഓടി പോകേണ്ടി വന്നവർ. ഈ

പശ്ചാത്തലത്തിൽ ആൻഡമൻ ദ്വീപിലേക്ക് നാല്പത് കർഷക കുടുംബങ്ങളെ റിക്രൂട്ട് ചെയ്യാൻ കൊൽക്കത്തയിൽ എത്തിയതാണ് വേണു. അവിടെ വെച്ച് അയാൾ തന്റെ നാടുവിട്ടുപോയ അമ്മാവൻ കുഞ്ഞുണ്ണിയുടെ ഭാര്യ ആരതിയെയും മകളെയും കണ്ടുമുട്ടുന്നു. ആരതിയുടെ മകൾ ദമയന്തി പരോളിലാണ്, മകൻ ഒളിവിലും. രണ്ടു പേരും സർക്കാരിന്റെ നോട്ടപ്പുള്ളികൾ. നശിച്ച കൊൽക്കത്തയിൽ നിന്നും എങ്ങനെയെങ്കിലും പുറത്തുകടക്കണമെന്നാണ് ആരതിയുടെ ആഗ്രഹം. കിഴക്കൻ ബംഗാളിൽ നിന്ന് അഭയാർത്ഥികളായി പശ്ചിമ ബംഗാളിലെത്തിയപ്പോഴും അവരെ കാത്തിരുന്നത് തൊഴിലില്ലായ്മയും ദാരിദ്ര്യവുമാണ്. കേരളത്തിലുള്ള തന്റെ ഭർത്താവിന്റെ വീട്ടുകാരുടെ സഹായങ്ങൾ ആരതി നിരസിക്കുന്നു. എന്നാൽ വേണുവിന് എല്ലാം സഹതാപത്തോടെ കണ്ടു നിൽക്കാൻ മാത്രമേ സാധിക്കുന്നുള്ളു. ഒടുവിൽ തന്റെ ജോലി പൂർത്തിയാക്കി മടങ്ങുമ്പോഴും അയാൾ നിസ്സഹായനായി അവരെ നോക്കി നിൽക്കുകയാണ്. ഇന്ത്യവിഭജനവും തുടർന്ന് ബംഗാളിലുണ്ടായ അരക്ഷിതാവസ്ഥയും പാലായനം ചെയ്യേണ്ടി വന്ന ജനങ്ങളുടെ ജീവിതവും ഒരു മലയാളിയുടെ കണ്ണിലൂടെ കാട്ടിത്തരികയാണ് സി. വി. ശ്രീരാമൻ. സ്വന്തമായുള്ളതെല്ലാം അപഹരിക്കപ്പെട്ട് ഒന്നുമല്ലാതാകുന്ന മനുഷ്യരോട് ഭരണകൂടം പുലർത്തുന്ന നിസ്സംഗതയാണ് വാസ്തുഹാര തുറന്നു കാട്ടുന്നത്.

ജീവിതരേഖ

ചെറുതുരുത്തി വേലപ്പൻ ശ്രീരാമൻ എന്നായിരുന്നു സി.വി. ശ്രീരാമന്റെ മുഴുവൻ പേര്. 1931 ഫെബ്രുവരി 7-ന് കുന്നംകുളം പോർക്കുളം ചെറുതുരുത്തി വീട്ടിൽ ജനിച്ചു. അച്ഛൻ വേലപ്പൻ, അമ്മ ദേവകി. സിലോണിലായിരുന്നു ബാല്യം. പ്രാഥമിക വിദ്യാഭ്യാസവും സിലോണിൽ ആയിരുന്നു. തുടർന്ന് കുന്നംകുളം ഗവൺമെന്റ് ഹൈസ്കൂൾ, തൃശ്ശൂർ സെന്റ് തോമസ് കോളേജ്, മംഗലാപുരം സെന്റ് അലോഷ്യസ് കോളേജ്, മദ്രാസ് ലോ കോളേജ് എന്നിവിടങ്ങളിൽ നിന്നായി വിദ്യാഭ്യാസം. ഏഴു വർഷം ആന്റമാൻ നിക്കോബാർ ദ്വീപ് സമൂഹത്തിൽ കിഴക്കൻ ബംഗാൾ അഭയാർത്ഥികളെ കുടിയേറിപ്പാർപ്പിക്കുന്ന വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു. തുടർന്ന് കേരളത്തിൽ അഭിഭാഷകനായി പ്രാക്ടീസ് തുടങ്ങി. സി.വി. ശ്രീരാമന്റെ പല കഥകളും ശ്രീലങ്കയും കൊൽക്കൊത്തയും ആന്റമാനും തമിഴ്നാടും പശ്ചാത്തലമായുള്ളതാണ്. പ്രവാസവും ഒറ്റപ്പെടലും അദ്ദേഹത്തിന്റെ കഥകളിലെ പ്രധാന വിഷയങ്ങളാണ് എങ്കിലും ഓരോ കഥകളും വ്യത്യസ്തമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മലയാളത്തിലെ പ്രമുഖ സംവിധായകരായ ജി. അരവിന്ദൻ (വാസ്തുഹാര (ചെറുകഥ), ചിദംബരം (കഥ)), കെ. ആർ. മോഹനൻ (പുരുഷാർത്ഥം), ടി. വി. ചന്ദ്രൻ (പൊന്തൻമാട) എന്നിവർ ശ്രീരാമന്റെ കഥകൾക്ക് ചലച്ചിത്രാവിഷ്കാരം നൽകിയിട്ടുണ്ട്. ഇംഗ്ലീഷിലും ജർമ്മനിലും നിരവധി ഇന്ത്യൻ ഭാഷകളിലും അദ്ദേഹത്തിന്റെ രചനകൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. 1988 മുതൽ1991 വരെ കേരള സാഹിത്യ അക്കാദമി എക്സിക്യൂട്ടീവ് സമിതിയംഗവും വൈസ് പ്രസിഡന്റുമായിരുന്നു. കേന്ദ്ര സാഹിത്യ അക്കാദമി അംഗമായും പ്രവർത്തിച്ചു.

പ്രധാന കൃതികൾ

ചെറുകഥകൾ :- വാസ്തുഹാര, ക്ഷുരസ്യധാര, ദുഃഖിതരുടെ ദുഃഖം, പുറം കാഴ്ചകൾ, ചിദംബരം, എന്റോസി വലിയമ്മ, പുതുമയില്ലാത്തവരുടെ നഗരം, ചക്ഷുശ്രവണഗളസ്ഥമാം, വെളുത്ത പക്ഷിയെക്കാത്ത്, ശ്രീരാമന്റെ കഥകൾ, ഇഷ്ടദാനം, മലയാളത്തിന്റെ സുവർണ്ണകഥകൾ

പുരസ്കാരങ്ങൾ :-അബുദാബി ശക്തി അവാർഡ്- വാസ്തുഹാര, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്- ശ്രീരാമന്റെ കഥകൾ, കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് (മികച്ച സിനിമ)- വാസ്തുഹാര (സംവിധാനം- ജി.അരവിന്ദൻ)

രാഷ്ട്രപതിയുടെ സുവർണ്ണ മയൂരം- ചിദംബരം എന്ന സിനിമക്ക് (ജി.അരവിന്ദൻ), 1983-ൽ കേരള സാഹിത്യ അക്കാദമി അവാർഡും ശ്രീരാമന്റെ കഥകൾ എന്ന ചെറുകഥാ സമാഹാരത്തിന് 1999-ൽ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

## Key Themes

- വിഭജനാനന്തരമുള്ള ബംഗാൾ
- വസ്തു അപഹരിക്കപ്പെട്ടവരുടെ ജീവിതം
- ചരിത്രാത്മകത, അസ്തിത്വവ്യഥ, ചർച്ചചെയ്യുന്നു
- തീവ്ര ബന്ധങ്ങളുടെ നിസ്സഹായത, നിരർത്ഥകത ഇന്ത്യാ വിഭജനശേഷമുള്ള സ്വാതന്ത്ര്യാന്തര ഭാരതം

## Discussion

1947-ലെ ഇന്ത്യാവിഭജനത്തെത്തുടർന്നുള്ള ചരിത്രപശ്ചാത്തലമാണ് വാസ്തുഹാരയിലെ ഇതിവൃത്തപരിസരം. ഇന്ത്യാവിഭജനത്തിൽ ബംഗാൾ പടിഞ്ഞാറൻ ബംഗാളെന്നും (West Bengal) കിഴക്കൻബംഗാളെന്നും വിഭജിക്കപ്പെട്ടു. കിഴക്കൻബംഗാൾ പെട്ടെന്ന് വിദേശരാജ്യത്തിന്റെ ഭാഗമായിത്തീർന്നു. തുടർന്ന് നടന്ന മതലഹളയിൽ ആയിരക്കണക്കിനാളുകൾ കൊല്ലപ്പെട്ടു. ഹിന്ദുക്കളായ ബംഗാളികൾ കിഴക്കൻ ബംഗാളിലുള്ള അവരുടെ വീടും തറവാടും ഉപേക്ഷിച്ച് പടിഞ്ഞാറൻ ബംഗാളിലേക്ക് ഒളിച്ചോടി. അവിടം ലക്ഷക്കണക്കിന് അഭയാർത്ഥികളെക്കൊണ്ട് നിറഞ്ഞു. ഈ അഭയാർത്ഥികളെ പല കൂടാരങ്ങളിൽ മാറ്റിപ്പാർപ്പിച്ചു. പല കാരണങ്ങളാൽ ആയിരങ്ങൾ മൃതിയടഞ്ഞു. ഇവരെ അഭയാർത്ഥികൾ എന്ന് നാം വിളിക്കുന്നുവെങ്കിലും വാസ്തവത്തിൽ അവർ 'ബാസ്തുഹാര'കളാണ് (വസ്തു അപഹരിക്കപ്പെട്ടവർ). തലമുറകളായി ജീവിച്ച തറവാടും വീടും പറമ്പും ഉപേക്ഷിച്ച് പ്രാണവേദനയോടെ മറുനാട്ടിലേക്ക് ഓടിപ്പോയവർ. വസ്തുപിടിച്ചു വാങ്ങപ്പെട്ടവരാണവർ. ഇവരിൽ ധാക്കയിൽ നിന്ന് അഭയാർത്ഥികളായി കൊൽക്കത്തയിലെത്തിയ ആരതിപണിക്കർ എന്ന ബംഗാളി സ്ത്രീയാണ് സി. വി. ശ്രീരാമന്റെ കഥയിലെ കേന്ദ്രകഥാപാത്രം. വർഷങ്ങളായി കൽക്കത്താനഗരത്തിൽ അവർ തന്റെ അഭയാർത്ഥിജീവിതം തുടർന്നു പോരികയാണ്. ദുരിതമയമായ ഈ ജീവിതത്തിൽ നിന്ന് എങ്ങനെയെങ്കിലും രക്ഷപെടണമെന്ന് അവർ ഏറെനാളായി ആഗ്രഹിക്കുന്നു. ആന്തമാനിൽ പുനരധിവസിപ്പിക്കാൻ കൊണ്ടു പോകുന്ന അഭയാർത്ഥികളുടെ കൂട്ടത്തിൽ തന്നെയും ഉൾപ്പെടുത്തണമെന്നാണ് അവരുടെ അപേക്ഷ. ഇതിനായി അവർ റഫ്യൂജിഓഫീസറും മലയാളിയുമായ വേണുവിനെ സമീപിക്കുന്നു.

ചരിത്രത്തിന്റെ ഈയൊരു സന്ദർഭത്തിൽ നിന്നാണ് കഥ ആരംഭിക്കുന്നത്. ആരതിപ്പണിക്കരുമായുള്ള സംഭാഷണത്തിൽ നിന്ന് അവർ തന്റെ അമ്മാവൻ കുഞ്ഞുണ്ണിപ്പണിക്കരുടെ ഭാര്യയാണെന്ന് വേണു മനസ്സിലാക്കുന്നു. അഭയാർത്ഥി ക്യാമ്പിൽ വെച്ച് കോളറ ബാധിച്ചാണ് കുഞ്ഞുണ്ണി മരിക്കുന്നത്. അതോടെ അനാഥത്വത്തിലായ ആരതിയും മക്കളും കൊൽക്കത്തയിൽ അഭയാർത്ഥികളായി കഴിയുകയാണ്.

"ഈ ജീവിതത്തിൽ സുഖമെന്തെന്ന് അറിയാത്തവളാണ് ഞാൻ. ഒരു ദിവസമെങ്കിലും സ്വസ്ഥതയോടെ ഇരുന്നു മരിച്ചാൽ മതി"

ഇതാണ് അവരുടെ ഇപ്പോഴത്തെ ആഗ്രഹം. ആന്തമാനിലെത്തിച്ചേരുക എന്നതാണ് ഇതിന് അവർ കാണുന്ന വഴി. അഭയാർത്ഥികളിൽ കൃ

ഷിക്കാരെ മാത്രമേ ദ്വീപിലേക്ക് കൊണ്ടു പോകൂ എന്നതിനാൽ അവിടെയും ആരതി പരാജയപ്പെടുകയാണ്. ഇത് ആരതിയുടെ മാത്രം വിധിയല്ല. ചരിത്രത്തിൽ നിന്ന് പുറന്തള്ളപ്പെട്ട, ദുരന്തങ്ങൾ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട ആയിരക്കണക്കിന് വാസ്തുഹാരകളുടെ ദുരന്തമാണ്.

കുഞ്ഞുണ്ണിയമ്മാവന്റെ സ്വത്തിൽ നിന്നും എന്തെങ്കിലും ആരതിപ്പണിക്കർക്കും മക്കൾക്കും ലഭിക്കുമോ എന്നറിയാൻ അമ്മയ്ക്ക് വേണു കത്തയച്ചു. പ്രതീക്ഷിച്ചതിലും വേഗത്തിൽ മറുപടി വന്നു. കുടുംബത്തിലെ എല്ലാവരും ഒരേ സ്വരത്തിൽ എതിർപ്പറിയിച്ചിരിക്കുന്നു. അമ്മയുടെ കത്തവസാനിച്ചിരിക്കുന്നതിങ്ങനെയാണ്:

“നിന്റെ നേരേ അമ്മാവനാണ് കുഞ്ഞുണ്ണി. അങ്ങനെ വല്ലതും കൊടുക്കണമെന്ന് തോന്നുന്നുണ്ടെങ്കിൽ നീ സമ്പാദിച്ചുകൂട്ടിയിട്ടില്ലേ, അതിൽ നിന്ന് എടുത്തു കൊടുത്തോളൂ”

തുടർന്നയാൾ വീട്ടിലെത്തി. കുഞ്ഞുണ്ണിയമ്മാവന്റെ പ്രണയിനിയായിരുന്ന ഭവാനിയമ്മായി, സ്വത്തുക്കൾ ആരതിക്ക് നൽകാൻ സന്നദ്ധത അറിയിക്കുന്നു. കൊൽക്കത്തയിൽ മടങ്ങിയെത്തിയ വേണു ആരതിയോട് താനാരാണെന്ന് വെളിപ്പെടുത്തി. കുഞ്ഞുണ്ണിയമ്മാവന്റെ സ്വത്ത് കൈമാറാൻ ഭവാനിയമ്മായി തയ്യാറാണെന്ന വിവരം അറിയിച്ചെങ്കിലും ആരതിപ്പണിക്കർ ആ ഔദാര്യം നിരസിക്കുന്നു. ഭർത്തൃഗൃഹത്തിൽ നിന്നും പണ്ട് തനിക്ക് അനുഭവിക്കേണ്ടിവന്ന കയ്പ്പേറിയ അനുഭവങ്ങൾ അവരുടെ ഓർമ്മയിലെത്തുകയും ചെയ്യുന്നു.

ആരതിയുടെ മകളാണ് ദമയന്തി. ചില കേസുകളിൽ പ്രതിയായ അവൾ ഇന്റേണൽ മെയിന്റനൻസ് സെക്യൂരിറ്റി ആക്ട് പ്രകാരം ജയിൽ ശിക്ഷയ്ക്ക് വിധിക്കപ്പെട്ടിരിക്കുകയാണ്. ഒരു ലിബറേറ്റഡ് ഇന്ത്യയിലല്ലാതെ താൻ ജോലി ചെയ്യില്ലെന്നാണ് അവളുടെ നിലപാട്. പ്രത്യക്ഷത്തിൽ തന്റേടിയും ധീരയുമായി പെരുമാറുന്ന അവൾ വേണു തന്റെ മുറച്ചെറുക്കനാണെന്നറിഞ്ഞതോടെ ദൗർബല്യങ്ങൾ മുഴുവൻ പ്രകടിപ്പിക്കുന്നു.

അഭയാർത്ഥികളോടൊപ്പം വേണുവും ആന്തമാനിലേക്ക് യാത്രയാവുകയാണ്. യാത്രയുടെ തലേദിവസം രാത്രി വേണു ആരതിയുടെ വീട്ടിലെത്തി. അയാളുടേത് കൽക്കത്തയിലെ അവസാനരാത്രിയാണെന്നറിയുന്നതോടെ ആരതി ഏറെ ദു:ഖിക്കുന്നു. ജീവിതത്തിൽ ആദ്യമായി തന്റെ ഭർത്താവിന്റെ വംശത്തിലെ ഒരാൾക്ക് ഭക്ഷണം വിളമ്പിക്കൊടുക്കാനുള്ള അവസരം അവൾ നിർബന്ധപൂർവ്വം നിർവ്വഹിക്കുന്നു.

അഭയാർത്ഥികളെ കയറ്റിയ കപ്പൽ കൽക്കത്താതുറമുഖത്തു നിന്നും യാത്ര പുറപ്പെടുവാൻ തയ്യാറെടുക്കുന്നു. ആരതിപ്പണിക്കരും ദമയന്തിയും വേണുവിനെ യാത്രയാക്കാനെത്തിയിട്ടുണ്ട്. അഭയാർത്ഥികൾക്കിടയിലെ അടിപിടി ശാന്തമാക്കാൻ കപ്പലിനുള്ളിലേക്കു പോയ വേണു തിരിച്ചെത്തുമ്പോഴേക്കും കപ്പലിനെയും കരയെയും ബന്ധിപ്പിക്കുന്ന, ആരതിപ്പണിക്കർക്കും തനിക്കും ഇടയിലുള്ള കോണി എടുത്തു മാറ്റിയിരുന്നു. കപ്പൽ ഡോക്കിൽ നിന്നും പുറപ്പെടുകയാണ്. നിറകണ്ണുകളോടെ നിൽക്കുന്ന ആരതിയെയും ദമയന്തിയെയും നിസ്സഹായനായി നോക്കി നില്ക്കാനേ വേണുവിനായുള്ളൂ.

സി. വി. ശ്രീരാമന്റെ കഥകളിൽ ഏറെ ശ്രദ്ധേയമായ രചനയാണ് വാസ്തുഹാര. പല വിധത്തിലുള്ള വായനകൾക്ക് സാധ്യതയുള്ള വ്യത്യസ്ത തുറസ്സുകൾ ഈ കഥയ്ക്കുണ്ട്. രാഷ്ട്രീയം, സാമൂഹികം, ചരിത്രപരം, കുടുംബപരം, വ്യക്തിപരം, വൈകാരികം, ദാർശനികം എന്നിങ്ങനെ പല രൂപത്തിൽ വ്യാഖ്യാനിക്കാവുന്ന അർത്ഥത്തിന്റെ അടരുകൾ ഉൾക്കൊള്ളുന്ന ഒരു സങ്കീർണ്ണഘടന വാസ്തുഹാര ഉൾക്കൊള്ളുന്നുണ്ട്. ആരതിപ്പണിക്കരുടെയും കുടുംബത്തിന്റെയും ദുരന്തത്തെ മനുഷ്യന്റെ മുഴുവൻ സാർവ്വലൗകിക ഭാവത്തിലേക്കുയർത്താൻ ശ്രീരാമന് സാധിച്ചു എന്നതാണ് പ്രധാനം. അനാദികാലം മുതൽ മനുഷ്യൻ അനുഭവിക്കുന്ന അഭയാർത്ഥിത്വത്തെ ഇരകളുടെ പക്ഷത്ത് നിന്ന് ആവിഷ്ക്കരിക്കാനുള്ള ശ്രമം. അർത്ഥത്തിന്റെ എല്ലാ വിധത്തിലുമുള്ള വ്യാഖ്യാനങ്ങൾക്കുമപ്പുറം വാസ്തുഹാരയെ ശ്രദ്ധേയമാക്കുന്ന ഘടകം അതിന്റെ സവിശേഷമായ ആഖ്യാന ഘടനയാണ്. ഒരു ബൃഹദാഖ്യാനത്തിന്റെ ആന്തരികസത്തയെ ഒരു ചെറുകഥയുടെ രൂപഘടനയിലൊതുക്കുന്ന വിദഗ്ദ്ധമായ

ആഖ്യാനതന്ത്രം ശ്രീരാമൻ വാസ്തുഹാരയിൽ പ്രയോഗിച്ചിരിക്കുന്നു. 1947-ലെ ഇന്ത്യാവിഭജനത്തിൽ തുടങ്ങി 1971 ബംഗ്ലാദേശ് യുദ്ധകാലത്തുണ്ടായ അഭയാർത്ഥി പ്രവാഹവും അഭയാർത്ഥികളെ പുനരധിവസിപ്പിക്കാൻ നടത്തിയ ഉദ്യമങ്ങളും വരെ ഉൾക്കൊള്ളുന്ന വലിയൊരു ചരിത്ര പശ്ചാത്തലമാണ് വാസ്തുഹാരയിലെ ബാഹ്യഘടന. ഇതിനുള്ളിൽ കഥയുടെ പല അടരുകൾ വിദഗ്ദ്ധമായി ശ്രീരാമൻ അടുക്കി വെയ്ക്കുന്നു. ഒരു കഥയിൽ നിന്ന് മറ്റൊരു കഥയിലേക്ക് വികസിച്ചു പോകുന്ന ആഖ്യാനരീതി. കഥയുടെ ഓരോ അടരുകളും ലളിതമെന്ന് തോന്നിപ്പിക്കുകയും എന്നാൽ സങ്കീർണ്ണമായ ജീവിതഭാവങ്ങളെ ആവിഷ്ക്കരിക്കുകയുമാണ് ചെയ്യുന്നത്. വാസ്തുഹാര അപഗ്രഥിച്ചാൽ ഒറ്റ വാക്യങ്ങളിലൊതുക്കാവുന്ന ആഖ്യാനത്തിന്റെ നിരവധി അടരുകൾ കാണാം.

**അവ ചുവടെ വിവരിക്കുന്നു:**

1. സർവതും അപഹരിക്കപ്പെട്ട് സാമ്രാജ്യത്തിനും അധികാരത്തിനും മുന്നിൽ ബലിയാടുകളായി മാറിയ ജനതയുടെ അതിജീവനത്തിന്റെ ആഖ്യാനം.

2. അഭയാർത്ഥികളായ ആരതി പണിക്കരുടെയും കുടുംബത്തിന്റെയും ജീവിതാഖ്യാനം.

3. അഭയാർത്ഥികളെ പുനരധിവസിപ്പിക്കുന്ന ഒരു റഫ്യൂജി ഓഫീസറുടെ അനുഭവങ്ങളുടെ ആഖ്യാനം.

4. മനുഷ്യദുരന്തത്തോട് നിസ്സംഗമായി പ്രതികരിക്കുന്ന അധികാരവ്യവസ്ഥയെക്കുറിച്ചുള്ള ആഖ്യാനം.

5. വീട് വിട്ട് പോയ മകൻ അന്യദേശക്കാരിയെ വിവാഹം ചെയ്തതിനോടുള്ള അമ്മയുടെയും ബന്ധുക്കളുടെയും പ്രതികരണത്തിന്റെ ആഖ്യാനം.

6 ഒരേ പുരുഷന്റെ സ്നേഹം പങ്കിടേണ്ടി വന്ന ആരതിപ്പണിക്കരുടെയും ഭവാനിയുടെയും വൈകാരിക ജീവിതത്തിന്റെ ആഖ്യാനം.

ഇങ്ങനെ ഇതിവൃത്തത്തിന്റെ ഒന്നിലധികം അടരുകൾ കൂടിച്ചേർന്ന ഘടന വാസ്തുഹാരയുടെ ആഖ്യാനത്തിൽ കാണാം. ആന്തരവൽക്കരണം (Interiorisation) എന്ന ഭാരതീയ ആഖ്യാന രീതിയെ വാസ്തുഹാരയുടെ ആഖ്യാനം ഓർമ്മിപ്പിക്കുന്നു.

ഉപകഥകളും നിരവധി കഥാവസ്തുക്കളും കഥാസൂചനകളും ഇടകലരുന്ന ആഖ്യാനതന്ത്രമാണ് വാസ്തുഹാരയിൽ കാണുന്നത്. വേണുവിന്റെ കാഴ്ചയിൽ ആവിഷ്ക്കരിക്കപ്പെടുന്ന ആരതിപ്പണിക്കരുടെ ജീവിതമാണ് ഈ അടുക്കുകളെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രധാന ചരട്. ഈ ചരടിലാണ് മറ്റ് നിരവധി ഉപകഥകളെ ചേർത്ത് കെട്ടിയിരിക്കുന്നത്. ഇതിനായി വേണുവിന്റെ യാത്രകളെയും ഓർമ്മകളെയും അറിവുകളെയും കാഴ്ചകളെയുമാണ് ആഖ്യാനത്തിൽ പ്രയോജനപ്പെടുത്തിയിരിക്കുന്നത്. വാസ്തുഹാരയിലെ ചരിത്രപശ്ചാത്തലം പോലും ഈ ഘടകങ്ങളിലൂടെയാണ് ആവിഷ്ക്കരിക്കപ്പെടുന്നത്. ഒരു ഇതിഹാസകഥയുടെ ബൃഹദാഖ്യാന വിസ്തൃതിയിലാണ് വാസ്തുഹാരയുടെ ആരൂഢം ശ്രീരാമൻ ഉറപ്പിച്ചിരിക്കുന്നത്. ചരിത്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും കുടുംബബന്ധങ്ങളുടെയും തലങ്ങളാണ് ഇത്തരമൊരു വിസ്തൃതി കഥയ്ക്ക് നല്കുന്നത്. ആഖ്യാനവും ഉപാഖ്യാനങ്ങളും നിരവധി കഥാപാത്രങ്ങളും പല ഇടങ്ങളും മനുഷ്യാവസ്ഥയുടെ പല ഭാവങ്ങളും വൈകാരികവും ദാർശനികവുമായ വ്യാഖ്യാനസാധ്യതകളും നിറഞ്ഞ സങ്കീർണ്ണമായ രൂപഘടന ഇതിഹാസകഥകൾ പ്രകടിപ്പിക്കാറുണ്ട്. ഈ വ്യത്യസ്ത അംശങ്ങൾ വാസ്തുഹാരയുടെ ആന്തരിക ഘടനയിൽ ഒതുക്കിയെടുക്കാൻ ശ്രീരാമന് സാധിക്കുന്നുണ്ട്. അതു കൊണ്ടാണ് "ഇതിഹാസങ്ങളുടേതായ ആന്തരികഘടനയും ചെറുകഥയുടെ രൂപഘടനയും ഒത്തുചേർന്ന ക്ലാസിക് മാനങ്ങളുള്ള ഒരു കഥയാണിത്" എന്ന് വാസ്തുഹാര വിലയിരുത്തപ്പെട്ടത് (കഥയുടെ ന്യൂക്ലിയസ് 2007:144)

ഇതിഹാസങ്ങളുടെ പ്രധാന സവിശേഷത അതിലാവിഷ്ക്കരിക്കപ്പെടുന്ന ജീവിതാവിഷ്ക്കാരം സാർവ്വകാലികവും സാർവലൗകികവുമായ ഒരു മനുഷ്യാവസ്ഥയുടെ ആവിഷ്ക്കാരമായി വികസിക്കുന്നു എന്നതാണ്. "ഒരു മഹായുദ്ധത്തിൽ അവസാനിച്ച കുടുംബകലഹം ലളിതമാ

യി വിവരിക്കുന്ന ഒരു സംസ്കൃതകൃതിയുടെ പേരാണ് മഹാഭാരതം" എന്ന് ഇരാവതി കാർവെ പറയുന്നതിനർത്ഥം (മഹാഭാരതപഠനങ്ങൾ: 9 ) മഹാഭാരതം എന്ന ബൃഹദാഖ്യാനത്തെ ഒരർത്ഥത്തിൽ പരിമിതമായ ഒരു കുടുംബകഥയായിക്കൂടി മനസ്സിലാക്കാം എന്നാണ്. എന്നാൽ ആ കുടുംബകഥയെ അനേകായിരം കഥാപാത്രങ്ങളിലൂടെയും ഉപാഖ്യാനങ്ങളിലൂടെയും കഥാസന്ദർഭങ്ങളിലൂടെയും വികസിപ്പിച്ച് എക്കാലത്തെയും മനുഷ്യന്റെ വൈവിധ്യമാർന്ന ജീവിതഭാവങ്ങളുടെ ആഖ്യാനമായി വികസിപ്പിക്കുന്നു എന്നിടത്താണ് മഹത്തും ഭാരവത്തുമായ ഒരു ബൃഹദ്യാഖ്യാനമായി വ്യാസേതിഹാസം മാറുന്നത്.

"യദിഹാസ്തി തദന്യത്ര

യന്നേഹാസ്തി ന കുത്രചിത്"

എന്ന മഹാഭാരതത്തിന്റെ പുകഴ്പെറ്റ ഫലശ്രുതിക്ക് മുന്നിൽ ഏത് കാലത്തെയും ആസ്വാദകൻ ശിരസ്സു കുനിച്ചു പോകും. മനുഷ്യവംശം ചെന്നുപെടാവുന്ന ഒട്ടുമിക്ക അനുഭവസ്ഥാനങ്ങളെയും അതിലെ പ്രതിസന്ധി മുഹൂർത്തങ്ങളെയും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ മഹാഭാരതം അഭിസംബോധന ചെയ്തിട്ടുണ്ട്. മിഖായേൽ ബഖ്തിൻ മഹത്തായ കൃതികളെക്കുറിച്ച് പറയുന്നതുപോലെ "കാലത്തിന്റെ അതിർവരമ്പുകൾ ഭേദിച്ച് നീങ്ങി അത് മഹാകാലത്തിൽ ജീവിക്കുന്നു."

കാലബദ്ധമായ സംഭവാഖ്യാനമാണ് കഥ. അതിനാൽത്തന്നെ കാലത്തിന്റെ ആവിഷ്ക്കാരം എല്ലാ എഴുത്തുകാരുടെയും മുന്നിലെ വലിയൊരു പ്രശ്നമായിരുന്നു. കാലപ്രവാഹത്തെ സ്മരണകളോടൊപ്പം ചലിപ്പിച്ച് ആവിഷ്ക്കരിക്കാനാണ് വാസ്തുഹാരയിൽ ശ്രീരാമൻ ശ്രമിക്കുന്നത്. 1971–73 വരെയുള്ളതാണ് കഥയിലെ കാലമെന്ന് കഥയുടെ തുടക്കത്തിൽ കഥാകൃത്ത് സൂചിപ്പിക്കുന്നുണ്ട്. 1947–ലെ ഇന്ത്യാവിഭജനത്തിലേക്കും അതിനും പിന്നിലെ കഥാപാത്രങ്ങളുടെ ജീവിതകാലത്തിലേക്കും കഥാകാലം നീണ്ടുചെല്ലുന്നുണ്ട്. ഈ ദീർഘമായ കാലയളവിനെ ഓർമ്മകളിലൂടെ വർത്തമാനകാലത്തിന്റെ ചെറിയൊരു പരിധിയിലേക്ക് കഥാകൃത്ത് ചുരുക്കിക്കൊണ്ടു വരുന്നു. ഭൂതകാലത്തേക്കും ഭാവികാലത്തേക്കും രണ്ട് മുഖവട്ടങ്ങൾ കൊണ്ട് നോക്കുന്ന കൃശമധ്യമായ ഡമരുവിനെപ്പോലുള്ള കാലത്തെക്കുറിച്ച് പറഞ്ഞ സച്ചിദാനന്ദ ഹരിനന്ദ് വാത്സ്യായനന്റെ കാലസങ്കല്പത്തെ ഓർമ്മിപ്പിക്കുന്നതാണ് വാസ്തുഹാരയിലെ കാലത്തിന്റെ ആവിഷ്ക്കാരം.

"വസ്തുഹരേർ മറ്റൊരു യുഗം ആരംഭിക്കുന്നു" "ഗംഗയിൽ വേലിയിറക്കമാണ്. കപ്പലിനു വേഗത വർദ്ധിക്കുന്നു"(വാസ്തുഹാര .1993:33)

എന്നാണ് കഥ അവസാനിക്കുന്നത്. ഗംഗയിലെ വേലിയിറക്കത്തിനും കടലിലെ ഓളങ്ങൾക്കുമൊപ്പം ചാഞ്ചാടുന്ന കപ്പലിലെ അഭയാർത്ഥികളുടെ കണ്ണുകളിലും പ്രതീക്ഷയുടെ വെളിച്ചം നിറയുന്നു. അഭയാർത്ഥികളായ സ്ത്രീകൾ കിഴക്കൻദ്വീപിൽ തങ്ങളെ കാത്തിരിക്കുന്ന പുതുജീവിതത്തെ വായ്ക്കുരവയിട്ട് (ഒലിദ്ധ്വനി) സ്വീകരിക്കുന്നതായി കഥാകൃത്ത് പറയുന്നുണ്ട്. പ്രതീക്ഷയുടെ തുരുത്തുകൾ തേടി ഭാവിയിലേക്കുള്ള പ്രയാണം. വാഗ്ദത്തഭൂമി തേടിയുള്ള മനുഷ്യന്റെ അനാദിയായ പ്രയാണത്തിലേക്ക് ഈ അഭയാർത്ഥി പ്രവാഹവും കണ്ണിചേർക്കപ്പെടുന്നു. അങ്ങനെ കഥയിലെ കാലം ഭാവിയുടെ തുറസ്സിലേക്ക് സഞ്ചരിക്കുന്നു. ഇതാണ് ഡമരുരൂപത്തിലുള്ള കാലസങ്കല്പം, കഥയുടെ ആഖ്യാനഘടനയിൽ ഉൾച്ചേരുന്നതിലൂടെ കഥയ്ക്ക് ലഭിക്കുന്ന മേന്മ.

സാഹിത്യത്തിലെ ഐക്യത്രയം ഏറ്റവുമധികം പാലിക്കപ്പെടുന്ന ആഖ്യാനരൂപമാണ് ചെറുകഥ. സ്ഥലകാലക്രിയൈക്യം ചെറുകഥയുടെ ഏകാഗ്രതയ്ക്കും ഇതിവൃത്തത്തിന്റെ തീവ്രതയ്ക്കും പലപ്പോഴും മുറുക്കം നല്കാറുണ്ട്. സ്ഥലം, കാലം, ക്രിയ എന്നീ ഘടകങ്ങളിലെ ഹ്രസ്വതയാണ് ചെറുകഥയെ ഭാവാത്മകമായ സാഹിത്യരൂപമാക്കി മാറ്റുന്നത്. തങ്ങൾ നിവർത്തിക്കാട്ടുന്ന ജീവിതചിത്രങ്ങൾക്ക് തനതായൊരു രംഗപശ്ചാത്തലം നിർമ്മിക്കാൻ കഥാകൃത്തുക്കൾ മിക്കവരും ശ്രമിക്കാറുണ്ട്. അത്തരം ഭൂപശ്ചാത്തലം കഥയുടെ അന്തരീക്ഷത്തിനും വൈകാരികഭാവത്തിനും കഥയുടെ ഏകപ്രതീതിക്കും കോട്ടംതട്ടാത്ത വിധത്തിലായിരിക്കണം.

സവിശേഷമായൊരു സ്ഥലചിത്രീകരണത്തിന്റെ (topography) പശ്ചാത്തലത്തിലാണ് വാസ്തുഹാരയിലെ കഥാഖ്യാനം വികസിക്കുന്നത്. കഥാഖ്യാനരീതി, ആഖ്യാനഭാഷ, ഭാഷണഭേദങ്ങൾ, കഥയിലെ ചരിത്രരാഷ്ട്രീയാംശങ്ങൾ, ദർശനം തുടങ്ങിയ വ്യതസ്ത ഘടകങ്ങളുമായി കഥയിലെ സ്ഥലഭാവനയ്ക്ക് ബന്ധമുണ്ട്. ഭാരതീയരുടെ സങ്കല്പത്തിലുള്ള 'രീതി' എഴുത്തുകാരന്റെ ദേശവുമായി ബന്ധപ്പെട്ട സങ്കല്പമാണെന്ന കാര്യം ഇവിടെ ഓർക്കാവുന്നതാണ്. രീതിയെ 'പ്രവൃത്തി' എന്ന പദം കൊണ്ട് വിശദീകരിച്ച ഭരതമുനി നാനാദേശങ്ങളിലെ സാംസ്കാരികഘടകങ്ങളോട് ചേർത്താണ് അതിനെ വിശദീകരിക്കുന്നത്.

ദ്രാവിഡകാവ്യശാസ്ത്രത്തിന്റെ അടിത്തറയായ തിണസിദ്ധാന്തവും ഇത്തരമൊരു കാഴ്ചപ്പാട് തന്നെയാണ് മുന്നോട്ട് വയ്ക്കുന്നത്. 'ഭൂപ്രകൃതി, കാലം, ജീവിതസാഹചര്യം, എന്നിവയോട് ഒപ്പം മാത്രമേ മനുഷ്യാനുഭവത്തിന്റെ കാവ്യവത്ക്കരണം സാധ്യമാകൂ എന്ന ദർശനമാണ് ഒറ്റവാക്കിൽ പറഞ്ഞാൽ തിണസിദ്ധാന്തം'

സാഹിത്യകൃതിയിലെ ക്രിയാംശവും അതു സംഭവിക്കുന്ന സ്ഥലവും തമ്മിലുള്ള ജൈവബന്ധത്തെ സൂക്ഷ്മതലത്തിൽ മനസ്സിലാക്കുകയാണ് തിണസങ്കല്പം. ഇതെല്ലാം ആഖ്യാനവും ആഖ്യാനസ്ഥലവും തമ്മിലുള്ള ബന്ധത്തിന്റെ വ്യാപ്തി നമ്മെ ബോധ്യപ്പെടുത്തുന്നു. ഈയൊരു കാഴ്ചപ്പാടിലാണ് വാസ്തുഹാരയിലെ സ്ഥലികത എന്ന ഘടകത്തെ വിലയിരുത്തേണ്ടത്.

വാസ്തുഹാരയിലെ സ്ഥലികത എന്ന അംശത്തെ കഥയുടെ ഇതിവൃത്തപശ്ചാത്തലമായി മാത്രമല്ല മനസ്സിലാക്കേണ്ടത്. കഥയിലെ സംഭവങ്ങൾ നടക്കുന്നത് കൊൽക്കത്തയിലും കേരളത്തിലുമാണ്. ഈ രണ്ട് പ്രദേശങ്ങളും ഭാരതത്തിന്റെ നവോത്ഥാന ചരിത്രത്തിലെ രണ്ട് പ്രധാന ഇടങ്ങളാണ്. മലയാളകവിതയിൽ കാല്പനികതയ്ക്ക് ദൃഢശോഭ നല്കിയ കുമാരനാശാൻ തന്റെ പ്രധാനകൃതികൾ രചിക്കുന്നത് കൊൽക്കത്തയിൽ നിന്ന് മടങ്ങിയെത്തിയ ശേഷമാണ്. കൊൽക്കത്തയിലെ പഠനകാലം ആശാനിൽ വളർത്തിയ നവോത്ഥാനവീക്ഷണത്തെക്കുറിച്ച് അദ്ദേഹത്തിന്റെ ജീവചരിത്രകാരന്മാരെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്.

'മലയാളിയുടെ കലാചിന്തകൾക്ക് ഗൗരവം പകർന്നു നൽകിയ അഭിനിവേശമാർന്ന ചരിത്രബിംബമാണ് കൊൽക്കത്ത. ബംഗാൾ എന്നും കൊൽക്കത്ത എന്നും പറയുമ്പോൾ ഏതൊരു മലയാളിക്കും ഓർമ്മകളുടെ കടലിരമ്പും. പല ഓർമ്മകളും ചരിത്രപരം തന്നെയായിരിക്കം. വാസ്തുഹാരയിലെ കഥാംശങ്ങൾ പലതും ചരിത്രപരമായി വായനക്കാരെ അഭിസംബോധന ചെയ്യാൻ കെൽപ്പ് നേടിക്കഴിഞ്ഞവയാണ്. ഇടതുപക്ഷരാഷ്ട്രീയത്തിന്റെ പ്രായോഗികജനാധിപത്യം ചേരുംപടി ചേരുന്നത് കൊൽക്കത്ത കഴിഞ്ഞാൽ കേരളത്തിലെ പട്ടണത്തിൽ. രണ്ട് പ്രദേശങ്ങളുടെയും രാഷ്ട്രീയ ചരിത്രത്തിന് വിസ്മയിപ്പിക്കത്തക്ക സമാനതയുണ്ട്' എന്ന നിരീക്ഷണവും കേരളവും കൽക്കത്തയും തമ്മിലുള്ള ബന്ധത്തെ ചരിത്രപരമായും സാമൂഹികമായും വിശദീകരിക്കുന്നതാണ്. ചരിത്രപരമായ ഈ അടുപ്പത്തെ ദൃഢമാക്കുകയാണ് യഥാർത്ഥത്തിൽ വാസ്തുഹാരയിലൂടെ ശ്രീരാമൻ ചെയ്യുന്നത്. അതുകൊണ്ടാണ് കൽക്കത്തയിൽ നടക്കുന്ന സംഭവങ്ങൾ വായിക്കുമ്പോൾ നമ്മുടെ നാട്ടിൽ നടക്കുന്ന സംഭവമായി നാം അനുഭവിക്കുന്നത്. കൊൽക്കത്തയിലെ ഗ്രാമത്തെ വർണിക്കുമ്പോൾ കേരളത്തിലെ നാട്ടിൻപുറത്തെ ഓർമ്മയിലെത്തിക്കുന്നത്.

അവസാനം അവരെ വീട്ടിൽ പോയി കാണാൻ തീരുമാനിച്ചു. എത്തിച്ചേരാൻ വളരെ വിഷമിച്ചു. അവർ പറഞ്ഞ സ്റ്റോപ്പിൽ ബസ്സിറങ്ങി. പക്ഷേ, ഇടത്തോട്ടു തിരിയുന്നതിനു പകരം വലത്തോട്ട് നടന്നു. കുറേയധികം ദൂരം നടന്നപ്പോഴാണ് തെറ്റു മനസ്സിലായത്. ഒരു വിധത്തിൽ അവരുടെ വീട്ടിൽ എത്തിച്ചേർന്നു. ചെറിയ വീട്. വളരെ വളരെ പഴക്കം ചെന്നതാണ്. ചെറിയ മുറ്റവും പൊളിഞ്ഞ മതിലും. തുരുമ്പു കാർന്നുതിന്ന തകരത്തിന്റെ ഗെയിറ്റും. വാതിൽ പുറത്തു നിന്ന് അടച്ചിട്ടിരിക്കുന്നു. ഗോദ്റെജിന്റെ പൂട്ടിട്ട്. പരമ്പുതട്ടിക കൊണ്ട് ഉമ്മറം രണ്ടായി ഭാഗിച്ചതുകൊണ്ട് അയാൾ ഊഹിച്ചു. അപ്പുറത്ത് മറ്റൊരു കുടുംബമാണ് താമസിക്കന്നതെന്ന് (ചിദംബരങ്ങൾ 1993:14)

കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ സാധാരണമായൊരു ചിത്രമായേ നമുക്കിത് അനുഭവപ്പെടൂ.

കൊൽക്കത്തയും കേരളവും തമ്മിലുള്ള ദൂരം സമുദ്രവലിപ്പമാണെന്നു പറയുന്ന കഥാകൃത്ത് അവ തമ്മിലുള്ള അകലം മായ്ച്ചുകളയാൻ ഭാഷയുടെ സവിശേഷ പ്രയോഗത്തിലൂടെ ശ്രമിക്കുന്നുണ്ട്.

"അയാൾ ലൈറ്റിട്ട് ഒരു ഇൻലൻഡ് എടുത്ത് അമ്മയ്ക്ക് ഒരു എഴുത്തെഴുതി"

"പ്രതീക്ഷിച്ചതിലും വേഗത്തിൽ മറുപടി വന്നു"

അമ്മയുടെ മറുപടി വായിച്ച് വേണു അസ്വസ്ഥനായതിനെക്കുറിച്ച് പറയുന്ന സന്ദർഭം ഇങ്ങനെയാണ്:

"ഇരിക്കപ്പൊറുതിയില്ലാതായപ്പോൾ അയാൾ എണീറ്റ് നടന്നു"

ഈ ഒറ്റ വാക്യത്തിലൂടെയാണ് വേണു കേരളത്തിലെത്തിയ വസ്തുത കഥാകൃത്ത് അവതരിപ്പിക്കുന്നത്. നാട്ടിൽ നിന്ന് കൽക്കത്തയിൽ മടങ്ങിയെത്തിയതും ലളിതമായൊരു വാക്യത്തിലൂടെയാണ് കഥാകൃത്ത് ആവിഷ്കരിക്കുന്നത്. ആരതിഅമ്മായിക്ക് വീട്ടിൽ നിന്ന് എന്തെങ്കിലും സ്വത്ത് ലഭിക്കുമോ എന്നറിയാൻ നാട്ടിലെത്തിയ വേണുവിന് ബന്ധുക്കളിൽ നിന്നുള്ള എതിർപ്പ് നേരിടേണ്ടി വന്നു. അമ്മയും അക്കാര്യത്തിൽ ശക്തമായി വിയോജിച്ചു.

"നിന്റെ ജീവിതത്തിൽ സ്വത്തു വാങ്ങിയിട്ടില്ല - വാങ്ങുകയുമില്ല. നിനക്ക് സ്വത്തിന്റെ വില അറിയില്ല ഇന്ന് നീ ഒരിഞ്ച് ഭൂമി വാങ്ങൂ..... അത് നാളെ രണ്ടിഞ്ച് ആക്കാനേ നോക്കൂ..... അല്ലാതെ ആർക്കും വാരിക്കൊടുക്കാൻ തോന്നില്ല."

തുടർന്ന് കഥയിലെ വാക്യം ഇങ്ങനെയാണ്.

"കൽക്കത്തയിൽ എത്തിയപ്പോൾ ശക്തിയായി മഴ പെയ്തിരുന്നു"

ഈയൊരു ചെറുവാക്യത്തിലൂടെ ഒരു സമുദ്രദൂരത്തെ താണ്ടാൻ വേണുവിനാകുന്നു. ഈയൊരു ആഖ്യാനതന്ത്രം സ്ഥലചിത്രീകരണത്തിൽ ചെറുകഥയ്ക്കു വേണ്ട ഏകാഗ്രത എന്ന സങ്കല്പത്തെക്കൂടി തൃപ്തിപ്പെടുത്തുന്നുണ്ട്.

**കഥാപാത്രങ്ങൾ**

കഥാഖ്യാനഘടനയിലെ പ്രധാനഭാഗമാണ് കഥാപാത്രസൃഷ്ടി. കഥാപാത്രങ്ങളിലൂടെയാണ് കഥാകൃത്ത് സംഭവാഖ്യാനം നടത്തുന്നത്. അങ്ങനെ രൂപപ്പെടുന്ന സംഭവങ്ങളിലൂടെ കഥാപാത്രങ്ങളുടെ വ്യക്തിത്വം ആവിഷ്ക്കരിക്കപ്പെടുകയും ചെയ്യുന്നു. കഥയിൽ കഥാപാത്രങ്ങൾ സംഭവങ്ങൾക്ക് മുന്നേറാനുള്ള കൈവഴികളാണ്. ചെറുകഥപോലെ കൂടുതൽ ഏകാഗ്രവും സൂക്ഷ്മവുമായ സാഹിത്യരൂപങ്ങളിൽ കഥാപാത്രങ്ങൾക്ക് ഇതിവൃത്തത്തെ വികസിപ്പിക്കുന്ന ഘടകങ്ങൾ എന്നതിനെക്കാൾ കൂടുതൽ പ്രസക്തിയുണ്ട്. അവർ മനുഷ്യപ്രകൃതിയുടെയും ജീവിതദർശനങ്ങളുടെയും പ്രതിനിധികളായി മാറുന്നു. കാരണം നോവൽ പോലുള്ള ആഖ്യാനരൂപങ്ങളിൽ നിന്നു വ്യത്യസ്തമായി വികസ്വരമായ കഥാപാത്രങ്ങളെയല്ല വികസിതകഥാപാത്രങ്ങളെയാണ് നാം ചെറുകഥയിൽ കാണുന്നത്. അങ്ങനെയാണ് അവർ മനുഷ്യഭാവങ്ങളുടെയും ജീവിതനിലപാടുകളുടെയും പ്രതിനിധികളായി മാറുന്നത്. സി.വി.ശ്രീരാമന്റെ ചെറുകഥകൾ പരിശോധിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാകും. വാസ്തുഹാരയിൽ നിരവധി കഥാപാത്രങ്ങൾ കടന്നു വരുന്നു. കഥയിൽ നേരിട്ടും ഇതിവൃത്തസൂചനകളിലൂടെയും കടന്നു വരുന്നവർ അക്കൂട്ടത്തിലുണ്ട്.

ഭരണകൂടങ്ങൾ അഭയാർത്ഥികളെ സൃഷ്ടിക്കുന്ന കാഴ്ച മനുഷ്യചരിത്രത്തിലുടനീളം കാണാം. നീതിവ്യവസ്ഥിതിയുടെ യുക്തിബോധമില്ലായ്മയെക്കുറിച്ച് പല എഴുത്തുകാരും പറഞ്ഞിട്ടുണ്ട്. ആനന്ദ് തന്റെ കഥാഖ്യാനങ്ങളിൽ ഈ രണ്ട് വിഷയങ്ങളും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഭരണകൂടങ്ങളെ സംബന്ധിച്ച് അഭയാർത്ഥികളുടെ ദുരിതജീവിതവും നിസ്സഹായതയും പലപ്പോഴും വിലകുറഞ്ഞ തമാശകൾ മാത്രമാണ്. അഭയാർത്ഥികളെ സൃഷ്ടിക്കുന്ന രാഷ്ട്രീയം വാസ്തുഹാരയിൽ സി.വി.ശ്രീരാമൻ നേരിട്ട് അവതരിപ്പിക്കുന്ന വിഷയമല്ല. എന്നാൽ ചരിത്രം അഭയാർത്ഥിത്വത്തിന്റെ ബലിപീഠത്തി

ലേക്ക് നയിക്കുന്ന മനുഷ്യജീവിതത്തിന്റെ വിങ്ങലുകൾ കഥയുടെ അടിസ്ഥാനഭാവം തന്നെയാണ്. അതോടൊപ്പം അഭയാർത്ഥി ജീവിതത്തിന്റെ യാതനകളെ ആരതിപ്പണിക്കരുടെ ജീവിതത്തെ മുൻനിർത്തി അവതരിപ്പിക്കുകയും ആ അവസ്ഥയ്ക്ക് കാരണക്കാരായവരുടെ നേർക്ക് നിശ്ശബ്ദമെങ്കിലും നിശിതമായ വിമർശനം കഥാകൃത്ത് ഉന്നയിക്കുകയും ചെയ്യുന്നുണ്ട്. അഭയാർത്ഥികൾക്കു നേരേ ഭരണകൂടവും അധികാരിവർഗ്ഗവും പുലർത്തുന്ന നിസ്സംഗതയെ കഥയിൽ അല്പനേരം കടന്നു വരുന്ന ഒരു കഥാപാത്രത്തിലൂടെയാണ് ശ്രീരാമൻ ആവിഷ്ക്കരിക്കുന്നത്. അഭയാർത്ഥികളെ കയറ്റിയ കപ്പൽ കൊൽക്കത്ത തുറമുഖം വിടുവാൻ തയ്യാറെടുക്കുന്നു. ആരതി പണിക്കരും ദമയന്തിയും വേണുവിനെ യാത്രയാക്കാനായി കരയിലുണ്ട്. പെട്ടെന്ന് കപ്പലിൽ അഭയാർത്ഥികൾ തമ്മിലുണ്ടായ കലഹം ശാന്തമാക്കുവാൻ വേണു കപ്പലിനുള്ളിലേക്കു ചെല്ലുന്നു. അവിടെ ചെന്നപ്പോൾ ആകെ കുഴപ്പത്തിലാണ്. മെഡിക്കൽ പരിശോധന നടത്തുന്നിടത്ത് റഫ്യൂജികളും ജോലിക്കാരുമായി വഴക്ക്. കപ്പലിൽ കയറിയവർ മറ്റു യാത്രക്കാരുമായി വഴക്ക്. അയാൾ പുറത്തുള്ളവരെയൊക്കെ ഒരു വിധം സമാധാനപ്പെടുത്തി. കോവണി കയറിച്ചെന്നപ്പോൾ കണ്ട കാഴ്ച കഥാകൃത്ത് വിവരിക്കുന്നു.

സ്റ്റേറ്റ്കേബിന്റെ മുമ്പിൽ ഓഫീസർ ഈസി ച്ചെയർ ഇട്ടിരുന്ന് ആനന്ദവികടൻ വായിക്കുന്നു. അതിൽ നിന്നു കണ്ണെടുക്കാതെ അദ്ദേഹം പറഞ്ഞു:

“ഐ സോ സം റഫ്യൂജി ബ്ലൈട്ടേഴ്സ് ലർക്കിങ് എറൗണ്ട് മൈ കേബിൻ ....ഇങ്കെ ആരേയും അണപ്പാത്.... യൂ മാനേജ്”

എല്ലാം ഇട്ടെറിഞ്ഞ് കൽക്കത്തയിലെ റഫ്യൂജികേമ്പുകളിലും ദണ്ഡകാരണ്യത്തിലും മദ്ധ്യപ്രദേശിലും മറ്റനേകം അഭയാർത്ഥി കേമ്പുകളിലും അടിഞ്ഞുടഞ്ഞ് അവസാനം പ്രപഞ്ചാരംഭം തൊട്ട് ഇന്നുവരെ മനുഷ്യപ്പാർപ്പുണ്ടായിട്ടില്ലാത്ത കിഴക്കൻ ദ്വീപുകളിൽ ജീവിതത്തിലെ അവശേഷിച്ച ഭാഗം കരുപ്പിടിപ്പിക്കുവാൻ പോകുന്നു.....

“ഓൺ റെക്കാർഡ്സ് എറ്റ്ലീസ്റ്റ് യൂ ആർ ദെയർ ഓഫീസർ .... ദെ മസ്റ്റ് കം ടു യൂ...." അയാളുടെ സ്വരമുയർന്നതു കുറച്ചു കവിഞ്ഞു പോയി.

ദമയന്തിയുടെ സ്വരമാണോ അയാളുടെ തൊണ്ടയിലിടെ ഒഴുകിയത്.? ആ ഭാവപ്പകർച്ച കണ്ടിട്ടാണോ? ഓഫീസർ ഞെട്ടിയെഴുന്നേറ്റു. അയാളുടെ പുറത്തു തടവിക്കൊണ്ട് പറഞ്ഞു:

“നീ അപ്പടി ഒരാള്. ഇതുക്കൊള്ളെ കോപിച്ചാച്ചാ.... ഡോൺ ഗറ്റ് ആങ്ക്റീ. പ്ലീസ്... പ്ലീസ്.... യൂ നോ മൈ വൈഫ് ഈസ് സ്കേയർഡ് ഓഫ് റഫ്യൂജീ സ് ....”

ഇതെല്ലാം കേട്ടു നിന്നിരുന്ന ഓഫീസറുടെ ഭാര്യ പറഞ്ഞു:

“ബംഗാളിക്കാരൻ .... ഡെയിഞ്ചറസ് ഫെല്ലോസ് ...ഗും എൻഡ്രൂ് പേശാമെ വന്ത് ബോംബ് കീംബ് തൂക്കി പോട്ടിടുവാൻ...” ഭീതി കലർന്ന വിസ്മയത്തോടെ അവർ പറഞ്ഞു.

അയാൾ നടന്നു. ബങ്കിലേക്ക് ഇറങ്ങുന്നതിനു മുമ്പു തിരിഞ്ഞു നോക്കി. അപ്പോൾ ഓഫീസർ വീണ്ടും ആനന്ദവികടൻ വായിക്കുവാൻ ആരംഭിച്ചിരിക്കുന്നു. ഇത്തരം സാഹചര്യത്തിൽ ഇത്രമാത്രം നിസ്സംഗത്വം പാലിക്കുവാൻ കഴിയുന്നു.

“നൊ വണ്ടർ, ഹിസ് നേം ഈസ് റെക്കമെൻഡഡ് ഫോർ ഓൾ ഇന്ത്യാ സർവ്വീസ് ....” അയാൾ ഓർത്തു.

പൊള്ളിക്കുന്ന ഈ പരിഹാസം ഭരണകൂടത്തിന്റെ കുറ്റകരമായ നിസ്സംഗതയ്ക്കു നേരേയുള്ള ചാട്ടവാറായി മാറുന്നു. ചരിത്രത്തിലെ വലിയ ദുരന്തങ്ങൾക്കു മുന്നിൽ അതിന് ഇരയാകാത്തവർ, പ്രത്യേകിച്ചും അധികാരികൾ പ്രകടിപ്പിക്കുന്ന നിസ്സംഗതയുടെ ആഴം ശരിക്കു ബോധ്യപ്പെടുത്തുവാൻ തന്നെയാണ് ഈയൊരു കഥാപാത്രത്തെ സി.വി.ശ്രീരാമൻ അവതരിപ്പിക്കുന്നത്.

കഥയിൽ നേരിട്ട് കടന്നു വരാത്ത കുറേ കഥാപാത്രങ്ങളുണ്ട്. വേണുവിന്റെ അമ്മാവനും ആരതിയുടെ ഭർത്താവുമായ കുഞ്ഞുണ്ണിപ്പണിക്കരാണ് അവരിൽ പ്രധാനി. കേരളത്തിലെ ഒരു ചെറുഗ്രാമത്തിലെ കൂട്ടുകുടുംബത്തിൽ ജനിച്ചു

വളർന്ന കുഞ്ഞുണ്ണി കഥയിലെ ഒരു ദുരന്തക ഥാപാത്രമാണെന്നു പറയാം. ഭഗ്നപ്രണയത്തിലുള്ള വേദന മൂലമാണോ വിപ്ലവപ്രസ്ഥാനങ്ങളിൽ ആകൃഷ്ടനായാണോ യൗവനത്തിൽത്തന്നെ കുഞ്ഞുണ്ണി കൊൽക്കത്തയിലെത്തുന്നതെന്ന് കഥാകാരൻ പറയുന്നില്ല. അതിനുള്ള കാരണം ധ്വനിമര്യാദയിൽ ആഖ്യാനത്തിന്റെ അടരുകളിലൊളിപ്പിക്കുകയാണ് കഥാകൃത്ത്.

വിവാഹശേഷം ആരതിയുമായി വീട്ടിലെത്തിയപ്പോൾ അമ്മയിൽ നിന്നും ബന്ധുക്കളിൽ നിന്നുമുണ്ടാകുന്ന തിരസ്കാരം കുഞ്ഞുണ്ണിയുടെ മനസ്സിനെ ആഴത്തിൽ മുറിവേല്പ്പിക്കുന്നുണ്ട്. കൽക്കത്തയിൽ മടങ്ങിയെത്തിയ ശേഷം പ്രളയത്തിൽത്തകർന്ന ജീവിതം കഠിനാധ്വാനത്തിലൂടെ കുഞ്ഞുണ്ണി തിരിച്ചുപിടിച്ചു. വാശിയോടെ പഠിച്ച് കോളേജധ്യാപകനായി. ഇന്ത്യാവിഭജനം നടക്കുന്നത് ഈ അവസരത്തിലാണ്. റണ്ണാഘട്ട് റഫ്യൂജിക്യാമ്പിൽ കഴിയവേയാണ് കുഞ്ഞുണ്ണി കോളറ പിടിപെട്ട് മരണത്തിനു കീഴടങ്ങുന്നത്. യൗവനത്തിലെ പ്രണയനഷ്ടവും പിന്നീട് വീട്ടിൽ നിന്ന് നേരിടേണ്ടി വന്ന തിരസ്കാരവും വകവെയ്ക്കാതെ ജീവിതം പൊരുതി കീഴടക്കിയ സന്ദർഭത്തിൽ സകലതും നഷ്ടപ്പെട്ട് വിധിക്ക് കീടങ്ങേണ്ടിവന്ന കുഞ്ഞുണ്ണിപ്പണിക്കർ എന്ന കഥാപാത്രം കഥാഖ്യാനത്തിൽ നേരിട്ട് പ്രത്യക്ഷപ്പെടുന്നില്ലെങ്കിലും കഥാഗതിയിലെ പ്രധാന സാന്നിധ്യമായി നില്ക്കുന്നു. ജീവിക്കാൻ കൊതിക്കുകയും അതിനുവേണ്ടി കരുത്തോടെ മുന്നേറുകയും ചെയ്ത കുഞ്ഞുണ്ണി ഒടുവിൽ അജ്ഞാതമായ ലോകരഹസ്യത്തിനു മുന്നിൽ കീഴടങ്ങുന്നു.

‘കരുതുവതിഹ ചെയ്യ വയ്യ,ചെയ്യാൻ
വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം
പരമഹിതമറിഞ്ഞു കൂട;യായു-
സ്ഥിരതയുമി,-ല്ലതിനിന്ദ്യമീ നരത്വം’

എന്ന കവിവാക്യത്തെ സാധൂകരിക്കുന്ന കഥാപാത്രമാണ് കുഞ്ഞുണ്ണിപ്പണിക്കർ.

## Recap

- അഭയാർത്ഥികളുടെ കുടിയേറ്റ പ്രശ്നങ്ങൾ സൂക്ഷ്മമായി ചർച്ചചെയ്യുന്നു
- ചരിത്രാത്മകത ആധുനിക കഥയിൽ അവതരിപ്പിച്ചിരിക്കുന്നു
- ഇന്ത്യാ വിഭജനത്തിന്റെ ചരിത്ര പശ്ചാത്തലം
- അസ്തിത്വദുഃഖത്തിന്റെ വ്യഥകൾ ചർച്ച ചെയ്യുന്നു
- സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ പ്രശ്നവത്കൃതമുഖമായി ബംഗാൾ ജീവിതം വരച്ചുകാട്ടുന്നു
- വസ്തു അപഹരിക്കപ്പെട്ടവരായ-വാസ്തുഹാര-അഭയാർത്ഥികളുടെ പ്രാണവേദന അപഗ്രഥിക്കുന്നു
- നിസ്സഹായ മനുഷ്യന്റെ പ്രതിനിധികളായി മൂന്നു കഥാപാത്രങ്ങളും വിലയിരുത്തപ്പെടുന്നു
- സ്വാതന്ത്ര്യാനന്തര ഘട്ടത്തിലെ കേരളത്തിന്റെയും ബംഗാളിന്റെയും കുടുംബ സാമൂഹ്യാവസ്ഥകളെ തുറന്നുകാട്ടുന്നു
- ബന്ധങ്ങളുടെ തീവ്രതയും വ്യഥതയും നിസ്സംഗതയും വരച്ചുകാട്ടുന്നു

## Objective Type Questions

1. വാസ്തുഹാര-എന്ന വാക്കിന്റെ അർത്ഥമെന്ത്?
2. മികച്ച സിനിമയ്ക്ക് കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് ലഭിച്ചത് സി. വി. ശ്രീരാമന്റെ ഏതു കഥയുടെ ചലച്ചിത്രാവിഷ്കാരത്തിനാണ്?

3. വാസ്തുഹാര-സിനിമ സംവിധാനം ചെയ്തതാര്?
4. രാഷ്ട്രപതിയുടെ സുവർണ്ണമയൂര പുരസ്കാരം നേടിയ ചലച്ചിത്രത്തിനാധാരമായ സി. വി. ശ്രീരാമന്റെ കഥയേത്?
5. റഫ്യൂജി ഓഫീസറായി കൊൽക്കത്തയിലെത്തിയ വേണുവിന്റെ ദൗത്യമെന്തായിരുന്നു?
6. അഭയാർത്ഥികളായി വന്ന സ്ത്രീകൾ വേണുവിന്റെ ആരായിരുന്നു?
7. വേണുവിന്റെ അമ്മാവന്റെ കുടുംബാവസ്ഥ എങ്ങനെയായിരുന്നു?
8. അമ്മാവന്റെ കുടുംബത്തെ രക്ഷിക്കാൻ വേണു എന്തൊക്കെയാണു ചെയ്തത്?
9. സ്വത്തുക്കൾ ഭവാനിയമ്മ ആരതിയ്ക്കു കൊടുക്കാൻ തയ്യാറായപ്പോൾ അവർ പ്രതികരിച്ചതെങ്ങനെ?
10. വേണുവിന് അമ്മാവന്റെ കുടുംബത്തെ രക്ഷിക്കാൻ കഴിഞ്ഞുവോ?

## Answers

1. വസ്തു അപഹരിക്കപ്പെട്ടവർ
2. വാസ്തുഹാര
3. ജി. അരവിന്ദൻ
4. ചിദംബരം
5. ആൻഡമാൻ ദ്വീപിലേക്ക് നാല്പത് കർഷക കുടുംബങ്ങളെ റിക്രൂട്ട് ചെയ്യുക
6. നാടുവിട്ടുപോയ അമ്മാവൻ കുഞ്ഞുണ്ണിയുടെ ഭാര്യയും മകളും
7. വീടും കുടുംബവും നഷ്ടപ്പെട്ട അമ്മായി ആരതി. മകൾ ദമയന്തി പരോളിലാണ്, മകൻ ഒളിവിലും. രണ്ടു പേരും സർക്കാരിന്റെ നോട്ടപ്പുള്ളികൾ
8. അമ്മാവന്റെ സ്വത്തുക്കൾ അവർക്കു ലഭിക്കാനുള്ള ശ്രമം നടത്തി
9. തന്റെ ഭർത്താവിന്റെ വീട്ടുകാരുടെ സഹായങ്ങളും സ്വത്തുക്കളും അവർ നിരസിക്കുന്നു
10. ഇല്ല, നിറകണ്ണുകളോടെ നിൽക്കുന്ന ആരതിയേയും ദമയന്തിയേയും നിസ്സഹായനായി നോക്കി നിന്നു

## Assignments

1. ആധുനികകഥകളിലെ ഏതൊക്കെ സവിശേഷതതകൾ സി.വി. ശ്രീരാമന്റെ കഥകളിൽ നമുക്ക് ദർശിക്കാം - ചർച്ച ചെയ്യുക
2. അഭയാർത്ഥി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന മറ്റു രചനകളെ പരിചയപ്പെടുത്തുക

## Suggested Readings


1. ഡോ. വത്സലൻ വാതുശ്ശേരി, കഥയുടെ ന്യൂക്ലിയസ്, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്
2. ഡോ. എം. എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കറന്റ് ബുക്സ്, തൃശൂർ
3. ഡോ. കെ. എസ്. രവികുമാർ, കഥയും ഭാവുകത്വപരിണാമവും എൻ. ബി. എസ്., കോട്ടയം
4. വി.രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ്, ഡി. സി. ബുക്സ്, കോട്ടയം

# യൂണിറ്റ് - 9
# വൃദ്ധമാതാവ്
## ടി. വി. കൊച്ചുബാവ

## Learning Outcomes

- ആധുനിക കഥാലോകത്തിൽ ടി. വി. കൊച്ചുബാവയുടെ കഥകളുടെ പ്രത്യേകതകൾ തിരിച്ചറിയുന്നു.
- ടി. വി. കൊച്ചുബാവയുടെ കഥകളുടെ പ്രമേയപശ്ചാത്തലം മനസ്സിലാക്കുന്നു
- വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ കഥയിലൂടെ അവതരിപ്പിക്കുന്നതെങ്ങനെയെന്ന് വൃദ്ധമാതാവ് എന്ന കഥയിലൂടെ മനസ്സിലാക്കുന്നു
- വാർദ്ധക്യത്തിന്റെ ആകുലതകളെ കഥയിൽനിന്നും കണ്ടെത്താൻ സാധിക്കുന്നു

## Prerequisites

1955-ൽ തൃശൂർ ജില്ലയിലെ കാട്ടൂരിൽ ജനിച്ചു. നോവൽ, കഥാസമാഹാരങ്ങൾ, വിവർത്തനം എന്നീ വിഭാഗങ്ങളിൽ 23 കൃതികൾ പ്രസിദ്ധപ്പെടുത്തി. വൃദ്ധസദനം എന്ന കൃതിക്ക് 1995-ലെ ചെറുകാട് അവാർഡും 1996-ലെ കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. 1999 നവംബർ 25-ന് അന്തരിച്ചു.

**പ്രധാനകൃതികൾ**

ഒന്നങ്ങനെ ഒന്നിങ്ങനെ, വീടിപ്പോൾ നിശ്ശബ്ദമാണ്, ഭൂമിശാസ്ത്രം, പ്രച്ഛന്നം, അവതാരിക ഭൂപടങ്ങൾക്ക്, വില്ലന്മാർ സംസാരിക്കുമ്പോൾ, പ്രാർത്ഥനകളോടെ നില്ക്കുന്നു, കഥയും ജീവിതവും ഒന്നായിത്തീരുന്നതിനെപ്പറ്റി, വൃദ്ധസദനം, പെരുങ്കളിയാട്ടം, വിരുന്നുമേശയിലേക്ക് നിലവിളികളോടെ, സൂചിക്കുഴയിലൂടെ ഒരു യാക്കോബ്, കിളികൾക്കും പൂക്കൾക്കും, ഇറച്ചിയും കുന്തിരിക്കവും, സ്നാനം, എപ്പോഴെത്തുമോ എന്തോ, പ്രച്ഛന്നം, കിണറുകൾ, ഉപജന്മം, ജാതകം, വിരുന്ന് മേശയിലേക്ക് നിലവിളിയോടെ.

**പുരസ്കാരങ്ങൾ**

അങ്കണം അവാർഡ് (1989) - സൂചിക്കുഴയിൽ യാക്കോബ്, പ്രഥമ എസ്.ബി.ടി. അവാർഡ് - കഥ (തിരഞ്ഞെടുത്ത കഥ), ചെറുകാട് അവാർഡ് (1995) - വൃദ്ധസദനം, കേരള സാഹിത്യ അക്കാദമി അവാർഡ് (1996), തോപ്പിൽ രവി പുരസ്കാരം (1997) - ഉപജന്മം(നോവൽ), മികച്ച കഥയ്ക്കുള്ള വി.പി. ശിവകുമാർ 'കേളി' അവാർഡ് (1997) - ജലമാളിക (ചെറുകഥ)

ആഴത്തിലുള്ള താല്പര്യത്തോടെ എഴുത്തിനെ പുണരുമ്പോഴും സ്നേഹശേഷങ്ങളുടെ കൊടുങ്കാറ്റിൽപ്പെട്ടുഴറിയ വ്യക്തിത്വമായിരുന്നു കഥാകൃത്ത് ടി.വി. കൊച്ചുബാവയുടേത്. കഥപറയാനുള്ള ശേഷി ജന്മസിദ്ധമായിരുന്നു ബാവയ്ക്ക്. ഏറെ അധ്വാനിച്ചാണ് കൊച്ചുബാവ ജീവിതപ്പാതകൾ താണ്ടിയത്. വലിയൊരു കൂട്ടുകുടുംബത്തിന്റെ പ്രയാസങ്ങൾ

സ്കൂൾ വിദ്യാർഥിയായിരിക്കേത്തന്നെ മനസ്സിലും ശരീരത്തിലും ഏറ്റുവാങ്ങേണ്ടിവന്നു. കൃഷിക്കു വെള്ളം തേവിയും വീട്ടുകാര്യങ്ങൾ നോക്കിയും നീങ്ങിയ നാളുകളിൽ മണ്ണെണ്ണവിളക്കിന്റെ വെളിച്ചത്തിലാണ് മാസികകളും നോവലുകളും വായിച്ചു തീർത്തത്.

ക്രിസ്ത്യൻ സുഹൃത്തുക്കൾക്കിടയിൽ ജീവിക്കുകയും മഠം സ്കൂളിൽ പഠിക്കുകയും ചെയ്ത അനുഭവങ്ങൾ പിൽക്കാലത്ത് ബാവയ്ക്ക് എഴുത്തിനുള്ള അസംസ്കൃതവസ്തുക്കളായി മാറി. ഏറ്റവും കൂടുതൽ കഥകൾ ക്രിസ്ത്യൻ പശ്ചാത്തലത്തിൽ ബാവ എഴുതിയത് ഇക്കാരണത്താലാവാം. തികച്ചും ആധുനികമായ ഒരവബോധം വളരെ ചെറുപ്പം മുതലേ പുലർത്തിയ എഴുത്തുകാരനായിരുന്നു കൊച്ചുബാവ. ആധുനികത മലയാളത്തിൽ വലിയൊരു സ്വാധീനമായി മാറുന്നതിനു മുൻപ് തന്നെ ബാവയുടെ ആഖ്യാനത്തിലും കഥാപരിസരങ്ങളിലും ആധുനികതയുടെ ആവേഗങ്ങൾ നമുക്ക് കാണാനാവും. സ്വന്തം ചുറ്റുപാടുകളെ ഇത്ര സൂക്ഷ്മമായി കഥയിൽ അവതരിപ്പിച്ചവർ സമകാലികർക്കിടയിൽ ഏറെ ഉണ്ടായിരുന്നില്ല.

മനുഷ്യന്റെ വൈവിധ്യമാർന്ന നിത്യജീവിത സന്ദർഭങ്ങളിൽനിന്ന് വളരെയെളുപ്പത്തിൽ കഥ കണ്ടെത്താൻ ബാവയ്ക്ക് കഴിഞ്ഞിരുന്നു. ആസന്നമായ ഇരുണ്ട ദിനങ്ങളെക്കുറിച്ച് മുന്നറിയിപ്പുനൽകുന്ന ഏറെ കഥകൾ യൗവന കാലത്തുതന്നെ കൊച്ചുബാവ എഴുതി. മനുഷ്യന്റെ സ്വാർത്ഥതതയും സമ്പത്തിനോടും സുഖസൗകര്യങ്ങളോടുമുള്ള ഒടുങ്ങാത്ത ആർത്തിയും വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും ഉണ്ടാക്കാവുന്ന വിപത്തുകളും പല കഥകളുടെയും വിഷയമായിരുന്നു.

## Key Themes

- ടി. വി. കൊച്ചുബാവയുടെ സാഹിത്യലോകം, സവിശേഷതകൾ
- ദൈവവും വൃദ്ധമാതാവും തമ്മിലുള്ള സംഭാഷണരൂപത്തിലുള്ള ആഖ്യാനം.
- കൊച്ചുമകൾ ബിയാൻസിയുടെ വിവാഹവിരുന്ന് അടച്ചിട്ട മുറിയിലിരുന്ന് കാണുന്ന വൃദ്ധമാതാവ്
- ദൈവത്തോട് വിവാഹവിരുന്ന് കലാക്കാനാവശ്യപ്പെടുന്ന വൃദ്ധമാതാവ്
- മനുഷ്യർ തമ്മിലുള്ള സംഘർഷങ്ങളിൽ ഇടപെടാതെ അത് തലയിലെഴുത്താണെന്നു പ്രഖ്യാപിക്കുന്ന ദൈവം
- വൃദ്ധമാതാവും ദൈവവും തമ്മിലിടയുന്ന സംഭാഷണങ്ങൾ
- ഹൽവാക്കഷ്ണവുമായി എത്തുന്ന പെൺകുട്ടി

## Discussion

ടി.വി കൊച്ചുബാവ 1993-ൽ പ്രസിദ്ധപ്പെടുത്തിയ 'വൃദ്ധസദനം' എന്ന നോവലിന്റെ പ്രമേയ പരിസരത്തിൽ എഴുതിയ കഥയാണ് 'വൃദ്ധമാതാവ്'(1990). മനുഷ്യന്റെ പൊങ്ങച്ചങ്ങളുടെയും കാപട്യങ്ങളുടെയും മേൽ പണിതുയർത്തിയിരിക്കുന്ന വ്യക്തിജീവിതത്തെയാണ് ഈ കഥയിൽ കൊച്ചുബാവ ആവിഷ്കരിക്കുന്നത്. അതോടൊപ്പം വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലും ആലംബഹീനതയും ഈ കഥയുടെ അന്തർധാരയാവുന്നുണ്ട്. ദൈവവും ഒരു വൃദ്ധമാതാവും തമ്മിലുള്ള സംഭാഷണരൂപത്തിലാണ് കഥാഖ്യാനം നിർവ്വഹിച്ചിരിക്കുന്നത്.

ഒരു ഞായറാഴ്ച മധ്യാഹ്നത്തിൽ വൃദ്ധമാതാവ് തന്റെ ദൈവത്തോട് വാഗ്വാദത്തിലേർപ്പെടുകയാണ്. വല്ലാത്ത ശുണ്ഠിയിലായിരുന്നു വൃദ്ധമാതാവ്. പുറമേ നിന്ന് പൂട്ടിയിട്ട അവസ്ഥയിൽ ഒരു മുറിയിലടയ്ക്കപ്പെട്ടിരിക്കുകയാണ് വൃദ്ധമാതാവ്. അവരുടെ പേരക്കുട്ടി ബിയാൻസിയുടെ വിവാഹനിശ്ചയം നടക്കുകയാണ്

ആ വീട്ടിൽ. മാളിക പോലുള്ള ആ വീടിന്റെ മൂന്നാം നിലയിലും താഴെ മുറ്റത്ത് വിശാലമായി പണി തീർത്ത പന്തലിലും വിരുന്നുസൽക്കാരം നടക്കുകയാണ്. തീൻമേശകൾ കാലിയാകുന്നു. ആതിഥേയനും ഹോട്ടൽ ബിസിനസ്സുകാരനുമായ ബെനഡിക്ട് അതിഥികൾക്കിടയിലൂടെ മൃദുമന്ദസ്മിതവുമായി കുശലാന്വേഷണം നടത്തി നടന്നു നീങ്ങുന്നു. തലയ്ക്ക് ലഹരിപിടിച്ച ചിലർ ഭക്ഷണത്തിനിടയിൽ പരിചാരകർക്കു നേരെ ഇറച്ചിക്കഷണങ്ങൾ വലിച്ചെറിഞ്ഞ് പുലഭ്യം പറയുന്നു.

ചെലവേറിയ വിരുന്നാണ് നടക്കുന്നത്. രാജകീയപ്രൗഢി വിളിച്ചോതുന്ന കമാനങ്ങൾ. വിവിധതരം ഭക്ഷണസാധനങ്ങൾ. നാടനും വിദേശിയുമായ മദ്യം. ചടങ്ങു മുഴുവൻ വീഡിയോയിൽ പകർത്തുന്ന രണ്ട് സംഘങ്ങൾ. അണിഞ്ഞൊരുങ്ങി കൂട്ടുകാരികൾക്കൊപ്പം ഇരിക്കുന്ന വധുവായ ബിയാൻസി. താഴെ തന്റെ മകളുടെ ഭാവി വരനായ ചാൾസിനെ അതിഥികൾക്കു പരിചയപ്പെടുത്തുന്ന ബെനഡിക്ട്. വിദേശത്ത് വിദ്യാഭ്യാസം നേടിയ ചാൾസിനെ എല്ലാവർക്കുമായി അയാൾ പരിചയപ്പെടുത്തുന്നു. അതുവരെ വിനയാന്വിതനായിരുന്ന ചാൾസ് മൂന്ന് പെഗ് മദ്യം അകത്താക്കി. കുഴഞ്ഞാടിക്കൊണ്ട് നന്നല്ലാത്ത തന്റെ ശബ്ദത്തിൽ പാട്ടുപാടുകയും ചെയ്തു. ദ്വയാർത്ഥങ്ങൾ നിറഞ്ഞതായിരുന്നു ആ പാട്ട്.

തന്നെ തടവിലാക്കിയിട്ട് തന്റെ മകൻ നടത്തുന്ന ഈ പേക്കൂത്തുകളിൽ കോപാകുലയാണ് വൃദ്ധമാതാവ്. ഇതൊന്നും കണ്ടിട്ട് കുലുക്കമില്ലാതെ നില്ക്കുന്ന ദൈവത്തിനെ അവൾ കുറ്റപ്പെടുത്തുന്നു. കാറ്റായും തീമഴയായും മാറി ഇവരുടെ മേൽ പതിക്കണമെന്ന് വൃദ്ധമാതാവ് ദൈവത്തോടാവശ്യപ്പെട്ടെങ്കിലും ദൈവം കൂട്ടാക്കിയില്ല. ഭൂമിയിൽ നിന്നും വെറും കൈയോടെ മടങ്ങേണ്ടുന്ന മനുഷ്യന്റെ മൃഗയാവിനോദങ്ങളിൽ തനിക്ക് സഹതാപമേ ഉള്ളൂവെന്ന് ദൈവം പറയുന്നു. സഹതാപം കൊണ്ട് ഒരു കാര്യവുമില്ലെന്നാണ് വൃദ്ധമാതാവിന്റെ പക്ഷം. മനുഷ്യർക്കാവശ്യം പെട്ടെന്നുള്ള അത്ഭുതപ്രവൃത്തികളും ഫലങ്ങളുമാണ്. വിശ്വാസങ്ങൾക്ക് അത് ആവശ്യമാണ്. അമ്മയെ തടവിലിട്ടതിനെക്കുറിച്ച് ഒരശരീരിയായിച്ചെന്ന് ചോദിച്ചാൽ മകൻ മാനസാന്തരപ്പെടുമെന്നാണ് വൃദ്ധമാതാവിന്റെ അഭിപ്രായം. ഇതിനേക്കാൾ വലിയ സേവനം ദൈവത്തിന് ചെയ്യാനുണ്ടാവില്ല.

എന്നാൽ തനിക്കതിനാവില്ലെന്നാണ് ദൈവത്തിന്റെ നിലപാട്. ഒരാളുടെ തലയിലെഴുത്തുപോലെ അയാൾ കാര്യങ്ങൾ ചെയ്യുന്നതിൽ അത്ഭുതപ്പെടാനില്ല. അത് തിരുത്തുന്നത് ചരിത്രത്തോട് ചെയ്യുന്ന ചതിയാണ്. ജീവിതത്തിൽ മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതേ അവൻ ചെയ്യുന്നുള്ളൂ. മകന്റെ വിധിയെക്കുറിച്ചോർത്ത് സങ്കടപ്പെടാനേ തനിക്കാവുന്നുള്ളൂ. കൂർമ്മബുദ്ധിയുണ്ടായിട്ടും സ്വമാതാവിന് മകന്റെ തടവിൽ കഴിയേണ്ടി വന്നു. കാണേണ്ടതൊക്കെ കണ്ട് പട്ടിണി കിടക്കേണ്ടി വരുന്നു. ഇതൊക്കെ വിധിയാണ്. തലയിലെഴുത്താണ്. അത് മറികടക്കാനാർക്കും ആവില്ല.

പ്രകൃതിയുടെ ഭാഗധേയം ഏറ്റെടുക്കാൻ ദൈവം തയ്യാറാകുന്നില്ല. ഒരു മഴ പെയ്യിച്ച് വിവാഹം അലങ്കോലപ്പെടുത്താവുന്നതേയുള്ളൂ. എന്നാൽ ജാലവിദ്യക്കാരെയും മന്ത്രവാദികളെയും പോലെ തനിക്ക് പ്രവർത്തിക്കാനാവില്ല എന്നാണ് ദൈവത്തിന്റെ നിലപാട്. ഒരു മഴയിലൂടെയോ കൊടുങ്കാറ്റിലൂടെയോ മനുഷ്യർ തമ്മിലുള്ള പ്രശ്നങ്ങളെ നന്നാക്കിയെടുക്കാനാവില്ലെന്നാണ് ദൈവത്തിന്റെ അഭിപ്രായം. ലോകത്ത് എന്തൊക്കെ കളികൾ കളിച്ചാലും അങ്ങേലോകത്ത് കാര്യങ്ങളിൽ മാറ്റമൊന്നുമുണ്ടാകില്ല. മുടിനാരേഴായി ചീന്തലും പാലം കെട്ടലും നടത്തിക്കലുമൊക്കെ പഴയപടി തന്നെ. ജനനമരണങ്ങൾക്കിടയിലുള്ള ഞാണിന്മേൽ കളിയാണ് ലോകത്തിലെ വസ്തുതകൾ. ലോകത്തിൽ നടക്കേണ്ട കാര്യങ്ങൾ മുറപോലെ നടക്കണം അതിൽ ഇടപെട്ട് മാറ്റി മറക്കുന്നതിൽ അർത്ഥമില്ല. പണ്ട് ജർമ്മൻ ജനതയ്ക്ക് നാസി ഭരണകൂടത്തിൽ നിന്നുമുണ്ടായ ക്രൂരമായ പീഡനങ്ങളുടെ കഥ ചരിത്രത്തിന്റെ ഭാഗമാണ്. അതിനിരയായവർ തന്നെ വിളിച്ച് കരഞ്ഞിട്ടുണ്ടാകാമെന്ന് ദൈവം പറയുന്നു. അത് ഒരു കിറുക്കൻ അധികാരമോഹിയുടെ കൊടുംക്രൂരതക്കപ്പുറം ഒരു ജനതയുടെ തലയിലെഴുത്തായി വേണം കാണേണ്ടത്. അധികാരമോഹിയായ ഭരണാധികാരി ഒരു നിമിത്തം മാത്രമാണ്. മനുഷ്യവേദന

യും ഭൂമിയിലെ ചരിത്രങ്ങളും തമ്മിൽ ഒരു കാലത്തും യോജിപ്പിലെത്തില്ല.

ദൈവത്തിന്റെ വിശദീകരണങ്ങളിൽ വൃദ്ധമാതാവ് തൃപ്തയായില്ല. ദൈവത്തോട് അവർ നീരസം പ്രകടിപ്പിച്ചു. അപ്പുറത്ത് നിന്നും വിരുന്നിന്റെ ബഹളം ഉയർന്നു കേൾക്കാം. തന്റെ മുറിയിലെ കട്ടിലിലിരുന്നാൽ വൃദ്ധമാതാവിന് താഴെ ഗേറ്റും മണൽ വിരിച്ച നടപ്പാതയും കാണാം. വിരുന്നുശാലയിൽ മദ്യപിച്ച് ലക്കുകെട്ട് ഭാവിവരനായ ചാൾസ് മലർന്നടിച്ചു കിടക്കുകയാണ്. ചൂളം വിളിപോലെ കൂർക്കംവിളി ഉയരുന്നു. അവനു ചുറ്റും ബിയാൻസിയും കൂട്ടുകാരികളും ബെനഡിക്റ്റും സ്നേഹിതന്മാരും. ബിയാൻസിയുടെ സ്നേഹസാന്നിധ്യത്തിൽ മതിമറന്ന് വിസ്ക്കി അറിയാതെ അകത്താക്കി അവൻ തലകുത്തി വീണുപോയതാണ്. ഉടനെ കുടുംബഡോക്ടറെ വരുത്തി. കുഴപ്പമൊന്നുമില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്തു. ബോധം തെളിഞ്ഞ് എണീറ്റ ചാൾസ് വീണ്ടുമൊരു പെഗ് കൂടി അകത്താക്കി. ബെനഡിക്റ്റിന് യോജിച്ച മരുമകൻ തന്നെയെന്ന് ഡോക്ടർ. ഈ അഭിനന്ദനത്തെ അംഗീകരിച്ചുകൊണ്ടുള്ള ബെനഡിക്റ്റിന്റെ പ്രതികരണം വൃദ്ധമാതാവിനെ കൂടുതൽ കുപിതയാക്കി. ഇത്തരം ഹീനഘട്ടങ്ങളിലെങ്കിലും ദൈവം ഇടപെടേണ്ടതുണ്ടെന്നാണ് അവരുടെ നിലപാട്.

എന്നാൽ ഇത്തരം കൊച്ചു സംഗതികളിൽ ഇടപെട്ട് സമയം കളയാൻ താനില്ലെന്ന് ദൈവം പറഞ്ഞു. മരുമകനാകാൻ പോകുന്നവൻ കുടിച്ചു വീഴണമെന്നത് പുതിയ ചടങ്ങാണ്. ഉന്നതസമൂഹത്തിലെ ആചാരമര്യാദകളാണിതെല്ലാമെന്ന് ദൈവം പരിഹാസത്തോടെ പറഞ്ഞു. പുതിയ സമൂഹത്തെക്കുറിച്ചുള്ള തന്റെ അറിവില്ലായ്മയിൽ വൃദ്ധമാതാവിനും സങ്കോചം തോന്നി. ദൈവത്തെ വിളിച്ചു വരുത്തിയത് വെറുതെയായെന്ന് വൃദ്ധമാതാവ് പരിതപിച്ചു. കാര്യസാധ്യത്തിനപ്പുറം തന്നെ മനുഷ്യന് വേണ്ടെന്ന് ദൈവം തിരിച്ചടിച്ചു. താഴെ വള്ളിപ്പടർപ്പുകൾക്കടുത്ത് നിന്നിരുന്ന ദൈവം ഇളകിക്കിടക്കുന്ന മണ്ണിലേക്ക് ചുവടുവെച്ചതും വൃദ്ധ മാതാവ് ആ നിലത്ത് ചവിട്ടരുതെന്ന് നിലവിളിച്ചു. അവിടെ വേലക്കാരൻ വറീതുട്ടിയെ അടക്കം ചെയ്തിരിക്കുകയാണെന്ന് വൃദ്ധമാതാവ് സ്വകാര്യം പറഞ്ഞു. ബിയാൻസിക്ക് അവനോട് പ്രേമമായിരുന്നു. ചാൾസ് വന്നതും അവൾ കാലുമാറി. വിവാഹത്തലേന്ന് വിഷം ചേർത്ത പഴച്ചാറു നൽകി അവനെ കൊന്നു. പിതാവിന്റെ സഹായത്താൽ ദേഹം കുഴിച്ചുമൂടി. ഇതിലൊന്നും വലിയ കഥയില്ലെന്ന് ദൈവം പറഞ്ഞു. ഇങ്ങനെ ജീവിതം അവസാനിക്കണമെന്നാണ് വറീതുട്ടിയുടെ വിധിയെങ്കിൽ തനിക്കൊന്നും ചെയ്യാനാവില്ലെന്ന് ദൈവം പറഞ്ഞു. തന്റെ ആഗ്രഹങ്ങളും ദൈവത്തിന്റെ എതിർവാദങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ലെന്ന് വൃദ്ധമാതാവ് പരിഭവിച്ചു. കനിവിനപ്പുറം ആപ്തവാക്യങ്ങൾക്കാണ് ഇപ്പോൾ പ്രസക്തി മാതാവിന്റെ കരച്ചിൽ ശ്രദ്ധിക്കാൻ നില്ക്കാതെ ദൈവം അനന്തമായ ഇരുട്ടിലേക്കു നടന്നു മറഞ്ഞു.

തന്റെ മുറിയിലേക്ക് ആരോ നടന്നു വരുന്നതിന്റെ ഒച്ച കേട്ടാണ് വൃദ്ധമാതാവ് ശ്രദ്ധിച്ചത്. ആരും കാണാതെ തനിക്ക് ഭക്ഷണമെത്തിക്കുന്ന പെൺകുട്ടിയാണ് അവൾ. തന്റെ കൈയ്യിലിരിക്കുന്ന ഒരു ഹൽവാക്കഷണം വൃദ്ധമാതാവിനു നേരേ നീട്ടി. തനിക്ക് തിന്നാൻ കിട്ടിയതാ. ആരുടെയും കണ്ണിൽപ്പെടാതെ ഇവിടെ എത്തിച്ചതാണ്. ബാലികയെ നോക്കവേ വൃദ്ധമാതാവിന് സങ്കടം കൊണ്ട് അകം നിറഞ്ഞു. ബാലിക ഓടിയെത്തി അവരുടെ നെഞ്ചിൽ മുഖമൊളിപ്പിച്ചു. ഹൽവാക്കഷണത്തിന്റെ ഒരു പാതി കുട്ടിയുടെ വായിൽ വെച്ചു കൊടുത്ത് അവർ തന്റെ സങ്കടങ്ങൾ അടക്കി. കഥയുടെ ഇതിവൃത്തം ഇതാണ്.

വാർദ്ധക്യം നേരിടുന്ന പ്രശ്നങ്ങൾ, ഒറ്റപ്പെടലുകൾ എന്നിവയെ മുൻനിർത്തി നിരവധി രചനകൾ സാഹിത്യത്തിലുണ്ടായിട്ടുണ്ട്. ടി.വി.കൊച്ചുബാവയും ഈയൊരു പ്രമേയത്തെ പല നിലകളിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. അതിന്റെ വികസിത രൂപമാണ് അദ്ദേഹത്തിന്റെ വൃദ്ധസദനം എന്ന നോവൽ. ഈയൊരു പ്രമേയതലത്തെ മുൻനിർത്തി മനുഷ്യന്റെ പൊങ്ങച്ചത്തെയും ധൂർത്തിനെയും ആവിഷ്ക്കരിക്കാനാണ് വൃദ്ധമാതാവ് എന്ന കഥയിൽ കൊച്ചുബാവ ശ്രമിക്കുന്നത്. മകളുടെ വിവാഹത്തെ തന്റെ സമ്പത്ത് പ്രദർശിപ്പിക്കാനുള്ള വേദിയാക്കുകയാണ് ബെനഡിക്റ്റ്. തന്റെ മാതാവിന് ഭക്ഷണം നല്കാതെ മുറിക്കുള്ളിൽ അടച്ചിട്ടിരിക്കുന്ന കഥാപാത്രമാണ് ഇത്തരം ആഡംബരവും ധൂർത്തും പ്രദർശി

പ്പിക്കുന്നത് എന്നതാണ് കഥയിലെ ഐറണി. കഥാഖ്യാനത്തിന് പുതുമയുള്ള ആഖ്യാനവഴികൾ കൊച്ചുബാവ പലപ്പോഴും തെരഞ്ഞെടുക്കാറുണ്ട്. വൃദ്ധമാതാവ് എന്ന കഥ സംഭാഷണ രൂപത്തിൽ രചിച്ച കഥയാണ്.

## Recap

- മനുഷ്യന്റെ വൈവിധ്യമാർന്ന നിത്യജീവിതസന്ദർഭങ്ങളെയാണ് ടി.വി.കൊച്ചുബാവ തന്റെ കഥകൾക്ക് പ്രമേയപരിസരമായി സ്വീകരിക്കുന്നത്.
- മനുഷ്യന്റെ പൊങ്ങച്ചങ്ങളുടെയും കാപട്യങ്ങളുടെയും മേൽ പണിതുയർത്തിയിരിക്കുന്ന വ്യക്തിജീവിതത്തെയാണ് വൃദ്ധമാതാവ് എന്ന കഥയിൽ ടി.വി.കൊച്ചുബാവ ആവിഷ്കരിക്കുന്നത്.
- വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലും ആലംബഹീനതയും 'വൃദ്ധമാതാവ്' എന്ന കഥയുടെ ആശയതലമാണ്.
- സംഭാഷണരൂപത്തിൽ രചിച്ച കഥയാണ് വൃദ്ധമാതാവ്.
- വിധിയെ ദൈവത്തിനു പോലും തിരുത്താനാവില്ല എന്ന ആശയം ഈ കഥ മുന്നോട്ടു വെയ്ക്കുന്നു.

## Objective Type Questions

1. ടി.വി. കൊച്ചുബാവയ്ക്ക് കേളി അവാർഡ് ലഭിച്ചത് ഏത് കൃതിക്കാണ്?
2. ക്രിസ്ത്യൻ പശ്ചാലത്തിൽ തന്റെ ഏറെ കഥകൾ രചിക്കാൻ ടി.വി. കൊച്ചുബാവയ്ക്ക് സാധിച്ചതെങ്ങനെ?
3. ടി.വി. കൊച്ചുബാവയുടെ കഥകളുടെ പൊതു പ്രമേയമെന്ത്?
4. വൃദ്ധമാതാവ് എന്ന കഥയുടെ ആഖ്യാനം ഏത് രൂപത്തിലാണ്?
5. ലോകജീവിതസംഭവങ്ങളെ ദൈവം വിശേഷിപ്പിക്കുന്നതെങ്ങനെ?
6. വൃദ്ധമാതാവ് എന്ന കഥയുടെ ഇതിവൃത്തവുമായി ചേർത്ത് വായിക്കാവുന്ന കൊച്ചുബാവയുടെ നോവലേത്?
7. വൃദ്ധമാതാവ് എന്ന കഥയുടെ ആശയതലമെന്ത്?
8. വിധിയെ ദൈവത്തിനു പോലും തിരുത്താനാവില്ല എന്ന ആശയം മുന്നോട്ടു വെയ്ക്കുന്ന ടി.വി. കൊച്ചുബാവയുടെ കഥയേത്?

## Answers

1. ജലമാളിക
2. ക്രിസ്ത്യൻ സുഹൃത്തുക്കൾക്കിടയിലെ ജീവിതം, ക്രിസ്ത്യൻ മഠം സ്കൂളിലെ പഠനം എന്നിവ മൂലം
3. മനുഷ്യന്റെ ഹിപ്പോക്രസി
4. സംഭാഷണ രൂപത്തിൽ
5. ജനനമരണങ്ങൾക്കിടയിലുള്ള ഞാണിന്മേൽ കളി
6. വൃദ്ധസദനം

7. വാർധക്യത്തിന്റെ ഒറ്റപ്പെടലും ആലംബഹീനതയും
8. വൃദ്ധമാതാവ്

## Assignments

1. എം. എം. ബഷീർ, മലയാളചെറുകഥാസാഹിത്യചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2002.
2. എസ്. ശ്രീജിത്ത്, കഥയിലെ ഹിരണ്മയകാന്തി, റെയിൻബോ ബുക്സ്, തിരുവനന്തപുരം, 2005.
3. ഡോ. സുധാവാര്യർ, പ്രതിഭയുടെ പാഠഭേദങ്ങൾ, റെയിൻബോ ബുക്സ്, തിരുവനന്തപുരം, 2003.
4. വി. ആർ. സുധീഷ്, കഥാന്തരം, ഹരിതം ബുക്സ്, കോഴിക്കോട്, 2002.
5. ടി. വി. കൊച്ചുബാവ, വൃദ്ധസദനം, ഡി. സി. ബുക്സ്, കോട്ടയം, 1996.

BLOCK - 04

# ആധുനികാനന്തരം

SREENARAYANAGURU
OPEN UNIVERSITY

# യൂണിറ്റ് - 1
# കൃഷ്ണഗാഥ

കെ. ആർ. മീര

## Learning Outcomes

- കെ. ആർ. മീരയുടെ കഥാരചനയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- കെ. ആർ. മീരയുടെ സാഹിത്യ രചനകളെ പരിചയപ്പെടുന്നു
- കൃഷ്ണഗാഥ എന്ന കഥയുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു
- സ്ത്രീപക്ഷ രചനയുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- സമൂഹത്തിന്റെ അപചയ മനോഭാവങ്ങളെക്കുറിച്ച് അവബോധം നേടുന്നു
- മാധ്യമങ്ങളുടെ വാർത്താനിർമ്മിതിയെ അപനിർമ്മിക്കാൻ പഠിക്കുന്നു

## Prerequisites

1970 ഫെബ്രുവരി 19 ന് കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ജനിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം. 1993 മുതൽ മലയാള മനോരമയിൽ പത്രപ്രവർത്തകയായി ജോലിയിൽ പ്രവേശിച്ചു. പിന്നീട് രാജിവച്ചു. ഇപ്പോൾ സ്വതന്ത്രപത്രപ്രവർത്തകയും മുഴുവൻസമയ എഴുത്തുകാരിയുമാണ്.

**കൃതികൾ**

ഓർമ്മയുടെ ഞരമ്പ്, ഗില്ലറ്റിൻ, ആവേ മരിയ (ചെറുകഥാസമാഹാരം), മോഹമഞ്ഞ, നേത്രോന്മീലനം, ആരാച്ചാർ, ഖബർ, ആ മരത്തെയും മറന്നു മറന്നു ഞാൻ, യൂദാസിന്റെ സുവിശേഷം, മീരാസാധു (നോവൽ), മാലാഖയുടെ മറുകുകൾ (നോവലൈറ്റ്), മഴയിൽ പറക്കുന്ന പക്ഷികൾ (ലേഖനം/ഓർമ്മ). കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് ഉൾപ്പെടെ നിരവധി അവാർഡുകൾ ആരാച്ചാർ എന്ന നോവലിന് ലഭിച്ചിട്ടുണ്ട്.

മലയാളകഥയ്ക്ക് ഉള്ളുറപ്പും പേശീബലവും നല്കിയ ആഖ്യാനങ്ങളാണ് കെ.ആർ.മീരയുടെ കഥാലോകം. തീവ്രവും വൈകാരികവുമായ ആവിഷ്ക്കാരമണ്ഡലമാണ് മീരയുടേത്. ലോകത്തോടും കാലത്തോടും കലഹിച്ചുകൊണ്ട് പാരമ്പര്യത്തോടും അധികാരത്തോടും പോരാടിക്കൊണ്ട് ഈ കഥകളിൽ മിക്ക കഥാപാത്രങ്ങളും കലാപം സൃഷ്ടിക്കുന്നു. അത് വായനക്കാരുടെ സുസ്ഥിരധാരണകളെ അട്ടിമറിക്കുന്നു. ഒരു ജീവിതസന്ദർഭമോ അതിന്റെ തന്നെ വികാസപരിണതികളോ ആണ് മീരയുടെ കഥയുടെ തട്ടകം'മോഹമഞ്ഞ', 'ആവേ മരിയ', 'ഓർമ്മയുടെ ഞരമ്പ്' തുടങ്ങിയ കൃതികൾ മീരയുടെ വിഷയവൈവിധ്യത്തിന് ഉദാഹരണമാണ്. കരുത്തുറ്റ ഭാഷയാണ് കെ.ആർ. മീരയുടെ കഥകളുടെ മുഖമുദ്ര. സ്ത്രീരചനയുടെ സൗന്ദര്യശാസ്ത്രം പൊളിച്ചെഴുതുകയും ഭാഷയുടെയും കാഴ്ചയുടെയും നവധാര അവതരിപ്പിക്കുകയുമാണ് കെ. ആർ. മീര ചെയ്യുന്നത്. ലോകത്തിലെ അസമത്വങ്ങളെ പ്രതിരോധിക്കാനുള്ള വഴിയായി അവർ കഥയെ കാണുന്നു. ക്രാഫ്റ്റിൽ കാണിക്കുന്ന മികവാണ് കെ. ആർ. മീരയുടെ കഥകളുടെ ഏറ്റവും പ്രധാന സവിശേഷത കൃഷ്ണഗാഥ, ഒറ്റപ്പാലം കടക്കുവോളം, ഓർമ്മയുടെ ഞരമ്പ് തുടങ്ങി മിക്ക കഥകളിലും ഈ സവിശേഷത കാണാം.

എന്തു പറയുന്നു എന്നതു മാത്രമല്ല, എങ്ങനെ പറയുന്നു എന്നതും വളരെ പ്രധാനം തന്നെ.

**കെ. ആർ. മീരയുടെ കഥകൾ-പൊതുസവിശേഷതകൾ**

പുരുഷാധിപത്യത്തിനു നേരെയുള്ള മീരയുടെ പ്രതിരോധമാണ് പലകഥകളും. ദാമ്പത്യത്തിന്റെ ഭഗ്നഭവനങ്ങളിൽ നിന്നുയരുന്ന നെടുവീർപ്പുകളാണ് പലകഥകളുടെയും ഇതിവൃത്തപരിസരം. പുരുഷന്റെ കൈക്കണക്കനുസരിച്ചുള്ള തച്ചുശാസ്ത്രമാണ് ദാമ്പത്യമെന്ന വിമർശനം പല കഥകളും ഉന്നയിക്കുന്നുണ്ട്. നൂറ്റാണ്ടുകളിലൂടെ അവൻ പടുത്തുയർത്തിയ കുടുംബം എന്ന സ്ഥാപനം സ്ത്രീയെ സംബന്ധിച്ചിടത്തോളം ഒരു കെണിയാണ്. 'മച്ചകത്തെ തച്ചൻ' എന്ന കഥയിൽ ഒരു പഴയ നായർ തറവാടാണ് കഥാകേന്ദ്രം. ഈ തറവാട് പുരുഷൻ നൂറ്റാണ്ടുകളായി പടുത്തുയർത്തിയതാണ്. കാലാനുസൃതമായി ചില ചില്ലറ പരിഷ്ക്കാരങ്ങളൊക്കെ വരുത്താൻ തയ്യാറാണെങ്കിലും പുരുഷതാൽപര്യങ്ങളുടെ അസ്തിവാരത്തിൽ അതു ലോകാവസാനം വരെ നിലനിൽക്കണമെന്നുതന്നെയാണ് അവന്റെ ആഗ്രഹം. 'മച്ചകത്തെ തച്ചൻ' എന്ന കഥയിലെ വാസ്തുപുരുഷനിൽ നിന്നു പുറത്തുകടക്കുന്ന സ്ത്രീയെയാണ് 'മോഹമഞ്ഞ'യിൽ മീര അവതരിപ്പിക്കുന്നത്. സ്ത്രീയുടെ പ്രശ്നങ്ങൾക്കുള്ള മരുന്നായി മാറുകയാണ്  മീരയുടെ എഴുത്ത്.

"സ്ത്രീയെ ഒരു ലൈംഗികോപകരണം മാത്രമായി മെരുക്കി നിർത്തുക എന്നത് പുരുഷവാഴ്ചാസമൂഹങ്ങളുടെ താത്പര്യങ്ങളിൽ പ്രധാനമാണ്. അന്യഥാ പരിഷ്കൃതനും സ്ത്രീകളോട് സൗഹൃദത്തിൽ വർത്തിക്കുന്നവനുമായ പുരുഷനും, അപൂർവ്വമായി കൈവരുന്ന പ്രത്യേക സാഹചര്യങ്ങളിൽ തന്റെയുള്ളിലെ സ്ത്രീപീഡനവാസനകളെ, സംസ്കാരത്തിന്റെ ആകർഷകമായ പുറംതോൽ പൊഴിച്ച് കളഞ്ഞ് ആഘോഷവും അവകാശവുമാക്കാൻ മടിക്കാറില്ല." (ഖദീജ മുംതാസ്- പുരുഷനറിയാത്ത സ്ത്രീ മുഖങ്ങൾ) സ്ത്രീയോടുള്ള പുരുഷന്റെ ഈ നോട്ടങ്ങൾ മലയാളസാഹിത്യത്തിലും വിഷയമാക്കിയിട്ടുണ്ട്. മാധവിക്കുട്ടി, സാറാജോസഫ്, സുഭാഷ്ചന്ദ്രൻ, കെ.ആർ. മീര, സിതാര. എസ്, പ്രിയ എ. എസ്. തുടങ്ങി ഒട്ടനവധി എഴുത്തുകാർ സ്ത്രീകൾക്കു നേരെയുള്ള ക്രൂരതകളെക്കുറിച്ച് കൃതികൾ രചിച്ചിട്ടുണ്ട്. സ്ത്രീകളോട് ആദരവ് പ്രകടിപ്പിക്കുന്ന പുരുഷനും സമൂഹത്തിലെ ആദരണീയമായ പദവിയിൽ ഇരുന്നുകൊണ്ട് സ്ത്രീകളെ വെറും ലൈംഗികോപകരണമായി മാത്രം കാണുന്ന പുരുഷവർഗ്ഗത്തിന്റെയും ജീവിതം വ്യക്തമാക്കുന്ന കഥയാണ് 'കൃഷ്ണഗാഥ'. ചെറുശ്ശേരി തന്റെ കാവ്യത്തിൽ ഭഗവാൻ കൃഷ്ണനെക്കുറിച്ചുള്ള കഥകളാണ് പറഞ്ഞതെങ്കിൽ മീര  കൃഷ്ണഗാഥയിൽ 'കൃഷ്ണ' എന്ന കൊച്ചുപെൺകുട്ടി അനുഭവിച്ച യാതനകളുടെ കഥയാണ് പറഞ്ഞുവയ്ക്കുന്നത്.

## Key Themes

- കെ. ആർ. മീരയുടെ സാഹിത്യലോകം
- കൃഷ്ണഗാഥ എന്ന കഥയുടെ പേര് ദ്യോതിപ്പിക്കുന്ന ആശയം
- കൃഷ്ണ എന്ന പെൺകുട്ടിയെ പഠിപ്പിക്കാൻ എത്തുന്ന അധ്യാപകനായ നാരായണൻകുട്ടി മാഷ്
- കൃഷ്ണഗാഥയ്ക്ക് പകരം അഷ്ടപദി പഠിപ്പിക്കുന്ന നാരായണൻകുട്ടി മാഷ്
- നാരായണൻകുട്ടി മാഷ് കൃഷ്ണയെ വീട്ടിൽ നിന്ന് ഇറക്കിക്കൊണ്ടു പോകുന്നു
- ആത്മഹത്യ ചെയ്ത നാരായണൻകുട്ടിയും മാധ്യമ വിചാരണ നേരിടുന്ന കൃഷ്ണയും
- കൃഷ്ണയെ ആശ്വസിപ്പിക്കാനാവാതെ നിൽക്കുന്ന അച്ഛൻ

## Discussion

കഠിനകാലത്തിലൂടെയാണ് നമ്മുടെ സമൂഹം കടന്നു പോകുന്നതെന്ന് കെ.ആർ. മീരയുടെ കൃഷ്ണഗാഥ എന്ന കഥ ഓർമ്മിപ്പിക്കുന്നു. സമൂഹത്തിന്റെ ഉപഭോഗപരതയിലേക്ക് പെൺശരീരങ്ങളെ ചേർത്തു വയ്ക്കുന്നവർക്കുള്ള ശക്തമായ താക്കീതാണ് ഈ കഥ. മക്കളില്ലാതെ ഏറെ നാൾ കൃഷ്ണഭഗവാനെ പ്രാർത്ഥിച്ച ലീലയ്ക്കും ഭർത്താവിനും പിറന്ന മകളാണ് കൃഷ്ണ. ബുദ്ധിക്ക് ചെറിയ തളർച്ചയുള്ള കുട്ടി. താഴ്‌വരയിൽ തമിഴൻ ശെൽവന്റെ പലചരക്കുകടയിൽ വെച്ചാണ് നാരായണൻകുട്ടിയെ കൃഷ്ണയുടെ അച്ഛൻ പരിചയപ്പെട്ടത്. ആ പരിചയം നാരായണൻകുട്ടിയെ കൃഷ്ണയുടെ ട്യൂഷൻ ടീച്ചറാക്കി മാറ്റി. കൃഷ്ണയുടെ വീട്ടിലെത്തിയ ആദ്യദിനം തന്നെ നാരായണൻകുട്ടി മാഷ് വീട്ടുകാരുടെ സൗഹൃദം നേടിയെടുത്തു. ആകർഷകമായി സംസാരിക്കുന്ന വ്യക്തി. അഷ്ടപദിയെക്കുറിച്ച് ഏറെ നേരം സംസാരിച്ചിരുന്നു. ഭർത്തൃമതിയായ രാധയുടെ ചപലതകളെക്കുറിച്ച് വിശദീകരിച്ചു. അന്ന് അവിടെ നിന്നും കഞ്ഞിയും പയറുതോരനും കഴിച്ച് ഏറെ നേരം കഴിഞ്ഞാണ് നാരായണൻകുട്ടി മാഷ് മടങ്ങിപ്പോയത്.

കൃഷ്ണയുടെ പിതാവിന്റെ ഓർമ്മകളിലൂടെയാണ് പഴയ സംഭങ്ങൾ കഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്നത്. നാരായണൻകുട്ടി എന്നാണ് എങ്ങനെയാണ് കൃഷ്ണയ്ക്ക് ട്യൂഷൻ തുടങ്ങിയതെന്ന് അയാൾക്ക് എത്ര ശ്രമിച്ചിട്ടും ഓർമ്മ വന്നില്ല. ബാങ്ക് വിട്ട് വരുമ്പോൾ പൂതപ്പാട്ടിന്റെയും കൊച്ചുസീതയുടെയും ഈരടികൾ കേട്ടുകൊണ്ട് പടിക്കെട്ടുകൾ കയറിയ സുഖമുള്ള സായാഹ്നങ്ങൾ മാത്രം ഒന്നൊന്നായി മനസ്സിൽ വീണ്ടും തെളിഞ്ഞു വന്നു. ഒന്നര മാസം മുമ്പ് ഒരു ദിവസം ബാങ്കിൽ നിന്ന് വൈകിയിറങ്ങിയ ഒരു സായാഹ്നം അയാളുടെ ഓർമ്മയിലെത്തി. വീട്ടിലേക്കു കയറുമ്പോൾ അയാൾക്ക് നാരായണൻകുട്ടിയുടെ മുഴങ്ങുന്ന ശബ്ദം കേൾക്കാമായിരുന്നു.

"ശ്ലിഷ്യതി കാമപി, ചുംബതി കാമപി, കാമപി രമയതം രാമാം ...."

ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കു ശേഷം നാരായണൻ കുട്ടി വിശദീകരിക്കുകയായിരുന്നു.

"രാധയോടു സഖി ചെന്നു വർണിക്കുകയാണ്: സഖേ നിന്റെ കൃഷ്ണൻ അവിടെ ഗോപികാ സഹസ്രത്തോടൊപ്പം രമിക്കുന്നു. ഒരുവളെ പുണരുന്നു. മറ്റൊരുവളെ ചുംബിക്കുന്നു. വേറൊരു സുന്ദരിയെ രമിപ്പിക്കുന്നു .."

ശരീരത്തെക്കാൾ മൂന്നോ നാലോ വയസ്സു കുട്ടിത്തമുള്ള മനസ്സിന് അതൊക്കെ മനസ്സിലാകുമോ എന്നതായിരുന്നില്ല അയാളെ അലട്ടിയത്. മറിച്ച് കൃഷ്ണഗാഥയ്ക്കു പകരം അഷ്ടപദി പഠിപ്പിക്കാൻ നാരായണൻകുട്ടി മുതിർന്നതിലുള്ള അവിശ്വസനീയതയായിരുന്നു.

അപകടം തിരിച്ചറിഞ്ഞ കൃഷ്ണയുടെ അച്ഛൻ ട്യൂഷൻ നിർത്തുകയും അവളെ ശകാരിക്കുകയും ചെയ്തു. അതിൽ വേദനിച്ച് ബുദ്ധിവളർച്ചയില്ലാത്ത കൃഷ്ണ മറ്റൊരു നാൾ അയാളോടൊപ്പം ഇറങ്ങിപ്പോകുന്നു. നാല്പതോളം ദിവസം തന്നോടൊപ്പം താമസിപ്പിച്ച് പലർക്കായി അവളെ കാഴ്ചവെയ്ക്കുന്നു. പിടിക്കപ്പെടുമെന്നായപ്പോൾ തൂങ്ങി മരിക്കുകയും ചെയ്തു. സംഭവങ്ങൾ വിവരിക്കാൻ മാധ്യമങ്ങൾക്കു മുമ്പിൽ ഇരിക്കുന്ന കൃഷ്ണയുടെ ചിത്രം കഥാകാരി ആവിഷ്ക്കരിക്കുന്നുണ്ട്. നാല്പ്പതോളം നരാധമന്മാർ പിച്ചിച്ചീന്തിയ കൃഷ്ണയെ മാനസികമായി തളർത്തുന്ന ചോദ്യങ്ങൾ കേട്ട് അവളുടെ അച്ഛനും അപമാനിതനാകുന്നു. ബുദ്ധിമാന്ദ്യമുള്ള കുട്ടിയെന്ന പരിഗണന പോലുമില്ലാതെയാണ് സംഭവങ്ങളുടെ വിശദാംശങ്ങളെക്കുറിച്ചുള്ള പത്രക്കാരുടെ ചോദ്യങ്ങൾ. ഇത്തരം സന്ദർഭങ്ങളിൽ മാധ്യമങ്ങൾ പാലിക്കേണ്ട നൈതികതയെക്കുറിച്ചുള്ള ആശങ്കകൾ ഈ സന്ദർഭത്തിൽ വായനക്കാർക്കുമുണ്ടാകും. ചോദ്യങ്ങൾ അതിരുകടക്കുന്നുവെന്ന് മനസ്സിലായപ്പോൾ കൂടെയുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന് ഒരു ഘട്ടത്തിൽ അതിൽ ഇടപെടേണ്ടിയും വന്നു.

"ഈ വയ്യാത്ത കുട്ടിയോട് വേണോ ഇത്തരം ചോദ്യങ്ങൾ?" പോലീസ് ഉദ്യോഗസ്ഥൻ പരുക്കൻ മട്ടിൽ ചോദിച്ചു. "ഞാൻ പറഞ്ഞല്ലോ, അവൻ കോൺവന്റിലെ മലയാളം സാറായിരുന്നു. കുട്ടിയെ പറഞ്ഞു വിളിച്ചു കൊണ്ടുപോയി. നാല്പതു ദിവസം കൊണ്ട് രണ്ടര ലക്ഷം രൂപ

കിട്ടിയെന്നാണ് കണക്ക്. പിടിക്കപ്പെടുമെന്നായപ്പോൾ അവൻ തൂങ്ങിച്ചത്തു."

പുരുഷവർഗ്ഗത്തിന്റെ രണ്ട് വ്യത്യസ്തമുഖങ്ങളാണ് കൃഷ്ണഗാഥയിലെ അച്ഛനും നാരായണൻകുട്ടി എന്ന മലയാളം അദ്ധ്യാപകനും. അദ്ധ്യാപകൻ എന്നാൽ അന്ധകാരമാകുന്ന ഇരുട്ടിനെ നീക്കി ജ്ഞാനമാകുന്ന വെളിച്ചത്തെ വിദ്യാർത്ഥികളിലേക്ക് പകർന്നു നൽകുന്നവനാകണം ('ഗു' ശബ്ദേ അന്ധകാരം 'രു' തസ്യ രോധനം). എന്നാൽ കൃഷ്ണഗാഥയിലെ നാരായണൻകുട്ടി എന്ന അദ്ധ്യാപകൻ കുട്ടിയുടെ ശരീരത്തിനെയും ലൈംഗികതയെയുമാണ് നോക്കിക്കാണുന്നത്. പാഠഭാഗം പഠിപ്പിക്കുമ്പോൾ പോലും രതിക്രീഡകളെക്കുറിച്ചാണ് കൂടുതൽ അദ്ദേഹം പ്രതിപാദിക്കുന്നത്. കൃഷ്ണന്റെ രാസക്രീഡകളെക്കുറിച്ചാണ് നാരായണൻകുട്ടി കൃഷ്ണയ്ക്ക് ക്ലാസ് നടത്തിയിരുന്നത്. അദ്ധ്യാപകന്റെ വാക്കുകൾ വിശ്വസിച്ച് കൂടെ പോയ കൃഷ്ണയുടെ മാനത്തിനായി നാരായണൻകുട്ടിക്ക് കിട്ടിയ വില രണ്ടരലക്ഷം രൂപയായിരുന്നു.

ഇതു കൊണ്ടും ഇരയുടെ നേരെയുള്ള പുരുഷവർഗ്ഗത്തിന്റെ നോട്ടങ്ങൾ തീരുന്നുണ്ടായിരുന്നില്ല. വാർത്തയുടെ ആദ്യപേജിൽ തന്നെ ഇടംനേടിയ കൃഷ്ണയോട് റിപ്പോർട്ടർമാരുടെ ചോദ്യങ്ങളും അസഹനീയം തന്നെയായിരുന്നു. ടൗണിലേക്ക് അദ്ധ്യാപകന്റെ കൂടെ പോയപ്പോൾ കണ്ട കാര്യങ്ങളെക്കുറിച്ച് അറിയുവാനുള്ള ആകാംക്ഷയായിരുന്നു അവർക്ക്. നാല്പത്തിയൊന്നു രാത്രികളിലെ കഥകൾ അറിയാനുള്ള ഉത്ക്കടമായ താല്പര്യം അവരിൽ കാണാം. കുട്ടി നിഷ്കളങ്കതയോടെ അവൾ കണ്ട കാര്യങ്ങളും തന്റെ നേരെ ക്രൂരത കാട്ടിയവരെക്കുറിച്ചും റിപ്പോർട്ടർമാരോട് പറഞ്ഞുവെച്ചു. എന്നാൽ ഈ കഥാപാത്രങ്ങളിൽനിന്ന് വ്യത്യസ്തമായി കണ്ണന് യശോദയെന്ന പോലെയായിരുന്നു കൃഷ്ണയ്ക്ക് അവളുടെ അച്ഛൻ. റിപ്പോർട്ടർമാരുടെ ചോദ്യങ്ങളുടെ ശരവർഷങ്ങൾക്കു മുൻപിൽ തന്റെ മകൾ ഇരിക്കുമ്പോൾ അദ്ദേഹം കാണുന്നത് അവളുടെ നിഷ്കളങ്കതയെയായിരുന്നു.

"ജുബ്ബയിട്ടവരും കണ്ണടവച്ചവരും കളംകളം ഷർട്ടു ധരിച്ചവരുമായ എത്രയോ പേരുടെ ആത്മഹത്യകളിൽ സ്വയം തളർന്ന മകളുടെ ഉടലിൽ നോക്കാൻ അച്ഛനു ഭയം തോന്നി.

അയാൾക്കു ചോദിക്കണമെന്നുണ്ടായിരുന്നു.

ഏതു കൈകൊണ്ടാണ് അവൻ നിന്നെ പൊള്ളിച്ചത്? കാണുമ്പോഴൊക്കെ എന്റെ വലംകൈ പിടിച്ചു നെഞ്ചോടു ചേർക്കാറുള്ള വലംകൈ കൊണ്ടോ? അതോ നമ്മളാരും കാണാതിരുന്ന ആ ഇടംകൈകൊണ്ടോ?

ചോദിച്ചാൽ കൃഷ്ണ പറഞ്ഞേക്കുമെന്ന് അയാൾക്കു തോന്നി. അതുകൊണ്ട് അയാൾ ചോദിച്ചില്ല.

കണ്ണന്റെ വായിലെ കാഴ്ചകൾ കാണാൻ കെല്പില്ലാത്ത യശോദ എപ്പോഴുമെന്നതുപോലെ യാചിച്ചു: വായ് മുറുക്കുണ്ണീ... ദയവ് ചെയ്തു വായ് മുറുക്ക്..."

ബഹുസ്വരമായ സ്ത്രീ അനുഭവങ്ങളുടെ ആഖ്യാനഭൂപടമാണ് കെ.ആർ.മീരയുടെ കഥാലോകം. പുരുഷകേന്ദ്രിതമായ സമൂഹത്തിൽ സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന പലതരത്തിലുള്ള അപമാനങ്ങളും അവഗണനകളും വൈവിധ്യമാർന്ന ഇതിവൃത്തങ്ങളിലൂടെ മീര ആവിഷ്ക്കരിക്കുന്നുണ്ട്. ആഖ്യാനത്തിൽ മൗലികമായ സ്വാതന്ത്ര്യബോധവും തന്റേടവും മീരയുടെ എഴുത്ത് പ്രകടിപ്പിക്കുന്നുണ്ട്. അതിലൂടെ അസാധാരണമായ വായനാനുഭവം ആ കഥകൾ നല്കുന്നു. പെണ്ണനുഭവങ്ങളും ജീവിതസഹനങ്ങളും ആത്മീയപ്രതിരോധവുമായി സ്ത്രീയുടെ അനുഭവലോകം മീരയുടെ കഥകളിൽ കടന്നു വരുന്നു. പലപ്പോഴും അത് പുരുഷനീതികളെ ചോദ്യം ചെയ്യുന്നു; പ്രതിരോധത്തിലൂടെ മറികടക്കാൻ ശ്രമിക്കുന്നു. കൃഷ്ണഗാഥ എന്ന കഥയിൽ ബുദ്ധിമാന്ദ്യമുള്ള കൃഷ്ണയെ ഇരയാക്കുന്നത് അവളെ സംരക്ഷിക്കേണ്ടവരുടെ നേതൃത്വത്തിലാണെന്നത് രോഷത്തോടെയാണ് കഥയിൽ ആവിഷ്ക്കരിക്കപ്പെടുന്നത്. സമർത്ഥമായ അർത്ഥസൂചക ചിഹ്നങ്ങളിലൂടെയാണ് ഈ കഥയിൽ മീര സാമൂഹികമായ ഈ അപയചത്തെ ആവിഷ്ക്കരിക്കുന്നത്. അതോടൊപ്പം മാധ്യമരംഗത്തെ വിചാരണകളിൽ തകർക്കപ്പെടുന്ന സ്ത്രീത്വത്തെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുമുണ്ട്. സ്വകാര്യതയെ മാനിക്കാതെയുള്ള

ഒളിഞ്ഞുനോട്ടങ്ങളും അന്വേഷണങ്ങളും എങ്ങനെയാണ് വ്യക്തിജീവിതത്തെ തകർക്കുന്നതെന്ന് പല സമകാലിക സംഭവങ്ങളും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്. കൃഷ്ണഗാഥയിൽ മീരയും ഈയൊരു ഹീനപ്രവൃത്തിയെ ചോദ്യം ചെയ്യുന്നു. അങ്ങനെ ഒരേ സമയം ജീർണ്ണിച്ച പുരുഷ സാമൂഹികനീതിയെയും മാധ്യമജീർണ്ണതയെയും കൃഷ്ണഗാഥ വിചാരണ ചെയ്യുന്നുണ്ട്.

ഇത്തരം സംഭവങ്ങൾക്ക് ഇരയാകേണ്ടി വരുന്ന കുടുംബങ്ങൾ അനുഭവിക്കുന്ന കൊടിയ മാനസിക സംഘർഷത്തെക്കുറിച്ചാലോചിക്കാനും ഈ കഥ നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. നാട്ടുകാരുടെയും ബന്ധുക്കളുടെയും കൊള്ളിവാക്കുകളിൽ തകർന്ന് പലപ്പോഴും കൂട്ട ആത്മഹത്യകളിൽ അഭയം തേടുന്നവരുമുണ്ട്. വീട്ടുകാരുടെ പിടിപ്പുകേടുകളിൽ പഴിചാരുന്നവരെയും കാണാം. സമൂഹവും മാധ്യമങ്ങളും നടത്തുന്ന വിചാരണ അവരെ കൂടുതൽ ഒറ്റപ്പെടുത്തുകയേ ഉള്ളുവെന്നും ഈ കഥയിലൂടെ കെ.ആർ.മീര ഓർമ്മപ്പെടുത്തുന്നു.

## Recap

- സ്ത്രീരചനയുടെ സൗന്ദര്യശാസ്ത്രത്തെ പൊളിച്ചെഴുതുകയും ലോകത്തിലെ അസമത്വങ്ങൾ പ്രതിരോധിക്കുകയും ചെയ്യുന്നതാണ് കെ.ആർ.മീരയുടെ കഥാലോകം
- പുരുഷതാല്പര്യത്തിനനുസരിച്ച് രൂപപ്പെടുന്ന ദാമ്പത്യത്തിലെ പൊരുത്തക്കേടുകളെയും കുടുംബമെന്ന സ്ഥാപനത്തിന്റെ കെണിയെയും തുറന്നു കാട്ടുന്നവയുമാണ് മീരയുടെ ഭൂരിപക്ഷം കഥകളും
- സമൂഹത്തിന്റെ ഉപഭോഗപരതയിലേക്ക് പെൺശരീരങ്ങളെ ചേർത്തു വെയ്ക്കുന്നവർക്കുള്ള ശക്തമായ താക്കീതാണ് കൃഷ്ണഗാഥ എന്ന കഥ
- മാധ്യമരംഗത്തെ അപചയത്തെ കൃഷ്ണഗാഥ തുറന്നു കാട്ടുന്നു
- സ്ത്രീയെ ലൈംഗികോപകരണമായിക്കാണുന്ന പുരുഷവാഴ്ചാ സമൂഹത്തിന്റെ താല്പര്യത്തേയും പരിഷ്കൃതനായിരിക്കെത്തന്നെ സവിശേഷ സാഹചര്യത്തിൽ തന്റെയുള്ളിലെ സ്ത്രീപീഡനവാസനയെ പ്രകടിപ്പിക്കുകയും ചെയ്യുന്ന പുരുഷനിലെ അപൂർവ്വവാസനയെയുമാണ് കൃഷ്ണഗാഥ എന്ന കഥ പ്രശ്നവല്ക്കരിക്കുന്നത്
- പുരുഷകേന്ദ്രിതമായ സമൂഹത്തിൽ സ്ത്രീകൾക്ക് നേരിടേണ്ടി വരുന്ന പലതരത്തിലുള്ള അപമാനങ്ങളും അവഗണനകളും വൈവിധ്യമാർന്ന ഇതിവൃത്തങ്ങളിലൂടെ മീരയുടെ കഥകൾ ആവിഷ്ക്കരിക്കുന്നുണ്ട്

## Objective Type Questions

1. പുരുഷതാല്പര്യങ്ങളുടെ അസ്തിവാരത്തിൽ സമൂഹം ലോകാവസാനം വരെ നിലനില്ക്കണമെന്ന താല്പര്യത്തെ വിമർശനാത്മകമായി അവതരിപ്പിക്കുന്ന കെ. ആർ. മീരയുടെ കഥയേത്?
2. കെ. ആർ. മീരയ്ക്ക് കേന്ദ്രസാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചത് ഏത് കൃതിക്ക്?
3. കെ. ആർ. മീരയുടെ കഥകളുടെ ഏറ്റവും പ്രധാന സവിശേഷതയെന്ത്?
4. പുരുഷനറിയാത്ത സ്ത്രീമുഖമെന്ന ഖദീജാ മുംതാസിന്റെ രചനയോട് ബന്ധമുള്ള കെ. ആർ. മീരയുടെ കഥയേത്?
5. കൃഷ്ണഗാഥ എന്ന കഥയിൽ കെ. ആർ. മീര വിചാരണ ചെയ്യുന്നത് എന്തെല്ലാം സാമൂഹിക അനീതികളെയാണ്?

6. നാരായണൻകുട്ടിയുടെ സ്വഭാവത്തിലെ കുഴപ്പത്തെക്കുറിച്ച് കൃഷ്ണയുടെ പിതാവിന് സംശയം തോന്നിയതെപ്പോൾ?
7. കൃഷ്ണയുടെ അമ്മയുടെ പേര്?
8. കഥയിൽ പരാമർശിക്കപ്പെടുന്ന വള്ളത്തോളിന്റെ കൃതി?

## Answers

1. മച്ചകത്തെ തച്ചൻ
2. ആരാച്ചാർ
3. ക്രാഫ്റ്റിൽ കാണിക്കുന്ന മികവ്
4. കൃഷ്ണഗാഥ
5. ജീർണ്ണിച്ച പുരുഷ സാമൂഹികനീതിയെയും മാധ്യമ ജീർണ്ണതയെയും
6. കൃഷ്ണഗാഥയ്ക്കു പകരം അഷ്ടപദി പഠിപ്പിക്കാൻ നാരായണൻകുട്ടി തുടങ്ങിയപ്പോൾ
7. ലീല
8. കൊച്ചുസീത

## Assignments

1. കെ. ആർ മീരയുടെ സാഹിത്യലോകത്തെപ്പറ്റി ഉപന്യസിക്കുക.
2. കൃഷ്ണഗാഥ എന്ന കഥ മുന്നോട്ട് വയ്ക്കുന്ന സാമൂഹികവിമർശനങ്ങൾ എന്തെല്ലാം? ഉപന്യസിക്കുക

## Suggested Readings


1. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥാമനസ്, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2008.
2. ഡോ. എം. ലീലാവതി, സ്ത്രീസ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2008.
3. എസ്. ശ്രീജിത്ത്, കഥയിലെ ഹിരണ്മയകാന്തി, റെയിൻബോ ബുക്ക്സ്, തിരുവനന്തപുരം, 2005.

# യൂണിറ്റ് - 2
# അമ്മ എന്നോടുപറഞ്ഞ നുണകൾ

**അഷിത**

## Learning Outcomes

- അഷിതയുടെ കഥാലോകത്തെ പരിചയപ്പെടുന്നു
- ഉത്തരാധുനിക കഥകളിൽ അഷിതയുടെ കഥകൾക്കുള്ള സവിശേഷതകൾ തിരിച്ചറിയുന്നു
- അമ്മ എന്നോട് പറഞ്ഞ നുണകൾ എന്ന കഥയുടെ ആഖ്യാനസവിശേഷതകൾ മനസ്സിലാക്കുന്നു
- സ്ത്രീയനുഭവങ്ങളെ കഥയാക്കി മാറ്റുന്ന ആഖ്യാനതന്ത്രം അഷിതയുടെ കഥയിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കുന്നു

## Prerequisites

ചെറുകഥാകൃത്തും കവയിത്രിയുമാണ് അഷിത. തൃശ്ശൂർ ജില്ലയിൽ പഴയന്നൂരിൽ ജനിച്ചു. ജീവിതത്തിന്റെ നേർചിത്രം വരച്ചുകാട്ടുന്നവയാണ് ഇവരുടെ രചനകൾ. ഡൽഹി ബോംബെ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം. എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദാനന്തരബിരുദം. പറയാം നമുക്കു കഥകൾ, മയിൽപ്പീലി സ്പർശം, താവോ ഗുരുവിന്റെ വഴി, അഷിതയുടെ നോവലെറ്റുകൾ, പീറ്റർ എന്ന മുയലും മറ്റു കഥകളും, വിസ്മയചിഹ്നങ്ങൾ, അപൂർണ്ണവിരാമങ്ങൾ, അഷിതയുടെകഥകൾ, മഴമേഘങ്ങൾ, റൂമി പറഞ്ഞ കഥകൾ, നിലാവിന്റെ നാട്ടിൽ, താവോ തെ ചിങ്ങ്, ഒരു സ്ത്രീയും പറയാത്തത്, ശിവേന സഹനർത്തനം, അമ്മ എന്നോട് പറഞ്ഞ നുണകൾ, കൊച്ചു രാജകുമാരൻ, കുട്ടികളുടെ രാമായണം, കുട്ടികളുടെ ഭാഗവതം, മയിൽ പീലിസ്പർശം (Audio Book), സ്നേഹം തന്നെ സ്നേഹത്താലെഴുതിയത്, 365 കുഞ്ഞുകഥകൾ എന്നിവ കൃതികൾ.

പുരസ്കാരങ്ങൾ-കേരള സാഹിത്യഅക്കാദമി അവാർഡ്(2015), ഇടശ്ശേരി അവാർഡ് (1986), അങ്കണം അവാർഡ്, തോപ്പിൽ രവി ഫൗണ്ടേഷൻ അവാർഡ്, ലളിതാംബികാ അന്തർജ്ജനം സ്മാരക പുരസ്കാരം, (1994), പത്മരാജൻ പുരസ്കാരം (2000), 2019 മാർച്ച് 27-ന് അന്തരിച്ചു.

സ്ത്രീകൾ സമൂഹത്തിൽ അനുഭവിക്കുന്ന സംഘർഷങ്ങളുടെ ശക്തമായ ആവിഷ്കാരമാണ് സ്ത്രീപക്ഷരചനകൾ. സ്ത്രീ സ്വയം തിരിച്ചറിയുകയും ആത്മാഭിമാനത്തിലേക്കുയരാൻ ശ്രമിക്കുകയും തന്റെ സ്വത്വത്തെക്കുറിച്ചു ചിന്തിക്കുകയും ചെയ്തത് സ്ത്രീപക്ഷ രചനയിലൂടെയാണ്. പുരുഷകേന്ദ്രിതമായ സാമൂഹിക ചുറ്റുപാടിൽ സ്ത്രീരചനകളുടെയും ചരിത്രാനുഭവങ്ങളുടെയും അവളുടെ പീഡകളുടെയും ആവിഷ്കാരസാദ്ധ്യതയാണ് സ്ത്രീരചനയുടെ ചട്ടക്കൂട്. സാഹിത്യത്തിലും പലപ്പോഴും സ്ത്രീ പുരുഷന്റെ തിരസ്കാരത്തിനും തമസ്കരണത്തിനും വിധേയയാണ്. പുരുഷന്റെ കണ്ണുകൾ കൊണ്ടു മാത്രം കാണുകയും അവന്റെ ആശയഭിലാഷങ്ങൾക്കൊത്ത് രൂപപ്പെടുകയും അവൻ നിർവ്വചിക്കുന്ന അർത്ഥങ്ങളുടെ സൂചകങ്ങളാവുകയും ചെയ്തു നമ്മുടെ പരമ്പരാഗതസാഹിത്യത്തിലെ

സ്ത്രീജീവിതം. ഇതിനെതിരെയുള്ള പ്രതിരോധം എന്ന നിലയിലാണ് സ്ത്രീവാദസാഹിത്യം ഉടലെടുത്തത്.

സ്ത്രീസ്വത്വാവിഷ്ക്കാരം സാധ്യമാകുന്നതിന് സാഹിത്യകൃതികൾ വഹിച്ച പങ്ക് ചെറുതല്ല. സ്ത്രീസ്വത്വം അതിന്റെ പൂർണതയിൽ പ്രകടമാക്കപ്പെട്ടത് മലയാളത്തിൽ കഥാസാഹിത്യത്തിലൂടെയാണ്. അതു കൊണ്ടു തന്നെയാണ് സ്ത്രീപ്രശ്നങ്ങൾ അവതരിപ്പിക്കുവാനും, സ്ത്രീജന്മത്തിന്റെ വിലക്കുകളും പരിമിതികളും അറിഞ്ഞനുഭവിച്ച്, പുരുഷമേധാവിത്വപരമായ മൂല്യവ്യവസ്ഥകളോട് കലഹിച്ച്, ലോകത്തെ മാറ്റിത്തീർക്കാനും സ്വയം മാറാനും തീവ്രമായി ആഗ്രഹിച്ച്, പരിദേവനങ്ങളും നിസ്സഹായതകളും ഉള്ളിലൊതുക്കി, അസ്തിത്വസാക്ഷാത്ക്കാരത്തിന്റെ ഓരോ ചുവടിലും ദത്തശ്രദ്ധരായി, കാലത്തിന്റെ കുടിലതകളെ പ്രതിരോധിച്ച് ഒരു കൂട്ടം കഥാകാരികൾ കഥാരംഗത്തേക്ക് കടന്നുവന്നത്. അവരിൽ പ്രധാനിയാണ് അഷിത.

മലയാളചെറുകഥാസാഹിത്യത്തിൽ ആയിരത്തിത്തൊള്ളായിരത്തി എൺപതുകളുടെ തുടക്കത്തിൽ, ആധുനികരുടെ പിൻമുറക്കാരിയായാണ് അഷിത മലയാള കഥാലോകത്തേക്ക് കടന്നുവന്നത്. ലളിതവും സൗമ്യവുമായ വാക്കുകളിൽ സ്ത്രീമനസ്സിന്റെ ആധിയും ആകുലതയും ഭയവും സന്തോഷവും വായനക്കാരുമായി പങ്കുവെയ്ക്കുന്ന കഥകളാണ് അഷിതയുടേത്. സൗമ്യമായി പലപ്പോഴും നിസ്സഹായമായി പെൺജീവിതത്തെ അഷിത ആവിഷ്കരിക്കുമ്പോൾ വായനക്കാരൻ അതിൽ സ്വന്തം മുഖം കണ്ടെത്തുന്നു. വായനക്കാരന് മുഖം നോക്കാനുള്ള കണ്ണാടിയായിരിക്കണം തന്റെ കൃതികളെന്ന് അവർ ശഠിക്കുകയും ചെയ്യുന്നു. വായനക്കാരൻ ആ കഥകളിൽ യാഥാർത്ഥ്യങ്ങളെ കാണുമ്പോൾ താൻ തന്നെത്തന്നെയാണ് കാണുന്നതെന്ന് എഴുത്തുകാരി പറയുന്നു. ആ കണ്ണാടിയിൽ മുഖം നോക്കുന്ന വായനക്കാരന്റെ കണ്ണിൽ എനിക്കെന്നെയും കാണാം. അങ്ങനെ തന്നെത്തന്നെ എഴുതിയ എഴുത്തുകാരിയായി അഷിത മാറുന്നു. സ്വന്തം മനസ്സിന്റെ സത്യം അഷിത ആവിഷ്കരിക്കുമ്പോൾ അത് സ്ത്രീഹൃദയങ്ങൾ ഉള്ളിലൊളിപ്പിച്ച യാഥാർത്ഥ്യങ്ങളാകുന്നു എന്നത് യാദൃച്ഛികം മാത്രം.

അഷിത വളരെക്കുറച്ചു കഥകളേ എഴുതിയിട്ടുള്ളൂ. പക്ഷേ പറയുന്ന കാര്യങ്ങൾ കൃത്യമായിരിക്കണം; ഉണ്മയായിരിക്കണം എന്ന നിർബന്ധത്തിൽ നിന്ന് രൂപം കൊണ്ടവയാണ് ആ കഥകൾ. കഥയിൽ എനിക്ക് സത്യത്തോടാണ് ചായ്‌വ്, സ്നേഹത്തോടല്ല എന്നവർ പറയുന്നുണ്ട്. മനുഷ്യബന്ധങ്ങളിലേയ്ക്ക് ആഴ്ന്നിറങ്ങുന്ന സൗമ്യസത്യങ്ങൾ അഷിതയുടെ കഥകൾക്ക് സവിശേഷമായ തെളിച്ചം നല്കുന്നുണ്ട്. സ്ത്രീയെക്കുറിച്ച് സമൂഹത്തിൽ നിലവിലുള്ള ധാരണകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് അവളുടെ യഥാർത്ഥസത്തയെന്ന് അഷിതയുടെ കഥകൾ നമ്മെ പലകുറി ഓർമ്മിപ്പിക്കുന്നു. ഒത്തുതീർപ്പുകൾക്കിടയിലും താൻ നിൽക്കേണ്ടതെവിടെയാണ് എന്ന വ്യക്തമായ ബോധ്യം അവൾക്കുണ്ട്. അത്തരത്തിലുള്ള സ്വയംബോധ്യത്തിൽ നിന്ന് ഓരോ പെൺജീവിതവും നുണകളിലൂടെ കാലാകാലങ്ങളായി പൂർത്തീകരിക്കപ്പെടുകയാണ് എന്ന കാഴ്ചപ്പാടിലേയ്ക്ക് അഷിത ചെന്നെത്തുന്നു. അതു കൊണ്ടുതന്നെ ഇവരുടെ കഥകളിൽ ഒരു നുണപ്രപഞ്ചം സർഗ്ഗാത്മകതയുടെ ഊർജ്ജമായി വ്യാപരിക്കുന്നു. സ്നേഹത്തെക്കാൾ സത്യത്തിനു പ്രാധാന്യം നല്കുന്ന ഇവരുടെ കഥകളിൽ ഈ നുണകൾ സമൂഹത്തിന്റെ യാഥാർത്ഥ്യങ്ങളെ വെളിച്ചത്തു കൊണ്ടുവരാനുള്ള ഉപാദാനങ്ങൾ മാത്രം. സദാചാരവും സമൂഹനീതിയും സ്ത്രീയെ പറഞ്ഞു പഠിപ്പിച്ച നുണക്കഥകളും ജീവിതസത്യങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്ന തിരിച്ചറിവിലാണ് അഷിതയുടെ എഴുത്ത് ആരംഭിക്കുന്നത്.

## Key Themes

- അമ്മയും കുഞ്ഞും തമ്മിലുള്ള ആത്മബന്ധം
- അമ്മ സ്വന്തം ജീവിതത്തിലേക്ക് നടത്തുന്ന തിരിഞ്ഞുനോട്ടങ്ങൾ
- ഭർത്തൃഗൃഹത്തിലേക്ക് പോകുന്ന മകളോട് അമ്മ നടത്തുന്ന നുണപറച്ചിലുകൾ
- ഭർത്താവിന്റെ മനസ്സിലേക്കുള്ള വഴിയറിയാതെ നിൽക്കുന്ന മകൾ

## Discussion

അമ്മയ്ക്ക് ഒരു കുഞ്ഞ് തന്റെ ദൈവമായി മാറുന്നതുപോലെ തന്നെ ഒരു വലിയ സത്യമാണ് ഒരു കുഞ്ഞിന് തന്റെ അമ്മയോടുള്ള പൂർണ്ണമായ വിശ്വാസവും. അമ്മ പറയുന്നതെല്ലാം സത്യമാണ്, ശരിയാണ് എന്നവർ പൂർണ്ണമായി വിശ്വസിക്കും. നിഷ്ക്കളങ്കമായ ആ മനസുകൾക്ക് ലോകത്തിന്റെ കാപട്യമറിയില്ല. ഒരമ്മയ്ക്ക് ജീവിച്ച് തീർക്കേണ്ടിവരുന്ന നാടകങ്ങളൊന്നും ആ കുഞ്ഞ് അറിയുന്നതേയില്ല. ആ അവസ്ഥയിൽ തന്റെ കുഞ്ഞിനു മുന്നിൽ ഉരുകിത്തീരേണ്ടി വരുന്ന മാതൃത്വത്തിന്റെ നിസ്സഹായാവസ്ഥ 'കല്ലുവച്ച നുണകൾ' എന്ന കഥയിൽ നമുക്കു കാണാം. സ്കൂളിലെ വിശേഷങ്ങൾ പറയുന്ന ഉമ എന്ന സ്കൂൾ കുട്ടി, ഈയിടെയായി ധാരാളം നുണകൾ പറയുന്നു എന്നത് അമ്മയെ വല്ലാതെ വിഷമിപ്പിക്കുന്നുണ്ട്. അവൾ ഹോംവർക്ക് ചെയ്യാതെ സ്കൂളിൽ ചെല്ലുകയും അതിന് കാരണമായി ധാരാളം നുണകൾ ദിവസവും പറയുകയും ചെയ്യുന്നു. ഇതെല്ലാം അറിഞ്ഞ അമ്മ ഉമയെ വഴക്കു പറയുന്നു. നുണ പറയുന്നതിന്റെ ദോഷവശങ്ങളെക്കുറിച്ച് അമ്മ പറഞ്ഞു മനസിലാക്കിക്കൊടുക്കുന്നു. ഇനിയൊരിക്കലും നുണ പറയരുത് എന്ന് താക്കീതും നൽകുന്നു. ഉമക്കുട്ടി ഇനി നുണ പറയില്ല എന്ന് ഉമ അമ്മയ്ക്ക് വാക്കുകൊടുക്കുന്നു. ഒടുവിൽ അവൾ അമ്മയോട് ചോദിക്കുന്ന ഒരു ചോദ്യമുണ്ട്.

'അമ്മ ഒരിക്കലും ഒരു നുണയും പറഞ്ഞിട്ടില്ലേ?' എന്ന ചോദ്യം. 'അമ്മ ഒരിക്കലും നുണ പറയ്ല്യ അല്ലേ' എന്ന ചോദ്യം, ഒരു ചോദ്യത്തേക്കാൾ അത് ഒരു വിശ്വാസ പ്രകടനമായിരുന്നു. ജീവിതത്തെ സഹ്യമാക്കുന്ന ലോകത്തെ മുഴുവനും സുരഭിലമാക്കുന്ന നിഷ്കളങ്കമായ ഒരു വിശ്വാസപ്രകടനമായിരുന്നു. അതു കളയുക വയ്യെന്ന് തീരുമാനിച്ച് രണ്ടും കല്പ്പിച്ച് 'ഇല്ല' എന്ന അർത്ഥത്തിൽ ഞാൻ തലയാട്ടി. വേണ്ടായിരുന്നു എന്ന് ഉടനെ തോന്നുകയും ചെയ്തു. കാരണം ഇങ്ങിനി തിരിച്ചെടുക്കാൻ കഴിയാത്ത വിധം ആ കല്ലുവെച്ച നുണ അവളുടെ മനസിന്റെ നീലക്കയങ്ങളിലേക്കു മുങ്ങിത്താണു മറയുന്നതു ഞാൻ കണ്ടു എന്നാണ് കഥാകാരി പറയുന്നത്. ഇത് ഓരോ അമ്മമാരും അനുഭവിക്കേണ്ടി വരുന്ന പ്രതിസന്ധിഘട്ടങ്ങളാണ്. നുണയാണെന്നറിഞ്ഞുകൊണ്ടുതന്നെ വാക്കുകളെയും പ്രവൃത്തികളെയും പ്രോത്സാഹിപ്പിക്കുന്ന കുടുംബവും സമൂഹവും. സമൂഹത്തിന്റെയും കുടുംബത്തിന്റെയും തുലനത്തിന് ഇത്തരം നുണകൾ ആവശ്യമായിത്തീരുകയാണ്. ഇത്തരം നുണകൾ പറഞ്ഞും കേട്ടും വളരുന്ന പുതുതലമുറയ്ക്ക് ജീവിതം തന്നെ വലിയൊരു കല്ലുവച്ച നുണയായിട്ടാണ് അനുഭവപ്പെടുന്നത്.

'അമ്മ എന്നോടു പറഞ്ഞ നുണകൾ' എന്ന കഥ ഒരമ്മയും മകളും തമ്മിലുള്ള വ്യക്തിബന്ധത്തേക്കാൾ ഉപരിതലമുറയിലെ സ്ത്രീകൾ തമ്മിലുള്ള ചരിത്രബന്ധത്തിന്റെ കഥയാണ്. അതുകൊണ്ടാണ് ഭർത്തൃഗൃഹത്തിൽ നിന്നു തിരിച്ചെത്തിയ പണ്ടത്തെ കാലാണോ പെൺകുട്ട്യാൾക്കൊക്കെ സുഖല്ലേ. പരമസുഖം! എന്ന് തന്നെയും അമ്മയെയും ഇന്നും പണ്ടുമാക്കി തിരിക്കുന്നത്. ഭർതൃഗൃഹത്തിലേയ്ക്ക് പറിച്ചു നടുമ്പോൾ അമ്മ മകൾക്കു പകർന്നു കൊടുക്കുന്ന പ്രധാന അറിവ് ഭക്ഷണത്തെ സംബന്ധിച്ചുള്ളതാണ്. ഭക്ഷണം ഒരു സാംസ്കാരികമായ തിരിച്ചറിവാണ്. എന്നാൽ പുരുഷനെ സംതൃപ്തിപ്പെടുത്താനുള്ള ഏറ്റവും നല്ല മാർഗ്ഗമായി ഭക്ഷണത്തെ അവതരിപ്പിക്കുമ്പോൾ വിവാഹജീവിതത്തിൽ സ്ത്രീയുടെ കടമ പുരുഷനെ സംതൃപ്തിപ്പെടുത്തുകയാണെന്നു വരുന്നു. ഉപഭോഗസംസ്കാരത്തെ കേന്ദ്രീകരിച്ച് മനുഷ്യ

ബന്ധങ്ങളെ കാണുന്ന ഈ വലിയ കള്ളം തിരിച്ചറിയേണ്ടതാണെന്നും തിരുത്തേണ്ടതാണെന്നും അഷിത തന്റെ കഥകളിലൂടെ പറയുന്നു. "എന്റെ വിവാഹത്തിന് അമ്മ എനിക്കു സമ്മാനിച്ചത്. നവരത്നശോഭയുള്ള മറ്റൊരു നുണയായിരുന്നു." എന്നു പറഞ്ഞുകൊണ്ടായിരുന്നു ഭക്ഷണവും ലൈംഗികതയും ചേരുന്നതാണ് സ്ത്രീയുടെ ആകർഷണീയത എന്ന ചരിത്രത്തിന്റെ നുണക്കഥയെ അട്ടിമറിക്കാനുള്ള ശ്രമം അഷിത ആവിഷ്കരിക്കുന്നത്. ഭർതൃഗൃഹത്തിലേക്ക് മകളെ അയയ്ക്കുമ്പോൾ ഭർത്താവിന് നല്ല ഭക്ഷണവും സുഖവും നൽകണമെന്ന് ഉപദേശിച്ചു. ഭക്ഷണം പാകം ചെയ്യുന്ന പോലെ സ്നേഹവും പാകംചെയ്തു കൊടുക്കേണ്ടവളാണ് സ്ത്രീ എന്ന് അമ്മ മകളെ പഠിപ്പിക്കുന്നു. അമ്മയുടെ ഈ വാക്കുകൾ പാലിച്ച്, ഭർത്താവിനും മക്കൾക്കുമിടയിൽ ഭ്രമണപഥമൊരുക്കിയിട്ടും അവൾക്ക് ദാമ്പത്യം സംതൃപ്തി നല്കിയില്ല. എന്നാൽ വിവാഹത്തോടെ, നേരത്തും കാലത്തും വെച്ചുവിളമ്പി ഭർത്താവിന്റെ മനസ്സിലേക്ക് കടന്നു കയറാൻ അമ്മ ഉപദേശിക്കുന്നു. വിദ്യാസമ്പന്നനും പരിഷ്കൃതനും കവിയും ഒഴിവുസമയ രാഷ്ട്രീയക്കാരനുമായ ഭർത്താവിന്റെ മനസ്സിലേക്ക് കയറാൻ അവൾ തന്റെ രഹസ്യങ്ങളുടെയും ആഹ്ലാദങ്ങളുടെയും ലോകം ഉപേക്ഷിക്കുന്നു. "സാഹിത്യത്തിലെ സ്ഥിതിവിഗതികളെ വിലയിരുത്താനായോ ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് ആകുലനായോ അദ്ദേഹം പത്രം നാലഞ്ചു തവണ സസൂക്ഷ്മം വായിക്കുമ്പോൾ ഞാൻ അമ്മ പറഞ്ഞതു പോലെ അമ്മിയിൽ നീട്ടിയരയ്ക്കുകയും പാത്രങ്ങൾ കഴുകുകയും തുണി നനയ്ക്കുകയും ചെയ്തു."

അമ്മ തന്നോടു പറഞ്ഞതെല്ലാം ഒന്നാന്തരം നുണകളായിരുന്നു എന്നവൾ മനസ്സിലാക്കുന്നു. സ്വന്തം ഭർത്താവിന്റെ മനസ്സിലേയ്ക്കുള്ള വഴിയറിയാതെ "കരിയും പുകയും പുരണ്ട ഒരു ദിവസം താണ്ടി കിടപ്പറയിലെത്തുമ്പോൾ എന്റെ ഭർത്താവ് കൂടുതൽ ഉരുണ്ട മുലകൾക്കും തടിച്ച തുടകൾക്കുമായി അസംതൃപ്തനായി" എന്ന് അവൾ മനസ്സിലാക്കുമ്പോൾ താൻ കബളിപ്പിക്കപ്പെട്ടു എന്ന് അവൾക്ക് ബോധ്യമാകുന്നു. ഇവിടെ എഴുത്തുകാരി മറ്റൊരു നുണയാണ് പൊളിച്ചെഴുതുന്നത്. പുരുഷനുവേണ്ടി സ്വന്തം ശരീരവും ലൈംഗികതയും സ്ത്രീ ഒരുക്കിക്കൊടുക്കേണ്ടതാണെന്ന ബോധം കാലങ്ങളായി സമൂഹം സ്ത്രീയുടെ മേൽ അടിച്ചേല്പ്പിച്ച അറിവാണെന്ന് അഷിത പറയുന്നു.

സമൂഹവുമായി മകളെ പൊരുത്തപ്പെടുത്തുന്നതിനിടയിൽ അരുതുകളുടെയും ആജ്ഞകളുടെയും അനുസരിപ്പിക്കലുകളുടെയും ദാക്ഷിണ്യലേശമില്ലാത്ത ഒരു ലോകം തന്നെ അമ്മ സൃഷ്ടിച്ചെടുക്കുന്നുവെന്ന് 'അമ്മ എന്നോടു പറഞ്ഞ നുണകൾ'എന്ന കഥയിൽ നിരീക്ഷിക്കുന്നു. അടുക്കളയിൽ നിന്ന് അടുക്കളയിലേക്ക് മകളെ പാകപ്പെടുത്തുമ്പോൾ പഴയ ആദർശമാതൃത്വം മകളെ ഉപദേശിച്ചു: "ഇന്നുമുതൽ മനോരാജ്യം കണ്ടു നടന്നാ പറ്റ്യോ. അന്യന്റെ വീട്ടിലേക്കാ പോണത്ന്ന് ഓർത്തോളൂ. നേരത്തും കാലത്തും വച്ചുവിളമ്പി ഒരു വീടു കൊണ്ടുനടക്കാച്ചാൽ കുട്ടിക്കളിയല്ല." ഒന്നു നിർത്തി അമ്മ സന്ദേഹത്തോടെ കൂട്ടിച്ചേർത്തു. "മനസ്സിലേക്കുള്ള ഒറ്റ വഴി അതാ, മറക്കണ്ടാ." ഒടുവിൽ അയാൾ പത്രം വായിക്കുകയും ലോകകാര്യങ്ങളിൽ വ്യാപൃതനാവുകയും ചെയ്ത് സുഖജീവിതം നയിച്ചു. താനാകട്ടെ, അമ്മിയിൽ നീട്ടിയരയ്ക്കുകയും പാത്രങ്ങൾ കഴുകുകയും തുണി നനയ്ക്കുകയും ചെയ്തുകൊണ്ടിരുന്നപ്പോൾ അതിക്രൂരമായി കബളിപ്പിക്കപ്പെടുകയാണെന്ന് മകൾ മനസ്സിലാക്കുന്നു.

അമ്മ പറഞ്ഞുതരുന്ന നുണക്കഥകളിൽ അതിക്രൂരമായി സ്വയം കബളിപ്പിക്കപ്പെടുന്ന മകളുടെ തലമുറ വിവാഹം എന്ന നുണയെ തിരുത്താൻ ശ്രമിക്കുന്നതാണ് 'അമ്മ എന്നോടു പറഞ്ഞ നുണകൾ' എന്ന കഥയിൽ ആവിഷ്ക്കരിക്കുന്നത്. സമൂഹജീവിതത്തിനു മകളെ പ്രാപ്തയാക്കുന്നതിന് അമ്മ അവളോടു പറയുന്ന പാഠങ്ങൾ മകൾക്ക് നുണയായി തോന്നുന്നതാണ് അഷിത മിക്ക കഥകളിലും ആവിഷ്ക്കരിക്കുന്നത്. 'കല്ലുവച്ച നുണകൾ', 'അമ്മ എന്നോട് പറഞ്ഞ നുണകൾ', 'ലോകത്തിന് ചില വിടവുകൾ', 'ശ്രേഷ്ഠമായ ചില നുണകൾ' തുടങ്ങിയ കഥകളിൽ നുണയുടെ വലിയ പ്രപഞ്ചം അഷിത സൂക്ഷിച്ചിട്ടുണ്ട്. ഈ കൃതികളിലൊക്കെത്തന്നെ നുണക്കഥകൾ പറഞ്ഞ് സമൂഹത്തിൽ പ്രശ്നം സൃഷ്ടിക്കുന്നത് മകളാണ്. മകൾ ഉണ്ടാക്കുന്ന

ഏതു പ്രശ്നവും അമ്മയെയാണ് ബാധിക്കുന്നത്. പക്ഷേ ആത്യന്തികമായ അന്വേഷണത്തിൽ മകൾ നുണ പറയാൻ പഠിച്ചത് അമ്മയിൽ നിന്നാണെന്ന് വരുമ്പോൾ നുണ ചരിത്രത്തിന്റെ അനിവാര്യതയായി മാറുന്നു.

അമ്മ എന്നോട് പറഞ്ഞ നുണകൾ എന്ന കഥയുടെ തലക്കെട്ടുതന്നെ സാമ്പ്രദായിക വീക്ഷണങ്ങളെ തിരുത്തുന്നു. അമ്മയും നുണയും ഒരിക്കലും സമന്വയിപ്പിക്കേണ്ട ഗുണമല്ല. എന്നാൽ ഈ കഥ ആരംഭിക്കുന്നതുതന്നെ ഈ വൈരുദ്ധ്യങ്ങളെ സമന്വയിപ്പിച്ചു കൊണ്ടാണ്. ഈ ലോകത്തിൽ എന്നോട് ഏറ്റവും കൂടുതൽ നുണ പറഞ്ഞിട്ടുള്ളത് എന്റെ അമ്മയാണ് എന്ന ഏറ്റുപറച്ചിലിൽ മാതൃത്വത്തിന്റെ മഹത്വത്തിനു നേർക്കെറിയപ്പെട്ട പരിഹാസമാണ് ഉൾക്കൊള്ളുന്നത്. അമ്മയുടെ ദാമ്പത്യത്തിനിടയിലേക്ക് കുടമുല്ലപ്പൂക്കളുടെ സുഗന്ധവും ഒരു ചിരിയുടെ ഇന്ദ്രജാലവുമായി കടന്നുവന്ന ചെല്ലമ്മയക്കനെക്കുറിച്ചുള്ള പരാമർശങ്ങളും ചെല്ലമ്മയക്കന്റെ മരണവുമാണ് യാഥാർത്ഥ്യം/നുണ എന്നീ പരികല്പനകളെക്കുറിച്ച് കുഞ്ഞുമനസ്സിൽ വ്യത്യസ്തചിഹ്നം രൂപപ്പെടുത്തുന്നത്. ചെല്ലമ്മയക്കൻ ആത്മഹത്യ ചെയ്ത ദിവസം മരിച്ച വീട്ടിലേക്ക് പോകാൻ ഏറ്റവും നല്ല കുപ്പായമിട്ട് ഒരുങ്ങിയ മകളുടെ കൈയിൽ നിറം മങ്ങിയ കുപ്പായംകൊടുത്ത അമ്മയുടെ മുഖഭാവം വളരെ ഭദ്രമായിരുന്നു. ചെല്ലമ്മയക്കൻ മരിച്ചിട്ട് അമ്മയ്ക്ക് സന്തോഷം തോന്നുന്നുണ്ടോ എന്ന ചോദ്യങ്ങൾ യാഥാർത്ഥ്യം/നുണ എന്നീ വിപരീതങ്ങളെ എങ്ങനെയാണ് സമന്വയിക്കേണ്ടത് എന്നറിയാത്ത കുഞ്ഞു മനസ്സിന്റേതായിത്തീരുന്നു. ഏതാണ് യാഥാർത്ഥ്യം.? ഏതാണ് നുണ എന്നതറിയാത്തതുകൊണ്ടും സത്യത്തിന്റെ ചാരനിറത്തേക്കാൾ നുണയുടെ വർണ്ണഭംഗി ആകർഷിച്ചതുകൊണ്ടും അമ്മ അറിയാതെ നുണകൾ സ്വായത്തമാക്കുന്നതിൽ അൽഭുതകരമായ ആനന്ദമാണവൾ അനുഭവിക്കുന്നത്. വിലക്കുകളെ സാഹസികമായും ധൈര്യത്തോടും നേരിടുന്ന മനസ്സുതന്നെയാണിത്. സ്ത്രീയുടെ യഥാർത്ഥ്യ സ്വത്വത്തെ മറച്ചുവെച്ച് നുണകളുടെ ലോകം കൈമാറുന്നത് അമ്മയാണിവിടെ. വിവാഹിതയാകുന്ന മകളോട്, പുരുഷന്റെ മനസ്സിലേക്കുള്ള ഒറ്റവഴി, മനോരാജ്യം ഉപേക്ഷിച്ച് നേരത്തും കാലത്തും വച്ചുവിളമ്പുന്ന അടുക്കളക്കാരിയായിത്തീരുക എന്നാണെന്ന് അമ്മ ബോധ്യപ്പെടുത്തുന്നുണ്ട്. അടുക്കളയിൽ നിന്ന് കിടപ്പുമുറിയിലേക്കുള്ള ഭ്രമണം പക്ഷേ, ഒരിക്കലും പുരുഷ മനസ്സിലേക്കുള്ള വഴിയായിത്തീരുന്നില്ല എന്ന ക്രൂരയാഥാർത്ഥ്യം കണ്ടവൾ ഞെട്ടുന്നു. അതോടെ യാഥാർത്ഥ്യത്തെ അപ്പടി ഉപേക്ഷിക്കുകയും നുണയുടെ ലോകത്ത് വലിയൊരു നുണയായി തന്നെ സ്വയം പ്രതിഷ്ഠിക്കുകയും ചെയ്യുന്നു അമ്മ.

ജീവിതത്തെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന അഷിതയുടെ ഈ കഥകളിൽ ആവർത്തിച്ചു വരുന്ന കഥാപാത്രങ്ങളാണ് അമ്മയും കുഞ്ഞും. കുഞ്ഞുങ്ങൾക്കായി എന്തെങ്കിലും എഴുതണമെന്ന അഷിതയുടെ ചിരകാലാഭിലാഷവും, എഴുതുമെന്ന് ഗുരുവായ നിത്യചൈതന്യയതിക്കു നൽകിയ വാഗ്ദാനവും വിരൽചൂണ്ടുന്നത് അഷിതയെന്ന എഴുത്തുകാരി ഊന്നുന്ന ദർശനബോധമാണ്. ലോകത്തെ മാറ്റിത്തീർക്കുവാൻ നിയോഗിക്കപ്പെട്ട ഒരു പുതുതലമുറയുടെ കുട്ടികളുടെ ലോകസൃഷ്ടിയാണ് അഷിത ഉദ്ദേശിച്ചത്. ഏറ്റവും ധ്യാനാത്മക മനസ്സോടെ ഒരു കുഞ്ഞിന്റെ ലോകത്തെ പുതിയ ലോകകാഴ്ചകൾക്കായി രൂപപ്പെടുത്തുകയാണതിന്റെ ലക്ഷ്യം. മനസ്സിൽ നിന്ന് നിർമ്മിച്ചെടുക്കുന്ന കഥ പോലെ കുഞ്ഞിന്റെ ജനനം പോലെ അടയാളപ്പെടുത്തലാവശ്യമില്ലാത്ത സർഗ്ഗാത്മക പ്രതിരോധം സ്ത്രീയിൽ നിന്നു തന്നെയാണ് തുടങ്ങേണ്ടത് എന്ന ഉൾക്കാഴ്ചയും സമന്വയിച്ചതാണ് അഷിതയുടെ കഥാലോകം.

## Recap

- പുരുഷന്റെ കണ്ണുകൾ കൊണ്ടു മാത്രം കാണുകയും അവന്റെ ആശയാഭിലാഷങ്ങൾക്കൊത്ത് രൂപപ്പെടുകയും അവൻ നിർവ്വചിക്കുന്ന അർത്ഥങ്ങളുടെ സൂചകങ്ങളാവുകയും ചെയ്ത സ്ത്രീജീവിതത്തെ ആവിഷ്ക്കരിച്ച പരമ്പരാഗത സാഹിത്യ നിലപാടിനോടുള്ള കലഹത്തിൽ നിന്നാണ് സ്ത്രീവാദസാഹിത്യം ഉടലെടുത്തത്.
- വായനക്കാരന് മുഖം നോക്കാനുള്ള കണ്ണാടിയായിരിക്കണം തന്റെ കൃതികളെന്ന് ആഗ്രഹിച്ച കഥാകാരിയാണ് അഷിത.
- സ്വയംബോധ്യത്തിൽനിന്ന് ഓരോ പെൺജീവിതവും നുണകളിലൂടെ കാലാകാലങ്ങളായി പൂർത്തീകരിക്കുകയാണ് എന്ന കാഴ്ചപ്പാട് അഷിതയുടെ കഥകൾ അവതരിപ്പിക്കുന്നു. അങ്ങനെയാണ് ഒരു നുണപ്രപഞ്ചം സർഗ്ഗാത്മകതയുടെ ഊർജ്ജമായി അവരുടെ കഥാലോകത്ത് കാണാനാവുന്നത്.
- ഭക്ഷണവും ലൈംഗികതയും ചേരുന്നതാണ് സ്ത്രീയുടെ ആകർഷണീയത എന്ന ചരിത്രത്തിന്റെ നുണക്കഥയെ അട്ടിമറിക്കാനുള്ള ശ്രമമാണ് 'അമ്മ എന്നോട് പറഞ്ഞ നുണകൾ' എന്ന കഥയിലെ ആശയതലം.
- പുരുഷന് വേണ്ടി സ്വന്തം ശരീരവും ലൈംഗികതയും സ്ത്രീ ഒരുക്കിക്കൊടുക്കേണ്ടതാണെന്ന ബോധം കാലങ്ങളായി സമൂഹം സ്ത്രീയുടെ മേൽ അടിച്ചേൽപ്പിച്ച നുണയാണെന്ന ആശയം ഈ കഥ മുന്നോട്ടു വയ്ക്കുന്നു.
- സ്ത്രീയെക്കുറിച്ച് സമൂഹത്തിൽ നിലവിലുള്ള ധാരണകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് അവളുടെ യഥാർത്ഥസത്തയെന്ന് അഷിതയുടെ കഥകൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

## Objective Type Questions

1. എഴുത്ത് തനിക്ക് സ്വന്തം മുഖം നോക്കാനുള്ള കണ്ണാടിയാണെന്ന് പറഞ്ഞ എഴുത്തുകാരി ആര്?
2. സ്നേഹത്തേക്കാൾ തന്റെ കഥകളിൽ ഏത് ഘടകത്തിനാണ് അഷിത പ്രാധാന്യം നൽകുന്നത്?
3. 'അമ്മ എന്നോട് പറഞ്ഞ നുണകൾ' എന്ന കഥയോട് ചേർത്ത് വയ്ക്കാവുന്ന അഷിതയുടെ മറ്റൊരു കഥയേത്?
4. ജീവിതം നുണകളിൽ കെട്ടിപ്പൊക്കിയ കാപട്യത്തിന്റെ ലോകമാണെന്ന ആശയം അവതരിപ്പിക്കുന്ന അഷിതയുടെ കഥകളിൽ ആവർത്തിച്ചുവരുന്ന കഥാപാത്രങ്ങൾ ആരെല്ലാം?
5. 'അമ്മ എന്നോട് പറഞ്ഞ നുണകൾ' എന്ന കഥ മുന്നോട്ട് വയ്ക്കുന്ന പ്രധാന കാഴ്ചപ്പാടെന്ത്?
6. 'മനസ്സിലേക്കുള്ള ഒറ്റ വഴി അതാ, മറക്കണ്ടാ'. അമ്മ മകൾക്ക് ഉപദേശിച്ചു നൽകുന്ന ആ വഴി ഏത്?
7. സ്ത്രീവാദസാഹിത്യം രൂപപ്പെട്ട സാഹചര്യമെന്ത്?
8. അഷിതയുടെ കഥകളിൽ ആവർത്തിച്ചു വരുന്ന ഇതിവൃത്ത പരിസരമെന്ത്?

## Answers

1. അഷിത
2. സത്യത്തിന്
3. കല്ലുവെച്ചനുണകൾ
4. അമ്മയും കുഞ്ഞും
5. സമൂഹത്തിലെ സർഗാത്മക പ്രതിരോധം സ്ത്രീകളിൽ നിന്നാരംഭിക്കണം
6. സമയാസമയങ്ങളിൽ ഭർത്താവിന് വെച്ചു വിളമ്പി നല്കി വീട് പോറ്റുക
7. സ്ത്രീജീവിതത്തെ ആവിഷ്ക്കരിച്ച പരമ്പരാഗത സാഹിത്യ നിലപാടിനോടുള്ള കലഹത്തിൽ നിന്ന്
8. വൈവാഹിക ജീവിതത്തിലെ പൊരുത്തക്കേട്

## Assignments

1. അഷിതയുടെ കഥാലോകത്തെപ്പറ്റിയും അതിന്റെ സവിശേഷതകളെപ്പറ്റിയും ഉപന്യസിക്കുക.
2. 'അമ്മയും മകളും പ്രമേയമാകുന്ന കഥകളാണ് അഷിതയുടെ കഥാലോകത്തിന്റെ ഒരു പ്രത്യേകത'-ശരിയോ? വിശദമാക്കുക.
3. 'അമ്മ എന്നോടു പറഞ്ഞ നുണകൾ' എന്ന കഥയിലെ അമ്മയും മകളും സാമൂഹിക വ്യവസ്ഥിതിയുടെ ഇരകളാണ്'-ശരിയോ? വിശദമാക്കുക.

## Suggested Readings


1. അഷിത, അമ്മ എന്നോട് പറഞ്ഞ നുണകൾ, മംഗളോദയം, തൃശൂർ, 2006.
2. കുഞ്ഞിക്കണ്ണൻ വാണിമേൽ, കഥാമനസ്, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2008.
3. ഡോ. എം .ലീലാവതി, സ്ത്രീ സ്വത്വാവിഷ്കാരം ആധുനിക മലയാള സാഹിത്യത്തിൽ, കേരളസാഹിത്യഅക്കാദമി, തൃശൂർ, 2008.
4. എസ്. ശ്രീജിത്ത്, കഥയിലെ ഹിരണ്മയകാന്തി, റെയിൻബോ ബുക്സ്, കോഴിക്കോട്, 2005.

# യൂണിറ്റ് - 3
# ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം
### സുഭാഷ് ചന്ദ്രൻ

## Learning Outcomes

- സുഭാഷ് ചന്ദ്രന്റെ കഥകളെക്കുറിച്ച് അറിവ് നേടുന്നു
- ഉത്തരാധുനിക കഥാലോകത്ത് സുഭാഷ് ചന്ദ്രന്റെ സ്ഥാനം കണ്ടെത്തുന്നു
- പ്രകൃതിദുരന്തങ്ങളെ കഥകളാക്കി മെനയുന്ന കഥാകാരന്റെ രചനാതന്ത്രങ്ങളെ പരിചയപ്പെടുന്നു
- ഘടികാരങ്ങൾ നിലക്കുന്ന സമയം എന്ന കഥയുടെ സവിശേഷതകൾ തിരിച്ചറിയുന്നു

## Prerequisites

മലയാളത്തിലെ ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ പ്രമുഖനാണ് സുഭാഷ് ചന്ദ്രൻ. മാതൃഭൂമി ആഴ്ചപ്പതിപ്പു നടത്തിയ ചെറുകഥാമൽസരത്തിലൂടെ അദ്ദേഹം ചെറുകഥാരംഗത്തു പ്രവേശം ചെയ്തു. ആദ്യ ചെറുകഥാസമാഹാരത്തിനും (ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം) ആദ്യ നോവലിനും (മനുഷ്യന് ഒരു ആമുഖം) കേരള സാഹിത്യ അക്കാദമി പുരസ്കാരവും വയലാർ അവാർഡും ലഭിച്ചു. ഈ നോവലിനു തന്നെ ഓടക്കുഴൽ പുരസ്കാരവും കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരവും ലഭിച്ചു. സുഭാഷ് ചന്ദ്രന്റെ എല്ലാ കഥകളും മനുഷ്യന്റെ ക്ഷണികതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം, പറുദീസാ നഷ്ടം, തല്പം, ബ്ലഡി മേരി, വിഹിതം എന്നീ ചെറുകഥാസമാഹാരങ്ങളും മധ്യേയിങ്ങനെ കാണുന്ന നേരത്ത്, ദാസ് ക്യാപിറ്റൽ എന്ന ഓർമക്കുറിപ്പുകളുമാണ് മറ്റ് പ്രധാന കൃതികൾ.

സുഭാഷ് ചന്ദ്രന്റെ കഥകൾ എൺപതുകളുടെ ഒടുക്കത്തിൽ മലയാളി ജീവിതത്തിന്റെ നിലനില്പിന്റെ അടിസ്ഥാനങ്ങളായ അബോധപർവ്വങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് പുറത്തുവന്നത്. രാഷ്ട്രീയ സാമൂഹിക ഭൂമികയിൽ വന്ന തെളിച്ചക്കുറവുകൾ, സന്ദേഹങ്ങൾ, മനുഷ്യമുന്നേറ്റങ്ങളിലും ആനന്ദങ്ങളിലും കുടികൊള്ളുന്ന കൊടിയ ഹിംസകൾ ഇതെല്ലാം അതീവ സൂക്ഷ്മതയോടെ അവതരിപ്പിക്കുവാൻ സുഭാഷിനായി. തൊണ്ണൂറുകളിലെ മലയാളി സുഭാഷ് ചന്ദ്രന്റെ കഥകളിൽ നിന്നു അവനെത്തന്നെ കണ്ടെടുത്തു. അങ്ങനെ കണ്ടെടുത്ത ആത്മരൂപങ്ങളുടെ വൈകൃതങ്ങൾ അവന്റെ ഉറക്കം കെടുത്തി. ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം, പറുദീസാ നഷ്ടം, തല്പം, ബ്ലഡിമേരി എന്നീ കഥാസമാഹാരങ്ങളിലൂടെ വളരെ കുറച്ചു കഥകൾ മാത്രമാണ് സുഭാഷ് ചന്ദ്രൻ രചിച്ചിട്ടുള്ളത്. എന്നാൽ അവയോരോന്നും മലയാളകഥയെ ഇതര സാഹിത്യരൂപങ്ങളിൽ നിന്നു ബഹുദൂരം മുന്നോട്ടു നടക്കാൻ പ്രാപ്തമാക്കുന്നവയായിരുന്നു

1993 സെപ്തംബർ 30-ന് ലാത്തൂർ ജില്ലയിലും മഹാരാഷ്ട്രയിലെ സമീപജില്ലകളിലും ഒരു വിനാശകരമായ ഭൂകമ്പമുണ്ടായി. "നാശത്തിന്റെയും കഷ്ടപ്പാടുകളുടെയും ചിത്രങ്ങൾ വായനക്കാരെ ഭയപ്പെടുത്തുന്ന തരത്തിൽ വിവിധ മാധ്യമങ്ങളിൽ പ്രദർശിപ്പിച്ചു. പുലർച്ചെ

4:00 മണിക്ക് ഓട്ടം നിർത്തിയ ഒരു വാച്ച് ആ ചിത്രത്തിലുണ്ടായിരുന്നു. ഈ ചിത്രവും നഷ്ട പ്പെട്ട ഒരു കുട്ടിയെ മാതാപിതാക്കൾ തിരയുന്ന മറ്റൊരു വാർത്തയും സംയോജിപ്പിച്ച് ഒരു കഥയായി, ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം." ഈ കഥയുടെ പിറവിയെക്കുറിച്ച് കഥാ കൃത്ത് പറയുന്ന വാക്കുകളാണിത്. മഹാരാഷ്ട്രയിലെ ലാത്തൂരിൽ നടന്ന ഭൂകമ്പത്തെത്തു ടർന്ന് വന്ന ഒരു ടി.വി. ദൃശ്യവും പത്രത്തിലെ ചിത്രവുമാണ് സുഭാഷ് ചന്ദ്രന്റെ ഘടികാ രങ്ങൾ നിലയ്ക്കുന്ന സമയം എന്ന ചെറുകഥയിലേക്ക് നയിച്ചത്. തകർന്നു തരിപ്പണമായ ഒരു വാച്ചുകടയുടെ ഉള്ളിൽനിന്ന് ദൂരദർശൻ ഛായാഗ്രാഹകൻ പകർത്തിയ തകർന്ന ഘടി കാരത്തിന്റെ ചിത്രമായിരുന്നു ഒന്ന്. രണ്ടാമത്തേത് ശവശരീരങ്ങൾക്കിടയിൽ തന്റെ കനത്ത ഏകാന്തത തിരിച്ചറിയാൻ പോലും പ്രായമായിട്ടില്ലാത്ത ഒരു കുഞ്ഞിരുന്ന് കരയുന്ന ചിത്ര വും. 'ബുക്കാറാം വിത്തൽ' എന്ന അമ്പതു വയസ്സുകാരൻ കള്ളൻ ഭാവനയിൽ പിറന്നതോ ടെയാണ് സുഭാഷ്ചന്ദ്രൻ എന്ന കഥാകൃത്ത് പിറന്നത് എന്നു വേണമെങ്കിൽ പറയാം. ഈ കഥ മാതൃഭൂമി കോളേജ് വിദ്യാർത്ഥികൾക്കായി നടത്തിയ മത്സരത്തിൽ ഒന്നാം സമ്മാനം നേടുകയും ചെയ്തു.

## Key Themes

- ഖില്ലാരി ഗ്രാമത്തിൽ ഉണ്ടാകുന്ന ഭൂകമ്പം
- ഭൂകമ്പത്തിൽ തകർന്ന ശൈലേന്ദ്ര ബിസ്മേയുടെ വാച്ച് കട
- ഭൂകമ്പത്തിൽ തകർന്ന വാച്ച് കടയിൽ നിലയ്ക്കാത്ത ഘടികാരം തിരയുന്ന കള്ളനായ ബുക്കാറാം
- കെട്ടിടാവശിഷ്ടങ്ങൾക്ക് അകത്തുനിന്ന് ലഭിക്കുന്ന കുഞ്ഞും നിലയ്ക്കാത്ത ഘടികാരവും
- കുഞ്ഞും നിലയ്ക്കാത്ത ഘടികാരവുമായി ഭൂകമ്പത്തിൽ മറയുന്ന ബുക്കാറാം

## Discussion

ഖില്ലാരി ഗ്രാമത്തിലെ ഉഗ്രമായ ഭൂകമ്പത്തെ ഹൃദയസ്പർശിയായി വിവരിച്ചു കൊണ്ടാണ് കഥ ആരംഭിക്കുന്നത്. "കൊടുങ്കാറ്റിൽ, നടു ക്കടലിലകപ്പെട്ടുപോയ ഒരു കപ്പലിനെപ്പോലെ ഖില്ലാരി ഗ്രാമം ആടിത്തുടങ്ങി. ഡക്കാണിലെ കൽച്ചീളുകൾ കൊണ്ടു കെട്ടിപ്പടുത്ത വീടുകൾ ചരടുപൊട്ടിയ കൂത്തുപാവകളെപ്പോലെ താഴേ ക്കിരുന്നു. ഓരോ വീടിനകത്തും വിളഞ്ഞ മു ന്തിരികളും കരിമ്പുകളും സ്വപ്നം കണ്ടുറങ്ങിയ ജന്മങ്ങളെ കല്ലും മരവും ഉതിർന്നു തല്ലിക്കെടു ത്തി" എന്നെഴുതി ആ സംഭവം എങ്ങനെയാണ് ഗ്രാമീണരെ ബാധിച്ചതെന്നു കഥാകൃത്ത് ലളിത മായി പറഞ്ഞുവെയ്ക്കുന്നു.

ഭൂകമ്പത്തിൽ തകർന്ന ശൈലേന്ദ്രബിസ്മേ യുടെ വാച്ച്കടയെയും ബുക്കാറാം വിത്തൽ എന്ന കള്ളനെയും കേന്ദ്രീകരിച്ചാണ് കഥ മു ന്നോട്ട് പോവുന്നതെങ്കിലും വിനാശത്തിന്റെ വക്കിലും മനുഷ്യർ കൈവിടാൻ കൂട്ടാക്കാത്ത ഒരു കാരുണ്യത്തിന്റെ നിലവിളി ഈ കഥയിലു ണ്ട്. തനിക്ക് മുന്നിൽ ലോകം സ്തംഭിച്ച് നിൽ ക്കുമ്പോഴും ആ ശവപ്പറമ്പിൽ നിന്ന് കാലത്തെ മോഷ്ടിക്കാനാണ് ബുക്കാറാമിന്റെ ശ്രമം. ബുക്കാ റാമിനെ ഒരു കള്ളനായി കാണാൻ ശൈലേന്ദ്ര യ്ക്ക് താത്പര്യമുണ്ടായിരുന്നില്ല. "ബുക്കാറാം", മൂന്നു മാസങ്ങൾക്കുമുമ്പ് ഒരു രാത്രിയിൽ കട പൂട്ടി ഇറങ്ങുന്ന ശൈലേന്ദ്ര ബിസ്മേ തിണ്ണയിൽ ചാക്കുവിരിച്ചു കഴിഞ്ഞിരുന്ന ബുക്കാറാമിനോടു പറഞ്ഞു: "നീ കള്ളനാണെന്നു ഗ്രാമം മുഴുവൻ പറയുന്നു. പക്ഷേ, എന്റെ ക്ലോക്കുകൾ മോ ഷ്ടിക്കപ്പെടുന്നതുവരെ നീ എനിക്കു കള്ളനല്ല. ഞാൻ കൂടി നിന്നെ കള്ളനെന്നു വിളിക്കാൻ നീ ആഗ്രഹിക്കുന്നില്ല, അല്ലേ ബുക്കാറാം?"സമൂഹം കള്ളനെന്നു മുദ്രചാർത്തുന്നവനിലും നന്മയുടെ വെളിച്ചം കണ്ടെത്താനാണ് ശൈലേന്ദ്ര ശ്രമിക്കു ന്നത്.

ശൈലേന്ദ്രയുടെ വാച്ചുകട ഭൂകമ്പത്തിൽ പ്പെട്ട് ചിന്നിച്ചിതറിക്കിടക്കുമ്പോഴും അതിനിടയിൽനിന്ന് നിലയ്ക്കാത്ത ഒരു ഘടികാരമെങ്കിലും തെരഞ്ഞ് പിടിക്കുകയാണ് ബുക്കാറാമിന്റെ ലക്ഷ്യം. ഒടുവിൽ, ബുക്കാറാമിന്റെ മോഷണ ത്തഴമ്പുകളിൽ, ബിസ്മേയുടെ തകർന്നു പോയ മേശയ്ക്കടിയിൽ കമിഴ്ന്നുകിടന്നിരുന്ന, ചലനം നിലച്ചിട്ടില്ലാത്ത ഒരു ഘടികാരം തടഞ്ഞു. ആയിരം മൃതദേഹങ്ങൾക്കിടയിൽനിന്ന് ഉറ്റവന്റെ ചേതനയുള്ള ശരീരം കണ്ടു കിട്ടിയ ഒരുവനെ പോലെ അയാൾ ആനന്ദിച്ചു വിയർത്തു. ചതുരക്കള്ളിയുടെ മൂലയിൽ അതിന്റെയും ചില്ല് അല്പം ഉടഞ്ഞിരുന്നു. എങ്കിലും കൃത്യതയുള്ളതിന് എന്നും വില കിട്ടും എന്ന ആശ്വാസത്തിൽ നിശ്വസിച്ച് ബുക്കാറാം നിവർന്നു. ശാപങ്ങളുടെ കുത്തൊഴുക്കിൽ മുങ്ങിത്തപ്പി മറവിയെ വെല്ലുന്ന ഒരു സ്മാരകവുമായി അയാൾ ഉയർത്തെഴുന്നേൽക്കുകയാണ്. കാലം തന്നെ നിലച്ചിരിക്കുമ്പോൾ ഘടികാരത്തിനെന്ത് വില എന്നതൊന്നുമായിരുന്നില്ല. അപ്പോൾ അയാൾക്ക് പ്രശ്നം. ശവപ്പറമ്പിൽ ആ ജീവന് വിലകൂടുകയേയുള്ളൂ എന്നായിരിക്കാം അയാൾ ചിന്തിച്ചത്.

ബുക്കാറാം ഘടികാരത്തിന്റെ മുഴുപ്പിൽനിന്ന് കൈകൾ സ്വതന്ത്രമാക്കി. മഴക്കോളിനെ ഭയക്കുന്ന രോഗിയായ ഒരുവനെപ്പോലെ, പകുതി മാഞ്ഞ ഒരക്ഷരംപോലെ നിന്ന കോൺക്രീറ്റിന്റെ ഒരെടുപ്പിന്റെ ചോലയിലേക്കു പതുക്കെ നടന്നുചെന്ന് അവിടെ ചാരിയിരുന്നു. ഇരുപ്പിന്റെ മടക്കുകളിൽ ഘടികാരം തടഞ്ഞപ്പോൾ അയാൾ അതു പുറത്തെടുത്തു. എട്ടുമണിയിലേക്കു സൂചികൾ ശിരസ്സെത്തിക്കുകയായിരുന്നു. പൊടുന്നനേ അയാൾ ശൈലേന്ദ്ര ബിസ്മേയെക്കുറിച്ചോർത്തു. ബസ്തിയുടെ അപ്പുറം തകർന്നുകിടന്ന ബിസ്മേയുടെ ചെറിയ വീട് ഇപ്പോൾ മറകളകന്ന് നേരേ കാണാമായിരുന്നു. പുതപ്പുകൊണ്ടു മൂടിയ ഒരു മൃതദേഹത്തെ കാക്കിയുടുപ്പിട്ട രണ്ടുപേർ ചേർന്ന് വലിച്ചുനീക്കുന്നത്, നെറുകയടിച്ചുവീണ പെരുമഴയുടെ തിരശ്ശീലയിലൂടെ ബുക്കാറാം കണ്ടു. ബിസ്മേയുടെ ബന്ധുക്കളിൽ ജീവനവശേഷിച്ച ഒരേയൊരെണ്ണം അപ്പോൾ ബുക്കാറാമിന്റെ മടിയിലിരുന്ന് എട്ടുമണിയുടെ സംഗീതം പുറപ്പെടുവിച്ചു.

ഹ്രസ്വമായ ഈ യന്ത്രവിലാപത്തിനൊടുവിൽ മറ്റൊരു ഞരക്കം ഒരു സാന്നിദ്ധ്യമായി ബുക്കാറാം അറിഞ്ഞു. അമ്മേയെന്ന് പാതിമുറിഞ്ഞ ഒരു വിളി, ശ്വാസംമുട്ടിയ ഒരു കണ്ഠത്തിന്റെ വിങ്ങൽ അങ്ങനെ എന്തോ ഒന്ന് തന്റെ സമീപത്തുനിന്നുയരുന്നതറിഞ്ഞു അയാൾ ചുറ്റും കണ്ണുകൾ വിതറി. വീണുചിതറിയ ചില്ലുജാലകങ്ങൾക്കരികെ, പൊടിഞ്ഞു തൂർന്ന ചുടുകട്ടകൾക്കിടയിലായി എന്തോ ഒന്നനങ്ങിയതുപോലെ! ചെറിയ ഇലയനക്കങ്ങൾ പോലും ഏതു കൂരിരുട്ടിലും തിരിച്ചറിയുന്ന കണ്ണകൾക്കു മുന്നിൽ ഒരു കുഞ്ഞിക്കൈയുടെ ചലനം. പെരുമഴയുടെ പെരുമ്പറയ്ക്കിടയിൽ വളരെ ചെറിയ ശബ്ദത്തിൽ അമ്മയെന്ന അടഞ്ഞ തൊണ്ടയിലൂടെ ഒരു വിളി.

ബുക്കാറാം അറിയാതെ എഴുന്നേറ്റുപോയി. മഴയിലേക്കിറങ്ങി, കൽക്കൂമ്പാരത്തിലേക്കു കയറി, ചുടുകട്ടകളും സ്ഫടികച്ചീളുകളും ശ്രദ്ധയോടെ നീക്കി ദിവസത്തിലെ രണ്ടാമത്തെ തിരച്ചിൽ തുടങ്ങി അയാൾ. ബുക്കാറാമിന്റെ ഹൃദയം നെടുകെയും കുറുകെയും ചാഞ്ചാടി. ഒരു മരത്തൊട്ടിലിന്റെ പാളി ശ്രമപ്പെട്ടു നീക്കിയപ്പോൾ അയാൾ ആ കൈ മുഴുവനായി കണ്ടു. തുടുത്ത വിരലുകളിൽ കുഞ്ഞുനഖങ്ങൾ. അഞ്ചു മിനിട്ടുകൂടി കഴിഞ്ഞപ്പോൾ ചുണ്ട് മാത്രം മുറിഞ്ഞ് ചോരയൊലിപ്പിച്ചു കിടന്ന ഒരാൺകുഞ്ഞിനെ മുഴുവനായി ബുക്കാറാമിനു കിട്ടി. മഴ മുഖത്തു തല്ലിയപ്പോൾ കുഞ്ഞ് പതുക്കെ കണ്ണുകൾ തുറന്നു. വിദൂരസ്ഥമായ രണ്ടു നക്ഷത്രങ്ങളെപ്പോലെ കണ്ണുകൾ മിന്നിക്കൊണ്ടിരുന്നു. പിന്നെ പതിയെ ബുക്കാറാമിന്റെ പരുക്കൻ കൈത്തണ്ടയിൽ തന്റെ ചുവന്ന കൈയാൽ അമർത്തിപ്പിടിച്ചു. ആ മൃദുസ്പർശം ബുക്കാറാമിനെ ബാല്യകാല ഓർമകളിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു.

ബുക്കാറാം കുഞ്ഞിനെയും കൊണ്ട് ഒരിടത്തൊരുങ്ങിനിന്നു. ഉറ്റവരില്ലാത്ത ഒരു കുഞ്ഞും ചുമരുകളില്ലാത്ത ഒരു ഘടികാരവും ബുക്കാറാമിൽ സന്ധിച്ചു. ക്ലോക്കിൽ വെറുതെ നോക്കിയപ്പോൾ അതിന്റെ ചലനം എട്ടുമണി കഴിഞ്ഞ് പത്തു മിനുട്ടിൽ നിലച്ചുപോയതായിക്കണ്ടു. ഒടുവിൽ ഭൂകമ്പത്തിന്റെ തുടർചലനങ്ങളിൽ പെട്ട് കുഞ്ഞും ഘടികാരവുമൊത്ത് ഭൂമിയുടെ ആഴത്തിലേക്ക് അദ്ദേഹം മറയുന്നു.

ഉപമകളുടെ ഒരുത്സവം തന്നെയാണ് ഈ കഥയിലെമ്പാടും. ഭൂകമ്പത്തിൽപ്പെട്ട് ഒരു തൊട്ടിലിലെന്നപോലെ താൻ ആടിയുലയുകയാണ് എന്ന ബുക്കാറാമിന്റെ ചിന്തയിൽ അത് തുടങ്ങുന്നു. എല്ലാം തകർന്നടിയുമ്പോൾ ലോകത്തിന് ഒരു തൊട്ടിലിനോട് സാദൃശ്യം കല്പിച്ച വൈരുദ്ധ്യത്തിൽ ഒരു വിപരീതഭാവനയുണ്ട്. മാത്രമല്ല ഒരു മോഷ്ടാവിന് പെട്ടെന്ന് ഒരു തൊട്ടിലിലിരുന്ന് താൻ ലോകം കാണുന്നതായി തോന്നാൻ കാരണം അയാളിൽ ഉറങ്ങിക്കിടക്കുന്ന ഹൃദയനൈർമല്യത്തിന്റെ ശൈശവഭാവമാണ്. കൊടുങ്കാറ്റിൽ നടുക്കടലിൽ അകപ്പെട്ട ഒരു കപ്പലിനെപ്പോലെ ഖില്ലാരി ഗ്രാമം ആടിത്തുടങ്ങി, ചീട്ടുകൾ ചിതറുന്നതുപോലെ കടയുടെ മേൽക്കൂരയിൽനിന്ന് ഓടുകൾ ബന്ധമറ്റുവീണു തുടങ്ങിയ പ്രയോഗങ്ങളിലേക്കും കഥാകൃത്തിന്റെ ഉപമകൾ നീളുന്നു. ആയിരം മൃതദേഹങ്ങൾക്കിടയിൽനിന്ന് ഉറ്റവന്റെ ചേതനയുള്ള ശരീരം കണ്ടുകിട്ടിയാലുള്ള സന്തോഷമായിരുന്നു നിലച്ച വാച്ചുകൾക്കിടയിൽ നിന്ന് ജീവനോടെ ഒരു ഘടികാരം കിട്ടിയപ്പോൾ അയാൾക്കുണ്ടായത് എന്ന സാദൃശ്യമാണ് അവയിൽ ഏറ്റവും അർത്ഥവത്തായത്. ഒരു കുഞ്ഞിനെ കളഞ്ഞുകിട്ടുമ്പോൾ കള്ളനിൽ ഉണരുന്ന മാനവികതയെ ആവിഷ്കരിക്കാൻ കഥാകൃത്ത് നടത്തിയ ശ്രമം കലിബാധിച്ച പിശാചിൽ നിന്നും ആർദ്രതയെ പുനഃസൃഷ്ടിക്കാനുള്ള മുഹൂർത്തത്തെ തിരികെക്കൊണ്ടുവരാനുള്ളതാണ്. കരുണവറ്റിയ അയാളുടെ മുഖത്തേക്ക് പെയ്തിറങ്ങുന്ന കുഞ്ഞിന്റെ മുഖം ബുക്കാറാമിൽ തെളിയുന്നതായി നമുക്ക് തോന്നുന്നിടത്താണ് കഥാകൃത്തിന്റെ വിജയം.

## Recap

- സുഭാഷ് ചന്ദ്രന്റെ രചനകൾ, അവയുടെ സവിശേഷതകൾ
- ഖില്ലാരിഗ്രാമത്തിലെ വാച്ച് കടക്കാരനായി ശൈലേന്ദ്രയും കള്ളനായ ബുക്കാറാമും തമ്മിൽ നടക്കുന്ന സംഭാഷണങ്ങൾ
- ഖില്ലാരി ഗ്രാമത്തിൽ ഉണ്ടായ ഉഗ്രമായ ഭൂകമ്പം
- വിനാശത്തിന്റെ പക്കിലും മനുഷ്യൻ കൈവിടാത്ത കാരുണ്യത്തിന്റെ നിലവിളി
- തകർന്ന വാച്ച് കടയിൽ നിലയ്ക്കാത്ത ഒരു ഘടികാരം തിരഞ്ഞു കണ്ടെത്തുന്ന ബുക്കാറാം
- കെട്ടിടാവശിഷ്ടങ്ങളിൽ നിന്ന് ലഭിക്കുന്ന ആൺകുഞ്ഞിനെ ഏറ്റെടുക്കുന്ന ബുക്കാറാം
- കള്ളനായ ബുഖാറാമിൽ ഉണരുന്ന മാനവികതാബോധം
- കലി ബാധിച്ച പിശാചിൽ നിന്നും ആർദ്രതയെ പുനഃസൃഷ്ടിക്കാനുള്ള മുഹൂർത്തം സൃഷ്ടിക്കുന്ന കഥാകൃത്ത്

## Objective Type Questions

1. 'മധ്യേയിങ്ങനെ കാണുന്ന നേരത്ത്' ആരെഴുതിയ കഥാസമാഹാരമാണ്?
2. പറുദീസാ നഷ്ടം ആരെഴുതിയ കഥയാണ്?
3. 'ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം' എന്ന കഥയ്ക്ക് ആധാരമായ സംഭവം എന്ത്?
4. 'ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം' എന്ന കഥയിലെ പ്രധാന കഥാപാത്രമായ കള്ളന്റെ പേരെന്ത്?
5. വാച്ച് കട നടത്തുന്ന ശൈലേന്ദ്ര ബിസ്മേയുടെ ഭൂകമ്പത്തിൽ തകർന്ന കടയ്ക്കുള്ളിൽ ബുക്കാറാം തിരയുന്നതെന്ത്?
6. കള്ളനായ ബുക്കാറാം വിത്തലിനെ കേന്ദ്രകഥാപാത്രമാക്കി അവതരിപ്പിക്കുന്ന സുഭാഷ് ചന്ദ്രന്റെ കഥ ഏത്?
7. ഭൂകമ്പത്തിൽ പെട്ട് തൊട്ടിലിലെന്ന പോലെ താൻ ഉലയുകയാണെന്ന് തോന്നിയതാർക്കാണ്?

8. കെട്ടിടാവശിഷ്ടങ്ങൾക്കകത്തു നിന്നും ബുക്കാറാം വിത്തൽ കണ്ടെത്തുന്നതെന്ത്?
9. ഭൂകമ്പത്തിൽ കുഞ്ഞും ഘടികാരവുമായി മറയുന്ന കഥാപാത്രം ഏത്?
10. ഖില്ലാരി ഗ്രാമത്തിലെ ഭൂകമ്പത്തിന്റെ കഥ പറയുന്ന സുഭാഷ് ചന്ദ്രന്റെ കഥയേത്?

## Answers

1. സുഭാഷ് ചന്ദ്രൻ
2. സുഭാഷ് ചന്ദ്രൻ
3. മഹാരാഷ്ട്രയിലെ ഖില്ലാരി ഗ്രാമത്തിൽ ഉണ്ടായ ഭൂകമ്പം
4. ബുക്കാറാം വിത്തൽ
5. നിലയ്ക്കാത്ത ഘടികാരം
6. ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം
7. ബുക്കാറാം വിത്തലിന്
8. ഒരാൺകുട്ടിയെ
9. ബുക്കാറാം വിത്തൽ
10. ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം

## Assignments

1. 'ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം' എന്ന കഥയിലെ ബുക്കാറാം വിത്തൽ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.
2. ''ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം എന്ന കഥാശീർഷകം എത്രത്തോളം ഉചിതമാണ്'' -ചർച്ച ചെയ്യുക.

## Suggested Readings


1. ഡോ. പി. കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
2. തോമസ് ബേബി (എഡി), മലയാള ചെറുകഥയിലെ പുരുഷായിതങ്ങൾ, മലയാള വിഭാഗം സെന്റ് തോമസ് കോളേജ്, പാല.
3. മാർക്കോസ് വി. പി.(എഡി), സമകാലിക മലയാള ചെറുകഥ : വഴിയും പൊരുളും, പി. ജി. നായർ സ്മാരക ഗവേഷണ കേന്ദ്രം, മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.

# യൂണിറ്റ് - 4
# കൊമാല

**സന്തോഷ് ഏച്ചിക്കാനം**

## Learning Outcomes

- ഉത്തരാധുനിക കഥയുടെ സവിശേഷതകൾ കണ്ടെത്തുന്നു
- സന്തോഷ് ഏച്ചിക്കാനത്തിന്റെ സാഹിത്യ ലോകത്തെ പരിചയപ്പെടുന്നു
- കൊമാല എന്ന കഥയുടെ രൂപപരവും ഭാവപരവുമായ സവിശേതകൾ മനസ്സിലാക്കുന്നു
- നവ മാധ്യമ സംസ്കാരത്തിന്റെ സമകാല സമീപനരീതികളെ പ്രശ്നവത്ക്കരിക്കുന്നു

## Prerequisites

ആധുനികാനന്തര കഥകൾ കഥയുടെ ക്രാഫ്റ്റിനെ പല നിലയിൽ പുതുക്കിപ്പണിയുകയുണ്ടായി. ആഗോളവത്ക്കരണവും നവമാധ്യമ സംസ്കാരവും കഥയുടെ കേന്ദ്രപ്രമേയത്തെ ഏറെ സ്വാധീനിച്ചു. കഥ പറച്ചിൽ എന്ന പരമ്പരാഗത രീതിയിൽ നിന്ന് കഥയുടെ ദൃശ്യവത്ക്കരണം എന്നതിലേയ്ക്ക് ക്രാഫ്റ്റ് വികസിച്ചു. നവമാധ്യമങ്ങളും നവജീവിത സന്ദർഭങ്ങളും ചെറുകഥയ്ക്കുള്ളിൽ ദൃശ്യഭാഷ നിർമ്മിക്കുന്നതിന് കാരണമായി. മാറി വരുന്ന കാലത്തെ പകർത്തുന്നതിനോടൊപ്പം മാറിയ ലോകത്തിന് നഷ്ടമായ മൂല്യങ്ങളെയും പുതുകഥ ഉയർത്തിപ്പിടിയ്ക്കാൻ തുടങ്ങി. എൻ.എസ്.മാധവന്റെ ഹിഗ്വിറ്റയിൽ നിന്ന് ആരംഭിക്കുന്ന മാറ്റം മലയാള ചെറുകഥയെ നവഭാവുകത്വത്തിലേയ്ക്ക് കൊണ്ടുചെന്നെത്തിച്ചു. മലയാള ചെറുകഥാ ചരിത്രത്തിൽ മാറ്റത്തിന്റെ കൊടുങ്കാറ്റടിപ്പിച്ച ചെറുകഥയായിത്തീർന്നു കൊമാല. ഒരു പക്ഷേ 1992-ൽ പുറത്തുവന്ന എൻ.എസ്സ് മാധവന്റെ 'ഹിഗ്വിറ്റ' എന്ന കഥ നമ്മുടെ ചെറുകഥാരംഗത്തുണ്ടാക്കിയ വൻ മാറ്റത്തിനു സമാനമായിരുന്നു അത്. ഈ കഥ മലയാളിയുടെ നിസ്സംഗമനോഭാവത്തെ മാത്രമല്ല തൊട്ടത്. ദൃശ്യമാധ്യമങ്ങളെ, പൊങ്ങച്ചപ്രകടനം മാത്രം ലക്ഷ്യമാക്കി ചർച്ചകളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥപ്രമാണിമാരെ, തട്ടിപ്പു വീരന്മാരെ എന്നു വേണ്ട സമസ്ത മലയാളിക്കും അപ്രതീക്ഷിതമായി കിട്ടിയ ഒരടിയായിരുന്നു ആ ചെറുകഥ. അതിന് ശേഷം വന്ന കഥകളിലെല്ലാം തന്നെ ദൃശ്യഭാഷ വളരെ പ്രധാനപ്പെട്ട സ്ഥാനം വഹിക്കുന്നതു കാണാം. അക്കൂട്ടത്തിൽ ശ്രദ്ധേയമായ കഥയാണ് സന്തോഷ് ഏച്ചിക്കാനം രചിച്ച 'കൊമാല' എന്ന ചെറുകഥ.

കാസർഗോഡ് ജില്ലയിലെ ഏച്ചിക്കാനത്ത് 1971-ൽ ജനിച്ചു. ഒറ്റവാതിൽ, കൊമാല, നരനായും പറവയായും, കഥാപാത്രങ്ങളും പങ്കെടുത്തവരും, ഒരു ചിത്രകഥയിലെ നായാട്ടുകാർ, മാംഗല്യം തന്തു നാൻ ദേന, എൻമകജെ പഠനങ്ങൾ, കഥകൾ, ശ്വാസം, ബിരിയാണി, ഒരു പിടി ഗോതമ്പ് തുടങ്ങിയവയാണ് പ്രധാനപ്പെട്ട കൃതികൾ. നവംബർ റെയ്ൻ, നിദ്ര, ബാച്ച്ലർ പാർട്ടി, അന്നയും റസൂലും, ഞാൻ സ്റ്റീവ് ലോപ്പസ് തുടങ്ങിയവയാണ് തിരക്കഥകൾ. 'കൊമാല' എന്ന കഥാസമാഹാരത്തിന് 2008-ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരവും 2010-ലെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ സാഹിത്യപുരസ്കാരവും ലഭിച്ചിട്ടുണ്ട്.

## Key Themes

- മരിച്ചവരുടെ നഗരമായ കൊമാല
- ആഗസ്റ്റ് 15 ന് ആത്മഹത്യ ചെയ്യുമെന്ന ബോർഡ് വീടിനു മുന്നിൽ പ്രദർശിപ്പിച്ച വിശ്വൻ
- വിശ്വനെ വളയുന്ന മാധ്യമലോകം

## Discussion

വർത്തമാനകാല കേരളത്തിന്റെ ജീവിതാവസ്ഥകളെ മുൻനിർത്തി സന്തോഷ് ഏച്ചിക്കാനം രചിച്ച ചെറുകഥയാണ് 'കൊമാല'. മെക്സിക്കൻ എഴുത്തുകാരനായ ഹുവാൻ റൂൾഫോയുടെ 'പെദ്രോ പാരമോ' എന്ന നോവലിലെ ഒരു ഗ്രാമമാണ് 'കൊമാല.' അവിടുത്തെ കാറ്റിനു പോലും പുളിച്ച നാറ്റം മാത്രം. തകർന്നടിഞ്ഞു കിടക്കുന്ന കെട്ടിടാവശിഷ്ടങ്ങൾ. മനുഷ്യന്റെ കാൽ പതിഞ്ഞിട്ട് പതിറ്റാണ്ടുകൾ കഴിഞ്ഞ ഇടവഴികൾ. എരിഞ്ഞടങ്ങുവാൻ കൂട്ടാക്കാത്ത നിരവധി മോഹങ്ങളുമായി ഒരു കൂട്ടം ആത്മാക്കൾ കാറ്റുപോലെ അലയുന്ന വിജനമായ ഗ്രാമം കൊമാല. ഈ ഗ്രാമത്തിന്റെ പേരാണ് കഥാകാരൻ ചെറുകഥയ്ക്ക് നൽകിയിരിക്കുന്നത്. കൊമാല എന്ന കഥയിലൂടെ വിശ്വാസവും സ്നേഹവും നഷ്ടപ്പെട്ട വിപണിവത്കൃതമായ പുതിയ ലോകത്തെ വായനക്കാർക്കു കാട്ടിക്കൊടുക്കുകയാണ് എഴുത്തുകാരൻ.

കടബാധ്യത മൂലം ഈ വരുന്ന ആഗസ്ത് പതിനഞ്ച് പുലർച്ചെ പന്ത്രണ്ടിന് കൂട്ടആത്മഹത്യ ചെയ്യുമെന്ന ബോർഡ് സ്വന്തം വീടിനു മുന്നിൽ എഴുതി വെച്ചുകൊണ്ട് മാധ്യമശ്രദ്ധ പിടിച്ചു പറ്റുന്ന 45 വയസ്സുകാരനായ കുണ്ടൂർ വിശ്വനെ അവതരിപ്പിച്ചുകൊണ്ടാണ് കഥ ആരംഭിക്കുന്നത്. സുധാകരൻ എന്ന സുഹൃത്തിന് ജാമ്യം നിന്നതിന്റെ പേരിൽ, വിശ്വന്റെ ആകെയുള്ള ഏഴര സെന്റ് ഭൂമിയും തേപ്പുകഴിയാത്ത വീടും ബാങ്ക് ജപ്തി ചെയ്യും എന്ന അവസ്ഥയിലാണ്. കുടുംബത്തോടൊപ്പം തെരുവിലേക്കിറങ്ങുന്നതിലും ഭേദം ആത്മഹത്യയാണെന്ന് തീരുമാനിച്ച ആ കുടുംബം അതിനായി ആഗസ്റ്റ് 15 തന്നെ തിരഞ്ഞെടുത്തു. ഈ വിവരം അറിയിച്ചുകൊണ്ട് അയാൾ വീടിനു മുന്നിൽ ബോർഡെഴുതി തൂക്കിയതോടെ വിശ്വൻ എന്ന വ്യക്തിയ്ക്ക് അയാളുടെ സ്വകാര്യതകൾ ഇല്ലാതാകുകയും അയാൾ മാധ്യമങ്ങൾക്കു മുൻപിൽ പ്രദർശിപ്പിക്കപ്പെടുകയും ചെയ്യുന്നു.

വിശ്വൻ മരിക്കുമോ ഇല്ലയോയെന്ന ചോദ്യമുന്നയിച്ചുകൊണ്ട് പ്രേക്ഷകരുടെ ശ്രദ്ധ ആകർഷിക്കുവാൻ ശ്രമിക്കുന്ന മാധ്യമങ്ങളുടെ വാഗ്ധോരണികൾക്കിടയിൽ നിന്നാണ് കുണ്ടൂർ വിശ്വന്റെ ജീവിതകഥ നാം മനസ്സിലാക്കുന്നത്. സുഹൃത്തിന് ലോൺ എടുക്കാനായി ജാമ്യം നിന്ന വിശ്വനെ ലോൺ തിരിച്ചടയ്ക്കാതെ സുഹൃത്ത് ചതിച്ചു. കടം വാങ്ങിയ ആൾ തിരിച്ചടച്ചില്ലെങ്കിൽ ജാമ്യക്കാരൻ തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥ ബാങ്ക് വിശ്വന്റെ മേൽ പ്രയോഗിച്ചു. ഈയൊരു സന്ദർഭത്തിൽ അയാൾക്ക് ആകെയുണ്ടായിരുന്ന ഏഴരസെന്റു ഭൂമിയും വീടും വെള്ളൂർ സഹകരണ ബാങ്ക് ജപ്തി ചെയ്യാൻ പോകുന്നുവെന്നതിന്റെ സങ്കടത്തിലാണ് വിശ്വനും കുടുംബവും ആത്മഹത്യ ചെയ്യാൻ തീരുമാനിക്കുന്നത്. ലോൺ തിരിച്ചു പിടിക്കുന്നതിന്റെ ഭാഗമായി ബാങ്ക് വിശ്വന് നോട്ടീസ് അയക്കുന്നു. എത്ര ശ്രമിച്ചിട്ടും ഏഴായിരം രൂപ മാത്രമാണ് വിശ്വന് തിരിച്ചടയ്ക്കാൻ കഴിഞ്ഞത്. പലിശയും ചേർന്ന് അതിപ്പോൾ ഒരു ലക്ഷത്തി തൊണ്ണൂറായിരം രൂപയായിരിക്കുന്നു എന്ന് ബാങ്കു സെക്രട്ടറി അഭിപ്രായപ്പെട്ടിരിക്കുന്നു. ആ തുക തിരിച്ചടയ്ക്കാൻ വിശ്വന് യാതൊരു നിർവ്വാഹവുമില്ല എന്നതാണ് യാഥാർത്ഥ്യം. എന്നാൽ ബാങ്ക് നിയമവശങ്ങൾ നിരത്തിക്കൊണ്ട് വിശ്വന്റെ ആത്മഹത്യാപ്രഖ്യാപനത്തിനു മുൻപിൽ നിസ്സംഗരായി നിൽക്കുകയാണ്. വിശ്വൻ ആത്മഹത്യ ചെയ്യുമോ ഇല്ലയോ എന്നതല്ല ബാങ്കിന്റെ പ്രശ്നം. മറിച്ച് മുതലും പലിശയുമടക്കം ജാമ്യക്കാരൻ തുക തിരിച്ചടയ്ക്കേണ്ടതാണ് എന്ന് ബാങ്ക് സെക്രട്ടറി പറയുന്ന സന്ദർഭം ശ്രദ്ധേയമാണ്. ഇല്ലെങ്കിൽ ബാങ്ക് വിശ്വന്റെ വീട് ജപ്തി ചെയ്യും. ചാനൽ ചർച്ചയിൽ വന്നിരിക്കുന്ന ആർക്കും വിശ്വന്റെ കുടുംബം ആത്മഹത്യചെയ്യും എന്നതിനെക്കുറിച്ചാലോചിച്ചുള്ള ആകുലതകൾ ഒന്നും തന്നെയില്ല. ആത്മഹത്യയെക്കുറിച്ചുള്ള തങ്ങളുടെ അഭിപ്രായങ്ങൾ പൊലിപ്പിച്ച് അവതരിപ്പിക്കുക എന്നതിനപ്പുറം അവരുടെ വാക്കുകളിൽ കരുണയുടെ തരിമ്പ് പോലുമില്ല. വി

ശ്വനെ പറ്റിച്ച ആത്മസുഹൃത്ത് സുധാകരൻ, ഒരു മനഃസാക്ഷിയുമില്ലാതെ 'ബാങ്കിന് ബാങ്കിന്റെ വഴി' എന്ന് പ്രഖ്യാപിക്കുന്ന പ്രസിഡന്റ്, വിശ്വ ന് ആത്മഹത്യ ചെയ്യാതിരിക്കാൻ കഴിയില്ലെന്ന് തീർച്ചപ്പെടുത്തുന്ന മനഃശാസ്ത്രജ്ഞൻ, നാടൊ രു കൊമാലയായി എന്ന് ആണയിടുന്ന എൻ.സി. ആർ.ബിയിലെ ഉദ്യോഗസ്ഥൻ, ആത്മഹത്യ പരാജയപ്പെട്ടാൽ വിശ്വനെതിരെ തീർച്ചായും കേസെടുക്കുമെന്ന് ഓർമ്മപ്പെടുത്തുന്ന നിയമോ പദേഷ്ടാവ് ഫാത്തിമ ബീഗം, അങ്ങനെയങ്ങനെ ഈ കഥയിൽ അണിനിരന്നിട്ടുള്ള എല്ലാവരും തന്നെ കൊമാലയിലെ അന്തേവാസികളാകുന്ന ഒരു കാഴ്ച്ചയാണ് എഴുത്തുകാരൻ നമുക്കായി ഒരുക്കുന്നത്.

മരിക്കാനല്ല, മരിക്കാതിരിക്കാനാണ് വിശ്വൻ വീടിനുമുന്നിൽ ബോർഡ് എഴുതി വെച്ചിരിക്കു ന്നതെന്ന് മന:ശാസ്ത്രജ്ഞൻ പറയുന്നുണ്ട്. താൻ അടയ്ക്കേണ്ടി വരുന്ന തുകയിൽ ഇളവു വരുത്തുന്നതിനോ, വിശ്വനെ ആത്മഹത്യയിൽ നിന്നു പിന്തിരിപ്പിക്കുന്നതിനോ ശ്രമിക്കുന്നില്ല. ചർച്ചയുടെ അവതാരകൻ ചുരുങ്ങിയ വാക്കിൽ വിശ്വന് പറയാനുള്ളത് എന്താണ് എന്ന് ചോദി ച്ചു കൊണ്ടാണ് ചാനൽ ചർച്ച അവസാനിക്കു ന്നത്. വിശ്വൻ അനുഭവങ്ങളിലൂടെ ആർജ്ജിച്ച തത്ത്വങ്ങളെ സംഗ്രഹിച്ച് അവതരിപ്പിക്കുന്നു. ചാനൽ ചർച്ചകൊണ്ട് വിശ്വന് യാതൊരു പ്രയോ ജനവുമുണ്ടായില്ല. അയാളെ പ്രതിസ്ഥാനത്ത് നിർത്തിക്കൊണ്ടുതന്നെയാണ് ചർച്ച അവസാ നിക്കുന്നത്. ഒപ്പം വിശ്വന്റെ ജീവിത പ്രശ്നത്തെ എസ്.എം.എസ്. വോട്ടെടുപ്പിനായി ചാനൽ മു ന്നോട്ടു വെക്കുന്നു. വിശ്വൻ ആത്മഹത്യ ചെയ്യു മോ, ഇല്ലയോ എന്നത് പ്രേക്ഷകർ നൽകുന്ന വോട്ടുകളിലൂടെ തീരുമാനിക്കപ്പെടട്ടെ എന്നാണ് ചാനലിന്റെ പക്ഷം.

വിശ്വൻ കുണ്ടൂരിന്റെ ആത്മഹത്യ അനിവാര്യ മാണോ അല്ലയോ എന്ന എസ്.എം.എസ് ചോ ദ്യത്തിന്റെ മറുപടി എന്താണെന്നറിയാൻ വേണ്ടി പിറ്റേദിവസം വിശ്വൻ വായനശാലയിലേക്ക് പോ യി. ടെലിവിഷന് മുന്നിൽ ധാരാളം പേരുണ്ടായി രുന്നുവെങ്കിലും ആരും തന്നെ കഴിഞ്ഞ ദിവസം നടന്ന ചർച്ചയെക്കുറിച്ച് വിശ്വനോട് ചോദിച്ചില്ല. അവർ ബംഗാൾ ഉൾക്കടലിൽ ശക്തിപ്രാപിച്ച ചുഴലിക്കാറ്റിനെക്കുറിച്ചുള്ള ഉത്കണ്ഠകളുമായി ടെലിവിഷന് മുന്നിൽ ഇരിക്കുകയായിരുന്നു. മാധ്യമങ്ങൾക്ക് ഒരു വിഷയത്തിൽ നിന്ന് മറ്റൊ രു വിഷയത്തിലേക്ക് നടത്തുന്ന കുതറി മാറുന്ന തിന് കാലതാമസം വേണ്ടി വരുന്നില്ല എന്ന യാ ഥാർത്ഥ്യം കഥാകൃത്ത് ഇവിടെ തുറന്നിടുന്നു. വിശ്വന്റെ ആത്മഹത്യാ പ്രഖ്യാപനം ആരെയും ബാധിച്ചില്ല. പ്രേക്ഷകരുടെ ഭാഗത്തു നിന്ന് യാ തൊരു പ്രതികരണവുമുണ്ടായില്ല എന്ന് റിപ്പോർ ട്ടർ പിറ്റേ ദിവസം പരാമർശിച്ചു കൊണ്ട് മറ്റൊരു വാർത്തയിലേക്ക് ചർച്ചയെ കൊണ്ടുപോയി.

ചർച്ചക്കിടയിൽ കേട്ട 'പെഡ്രൊ പാരമോ'എന്ന നോവലുമായി വായനശാലയിൽ നിന്ന് മടങ്ങിയ വിശ്വൻ ഒറ്റ രാത്രി കൊണ്ട് ആ പുസ്തകം വാ യിച്ചുതീർത്തു. തന്റെ ജീവിതം കൊമാല പോ ലെയാണെന്ന് വിശ്വൻ തിരിച്ചറിഞ്ഞു. അയാൾ ഒരുപാടു കരഞ്ഞു. ഒടുവിൽ സുധാകരനെ അന്വേഷിച്ചിറങ്ങാൻ വിശ്വൻ തീരുമാനിക്കുന്നു. പിറ്റേദിവസം അയാൾ അതിനു വേണ്ടി പുറപ്പെ ടുന്നു. സുധാകരനെ കണ്ടെത്താൻ ഒരിക്കലും സാധിക്കില്ല എന്ന് ഭാര്യ അയാളെ ഓർമിപ്പിക്കു ന്നുണ്ട്. വരാൻ പോകുന്ന ഏഴുദിവസത്തിനു ള്ളിൽ എഴുപതുവർഷത്തെ ഏകാന്തത അനു ഭവിച്ചു തീർക്കണമെന്ന് വിശ്വൻ ഓർക്കുന്നു. മരിക്കാൻ സമയമാകുമ്പോഴേക്കും താൻ തിരി ച്ചെത്തും എന്നു പറഞ്ഞുകൊണ്ടാണ് അയാൾ വീട്ടിൽ നിന്ന് യാത്ര പുറപ്പെടുന്നത്. മരണത്തി ന് മുൻപുള്ള ഏകാന്തതയെ കുടഞ്ഞെറിയാ നുള്ള സങ്കൽപ്പികമായ ഒരു ബിംബം മാത്രമാ യിരുന്നു വിശ്വന് ആ നിമിഷം സുധാകരനെ അന്വേഷിച്ചുള്ള യാത്ര. സുധാകരനെ അന്വേഷി ച്ച് പുറപ്പെട്ട വിശ്വൻ ഒടുവിൽ ഒരു കവലയിൽ നടക്കുന്ന വാഹനാപകടം കാണുന്നു. വിശ്വ നും ചുറ്റും നിൽക്കുന്ന ആൾക്കൂട്ടം അപകടം കണ്ടതായി നടിക്കുന്നില്ല. അവർ ഭക്ഷണം കഴി ക്കുന്നതിൽ മുഴുകി നിൽക്കുന്നു. ആരും തന്നെ അപകടത്തിൽപ്പെട്ട ആളെ രക്ഷിക്കാൻ മുന്നോ ട്ടുവരുന്നുണ്ടായിരുന്നില്ല. വിശ്വന് അതൊരു കൊമാലയാണെന്നു തോന്നി. ഒടുവിൽ നിസ്സം ഗതയുടെ മൂടുപടം എടുത്തെറിഞ്ഞുകൊണ്ട് വിശ്വൻ അപകടത്തിൽപ്പെട്ട ആൾക്കു നേരേ നീങ്ങി. ചുറ്റുപാടും ചീറിപ്പാഞ്ഞു വന്ന വാഹ നങ്ങളോട് അപകടത്തിൽപ്പെട്ട ആളെ രക്ഷി

ക്കാനായി സഹായിക്കണമെന്ന് അപേക്ഷിച്ചു. ആരും വിശ്വന്റെ അപേക്ഷകൾ ചെവി കൊണ്ടില്ല. ഒടുവിൽ ഒരു കടക്കാരൻ വാടക കൊടുക്കാൻ തയ്യാറാണെങ്കിൽ ഒരു വാഹനം ഏർപ്പാടാക്കി തരാമെന്ന് വിശ്വനോട് പറഞ്ഞു. അതിൻ പ്രകാരം ഒരു ജീപ്പ് അവിടെ വന്നു നിന്നു. അപകടത്തിൽപ്പെട്ടവന്റെ തല ഒന്ന് പിടിച്ചുയർത്താൻ പോലും സഹായിക്കാതെ ഡ്രൈവർ തിടുക്കം കൂട്ടി. വിശ്വന് വീണ്ടും ആ നഗരം ഒരു കൊമാലയാണെന്ന് തോന്നി. പെട്ടെന്ന് ഒരു മധ്യവയസ്കൻ സഹായം വാഗ്ദാനം ചെയ്തുകൊണ്ട് വിശ്വന്റെ അടുത്തേക്ക് വന്നു. ജീപ്പ് മുന്നോട്ടു നീങ്ങി. വണ്ടി പകുതി വഴിയിൽ എത്തിയപ്പോൾ മധ്യവയസ്കൻ ജീപ്പ് ഡ്രൈവറോട് വാഹനം നിർത്തണമെന്ന് ആവശ്യപ്പെട്ടു. കൂടാതെ അയാളുടെ വീട് അവർക്ക് കാണിച്ചു കൊടുക്കുകയും ചെയ്തു. ഹൈവേയിൽകിടന്ന് വണ്ടി കിട്ടാതെ വിഷമിക്കുമ്പോഴാണ് ജീപ്പു കണ്ടതെന്നും അയാൾ കൂട്ടിച്ചേർത്തു. നന്ദി പറഞ്ഞു കൊണ്ട് അയാൾ മടങ്ങി. വരണ്ട ചുണ്ടുകളുമായി ചെറുപ്പക്കാരൻ വിശ്വനെ നോക്കി. അപകടത്തിൽപ്പെട്ട ചെറുപ്പക്കാരൻ മരിക്കാൻ പോകുകയാണ് എന്ന കാര്യം വിശ്വൻ മനസ്സിലാക്കി. അയാൾക്ക് കുറച്ച് വെള്ളം കൊടുക്കണമെന്ന് വിശ്വൻ ഡ്രൈവറോട് ആവശ്യപ്പെട്ടു. ഡ്രൈവർ ഒരു ഒഴിഞ്ഞ കുപ്പി ഉയർത്തി കാട്ടുകയാണ് ഉണ്ടായത്. വിശ്വൻ ആ കുപ്പിയും വാങ്ങി മരങ്ങൾക്കിടയിലൂടെ നടന്നു. വെള്ളത്തിന്റെ ഉടൽ അനക്കം അറിഞ്ഞ വഴിയിലൂടെ അയാൾ നടന്നു. ഒരു അരുവിയുടെ തീരത്ത് എത്തിച്ചേർന്നു. കുപ്പിയിൽ വെള്ളം നിറച്ചു. അതിനിടയിൽ വിശ്വൻ ആ ചെറുപ്പക്കാരനെ കുറിച്ച് ഓർത്തു. ജീവിതത്തിലുടനീളം ആ ചെറുപ്പക്കാരൻ ഈ അരുവിയുടെ കരയിലെ രണ്ടുതുള്ളി വെള്ളമായിരുന്നു അന്വേഷിച്ചിരുന്നത് എന്ന് വിശ്വൻ തിരിച്ചറിഞ്ഞു. വിശ്വൻ രണ്ടു തുള്ളി വെള്ളം ചെറുപ്പക്കാരന്റെ ചുണ്ടിലേക്ക് പകർന്നു കൊടുത്തു. അതു കുടിച്ചു കൊണ്ടു അയാൾ മരിച്ചു. അതുവരെ കൂസലില്ലാതെ നിന്ന ഡ്രൈവർ മരണത്തിനു മുന്നിൽ വിരണ്ടു പോയി. കുപ്പിയിൽ ബാക്കി വന്ന വെള്ളം വിശ്വനും കുടിച്ചു. ഒന്നാലോചിച്ചാൽ ഒരോ മനുഷ്യനും കടക്കാരാണ്. രണ്ടുതുള്ളി വെള്ളമായിരുന്നു എന്റെ കടം. അത് കുറച്ചുമുൻപേ താൻ വീട്ടിക്കഴിഞ്ഞു. സ്വന്തം വീടിനു മുന്നിൽ താൻ എഴുതിവച്ചിരുന്ന ബോർഡ് വലിയൊരു അസംബന്ധമാണെന്ന് അയാൾക്ക് തോന്നി. എത്രയും പെട്ടെന്ന് അത് അവിടെ നിന്ന് മാറ്റണം പറഞ്ഞുകൊണ്ട് ചെറുകഥ അവസാനിക്കുന്നു.

## കഥാപാത്ര വിശകലനം

### വിശ്വൻ

ഭാര്യയും രണ്ടു പെൺമക്കളുമുള്ള നാൽപ്പത്തിയഞ്ചുകാരനാണ് വിശ്വൻ. തിന്നാതെയും കുടിക്കാതെയും സമ്പാദിച്ച ഏഴര സെന്റും പണി തീരാത്ത വീടുമാണ് അയാളുടെ ഏക സമ്പാദ്യം. സുഹൃത്തിനെ വിശ്വസിച്ചതിന്റെ പേരിൽ വഞ്ചിതനായ വിശ്വനാണ് ചെറുകഥയിലെ പ്രധാന കഥാപാത്രം. അയാളുടെ വീടും ഭൂമിയും ബാങ്കുകാർകൊണ്ടു പോയാൽ പിന്നെ ആത്മഹത്യയല്ലാതെ അയാൾക്ക് വേറെ വഴിയില്ല. രണ്ടു കൊല്ലം മുൻപാണ് വിശ്വൻ കുണ്ടൂരേക്ക് സ്ഥലം മാറി പോകുന്നത്. അതുവരെ അയാൾ വെള്ളൂർ എന്ന സ്ഥലത്തായിരുന്നു. വിശ്വന്റെ ഭാഷയിൽ പറഞ്ഞാൽ പച്ച പരമാർത്ഥനായ ഒരു മനുഷ്യനാണ് അയാൾ. അതുകൊണ്ടാണ് സുധാകരൻ വരുത്തിവെച്ച കടം വീട്ടാൻ ഏഴായിരം രൂപ കൊണ്ടുപോയി അയാൾ ബാങ്കിൽ അടയ്ക്കുന്നത്. സുധാകരൻ വരുത്തിവെച്ച കടം അടച്ചു തീർക്കുന്നതിനുള്ള വരുമാനം വിശ്വനില്ല എന്ന് അയാളുടെ വാക്കുകളിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ തൊഴുന്നതിലും വലിയ നാണക്കേട് ലോകത്തിൽ മറ്റെന്തെങ്കിലുമുണ്ടോ എന്ന് ചിന്തിക്കുന്ന വിശ്വനെ ചെറുകഥയിൽ കാണാം. ആദ്യഭാഗത്ത് ജീവിതത്തിൽ സകല പ്രതീക്ഷയും നഷ്ടപ്പെട്ട വിശ്വനെയാണ് കാണാൻ കഴിയുന്നതെങ്കിൽ രണ്ടാം ഭാഗത്ത് എത്തുമ്പോൾ കർമ്മബന്ധങ്ങളുടെ തത്ത്വജ്ഞാനത്തെക്കുറിച്ച് ആലോചിക്കുന്ന വിശ്വനിൽ കഥ എത്തിച്ചേരുന്നു. രണ്ട് തുള്ളി ജലം മാത്രമാണ് തന്റെ കടം എന്ന് അയാൾ തിരിച്ചറിയുന്നു.

### സുധാകരൻ

കഥാഗതിയെ നിർണ്ണയിക്കുന്ന പ്രധാന കഥാപാത്രമാണ് സുധാകരനെങ്കിലും കഥയിൽ അയാൾ അദൃശ്യനാണ്. വിശ്വന്റെ സുഹൃത്താണ് അയാൾ. ഏട്ടാം ക്ലാസുവരെ വെള്ളൂർ ഗവൺമെന്റ് സ്കൂളിൽ ഒരേ ബഞ്ചിലിരുന്ന് പഠി

ച്ചവരാണ് വിശ്വനും സുധാകരനും. വിശ്വനെ കാണാനെത്തിയ സുധാകരൻ കരഞ്ഞു കാലു പിടിച്ച് ഒന്നാം ജാമ്യക്കാരന്റെ സ്ഥാനത്ത് വിശ്വന്റെ കൈയ്യൊപ്പും വാങ്ങി മടങ്ങി. പിന്നെ അയാളെ വിശ്വൻ കാണുന്നതേയില്ല. പൊതുവാൾമാഷ് പഠിപ്പിച്ച 'പരോപകാരമേ പുണ്യം, പാപമേ പരപീഢനം' എന്ന തത്ത്വം വിശ്വന്റെ കൈവെള്ളയിൽ ഞെക്കിക്കൊണ്ട് പറഞ്ഞ് ഇറങ്ങിപ്പോകുകയാണ് സുധാകരൻ. 'ഈ സഹായം ഞാനൊരിക്കലും മറക്കുകയില്ല വിശ്വാ, എന്താവശ്യമുണ്ടെങ്കിലും നീ എന്നോടു ചോദിക്കാൻ മടിക്കരുത്' എന്ന് സുധാകരൻ വിശ്വനോടു പറയുന്നു. മൂന്നു കൊല്ലത്തിനുശേഷം അമ്പതിനായിരം രൂപയുടെ പലിശയും മുതലും ചേർത്ത് മൂന്നുലക്ഷം രൂപയുടെ നോട്ടീസ് വീട്ടിലെത്തിയപ്പോൾ വിശ്വൻ സുധാകരനോട് ചോദിച്ചു 'എനിക്ക് രണ്ട് പെൺകുട്ടികളാണ്. നീ ഞങ്ങളെ പെരുവഴിയിൽ ആക്കുമോ സുധാകരാ.' ഇതിനു ശേഷം സുധാരകൻ വഞ്ചിച്ച സംഭവമാണ് ചെറുകഥയിൽ പരാമർശിക്കപ്പെടുന്നത്. സാമർത്ഥ്യം കൊണ്ടു പിടിച്ചു നിൽക്കാനും പറ്റിക്കാനും കഴിയുന്ന ആളാണ് സുധാകരൻ എന്ന് നമുക്ക് ചെറുകഥയിൽ നിന്ന് മനസ്സിലാകുന്നു. വിശ്വനെ അയാൾ നന്നായി മനസ്സിലാക്കിയിരിക്കുന്നു. അതുകൊണ്ടാണല്ലോ കൈമൾ മാഷ് പഠിപ്പിച്ച തത്ത്വത്തെ അവസരോചിതമായി പ്രയോഗിച്ചുകൊണ്ട് വിശ്വനെ അയാൾ തന്റെ വലയിൽ വീഴ്ത്തുന്നത്.

**രാധ**

വിശ്വന്റെ ജീവിത പങ്കാളിയാണ് രാധ. അവർ ഒരു തയ്യൽ തൊഴിലാളിയാണ് എന്നതിന്റെ സൂചന വിശ്വന്റെ വാക്കുകളിൽ നിന്ന് തന്നെ നമുക്ക് മനസ്സിലാകുന്നു. സുധാകരൻ മുഖേന വിശ്വൻ ചതിക്കപ്പെട്ടപ്പോൾ ബാങ്കിൽ അടയ്ക്കാനായി ഏഴായിരം രൂപ അദ്ധ്വാനിച്ച് നൽകുന്നത് രാധയാണ്. സെക്രട്ടറി വെറും ഏഴായിരം രൂപ മാത്രമാണ് വിശ്വൻ തിരിച്ചടച്ചത് എന്ന് ചാനൽ ചർച്ചയ്ക്കിടയിൽ വിളിച്ചു പറയുമ്പോൾ, ആ തുകയുണ്ടാക്കാൻ രാധ എത്ര തവണ മെഷീൻ ചവിട്ടിയിരുന്നു എന്ന കണക്ക് വിശ്വൻ പറയുന്നുണ്ട്. ഒടുവിൽ മുട്ടിന് നീരുവന്ന് ഒരാഴ്ചക്കാലം രാധ വൈദ്യരുടെ ചികിത്സ തേടേണ്ടിയും വന്നു.

**ബാങ്ക് സെക്രട്ടറി**

മനുഷ്യത്വമില്ലാതെ പെരുമാറുന്ന കഥാപാത്രങ്ങളിലൊരാളാണ് ബാങ്ക് സെക്രട്ടറി. അയാൾക്ക് നിയമമല്ലാതെ മറ്റൊന്നും പറയാനില്ല. നീതി എന്നത് അയാളെ സംബന്ധിച്ച് പ്രസക്തമല്ല. മറിച്ച് ബാങ്കിന് പണം തിരികെ വേണമെന്നത് മാത്രമാണ് ബാങ്കിന്റെ ആവശ്യം. ആ നിലയിൽ ബാങ്കിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു യന്ത്രം പോലെയാണ് അയാൾ സംസാരിക്കുന്നത്.

**ദൃശ്യ-മാധ്യമ സംസ്കാരവും കൊമാലയുടെ ക്രാഫ്റ്റ് നിർമ്മിതിയും**

ദൃശ്യഭാഷയാണ് കഥയുടെ പ്രധാനപ്പെട്ട സവിശേഷത. വിശ്വൻ കുണ്ടൂരിന് നേരെ ഉയരുന്ന അഭിപ്രായപ്രകടനങ്ങൾക്ക് മാനുഷികതയുടെ ഭാവമില്ലെന്നു കാണാം.

ചാനൽ ചർച്ചയ്ക്കിടയിൽ കടന്നുവരുന്ന പരസ്യങ്ങളും ചർച്ച ചെയ്യപ്പെടുന്ന വിശ്വന്റെ ജീവിതവും തമ്മിലുള്ള വൈരുദ്ധ്യങ്ങളെ കഥാകാരൻ സൂക്ഷ്മം പകർത്തിയിട്ടുണ്ട്. ചർച്ചകളെ പൊങ്ങച്ചപ്രകടനത്തിനുള്ള വേദിയാക്കി ഉപയോഗിക്കാൻ പഠിച്ചു കഴിഞ്ഞ സമൂഹ്യപ്രമാണിമാർ നടത്തുന്ന ആദർശങ്ങളുടെ പെരുമഴതീരുമ്പോഴും ദരിദ്രവാസിയായ വിശ്വൻ കുണ്ടൂർ എന്ന കഥാനായകന്റെ പ്രശ്നം ഒരു പരിഹാരവുമില്ലാതെ അവശേഷിക്കുകയാണ്. സുധാകരൻ എന്ന സുഹൃത്തിന് ജാമ്യം നിന്നതിന്റെ പേരിൽ, വിശ്വന്റെ ആകെയുള്ള ഏഴര സെന്റ് ഭൂമിയും തേപ്പുകഴിയാത്ത വീടും ബാങ്ക് ജപ്തി ചെയ്യും എന്ന അവസ്ഥയിലാണ്. കുടുംബത്തോടൊപ്പം തെരുവിലേക്കിറങ്ങുന്നതിലും ഭേദം ആത്മഹത്യയാണെന്ന് തീരുമാനിച്ച ആ കുടുംബം അതിനായി ആഗസ്റ്റ് 15 തന്നെ തിരഞ്ഞെടുത്തു. ഈ വിവരം വീടിനു മുന്നിൽ ബോർഡെഴുതി തൂക്കിയതാണ്, അയാളുടെ പ്രശ്നം മാധ്യമ ശ്രദ്ധയാകർഷിക്കാൻ കാരണമായത്. മാധ്യമങ്ങൾ ഈ പ്രശ്നം ഏറ്റെടുക്കുകയും അവർക്ക് ആവശ്യമായ വിധത്തിൽ അതിനെ പൊലിപ്പിച്ചെടുക്കുകയും ചെയ്തു.

ന്യൂസ് ടൈമിലെ ചർച്ചകൾക്കിടയിൽ കടന്നുവരുന്ന പരസ്യങ്ങളും പ്രധാനവാർത്തകളും വിശ്വൻ കുണ്ടൂരടക്കമുള്ള പാവപ്പെട്ടവരുടെ നേരെ

കൊഞ്ഞനം കുത്തുന്നവയാണ്. 'മുലൂർ ടവേഴ്സ് ആന്റ് റസിഡെൻസി' എന്ന വൻകിട ഫ്ളാറ്റ് നിർമ്മാതാക്കളാണ് ന്യൂസ് ടൈം സ്പോൺസർ ചെയ്യുന്നത്. പ്രധാന വാർത്തകളിൽ ആണവ സഹകരണവും അമ്യൂസ്മെന്റ് പാർക്കും ശബരിമലയും ക്രിക്കറ്റ് ടെസ്റ്റും കടന്നു വരുന്നു. ആകെയുള്ള ഏഴരസെന്റ് ഭൂമിയും തേപ്പുകഴിയാത്ത വീടും ബാങ്ക് ജപ്തി ചെയ്യും എന്ന അവസ്ഥയും, ഈ വാർത്തകളും പരസ്യങ്ങളും, തമ്മിലുള്ള പൊരുത്തക്കേട് വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുന്നതാണ്.

'കടബാധ്യത മൂലം ഈ വരുന്ന ഓഗസ്റ്റ് 15 ന് ആത്മഹത്യ ചെയ്യും എന്ന ബോർഡ് വീടിനു മുമ്പിൽ എഴുതിവെച്ച് മാധ്യമശ്രദ്ധ പിടിച്ചുപറ്റിയ നാൽപ്പത്തഞ്ചുകാരനാണ് കുണ്ടൂർ വിശ്വൻ. ഈ പരസ്യപ്രഖ്യാപനം വർത്തമാന കേരളം നേരിട്ടുകൊണ്ടിരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങളിലേക്കുള്ള ഒരു ചൂണ്ടുപലക കൂടിയാണ്. വിശ്വന്റെ കുടുംബം മരിക്കുമോ ഇല്ലയോ? നമ്മുടെ ഉറക്കം കെടുത്തുന്ന ചോദ്യത്തിന് ഉത്തരം പറയാൻ വിശ്വൻ നമ്മോടൊപ്പം ലൈനിൽ ഉണ്ട്' എന്ന ആമുഖ വാചകത്തോടെയാണ് ചെറുകഥ ആരംഭിക്കുന്നത്. വിശ്വൻ മരിക്കുമോ ഇല്ലയോ എന്നതാണ് ചർച്ചയിലെ പ്രധാനപ്പെട്ട ചോദ്യം. ആശയ തർക്കങ്ങളുടെ വേദി അണിയിച്ചൊരുക്കിക്കൊണ്ട് ചാനൽ അവരുടെ റേറ്റിംഗ് കൂട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നു.

'ഇതിൽ ആരാണ് കുറ്റക്കാർ വെള്ളൂർ സഹകരണ ബാങ്കോ, അമ്പതിനായിരം കടം എടുക്കാൻ വിശ്വനെ ജാമ്യം നിർത്തിയ ശേഷം മുങ്ങിയ അയാളുടെ പ്രിയസുഹൃത്ത് സുധാകരനോ?' ടെലിവിഷൻ ചാനലിലെ ന്യൂസ് ടൈം പരിപാടികളുടെ പൊലിമയിൽ നിന്നാണ് ചെറുകഥ ആരംഭിക്കുന്നത്. പുത്തൻ മാധ്യമസംസ്കാരത്തിന്റെ വികൃതമായ മുഖം കൊമാല എന്ന കഥയിലൂടെ കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നു. കൊമാലയിൽ കഥാകൃത്ത് കഥ പറയുകയല്ല, ലൈവ് ചർച്ചയായി അവതരിപ്പിക്കുകയാണ്. ഈ രീതി മലയാളത്തിലെ കഥകളുടെ കാര്യത്തിൽ ആദ്യസംരംഭമാണ്. മാധ്യമങ്ങൾക്ക് ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറികൾ വേണം. അതിനു വേണ്ടിയാണ് അവർ വിശ്വന്റെ ജീവിതം ചർച്ചയ്ക്കായി തിരഞ്ഞെടുത്തത്. വീട് ജപ്തി ചെയ്യുമെന്നോർത്ത് മനം പിടയുന്ന വിശ്വനെച്ചൊല്ലി അവർക്ക് വേവലാതിയില്ല. നവസംസ്കാരം നമുക്ക് ഈ കഥയിൽ നിന്ന് വായിച്ചെടുക്കാൻ കഴിയും.

കഥയിൽ വിശ്വൻ ആത്മഹത്യ ചെയ്യണോ വേണ്ടയോ എന്ന വിഷയത്തിൽ എസ്സ് എം. എസ്സ് അയക്കാൻ ഒരു മലയാളിയും തയ്യാറായില്ല. ആണവ സഹകരണമായിരുന്നു വിഷയമെങ്കിൽ എസ്സ്.എം.എസ്സുകൾ കുമിഞ്ഞു കൂടിയേനെ! മലയാളിയുടെ കപട പ്രതികരണശേഷിയുടെ യഥാർത്ഥ മുഖം കഥയുടെ രണ്ടാം പകുതിയിൽ കൂടുതൽ വ്യക്തമാകുന്നുണ്ട്. അപകടത്തിൽപ്പെട്ട മനുഷ്യനെ രക്ഷിക്കുന്നതിനു പകരം 'മൃതശരീരങ്ങൾ പോലെ' ഭക്ഷണം കഴിക്കുന്നതിൽ മുഴുകിയിരിക്കുന്ന മലയാളികൾ പേടിപ്പെടുത്തുന്ന ഒരു യഥാർത്ഥ്യമാണ്. പക്ഷേ കഥയുടെ അന്ത്യത്തിൽ വലിയൊരു ജീവിത പാഠമാണ് വിശ്വൻ കുണ്ടൂർ നേടുന്നത്. ഓരോ മനുഷ്യനും സമൂഹത്തോട് കടക്കാരനാണെന്നും മരണത്തെ അഭിമുഖീകരിച്ച അപരിചിതനോട് രണ്ടു തുള്ളി വെള്ളത്തിന്റ കടമാണ് തനിക്കുണ്ടായിരുന്നതെന്നും വിശ്വൻ കുണ്ടൂർ തിരിച്ചറിയുന്നു. തന്നെക്കൊണ്ട് ആർക്കൊക്കെയോ ഇനിയും ആവശ്യമുണ്ടെന്നും കടങ്ങൾ പലതും തനിക്ക് സമൂഹത്തോട് ബാക്കി നില്ക്കുന്നുണ്ടെന്നും തിരിച്ചറിയുന്ന വിശ്വൻ ആത്മഹത്യാതീരുമാനം മാറ്റുകയാണ്.

കഥയ്ക്ക് വ്യക്തമായ രണ്ടു ഭാഗമുണ്ട്. ഒന്ന് ചാനൽ ചർച്ച. രണ്ട് റോഡപകടവും, യുവാവിന്റെ മരണവും. ക്രാഫ്റ്റ് നിർമ്മാണത്തിന്റെ പ്രധാനപ്പെട്ട സവിശേഷതയാണ് ഈ രണ്ടു ഭാഗങ്ങൾ. ഒന്നാമത്തെ ഭാഗം വിശ്വന്റെ ജീവിതത്തിൽ യാതൊരു മാറ്റവും ഉണ്ടാക്കുന്നില്ല. രണ്ടാമത്തെ ഭാഗം ജീവിതത്തെ കുറിച്ചുള്ള അയാളുടെ വീക്ഷണത്തെ മാറ്റിമറിക്കുന്നു. പേരുപോലെതന്നെ കൊമാലയായി മാറിയ സമകാലിക ജീവിതത്തെ കഥാകൃത്ത് കാട്ടിത്തരുന്നു. രണ്ടുതുള്ളി ജലത്തിനോളം കടം മറ്റൊന്നുമില്ല എന്ന് തത്വം കൊണ്ട് അവസാനിപ്പിക്കുന്ന കഥ മാനുഷിക ഭാവങ്ങൾക്കാണ് പ്രാധാന്യം നൽകുന്നത്. ആദ്യഭാഗത്ത് വർത്തമാനകാല ജീവിതത്തെ പകർത്തുന്ന കഥയായും രണ്ടാം ഭാഗത്ത് ഒരു ദർശനമായും കഥ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

## Recap

- ആധുനികാനന്തര കഥകളുടെ സവിശേഷതകൾ
- ക്രാഫ്റ്റ് നിർമ്മാണത്തിലെ പുതുമ
- ദൃശ്യഭാഷയും മാധ്യമ ലോകവും
- ആത്മഹത്യാ പ്രഖ്യാപനവും വീടിനു മുന്നിൽ സ്ഥാപിച്ച ബോർഡും
- ആത്മഹത്യ അനിവാര്യമാണോ അല്ലയോ എന്ന എസ്.എം.എസ്. ചോദ്യം
- മാധ്യമസംസ്കാരവും വിശ്വന്റെ ജീവിതവും
- ജാമ്യം നിന്നതിനാൽ ചതിക്കപ്പെടുന്ന വിശ്വൻ
- കടമെടുത്ത് മുങ്ങിയ സുധാകരൻ
- സുധാകരനെ അന്വേഷിച്ചുള്ള യാത്ര
- കൊമാല എന്ന ഗ്രാമത്തെ ഓർമ്മിപ്പിക്കുന്ന ജീവിതം
- അപകടത്തിൽപ്പെടുന്ന ചെറുപ്പക്കാരൻ
- രണ്ടു തുള്ളി ജലമെന്ന കടം
- ആത്മഹത്യാതീരുമാനം ഉപേക്ഷിച്ച് വിശ്വൻ വീട്ടിലേക്ക് മടങ്ങി

## Objective Type Questions

1. വിശ്വൻ ജാമ്യം നിന്നത് ആർക്കുവേണ്ടി?
2. വിശ്വന്റെ ആരാണ് സുധാകരൻ?
3. മരിച്ചവരുടെ ഗ്രാമം എന്ന് കഥയിൽ പറയുന്ന പ്രദേശത്തിന്റെ പേര്?
4. കൊമാല എന്ന കഥ രചിച്ചത് ആര്?
5. ആരുടെ നോവലാണ് 'പെദ്രൊ പാരമോ'?
6. കൊമാല എന്ന പ്രദേശം പരാമർശിക്കപ്പെടുന്ന നോവൽ
7. മെക്സിക്കൻ എഴുത്തുകാരനായ ഹുവാൻ റൂൾഫോയുടെ ഏതു നോവലിലാണ് കൊമാല എന്ന പ്രദേശം പരാമർശിപ്പെടുന്നത്?
8. ഒന്നാം ജാമ്യക്കാരന്റെ ഒപ്പിട്ടു വാങ്ങിയ ശേഷം സുധാകരൻ വിശ്വനോട് പറഞ്ഞതെന്ത്?
9. ആരുടെ ഏഴര സെന്റ് ഭൂമിയും പണിതീരാത്ത വീടുമാണ് ബാങ്ക് ജപ്തി ചെയ്യാൻ തുനിയുന്നത്?
10. വിശ്വന്റെ ഭാര്യയുടെ പേരെന്ത്?
11. രാധയുടെ തൊഴിൽ എന്താണ്?
12. വിശ്വൻ ആരെ അന്വേഷിച്ചാണ് യാത്ര പുറപ്പെടുന്നത്?

## Answers

1. സുഹൃത്ത് സുധാകരന് വേണ്ടി
2. സുഹൃത്ത്
3. കൊമാല
4. സന്തോഷ് ഏച്ചിക്കാനം
5. മെക്സിക്കൻ എഴുത്തുകാരനായ ഹുവാൻ റൂൾഫോയുടെ
6. 'പെഡ്രോ പാരമോ'
7. 'പെഡ്രോ പാരമോ'
8. പരോപകാരമേ പുണ്യം
9. വിശ്വന്റെ
10. രാധ
11. തയ്യൽ
12. സുധാകരനെ

## Assignments

1. ഉത്തരാധുനിക ചെറുകഥയുടെ സവിശേഷതകൾ സംഗ്രഹിച്ച് ഉപന്യാസം തയ്യാറാക്കുക.
2. 'സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥാലോകം' കുറിപ്പെഴുതുക
3. 'മാധ്യമ ലോകത്തിന്റെ അധ:പതിച്ച മുഖം കൊമാല എന്ന ചെറുകഥയിൽ കാണാം'- വിമർശനാത്മകമായി വിലയിരുത്തുക
4. കഥാപാത്ര നിരൂപണം തയ്യാറാക്കുക - വിശ്വൻ കുണ്ടൂർ

## Suggested Readings


1. സി. ശ്രീകുമാർ, കൊമാല പോലൊരു കേരളം, പുഴ മാഗസിൻ
2. സന്തോഷ് ഏച്ചിക്കാനം, കൊമാല, ഡി. സി ബുക്സ്, കോട്ടയം
3. മാർക്കോസ്. വി. പി (എഡി.) സമകാലിക മലയാള ചെറുകഥ: വഴിയും പൊരുളും, പി. ജി. നായർ സ്മാരക ഗവേഷണ കേന്ദ്രം, മലയാളവിഭാഗം., യു. സി. കോളേജ്, ആലുവ.

# യൂണിറ്റ് - 5
# കെ. പി. ഉമ്മർ

**ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്**

## Learning Outcomes

- ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കൃതികൾ പരിചയപ്പെടുന്നു
- മലയാളത്തിലെ പുതിയകാല കഥകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- കെ.പി. ഉമ്മർ എന്ന കഥയുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- ആധുനിക കഥയുടെ രചനാസങ്കേതങ്ങളെ കുറിച്ചുള്ള സാമാന്യ ധാരണ നേടുന്നു

## Prerequisites

മലയാളത്തിലെ ചെറുകഥാ ലോകം പുതിയ പരീക്ഷണങ്ങൾ ആഖ്യാനത്തിലും പ്രമേയത്തിലും പരീക്ഷിച്ചു കൊണ്ടിരിക്കുന്ന ഒരു കാലമാണ് ഇത്. കഥ കേവലസൃഷ്ടി എന്നതിൽ കവിഞ്ഞ് സാമൂഹ്യ വിമർശനത്തിനുള്ള ഉപാധികൂടിയായാണ് പുതിയ കഥാകൃത്തുക്കൾ കാണുന്നത്. അത്തരത്തിൽ അടുത്ത കാലത്തായി ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് എഴുതിയ കഥയാണ് കെ.പി. ഉമ്മർ. ഹാസ്യാത്മകമായി അവതരിപ്പിക്കുന്നതാണെങ്കിലും കൃത്യമായി സാമൂഹ്യ വിമർശനം ഉൾക്കൊള്ളുന്നുണ്ട് ഈ കഥ.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ 2020 ഫെബ്രുവരി 16 ന് പ്രസിദ്ധീകരിച്ചതാണ് പ്രസ്തുത കഥ. കെ. പി. ഉമ്മർ എന്ന കഥയെഴുതിയതും ചില അനുഭവങ്ങളെ വെച്ചാണ്. കോഴിക്കോട് 'പൂങ്കാവനം' മാസികയുടെ സഹപത്രാധിപരായി ജോലി ചെയ്യുമ്പോഴാണ് ഓഫീസിലേക്ക് ഒരു ഫോൺകോൾ വരുന്നത്. ഒരു ചരിത്രപുസ്തകം അന്വേഷിച്ച് വിളിച്ചത് സാക്ഷാൽ കെ പി ഉമ്മറായിരുന്നു. തുടർന്ന് ഹോട്ടൽ മഹാറാണിയിലേക്ക് അദ്ദേഹത്തെ കാണാൻ പോയതും കാണുമ്പോഴുള്ള അദ്ദേഹത്തിന്റെ വേഷംപോലും കഥയിൽ വന്നു. കഥയുടെ ആദ്യഭാഗം മുഴുവൻ യാഥാർഥ്യം തന്നെ. നാടകത്തിലും സിനിമയിലും പ്രവർത്തിച്ച ഇടതുപക്ഷ സാമൂഹ്യബോധമുള്ള, കഥാകൃത്ത് കൂടിയായ കെ പി ഉമ്മർ അങ്ങനെ കഥയിൽ വന്നു. കഴിക്കാൻ ചിപ്സ് തന്നത്പോലും സത്യമാണ് എന്ന് ദേശാഭിമാനി പ്രസിദ്ധീകരിച്ച അഭിമുഖത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നുണ്ട്.

മുറിവേറ്റവരുടെ ആകുലതകളിൽ നിന്നാണ് ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കഥകൾ ഉയിരെടുക്കുന്നത്. മനുഷ്യൻ മാത്രമല്ല, ഇതര ജീവിവർഗ്ഗങ്ങളും മരങ്ങളും മലകളും ജലവും മുറിവേറ്റതിന്റെ തിണർപ്പുകൾ ആ കഥാലോകത്തിന്റെ ആന്തരികമുദ്രയായി നമ്മെ വ്യഥിതരാക്കുന്നു. ലളിതമെന്ന് തോന്നുന്ന കഥനരീതിയ്ക്കകത്ത് സങ്കീർണമായ ഭാവബന്ധങ്ങളും അതിഭാവുകത്വമില്ലാത്ത ജീവിതാവസ്ഥകളും സന്നിവേശിക്കപ്പെട്ടിരിക്കുന്നു എന്ന് ഒറ്റവായനയിൽതന്നെ ബോധ്യപ്പെടുത്തുന്ന കഥകൾ. പരത്തിപ്പറയുന്ന കഥാസ്വാതന്ത്ര്യത്തെ റദ്ദ് ചെയ്ത് എഴുതപ്പെടുന്ന വാക്കിന് നിയതമായ ഒരു തീർപ്പും മൂർച്ചയുമുണ്ടെന്ന ഉൾബോധ്യങ്ങളാൽ അനുവാചകനെക്കൂടി പരിഗണിക്കുന്ന സഹജശുദ്ധിയുടെ കൃതഹസ്തമായ വിനിമയമായി ഓരോ കഥയും മാറുന്നു.

അദ്ദേഹത്തിന്റെ 'തിരഞ്ഞെടുത്ത കഥകൾ'ക്ക് 2007-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്. പി. പത്മരാജൻ പുരസ്കാരം, എസ്.ബി.ടി. അവാർഡ്, അബുദാബി മലയാളി സമാജം അവാർഡ്, ശക്തി അവാർഡ് എന്നിവ നേടിയിട്ടുണ്ട്. ആർക്കും വേണ്ടാത്ത ഒരു കണ്ണ് (കഥ), ഈർച്ച (നോവലെറ്റുകൾ), മഞ്ഞുകാലം (കഥകൾ), കഥാപാത്രം വീട്ടുമുറ്റത്ത് ( ലേഖന സമാഹാരം), തല (കഥകൾ), കടൽമരുഭൂമിയിലെ വീട് (കവിതാസമാഹാരം), കത്തുന്ന തലയിണ(കഥകൾ), നല്ല അയൽക്കാരൻ, ആലിവൈദ്യൻ (നോവലുകൾ), ഈ സ്റ്റേഷനിൽ ഒറ്റക്ക് (മലയാളത്തിലെ ആദ്യത്തെ ഫാന്റസിക്കഥകളുടെ സമാഹാരം), മലബാർ എക്സ്പ്രസ്സ് (കഥകൾ), ശിഹാബുദ്ദീന്റെ കഥകൾ, ജീവപര്യന്തം (ഓർമക്കുറിപ്പുകൾ), നിലാവിനറിയാം (നോവൽ) തുടങ്ങിയവയാണ് പ്രധാന കൃതികൾ.

## Key Themess

- കെ. പി.ഉമ്മർ എന്ന സിനിമാതാരത്തെ കേന്ദ്രീകരിച്ച് മുന്നോട്ടു പോകുന്ന കഥ.
- കെ. പി. ഉമ്മർ എന്നത് ഒരാളുടെ ഭാവനയിൽ അയാൾ തീർത്ത വില്ലൻ കഥാപാത്രമാണ്.
- അതിനോട് നിഴൽയുദ്ധം ചെയ്യാൻ വിധിക്കപ്പെട്ട ഗോപാലകൃഷ്ണന്റെ ജീവിതം.
- പത്രക്കാരാന് കെ. പി. ഉമ്മറുമായുണ്ടാകുന്ന അടുപ്പം

## Discussion

കോഴിക്കോട് ഒരു ബാലപ്രസിദ്ധീകരണത്തിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്ന സമയത്താണ് പ്രശസ്ത സിനിമാതാരം കെ. പി. ഉമ്മറിന്റെ ഫോൺ വരുന്നത്. തന്റെ ബാലപ്രസിദ്ധീകരണത്തിൽ പ്രസിദ്ധീകരിച്ചു വരുന്ന ചക്രു പക്രു എന്ന കാർട്ടൂൺ പംക്തിയുടെ ആരാധകനായ അദ്ദേഹത്തിന് രണ്ട് ലക്കം വായിക്കാൻ കഴിഞ്ഞില്ല. അതൊന്ന് സംഘടിപ്പിച്ച് തരാനായിരുന്നു ഫോൺ കോൾ. ആദ്യം വിശ്വസിക്കാൻ കഴിഞ്ഞില്ല എങ്കിലും പിന്നീട് കെ. പി. ഉമ്മർ തന്നെയാണ് എന്ന് മനസ്സിലാക്കി ഹോട്ടൽ മഹാറാണിയിൽ അദ്ദേഹത്തെ കാണാൻ പോയി. ആരും ശബ്ദം മാറ്റി വിളിച്ച് പറ്റിച്ചതായിരിക്കല്ലേ എന്ന പ്രാർത്ഥനയോടെ ഡോറിൽ മുട്ടി. വാതിൽ തുറന്നപ്പോൾ സാക്ഷാൽ കെ.പി. ഉമ്മർ. ബാലപ്രസിദ്ധീകരണത്തിന്റെ സ്ഥിരം വായനക്കാരനായ താൻ പക്രുവും ചക്രുവും സ്ഥിരമായി വായിക്കുകയും ദുഷ്ടനായ ചക്രുവിന്റെ പരാജയത്തിൽ ആഹ്ലാദിക്കുകയും ചെയ്യുന്നു എന്ന് അദ്ദേഹം പറയുന്നു. കെ.പി. ഉമ്മർ അദ്ദേഹം ചെയ്ത വില്ലൻ കഥാപാത്രങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയും 'ഓരോ വില്ലനും നമ്മളിലൂടെ നശിച്ചുപോകുന്നതിൽപ്പരം മറ്റൊരു പുണ്യമില്ല. വില്ലൻമാരായി അഭിനയിക്കുന്ന നടൻമാർ നായകനടൻമാരെക്കാൾ സാമൂഹ്യ പരിഷ്കർത്താക്കളാണ്' എന്ന് പറയുകയും ചെയ്യുന്നു.

ഇതോടെ ബദിയടുക്കയിലെ ഗോപാലകൃഷ്ണനെ എനിക്ക് ഓർമ്മ വന്നു എന്ന് കഥാകൃത്ത് പറയുന്നു. വിചിത്രമായ വിധിയുടെ നിയോഗത്താൽ ഗോപാലകൃഷ്ണൻ കെ. പി. ഉമ്മർ ആയി മാറി. നാട്ടുകാർപോലും ഗോപാലകൃഷ്ണൻ എന്ന യഥാർത്ഥ പേര് മറന്നു പോയിരിക്കുന്നു. വലിയ ഒരു തറവാടായിരുന്നു ബദിയടുക്കയിലെ ഗോപാലകൃഷ്ണന്റേത്. ഏഴ് സഹോദരന്മാരിൽ നാലാമത്തെ ആളാണ് ഗോപാലകൃഷ്ണൻ. എല്ലാവരും വലിയ നിലകളിൽ ജീവിക്കുന്നു. ഏറ്റവും ഇളയയാൾ ശശികുമാറാണ് അവൻ ഒരു കവിയായി തീർന്നു. പ്രഭാകരനാണ് നിഷേധി എന്ന തൂലികാനാമത്തിൽ എഴുതുന്ന ശശികുമാറിനെ എനിക്ക് പരിചയപ്പെടുത്തുന്നത്. അദ്ദേഹത്തോടൊപ്പം ആ തറവാട്ടിൽ പോയ കാര്യവും ഓർമിക്കുന്നു. പഴകി ദ്രവിച്ച ഒരു രണ്ടുനില വീടായിരുന്നു ശശികുമാറിന്റേത്. മുകളിലത്തെ നിലയിൽ ഒരു കൊച്ചു മുറയുണ്ടെന്നും അതിൽ നാല് ഓടിന് പകരം ഗ്ലാസ്സാണ് ഉള്ളത്, നിലാവ് കാണാം എന്നു പറഞ്ഞ് എന്നെ അങ്ങോട്ട് കൊണ്ടുപോയി. ഇപ്പോൾ ഈ വീട്ടിൽ ശശികുമാർ ഒറ്റയ്ക്കാണോ? എന്ന് ഞാൻ ചോദിച്ചു. 'അല്ല. താഴത്തെ രണ്ട് മുറികളിലായി ഏടത്തിയുണ്ട്.

ഏച്ചി വിവാഹം കഴിച്ചിട്ടില്ല. പിന്നെയുള്ളത് ഒരു ജ്യേഷ്ഠനാണ് ഗോപാലകൃഷ്ണേട്ടൻ. മറ്റുള്ളവരൊക്കെ പഠിച്ച് വലിയ ഉദ്യോഗസ്ഥരായി ദൂരദേശങ്ങളിൽ പോയി കൂടണഞ്ഞു. ഈ പൊടിയും മാറാലയും ഞങ്ങൾ മൂവർക്കായി ഉപേക്ഷിക്കപ്പെട്ടു.' എന്നാണ് ശശികുമാർ മറുപടി പറഞ്ഞത്. താഴത്തെ നിലയിൽ നിന്ന് വെടിപൊട്ടുന്ന ഒച്ച കേട്ട് ഉണർന്നപ്പോൾ അദ്ദേഹം പറഞ്ഞു, 'ഗോപാലകൃഷ്ണേട്ടനാ നല്ല സുഖമില്ലാത്ത ആളാണ്. കുറച്ച് കഴിഞ്ഞാൽ ഉറങ്ങിക്കോളും.' കുറച്ച് കഴിഞ്ഞപ്പോൾ ശശികുമാർ പറഞ്ഞതുപോലെ വീണ്ടും ഒച്ച കേട്ടു. 'എടാ, കെ.പി. ഉമ്മറേ. ഞാൻ ഒരു വിഡ്ഢിയാണെന്ന് കരുതിയോ നീ ? റാസ്ക്കൽ! ' ഇതാരെയാണ് ചേട്ടൻ ചീത്ത പറയുന്നത് എന്ന് ഞാൻ ചോദിച്ചു. സിനിമാതാരം കെ. പി. ഉമ്മറിനെ എന്ന് ശശികുമാർ മറുപടിയും പറഞ്ഞു. മാത്രമല്ല ഏട്ടന് ഈ ലോകത്തിൽ ഒരേയൊരു ശത്രുവേ ഉള്ളൂ- അത് ജീവിതത്തിൽ ഇതുവരെ കണ്ടിട്ടില്ലാത്ത കെ.പി.ഉമ്മർ.... കെ.പി. ഉമ്മറിനെ തുരത്താതെ ഈ രാജ്യം പുരോഗമിക്കില്ല എന്നതാണ് അദ്ദേഹത്തിന്റെ വാദവും വിശ്വസവും. മാത്രമല്ല ആ തിയറിവെച്ച് ഇംഗ്ലീഷിൽ ഒരു പുസ്തകവും രചിച്ചിട്ടുണ്ട്. Why K. P. Ummer? - എന്ന പേരിൽ. അരിക്ക് വില കൂടുന്നതിന്റെ കാരണം വരെ കെ.പി. ഉമ്മറാണെന്ന് സൈദ്ധാന്തികമായും വസ്തുതാപരമായും അദ്ദേഹം ഈ പുസ്തകത്തിൽ പറയുന്നുണ്ട്. മാത്രമല്ല, ട്രെയിനിൽ നിരക്ക് വർദ്ധിക്കുമ്പോൾ, തൊഴിലില്ലായ്മ പെരുകുമ്പോൾ, അതിർത്തിയിൽ വെടിപ്പെട്ടുമ്പോൾ, ബദിയടുക്കയിൽ നാഷണൽ ഹൈവേയിൽ സ്ഥലത്തിന് വില കൂടുമ്പോൾ, ജനസംഖ്യ വർധിക്കുമ്പോൾ, ഫാക്ടറികൾ അടച്ചുപൂട്ടുമ്പോൾ, ആൾക്കൂട്ടത്തിൽ ആരെങ്കിലും ബോംബ് സ്ഫോടനം നടത്തുമ്പോൾ ഏട്ടൻ പറയും, എല്ലാം ആ കെ.പി. ഉമ്മറിന്റെ പണിയാണ് എന്ന്. പുസ്തകത്തിലെ ഒരു അധ്യായത്തിന്റെ പേര് തന്നെ 'കെ.പി.ഉമ്മറിനെ ഈ രാജ്യത്തുനിന്ന് നാടുകടത്താൻ പതിനേഴ് കാരണങ്ങൾ' എന്നാണ്. ഇതുകൊണ്ട് ഒക്കെ തന്നെ ചേട്ടനെ കെ.പി. ഉമ്മർ എന്നാണ് നാട്ടുകാർ വിളിക്കുന്നത്. ഗോപാലകൃഷ്ണൻ എന്ന പേര് ആർക്കും അറിയില്ല.

ചേട്ടൻ സിനിമയിൽ താല്പര്യം തോന്നിയതിനാൽ മദ്രാസ് അഡയാർ ഫിലിം - ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. അവിടെ വെച്ച് അഭിനയം പഠിക്കാൻ വന്ന മേഴ്സിയെ ഇഷ്ടപ്പെട്ടു. ഒരു ദിവസം മേഴ്സിയുമായുണ്ടായ തർക്കത്തിലാണ് കെ. പി. ഉമ്മർ ഒരു ശത്രുവായി രൂപപ്പെടുന്നത്. മേഴ്സിക്ക് കെ. പി. ഉമ്മറിനെ ഇഷ്ടമായിരുന്നു. അത് അംഗീകരിക്കാൻ ഗോപാലകൃഷ്ണൻ തയ്യാറായില്ല. ഇതിന്റെ പേരിൽ നടന്ന തർക്കത്തിന്റെ ഭാഗമായി അവർ പിരിയുന്നു. ഈ ഒരു ഷോക്കാണ് കെ. പി. ഉമ്മറിനോടുള്ള പകയായി തീർന്നത്. ഇത് ഒരു മാനസിക പ്രശ്നമായി തീർന്നത് അദ്ദേഹം അറിഞ്ഞില്ല. ആദ്യം ഇത് ആരും കാര്യമായി എടുത്തില്ല എന്നതാണ് സത്യം. എന്നാൽ അഡയാർ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് കെ.പി. ഉമ്മർ തകർക്കാർ പ്ലാൻ ചെയ്യുന്നു എന്ന പരാതിയിൽ പ്രസിഡന്റിന് കത്തെഴുതുകയും അന്വേഷണസംഘം ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് വളയുകയും ചെയ്തതോടെ പ്രശ്നം വഷളാവുകയും ചെയ്തു. പ്രിൻസിപ്പാൾ വീട്ടിലേയ്ക്ക് കത്തയക്കുകയും ചെയ്തതോടെ പഠനം നിലക്കുന്നു. കെ. പി. ഉമ്മർ ആജീവനാന്ത ശത്രുവായിത്തീർന്നു.

നേരം പുലർന്ന് ശശികുമാറിനോടൊപ്പം താഴേക്ക് ഇറങ്ങുമ്പോൾ ഗോപാലകൃഷ്ണൻ ചേട്ടൻ പത്രം വായിക്കുകയാണ്. ശശി എന്നെ ചേട്ടന് പരിചയപ്പെടുത്തിക്കൊടുത്തു. ദീർഘമായ സംഭാഷണത്തിൽ പല വിഷയങ്ങളെ കുറിച്ചും അദ്ദേഹം സംസാരിച്ചു. ഇറങ്ങുമ്പോൾ ശശികുമാർ ചേട്ടന്റെ കാൽ തൊട്ട് തൊഴുതു. അത് എന്തിനാണെന്ന് അയാൾ പറയുന്നുണ്ട്. ചേട്ടന്റെ തെറ്റിദ്ധാരണ മാറ്റാനാണ് അല്ലെങ്കിൽ ചേട്ടൻ കരുതും ഞാൻ കെ. പി. ഉമ്മറിനെ കാണാൻ പോവുകയാണെന്ന്. അത് ഒഴിവാക്കാനാണ് ഈ കാൽ തൊട്ട് വന്ദിക്കൽ.

പിന്നീട് കഥ അതിന്റെ ആരംഭരംഗത്തേയ്ക്ക് തിരികെ എത്തുന്നു. കെ. പി. ഉമ്മറിനോട് അദ്ദേഹത്തെക്കുറിച്ച് ചോദിക്കുന്നു. ബദിയടുക്കയിലെ ഗോപാലകൃഷ്ണനെ അറിയുമോ എന്ന്. അറിയാം എന്നു മാത്രമല്ല, ആഴ്ച്ചയിൽ രണ്ട് കത്ത് എഴുതുമായിരുന്നു ഏതോ മേഴ്സി ഞാൻ കാരണം പിണങ്ങിപ്പോയി, ഇടപ്പെട്ട് ശരിയാക്കി തരണം എന്നും പറഞ്ഞ്. പിന്നീട് ഭീഷണിയായി, തെറിവിളിയായി അങ്ങനെ പല രീതിയിൽ

ശല്യപ്പെടുത്തൽ തുടർന്നു. ഞാൻ തിരിച്ച് ഇറങ്ങാൻ തുടങ്ങുമ്പോൾ ഉമ്മുക്ക ഗോപാലകൃഷ്ണനെ അറിയുമോ എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു 'അനുജൻ എന്റെ സുഹൃത്താണ്' നിഷേധി എന്ന പേരിൽ കവിത എഴുതാറുണ്ട്. മാത്രമല്ല ഗോപാലകൃഷ്ണന് കൊടുക്കാൻ കുറച്ച് ബനാനാ ചിപ്സും തന്നുവിട്ടു. അത് തിന്നുമ്പോൾ ശത്രുത ഇല്ലാതാവും. നാടൻ വെളിച്ചെണ്ണയുടെ സുഗന്ധം പുതിയ ഒരു ചൈതന്യം പകരും.

കുറെ നാളുകൾക്ക് ശേഷം വീണ്ടും ബദിയടുക്കയിൽ പോയി ശശികുമാറിന്റെ കൂടെ താമസിച്ചു. അപ്പോഴേക്കും ചേട്ടൻ ഗോപാലകൃഷ്ണൻ കെ.പി. ഉമ്മറിനോടുള്ള പകയെ ആധുനികവത്കരിച്ചതായി കഥാകൃത്ത് പറയുന്നു. കെ.പി. ഉമ്മർ വിരുദ്ധസമിതി എന്ന പേരിൽ ഒരു വാട്ട് സാപ്പ് ഗ്രൂപ്പ് ഉണ്ടാക്കി പ്രവർത്തനം അങ്ങോട്ട് മാറ്റിയിരുന്നു. ഇദ്ദേഹത്തേയും അതിൽ ചേർത്തു. യാത്ര പറയുന്നതിനിടയിൽ കെ.പി. ഉമ്മർ മരിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞു എന്ന് ഞാൻ സൂചിപ്പിച്ചു. അത് കേട്ട് അയാൾ രോഷാകുലനാവുകയും അതെല്ലാം കെ.പി. ഉമ്മറിന്റെ അഭിനയമാണ് എന്ന് തീഷ്ണമായി പറയുകയും ചെയ്തു. ഇത് കേട്ട് ശശികുമാർ പിന്നിൽ നിന്നും വിളിച്ച് പറഞ്ഞു തർക്കിക്കല്ലേ, തർക്കിക്കല്ലേ, പ്ലീസ് എന്ന്.

കെ.പി. ഉമ്മർ എന്ന ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കഥയിൽ രണ്ട് രീതിയിലാണ് കെ.പി.ഉമ്മർ പ്രത്യക്ഷപ്പെടുന്നത്. ഒന്ന് എഴുത്തുകാരനെ കാണാൻ ക്ഷണിച്ച സാക്ഷാൽ കെ.പി.ഉമ്മർ. മറ്റൊന്ന് സുഹൃത്തിന്റെ ചേട്ടന്റെ മനോനിലയെ തകർത്ത സിനിമയിലെ കെ. പി. ഉമ്മർ. പലനിലകളിൽ പ്രത്യക്ഷപ്പെടുന്ന ഒരു കഥാപാത്രമായി കെ. പി. ഉമ്മർ മാറുന്നു. ഗോപാലകൃഷ്ണൻ എന്ന കഥാപാത്രത്തിന്റെ മനോനിലയെ തകർക്കുന്ന കെ.പി. ഉമ്മർ ഒരിക്കൽ പോലും അദ്ദേഹത്തെ നേരിട്ട് കണ്ടിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. പക്ഷെ കാമുകിയ്ക്ക് കെ. പി. ഉമ്മറിനെ ഇഷ്ടമാണ് എന്ന തർക്കത്തിൽ ആരംഭിക്കുന്ന പ്രശ്നം മനോനിലയെ തകർക്കുന്നതാണ് കഥാതന്തു. തകർന്ന് പോയ ഗോപാലകൃഷ്ണന്റെ ജീവിതം അതിനുള്ള കാരണം കണ്ടെത്തുന്നത് കെ.പി. ഉമ്മറിലാണ്.

## Recap

- മലയാളകഥയുടെ വർത്തമാന പ്രവണതകളുടെ പ്രതിനിധി
- കെ. പി. ഉമ്മർ എന്ന സിനിമാതാരത്തെ കേന്ദ്രകഥാപാത്രമാക്കി ശിഹാബുദ്ദീൻ പൊയ്ത്തുംകടവ് രചിച്ച കഥയാണ് 'കെ. പി. ഉമ്മർ'
- ഗോപാലകൃഷ്ണൻ എന്ന കഥാപാത്രത്തിന്റെ ഭാവനയിലെ കൊടുംഭീകരനാണ് കെ.പി. ഉമ്മർ
- ഗോപാലകൃഷ്ണന്റെ അനിയൻ ശശികുമാർ കഥാകൃത്തിന്റെ സുഹൃത്താണ്.
- കെ.പി. ഉമ്മർ എന്ന കഥാപാത്രം രണ്ട് രീതിയിലാണ് ഈ കഥയിൽ പ്രത്യക്ഷപ്പെടുന്നത്.
- ഹാസ്യാത്മക അവതരണത്തിലൂടെ നിർവ്വഹിക്കപ്പെടുന്ന സാമൂഹ്യവിമർശനം
- പരത്തിപ്പറയാതെ, നിയതമായ ആഖ്യാനം
- കെ. പി. ഉമ്മർ എന്ന ഭാവനയോട് നിഴൽയുദ്ധം ചെയ്യാൻ വിധിക്കപ്പെട്ട ഗോപാലകൃഷ്ണൻ

## Objective Type Questions

1. കെ.പി. ഉമ്മർ എന്ന കഥ രചിച്ചതാര്?
2. മലയാളത്തിലെ ആദ്യത്തെ ഫാന്റസി കഥാസമാഹാരത്തിന്റെ പേര്?
3. വില്ലൻ കഥാപാത്രത്തെക്കുറിച്ചുള്ള കെ.പി. ഉമ്മറിന്റെ നിരീക്ഷണം ?
4. ഗോപാലകൃഷ്ണൻ കെ.പി. ഉമ്മറിനെക്കുറിച്ച് എഴുതിയ പുസ്തകം?
5. പുസ്തകത്തിലെ ഒരു അധ്യായത്തിന്റെ പേര്?
6. ശശികുമാറിന്റെ തൂലികാനാമം?
7. ആഖ്യാതാവിന്റെ പ്രസിദ്ധീകരണത്തിലെ കാർട്ടൂൺ പംക്തി?
8. ശശികുമാറിനെ ആഖ്യാതാവിന് പരിചയപ്പെടുത്തിക്കൊടുത്തതാര്?

## Answers

1. ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്
2. ഈ സ്റ്റേഷനിൽ ഒറ്റക്ക്
3. ഓരോ വില്ലൻ കഥാപാത്രങ്ങളും നമ്മളിലൂടെ നശിച്ചുപോകുന്നതിൽ പരം പുണ്യമില്ല.
4. Why K. P. Ummer?
5. കെ. പി. ഉമ്മറിനെ ഈ രാജ്യത്തുനിന്ന് നാടുകടത്താൻ പതിനേഴ് കാരണങ്ങൾ
6. നിഷേധി.
7. പങ്കു ചങ്കു
8. പ്രഭാകരൻ

## Assignments

1. ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കഥകളുടെ സവിശേഷതകൾ വിവരിക്കുക.
2. ശിഹാബുദ്ദീൻ പൊയ്ത്തുംകടവിന്റെ കെ. പി. ഉമ്മർ എന്ന കഥയുടെ പ്രത്യേകതകൾ വിശദീകരിക്കുക?

## Suggested Readings


1. ഡോ. പി. കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
2. എം. അച്യുതൻ, ചെറുകഥ – ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. എം. എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. തോമസ്, ബേബി (എഡി), മലയാള ചെറുകഥയിലെ പുരുഷായിതങ്ങൾ, മലയാളവിഭാഗം, സെന്റ് തോമസ് കോളേജ്, പാല
5. പോൾ എം. പി, ചെറുകഥാപ്രസ്ഥാനം, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം.
6. മാർക്കോസ്, വി. പി.(എഡി), സമകാലികമലയാളചെറുകഥ : വഴിയും പൊരുളും, വിദ്വാൻ പി. ജി. നായർ സ്മാരക ഗവേഷണകേന്ദ്രം മലയാള വിഭാഗം യു. സി. കോളേജ്, ആലുവ.

# യൂണിറ്റ് - 6
# ചാവുസാക്ഷ്യം

**വി. എം. ദേവദാസ്**

## Learning Outcomes

- വി. എം ദേവദാസിന്റെ കഥകൾ പരിചയപ്പെടുന്നു
- ആധുനികാനന്തര കഥാകൃത്തുക്കൾ രചനാരീതിയിൽ കൊണ്ടുവരുന്ന പുതുമകളെ പരിചയപ്പെടുന്നു
- സവിശേഷ സന്ദർഭത്തെ ഇതിഹാസങ്ങളുമായി ബന്ധപ്പെടുത്തി പുതിയരീതിയിൽ ആവിഷ്കരിക്കുന്നതിനെ പരിചയപ്പെടുന്നു
- കുരുക്ഷേത്ര യുദ്ധസന്ദർഭത്തെ മറ്റൊരു രീതിയിൽ നോക്കാനുള്ള വഴി തുറന്ന് കിട്ടുന്നു

## Prerequisites

മലയാളത്തിലെ യുവസാഹിത്യകാരൻമാരിൽ ഏറ്റവും പ്രധാനപ്പെട്ട ഒരാളാണ് വി. എം. ദേവദാസ്. അദ്ദേഹത്തിന്റെ ഏറ്റവും ശ്രദ്ധിക്കപ്പെട്ട കഥകളിൽ ഒന്നാണ് ചാവുസാക്ഷ്യം. ഹൈദ്രാബാദ് സർവ്വകലാശാലയിലെ വിദ്യാർത്ഥിയായിരുന്ന രോഹിത് വെമുലയ്ക്കാണ് ചാവുസാക്ഷ്യം എന്ന കഥ സമർപ്പിച്ചിരിക്കുന്നത്. അധികാരത്തോടും വ്യവസ്ഥയോടും പൊരുതി ആത്മഹത്യയിൽ അഭയം പ്രാപിച്ച വിദ്യാർത്ഥിയാണ് രോഹിത് വെമുല.

ചെന്നൈയിൽ ഐ. ടി. മേഖലയിൽ പ്രവർത്തിക്കുന്ന വി. എം. ദേവദാസ് തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി സ്വദേശിയാണ്. നോവൽ, ചെറുകഥ, തിരക്കഥ തുടങ്ങി സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ ഇടപെടുന്ന ഒരാളാണ് ഇദ്ദേഹം. ഡിൽഡോ: ഡിൽഡോ: ആറ് മരണങ്ങളുടെ പൾപ്പ് ഫിക്ഷൻ പാഠപുസ്തകം, പന്നിവേട്ട, ചെപ്പും പന്തും, ഏറ് തുടങ്ങിയ നോവലുകൾ രചിച്ചിട്ടുണ്ട്. മരണസഹായി, ശലഭജീവിതം, അവനവൻ തുരുത്ത്, വഴി കണ്ടുപിടിക്കുന്നവർ, കാടിനു നടുക്കൊരു മരം തുടങ്ങിയ കഥാസമാഹാരങ്ങളും അദ്ദേഹത്തിന്റേതായുണ്ട്. ഗ്രാസ്സ്, നാടകാന്തം തുടങ്ങിയ ഹ്രസ്വചിത്രങ്ങൾക്ക് തിരക്കഥയും ഒരുക്കി.

കേരള സാഹിത്യ അക്കാദമിയുടെ 2021-ലെ കഥയ്ക്കുള്ള പുരസ്കാരം 'വഴി കണ്ടുപിടിക്കുന്നവർ' എന്ന വി. എം ദേവദാസിന്റെ കൃതിയ്ക്കായിരുന്നു. പ്രശ്നോത്തരി, നായകൻ, വെറുതെ വർത്തമാനം പറഞ്ഞു നടന്ന് വഴി കണ്ടുപിടിക്കുന്നവർ, സമയരേഖയിലൊരു ശരാശരി ജീവിതം, കണ്ടശ്ശാംകടവ്, പന്തിരുകുലം, ചാവുസാക്ഷ്യം എന്നിങ്ങനെ ഏഴു കഥകളാണ് 'വഴി കണ്ടുപിടിക്കുന്നവർ' എന്ന സമാഹാരത്തിലുള്ളത്.

ചാവുസാക്ഷ്യം എന്ന കഥ പുരാണത്തിലെ കഥാസന്ദർഭത്തിൽ നിന്നും എടുത്ത ചില ഭാഗങ്ങളും ഭാവനയും ചേർത്ത് രചിച്ചതാണ് എന്ന് എഴുത്തുകാരൻ തന്നെ പറഞ്ഞിട്ടുണ്ട്. ഭീമന്റെ പുത്രനായ ഘടോൽക്കചന്റെ മകനാണ് ഇതിലെ കേന്ദ്രകഥാപാത്രം. സ്കന്ദപുരാ

ണത്തിൽ നിന്നും പ്രധാന ആശയങ്ങൾ സ്വീകരിച്ചിട്ടുണ്ട്. 18 മഹാപുരാണങ്ങളിൽ പതിമൂന്നമത്തെതായ (13) സ്കന്ദപുരാണം വലിപ്പത്തിൽ ഒന്നാം സ്ഥാനത്താണ്. 81000 ശ്ലോകങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു. ഘടോൽക്കചന്റെ മകൻ എന്ന നിലയിൽ പലയിടത്തും ആരാധിക്കുന്ന മൂർത്തിയെ കുറിച്ചുള്ള ഐതീഹ്യങ്ങളും ഈ രചനയ്ക്കുള്ള പ്രചോദനമാണ്. അസുരവംശത്തിൽ ജനിച്ച ബർബരീകൻ എന്നും ബേലരശൻ എന്നും ഘടുശ്യാം എന്നും പല പേരുകളിൽ അറിയപ്പെട്ടിരുന്ന യുവാവിന്റെ ദാരുണമായ അന്ത്യത്തിന്റെ കഥ.

## Key Themes

- ഘടോൽക്കചന്റെ കൊച്ചുമകനായ ഘടുശ്യാം എന്ന രാക്ഷസന്റെ കഥ
- കുരുക്ഷേത്ര യുദ്ധത്തിന്റെ ആരംഭത്തിൽ തന്നെ ശ്രീകൃഷ്ണന്റെ ചതിയിലൂടെ ജീവൻ നഷ്ട്ടപ്പെട്ട ഘടുശ്യാം
- യുദ്ധ തന്ത്രങ്ങൾ പാണ്ഡവർക്ക് ഉപദേശിക്കുന്ന ഘടുശ്യാം
- മികച്ച യോദ്ധാവിനെ കണ്ടെത്തുന്ന ഘടുശ്യാം

## Discussion

അറുത്തു മാറ്റിയ തലമാത്രമായി കുരുക്ഷേത്രഭൂമിയിലെ രംഗങ്ങൾ കാണുന്ന ബേലരശൻ താൻ ഈ നിലയിൽ ആയതിന്റെ ചതിയെപ്പറ്റി ചിന്തിക്കുകയാണ്. യുദ്ധരംഗത്തിൽ നിന്നും ഒളിച്ചോടുന്ന പാരമ്പര്യം ഞങ്ങൾക്കില്ല. അതുകൊണ്ടാണ് ഇത്ര ദൂരം താണ്ടി യുദ്ധത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്നത്. പക്ഷെ ആയുധമെടുത്ത് പോരാടാൻ കഴിഞ്ഞില്ല എന്ന ദുഃഖം ബാക്കിയാണ്. യുദ്ധവീരൻമാർക്ക് കണ്ണ് തട്ടാതിരിക്കാൻ കൊട്ടാരക്കെട്ടുകൾക്ക് മുകളിൽ കയറ്റിവെച്ച കരിങ്കണ്ണൻ പൊയ്മുഖമായി പരിഹാസകഥാപാത്രമായി താൻ മാറി എന്ന് ഘടുശ്യാം എന്ന ബേലരശൻ തിരിച്ചറിയുന്നു. കൊലവിളിക്കുന്ന കൊമ്പനാനകളുടേയും തേരുകളുടെയും കുതിരകളുടെയും ഇടയിലേക്ക് വില്ലും ഗദയും പടച്ചട്ടയുമായി പടയാളികൾ കുരുക്ഷേത്ര ഭൂമിയിൽ എത്തിച്ചേർന്നുകൊണ്ടിരുന്നു. സമന്തപഞ്ചക തടാകത്തിനടുത്തായി വജ്രവ്യൂഹം ചമച്ച് നിലയുറപ്പിച്ച അർജ്ജുനനന്റെ ആജ്ഞയ്ക്കായി പാണ്ഡവസേന കാത്തുനിന്നു. അതിൽ മഹാരഥികളായ ചേദിരാജൻ, ദ്രുപദൻ, വിരാടൻ, പാഞ്ചാല്യൻ തുടങ്ങിയ വീരന്മാർ ഉണ്ട്. ഇവരുടെ നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവം കേൾക്കുകയും വേണ്ടരീതിയിൽ പ്രവർത്തിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം സേനാപതിയായ ധൃഷ്ടദ്യുമ്നനാണ്. എന്നാൽ ഈ കൂട്ടത്തിൽ വെറും തേരാളി മാത്രമായി നിന്ന് സർവ്വവും കണ്ട് പുഞ്ചിരിക്കുകയാണ് ശ്രീകൃഷ്ണൻ. കുരുക്ഷേത്രത്തിന് കിഴക്കുഭാഗത്താണ് ഭീഷ്മർ കൗരവസേനയെ നിലയുറപ്പിച്ചിട്ടുള്ളത്. ദ്രോണർ, ജയദ്രഥൻ, അശ്വത്ഥാമാവ്, തൃഗർത്തൻ, കൃതവർമ്മാവ്, ശല്യൻ, കോസലേന്ദ്രൻ, ശകുനി, ഗാന്ധാരി പുത്രന്മർ തുടങ്ങിയ മഹായോദ്ധാക്കളുടെ വലിയൊരു നിര കൗരവപക്ഷത്ത് അണിനിരന്നിട്ടുണ്ട്. എണ്ണത്തിലും വൈവിധ്യത്തിലും മികച്ച് നിൽക്കുന്നത് കൗരവസേനയാണെന്ന് പറയേണ്ടിവരും. യുദ്ധം ആരംഭിച്ചു. തല അറുത്ത് മാറ്റപ്പെട്ട താൻ മാത്രം ഏകനായി എന്ന് ഘടുശ്യാം ചിന്തിക്കുന്നു. താൻ ഏത് പക്ഷത്തായിരിക്കും യുദ്ധത്തിൽ അണിനിരക്കുക എന്നത് തന്നെ അലട്ടിയിരുന്ന ചോദ്യമായിരുന്നു. 'ഘടുശ്യാം .... പറയൂ. നീ ആരുടെ പക്ഷത്ത് നിന്ന് യുദ്ധംചെയ്യും' എന്ന് ആദ്യം ചോദിച്ചത് അമ്മയാണ്.

തന്റെ ചെറുപ്പകാലത്തെക്കുറിച്ച് ആലോചിക്കുന്നതിനിടയിലാണ് ഘടുശ്യാം തന്റെ ശരിയായ പേര് ബേലരശൻ എന്നാണെന്ന് ഓർത്തെടുക്കുന്നത്. ഘടുശ്യാം എന്ന പേര് ആദ്യ വിളിച്ചത് അമ്മയാണ്. ഘടു ശ്യാം എന്ന പേര് വിളിക്കുന്നവർ കാട്ടിൽ അധികമില്ല. ഗുപ്തക്ഷേത്രത്തിൽ താമസിച്ച് ആയുധ വിദ്യകളഭ്യസിച്ചു കാട്ടിലെ കുട്ടികളെ അവ അഭ്യസിപ്പിക്കുന്നതി

നുയിലാണ്, കുരുക്ഷേത്ര യുദ്ധവാർത്ത അറിയുന്നത്. പലരും ഇരുപക്ഷത്തായി നിലയുറപ്പിച്ചു. 'കുരുക്ഷേത്ര യുദ്ധം തുടങ്ങാൻ പോകുന്നു. അമ്മേ... ഞാനെന്തു ചെയ്യണം?' മറുപടിയായി അമ്മ പറഞ്ഞത് 'മണ്ണിനും, പൊന്നിനും, ഗർവ്വിനും വേണ്ടി ക്ഷത്രിയർ യുദ്ധം ചെയ്യുന്നതിൽ നിനക്കെന്ത് കാര്യം?' എന്ന് ചോദിച്ചു കൊണ്ടാണ്. പോരാടാൻ ഉറച്ചുകഴിഞ്ഞ തന്നെ പിന്തിരിപ്പിക്കരുത് എന്ന് ഘടുശ്യാം പറഞ്ഞു. അപ്പോഴാണ് അമ്മ ആ ചോദ്യം ചോദിച്ചത്, നീ ആരുടെ പക്ഷത്താണ്. രക്ഷസർ ഇരുപക്ഷത്തും ഉണ്ട്. അതിനാൽ ഞാൻ എന്റെ അച്ഛാച്ഛന്റെ കൂടെ ചേരാൻ തീരുമാനിച്ചു എന്ന് മറുപടി പറഞ്ഞു. കുലപാരമ്പര്യമാണോ നീതിയാണോ വലുത് എന്ന് അമ്മ തിരിച്ച് ചോദിക്കുന്നു. ബലഹീനർക്കൊപ്പം തുണ നിന്ന് പോരാടുക. തോൽക്കുന്നവന് തോഴനാകുക എന്ന ആദർശമാണ് തന്നെ നയിക്കുന്നത് എന്ന് ഘടുശ്യാം പറയുന്നു. 'കുലമോ പരമ്പരയോ നോക്കാതെ ഞാൻ കുരുക്ഷേത്രത്തിൽ ബലഹീനരുടെ പക്ഷം ചേർന്ന് പോരാടും' ഇതായിരുന്നു തന്റെ തിരിച്ചറിവ് എന്ന് ഘടുശ്യാം വിശ്വസിച്ചു.

കുരുക്ഷേത്രത്തിലേക്കുള്ള യാത്രാമധ്യേയാണ് വൃദ്ധബ്രാഹ്മണന്റെ രൂപത്തിലുള്ള ആ വ്യാജവേഷധാരി തന്റെ ഒപ്പം കൂടിയത്. യുദ്ധത്തിന് മുമ്പ് രാജാക്കന്മാർ ദാനം നല്കുന്ന പതിവുണ്ട് അതിൽ പങ്കെടുക്കാൻ താൻ പോവുകയാണെന്ന കള്ളം ഞാൻ വിശ്വാസിച്ചതായി നടിച്ചു. നീ ആരാണ്, നീ എന്തിനാണ് അങ്ങോട്ട് പോകുന്നത് തുടങ്ങി പലതും അയാൾ കുത്തിചൂഴ്ന്ന് ചോദിച്ചുകൊണ്ടിരുന്നു. യുദ്ധത്തിൽ മരിച്ച പടയാളികളുടെ ശരീരത്തിൽ നിന്നും ആഭരണങ്ങൾ എടുക്കാനാണെങ്കിൽ യുദ്ധം അവസാനിച്ചിട്ട് ചെന്നാൽ മതി എന്ന അയാളുടെ ഉപദേശം എന്നെ ക്രുദ്ധനാക്കി. ഞാൻ യുദ്ധം ചെയ്യാനാണ് പോകുന്നത് എന്ന് തറപ്പിച്ചു പറഞ്ഞു. നിങ്ങൾ രാക്ഷസന്മാർ കെട്ടി മറിഞ്ഞ് കളിക്കുന്നതല്ല യുദ്ധം എന്ന് ആ വൃദ്ധൻ പറഞ്ഞു. അത് ഞാൻ കുരുക്ഷേത്രത്തിൽ തെളിയിച്ച് കൊള്ളാം എന്ന് മറുപടി പറഞ്ഞു. വീണ്ടും പഴയ ചോദ്യം ആവർത്തിച്ചു. നീ ആരുടെ പക്ഷത്താണ്, പഴയ ഉത്തരം തന്നെ ഞാൻ ആവർത്തിച്ചു. ദുർബലരുടെ പക്ഷത്ത് നിലയുറപ്പിക്കാനാണ് എന്റെ തീരുമാനം. അപ്പോൾ അയാൾക്ക് എന്റെ കുലവും വംശവും അറിയണം. ഏതാനും വർഷം മുമ്പ് ദ്വാരക സന്ദർശിച്ച വേളയിൽ ഇദ്ദേഹം അത് അന്നും ചോദിച്ചിരുന്നു. അച്ഛനാണ് ശ്രീകൃഷ്ണനെ പരിചയപ്പെടുത്തിയത്. ക്ഷേമം അന്വേഷിച്ച കൃഷ്ണനോട് എന്താണ് ക്ഷേമം എന്നന്വേഷിച്ചപ്പോഴാണ് കുലതൊഴിലിൽ ഏർപ്പെടുന്നതാണ് ക്ഷേമം എന്ന മറുപടി കിട്ടത്. അപ്പോൾ എന്റെ കുലം ഏതാണ് എന്ന സംശയം എന്നെ അലട്ടി. കാരണം അച്ഛാച്ഛൻ ഭീമൻ ക്ഷത്രിയൻ ആണ്, അച്ഛമ്മ രാക്ഷസിയും, അപ്പോൾ അച്ഛൻ ക്ഷത്രിയനോ, രാക്ഷസനോ? ചോദ്യം പലതും വന്നു കൊണ്ടിരുന്നു. വംശാവലിയുടെ കുരുക്ക് മുറുകുന്നു. ഒരു എത്തുംപിടിയും കിട്ടില്ലെന്നായപ്പോൾ കൃഷ്ണന്റെ അടുത്ത് തന്നെ ചോദിച്ചു. "ഞാൻ ആരാണ്? എന്റെ കുലമേത്? ഗോത്രമേത്?" നിന്റെ മുത്തച്ഛൻ ക്ഷത്രിയനാണ് എന്ന കാര്യം നിനക്കറിയില്ലേ ബാർബരി എന്ന് പറഞ്ഞ് കൃഷ്ണൻ ഒരു പരിഹാസചിരി ചിരിച്ചു. അച്ഛന്റെ തല താഴ്ന്നു. മറുത്തെന്ത് പറയണമെന്നറിയാതെ നിന്ന അച്ഛന്റെ മുഖഭാവമാണ് കുലം ഉറപ്പിച്ചത്. 'ഞാനൊരു രാക്ഷസനാണ്' എന്ന്. ഇതേ മറുപടി വീണ്ടും എന്നിൽ നിന്നും കേട്ടപ്പോൾ ആ ബ്രാഹ്മണ വേഷധാരിയുടെ മുഖത്ത് അന്ന് ദ്വാരകയിൽ വെച്ച് കണ്ട അതേ ഭാവം, പരിഹാസം. നടന്ന ക്ഷീണം മാറ്റാൻ കേറിയ തണ്ണീർപ്പന്തലിന്റെ നടത്തിപ്പുകാരനിൽ നിന്നാണ് 18 അക്ഷൗഹിണി പടയെക്കുറിച്ച് അറിഞ്ഞത്. 11 എണ്ണം കൗരവർക്കും 7 എണ്ണം പാണ്ഡവർക്കും അങ്ങനെ 18 - അക്ഷൗഹിണി അണിനിരക്കുന്നെന്ന് കേട്ടപ്പോൾ ആ വൃദ്ധബ്രാഹ്മണന് ഞാൻ എങ്ങനെ യുദ്ധം ചെയ്യും എന്നറിയണം. തണ്ണീർപ്പന്തലിന്റെ വലതു വശത്തുള്ള അരയാലിൽ കാറ്റേറ്റ് ഇളകിയാടുന്ന അസംഖ്യം ഇലകളെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാനെന്റെ യുദ്ധതന്ത്രം വിവരിച്ചു കൊടുത്തപ്പോഴാണ് അയാളുടെ മുഖത്തുണ്ടായിരുന്ന പരിഹാസം വിട്ടൊഴിഞ്ഞത്. ഉപചാരം ചൊല്ലി പിരിഞ്ഞെങ്കിലും അടുത്തെവിടെയോ ഒളിപ്പിച്ചു വച്ച തേരെടുത്ത് അയാൾ എനിക്കു മുന്നേ പാണ്ഡവരുടെ അടുത്തെത്തുമെന്ന് ഞാൻ കണക്കുകൂട്ടി.

കുരുക്ഷേത്രത്തിൽ എത്തിച്ചേരുമ്പോൾ അന്തിമ യുദ്ധതന്ത്രം ചർച്ചചെയ്യാനായി യുധി

ഷ്ഠിരൻ തന്റെ പക്ഷത്തുള്ള യുദ്ധവീരന്മാരെ വിളിപ്പിച്ചിരിക്കുകയാണ്. 11 അക്ഷൗഹിണിയുള്ള സേനയെ തോൽപ്പിക്കാൻ നിങ്ങൾക്ക് എത്ര ദിവസം വേണം. ഉടനെ അർജ്ജുനൻ പറഞ്ഞു കർണ്ണന് ഒരു വാരമെങ്കിൽ എനിക്ക് ഒരു ദിവസം മതി എന്ന്. ഭീമനും അർജ്ജുനനെ പിന്തുണച്ചു. ഒരു ദിവസം എന്ന് പറയാൻ കഴിയില്ലെങ്കിലും നമ്മുടെ പക്ഷത്തും കരുത്തരുണ്ട്, അത് മറക്കരുത് അതുകൊണ്ട് നമ്മൾ വിജയിക്കും. ഇതുകേട്ടപ്പോഴാണ് ഞാൻ ഇടപെട്ടത്. സ്വയം മേനി പറഞ്ഞ് കളയാനുള്ള സമയമല്ല ഇതെന്ന് ഞാൻ അവരെ ഓർമിപ്പിച്ചു. പല കുലങ്ങളിൽ നിന്നും വംശങ്ങളിൽ നിന്നും ഉള്ളവരാണ് ഇരു പക്ഷത്തും ഉള്ളത് അതുകൊണ്ട് യുദ്ധതന്ത്രവും വ്യത്യസ്തമായിരിക്കും. കൂട്ടത്തോടെയുള്ള ആക്രമണത്തിനാണ് നാം മുതിരേണ്ടത്. പ്രധാനമായും മൂന്ന് കാര്യങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഒന്ന്, എന്തൊക്കെയാണ് സംരക്ഷിക്കേണ്ടത്, രണ്ട് ആരെയൊക്കെയാണ് നശിപ്പിക്കേണ്ടത്, മൂന്ന്, എങ്ങനെയാണ് നശിപ്പിക്കേണ്ടത്. ഇതിൽ കാര്യമുണ്ടെന്ന് തിരിച്ചറിഞ്ഞ യുധിഷ്ഠിരൻ എന്റെയരികിൽ വന്ന് അഭിനന്ദിച്ചു. മാത്രമല്ല എങ്ങനെയാണ് ഇത് നടപ്പാക്കേണ്ടത് എന്ന് വിശദീകരിക്കാനും ആവശ്യപ്പെട്ടു. ആളും തരവും അടവുമനുസരിച്ച് പടയെ മൂന്നായി തിരിക്കണം. മൂന്ന് വിഭാഗത്തിനും കൃത്യമായ ജോലികൾ ഏല്പിച്ചു കൊടുക്കണം. ഇതിൽ ഒന്നാമത്തെ വിഭാഗത്തിന് സംരക്ഷണത്തിന്റെ ചുമതല നൽകണം. മാത്രമല്ല യുദ്ധവീരൻന്മാരുടെ ശരീരമർമ്മങ്ങളെക്കുറിച്ചും ഇവർക്ക് ധാരണയുണ്ടായിരിക്കണം. ദേഹമർമ്മങ്ങളറിയാൻ എങ്ങനെ സാധിക്കും എന്നായിരുന്നു യുധിഷ്ഠിരന് സംശയം. കേട്ടറിവുകൾ വെച്ച് ചിലത് ഞാൻ പറഞ്ഞു. ഭീഷ്മർക്ക് തല, കർണ്ണനും ശല്യരും, ഭഗദത്തനും ദ്രുപദനും മത്സ്യനും ധൃഷ്ടദ്യുമ്നനും കഴുത്ത്, ദുര്യോധനന് തുട. ശിഖണ്ഡിക്ക് എടുപ്പ്. കൃഷ്ണന് കാൽപ്പാദം. അറിയാത്തവരുടേത് ഉടനെ കണ്ടെത്തണം. സമർത്ഥന്മാരായ ചാരന്മാരും പരിചയത്തിലുള്ള പഴയ കൊട്ടാരം വൈദ്യന്മാരും വിരമിച്ച ഉഴിച്ചിലുകാരുടെയുമൊക്കെ സഹായം ഇതിനായി തേടാം. ആക്രമണം രണ്ടാമത്തെ വിഭാഗത്തിന്റെ ചുമതലയാണ്. മൂന്നാമത്തെക്കൂട്ടർ ശത്രുപക്ഷത്തെ തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ ചെയ്യുന്നവരായിരിക്കണം. ഇവർ ശത്രുപക്ഷത്ത് നുഴഞ്ഞ് കയറി അവരെ എളുപ്പം തിരിച്ചറിയാൻ കഴിയുന്ന വിധത്തിൽ ഭസ്മമോ, കുങ്കുമമോ എറിയണം. ആ അടയാളം ലക്ഷ്യമാക്കിപെട്ടെന്ന് ആക്രമിക്കുന്ന വിധമായിരിക്കണം നമ്മുടെ മുന്നേറ്റം. ഇത് പറഞ്ഞ് മുഴുമിപ്പിക്കുന്നതിന് മുമ്പ് അർജ്ജുനൻ രോഷാകുലനാവുകയും 'ഇതണോ ഇത്ര സമർത്ഥമായ യുദ്ധതന്ത്രം' എന്ന് പുച്ഛിക്കുകയും ചെയ്തു. യുദ്ധത്തലേന്ന് ഏത് ചെറിയവൻ പറഞ്ഞതും പരിഗണിക്കണം എന്ന് മാത്രം പറഞ്ഞ് ഞാൻ നിർത്തി. പക്ഷെ അപ്പോഴാണ് ബലവാന്മാരായ ഞങ്ങൾക്ക് യുദ്ധതന്ത്രം ഉപദേശിക്കാൻ നീയാരാണ് എന്ന ചോദ്യം വരുന്നത്. 'ഞാൻ മുരവിയുടെയും ഘടോൽക്കചന്റെയും മകൻ'. പകച്ചുനിന്ന അർജ്ജുനന് കുറച്ചു കൂടി വ്യക്തമായി മനസ്സിലാക്കാൻ ഒരിക്കൽ കൂടി എന്നെ പരിചയപ്പെടുത്തി. 'ഞാൻ ബാർബരീകൻ ...... പാണ്ഡവരിൽ ബലവാൻ ഭീമന്റെയും രാക്ഷസികളിൽ കരുത്തയായ ഹിഡുംബിയുടെയും പേരക്കുട്ടി.' അതു കേട്ടപ്പോൾ അർജ്ജുനന്റെ ക്രോധം പകുതി കുറഞ്ഞു. 'പുത്രതുല്ല്യനായതിനാൽ നീയിപ്പോൾ നടത്തിയ അധികപ്രസംഗമെല്ലാം ഇളംപ്രായത്തിന്റെ എടുത്തുചാട്ടമെന്നു കരുതി ക്ഷമിച്ചിരിക്കുന്നു. അക്ഷൗഹിണികൾ പടയ്ക്കിറങ്ങുന്ന യുദ്ധത്തിൽ പങ്കെടുക്കുന്നതിന്ന് മുമ്പ്, ഒരു ദ്വന്ദയുദ്ധമെങ്കിലും ജയിച്ച് കാണിക്ക്, എന്നിട്ടാകാം ഈ ധിക്കാരം'. 'എന്റെ യുദ്ധതന്ത്രത്തിലും കായബലത്തിലും സംശയമില്ലാത്ത രണ്ടു പേർ ഈ കൂട്ടത്തിലുണ്ട്. വേഷം മാറി എന്റെ അടുത്തെത്തിയ നേരത്ത് അരയാലും ഇലകളും ഉദാഹരണമാക്കി ഞാൻ വിവരിച്ച യുദ്ധതന്ത്രം അങ്ങയുടെ തേരാളി വസുദേവ കൃഷ്ണന് ബോധിച്ചതാണ്. അല്ലെങ്കിൽ ചോദിച്ചു നോക്കൂ... വനവാസകാലത്ത് നിങ്ങൾ പാണ്ഡവർ അലഞ്ഞു നടക്കവേ, തമ്മിലുള്ള ബന്ധമെന്തെന്ന് തിരിച്ചറിയാതെ അച്ഛാച്ഛനെ ഞാനൊരിക്കൽ എതിരിട്ടതാണ്. ഭീമനോട് മല്ലയുദ്ധം നടത്തിയിട്ടും ഞാനിപ്പോഴും ജീവനോടെ ഉണ്ടെന്നതാണ് എന്റെ കരുത്തിന് തെളിവ്.' കൃഷ്ണന്റെ അടുത്തേയ്ക്ക് നോക്കിയ അർജ്ജുനനോട് എല്ലാം ശരിയെന്ന മട്ടിൽ സമതിക്കുകയാണ് അദ്ദേഹം ചെയ്തത്. പേരക്കുട്ടിയുടെ പേശിബലത്തിനുമു

മ്പിൽ തോറ്റ് പോയതിന്റെ ജാള്യതയാൽ ഭീമൻ തലതാഴ്ത്തി നിന്നു. അന്ന് അറിയാതെ ചെയ്തു പോയ ആക്രമണത്തിന്, മുത്തച്ഛനാണ് എന്ന് തിരിച്ചറിഞ്ഞ ആ നിമിഷം തന്നെ കാലിൽ പിടിച്ച് മാപ്പ് പറഞ്ഞതുമാണ്.

പക്ഷെ തന്റെ യുദ്ധതന്ത്രങ്ങളെ എതിർത്തു കൊണ്ട് ശ്രീകൃഷ്ണനാണ് പിന്നീട് മുന്നോട്ട് വന്നത്. എളുപ്പത്തിലുള്ള യുദ്ധവിജയം നമ്മുടെ ലക്ഷ്യമല്ല എന്ന് അദ്ദേഹം പറഞ്ഞു. ഭീഷ്മരെ കൊല്ലാനായി കാത്തിരിക്കുന്ന ശിഖണ്ഡിയുണ്ട്, ദ്രോണരെ വീഴ്ത്താനായി പ്രതിജ്ഞയെടുത്ത ധൃഷ്ടദ്യുമ്നനുണ്ട്. കർണ്ണനെ എയ്തിടുമെന്ന് തീരുമാനിച്ച അർജ്ജുനനുണ്ട്. അങ്ങനെയങ്ങനെ പലരുമുണ്ട്. കൈയ്യകലത്തിൽ കിട്ടിയാൽ ദുശ്ശാസനന്റെ മാറു പിളർക്കുമെന്ന് പത്നിയ്ക്ക് വാക്ക് കൊടുത്തത് നിന്റെ മുത്തച്ഛൻ ഭീമനാണ്. ഇങ്ങനെ പലർക്കും പല കണക്കുകളും തീർക്കാൻ ഉണ്ട്. അതുകൊണ്ട് യുദ്ധത്തിന് നീ പറയുന്ന നിർദ്ദേശങ്ങൾ നടത്താൻ കഴിയില്ല എന്ന് കൃഷ്ണൻ പറഞ്ഞു. യുദ്ധമുറകളിലോ വ്യൂഹവിന്യാസങ്ങളിലോ ഒന്നും അയാൾക്ക് താല്പര്യമില്ല, പരസ്പരം പക തീർക്കാനായി പടക്കളമൊരുക്കുന്നതിന്റെ ആവേശമാണ് അയാൾക്കുള്ളത്.

പെട്ടെന്നാണ് അയാൾ തന്ത്രപൂർവ്വം തന്നെ കുടുക്കാൻ പോന്ന പ്രവർത്തിയിലേയ്ക്ക് കടന്നത്. നീ ആരുടെ പക്ഷത്താണ് എന്ന ചോദ്യം വീണ്ടും ആവർത്തിക്കുകയും. ദുർബലരുടെ പക്ഷത്ത് എന്ന എന്റെ മറുപടി ആവർത്തിക്കുകയു ചെയ്തു. കൗശലക്കാരനായ കൃഷ്ണൻ ആ ഉത്തരം പ്രതീക്ഷിച്ചിരുന്നതിനാൽ തന്നെ വീണ്ടും കൗശലകരമായ ചോദ്യം വന്നു. യുദ്ധം തുടർന്ന് പോയാൽ നീ ഇപ്പോൾ ഉള്ള പാണ്ഡവ പക്ഷത്തേക്കാൾ ദുർബലർ കൗരവരായാൽ നീ ആ പക്ഷത്തേയ്ക്ക് പോവും എന്ന് കൃഷ്ണൻ പറഞ്ഞപ്പോൾ തിരിച്ച് ഒന്നും പറയാൻ ഉണ്ടായിരുന്നില്ല. 'എങ്കിൽ പറയൂ ഞാനെന്ത് ചെയ്യണം'എന്ന് കൃഷ്ണനോട് തന്നെ ചോദിച്ചു. "പോര് തുടങ്ങുന്നതിന് മുന്നേ വിജയമാഗ്രഹിച്ചുകൊണ്ട് കുരുതി കൊടുക്കുന്ന പതിവുണ്ട്. ലക്ഷണം തികഞ്ഞ മൃഗത്തിന്റെ കഴുത്തു വെട്ടി ചോര വീഴ്ത്തിയാൽ നന്ന്. കൂട്ടത്തിലേയ്ക്കേറ്റവും വീരന്റെ തലയറുത്ത് മനുഷ്യക്കുരുതി നൽകിയാൽ അതിലേറെ നന്ന്. നിന്റെ പിതാമഹനു വേണ്ടി, പാണ്ഡവസേനയുടെ വിജയത്തിനായി, ഇപ്പോൾ നിനക്കു ചെയ്യാവുന്ന ഏറ്റവും നല്ല കാര്യം അതാണ്. നരബലിയ്ക്ക് വിധേയനാകുക...". അകപ്പെട്ടതിനു ശേഷം മാത്രം കെണിയുടെ കൗശലം തിരിച്ചറിയുന്ന മൃഗത്തിന്റെ ഉൾത്തുടിപ്പാൽ ഞാനൊരു നിമിഷം നിശബ്ദനായി. അതിന്റെ പകപ്പണഞ്ഞ നേരം കൊണ്ട് തീരുമാനവും എടുത്തു. 'സമ്മതം..... പക്ഷെ സ്വയം ബലിനൽകുന്നതിന് മുന്നേ ഒരു കാര്യം കൂടി പറയാൻ എനിക്കാഗ്രഹമുണ്ട്. ഈ മഹായുദ്ധത്തിൽ പങ്കെടുക്കണമെന്നു കരുതിയാണ് അമ്മയെ പോലും എതിർത്തു കൊണ്ട് ഞാൻ കാടുവിട്ടിറങ്ങിയിവിടെവരെയെത്തിയത്. പോരിൽ പങ്കെടുക്കാനാകില്ലെന്നതോ പോകട്ടെ, കുരുക്ഷേത്രയുദ്ധം കാണാൻ എങ്കിലും എന്നെ അനുവദിക്കണം. മരിച്ചു കഴിഞ്ഞാൽ എന്റെ തല ആ കുന്നിൽ ഉയരത്തിൽ കേറ്റിവെക്കണം. അവിടെ നിന്നും ഞാൻ യുദ്ധം നോക്കി കണ്ടോളാം.' ഉടനെ ശ്രീകൃഷ്ണൻ, ആരെങ്കിലും വന്ന് ഇവന്റെ തല അറുത്തിടാൻ പറഞ്ഞു. ആ കൂട്ടത്തിൽ നിന്നാരും മുന്നോട്ട് വന്നില്ല. ഇത് കണ്ട കൃഷ്ണൻ എന്റെ അടുത്ത് വന്നു പറഞ്ഞത് ഈ യുദ്ധത്തിൽ ആയുധമെടുക്കില്ലെന്ന് ഒരു പ്രതിജ്ഞ എനിക്കുണ്ട് ഇല്ലെങ്കിൽ ഞാൻ തന്നെ.... എന്ന് പറഞ്ഞ് നിർത്തി. കൃഷ്ണൻ തന്റെ അരക്കച്ചയിൽ ഒളിപ്പിച്ചിരുന്ന അരിക് മൂർച്ചയുള്ള ചക്രമെടുത്ത് നീട്ടി. അതു കൈയിൽ വാങ്ങിയ ഞാൻ ചുറ്റും നോക്കി. ആരും അരുതെന്ന് ഒരക്ഷരം പറഞ്ഞില്ല. സ്വയം ബലിമൃഗമായി ഞാൻ എല്ലാവരെയും നോക്കി പരിഹസിച്ചു ചിരിച്ചപ്പോൾ മാത്രം രത്നകിരീടം ധരിച്ച ചില ശിരസ്സുകൾ കുനിഞ്ഞു. ആ കാഴ്ച്ച കണ്ട് ആഞ്ഞ് ഒരു ശ്വാസം വലിച്ച് കണ്ണുകൾ ഇറുക്കിയടച്ച് സ്വന്തം തലയറുക്കുന്ന കർമ്മം നിർവ്വഹിച്ചു. തലയും ഉടലും വേറിട്ട് നിലം പതിച്ച നിമിഷം പാണ്ഡവരുടെ പാളയത്തിൽ എന്റെ പ്രതിഷേധം ചോരക്കളം തീർത്തു.

അവിടെ കിടന്ന് കേട്ട കാര്യം എതിർപക്ഷത്തെ രാക്ഷസന്മാരെ നേരിടാൻ ഭീമനോട് ഘടോൽക്കചനെ വിളിക്കാൻ ശ്രീകൃഷ്ണൻ പറയുന്നതാണ്. മകനായ ഞാൻ മരിച്ചതിനാൽ യുദ്ധത്തിന് തയ്യാറായില്ലെങ്കില്ലോ എന്ന സംശ

യം മുത്തച്ഛൻ ചോദിച്ചെങ്കിലും അത് അറിയിക്കേണ്ടാ എന്നാണ് കൃഷ്ണൻ പറഞ്ഞത്. യുദ്ധം നടന്നു, നീതിയ്ക്ക് നിരക്കാത്ത വിധത്തിൽ. എല്ലാ യുദ്ധനീതികളും അട്ടിമറിക്കപ്പെട്ട യുദ്ധതിൽ 12 പേരാണ് അവശേഷിച്ചത് പാണ്ഡവപക്ഷത്ത് 8 ഉം കൗരവപക്ഷത്ത് 4 ഉം. യുദ്ധം അന്തിമമായി ആരെയും വിജയികളാക്കിയില്ല. എന്റെ അടുത്തേയ്ക്ക് പാണ്ഡവർ എല്ലാവരും വന്നു. കേമൻ ആര് എന്ന് അറിയാൻ. അറ്റുപോയ ശിരസ്സുമാത്രമായി എല്ലാം നോക്കിക്കണ്ട ഞാൻ അവരിലെ കേമനെ കണ്ടെത്തി പറഞ്ഞ് കൊടുക്കണം. യുദ്ധം മുഴുവൻ കണ്ടതിൽ നിന്നും എനിക്ക് മനസ്സിലായത് ഞാൻ പറഞ്ഞു. ആയുധമെടുക്കാത്ത ആ തേരാളിയാണ് മികച്ച പോരാളിയെന്ന്. ആയാളായിരുന്നു യുദ്ധത്തിലെ വീരൻ എന്ന്. അവർ എല്ലാവരും മടങ്ങി പോകുമ്പോൾ അയാൾ മാത്രം കഴുത്ത് തിരിച്ച് എന്നെ നോക്കി പുഞ്ചിരിച്ചു. സർവ്വം ജയിച്ചുവെന്ന അഹന്ത വേണ്ടാ കൃഷ്ണാ, ഒരു കാടനോ വേടനോ രാക്ഷസനോ മ്ലേച്ഛനോ മൂർച്ചയേറിയ ആയുധവുമായി നിന്നെ തേടിവരും എന്ന് മാത്രം പറഞ്ഞു. അത് ആ കുന്നിൽ ചെരുവിൽ മാറ്റൊലിയായി മുഴങ്ങി.

'ചാവുസാക്ഷ്യം' എന്ന വി. എം ദേവദാസിന്റെ കഥ പുരാണത്തിലെ ചില കഥാപാത്രങ്ങളെ കേന്ദ്രമാക്കി അവതരിപ്പിക്കുന്നതാണ്. ഭീമന്റെ പുത്രൻ ഘടോൽക്കചന്റെ മകൻ ഘടുശ്യാമാ ണ് കേന്ദ്രകഥാപാത്രമായി വരുന്നത്. കുരുക്ഷേത്ര യുദ്ധത്തിൽ പങ്കെടുക്കാൻ വനത്തിൽ നിന്നും എത്തുന്ന അദ്ദേഹം താൻ ദുർബലർക്ക് വേണ്ടിയാണ് യുദ്ധം ചെയ്യാൻ പോകുന്നതെന്ന് പ്രഖ്യാപിക്കുന്നു. പാണ്ഡവപക്ഷത്ത് ചേർന്ന ഘടുശ്യാം തന്റെ യുദ്ധതന്ത്രങ്ങൾ അവതരിപ്പിക്കുന്ന വേളയിലാണ് ശ്രീകൃഷ്ണന്റെ തന്ത്രപരമായ ഇടപെടലിലൂടെ കുരുതി നൽകാൻ വിധിക്കപ്പെടുന്നത്. സ്വയം കുരുതി നല്കിയ അദ്ദേഹം യുദ്ധം കാണാനുള്ള അവസരം മാത്രം ചോദിക്കുന്നു. ഒരു കുന്നിൻ മുകളിൽ അറ്റുനിന്നുപോന്ന തലമാത്രം ഉപയോഗിച്ച് യുദ്ധം കാണുന്നു. ആരാണ് മികച്ച യോദ്ധാവ് എന്ന് അറിയാൻ യുദ്ധശേഷം പാണ്ഡവർ ഘടുശ്യാമിനെ വന്ന് കാണുന്നു. യുദ്ധത്തിൽ ആയുധം പ്രയോഗിക്കാത്ത ആ തേരാളിയാണ് ഈ യുദ്ധത്തിലെ വീരൻ എന്ന് ഘടുശ്യം പറയുന്നു. കൃഷ്ണന്റെ ചതിയിലൂടെ ജീവൻ നഷ്ടപ്പെട്ട ഘടുശ്യാം എന്ന അസുരയുവാവ് ഒരു വിങ്ങലായി വായനക്കാരുടെ മനസ്സിൽ നിറയുന്നു.

## Recap

- വി. എം. ദേവദാസിന്റെ 'ചാവുസാക്ഷ്യം' എന്ന കഥ കുരുക്ഷേത്രയുദ്ധപശ്ചാത്തലത്തിലാണ് രചിച്ചിട്ടുള്ളത്
- ദീമസേനന്റെ പുത്രനായ ഘടോത്ക്കചന്റെ പുത്രൻ ഘടുശ്യാമാണ് ഇതിലെ പ്രധാന കഥാപാത്രം
- കുരുക്ഷേത്രയുദ്ധത്തിൽ പങ്കെടുക്കാൻ തീരുമാനിച്ച ഘടുശ്യാം ദുർബലരുടെ പക്ഷത്താണ് ചേരുക എന്ന് തീരുമാനിച്ചു
- പാണ്ഡവപക്ഷത്താണ് ഘടുശ്യാം നിലയുറപ്പിച്ചത്
- കൃഷ്ണൻ തന്ത്രപൂർവ്വം ഘടുശ്യാമിനെ യുദ്ധത്തിൽ ബലിനൽകിക്കുന്നു
- യുദ്ധം മുഴുവൻ ഒരു കുന്നിലിരുന്ന്, ഉടലില്ലാത്ത തലകൊണ്ട് ഘടുശ്യാം കണ്ടു
- ഘടുശ്യാമിന്റെ അഭിപ്രായത്തിൽ ഏറ്റവും മികച്ച പോരാളി യുദ്ധത്തിൽ ആയുധം എടുക്കാത്ത കൃഷണനാണ്.
- കൃഷണന്റെ ചതിയാണ് പലരെയും കൊന്നത് എന്നും പറയുന്നു.
- തന്റെ ശരീരം സ്വയം കുരുതി നല്കിയ അന്ന് മുതലാണ് യുദ്ധം ആരംഭിച്ചതെന്ന് ഘടുശ്യാം പറയുന്നു.

## Objective Type Questions

1. ചാവുസാക്ഷ്യം എന്ന കഥ സമർപ്പിച്ചിട്ടുള്ളത് ആർക്ക്?
2. 2021 ലെ കഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ കൃതി ഏത്?
3. ചാവുസാക്ഷ്യം എന്ന കഥയുടെ പശ്ചാത്തലം എന്ത്?
4. ചാവുസാക്ഷ്യത്തിലെ കേന്ദ്രകഥാപാത്രം ആര്?
5. ഘടുശ്യാമിനെ മരണത്തിലേയ്ക്ക് തള്ളിവിടുന്ന ചതി നടത്തുന്നത് ആര്?
6. മഹാഭാരത യുദ്ധശേഷം അവശേഷിച്ചത് എത്ര പേർ?
7. ഘടുശ്യാമിന്റെ അഭിപ്രായത്തിൽ ഏറ്റവും മികച്ച കുരുക്ഷേത്ര യുദ്ധവീരൻ ആര്?
8. ഏത് പുരാണത്തെ ആസ്പദമാക്കിയാണ് ഈ കഥ രചിച്ചത്?

## Answers

1. രോഹിത് വെമുലയ്ക്ക്.
2. വഴികണ്ടുപിടിക്കുന്നവർ
3. കുരുക്ഷേത്രയുദ്ധം
4. ഭീമസേനന്റെ പുത്രനായ ഘടോൽക്കചന്റെ മകൻ ഘടുശ്യാം എന്ന ബാർബാരികൻ
5. ശ്രീകൃഷ്ണൻ
6. പന്ത്രണ്ടു പേർ, പാണ്ഡവ പക്ഷത്ത് എട്ടും, കൗരവപക്ഷത്ത് നാലും.
7. തേരാളിയായ ശ്രീകൃഷ്ണൻ
8. സ്കന്ദപുരാണം

## Assignments

1. വി. എം. ദേവദാസിന്റെ മറ്റൊരു കഥ പരിചയപ്പെടുത്തുക.
2. പുരാണത്തിലെ ഇതിവൃത്തങ്ങൾ പ്രമേയമായി വരുന്ന മറ്റൊരു കഥ പരിചയപ്പെടുത്തുക
3. കഥാപാത്ര നിരൂപണം തയ്യാറാക്കുക - ഘടു ശ്യാം
4. ചാവുസാക്ഷ്യം എന്ന കഥയ്ക്ക് ആസ്വാദനം തയാറാക്കുക

## Suggested Readings


1. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, എൻ. ബി. എസ്, കോട്ടയം.
2. ഡോ. എം. എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കറന്റ് ബുക്സ്, തൃശൂർ.
3. വി. രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ്, ഡി. സി. ബുക്സ്, കോട്ടയം.
4. എൻ. പ്രഭാകരൻ, കഥ തേടുന്ന കഥ, മൾബറി ബുക്സ്, കോഴിക്കോട്.
5. ഡോ. കെ. എസ്. രവികുമാർ, കഥയും ഭാവുകത്വപരിണാമവും, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം.
6. ഡോ. വത്സലൻ വാതുശ്ശേരി, കഥയുടെ ന്യൂക്ലിയസ്, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
7. ഡോ. ഉണ്ണി അമപാറക്കൽ, കഥയുടെ പുതു നൂറ്റാണ്ട്: സമകാല ചെറുകഥയുടെ വർത്തമാനം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# യൂണിറ്റ് -7
# നാൽക്കാലി

കെ. രേഖ

## Learning Outcomes

- കെ. രേഖയുടെ കഥകൾ പരിചയപ്പെടുന്നു
- കെ. രേഖയുടെ കഥാരചനയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- നാൽക്കാലി എന്ന കഥയുടെ ആഖ്യാന സവിശേഷതകൾ അറിയുന്നു
- ഉത്തരാധുനിക കഥകളുടെ സവിശേഷതകൾ തിരിച്ചറിയുന്നു

## Prerequisites

പുതിയ ചെറുകഥാകൃത്തുക്കളിൽ തന്റേതായ സ്ഥാനമുള്ള എഴുത്തുകാരിയാണ് കെ. രേഖ. അനുഭവങ്ങളെ ആവിഷ്കരിക്കുന്നതിലെ സൂക്ഷ്മത ഇതര കഥാകാരിൽ നിന്നും രേഖയെ വ്യത്യസ്തയാക്കുന്നു. ഭാഷയുടെ കൃത്യതയും പ്രയോഗങ്ങളിലെ സൂക്ഷ്മതയുമാണ് രേഖയുടെ കഥകളുടെ സവിശേഷത. അനുഭവങ്ങൾ വായനക്കാരിലേയ്ക്ക് തീവ്രമായി ഇറങ്ങിച്ചെല്ലാൻ ഇത് സഹായിക്കുന്നു. 2020 ലെ സാഹിത്യ അക്കാദമി പുരസ്കാരം നേടിയ 'മാനാഞ്ചിറ' എന്ന കഥയും പുതിയ കഥാസമാഹാരമായ അങ്കമാലി മാങ്ങാക്കറിയും 'വില്ലുവണ്ടിയും മറ്റുകഥകളും' തുടങ്ങി രേഖയുടെ കഥകൾ സവിശേഷമായ അനുവാചക ശ്രദ്ധ ആകർഷിക്കുന്നവയാണ്. കെ. രേഖയെ മലയാള ചെറുകഥാലോകത്ത് ശ്രദ്ധേയയാക്കുന്നത് 'ആരുടെയോ ഒരു സഖാവ്' എന്ന കഥയാണ്. 2007 ൽ സാഹിത്യ അക്കാദമിയുടെ ഗീതാഹിരണ്യൻ പുരസ്കാരം ഈ കൃതിയ്ക്കായിരുന്നു.

മലയാളത്തിൽ സ്ത്രീ എഴുത്തുകാർ ധാരാളം മുന്നോട്ടുവരികയും സ്ത്രീകളുടെ പ്രശ്നങ്ങൾ കഥയ്ക്ക് പുതിയ മാനം നൽകുകയും ചെയ്തു. അത്തരമൊരു ഭാവുകത്വത്തിന്റെ ഭാഗമായി തീക്ഷ്ണതയും തനിമയും വ്യക്തമായി പ്രകടിപ്പിച്ച് തന്റേതായ സ്ഥാനം നേടിയെടുത്ത കഥാകാരിയാണ് കെ. രേഖ. കഥയുടെ കേന്ദ്രം സ്ത്രീയുടെ അനുഭവം ആയിരിക്കുമ്പോൾ തന്നെ സാമൂഹികമായ ഒരു പ്രശ്നത്തെ ഉയർത്തിക്കൊണ്ടുവരാനും കഥകളിൽ ശ്രമിക്കുന്നതായി കാണാം. ആഖ്യാനത്തെ മൂർച്ചയുള്ളതായി മാറ്റാൻ സഹായിക്കുന്ന രീതിയിലാണ് ഭാഷാപ്രയോഗങ്ങൾ എന്നതും പ്രധാന രചനാസവിശേഷതയാണ്. അങ്കമാലിയിലെ മാങ്ങാക്കറിയും വില്ലുവണ്ടിയും മറ്റു കഥകളും, ജുറാസിക് പാർക്ക്, സ്നേഹിതനേ സ്നേഹിതനേ, ആരുടെയോ ഒരു സഖാവ്, കന്യകയും പുല്ലിംഗവും, പ്രകാശ് രാജും ഞാനും, മാലിനി തീയേറ്റേഴ്സ് , നിന്നിൽ ചാരുന്ന നേരത്ത് മാതൃഭൂമി, 'രേഖയുടെ കഥകൾ', മാനാഞ്ചിറ, വില്ലുവണ്ടി തുടങ്ങിയവയാണ് പ്രധാന കൃതികൾ.

മനുഷ്യന്റെ നിസ്സഹായതകളെയും ബന്ധങ്ങളുടെ ആകസ്മികതയുമൊക്കെ സൂക്ഷ്മമായി അവതരിപ്പിക്കുന്നതിൽ കഴിവ് പ്രകടിപ്പിച്ചിട്ടുള്ള എഴുത്തുകാരിയാണ് കെ. രേഖ. അതിസൂക്ഷ്മമായി ഉപയോഗിക്കുന്ന വാക്കുകളാണ് രേഖയെ മറ്റുകഥാകാരിൽ നിന്നും വ്യത്യസ്തയാക്കുന്നത്.

## Key Themes

- പൂങ്കൊടി എന്ന തമിഴ് യുവതിയുടെ ജീവിതമാണ് ആവിഷ്കരിക്കുന്നത്
- അപകർഷതാബോധം മൂലം ജീവിതത്തിൽ അഭിമുഖീകരിക്കുന്ന പ്രതിസന്ധിയാണ് കഥാതന്തു.
- ചാറ്റ് റൂമിലെ പ്രണയത്തിന്റെ കഥ പറയുന്ന കഥയാണ് നാൽക്കാലി
- ദാരിദ്ര്യം കഥയിലെ പ്രധാന പ്രമേയമാണ്

## Discussion

ചാറ്റ് റൂമിലെ നിത്യ സന്ദർശകനായിരുന്ന ആന്റണിനോട്, ഇംഗ്ലണ്ടിൽ ഡോക്ടർമാരായ അച്ഛനും അമ്മയ്ക്കും അവരുടെ തിരക്കൊഴിഞ്ഞ് തന്നെ ഒന്ന് ശ്രദ്ധിക്കാൻ സമയം കിട്ടാത്തതിനെക്കുറിച്ച് പരിഭവം പറയുകയായിരുന്നു പൂങ്കൊടി. തെരുവിൽ നിന്ന് അപ്പോഴാണ് അച്ഛന്റെ കുതിര വണ്ടി അതിലൂടെ കടന്നുപോയത്. അപ്പയുടെ വരുമാനം വീട്ടിലെ കാര്യങ്ങൾക്ക് തികയുന്നതായിരുന്നില്ല. പക്ഷെ അമ്മ ഇപ്പോഴും അച്ഛന്റെ വരുമാനത്തിന് മെച്ചമുണ്ടാകുമെന്നും ദാരിദ്ര്യം മാറുമെന്നും സ്വപ്നം കാണുന്നുണ്ട്. എന്നാൽ ഇതെല്ലാം നടക്കാത്ത സ്വപ്നങ്ങളാണ് എന്ന് പൂങ്കൊടിക്കറിയാം. അപ്പനും ഇത് നന്നായറിയാം അതിനാൽ കിട്ടുന്ന കാശ് അപ്പപ്പോൾ തന്നെ ചാരായം കുടിച്ചും മറ്റും ചിലവാക്കും. അക്കയുടെ പിള്ളേരെ ചേർത്ത് പിടിച്ച് ആകാശം നോക്കി കിടക്കും. അച്ഛൻ ചെറുപ്പത്തിലേ ഉപേക്ഷിച്ച ആ കുട്ടികളും 'അപ്പ' എന്നാണ് വിളിക്കുന്നത്.

രാവിലെ എണീക്കുന്നതോടെ മദ്യത്തിന്റെ ലഹരിവിട്ട അപ്പൻ ദേഷ്യക്കാരനായിരിക്കും. എല്ലാവരോടും ദേഷ്യപ്പെടും. കാലിന് വയ്യാത്ത പൂങ്കൊടിയെ ചട്ടുകാലിയെന്ന് വിളിച്ച് അധിക്ഷേപിക്കും. അമ്മയേയും ചേച്ചിയേയും പോലെ പൂങ്കൊടി മിണ്ടാതിരിക്കില്ല. മറുപടി പറയും, വഴക്ക് വർദ്ധിക്കും. അപ്പൻ മുടി കൂട്ടിച്ചേർത്തു പിടിച്ച് മുഖം ചുമരിൽവച്ച് ഇടിക്കും. പിന്നീട് അപ്പ തന്നെ അവളെ വണ്ടിയിൽ കയറ്റി ജോലിസ്ഥലത്ത് കൊണ്ടാക്കും. അപ്പോഴാണ് ഭർത്താവ് തന്നെ ഉപേക്ഷിച്ചത് നന്നായി എന്ന് പൂങ്കൊടിയ്ക്ക് തോന്നുന്നത്. കുന്നംകുളം ചന്തയിലേക്ക് മൂരിയെ കൊണ്ട് പോകുന്ന മുരുകനായിരുന്നു ഭർത്താവ്. മുരുകന്റെ അപ്പൻ പെരിയോർ ക്ലബ്ബിലെ തോട്ടക്കാരനായിരുന്നു. പൂങ്കൊടിയുടെ പഠിത്തതിന് സ്പോൺസർ ചെയ്തിരുന്ന ക്ലബ്ബുക്കാർ സഹായിച്ചാണ് കല്യാണം നടന്നത്. എന്നാൽ കാലിന് വയ്യാത്ത തന്നെ പെട്ടെന്നു തന്നെ മുരുകന് മടുത്തു. പൂങ്കൊടി തിരിച്ച് വീട്ടിൽ വന്നു.

തിരിച്ച് വന്നപ്പോഴും ക്ലബ്ബുക്കാരുടെ സഹായത്തോടെ ഒരു കമ്പ്യൂട്ടർസെന്റർ തുടങ്ങി. അവിടെ വെച്ചാണ് ചാറ്റിങ്ങിനിടയിൽ ആന്റൺ എന്ന ശ്രീലങ്കൻ തമിഴനെ പരിചയപ്പെടുന്നത്. ആന്റൺ എന്ന വ്യക്തിയോട് പ്രണയം രൂപപ്പെടുന്നത് പൂങ്കൊടി മനസ്സിലാക്കി. ഇതിനിടയിലാണ് തന്റെ ഒരു ചിത്രം വേണമെന്ന് ആന്റൺ ചോദിക്കുന്നത്. നല്ല ചിത്രങ്ങൾ ഇല്ലാത്തതിനാൽ പൂങ്കൊടി സംഘർഷത്തിലായി. കൂടെ അപകർഷതാബോധം കൂടി ഉണരുന്നതോടെ പ്രതിസന്ധി വർദ്ധിക്കുന്നു. ഇതിനെ മറികടക്കാനാണ് പുറത്ത് പോസ്റ്ററിൽ കണ്ട സിനിമാനടിയുടെ ചിത്രം ആന്റണിന് അയച്ചു കൊടുക്കുന്നിലേയ്ക്ക് നയിച്ചത്. ആ സിനിമാ നടിയെ ആന്റണിന് അറിയാൻ സാധ്യതയില്ല എന്ന പൂങ്കൊടിയുടെ വിശ്വാസം സത്യവുമായിരുന്നു. ആ സിനിമാ നടിയുടെ ചിത്രത്തിൽ ആന്റൺ ആകൃഷ്ടനാവുകയും പ്രണയപരവശനാവുകയും ചെയ്തു. ഒരാഴ്ച കഴിഞ്ഞപ്പോൾ കൈനിറയെ സമ്മാനങ്ങൾ അയച്ചിരിക്കുന്നു ആന്റൺ. മാത്രമല്ല ഒരു ലക്ഷം രൂപയും. ആദ്യമൊക്കെ ഈ സമ്മാനവും പൈസയും സ്വീകരിക്കാൻ മടിയുണ്ടായിരുന്നെങ്കിലും പിന്നെ പിന്നെ അത് മാറി വന്നു. ഓരോന്ന് കൈയിൽ എത്തുമ്പോഴും അതൊന്നും അന്യായമായ ഒരാളുടേതാണെന്നു തോന്നിയില്ല. എട്ടുകാലിയുടെ വലകളിലേക്ക് കുസൃതിയോടെ വന്ന് വീഴുന്നവയായി പൂങ്കൊടിക്ക് തോന്നി.

നടിയുടെ പല രൂപത്തിലും ഭാവത്തിലും ഉള്ള



SREENARAYANAGURU OPEN UNIVERSITY

ചിത്രങ്ങൾ ആന്റണിന് അയച്ചു കൊണ്ടിരുന്നു. പൂങ്കൊടിയുടെ വീട് പനയോല മാറ്റി ഓടാക്കി. ചേച്ചിയുടെ കുട്ടികൾ ഇതുവരെ കഴിച്ചിട്ടില്ലാത്ത തരം ക്രീം ബിസ്ക്റ്റുകളും മറ്റും നുണഞ്ഞു. ചേച്ചി പുതിയ സാരി ഉടുത്തു തുടങ്ങി. പൂങ്കൊടി പുതിയ ക്രച്ചസ്സും വാങ്ങി. ആന്റണിന്റെ പ്രണയം അപ്പോഴേക്കും ഭ്രാന്തിനോളം കരുത്തുള്ളതായി കഴിഞ്ഞിരുന്നു. ധാരാളം പണം അയക്കുകയും ചെയ്തു. അപ്പയുടെ ധാരണയിൽ പണം വരുന്നത് കോൺവെന്റിലെ കന്യാസ്ത്രീകളുടെ ശ്രമഫലമായി പൂങ്കൊടിയുടെ അവസ്ഥ അറിഞ്ഞ് വിദേശത്തു നിന്നുള്ളവർ സഹായിക്കുന്നതാവും എന്നാണ്.

എന്നാൽ ജനുവരിയിൽ പളനിയിൽ ആന്റൺ എത്തുന്നു എന്ന് അറിയിച്ചതോടെ പൂങ്കൊടി തകർന്നു പോയി. ആന്റൺ അവൾ എഴുതി 'വിവരങ്ങളൊക്കെ മാമനറിഞ്ഞു. ഞാനിപ്പോൾ പുറംലോകം കണ്ടിട്ട് നാളേറെയായി. നിന്റെ സ്നേഹത്തെക്കുറിച്ചുള്ള വിശ്വാസങ്ങളാണ് ഞാൻ കാണുന്ന ആകാശം. അതിനപ്പുറം ഒരാകാശമുണ്ടോ എന്നുപോലുമെനിക്കറിഞ്ഞുകൂടാ. എന്റെ സ്നേഹിത അരുണ നിന്നെ കാണാൻവരും. നിന്റെ പണമുപയോഗിച്ച് ഞാൻ തുടങ്ങിയ സ്ഥാപനത്തിലെ ജോലിക്കാരിയാണ് അവൾ. അവളുടെ കാലുതളർന്നതാണ്. നിന്റെ കൃപയിൽ ആദരം സൂക്ഷിക്കുന്ന അവൾ വശം ഞാൻ എന്റെ സ്നേഹം നിന്റെ സമീപത്തെത്തിക്കാം. അരുണ കൂടുതൽ സത്യങ്ങൾ നിന്നെ അറിയിക്കും നീ വേദനിക്കരുത്.' പളനിയിൽ ആന്റൺ താമസിക്കുന്ന ഹോട്ടലിലേയ്ക്ക് പൂങ്കൊടിയും ചേച്ചിയും ഒന്നിച്ചാണ് പോയത്. അയാൾക്ക് അവളെ പെട്ടെന്ന് അരുണയായിട്ടാണ് ഓർമ്മ വരുന്നത്. അരുണ അകത്തേയ്ക്ക് വരു എന്നു പറഞ്ഞപ്പോൾ ചേച്ചിയ്ക്ക് ഒന്നും മനസ്സിലാവുന്നുണ്ടായിരുന്നില്ല. പളനിയിലെത്തിയപ്പോഴേക്കും നീയെങ്ങനെ അരുണയായി പൂങ്കൊടി, എന്ന് അക്ക സ്വകാര്യമായി ചോദിച്ചു. കുട്ടികൾക്ക് എന്തെങ്കിലും കളിപ്പാട്ടം വാങ്ങാൻ അക്കയെ താഴേയ്ക്ക് വിട്ടു. കൈയിൽ ഉണ്ടായിരുന്ന ബൊക്ക അവൾ അയാൾക്ക് നീട്ടി. നിന്റെ കൂട്ടുകാരിയില്ലേ അവളുടെ ചിത്രം വഴിയിലൊരിടത്ത് പരസ്യബോർഡിൽ ഞാൻ കണ്ടു. അവൾക്ക് ഇത്തരം കുസൃതി ഉണ്ടായിരുന്നത് ഞാൻ അറിഞ്ഞില്ല. അർച്ചനയോട് പറയണം ഇനി ഇത്തരം പരിപാടികൾ വേണ്ടെന്ന്. പൂങ്കൊടിക്കു മുൻപെങ്ങുമില്ലാത്ത വിധം തളർച്ചതോന്നി. ഇയാളുടെ സ്നേഹത്തിന് യോഗ്യമാകുന്ന ഭംഗിയുള്ള മുഖവും കൈയും കാലുമുള്ള ഒരു ജീവിതം അവൾ തീവ്രമായി ആഗ്രഹിച്ചു.

പിറ്റേന്ന് രാത്രിയാണ് പൂങ്കൊടി വിഷക്കായ തിന്നു മരിക്കാൻ ശ്രമിച്ചത്. ആശുപത്രിയിൽ വെച്ച് കണ്ണു തുറന്നപ്പോൾ സിസ്റ്റർ ഡൊമിനിക്കാണ് ആദ്യം അടുത്തു വന്നത്. എനിക്ക് കുറച്ചു സൗന്ദര്യം വേണമായിരുന്നു, സിസ്റ്റർ. ജീവിതം എനിക്കതു തന്നില്ല. എന്നു പറഞ്ഞ് കരയാൻ ആരംഭിച്ചു. വേഗം കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ തിരിച്ചെത്താൻ പൂങ്കൊടി ആഗ്രഹിച്ചു. ചാറ്റ്റൂമിൽ ആന്റണിനോട് സംസാരിച്ച നിമിഷങ്ങളിലാണ് താൻ ജീവിച്ചത് എന്ന് അവൾക്ക് തോന്നി. ഇൻസ്റ്റിറ്റ്യൂട്ടിൽ തിരിച്ചെത്തിയ പൂങ്കൊടി കണ്ടത് അവിടെ പുതിയ ഒരു ടീച്ചർ ചുമതലയേറ്റതാണ്. പെരിയോർ ക്ലബുകാരെ ഒരു പാഠം പഠിപ്പിക്കും എന്ന് പറഞ്ഞ് അപ്പ വഴക്കുണ്ടാക്കുന്നുണ്ടായിരുന്നു. പിന്നെയും രണ്ട് മൂന്ന് ദിവസം കഴിഞ്ഞാണ് പോലീസ് അന്വേഷിച്ചെത്തുന്നത്. ലോക്കപ്പിൽ ഒരു രാത്രി കഴിഞ്ഞു. പിറ്റേന്ന് കന്യാസ്ത്രീകൾ വന്നാണ് ജാമ്യം എടുക്കുന്നത്. ഏതാനും സമയം കഴിഞ്ഞപ്പോൾ അവിടെ ആന്റൺ എത്തിചേർന്നു. എന്നും രക്ഷകരായി എത്തുന്ന ഞങ്ങളെ നിങ്ങൾ കബളിപ്പിച്ചിട്ടേ ഉള്ളൂ. അതൊക്കെ ചരിത്രമാണ്. സ്നേഹവും ഒരായുധമാണെന്ന് തിരിച്ചറിയാൻ ഞാൻ വൈകി. നിങ്ങൾക്കു നന്മ വരട്ടെ എന്നും പറഞ്ഞ് ആന്റൺ തിരിച്ച് നടന്നു. അവൾക്ക് അയാളെ ഒന്ന് തൊടണമെന്ന് തോന്നി അവൾ ഒരു ഉമ്മ കൊടുത്തു. അപ്പയുടെ വണ്ടിയിൽ കയറി വീട്ടിലെത്തി. കേസും കോടതിയുമായി മാസങ്ങൾ കഴിഞ്ഞു. ഇതിനിടയിൽ പരാതി ആന്റൺ പിൻവലിച്ചു. ഒരു ദിവസം ഭ്രാന്ത് മൂത്ത ചേച്ചി അപ്പയുടെ കാലു വെട്ടി അതിന്റെ ബഹളത്തിനിടയിൽ പെട്ടിരിക്കുമ്പോഴാണ് ആന്റണിന്റെ ഫോൺ വന്നതായി സിസ്റ്റർ പറയുന്നത്. അവൾ അത് ശ്രദ്ധിച്ചില്ല. വിശന്നു കരഞ്ഞ ചേച്ചിയുടെ മകനെ അടിക്കുകയും ചെയ്ത ദിവസമാണ് അവൻ പുഴയിൽ വീണ് മരിച്ചത്. വിശന്ന് പോയവൻ വയറ് നിറയെ വെള്ളം കുടിച്ചാണ് തിരിച്ച് വന്നത്. അപ്പോഴാണ് രക്തം

പുരണ്ട ഒരു കടലാസ് അവൾക്ക് ലഭിക്കുന്നത്. അതിൽ ഭംഗിയുള്ള അക്ഷരങ്ങളിൽ പൂങ്കൊടി ആദ്യമായി ആന്റണിന് എഴുതി. 'എന്റെ മനസിൽ നിങ്ങളുടെ സ്നേഹം വീൽചെയറിൽ ഇരുന്ന് നിരങ്ങുന്നതല്ല. അതിന് വനാന്തരങ്ങളുടെ ഗരിമയുണ്ട്. ജമന്തിയുടെ ഗന്ധമുണ്ട്. തീക്ഷ്ണവും ദുർഗന്ധം നിറഞ്ഞതുമായ സ്നേഹം മാത്രമേ എനിക്കു നിങ്ങൾക്കു തരാനായിട്ടുള്ളുവെങ്കിലും വീൽചെയർ വാങ്ങാൻ പണമയക്കരുത്. അതു മുൻപെന്നത്തേക്കാളും എന്നെ അപമാനിക്കും' എന്ന്, സ്വന്തം പൂങ്കൊടി, ബി. എസ്. സി, പി.ജി.ഡി.സി.എ., ശെൽവപുരം, കോയമ്പത്തൂർ.

ഇങ്ങനെ പൂങ്കൊടി അയക്കുന്ന കത്തോടു കൂടി അവസാനിക്കുന്ന കഥ അവിടെ അവസാനിക്കുന്നില്ലാ എന്നിടത്താണ് എഴുത്തുകാരിയുടെ വിജയം. ധാരാളം ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുന്ന സംഭവപരമ്പരകളാണ് ഈ കഥയുടെ സവിശേഷത. പുരുഷന് ഏത് നിമിഷവും ഉപേക്ഷിക്കാവുന്ന ഒന്നായി സ്ത്രീജീവിതങ്ങൾ മാറുന്നു എന്ന യാഥാർത്ഥ്യം കഥ മുന്നോട്ടു വെക്കുന്നുണ്ട്. കുട്ടികൾ സ്ത്രീയുടെ മാത്രം ഉത്തരവാദിത്വമായി മാറുന്നു. ദാരിദ്ര്യമാണ് ഈ കഥയിലെ വില്ലൻ എന്നു പറയാം. അതിനെ മറികടക്കാൻ ശ്രമിക്കുന്നതും വീണുപോകുന്നതുമാണ് കഥയിൽ വേദനാജനകമായി ആവിഷ്കരിച്ചിട്ടുള്ളത്.

## Recap

- അനുഭവാവിഷ്കരണത്തിലെ സൂക്ഷ്മത
- ഭാഷയുടെ കൃത്യതയും പ്രയോഗങ്ങളിലെ സൂക്ഷ്മതയും
- കെ. രേഖയുടെ പ്രധാനപ്പെട്ട കഥകളിൽ ഒന്നാണ് 'നാൽക്കാലി'
- പൂങ്കൊടി എന്ന യുവതിയുടെ ജീവിതമാണ് മുഖ്യപ്രമേയം
- പൂങ്കൊടിയുമായി ചാറ്റിങ്ങിലൂടെ പ്രണയത്തിലാകുന്ന ആന്റൺ
- ദാരിദ്ര്യം പ്രധാനപ്പെട്ട ഒന്നായി കഥയിൽ മാറുന്നു
- ആന്റൺ അയക്കുന്ന പണത്തിലൂടെ ദാരിദ്യമകറ്റുന്ന പൂങ്കൊടി
- അപകർഷതാബോധം നിമിത്തം നടിയുടെ ഫോട്ടോ ആന്റണിനയച്ചുകൊടുക്കുന്ന പൂങ്കൊടി
- പൂങ്കൊടിയെത്തേടി വരുന്ന ആന്റൺ സത്യങ്ങൾ തിരിച്ചറിയുന്നു
- സൈബർ ഇടവും പ്രധാന ഇതിവൃത്തമായി വരുന്നു
- പുതിയകാലത്തെ സ്ത്രീ പ്രശ്നങ്ങൾ പ്രമേയം
- നിരവധി ചോദ്യങ്ങൾ അവസാനിപ്പിക്കുന്നു

## Objective Type Questions

1. കെ. രേഖയ്ക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച കൃതി ഏത്?
2. അങ്കമാലിയിലെ മാങ്ങാക്കറിയും, വില്ലുവണ്ടിയും മറ്റു കഥകളും ആരുടെ കഥാസമാഹാരമാണ്?
3. നാൽക്കാലി എന്ന കഥ രചിച്ചത് ആര്?
4. നാൽക്കാലി എന്ന കഥയിലെ പ്രധാന കഥാപാത്രം ആരാണ്?
5. ഓൺലൈനിൽ പൂങ്കൊടി പരിചയപ്പെടുന്ന സുഹൃത്തിന്റെ രാജ്യം?
6. നാൽക്കാലി എന്ന കഥയിലെ ശ്രീലങ്കൻ വംശജന്റെ പേര്?
7. അന്റൺ എത്തിച്ചേരുന്ന തമിഴ് നഗരം?
8. പൂങ്കൊടി കബളിപ്പിച്ചതാണ് എന്ന് അന്റൺ തിരിച്ചറിയുന്നതെങ്ങനെ?

## Answers

1. ആരുടെയോ ഒരു സഖാവ്
2. കെ. രേഖ
3. കെ. രേഖ
4. പൂങ്കൊടി
5. ശ്രീലങ്ക
6. ആന്റൺ
7. പളനി
8. പൂങ്കൊടി അയച്ചിരുന്ന സിനിമാനടിയുടെ ഫോട്ടോ പരസ്യബോർഡിൽ കണ്ടതോടെ

## Assignments

1. കെ. രേഖയുടെ മറ്റൊരു കഥ പരിചയപ്പെടുത്തുക.
2. നാൽക്കാലി എന്ന കഥയുടെ രചനാസവിശേഷതകൾ പരിശോധിക്കുക.
3. കഥാപാത്ര നിരൂപണം തയ്യാറാക്കുക -പൂങ്കൊടി, ആന്റൻ

## Suggested Readings


1. ഡോ. പി. കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
2. എം. അച്യുതൻ, ചെറുകഥ - ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. എം. എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. തോമസ്, ബേബി (എഡി), മലയാള ചെറുകഥയിലെ പുരുഷായിതങ്ങൾ, മലയാളവിഭാഗം, സെന്റ് തോമസ് കോളേജ്, പാല
5. എം. പി. പോൾ, ചെറുകഥാപ്രസ്ഥാനം, സാഹിത്യപ്രവർത്തക സഹകരണസംഘം നാഷണൽ ബുക് സ്റ്റാൾ, കോട്ടയം.
6. മാർക്കോസ്, വി. പി (എഡി), സമകാലിക മലയാളചെറുകഥ: വഴിയും പൊരുളും, വിദ്വാൻ പി. ജി നായർ സ്മാരക ഗവേഷണകേന്ദ്രം, മലയാള വിഭാഗം, യു. സി കോളേജ്, ആലുവ.
7. മിനി പ്രസാദ്, മലയാളത്തിന്റെ അനശ്വരകഥകൾ പഠനങ്ങൾ, മാതൃഭൂമി ബുക്സ്, കോഴിക്കോട്.
8. രാജശേഖരൻ, പി. കെ. (എഡി), ഭാവനാതീതം മലയാളത്തിലെ സൈബർ കഥകൾ, ഡി. സി. ബുക്സ്, കോട്ടയം.
9. സുനിത, ടി. വി, സൈബർ കഥകളിലെ സ്ത്രീ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

# യൂണിറ്റ് - 8
## ഇടം

സിതാര എസ്.

## Learning Outcomes

- സിതാര എസ്. എന്ന കഥാകാരിയുടെ രചനകളെ പരിചയപ്പെടുന്നു
- ഇടം എന്ന കഥയുടെ പ്രധാന്യം മനസ്സിലാക്കുന്നു
- സിതാര എസിന്റെ കഥാരചനയുടെ സവിശേഷതകളെക്കുറിച്ച് സാമാന്യധാരണ നേടുന്നു
- പൗരത്വപ്രതിസന്ധി അനുഭവിക്കുന്നവരെക്കുറിച്ചുള്ള അറിവ് ലഭിക്കുന്നു

## Prerequisites

മലയാളത്തിലെ ഉത്തരാധുനിക ചെറുകഥാകൃത്തുക്കളിൽ പ്രധാനപ്പെട്ട ഒരാളാണ് സിതാര എസ്. കാസർകോഡ് ജില്ലയിലെ കാറഡുക്ക എന്ന സ്ഥലത്താണ് ജനിച്ചത്. 'അഗ്നി' എന്ന കഥയാണ് കൂടുതൽ ശ്രദ്ധിക്കപ്പെട്ട കഥ. തന്റേതായ സ്ഥാനം മലയാള ചെറുകഥാ സാഹിത്യത്തിൽ ഉറപ്പിക്കാൻ സിതാരയ്ക്കു കഴിഞ്ഞു. സമകാലിക സമൂഹത്തിലെ സ്ത്രീപുരുഷ ബന്ധങ്ങളെ സൂക്ഷ്മമായി അവതരിപ്പിക്കുന്നവ കൂടിയാണ് സിതാരയുടെ കഥകൾ. ആദ്യ പുസ്തകം 'അഗ്നിയും കഥകളും'. മികച്ച മലയാളകഥയ്ക്കുള്ള ന്യൂഡൽഹിയിലെ കഥാ അവാർഡ് (2000) 'സൽവോദാർ ദാലി' എന്ന കഥയ്ക്കു ലഭിച്ചു. മികച്ച ചെറുകഥയ്ക്ക് കേരള സാഹിത്യ അക്കാദമി നൽകുന്ന ഗീതാ ഹിരണ്യൻ എൻഡോവ്മെന്റ് പുരസ്കാരം - 2003 ൽ 'വേഷപ്പകർച്ച' എന്ന കൃതി നേടുകയുണ്ടായി.

സമകാല ഇന്ത്യൻ സാഹചര്യത്തിൽ ഏറ്റവും പ്രസക്തമായ കഥയാണ് സിതാര എസിന്റെ 'ഇടം' എന്നത്. പൗരത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇതിന്റെ ഇതിവൃത്തം. എന്നാൽ പൊതുവെ സിതാരയുടെ കഥകൾ സ്ത്രീ ജീവിതത്തെ അടയാളപ്പെടുത്തപ്പെടുത്തുന്നവയാണ്. സ്ത്രീകൾ നേരിടുന്ന വൈയക്തികവും സാമൂഹ്യപരവുമായ പ്രതിസന്ധികളാണ് അവയ്ക്ക് വിഷയമാവുന്നത്. ഇതിനെക്കുറിച്ച് സിതാര തന്നെ ഒരു അഭിമുഖത്തിൽ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്. 'പലരും പലപ്പോഴും ചോദിച്ചിട്ടുണ്ട് ഒരു സ്ത്രീ എന്നുള്ള നിലയിൽ എഴുതുമ്പോളുള്ള വ്യത്യാസം എന്താണ് എന്നൊക്കെ. പെണ്ണെഴുത്ത് എന്ന രീതിയിൽ ഉള്ള ചർച്ച പോലും ഒരുപാട് പറഞ്ഞു പറഞ്ഞു പഴകി ഒരുപാട് തെറ്റിദ്ധരിക്കപ്പെട്ട, ഒരു പാട് വലിച്ചിഴക്കപ്പെട്ട ഒരു പദമാണ്. എന്റെ ഒരു വ്യക്തിപരമായ കാഴ്ചപ്പാട് എന്താണെന്ന് വെച്ചാൽ സ്ത്രീപക്ഷത്തു നിന്നുകൊണ്ടു എഴുതുന്നു എന്നത് മനഃപൂർവ്വമായിട്ടുള്ള ഒരു കാര്യമല്ല. ഞാനൊരു സ്ത്രീയാണ്. എനിക്കു കൂടുതൽ പരിചയം ഒരു സ്ത്രീയുടെ കണ്ണിലൂടെ ഞാൻ എന്റെ ലോകത്തെ നോക്കിക്കാണുന്നതാണ്. എന്റെ സന്തോഷങ്ങൾ, ഒരു സ്ത്രീ എന്നുള്ള നിലയിൽ ഉള്ള എന്റെ സ്നേഹം, എന്റെ വെറുപ്പ് അതിനെയെല്ലാം ഒരു സ്ത്രീയുടെ കാഴ്ചപ്പാടിലൂടെയാണ് ഞാൻ മിക്കവാറും നോക്കിക്കാണുന്നത്. ഒരു പക്ഷേ പുരുഷന്മാരുടെ രീതി വ്യത്യസ്തമായിരിക്കാം.

എനിക്കറിയില്ല.' അനുഭവമാണ് തന്നിലെ കഥാകാരിയെ ജ്വലിപ്പിക്കുന്നത് എന്നാണ് സിതാരയുടെ പക്ഷം. ഇതിൽ നിന്നെല്ലാം വിഭിന്നമായി പൗരത്വ രജിസ്റ്ററിൽ പേര് ചേർക്കാൻ കഴിയാത്ത മനുഷ്യന്റെ ആകുലതകളാണ് ഇടം എന്ന കഥയിലുള്ളത്. എന്നാൽ അത് ഒരേ സമയം സ്ത്രീയുടെ പ്രാധാന്യവും സൂചിപ്പിക്കുന്നുണ്ട്.

## Key Themes

- ജനിച്ച നാട്ടിൽ പൗരത്വം നഷ്ടപ്പെട്ട ഒരാളുടെ സംഘർഷങ്ങളും ജീവിത പ്രതിസന്ധിയും മുഖ്യപ്രമേയമായി വരുന്നു.
- താബിയയിൽ ജോലിനോക്കി ജന്മദേശമായ സാനിലേക്ക് തിരികെയെത്തുന്ന നൂർ അനുഭവിക്കുന്ന പൗരതപ്രശ്നം
- ഈ ഇടം തന്റേതല്ലാന്ന് പറഞ്ഞ് തിരികെപ്പോകുന്ന നൂർ മാതിയേസ്

## Discussion

നൂർ മാതിയേസ് സ്വന്തം രാജ്യമായ സാനിലേക്ക് തിരിച്ചുവന്നിട്ട് കുറച്ചുദിവസങ്ങളേ ആയിരുന്നുള്ളൂ. വർഷങ്ങളായി അയൽരാജ്യമായ താബിയിൽ ജോലിചെയ്യുകയായിരുന്നു അയാൾ. ജീവിതത്തിന്റെ നല്ലൊരു പങ്കും ഭാര്യയിൽ നിന്നും അകന്നു ജീവിക്കുകയായിരുന്നു. ഈ അടുത്താണ് അദ്ദേഹത്തിന്റെ ഭാര്യ മരിച്ചത്. ഹോസ്റ്റലുകളിൽ നിന്നും പഠനം പൂർത്തിയാക്കിയ മകൻ മറ്റൊരു രാജ്യത്തിലേക്ക് കുടിയേറിയിരുന്നു. ഇങ്ങനെയുള്ള നൂർ മാതിയേസ് വിശ്രമജീവിതം നയിക്കുന്നതിനായാണ് സ്വന്തം രാജ്യമായ സാനിലേക്ക് തിരിച്ചു വന്നത്. താബിയിൽ നടത്തിയിരുന്ന റൊട്ടിക്കട അടച്ച് പൂട്ടി അനധികൃതമായാണ് സ്വന്തം രാജ്യത്തേയ്ക്ക് കടക്കുന്നത്. വെക്കേഷനിലല്ല താനെന്ന് വീട്ടിലെത്തിയ ശേഷവും അദ്ദേഹം മറന്നുപോകുമായിരുന്നു. ലീവിന് വന്നതാണ് എന്ന ഓർമയിലാണ് പുറത്തേക്ക് ഒക്കെ ഇറങ്ങിത്തുടങ്ങിയത്. മാത്രമല്ല ഭാര്യ മരിച്ച കാര്യവും അദ്ദേഹം മറന്നു പോകുന്നുണ്ടായിരുന്നു. മിക്കപ്പോഴും എന്തെങ്കിലും സഹായത്തിനായി ഭാര്യയെ വിളിച്ച് മറുപടിയ്ക്ക് കാത്തു നിൽക്കുമായിരുന്നു. കുറച്ച് കഴിഞ്ഞതിന് ശേഷമാണ് ഭാര്യ മരിച്ചുപോയി എന്ന യാഥാർത്ഥ്യത്തിലേക്ക് എത്തിച്ചേരുന്നത്. അങ്ങനെയുള്ള ഒരു ഇരിപ്പിനിടയിലാണ് ഒരാഴ്ച്ച മുമ്പ് രണ്ട് പോലീസുകാർ വീട്ടിൽ കയറി വരുന്നത്. അയൽരാജ്യത്തെ പൗരത്വമുള്ള നിങ്ങൾ മതിയായ രേഖകളില്ലാതെ ഇവിടെ കഴിയുന്നത് ശിക്ഷാർഹമാണ് വേഗം മടങ്ങി പോകണം എന്നാണ് പോലീസുകാർ അറിയിച്ചത്. മാത്രമല്ല എത്രയും പെട്ടെന്ന് ഇവിടം വിട്ടുപോകണമെന്ന ഉത്തരവുമുണ്ടായിരുന്നു. എന്നാൽ താബിയിൽ വർഷങ്ങളോളം താമസിച്ചത് കൊണ്ടാണ് തനിക്ക് അവിടുത്തെ പൗരത്വം ലഭിച്ചത് എന്നും ഇതാണ് തന്റെ ജന്മനാട് എന്നും നൂർ അവരോട് പറഞ്ഞു. അതിനവർ പറഞ്ഞ ഉത്തരം കൂടുതൽ എന്തെങ്കിലും അറിയിക്കാൻ ഉണ്ടെങ്കിൽ ഞങ്ങളുടെ മേലുദ്യോഗസ്ഥനോട് ബോധിപ്പിച്ചാൽ മതി എന്നതായിരുന്നു.

നീണ്ട് മെലിഞ്ഞ് കൂർത്ത കണ്ണുകളുള്ള ഒരു താടിക്കാരനായിരുന്നു അവരുടെ മേലുദ്യോഗസ്ഥൻ. നൂർ പറഞ്ഞതെല്ലാം അയാൾ കേട്ടുകൊണ്ടിരുന്നു. നിയമം നിയമമാണ് എന്നും വേണമെങ്കിൽ ഗവൺമെന്റിന് ഒരു പരാതി നൽകി നോക്കൂ എന്നും പറഞ്ഞ് അയാൾ നൂറിനെ യാത്രയാക്കി. വീട്ടിൽ തിരിച്ചെത്തിയ നൂർ അസ്വസ്ഥനായിരുന്നു. സ്വന്തമായ പലതും തന്റേതല്ല എന്ന തോന്നൽ വന്നു തുടങ്ങിയിരുന്നു. നിന്റെ ഇടം ഇതല്ലെന്ന് ഓരോ നിമിഷവും അയാളോട് പറഞ്ഞു കൊണ്ടിരുന്നു. ഒരു കാലത്ത് ജീവിതത്തിലെ ഏറ്റവും സുരക്ഷിതബോധം തന്നിരുന്ന ആ മുറി അയാളെ ശ്വാസം മുട്ടിക്കാൻ തുടങ്ങി. ഈ നിമിഷത്തിലാണ് അയാൾ തന്റെ ഭാര്യയെ ഓർമ്മിക്കുന്നതും അവരുടെ ഏകാന്ത ജീവിതത്തെക്കുറിച്ച് കൂടുതൽ ആലോചിക്കുന്നതും. അനേകവർഷങ്ങൾ താനും മകനുമില്ലാതെ അവൾ ഒറ്റയ്ക്ക് ഇവിടെ കഴിഞ്ഞതിനെക്കുറിച്ച്

അവളോട് ചോദിച്ചിട്ടില്ലായിരുന്നു. ആരോടും ദുഃഖങ്ങൾ പറയാതെ എല്ലാം ഉള്ളിലൊതുക്കി മണിക്കൂറുകൾ അവൾ കഴിഞ്ഞിട്ടുണ്ടാവണം. മരണശേഷം ഭാര്യയെ ഇത്രമാത്രം സ്നേഹിക്കാൻ കാരണമെന്തെന്ന് അറിയാതെ നൂർ കണ്ണുകൾ തുടച്ചു.

താബിയിലെ തന്റെ ജീവിതം തികച്ചും വ്യത്യസ്തമായിരുന്നു. സാനിന്റെ കാല്പനികത താബിയ്ക്ക് ഉണ്ടായിരുന്നില്ല എന്നുപറയാം. എല്ലാവരും അവരവരുടെതായ ലോകത്ത് ജീവിച്ചു. തെരുവുകളിലൂടെ ബഹിരാകാശ യാത്രികരെ പോലെ എങ്ങോട്ടോ സഞ്ചരിച്ചു. വർഷങ്ങൾ ജീവിച്ചിട്ടും ഒരു നല്ല സൗഹൃദം പോലും നൂറിന് അവിടെയുണ്ടായിരുന്നില്ല. കടയിലെ തിരക്കുകൾ അത് ആവശ്യപ്പെട്ടില്ല എന്നതാണ് വാസ്തവം. രണ്ട് മാസം മുമ്പ് തിരിച്ച് വരാൻ തീരുമാനിച്ചപ്പോൾ മനസ്സിലുണ്ടായിരുന്ന ശൂന്യതയല്ല ഇപ്പോൾ തന്റെ റൂമിൽ തനിച്ചിരിക്കുമ്പോൾ തോന്നുന്നത്. ശൂന്യതയ്ക്കും അപ്പുറം മറ്റെന്തോ ആയിരുന്നു. അതിനിടയിൽ പൗരത്വം സംബന്ധിച്ച പ്രശ്നങ്ങൾ മകനെ അറിയിച്ചിരുന്നു. നമ്മുടെ മണ്ണിൽ നിന്നും പുറത്താക്കാൻ അവർക്ക് എന്തവകാശം എന്നാണ് ക്ഷുഭിതനായി അവൻ ചോദിച്ചത്. ഉടനെ ഒരു വക്കീലിനെ കാണാനും ഞാൻ അങ്ങോട്ട് വരാം എന്നും പറഞ്ഞാണ് മകൻ ഫോൺ വെച്ചത്. വക്കീലിന്റെ നിർദ്ദേശപ്രകാരം താനിവിടുത്തെ പൗരനാണ് എന്ന് തെളിയിക്കുന്ന രേഖകൾ വല്ലതും ഉണ്ടോ എന്ന് വീട്ടിൽ പരിശോധിക്കാൻ ആരംഭിച്ചു. പക്ഷേ, അയാൾക്ക് ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല. സ്വന്തം അസ്തിത്വം തെളിയിക്കാൻ ഇത്തരം ചില കടലാസ്സുകൾ വേണ്ടിവരുമെന്ന് മുമ്പൊരിക്കലും ചിന്തിച്ചിരുന്നില്ല. കുറച്ച് സമയത്തിനു ശേഷം വാതിലിൽ മുട്ടു കേട്ടാണ് പുറത്തേയ്ക്ക് വന്നത്. പുറത്ത് രണ്ട് അനുചരന്മാർക്കൊപ്പം പോലീസ് മേധാവി വന്ന് നിൽക്കുന്നതാണ് കാണുന്നത്. ഒരു സന്തോഷ വാർത്ത തന്നെ അറിയിക്കാണ് വന്നത് എന്ന് അദ്ദേഹം പറഞ്ഞു. നൂറിന്റെ അഭ്യർത്ഥന ഗവൺമെന്റ് അംഗീകരിക്കാൻ പോവുന്നു എന്നും ഇവിടം വിട്ട് താബിയിലേക്ക് പോകേണ്ടിവരില്ലാ എന്നുമാണ് അവർ അറിയിച്ചത്. പക്ഷെ നൂർ പറഞ്ഞത് തനിക്ക് പോകണം എന്നാണ്. കാരണം തന്റെ ഇടം ഇതല്ല എന്ന് അദ്ദേഹം തീർത്തു പറഞ്ഞു. വാതിൽ കുറ്റിയിട്ട് യാത്രാബാഗ് തയ്യാറാക്കാനായി നൂർ അകത്തെ മുറിയിലേയ്ക്ക് പോയി.

'നൂർ' എന്ന ഒരു പ്രവാസി അനുഭവിക്കുന്ന അസ്തിത്വ പ്രതിസന്ധികളെ തീവ്രമായി ആവിഷ്കരിക്കുന്നതിൽ സിതാര. എസ് വിജയിച്ചിട്ടുണ്ട്. സ്വന്തം രാജ്യത്ത് എത്തിയ നൂറിന് താൻ ഇവിടുത്തെ പൗരനാണ് എന്ന് തെളിയിക്കാൻ ഭരണകൂടം ആവശ്യപ്പെടുമ്പോഴാണ് ഇത് തന്റെ ഇടമല്ല എന്ന തീവ്രമായ പ്രതിസന്ധി രൂപപ്പെടുന്നത്. ഈ പ്രതിസന്ധിയെ മറികടക്കാനുള്ള വഴി ഇവിടുത്തെ പൗരനാണ് എന്ന രേഖയാണ്. ജീവിതത്തിൽ അത്തരമൊരു ആവശ്യം വരും എന്ന് കരുതാത്തതിനാൽ ഒരു രേഖയും കരുതിയിട്ടുണ്ടായിരുന്നില്ല. ഈ പ്രതിസന്ധിയിലാണ് ഇത് തന്നെ ശ്വാസം മുട്ടിക്കുന്ന ഇടമാണ് എന്ന് നൂർ തിരിച്ചറിയുന്നതും ഇവിടുന്ന് പോകാൻ തീരുമാനിക്കുന്നതും.

## Recap

- സിതാര എസ്. രചിച്ച 'ഇടം' എന്ന കഥ ഇടം നഷ്ടപ്പെടുന്നതിന്റെ വേദനയെ ആവിഷ്കരിക്കുന്നു
- പൗരത്വം എന്നത് ആധുനിക ലോകത്ത് പ്രധാനപ്പെട്ട ഒന്നാണ്
- ഭരണകൂടമാണ് വ്യക്തിയെ സംബന്ധിച്ച് അവസാനത്തെ വാക്ക്
- വ്യക്തിയുടെ സ്വത്വപ്രതിസന്ധിയ്ക്ക് ഭരണകൂട ഇടപെടലുകൾ കാരണമാവുന്നു
- സ്ത്രീകൾ നേരിടുന്ന വൈയക്തികവും സാമൂഹ്യപരവുമായ പ്രതിസന്ധികൾ കഥാവിഷയം
- പ്രതിസന്ധികളിൽപ്പെട്ടുഴലുന്ന നൂർ മതിയേസ്
- നൂർ മതിയേസും മകനുമില്ലാതെ അനേകവർഷങ്ങൾ ഒറ്റയ്ക്ക് ജീവിച്ച ഭാര്യ
- അനുഭവങ്ങൾ ഉള്ളുണർത്തുന്ന കഥാകാരി

## Objective Type Questions

1. സിതാര എസിന് കേരള സാഹിത്യ അക്കാദമിയുടെ ഗീതാഹിരണ്യൻ എൻഡോവ്മെന്റ് പുരസ്കാരം ലഭിച്ച കൃതി ഏത്?
2. സാൽവോദർ ദാലി എന്ന കഥ രചിച്ചത് ആര്?
3. അഗ്നി എന്ന കഥയുടെ രചയിതാവ്?
4. ഇടം എന്ന കഥയിലെ കേന്ദ്രപ്രമേയം എന്ത്?
5. ഇടം എന്ന കഥയിൽ പൗരത്വ പ്രതിസന്ധി നേരിടുന്ന കഥാപാത്രം ആര്?
6. നൂറിന്റെ ജന്മദേശം ഏത്?
7. നൂർ ജോലി നോക്കിയിരുന്ന രാജ്യം ഏതാണ്?
8. നൂർ അയൽരാജ്യത്ത് ചെയ്തിരുന്ന ജോലി?

## Answers

1. വേഷപ്പകർച്ച
2. സിതാര എസ്.
3. സിതാര എസ്.
4. പൗരത്വ പ്രതിസന്ധി
5. നൂർ
6. സാൻ
7. താബിയ
8. റൊട്ടിക്കട

## Assignments

1. സിതാര. എസിന്റെ മറ്റൊരു കഥ പരിചയപ്പെടുത്തുക.
2. ഇടം എന്ന കഥ സമകാലിക ഇന്ത്യൻ സാഹചര്യത്തിൽ പ്രധാനമാവുന്നതെങ്ങനെ? വിശദമാക്കുക.

## Suggested Readings


1. ഡോ. പി. കെ. രാജശേഖരൻ, കഥാന്തരങ്ങൾ, ഡി. സി. ബുക്സ്, കോട്ടയം.
2. എം. അച്യുതൻ, ചെറുകഥ – ഇന്നലെ ഇന്ന്, ഡി. സി. ബുക്സ്, കോട്ടയം.
3. ഡോ. എം. എം. ബഷീർ, ചെറുകഥാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
4. തോമസ്, ബേബി (എഡി), മലയാള ചെറുകഥയിലെ പുരുഷായിതങ്ങൾ, മലയാളവിഭാഗം, സെന്റ് തോമസ് കോളേജ്, പാല
5. എം. പി. പോൾ, ചെറുകഥാപ്രസ്ഥാനം, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക് സ്റ്റാൾ, കോട്ടയം.
6. മാർക്കോസ്, വി. പി(എഡി), സമകാലികമലയാളചെറുകഥ: വഴിയും പൊരുളും, വിദ്വാൻ പി. ജി. നായർ സ്മാരക ഗവേഷണകേന്ദ്രം, മലയാള വിഭാഗം, യു. സി. കോളേജ്, ആലുവ.

# യൂണിറ്റ് - 9
# ചട്ടമ്പിസദ്യ

**ജി. ആർ. ഇന്ദുഗോപൻ**

## Learning Outcomes

- ആധുനികോത്തര കഥാകാരന്മാരെ പരിചയപ്പെടുത്തുന്നു
- നവോത്ഥാനനായകരേയും അവരുടെ സമരങ്ങളെയും പരിചയപ്പെടുത്തുന്നു
- സമകാലിക കഥകളിലെ പൊതു പ്രവണതകൾ മനസ്സിലാക്കുന്നു
- അധുനികോത്തരതയുടെ പൊതുസ്വഭാവമായ ചരിത്രാത്മകത, ചരിത്രസംഭവങ്ങളെ സ്മരിക്കുന്ന രീതിയിലുള്ള പുനരാവിഷ്കരണം എന്നിവയുടെ അടിസ്ഥാനത്തിൽ ഇന്ദുഗോപന്റെ കഥയായ ചട്ടമ്പിസദ്യയെ വിലയിരുത്തുന്നു.
- കഥാകാരന്റെ ജീവിതരേഖ, പ്രധാന കൃതികൾ തുടങ്ങിയവയെക്കുറിച്ച് അറിവ് നേടുന്നു

## Prerequisites

അയ്യാ വൈകുണ്ഠസ്വാമികളും ചട്ടമ്പിസ്വാമിയും സഹോദരൻ അയ്യപ്പനും നവോത്ഥാന സമരമെന്ന നിലയിൽ പന്തിഭോജനവും മിശ്രഭോജനവും ഒക്കെ നടത്തിയിട്ടുണ്ട്. എല്ലാ മതത്തിൽപ്പെട്ടവരെയും ഒന്നിച്ചു കൂട്ടി തിരുവിതാംകൂറിൽ മിശ്രഭോജനം നടത്തി. അതിനു ശേഷം സഹോദരൻ അയ്യപ്പൻ ജാതിഭേദമന്യേ എല്ലാവരേയും കൂട്ടി ചെറായി (കൊച്ചി) കടപ്പുറത്ത് പന്തിഭോജനം നടത്തി. ഇത്തരത്തിൽ അധികാര വർഗ്ഗത്തിനെതിരെ ചട്ടമ്പിസ്വാമികൾ നായ്ക്കൾക്ക് ഭക്ഷണം, സദ്യ നൽകിയതാണ് ചട്ടമ്പിസദ്യ. ഇത്തരം പ്രതിഷേധങ്ങളുടെ ഒരോർമ്മയ്ക്കായി മലയാളത്തിൽ അയിത്തത്തിനെതിരായി നിരവധി കൃതികൾ ഉണ്ടായിട്ടിട്ടുണ്ട്. സന്തോഷ് ഏച്ചിക്കാനത്തിന്റെ പ്രശസ്ത കൃതിയായ പന്തിഭോജനം എന്ന കഥയും ഇത്തരത്തിൽ ഒരു ചരിത്ര സംഭവത്തിന്റെ ബദലായ ഒരോർമ്മപ്പെടുത്തലാണ്. ജാതിപരമായ ഉച്ചനീചത്വങ്ങൾക്കെതിരെ നിരവധി കൃതികൾ മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. കെ.പി.. കറുപ്പന്റെ 'ജാതിക്കുമ്മി', ടി.കെ.സി. വടുതലയുടെ 'സംക്രാന്തി അട' ഒക്കെയും ഇത്തരം ജാതീയമായ പ്രതിഷേധ രചനകളാണ്. അതുപോലെ ഒരു രചനയാണ് ജി. ആർ. ഇന്ദുഗോപന്റെ 'ചട്ടമ്പി സദ്യ.' ചട്ടമ്പിസ്വാമികൾ അധികാര ദുഷ്പ്രഭുത്വത്തിനും ജാതീയമായ അന്ധവിശ്വാസങ്ങൾക്കും എതിരായി നിരവധി പ്രതിഷേധങ്ങളും സമരങ്ങളും നടത്തിയിട്ടുണ്ട്. അത്തരത്തിലുണ്ടായ ഒരു ചരിത്ര സംഭവത്തിന്റെ ഓർമ്മപ്പെടുത്തലാണീ കഥ. പറവൂർ ഗോപാലപ്പിള്ള എഴുതിയ ചട്ടമ്പിസ്വാമിതിരുവടികളുടെ ജീവചരിത്രത്തിലെ ഒരു ചെറിയ ഭാഗം കഥയിൽ സന്ദർഭവശാൽ അവതരിപ്പിക്കപ്പെടുന്നു. തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികളും അതിക്രമങ്ങളും കൈക്കൂലി വാങ്ങലും വരച്ചുകാട്ടുന്ന ഒരു ഭാഗമാണ് കഥയിൽ പറയുന്നത്. ഉദ്യോഗസ്ഥന്മാരുടെ അഹങ്കാരം തീർക്കാൻ പട്ടികൾക്ക് സദ്യ കൊടുക്കുകയും അവരുടെ അതിക്രമത്തിന്റെ ഫലമായി അവർ തെണ്ടിപ്പട്ടികളായി ജനിച്ചിരിക്കുന്നു എന്നും അഴിമതിയുടെ ശിക്ഷയാണിതെന്നും ചട്ടമ്പിസ്വാമികൾ പറയുന്നു. ഈ ഭാഗം ഇവിടെ സൂചിപ്പിക്കുന്നു.

മലയാള സാഹിത്യത്തിൽ ഒറ്റയാൾ വഴിയിലൂടെ സഞ്ചരിക്കുന്ന എഴുത്തുകാരനാണ് ജി. ആർ. ഇന്ദുഗോപൻ. കഥ, നോവൽ, ജീവചരിത്രം, യാത്ര, തിരക്കഥ, അനുഭവമെഴുത്ത്, ബാലസാഹിത്യം, തുടങ്ങി വൈവിധ്യപൂർണ്ണമാണ് ഇദ്ദേഹത്തിന്റെ രചനാലോകം. സാഹിത്യത്തിലെ മിക്കവാറും എല്ലാ മേഖലകളിലും ഇന്ദുഗോപൻ സ്വന്തം ഇടം കണ്ടെത്തിയിട്ടുണ്ട്. 'മാതൃഭൂമി'യിൽ പത്രപ്രവർത്തകനായി പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ് ഭൂമി ശ്മശാനം, അജയന്റെ അമ്മയെ കൊന്നതാര്, സ്കാവഞ്ചർ, പേപ്പർ റോക്കറ്റ്, ചെന്നായ, പ്രേതവേട്ടക്കാരൻ, വാട്ടർ ബോഡി - വെള്ളം കൊണ്ടുള്ള ആത്മകഥ, സ്പെസിബ - റഷ്യൻ യുവത്വത്തിനൊപ്പം, കള്ളൻ ബാക്കി എഴുതുമ്പോൾ, തസ്കരൻ - മണിയൻപിള്ളയുടെ ആത്മകഥ, അമ്മിണിപ്പിള്ള വെട്ടു കേസ്, വിലായത്ത് ബുദ്ധ, ഡിറ്റക്റ്റീവ് പ്രഭാകരൻ, പടിഞ്ഞാറെ കൊല്ലം ചോരക്കാലം, ഐസ് 196 c, കാളി ഗണ്ഡകി, ഒറ്റക്കാലുള്ള പ്രേതം, കൊല്ലപ്പാട്ടി ദയ എന്നിവ. നിരവധി ചലച്ചിത്രങ്ങൾക്ക് തിരക്കഥയെഴുതിയിട്ടുണ്ട്. 'ഒറ്റക്കൈയ്യൻ' എന്ന സിനിമ സംവിധാനം ചെയ്തിട്ടുണ്ട്. അബുദാബി ശക്തി അവാർഡ്, കുങ്കുമം അവാർഡ്, ആശാൻ പ്രൈസ് എന്നിവ ലഭിച്ചിട്ടുണ്ട്. ഒരു നാടൻ തല്ലു കേസ് (2022) ആണ് ഇദ്ദേഹത്തിന്റെ ഏറ്റവും പുതിയ തിരക്കഥ. ഇദ്ദേഹത്തിന്റെ സയന്റിഫിക് നോവലാണ് ഐസ് 196 c. "അമ്മിണിപ്പിള്ള വെട്ടുകേസ്' എന്ന കഥയാണ് 'ഒരു നാടൻ തല്ലു കേസ്' എന്ന ചലച്ചിത്രത്തിന്നാധാരമായ ചെറുകഥ. കരിമണൽ ഖനനത്തിലും സുനാമി തിരകളിലും ചിതറിപ്പോയ ഒരു ഗ്രാമത്തിന്റെ കഥയാണ് 'മണൽജീവികൾ' എന്ന നോവൽ.

സമകാലിക കഥകളുടെ, ആധുനികോത്തര കാലങ്ങളുടെ പൊതുസ്വഭാവങ്ങളെല്ലാം ജി. ആർ. ഇന്ദുഗോപന്റെ കഥകളിൽ ദർശിക്കാം. പരിസ്ഥിതി, ശാസ്ത്ര സങ്കേതികത, കള്ളന്മാരുടെ നിഗൂഢ ശാസ്ത്രം, പ്രവാസ ജീവിതപരിസരം, ചരിത്രാത്മകത, മാധ്യമ കേന്ദ്രീകൃതം, കുറ്റാന്വേഷണം തുടങ്ങി ചുറ്റും കാണുന്ന എല്ലാ സംഭവങ്ങളും വിഷയങ്ങളാക്കുന്ന സമകാലിക കഥാപ്രവണതകൾ ഇന്ദുഗോപനും രചനകളിൽ വിജയകരമായി അവതരിപ്പിച്ചിരിക്കുന്നു. സന്തോഷ് ഏച്ചിക്കാനം, കെ. ആർ. മീര, ബി. മുരളി, ഇന്ദു മേനോൻ, രൂപേഷ് പോൾ, ചന്ദ്രമതി, അംബികാസുതൻ മാങ്ങാട്, കെ. പി.രാമനുണ്ണി, സുഭാഷ് ചന്ദ്രൻ, ഇ. സന്തോഷ്കുമാർ, സോണിയ റഫീക്ക്, ഷാഹിന. ഇ. കെ., സിതാര.എസ്., പ്രിയ. എ. എസ്, കെ. എ.സെബാസ്റ്റ്യൻ, എസ്. ആർ. ലാൽ, സി. അനൂപ്, ഐസക് ഈപ്പൻ, ഷിനു ലാൽ ഇവരെല്ലാം സമകാലികരായ ആധുനികോത്തര കഥാകാരന്മാരാണ്. ഇവർ മലയാളചെറുകഥയെ പ്രമേയ വ്യത്യസ്തത കൊണ്ടും അവതരണത്തിലെ പുതുമ കൊണ്ടും ലോക നിലവാരത്തിലേക്കെത്തിക്കുന്നു. ഇവരോടൊപ്പം പരിഗണിക്കാവുന്ന ശ്രദ്ധേയനായ എഴുത്തുകാരനാണ് ജി.ആർ. ഇന്ദുഗോപൻ. പ്രമേയ വൈവിധ്യത്തിന്റെയും ആഖ്യാനത്തിലെ സ്വച്ഛന്ദതയുടെയും സാധ്യതകൾ നിരന്തരം അവതരിപ്പിക്കുന്ന എഴുത്തുകാരനാണ് ഇന്ദുഗോപൻ . വായനക്കാരെ മുൾമുനയിൽ നിർത്തി ആകാംക്ഷയോടെ കഥ പറയാൻ കഴിയുന്നതാണ് കഥാകാരന്റെ വിജയം. ഓരോ കഥാപാത്രത്തിൽ നിന്നും കഥ പകർന്നു നമ്മെ ഭ്രമിപ്പിച്ച് മുന്നോട്ടു കൊണ്ടു പോകുന്ന ശൈലി. അനുഭവങ്ങളും അന്വേഷണങ്ങളും ഇന്ദുഗോപന്റെ കഥാലോകത്തെ മറ്റു കഥാകാരന്മാരിൽ നിന്നു വ്യത്യസ്തനാക്കുന്നു.

## Key Themes

- രഘുവിന്റെ വീടിനു നമ്പറിടാനായി കോർപ്പറേഷനിൽ ചെല്ലുമ്പോൾ അയാൾക്ക് അനുഭവിക്കേണ്ടിവന്ന പ്രശ്നങ്ങളെ അവതരിപ്പിക്കുന്ന കഥ
- ഗവണ്മെന്റ് സ്ഥാപനങ്ങളിലെ കൈക്കൂലി വാങ്ങലിനെതിരെ പ്രേതിഷേധിക്കുന്ന രഘുവിന്റെ കഥയാണ് ചട്ടമ്പിസദ്യ

- ചട്ടമ്പിസ്വാമികൾ നടത്തിയ സദ്യയിലേതുപോലെ ബിൽഡിംഗ് ഇൻസ്പെക്ടർക്ക് ചട്ടമ്പിസദ്യ നടത്തുന്ന രഘു

## Discussion

അധികാര ദുഷ്പ്രഭുത്വത്തിനെതിരെ ഇന്ദുഗോപൻ എഴുതിയ കഥയാണ് ചട്ടമ്പിസദ്യ. ഒരു നൂറ്റാണ്ടിനപ്പുറം ചട്ടമ്പിസ്വാമിതിരുവടികൾ അന്നത്തെ തിരുവിതാംകൂറിൽ അഴിമതിയും കൈക്കൂലിയും വാങ്ങി സാധാരണക്കാരെ വലച്ചിരുന്ന ഉദ്യോഗസ്ഥർക്ക് ഒരു ചുട്ട അടിപോലെ വേദനയും തിരിച്ചറിവും ഉണ്ടാക്കുന്ന രീതിയിൽ ഒരു സദ്യ നൽകി. ആ കഥ ഇവിടെ കഥാകാരൻ പുനഃരാവിഷ്കരിക്കുന്നു.

രഘു സെൻട്രൽ പി.ഡബ്ല്യു.ഡി.യിൽ യു.ഡി.ക്ലർക്കാണ്. അയാൾ പുതുതായി നിർമ്മിച്ച വീടിന് നമ്പറിട്ടു വാങ്ങുന്നതിനായി കോർപ്പറേഷനിൽ ചെല്ലുന്നു. അവിടുത്തെ ഉദ്യോഗസ്ഥരുടെ പെരുമാറ്റം വളരെ മോശമായിരുന്നു. ബിൽഡിംഗ് ഇൻസ്പെക്ടർ ഫയൽ കണ്ടിട്ട് അസ്വസ്ഥതയോടെ രഘുവിനോട് പറയുന്നു. ഇത് ഒപ്പിടാൻ പറ്റുന്നൊരു സംഗതിയേയല്ല, വയലേഷനാണ്. മുൻസിപ്പൽ ചട്ടപ്രകാരം ഇടിച്ചു കളയണം എന്ന്. അതിനിടയിൽ രാജപ്പൻ എന്ന ഒരാളെ കാണാൻ പറയുന്നു. അയാൾ സിൽ സിങ് ആക്ട് അറിയില്ലേയെന്നും ആർക്കിടെക്ട് ഇല്ലാതെ എങ്ങനെ വീടു പണിഞ്ഞു എന്നൊക്കെ ചോദിച്ച് പരിഹസിക്കുന്നു. രാജപ്പൻ സൂപ്രണ്ടായി റിട്ടയർ ആയ ഉദ്യോഗസ്ഥനാണ്. കോർപ്പറേഷൻ ഓഫീസിലെ കൈക്കൂലി വാങ്ങൽ, അഴിമതി, തുടങ്ങിയ ഉപചാപക വൃന്ദത്തിലെ ഒരു കണ്ണിയായിരുന്നു അയാൾ, അയാൾ രഘുവിന്റെ ഫയലിന് 40000 രൂപ കൈക്കൂലി ആവശ്യപ്പെടുന്നു. അസ്വസ്ഥതയോടെ രഘു പറയുന്നു. ഞാൻ കൈക്കൂലി വാങ്ങിക്കത്തില്ല, എന്ന്. അപ്പോൾ രാജപ്പൻ കുറേ ഉപദേശങ്ങൾ നൽകുന്നു. കസേരയിലിരിക്കുമ്പോഴേ നമുക്ക് വിലയുള്ളു, ആയതിനാൽ കിട്ടുന്ന അവസരങ്ങൾ പാഴാക്കാതെ സ്വന്തം കാര്യങ്ങൾ നോക്കണമെന്നും പറയുന്നു. നാല്പതിനായിരം രൂപ എന്തിനാണെന്നുള്ള രഘുവിന്റെ ചോദ്യത്തിന്, 'സാറിപ്പോ മാഞ്ഞാലിക്കുളത്തെ ഹോട്ടൽ മുറിയിൽ കാണും ഇന്ന് സെറ്റിൽ ചെയ്താ നാളെ സാറിന്റെ വീടിന് നമ്പറാ' എന്ന് പ്രലോഭിപ്പിക്കുന്നു. രഘുവിന് ദേഷ്യവും കരച്ചിലുമൊക്കെ കൂടി വന്നു. ആ കാശുണ്ടായിരുന്നെങ്കിൽ വീടിന്റെ അടുക്കള കൂടി പൂശിയേനെയെന്നു അയ്യാൾ പറയുന്നു. 'സാറിനു വേണോങ്കിൽ വിളിച്ചാ മതി'യെന്നു രാജപ്പൻ പറഞ്ഞിട്ടു പോകുന്നു.

രഘുവിന്റെ സുഹൃത്തായ ചന്ദ്രൻ സാറും ഉപദേശിക്കുന്നു, 'ആദർശമൊന്നും നോക്കിയിട്ടു കാര്യമില്ലാ പണം കൊടുത്ത് പെട്ടെന്നു പെരേൽ കേറി കിടക്കാൻ നോക്കൂ' വെന്നു പറയുന്നു. രഘു തന്റെ ചെറുപ്പകാലത്തെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നു. പുരോഗമനം ഉണ്ടാക്കാൻ നടന്നത്, കനലാട്ടം തട്ടിപ്പാണെന്ന് അമ്പലമുറ്റത്ത് പോയി പറഞ്ഞത്, മകരവിളക്ക് തടയാൻ പൊന്നമ്പലമേട്ടിൽ ചെന്നു കയറിയത്, പോലീസിന്റെ ലാത്തിയുടെ അടി വാങ്ങിയത്, ജാതി നോക്കാതെ നിവൃത്തിയില്ലാത്തൊരു പെൺകൊച്ചിനെ കെട്ടിയത്, പിന്നീട് കഷ്ടപ്പെട്ട് പഠിച്ച്, മത്സരിച്ച് ഒരു ഉദ്യോഗം വാങ്ങി, പിന്നെ കേരളത്തിൽ ഒരു കൊച്ചു കൂര വെയ്ക്കാൻ ഇനി കൈക്കൂലി കൊടുക്കണമെന്ന അവസ്ഥ വന്നതിൽ രഘുവിന് വല്ലാത്ത അമർഷം തോന്നുന്നു. അവസാനം അയാൾക്ക് കൈക്കൂലി കൊടുക്കേണ്ടി വരുന്നു. മൂന്നു ദിവസത്തിനുള്ളിൽ നമ്പർ എഴുതിത്തരാമെന്നു പറയുന്നു. അതിനിടയിൽ ഇൻസ്പെക്ടർ അച്ഛന്റെയും അപ്പൂപ്പന്റെയുമൊക്കെ പേരു ചോദിക്കുന്നു. കൃഷ്ണപിള്ള എന്ന അപ്പൂപ്പന്റെ പേരിലൂടെ ജാതി മനസിലായപ്പോൾ നാല്പതിനായിരം വേണ്ട ഇരുപത്തയ്യായിരം മതിയെന്നു പറയുന്നു 'പുള്ളിക്ക് ഇച്ചിരി മറ്റേ സ്പിരിറ്റ് കൂടുതലാ. കാശിന്റെ കാര്യത്തിൽ അതൊന്നും പാടില്ലാന്ന് ഞാൻ പറയാറുള്ളതാ' എന്ന രാജപ്പന്റെ വാക്കുകൾ രഘുവിന് തൊലിയിൽ കൂടി അട്ടകൾ ഇഴയുന്ന പോലുള്ള അനുഭവമുളവാക്കി. പിറ്റേ ദിവസം അയാൾക്ക് വീടിനു നമ്പരിട്ടു കിട്ടി. രഘുവിന്റെ ഭാര്യ വീടു പാലുകാച്ചു നടത്തണമെന്നു പറയുന്നു. അത്തരം ആഘോഷങ്ങളിലൊന്നും വിശ്വാസമില്ലാത്ത അയാൾ അതിനെ

എതിർക്കുന്നു. വളരെ പാവപ്പെട്ടവരായ അവളുടെ ബന്ധുക്കൾക്ക്, ചാളയിൽ കിടക്കുന്ന ഗതിയില്ലാത്തവർക്ക് കഞ്ഞിവീഴ്ത്ത് നടത്തിയെന്നങ്ങ് കരുതിയാൽ മതി എന്ന ഭാര്യയുടെ വാക്കുകൾ അയാളുടെ മനസ്സുമാറ്റി. രഘു തന്റെ വീടിന്റെ പാലുകാച്ചലിനു ബിൽഡിംഗ് ഇൻസ്പെക്ടറെ വിളിക്കുന്നു.

പാലുകാച്ചൽ ദിവസം രഘു മൂന്നുനാലു തവണ ഇൻസ്പെക്ടറെ വിളിക്കുന്നു. നല്ല തിരക്കുള്ള ദിവസമായിരുന്നെങ്കിലും രഘുവിന്റെ നിർബന്ധത്താൽ അയാൾ എത്തുന്നു. കാറ്ററിംഗ് ഭക്ഷണം വയറിൽ പിടിക്കില്ല പായസം മതിയെന്നു പറയുന്നു. ഭാര്യയുണ്ടാക്കിയതാണെന്നു പറഞ്ഞപ്പോൾ, തറവാട്ടിൽ പിറന്നതായിരിക്കും എന്നു അയാൾ സമാധാനിക്കുന്നു. രഘു നിർബന്ധിച്ച് ഊണു കഴിപ്പിക്കുന്നു. കഴിച്ചു കൊണ്ടിരിന്നപ്പോൾ രഘു ഷെൽഫിൽ നിന്ന് പറവൂർ ഗോപാലപിള്ള എഴുതിയ ചട്ടമ്പിസ്വാമികളുടെ ജീവചരിത്രമെടുത്ത് ഇൻസ്പെക്ടർ കേൾക്കെ ഉറക്കെ വായിക്കുന്നു. തിരുവനന്തപുരത്ത് ഒരു സ്നേഹിതന്റെ വീട്ടിലെത്തി ചട്ടമ്പിസ്വാമികൾ തനിക്ക് പത്തു നാല്പതു പേർക്ക് സദ്യ കൊടുക്കാനുണ്ടെന്നു പറഞ്ഞു. അയാൾ സദ്യയൊരുക്കി. പത്തമ്പതു പട്ടികളായിരുന്നു അതിഥികൾ, പട്ടികൾക്ക് ഭക്ഷണം നൽകി കഴിഞ്ഞ് ഇലകളെല്ലാം പുറത്തു കൊണ്ടുപോയി കളയണമെന്നും പറഞ്ഞു. പട്ടികൾ ഭക്ഷണം കഴിഞ്ഞ് അതുപോലെ ചെയ്തു. അതിനുശേഷം സ്വാമികൾ ആതിഥേയനായ ഗൃഹനാഥനോട് പറയുന്നു. ഈ പട്ടികൾ പൂർവ്വജന്മത്തിൽ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥന്മാരായിരുന്നു. ഉദ്യോഗകാലത്ത് അവർ ചെയ്ത അഴിമതിയുടെയും അതിക്രമങ്ങളുടെയും ഫലമായി ഈ ജന്മത്ത് അവർ തെണ്ടിപ്പട്ടികളായി ജനിച്ചിരിക്കുന്നു. അഴിമതിയുടെ ശിക്ഷയാണിത്. രഘുവിന്റെ വാക്കുകൾ കൂരമ്പുകളായി ഇൻസ്പെക്ടറുടെ ചിന്തകളിലേക്ക് തറച്ചു കയറുന്നു. ഭക്ഷണം കഴിച്ചു കൊണ്ടിരുന്ന അയാൾ ദേഷ്യത്തോടെ ചാടി എഴുന്നേൽക്കുന്നു. രഘു ഇല മുറിക്കാനെടുത്ത കത്തി അയാളുടെ കഴുത്തിൽ വെച്ചിട്ടു പറഞ്ഞു "എടുക്കടാ പട്ടീ ഇല, ഇല പട്ടി തന്നെ കൊണ്ടു പോയി കളയണം അങ്ങനാ സ്വാമി പറഞ്ഞത്", അയാൾ അതുപോലെ ചെയ്തു. രൂക്ഷമായി അയാൾ രഘുവിനെ നോക്കി, കണ്ണു തളർന്ന് എച്ചിൽ കൈയുമായി തലകുനിച്ച് നടന്നു പോയി. നല്ല ആദർശങ്ങളിൽ ജീവിച്ചവർക്ക് ചിലപ്പോഴെങ്കിലും ഇത്തരം വിഷമകരമായ പ്രവൃത്തികൾ ചെയ്യേണ്ടിവരാറുണ്ട്. അവരുടെ നിവൃത്തികേടുകൾ ദുഷ്ടന്മാർ മുതലെടുക്കാറുമുണ്ട്. അത്തരമൊരു മുതലെടുപ്പിന്റെ പ്രതിഷേധമാണീ കഥ. അതിന് ഒരു നൂറ്റാണ്ടിനു മുൻപ് കേരളത്തിലെ നവോത്ഥാന നായകനായ ചട്ടമ്പിസ്വാമികളുടെ ജീവിതത്തിലെ ഒരു സന്ദർഭമെടുത്ത് അവതരിപ്പിക്കേണ്ടി വരുന്നു. അദ്ദേഹം നായകൾക്ക് നടത്തിയ സദ്യ-ചട്ടമ്പിസദ്യ-യെ വെളിവാക്കുന്നു ജി.ആർ. ഇന്ദുഗോപന്റെ ഈ കഥ.

## Recap

- ഒരു ചരിത്ര സംഭവത്തിന്റെ സൂചന നൽകുന്ന ചട്ടമ്പി സദ്യയെന്ന കഥ സമകാലിക അവസ്ഥകളെ തുറന്നുകാട്ടുന്നു
- നവോത്ഥാനനായകർ നടത്തിയ സമരങ്ങളെയും പ്രതിഷേധങ്ങളെയും ഓർമ്മിപ്പിക്കുന്നു
- തിരുവിതാംകൂറിലെ പഴയ കാലത്തെ ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥതയും അഴിമതിയും കൈക്കൂലി വാങ്ങലും സ്വജനപക്ഷപാതവും കഥയിൽ നിശിതമായി വിമർശിക്കുന്നു
- പഴയ കാലത്തിന്റെ ആവർത്തനമെന്ന നിലയിൽ ഇന്നത്തെ ഉദ്യോഗസ്ഥരുടെ ചെയ്തികളുടെ നേരെ കഥാകാരന്റെ ശക്തമായ പ്രതിഷേധമായി കഥയെ വിലയിരുത്തുന്നു
- ചട്ടമ്പിസ്വാമികളുടെ ജീവചരിത്രത്തിലെ ഒരു സംഭവമെടുത്താവിഷ്ക്കരിക്കുന്നതിലൂടെ ആധുനികോത്തര പ്രവണതയായ ചരിത്രാത്മകത ഈ കഥയിലൂടെ വെളിവാക്കുന്നു

- നാം ഓരോരുത്തർക്കും ഇത്തരം സാഹചര്യങ്ങൾ തരണം ചെയ്യേണ്ടിവന്നിട്ടുണ്ട്. ആയതിനാൽ ഈ പ്രതിഷേധാത്മകമായ ചട്ടമ്പിസദ്യ കുറിക്കുകൊള്ളുന്നതാണെന്ന തോന്നൽ വായനക്കാരിൽ ഉളവാക്കാൻ കഴിയുന്നു
- സ്വന്തം ജാതിയാണെന്നറിഞ്ഞുള്ള വിട്ടുവീഴ്ച, തറവാട്ടിൽ പിറന്നതായിരിക്കും ഭാര്യ എന്നുള്ള വിലയിരുത്തൽ എന്നിവ സവർണതത്വത്തിന്റെ ദുഷിച്ച ചിന്തയായി കഥാകാരൻ ഉദാഹരിക്കുന്നു.
- സമകാലിക,സമൂഹ്യപ്രതിബദ്ധതയുള്ള കഥയാണ് ജി. ആർ. ഇന്ദുഗോപന്റെ 'ചട്ടമ്പിസദ്യ'

## Objective Type Questions

1. ചട്ടമ്പിസ്വാമിതിരുവടികളുടെ ജീവചരിത്രമെഴുതിയതാര്?
2. ഇന്ദുഗോപൻ സംവിധാനം ചെയ്ത സിനിമയേത്?
3. ഇന്ദുഗോപന്റെ സയന്റിഫിക് നോവലേതാണ്?
4. പന്തിഭോജനം - കഥ ആരുടേതാണ്?
5. തിരുവിതാംകൂറിൽ മിശ്രഭോജനം സംഘടിപ്പിച്ചതാരാണ്?
6. സഹോദരൻ അയ്യപ്പൻ പന്തിഭോജനം നടത്തിയതെവിടെ?
7. ചട്ടമ്പി സദ്യ എന്നു കൊണ്ടുദ്ദേശിക്കുന്നതെന്താണ്?
8. ഒരു കള്ളന്റെ ആത്മകഥയെന്ന രീതിയിൽ ഇന്ദുഗോപൻ എഴുതിയ കൃതിയേത്?
9. രഘു എന്തിനു വേണ്ടിയാണ് കോർപ്പറേഷൻ ഓഫീസിലെത്തിയത്?
10. രഘുവിനോട് കൈക്കൂലിയായി എത്ര രൂപയാണ് ആവശ്യപ്പെട്ടത്?
11. രഘുവിന്റെ ആദർശ ജീവിത രീതി എങ്ങനെയുള്ളതായിരുന്നു. ?
12. രഘു ഏതു കൃതിയാണ് ഇൻസ്പെക്ടറെ വായിച്ചു കേൾപ്പിച്ചത്?
13. തെണ്ടിപ്പട്ടികൾ ആരുടെ പിൻഗാമികളാണെന്നാണ് ചട്ടമ്പിസ്വാമികൾ പറഞ്ഞത്?
14. രഘു ഇൻസ്പെക്ടറോട് പ്രതികാരം ചെയ്തതെങ്ങനെ?
15. 'ഒരു നാടൻ തല്ലുകേസി'ന് ആധാരമായ കഥയേത്?
16. മണൽ ജീവികൾ എന്ന നോവലിലെ പ്രമേയമെന്ത്?

## Answers

1. പറവൂർ ഗോപാലപിള്ള
2. ഒറ്റക്കൈയ്യൻ
3. ഐസ് 196 C
4. സന്തോഷ് ഏച്ചിക്കാനം
5. അയ്യാ വൈകുണ്ഠസ്വാമികൾ
6. എറണാകുളത്ത് ചെറായി കടപ്പുറത്ത്
7. ചട്ടമ്പിസ്വാമികൾ പട്ടികൾക്ക് വേണ്ടി നടത്തിയ സദ്യ
8. തസ്കരൻ - മണിയൻപിള്ളയുടെ ആത്മകഥ
9. പുതിയ വീടിനു നമ്പരിട്ടു കിട്ടാൻ
10. നാല്പതിനായിരം

11. ജാതിഭേദമന്യേ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ പ്രവർത്തിച്ചു. അഴിമതി പ്രവർത്തിക്കുകയോ കൈക്കൂലി വാങ്ങിക്കുകയോ ചെയ്തിട്ടില്ല.
12. പറവൂർ ഗോപാലപിള്ളയെഴുതിയ ചട്ടമ്പിസ്വാമിതിരുവടികളുടെ ആത്മകഥ.
13. അഴിമതികളും അതിക്രമങ്ങളും ചെയ്തു കൂട്ടിയ തിരുവിതാംകൂറിലെ ഉദ്യോഗസ്ഥരുടെ പിൻഗാമികളാണ് തെണ്ടിപ്പട്ടികളായി ജനിച്ചിരിക്കുന്നത്
14. വീട്ടിൽ വിളിച്ചു വരുത്തി ഭക്ഷണം കൊടുത്തിട്ട് ചട്ടമ്പിസ്വാമികളുടെ ജീവചരിത്രത്തിലെ തെണ്ടിപ്പട്ടികളുടെ സദ്യയുടെ കഥ വായിച്ചു കൊടുത്തിട്ട് അയാളെ കൊണ്ട് എടുക്കടാ പട്ടി ഇലയെന്നു പറഞ്ഞു ചെയ്യിച്ചു.
15. അമ്മിണിപ്പിള്ള വെട്ടു കേസ്
16. കരിമണൽ ഖനനത്തിലും സുനാമി തിരകളിലും ചിതറിപ്പോയ ഗ്രാമത്തിന്റെ കഥ.

## Assignments

1. മലയാളചെറുകഥയിലെ സമകാലിക പ്രവണതകളെപ്പറ്റി ചർച്ച ചെയ്യുക.
2. സമകാലിക ചെറുകഥാരംഗത്ത് ജി.ആർ. ഇന്ദുഗോപന്റെ കഥകൾക്കുള്ള പ്രസക്തി കൃതികളെ ആസ്പദമാക്കി വിലയിരുത്തുക

## Suggested Readings

1. എം. അച്യുതൻ, ചെറുകഥ ഇന്നലെ ഇന്ന്, എൻ. ബി. എസ്. കോട്ടയം.
2. ഡോ. എം. എം. ബഷീർ, ചെറുകഥാസാഹിത്യചരിത്രം, കറന്റ് ബുക്സ്, തൃശൂർ.
3. വി.രാജകൃഷ്ണൻ, ചെറുകഥയുടെ ഛന്ദസ്സ്, ഡി. സി. ബുക്സ്, കോട്ടയം.
4. എൻ. പ്രഭാകരൻ, കഥ തേടുന്ന കഥ, മൾബറി ബുക്സ്, കോഴിക്കോട്.
5. ഡോ.കെ.എസ്.രവികുമാർ, കഥയും ഭാവുകത്വപരിണാമവും, എസ്. പി.സി. എസ് കോട്ടയം.
6. ഡോ. വത്സലൻ വാതുശ്ശേരി, കഥയുടെ ന്യൂക്ലിയസ്, ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
7. ഡോ. ഉണ്ണി അമപാറക്കൽ, കഥയുടെ പുതു നൂറ്റാണ്ട്, സമകാല ചെറുകഥയുടെ വർത്തമാനം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in

ചെറുകഥാസാഹിത്യം

COURSE CODE: B21ML02DC

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-962656-9-4